പൂർണ്ണകുംഭം

പൂർണ്ണകുംഭം

റാണി ചന്ദ

വിവർത്തനം

വി. വി. ഗോവിന്ദൻ നായർ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ–ന്യൂഡൽഹി

1977 (ശകവർഷം 1898)

© Rani Chanda

Malayalam Version: National Book Trust, India

Rs. 15-00

Original Title: Poorna Kumbha (Bengali)

Malayalam Title: Poorna Kumbham

Distributors:
National Book Stall,
Kalarikkal Bazaar, Kottayam

Publishers: Director, National Book Trust, India,
A-5, Green Park, New Delhi-16

Printed at: The Mathrubhumi Press, Cochin-682017

അവതാരിക

കഴിഞ്ഞ കാലങ്ങളിൽ ബംഗാളി ബാലികാബാലന്മാർ, ബങ്കിംചന്ദ്ര ചട്ടോപാധ്യായയുമായി വേണ്ടത്ര പരിചയപ്പെടുന്നതിന്നുമുമ്പുതന്നെ അദ്ദേഹം അവരുടെ മനം കവർന്നിരുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠ്ഠ നായ സഞ്ജീവചന്ദ്രചട്ടോപാധ്യായയെന്നുകേട്ടാൽ, ബംഗാളികളല്ലാത്ത വർ ആശ്ചര്യപ്പെട്ടേക്കും. സ്കൂൾ പാഠപുസ്തകങ്ങളുടെ അലംഘ്യമായ വിധിലിഖിതം കടന്നുചാടി, സാക്ഷരരായ സാധാരണബംഗാളികളുടെ ഓർമ്മയിൽ ചിരകാലം തങ്ങിനിൽക്കുന്ന ചുരുക്കംചില വാക്യങ്ങളിൽ ചിലതിതാണ്: ''കാട്ടുജന്തുക്കൾക്ക് കാട്ടിലഴക്; കിടാങ്ങൾക്കഴക് അമ്മയുടെ മടിത്തട്ടിൽ.'' ''ബംഗാളിയാണോ, ആൾ നല്ലവനായി; അയൽക്കാരനേയുള്ളൂ ബംഗാളിൽ ഒരു ദുഷ്ടൻ......ഋഷിയുടെ ആശ്രമത്തിന്നടുത്ത് അയൽക്കാരനെ പാർപ്പിച്ചുനോക്കൂ, മൂന്നു നാൾക്കുള്ളിൽ ഋഷിയുടെ ഋഷിത്വം പമ്പ കടക്കും.'' സഞ്ജീവചന്ദ്രൻ ബംഗാളിലെ ബാലികാബാലന്മാരെ കൂട്ടിക്കൊണ്ടുപോകുന്ന 'പാലാമൌപര്യടന'ത്തിന്റെ നാട്", നമ്മുടെ അയലത്തെങ്ങും ഇല്ലതന്നെ, എന്നല്ല, ഭൂഗോളത്തിലൊരിടത്തുമില്ല. അതിനാലാണ് പാലാമൌപര്യടനം താരതമ്യേന രാമനാഥവിശ്വാസിന്റെ ഭൂപര്യടനംപോലും മങ്ങിപ്പോകത്തക്കവണ്ണം അത്രയും അത്യാശ്ചര്യപ്രദമായ ഒരു നേട്ടമായി തോന്നുന്നത്.

ബംഗാളി, വീട്ടിൽ ചടഞ്ഞുകൂടുന്നവനാണ്, വീട്ടുമുററം അയാൾക്ക് വിദേശമാണ്. ബംഗാളിൽ ഒരിക്കലും ഒരു മെഗസ്തനീസോ ഹുയൻസാങ്ങോ പിറന്നിട്ടില്ല—ഇതൊക്കെ ആർക്കാണറിയാത്തത്? എങ്കിലും 'വ്യക്തിസ്വഭാവത്തിലെന്നപോലെ ജാതിസ്വഭാവത്തിലുമുണ്ടാകാറില്ലേ വൈപരീത്യം? ഇല്ലെങ്കിൽ, അതീശ് ദീപങ്കരനെ ബംഗാളികൾ കേവലം ഒരു പണ്ഡിതനെന്ന നിലയിലാണോ ആദരിക്കുന്നത്? ഈ ബൗദ്ധപണ്ഡിതൻ ഹിമാലയത്തിലെ ദുർഗ്ഗമമാർഗ്ഗങ്ങൾ താണ്ടി കാൽനടയായി തിബത്തിൽ ചെന്നെത്തിയ കഥ ബംഗാളികൾ ഇന്നും സാഭിമാനം അനുസ്മരിക്കുന്നു. ഇങ്ങേപ്പുറത്ത്, മുതുമുത്തശ്ശി നട്ട

മാവിൻെറ തണലും, ഏഴു തലമുറയുടെ ജന്മമൃത്യുവിവാഹങ്ങളുടെ കൈയ്യൊപ്പേന്തിയ 'വസുധാരാ' * ചർച്ചിതമായ വീട്ടുചുമരും, ബംഗാളിയുടെ അടക്കമററ് ഊരുചുററുന്ന മനസ്സിനെ സ്വന്തം നാട്ടിൻപുറത്തിൻെറ നാലതിര് വിട്ട് ഏറെയകലെ പോകാൻ വിടാറില്ല, നേര്. എന്നാലും, കഴിഞ്ഞ നൂററാണ്ടിലെ ഇംഗ്ളീഷ് വിദ്യാഭ്യാസം നേടിയ നാഗരികരായ ബംഗാളികൾ ഇന്ത്യ മുഴുവൻ ചിതറിക്കിടന്നിരുന്നു—ഡോക്ടരായും മാസ്റ്ററായും, ചിലപ്പോൾ വിദേശീയഗവർമെൻറിൻെറ ദാക്ഷിണ്യംകൊണ്ട് പുലരുന്ന സഹചരാനുചരന്മാരായും. അതിനും പുറമെയായിരുന്നു, പണ്ടു പണ്ടേ വൃദ്ധ ജനങ്ങളുടെ തീർത്ഥാടനം—വിശേഷിച്ചും ഹിമാലയത്തിലേക്ക്. എന്നാൽ, വീട്ടിൽ കഴിഞ്ഞുകൂടുന്ന ബംഗാളിയും ഭാവനാശാലിയാണ്, സുദൂരവിലാസിയാണ്—വീട്ടിലിരുന്നുകൊണ്ടുതന്നെ അകലത്തിന്ന് ദാഹിക്കുന്നവനാണ് അയാൾ. അല്ലായിരുന്നെങ്കിൽ, കഴിഞ്ഞ നൂററാണ്ടിൽ സഞ്ജീവചന്ദ്രൻെറ 'പാലാമൌ' ഇത്രയും ജനപ്രിയമാകുമായിരുന്നില്ല.

എന്നിരുന്നാലും, പാലാമൌപരിഷ്കൃതസമുദായത്തിന്നപ്പുറമായിരുന്നെന്നു വെക്കുക; അറിയാത്തതിനെ അറിയുന്നതിലുള്ള ആ വിസ്മയവും ആനന്ദവുമാണ് പത്തൊമ്പതാം നൂററാണ്ടിലെ ബംഗാളികളെ പ്രശംസയിൽ പ്രഗൽഭന്മാരാക്കിയതെന്നും വെക്കുക. പക്ഷേ രാജശാഹിയും പാവനയും ഫറിദ്പൂരും നോവാഖാലിയും ചട്ടഗ്രാമുപോലും കൽക്കത്തക്കാർക്ക് അത്രതന്നെ അകലെയാണോ? പുഴകളൊഴുകുന്ന നാട് അത്രയ്ക്കൊന്നും അഗമ്യമല്ല. എന്നിട്ടും ഈശ്വരഗുപ്തൻ എന്തെന്തു പരാക്രമങ്ങൾ കാണിച്ചിട്ടില്ല എന്നു തോന്നും, അദ്ദേഹത്തിൻെറ ലേഖനങ്ങൾ വായിച്ചാൽ. 'പാലാമൌ' പ്രസിദ്ധീകരിയ്ക്കുന്നതിന്ന് ഇരുപത്തഞ്ചുകൊല്ലം മുമ്പുതന്നെ, 'സംവാദപ്രഭാകർ' പത്രാധിപത്യത്തിൽനിന്ന് താൽക്കാലികമായ ഒഴിവെടുത്ത്, ഈശ്വരഗുപ്തൻ പര്യടനത്തിനിറങ്ങിയപ്പോൾ, അദ്ദേഹത്തിൻെറ പത്രത്തിൽ ത്തന്നെ ആ പര്യടനകഥ ഗൌഡദേശക്കാർ വായിച്ചു—'ഒരു സഞ്ചാരി സുഹൃത്തിൻെറ കത്ത്''. ഈശ്വരഗുപ്തൻ സ്വതസ്സിദ്ധമായ അഹങ്കാരത്തോടെ ഒരിക്കൽ ''ആരുപറഞ്ഞു ഈശ്വരൻ ഗുപ്തനാണെന്ന്, ചരാചരവ്യാപൃതനാണ് അദ്ദേഹം'' എന്ന് അവകാശപ്പെട്ടിരുന്നെങ്കിലും, ആ ചരാചരാങ്ങൾ ''ഉത്തരബംഗാളിൻെറ ഒരു ഭാഗവും പൂർവ്വബംഗാളിലെ വിഭിന്ന പ്രദേശങ്ങളും'' മാത്രമത്രേ. പുഴവഴി ചുററിയടിച്ച ഈ

* ചോറൂണ് കല്യാണം മുതലായ ചടങ്ങുകളിൽ ചുമരിന്മേൽ നെയ്യുകൊണ്ട് ചെയ്യുന്ന ധാര. (വിവ.)

പത്രാധിപർ പ്രയോജനകരമായ നാനാവാർത്തകൾക്കിടയിൽത്തന്നെ, ''ആസ്വാദ്യങ്ങളും വിസ്മയകര(!)ങ്ങളുമായ എന്തൊക്കെ വസ്തുതകളാണ് വിളമ്പിത്തന്നിരുന്നതെന്നോ! ''സായിപ്പന്മാരും മദാമ്മമാരും തൂവൽക്കുപ്പായം ധരിക്കുകയും തലയിൽ പക്ഷിച്ചിറകണിയുകയും ചെയ്യാറില്ലേ, ആ പക്ഷിച്ചിറകിന്റെ വ്യവസായം ഇവിടെ ധാരാളമാണ്.'' കൽക്കത്തയിൽനിന്നുള്ള സ്റ്റീമർ നവാഖാലിയിലെത്താൻ എട്ടുപത്തുദിവസം ജാസ്തിയെടുത്തു. ''കൽക്കത്ത ട്രെഷറിയിലേക്ക് അയക്കാനുള്ള നികുതിപ്പണം ഏതാണ്ട് എട്ടുലക്ഷം ഉറുപ്പിക ഖജനാമുറിയിൽ കെട്ടിക്കിടപ്പാണ്; രണ്ടു തവണ അത് കെട്ടിവെച്ചിരുന്ന തുണി ചിതല് തിന്നുപോയിരുന്നു, മൂന്നാമതും പുതിയ തുണിയിൽ കെട്ടിവെക്കുകയാണ് ഇപ്പോൾ. ഇത്തവണയും എന്തു സംഭവിക്കുമെന്ന് പറകവയ്യ.'' ''ഭുലുവാറിന്റെ നടുക്കുള്ള സന്ദീപദേശത്ത് ധാരാളം ബ്രാഹ്മണരുണ്ട്; അവർക്ക് എല്ലാടവും ക്രിയാകർമ്മങ്ങളിൽ പങ്കെടുക്കുകവയ്യ, ഭ്രഷ്ടരെപ്പോലെ കഴിയുകയാണ്. ഇതിന്നു കാരണം ഇതത്രേ: സന്ദീപദേശത്ത് മുമ്പ് ഒരു മുസൽമാൻ മാത്രമായിരുന്നു രാജാവ്. അദ്ദേഹം ഒരു നിയമമുണ്ടാക്കി, വിവാഹകർമ്മത്തിന്ന് ഇന്നാട്ടിൽ ജാതി നോക്കേണ്ട; പുരുഷൻ വെളുത്തു സുന്ദരനാണെങ്കിൽ അയാൾക്ക് വെളുത്തു സുന്ദരിയായ ഒരു പെണ്ണിനെത്തന്നെ കല്യാണം കഴിച്ചുകൊടുക്കണം എന്ന്. ഈ രാജാജ്ഞയും രാജശാസനവും കാരണം, പണ്ട് ബ്രാഹ്മണ–ശൂദ്രന്മാരുടെ കഥ ദൂരെയിരിക്കട്ടെ, ബ്രാഹ്മണരും മുസ്ലീമുകളും തമ്മിലും വിവാഹം പതിവായിരുന്നു.'' ''ബാരിശാലിലെ ദുർഗ്ഗാപ്രതിമ ഒരാശ്ചര്യമാണ്—ദുർഗ്ഗയുടെ വാമഭാഗം ഗണേശനും ദക്ഷിണഭാഗം കാർത്തികേയനും. പതിനഞ്ചു മുതൽ നാൽപതുവരെ ഉറുപ്പികകൊണ്ട് ഒരു പ്രയാസവുമില്ലാതെ ദുർഗ്ഗോത്സവം നടത്താം.'' ''ബാരിശാലിലെ ബ്രാഹ്മണർ ഒരണ ദക്ഷിണ കിട്ടിയാൽ ഒരു കൂസലുമില്ലാതെ ശൂദ്രരുടെ വീട്ടിൽനിന്ന് ആഹാരം കഴിക്കും.'' ''ആഹ്ളാദപൂർവ്വമായ വല്ലൊരു ചടങ്ങുമുണ്ടായാൽ മതി, ഇന്നാട്ടിലെ പെണ്ണുങ്ങൾ ആ തക്കത്തിന്ന് ഉറക്കെ കൂക്കിവിളിച്ച് കുരവയിട്ടുകൊണ്ടിരിക്കും; ആ കുരവയ്ക്ക് 'ജോക്കർ' എന്നാണ് പേര്.'' കൊളംബസ്സിന്ന് റെഡ്ഇന്ത്യക്കാരെപ്പററിപ്പോലും ഇതിലധികം അദ്ഭുതാവഹമായ വസ്തുതകൾ സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ചട്ടഗ്രാമത്തെപ്പററി ഈശ്വരഗുപ്തൻ നമ്മെ അറിയിക്കുന്നു, ''പക്ഷെ ഇന്നാട്ടിലെ ഒരു വലിയ ഗുണം ഇതാണ്: താണ ജാതിയിലെ പെണ്ണുങ്ങൾപോലും വഴിക്കോ കടവത്തോ ചന്തയിലോ അങ്ങാടിയിലോ പോകാനായി പുറത്തിറങ്ങാറില്ല.''

'ഒരു സഞ്ചാരിസുഹൃത്തിൻെറ കത്ത്'' ബംഗാളിസാഹിത്യത്തിൽ ഒരു വിശിഷ്ടസ്ഥാനം നേടിയത് വർണ്ണനാരീതിയുടെ ആധുനികത കാരണമാണ്. എന്നാൽ, ഇതിലും എത്രയോ പഴയതാണെങ്കിലും മാനുഷികമൂല്യംകൊണ്ടോ വസ്തുതാസമ്പത്തുകൊണ്ടോ നിസ്സാരമായിരുന്നില്ല, അനേകം വാദപ്രതിവാദങ്ങൾക്കിടവെച്ച ആ 'ഗോവിന്ദദാസഗാഥ'. ചൈതന്യദേവൻ, ഗയ, കാശി, നീലാചലം, ദക്ഷിണദേശം എന്നിവിടങ്ങളിൽ നടത്തിയ പര്യടനത്തിൻെറ ദൈനന്ദിനവിവരണമാണതിൽ. പ്രാചീനതമബംഗാളിസാഹിത്യത്തിലെ യാത്രാവിവരണത്തിൻെറ സ്വാദറിയണമെങ്കിലോ, മംഗളകാവ്യത്തിൻെറ പടിക്കൽത്തന്നെ ചെല്ലണം; പക്ഷെ ആ വർണ്ണനയൊക്കെ വസ്തുതാനുസാരിയോ വാസ്തവാനുഭവസമൃദ്ധമോ ആണെന്ന്അവകാശപ്പെടുക പ്രയാസമാണ്. ലങ്ക ജയിച്ചവനെന്ന് നാം വിശ്വസിക്കുന്ന ബംഗാളി രാജപുത്രൻേറയും സപ്തദ്വീപും താണ്ടി താമ്രലിപ്തിയിൽനിന്ന് സമുദ്രയാത്രചെയ്തിരുന്ന ബംഗാളി വണിക്കുകളുടേയും യാത്രാവിവരണമല്ല, കാവ്യകഥകളാണ് നമുക്ക് കിട്ടുന്നത്; ഈ കഥകളുടെയെല്ലാം വാസ്തവമായഉദ്ദേശ്യമാകട്ടെ, നാനാദേവീദേവന്മാരുടെ മാഹാത്മ്യപ്രചരണവും. എന്നാലും, ഇന്നത്തെ 'യാത്രാവിവരണനോവലി'ൻെറ ഒരു പൂർവ്വച്ഛായ ഈ മംഗളകാവ്യത്തിലെ സഞ്ചാരകഥകളിൽ കിട്ടാനുണ്ടെന്ന് പറയാം.

പ്രാചീന ബംഗാളി സാഹിത്യത്തിൽ തീർത്ഥയാത്രാകഥകൾ, എണ്ണംകൊണ്ടെങ്കിലും, നിസ്സാരമല്ല. ആ വഴിക്ക്, 'പൂർണ്ണകുംഭ'ത്തിന്ന് പിന്നിൽ ഏതാനും ശതാബ്ദങ്ങളുടെ ഒരു പാരമ്പര്യം തന്നെയുണ്ട്. നവദ്വീപ്, ബ്രഹ്മധാമം, കാശീധാമം, വൃന്ദാവനം, മഥുര, ദ്വാരക മുതലായ സ്ഥലങ്ങളെപ്പററിയുളള വസ്തുനിഷ്ഠമായ യാത്രാവിവരണങ്ങൾ ബംഗാളി സാഹിത്യത്തിൽ പ്രചുരമാണ്; അതൊക്കെ കൊതിയോടെ വായിക്കാൻ വായനക്കാരും ഇല്ലാതെപോയിട്ടില്ല, ഒരിക്കലും. പക്ഷെ സാഹിത്യവിഷയത്തിൽ ഇവ എത്രകണ്ട് സമ്പന്നമാണെന്ന കാര്യത്തിൽ അഭിപ്രായഭേദമുണ്ടു്. എന്നാൽ പതിനെട്ടാം നൂററാണ്ടിൻെറ ഒടുവിൽ എഴുതപ്പെട്ട കവിരാജവിജയരാമസേന വിശാരദൻെറ 'തീർത്ഥമംഗളം' ചരിത്രവസ്തുതകളെക്കൊണ്ട് സമൃദ്ധമാണ്, സാഹിത്യഗുണത്തിലും മോശമല്ല എന്നാണ് കരുതപ്പെട്ടുവരുന്നത്. എങ്കിലും, ആധുനിക ബംഗാളികൾക്ക് വസ്തുതാനിർഭരവും, അതോടൊപ്പം സാഹിത്യ പ്രസാദലബ്ധവുമായ യാത്രാവിവരണത്തിൻെറ ആദ്യത്തെ സ്വാദ് നൽകിയത്''ഒരു സഞ്ചാരിസുഹൃത്തിൻെറ കത്തും' 'പാലാമൌ'വും ആണെന്നു പറയാം—പതിനെട്ടാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ. അതിന്നുമുമ്പുതന്നെ ബിലാത്തിയിൽനിന്ന് എഴുതപ്പെട്ട

പ്രിൻസ് ദ്വാരകാനാഥഠാക്കുറിന്റെ കത്തിലെ ഏതാനും ഭാഗങ്ങളിൽ, അഥവാ ദേവേന്ദ്രനാഥന്റെ ആത്മകഥയിലെ ഹിമാലയയാത്രാവർണ്ണനയിൽ, ആധുനികമനസ്സിന്ന് രുചിക്കുന്ന ചില കഥകളുണ്ടായിരുന്നുവെന്നത് വാസ്തവമാണ്; പക്ഷേ അവ തികച്ചും യാത്രാവിവരണങ്ങളല്ലായ്കയാൽ വായനക്കാരുടെ കൗതുകത്തെ വേണ്ടത്ര തൃപ്തമാക്കുന്നില്ല.

ബംഗാളിസാഹിത്യത്തിലെ ഈ ഉപനദി പലരിൽനിന്നും തുടരെത്തുടരെയുണ്ടായ വിവിധദാനവർഷംകൊണ്ട് പത്തൊമ്പതാം നൂററാണ്ടിൽത്തന്നെ നിറഞ്ഞിരുന്നുവെങ്കിലും, നദിയ്ക്ക് പൂർണ്ണത കൈവന്നത് ഇരുപതാം നൂററാണ്ടിന്റെ തുടക്കത്തിൽ ചെന്നണഞ്ഞപ്പോഴാണ്. 'സംവാദപ്രഭാകര'ത്തിന്നു പുറമെ വംഗദർശനം, തത്വബോധിനി, ഭാരതി, നവ്യഭാരതം, വംഗവാസി മുതലായ കഴിഞ്ഞ നൂററാണ്ടിലെ അനേകം ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഈ നാടിനെയും മറുനാടുകളെയും സംബന്ധിച്ച യാത്രാവിവരണങ്ങൾ വിളമ്പിത്തരാൻ തുടങ്ങിയിരുന്നു. ബംഗാളിന്റെ ചുററുവട്ടത്തിൽനിന്നു മാത്രമല്ല, ഇന്ത്യയിൽനിന്ന് ഒട്ടാകെയും യൂറോപ്പിൽനിന്നുപോലും ഇക്കാലത്ത് ഈവക കഥകൾ എഴുതപ്പെടാൻ തുടങ്ങി. അവയിൽ ചിലത് ഇന്നത്തെ വായനക്കാർക്കും അപരിചിതമല്ല, ചിലതാകട്ടെ എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടുപോയിരിക്കുന്നു. രാജനാരായണ ബസുവിന്റെയും ജലധരസേനന്റെയും ശിവനാഥശാസ്ത്രിയുടെയും രമേശ്ചന്ദ്രദത്തന്റെയും സത്യേന്ദ്രനാഥഠാക്കുറിന്റെയും സാക്ഷാൽ രവീന്ദ്രനാഥന്റെയും ബാല്യകാലയാത്രാവിവരണങ്ങൾ ഇന്നും ചില വീടുകളിലെ ഗ്രന്ഥശേഖരത്തിൽ കാണാം. എന്നാൽ, ഇന്ന് വിസ്മൃതപ്രായമായിട്ടുണ്ടെങ്കിലും, അന്നത്തെ വേറെയും അനേകം യാത്രാവിവരണങ്ങൾ ഉത്സുകരായ വായനക്കാരെ ലോകവുമായി സാനന്ദം പരിചയപ്പെടുത്തിയിരുന്നു; അവയ്ക്ക് സാഹിത്യമൂല്യമില്ലെങ്കിൽ പോകട്ടെ, അവയുടെ ചരിത്രമൂല്യം സമ്മതിക്കാതെ വയ്യ. കഴിഞ്ഞ നൂററാണ്ടിന്റെ ഒടുവിലും ഈ നൂററാണ്ടിന്റെ തുടക്കത്തിലും, മറുനാട്ടിൽ പാർത്തിരുന്ന ചില ബംഗാളി സ്ത്രീകളും തങ്ങളുടെ സ്ത്രീസഹജമായ ശൈലിയിൽ മറുനാടുകളെ സ്വന്തം നാട്ടിന്റെ മുററത്തെത്തിച്ചിരുന്നു. അവരുടെ അനുഭവങ്ങളിൽ വൈചിത്ര്യം ഒട്ടും കുറവായിരുന്നില്ല എന്ന് യാത്രാവിവരണങ്ങൾക്കു കൊടുത്ത പേരുകളിൽനിന്നുതന്നെമനസ്സിലാക്കാം— രാജകുമാരിദേവിയുടെ 'ഇംഗ്ളണ്ടിലൊരു വംഗവധു', പ്രസന്നമയിദേവിയുടെ 'ആര്യാവർത്തം' സ്വർണ്ണകുമാരിദേവിയുടെ 'ദാർജിലിങ്ങിലെ കത്ത്' ഹരിപ്രഭാതാക്കേദായുടെ 'ഒരു വംഗമഹിളയുടെ

ജപ്പാൻ യാത്ര' മുതലായവ. വ്യക്തിസംബന്ധമായ അനുഭവങ്ങളുടെ വിവരണങ്ങൾക്കൊപ്പംതന്നെ സർവ്വജനങ്ങൾക്കും ആസ്വാദ്യവും പ്രയോജനീയവുമായ വസ്തുതകളേയും സമർപ്പിക്കുകയായിരുന്നു അന്നത്തെ കൃതികളുടെ സമ്പ്രദായം. ഒട്ടൊക്കെ അറിവു നൽകി വായനക്കാരുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുകയായിരുന്നു ഏറിയകൂറും യാത്രാവിവരണങ്ങളുടെ യഥാർത്ഥ ലക്ഷ്യമെന്ന് മൊത്തത്തിൽ പറയാം.

എന്നാൽ, ഇരുപതാം നൂററാണ്ട് ഏതാനും അടികൾകൂടി മുന്നോട്ടുവച്ചതോടെ ഇന്നാട്ടിലും സാഹിത്യത്തിൻെറ സ്വഭാവം മാറിപ്പോയി. ''എൻെറ വിഷവൃക്ഷം അവസാനിപ്പിയ്ക്കുന്നു; ഇതുകാരണം വീടുതോറും അമൃതം കായ്ക്കുമെന്നു വിശ്വസിയ്ക്കട്ടെ.''—ഇമ്മാതിരിയുള്ള ആചാര്യസ്ഥാനം നോവലെഴുത്തുകാർക്കു മാത്രമല്ല, യാത്രാവിവരണക്കാർക്കും ഇണങ്ങാതായി. വായനക്കാരെ കൈപിടിച്ച് നല്ല വഴിക്ക് നടത്തുകമാത്രമാണ് സാഹിത്യകാരന്മാരുടെ പവിത്രമായ ചുമതല എന്നു വരത്തക്കവണ്ണം അവർ സ്കൂൾകുട്ടികളോ എട്ടുംപൊട്ടും തിരിയാത്ത കൊച്ചനിയന്മാരോ അല്ലല്ലോ. കവിയാകട്ടെ നോവലെഴുത്തുകാരനാകട്ടെ, നാടകകൃത്തോ യാത്രാവിവരണക്കാരനോ ആകട്ടെ, ഹാസസാഹിത്യകാരനാണെങ്കിൽ പറയാനുമില്ല—ഇവരൊക്കെ ഇപ്പോൾ 'രസാപേക്ഷകന്മാരാ'ണ്. വ്യവസായം വല്ലതുമുണ്ടെങ്കിൽത്തന്നെ അത് പ്രധാനമായി ജ്ഞാനത്തിൻെറതല്ല, രസത്തിൻെറതാണ്. അതിനാൽ ബംഗാളി സാഹിത്യത്തിൽ യാത്രാവിവരണശാഖയ്ക്കും ശ്രദ്ധിയ്ക്കത്തക്ക പരിവർത്തനം സംഭവിച്ചിട്ടുണ്ട്. അതുകാരണം, യാത്രാവിവരണങ്ങൾ വായിക്കുന്നവർ ലേഖകന്മാർക്കൊപ്പം സഞ്ചരിയ്ക്കുന്നതിലുമേറെ, മനം കവരുന്ന കഥ കേൾക്കുകയാണ് പതിവ് എന്നു കാണാം.

വായനക്കാരുടെ ഈ ദൌർബ്ബല്യത്തിൽനിന്ന് മുതലെടുത്തുകൊണ്ട് ഒരു വിഭാഗം എഴുത്തുകാർ അനുഭവനിഷ്ഠമല്ലാത്ത ഓരോ കൂട്ടം കഥകൾ എടുത്തു വിളമ്പാനും ഒരുമ്പാടായി. വാസ്തവത്തിലുള്ള യാത്രാവിവരണവുമായി താരതമ്യപ്പെടുത്തുമ്പോൾ ചിത്താകർഷകമായ കഥകളുടെ അളവ് ഏറെയായാൽ അതിന്ന് യാത്രാവിവരണനോവലെന്ന് പേരിടുകയാണ് യുക്തിയുക്തമെന്നു തോന്നുന്നു. ഇത്തരം യാത്രാവിവരണനോവലുകൾക്ക് ഇപ്പോൾ നല്ല ഡിമാൻറാണ്. അതത്രേ 'ചരിത്ര'നോവലുമായി ഇതിന്ന് കടുത്ത മത്സരം. ചില എഴുത്തുകാർ, കുററാന്വേഷണപരമ്പരപോലെ യാത്രാവിവരണനോവലിൻെറയും ഒരു പരമ്പരതന്നെ എഴുതിത്തള്ളിക്കൊണ്ടിരിക്കുന്നതും കാണാം.

എന്നുവെച്ച് യഥാർത്ഥമായ യാത്രാവിവരണമെഴുതുന്നത് നിന്നു പോയിട്ടില്ല. യാത്രാവൃത്താന്തങ്ങൾക്കുപുറമെ, ഇവയിൽനിന്ന് ലഭിക്കുന്നത് കൽപിതകഥകളല്ല, ലേഖകന്മാരുടെ ചിന്താഫലമായ ചില അഭിപ്രായങ്ങളൊ കലാപരമായ ചില അനുഭൂതികളോ ആണ്. പത്തൊമ്പതാം നൂററാണ്ടിലെ വായനക്കാരെയും എഴുത്തുകാരെയും അവരുടെ അനുഭവപ്രപഞ്ചത്തെയും നേരെ പകർത്തിക്കാട്ടാൻ അന്നത്തെ രണ്ടു സുപരിചിതയാത്രാവിവരണങ്ങൾ ഞാൻ ആദ്യമേ എടുത്തുകാണിച്ചുവല്ലൊ. നമ്മുടെ നൂററാണ്ടിൻെറ ലക്ഷണം സമന്വയിപ്പിച്ചുകൊണ്ടുള്ള രണ്ടു യാത്രാവിവരണങ്ങളുടെ പേരെടുത്തു പറയാൻ പോകുന്നു. അവ ജനങ്ങൾക്കു പ്രിയംകരങ്ങളാണെന്നതിനുപുറമെ സാഹിത്യവുമത്രെ. അന്നദാശങ്കർറായുടെയോ സൈയദ് മുസ്തഫാ ആലിയുടേയോ യാത്രാവിവരണങ്ങൾ സാമാന്യമായി ഹാസസാഹിത്യത്തിൻെറ വകുപ്പിൽ പെടുമെങ്കിലും, 'പഥേപ്രവാസേ' (വഴിക്കും വിദേശത്തും) 'ദേശേ വിദേശേ' (നാട്ടിലും മറുനാട്ടിലും) എന്നീ പുസ്തകങ്ങൾ അതതിൻെറ വൈശിഷ്ട്യം കൊണ്ട് യാത്രാവിവരണശാഖയിലെ രണ്ട് അദ്ഭുത സൃഷ്ടികളാണ്. ഭാഷയുടെ ഐന്ദ്രജാലികനാണ് അന്നദാശങ്കർ; മുസ്തഫാ ആലിയാകട്ടെ പ്രാദേശിക കഥാപ്രസംഗത്തിൽ അദ്വിതീയനും. പുസ്തകം രണ്ടും, ബംഗാളി വായനക്കാരെ സംബന്ധിച്ചിടത്തോളം ഉദ്ധരണങ്ങൾ നൽകേണ്ടതില്ലാത്തവിധം, പരിചിതമാണ്. എന്നാലും കൊതിയടക്കാൻ പണി. കുറച്ചു പറഞ്ഞ് ഏറെ ധ്വനിപ്പിക്കുന്ന ഇന്നത്തെ അന്നദാശങ്കറിനെപ്പോലും, 1927-ലെ യുവാവായ ആ യൂറോപ്പ് സന്ദർശകൻെറ വാഗ്വിലാസത്തിൽനിന്ന് തിരിച്ചറിയാൻ പ്രയാസമില്ല: ''ഇന്ത്യയുടെ മണ്ണിൽനിന്ന് ഞാൻ അവസാനമായി കാലെടുത്തു; ഇപ്പോൾ പിറന്ന കുഞ്ഞിനെപ്പോലെ, എനിയ്ക്ക് അമ്മയുമായുള്ള ബന്ധം ഒരു നിമിഷത്തിൽ അററുപോയി. ഒരൊററ കാൽവെപ്പുകൊണ്ട് സമസ്തഭാരതഭൂമിയുടെയും വെളിയിൽ വീണ് അനന്തശൂന്യതയിലേക്ക് കാൽനീട്ടിയപ്പോൾ, കാലെടുത്ത ആ ഇത്തിരിവട്ടം നിലം എനിയ്ക്ക് സമസ്തഭാരതഭൂമിയുടെയും സ്പർശവിരഹം അനുഭവപ്പെടുത്തിയതായി തോന്നി— ഇഷ്ടജനങ്ങളുടെ വിരൽത്തുമ്പിൻെറ സ്പർശം അവരുടെ ശരീരമാകെയും അനുഭവപ്പെടുത്തിത്തരാറില്ലേ, അതുപോലെ,'' ''ലണ്ടൻെറ മുഖദർശനം എനിയ്ക്കാദ്യമായി ലഭിച്ചത് സന്ധ്യാസമയത്താണ്. അപ്പോഴേക്കും അവൾ അവനതദൃഷ്ടിയായി അന്ധകാരത്തിൻെറ മൂടുപടം വലിച്ചിട്ടുകളഞ്ഞു.'' ''മനുഷ്യനെ അന്തഃപുരത്തിലിട്ടടച്ച് സതിയോ യതിയോ ആക്കിമാററാൻ വിചാരിക്കുന്ന നീതിനിപുണന്മാർ കേട്ടാൽ ഒരുപക്ഷെ വിശ്വസിക്കില്ല, ഈ രാജ്യത്തും സതിയും യതിയും

ട്ടും കുറവല്ല, പക്ഷെ സമുദായത്തിൻെറ നിർബ്ബന്ധം കൊണ്ടല്ല, ആന്തരമായ നിയമംകൊണ്ട്.'' ''നൂറു നാഴിക വേഗത്തിൽ വിമാനം പറപ്പിച്ച്, ത്രില്ലിൻെറ അതിശയതകൊണ്ട് മൂർച്ഛാസുഖം പ്രാപിക്കുമ്പോാം അവർക്ക് മനസ്സിലാവില്ല, കാളവണ്ടിയിൽ കേറി മണിക്കൂറിൽ ഒരു നാഴിക മുമ്പോട്ടു നീങ്ങുമ്പോഴത്തെ നിദ്രാസുഖമെന്താണെന്ന്.'' അന്നദാശങ്കരൻെറ യാത്രാവിവരണത്തിലുണ്ടായിരുന്ന ബുദ്ധിഗമ്യ (intellectual) സൌന്ദര്യം ബംഗാളി സാഹിത്യത്തിൽ ദുർല്ലഭമത്രെ. രവീന്ദ്രൻെറ യാത്രാവിവരണങ്ങളുടെ ഏററവും വലിയ ഗുണവും ഇതായിരുന്നു.

ആദ്യത്തെ പുസ്തകമെഴുതി എന്നെന്നേയ്ക്കുമായി തൂലികവച്ചാലും ചിരകാലം സമാദൃതരാകാനിടയുള്ള ചിലരില്ലേ, ബംഗാളിൽ മുസ്തഫാ ആലി അവരിലൊരാളാണ്. ഇതുപോലെ മറെറാരു പുസ്തകം അദ്ദേഹം എഴുതീട്ടില്ല എന്നുപറഞ്ഞാൽ ഒന്നുമായില്ല; ഇതുപോലെ ബംഗാളി ഭാഷയിൽ മറെറത്രപുസ്തകങ്ങളുണ്ടായിട്ടുണ്ടെന്ന് ചോദിയ്ക്കുകയാണ് ഭേദം, ഇപ്പറഞ്ഞതിന്ന്, രസത്തിൻെറ കോടതിയിൽ അതിശയോക്തിക്കുററത്തിന്നുവേണ്ടി ഹാജരാകേണ്ടിവരില്ലെന്ന് എനിയ്ക്ക് ഉറപ്പുണ്ട്. എങ്കിലും സ്വന്തം ഭാഗത്തേയ്ക്ക് ഏതാനും തെളിവുകളും രേഖകളും ഹാജരാക്കാൻ തോന്നുന്നു. പക്ഷെ ഈ ചുരുക്കം സ്ഥലത്ത് 'നാട്ടിലും മറുനാട്ടിലും' നിന്ന് ഉദ്ധരണങ്ങാം നൽകുക എളുപ്പമല്ല; കാരണം, മുസ്തഫാ ആലിയുടെ ഗുണഗാനം കൊച്ചുകൊച്ചു വാക്യങ്ങളുടെ വിന്യാസത്തിലെന്നതിലധികം എത്രയോ ഏറെയുള്ളത് സാമാന്യസംഭവങ്ങളുടെ അസാമാന്യാവതരണങ്ങളിലും വാങ്മയ ചിത്രരചനയിലും സ്വഭാവ ചിത്രീകരണത്തിലും ഉപാദേയത്തിൻെറ സരസതയിലുമാണ്. അവയൊക്കെ എടുത്തുകാട്ടണമെങ്കിൽ സ്ഥലം കുറച്ചുപിടിക്കും. അങ്ങിനെയെങ്കിലങ്ങിനെ. ''പട്ടാണിഗുണ്ടകളുടെ നേതാവ് നാലുതവണ തെളിവില്ലാഞ്ഞ് വിട്ടയക്കപ്പെട്ടിട്ട്, അഞ്ചാമതും ഹക്കിം ഇജാജ് ഹുസേൻഖാൻെറ കോടതിയിൽ ഹാജരാക്കപ്പെട്ടപ്പോാം അദ്ദേഹം ശുൺഠിയെടുത്തു ചാടിപോലും.'' ''ഇതഞ്ചാമത്തെ തവണയാണ് താൻ എൻെറ മുമ്പിൽ വന്നുനിൽക്കുന്നത്; തനിക്ക് നാണവും മാനവുമില്ലേ?'' ഗുണ്ടാനേതാവ് പുഞ്ചിരിതൂകിക്കൊണ്ട് പറഞ്ഞുവത്രേ; ''അങ്ങുന്നിന് പ്രമോഷൻ കിട്ടാത്തതിന് ഞാനെന്തുചെയ്യും?'' ''വിശ്വാസഘാതകനെന്നുപറഞ്ഞാൽ പട്ടാണിയുടെ ചോരയുടെ ചൂട് കൈബർപാസ്സിലെ ടെമ്പറേച്ചറിലും കവിയും; തൻെറ സഹോദരനെ രക്ഷിക്കാൻ വേണ്ടി അയാാം അതീവ ശാന്തമായ മനസ്സോടെ യോഗാസനത്തിലിരുന്ന്

വിരലെണ്ണും, താൻ, ചുരുങ്ങിയത് എത്ര കൊല ചെയ്യണമെന്ന്. പക്ഷേ, കണക്കുകൂട്ടലിൽ സാക്ഷാൽ വിദ്യാസാഗരനായതുകൊണ്ട്* മിക്കപ്പോഴും തെററുപററും, നിരുപദ്രവികളായ രണ്ടുനാലു പേർക്കും പ്രാണൻ വെടിയേണ്ടിവരും. അതിനെപ്പററി കശപിശ കൂട്ടിയാൽ പട്ടാണി നന്നെ സങ്കടപ്പെട്ടുകൊണ്ട് പരാതിപ്പെടും, എന്റെ നാല് വെടിയുണ്ട വെറുതെപോയതോ, എന്ന്.'' ഈ ലോകവുമായി നമുക്ക് അത്ര പരിചയമില്ലെന്ന് ഇതിൽനിന്നുതന്നെ മനസ്സിലാക്കാമല്ലോ. അസംഖ്യം യാത്രാവിവരണങ്ങളിലൂടെ, രണ്ടു നൂററാണ്ടുകൊണ്ട് യൂറോപ്പുമായി നമുക്കുണ്ടായ പരിചയത്തിന്റെ നൂറിലൊന്നുപോലും അയൽപക്കത്തെ നാടുകളുമായി ഇല്ലെന്നു തോന്നുന്നു. ഇത്തരത്തിലുളള ഒരപരിചിത ദേശമായ അഫ്ഘാനിസ്ഥാനെ മുസ്തഫാ ആലി കൊണ്ടു വന്നിരിക്കുന്നത് ബംഗാളിയുടെ വീട്ടുമുററംവരെയല്ല, ഹൃദയമദ്ധ്യത്തിൽത്തന്നെയാണ്. മുഖംകൊണ്ട് നരാസുരനെങ്കിലും, ശുശ്രൂഷയിലും വീട്ടുവേലയിലും പാചകത്തിലും ബംഗാളിലെ വീട്ടമ്മമാരെപ്പോലും തോൽപിക്കുന്ന അദ്ദേഹത്തിന്റെ ആ ഭൃത്യൻ അബ്ദുറഹിമാനെ ആര് സ്നേഹിച്ചിട്ടില്ല? . കാബൂളിവാലയുടെ മറെറാരു ചിത്രം: ''ഇയാളുടെ ചങ്ങാതിമാരിൽ രണ്ടുനാലുപേർ അപ്പൊഴേക്കും ചിറയിലിറങ്ങിക്കഴിഞ്ഞിരുന്നു. എല്ലാരും കാബൂൾക്കാരാണ്; നീന്താനറിയില്ല, വെളളത്തിലിറങ്ങിയാൽ കല്ലുമാതിരിയാവും. ഒരാൾ മാത്രമുണ്ട് നാലുപാടും കൈയും കാലുമിട്ടടിച്ച്, സമുദ്രമഥനത്തിൽ കപ്പലിനെപ്പോലും തോൽപിച്ചുകൊണ്ട്, വമ്പിച്ച കോലാഹലത്തോടെ അക്കരെപററി കിതക്കുന്നു. ഇക്കരെ തടവററ പ്രശംസാകോലാഹലങ്ങൾ, അക്കരെ എടുത്താൽ പൊന്താത്ത പൊങ്ങച്ചം. കാബൂൾ നദിയ്ക്ക് അവിടെ ഇരുപതുവാരപോലും വീതിയുണ്ടാവില്ല'' ഇനിയില്ല, നിർത്തട്ടെ.

ഇന്ത്യയുടെ മതത്തിലും സാഹിത്യത്തിലും ചരിത്രത്തിലും രാഷ്ട്രനീതിയിലും അനന്യമായ മഹിമയോടെ വർത്തിക്കുന്നു, ഹിമാലയം. എണ്ണിനോക്കിട്ടില്ല, എന്നാലും തോന്നുന്നു, നമ്മുടെ സ്വദേശസഞ്ചാരകഥകളിൽ പകുതിയും ഹിമാലയത്തെക്കുറിച്ചാണെന്നു പറഞ്ഞാൽ സത്യഭ്രംശമാവില്ലെന്ന്. ആധുനികകാലത്തെ ബംഗാളികളെ സംബന്ധിച്ചിടത്തോളം, ദേവേന്ദ്രനാഥ ഠാക്കൂറാണ് ഹിമാലയത്തിലേ

* അടുത്ത കാലംവരെ ബംഗാളി ബാലന്മാർ അക്ഷരമാലയെന്നപോലെ കണക്കുകൂട്ടലിന്റെ പ്രാഥമികപാഠങ്ങളും പഠിച്ചിരുന്നത് ഈശ്വരചന്ദ്ര വിദ്യാസാഗരന്റെ പുസ്തകങ്ങളിൽനിന്നാണ്. കണക്കിൽ പട്ടാണിയുടെ പഠിപ്പ് 'ഒന്നാം തര'മാണെന്ന് സൂചന. (വിവ.)

ക്കുള്ള വഴികാട്ടിയെന്നു പറയാം. അന്നുതൊട്ട് ഈ 1973 വരെ ഹിമാലയത്തിന്റെ കഥ കുറച്ചൊന്നുമല്ല എഴുതപ്പെട്ടിട്ടുള്ളത്. തീർത്ഥദർശനം, ഗിരിശിഖരവിജയം, ലുപ്തപ്രായമായ വല്ല മനുഷ്യവർഗ്ഗത്തെയുംപററിയുള്ള അന്വേഷണം, 'ഹിമമനുഷ്യ'നെ പിന്തുടരുക — എന്തെല്ലാം കാരണങ്ങൾകൊണ്ട് എത്രയെത്ര ആളുകളാണ് പോകുന്നത്, എന്തെല്ലാമാണ് എഴുതുന്നത്? പക്ഷേ ''ദേവതാത്മാ ഹിമാലയം'' തന്റെ രഹസ്യത്തിന്റെ കൈപ്പിടി ഇത്തിരി മാത്രമേ അയച്ചു വിട്ടിട്ടുള്ളു. ബഹുരൂപിയായ ഹിമാലയം ബഹുജനത്തെ പലപല ആകർഷണങ്ങളെക്കൊണ്ടാണ് തന്നിലേക്ക് പിടിച്ചുവലിക്കുന്നത് — ഗൃഹവാസികളായ വായനക്കാർ 'മണിമഹേശേരി'നെപ്പോലുള്ള നോവലുകളിലെ ദുർബ്ബലമായ വർണ്ണനകളിൽനിന്നുപോലും സർവ്വംഹരമായ ആ പ്രേമത്തിന്റെ ഇത്തിരി സ്വാദ് നുണഞ്ഞ് ധന്യരാകുന്നു.

ശ്രീമതി റാണിചന്ദയുടെ 'പൂർണ്ണകുംഭം' ഹിമാലയത്തിന്റെ കുറച്ചുകൂടി ഘനിഷ്ഠമായ ഒരു ചിത്രമാണ്. ഒരുവേള ഈ പ്രാചീന ദേശത്തെ പ്രാചീനതമമേളയായ, പ്രാചീനതമമായിട്ടും കാലത്തിന്റെ അസമാനമായ പഥത്തിലൂടെ ഗംഗയെപ്പോലെ നിരവച്ഛിന്നം ഒഴുകിക്കൊണ്ടിരിക്കുന്ന, ആ മേളയുടെ കഥയാൽ ഈ ചിത്രം പരിപുഷ്ടമായിരിക്കുന്നു. ഏതോ വിസ്മൃതയുഗത്തിൽനിന്നു തുടങ്ങി സമസ്ത ഭാരതഭൂമിയിലേയും മനുഷ്യപ്രവാഹം വന്നണഞ്ഞ് ഒന്നുചേർന്നിട്ടുണ്ട്, ഇവിടെ. ഹിമാലയത്തിന്റെ കാന്തശക്തി ആര്യാവർത്തത്തേയും ദക്ഷിണാപഥത്തേയും ഇങ്ങിനെ ഒരൊററ ബിന്ദുവിൽ ആകർഷിച്ചുകൊണ്ടുവന്നുകൊണ്ടേയിരിക്കുന്നു. ഈ മഹാമാനവസാഗരതീരത്ത് വന്നുനിൽക്കുകയാണ്, വിശ്വാസാവിശ്വാസങ്ങളാലും ആകർഷണവിതൃഷ്ണകളാലും ഊഞ്ഞാലാടുന്ന, പക്ഷെ കൌതൂഹലിയായ, ഒരു മനസ്സ്—ശാന്തിനികേതനത്തിലെ ആ കവിപ്രവരന്റെ സ്നേഹസ്പർശത്താൽ വളർത്തപ്പെട്ട ഒരു മനസ്സ്. ആ മനസ്സ് നോക്കിക്കാണുകയാണ്, ചിരകാല ഭാരതത്തെ — അതിന്റെ ആത്മാവിനെ. നോക്കുന്നതോ, അവനീന്ദ്രനാഥനിൽനിന്ന് സൌന്ദര്യദർശനത്തിൻ ദീക്ഷ സ്വീകരിച്ച ആ കണ്ണുകൊണ്ടും. ആ വഴിക്ക് അസൂയാവഹമായ സൌഭാഗ്യത്തിന്ന് അവകാശിനിയത്രേ, റാണിചന്ദ.

ഏതൊരു പക്വത വന്ന കൈയിന്റെ അടയാളമോ നാം 'പൂർണ്ണകുംഭ'ത്തിൽ കാണുന്നത്, ആ കൈക്ക് തഴക്കം കിട്ടിയത് അഭിനവമായ ഒരു പരിതസ്ഥിതിയിൽനിന്നത്രേ. രവീന്ദ്രനാഥൻ തന്റെ ഈ സ്നേഹഭാജനത്തെ, വാർദ്ധക്യത്താൽ അവശനായ അവനീന്ദ്രനാഥന്റെ സംഭാഷണങ്ങൾ പകർത്തുവാൻ നിയമിച്ചിരുന്നു. അവനീന്ദ്രനാഥന്റെ

തൂലിക അന്ന് ക്ളാന്തമായിരുന്നു, പേന നിശ്ചലമായിരുന്നു. എങ്കിലും ''പ്രാണന്നുള്ളിൽ പ്രാണൻ പുലർന്നിരുന്നു''. ആ പ്രാണന്ന് അദ്ദേഹം ദൈനന്ദിനം സംഭാഷണങ്ങളിലൂടെ രൂപം കൊടുത്തുപോന്നു. റാണിചന്ദ, എല്ലാവർക്കുംവേണ്ടി അതു പിടിച്ചെടുത്തിരുന്നു. അല്ലെങ്കിൽ, അമൂല്യമായ ആ ഓർമ്മക്കുറിപ്പ് എന്നെന്നേക്കും നഷ്ടമായിപ്പോയേനേ. ഭാഗ്യത്തിന്ന്, ഇന്നാട്ടിൽ അന്നു ടേപ്പ്റിക്കാർഡർ വന്നു കഴിഞ്ഞിരുന്നില്ല. അതാണ്, ഇത്രയും ഊർജ്ജസ്വലയായ ഒരെഴുത്തുകാരിയുടെ സജീവസാന്നിദ്ധ്യം, അവനീന്ദ്രനാഥൻെറ ഓർമ്മയുടെ ഇരുളടഞ്ഞ മുറിക്കുള്ളിൽ വെളിച്ചം പായിക്കാൻ ഉത്സാഹിപ്പിച്ചത്. വല്ല ടേപ്പ്റിക്കാർഡറിന്നും സാദ്ധ്യമാകുമായിരുന്നോ അത്? അവനീന്ദ്രനാഥൻെറ ഭാഷയിൽ, ''ഉള്ളം ചലിക്കുമ്പോലെയല്ലേ യന്ത്രം ചലിക്കുക.'' റാണിചന്ദ അദ്ദേഹത്തിൻെറ സംഭാഷണങ്ങളുടെ സഞ്ചി കാലിയാക്കി, അതു മുഴുവൻ വകതിരിച്ച് ഒതുക്കിവെച്ചിരുന്നില്ലെങ്കിൽ, ''ആനുപൂർവ്വിയില്ലാത്ത വെടിവട്ടം വൈക്കോൽ മൂടിത്തന്നെ കിടക്കുമായിരുന്നു'' എന്നു പറഞ്ഞിരുന്നു, അവനീന്ദ്രനാഥൻ. എഴുത്തുകാരിയെന്ന നിലയിൽ റാണിചന്ദ പ്രതിഷ്ഠ നേടിയത് 'ഘരോവാ'യിലൂടേയും അവനീന്ദ്രനാഥനുമായി ചേർന്ന് 'ജോഡാ സാക്കോർ ധാരേ' (രവീന്ദ്ര സന്നിധിയിൽ) യിലൂടെയുമാണ്. ബംഗാളിയിലെ അനുസ്മരണ സാഹിത്യവിഭാഗത്തിൽ ഈ രണ്ടു പുസ്തകവും അമൂല്യമത്രേ. അന്യൻെറ വാക്ക്—അയാാം സ്വമഹിമയാൽ എത്രതന്നെ ഭാസ്വരനായാലും — അയാളുടെ വാക്കിൽത്തന്നെ സൂക്ഷിക്കുക എളുപ്പമല്ല. സ്വന്തം വ്യക്തിത്വത്തെ നേർപ്പിച്ച്, സ്വച്ഛസ്ഫടികത്തിലൂടെയെന്നപോലെ, മററൊരാളുടെ വ്യക്തിത്വത്തെ അതിലൂടെ നോക്കിപ്പഠിക്കുക വളരെ പ്രയാസപ്പെട്ട പണിയാണ്. ഇത് വക്താവുതന്നെ മനസ്സിലാക്കിയിരുന്നു. അതിനാലത്രേ ഈ ശ്രുതിധാരയെ ഉദ്ദേശിച്ച് അവനീന്ദ്രനാഥൻ പറഞ്ഞത്; ''സംഭാഷണങ്ങളെ എഴുത്തിന്നുള്ളിൽ പിടിച്ചുനിർത്തുക എളുപ്പമല്ല, മാനത്ത് വലകെട്ടുംപോലെ പ്രയാസമുള്ള പണിയാണ്.'' ഇങ്ങനെ, മാനത്ത് വലകെട്ടിത്തന്നെ അലക്ഷ്യവും അഗോചരവുമായ ഒരു ലോകത്തുനിന്ന് റാണിചന്ദ എന്തൊക്കെ പിടിച്ചുകൊണ്ടുവന്നുതന്നുവോ, അതിൻെറ പേരിൽ അവർ അളവററ കൃതജ്ഞതയർഹിക്കുന്നു.

സ്വന്തമായ ചില ഓർമ്മക്കുറിപ്പുകളുമുണ്ട് അവരുടെ 'ജേനാനാ ഫാടകി'ൽ (സ്ത്രീകളുടെ കാരാഗൃഹം). റാണിചന്ദയുടെ വ്യക്തിത്വം ബഹുവർണ്ണമായിരിക്കുന്നതുപോലെ, അവരുടെ അനുഭവങ്ങാം ലളിതകഠോര സമൃദ്ധവുമത്രേ. ശാന്തിനികേതനത്തിലെ കവിതാമയമായ

അന്തരീക്ഷത്തിൽ വളർന്ന്, ഏതാണ്ട് ജീവിതം മുഴുവൻ ചായവും തൂലികയുമായി കഴിഞ്ഞ്, ഒടുക്കം ഗാന്ധിജിയുടെ 'ക്വിററ് ഇന്ത്യ' പ്രക്ഷോഭണത്തിൽ പങ്കെടുത്ത് തടങ്ങലിൽ പോവുക. ആശ്ചര്യപ്രദമായ ഒരു സംഭവമാണ്, ഒട്ടൊക്കെ സങ്കൽപാതീതവുമത്രെ! കാവ്യ-കലാ—രാഷ്ട്രീയപ്രപഞ്ചങ്ങൾക്കു തമ്മിൽ പാലം കെട്ടാൻ വയ്യാത്ത വണ്ണം അത്ര വലിയ ഒരു വിടവൊന്നുമില്ലെന്നതിന്നുള്ള ഉദാഹരണങ്ങളിലൊന്നാണ് റാണിചന്ദയുടെ ജീവിതം. ജയിലിലെ നാലു ചുമരാൽ ചുററപ്പെട്ട കുടുംബത്തിലും കാണാൻ ചിത്രവും കേൾക്കാൻ കവിതയും കുറവല്ലല്ലൊ—ആ കാഴ്ചയുടേയും കേൾവിയുടേയും ഫലശ്രുതിയാണ് ഈ 'ജേനാനാ ഫാടക്'.

'പൂർണ്ണകുംഭ'മെഴുതിയത് പരിണതവയസ്സിലാണ്, കെൽപുററ തൂലികകൊണ്ടുമാണ്. തീർത്ഥയാത്രക്കാരിയുടെ ആവേശം ഇതിലില്ല; ഹിമാലയത്തിലെ ആ നിർജ്ജനവും വിശാലഗംഭീരവുമായ പശ്ചാത്തലത്തിൽ, തുച്ഛമായ മനം-കൊള്ളക്കൊടുക്കലിൻെറ വഴുവഴുപ്പൻ കഥ കൊരുക്കാനുള്ള ശ്രമവുമില്ല. എന്നുവെച്ച് രസത്തിന്ന് ഒരു കുറവുമില്ല. അതു പക്ഷേ കഞ്ചാവിൻെറ രസമല്ല, പൌഷമാസത്തിലെ പ്രത്യുഷസ്സിലെ ഹിമശീതളമായ പനരസംപോലെ സ്നിഗ്ദ്ധമത്രെ, ഇതിൻെറ സ്വാദ്. അവരുടെ കാഴ്ചപ്പാടിൻെറ ഈണമുണ്ട്, ഒന്നാം അദ്ധ്യായത്തിലെ ഒന്നാം ഖണ്ഡികയിൽതന്നെ. ''അടുക്കളവാതിലിന്മേൽ പുറംചാരിയിരുന്ന് അന്നെൻെറ വൈഷ്ണവസഖി പറയുകയായിരുന്നു, 'ഈ ജീവിതത്തിൽ എന്ത് നേടി, എന്ത് നേടിയില്ല? നേടിയിരുന്നെങ്കിൽ എന്തായാനേ, നേടാഞ്ഞിട്ട് എന്തായിപ്പോയി?—ഈ ലാഭനഷ്ടക്കണക്ക് കൂട്ടാൻ മിനക്കെട്ടിരുന്നു ഒരു കാലത്ത്. പക്ഷെ കഴിഞ്ഞില്ല.......'' റാണിചന്ദയുടെ പേനയാകുന്ന ഒററക്കമ്പിവാദ്യത്തിൽ പ്രേമത്തിൻെറയും വൈരാഗ്യത്തിൻെറയും വിരുദ്ധസ്വരങ്ങൾ സഹജമായി വന്നുപെടുന്നു. വാക്കുകൊണ്ട് കളിയില്ല, കെട്ടുകഥയില്ല, ആഡംബരമയമായ വർണ്ണനയില്ല; എങ്കിലും ചിത്രരചനയിൽ അവർക്കുള്ള കഴിവെത്രയെന്നതിന്ന് തെളിവുകൾ അസംഖ്യമാണ്. ഓർമ്മവരികയാണ് രാംമയമഹാരാജിൻെറ കഥ, വസുമതിയമ്മയുടെ ജീവിതം, ഹർകീപൌഡിയിലിരുന്നുകൊണ്ടുള്ള സന്ന്യാസിമാരുടെ സ്നാനം കാണൽ, അല്ലെങ്കിൽ ഊട്ടിൻെറ വർണ്ണന. അഴകുവഴിയുന്ന കാട്ടാറിനെപ്പോലെ ഇടതടവില്ലാതെ സ്വച്ഛന്ദം ഒഴുകുകയാണ് അവരുടെ സഞ്ചാരവൃത്താന്തം. ചിലപ്പോൾ തോന്നും, ഒരു ബാലികയെപ്പോലെ കൗതുകമാർന്ന കണ്ണോടെയാണ് അവർ നോക്കിക്കാണുന്നത്—തീർത്ഥകാമികളായ മനുഷ്യരെ, വിചിത്രങ്ങളായ ദേവാലയങ്ങളെ, അലഖനി

രഞ്ജനസന്ന്യാസിമാരെ, കുരങ്ങന്മാരുടെ കോലാഹലങ്ങളെ, ഗുരുകുല ബാലന്മാരുടെ തപശ്ചര്യയെ, തിലഭാണേധശ്വരൻെറ ചമയപ്പാടിനെ—എന്ന്. ഭക്തിമതിയും ശുദ്ധയുമായ കൂട്ടുകാരിയോട് താരതമ്യപ്പെടുത്തുമ്പോഴം അവരുടെ മനസ്സിൽ വിശ്വാസം കുറവായിരിക്കാം, എന്നാലുമവർ തർക്കിച്ചിട്ടില്ല. മനസ്സിൽ ചോദ്യമുളവായിരിക്കാം: ''ഇത്രയും ആളുകളുടെ ഒന്നുചേർന്നുള്ള ഈ വിശ്വാസമുണ്ടല്ലൊ, ഇതിന്ന് ഒരു വിലയുമില്ലെന്നോ? ഈ ലക്ഷോപലക്ഷം ആളുകാർ ഒരൊററ വിശ്വാസത്താൽ കെട്ടപ്പെട്ടിരിക്കുന്നില്ലേ, ഇതിൻെറ അടിത്തറ വെറും പൊള്ളയാണെന്നോ?'' പക്ഷെ ആ ചോദ്യത്തിന്ന് ഏറെയൊന്നും സ്ഥാനം കൊടുത്തിട്ടില്ല. സംശയമില്ല, ഈ ചോദ്യത്തിൻെറ ഉത്തരം നിഷേധാത്മകമായിരുന്നെങ്കിൽ എന്തിനവർ കുംഭം പൂർണ്ണമാക്കാൻ ഹരിദ്വാരത്തേയ്ക്ക് പോകണം? വായനക്കാരുടെ മനസ്സിലെ അസംഖ്യം ചോദ്യങ്ങളെ സന്ദർഭാനുസരണം നിവർത്തിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. കാരണം, ഏതൊരു സ്വച്ഛതോയയായ ഗംഗയിൽനിന്നാണോ, അവരീ തീർത്ഥജലം നമുക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്നത്, ആ നദി സംസ്കാരത്തിൻെറ പുലരിതൊട്ട് ഇന്നോളം നമുക്ക് കുറച്ചൊന്നുമല്ലല്ലൊ തൃപ്തിയേകിട്ടുള്ളത്.

ഗൌരി അയൂബ്

പൂർണ്ണകുംഭം

അടുക്കളവാതിലിന്മേൽ പുറംചാരിയിരുന്ന് അന്നെന്റെ വൈഷ്ണവി സഖി പറയുകയായിരുന്നു, 'ഈ ജീവിതത്തിൽ എന്ത് നേടി, എന്ത് നേടിയില്ല; നേടിയിരുന്നെങ്കിൽ എന്തായേനേ, നേടാഞ്ഞിട്ട് എന്തായി പ്പോയി—ഈ ലാഭനഷ്ടക്കണക്ക് കൂട്ടാൻ മിനക്കെട്ടിരുന്നു ഒരു കാലത്ത്. പക്ഷെ കഴിഞ്ഞില്ല; കണ്ണീരിൽ അലിഞ്ഞുപോയി വീണ്ടും വീണ്ടും. ഒടുക്കം ആ കണക്ക് മറക്കാനാണ് ഞാൻ ഒരുനാൾ എല്ലാം ഇട്ടെറിഞ്ഞ് ഇറങ്ങിത്തിരിച്ചത്.'

തീവണ്ടിയുടെ ജനാലമേൽ കൈചേർത്ത് തല ചായ്ച്ച് ഞാൻ ആലോചിച്ചുകൊണ്ടിരുന്നത് അവളുടെ കഥയാണ്.

ഹരിദ്വാരത്തേയ്ക്ക് കുംഭസ്നാനത്തിന്ന് പോവുകയാണ്.

വലിയേച്ചി പോകുന്നുണ്ട്; കൂട്ടിന് ഹേമേട്ടനും. ഞാനുംകൂടി അവരോടൊപ്പം. വളപ്പിൽ ഇലവിന്റേയും പ്ളാശിന്റേയും ഉച്ചി ക്കൊമ്പത്ത് ഏതാനും പൂക്കൾ വിടർന്നതും കണ്ടിട്ടാണ് പോന്നത്. ഇല കൊഴിച്ചൽ, ദാ, നിന്നതേയുള്ളു. വരണ്ട കാററിന്റെ പൊടുന്ന നെയുള്ള ആഞ്ഞടിയിൽ പഴുത്ത ഇലകൾ ഇടമുറിയാതെ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. പകൽസമയം ഇലകൊഴിച്ചിലിന്റെ നൃത്തം കണ്ണുകൊണ്ട് കണ്ടിട്ടുണ്ട്; രാത്രികാലം ഇരുട്ടുമൂടിയ ഇലവിൻ ചോട്ടിൽ ചുററിനടന്നുകൊണ്ട് അതിന്റെ ധ്വംകാരം കാതുകൊണ്ട് കേട്ടിട്ടുണ്ട്. കൊല്ലം മുഴുവനും നാളെണ്ണും ഈ സമയവും കാത്ത്. നീലാകാശത്തിന്റെ തനുവിൽ തൂങ്ങിനിൽക്കുന്ന കറുത്ത കൊമ്പുകളി ലേക്ക് നോക്കിക്കൊണ്ടു നിൽക്കും. കാണെക്കാണെ പെട്ടെന്നൊരു നാൾ കൊമ്പുകൾ കരിമൊട്ടുകളാൽ മറയും, പൂക്കാലം തുടങ്ങുക യായി. ഇത്തിരി നാളേ കഴിയേണ്ടു, മരം പൂക്കൾകൊണ്ട് നിറയും, കൊമ്പുകൾ മുഴുവൻ ചുകന്ന പൂങ്കുലകളുടെ ഭാരംകൊണ്ട് കുനിഞ്ഞ് കാററത്ത് ആടിക്കളിക്കും. തത്തയും കിളിയും ഊർക്കുരുവിയും കുരി യാററയും കുയിലും കാക്കയും പററംപററമായി വന്നണയും. നേരം പുലരും മുമ്പേതന്നെ എന്തൊരു കളരവമാണ്—കലപിലകൊണ്ട് നാട് മുഴുവൻ ഉത്സവച്ചന്തയാണെന്നു തോന്നും. അണ്ണാൻകൂട്ടം വാലും

പൊക്കി കൊമ്പുകൾ തോറും പരക്കം പായും. രണ്ടു കൈകൊണ്ടും ഇതളുകൾ നീക്കി പൂവിന്നുള്ളിലെ തേൻ കുടിക്കും. ജനലിന്നടുത്തുള്ള കട്ടിലിന്മേൽ കിടന്നുകൊണ്ട് എത്ര മദ്ധ്യാഹ്നങ്ങളിൽ ഞാൻ ഒററയ്ക്ക് അനന്യമനസ്കയായി അവയുടെ കളികൾ നോക്കിക്കണ്ടിരിക്കുന്നു. അവയുടെ ചാപല്യങ്ങൾക്ക് ഒരവസാനവുമില്ല. മരം മുഴുവൻ കല്യാണവീട്ടിലെ ബഹളമാണെന്നു തോന്നും. ഇലവിൻ പൂവിന്നുള്ളിൽ എന്തുമാത്രം തേനാണ്—മൊത്തിക്കുടിക്കുമ്പോൾ എത്രയാണ് നിലത്ത് ഇററിററു വീഴുന്നത്! ഞാനാലോചിക്കാറുണ്ട്, അത്രയും തേനാണോ അതോ മഞ്ഞിൻതുള്ളിയോ!

ഇലവിന്ന് കുറച്ചപ്പുറമാണ് പ്ളാശ്. തോട്ടത്തിൻെറ ആ മൂല മുഴുവൻ സിന്ദൂരവർണ്ണത്തിലുള്ള തീപ്പൊരികൾ ശൂന്യതയിലേക്ക് പൊങ്ങുന്നതു കാണാം. ആ തീയിൽ കറുത്ത കൊച്ചുകൊച്ചു കരിവണ്ടുകൾ നേർത്ത് വളഞ്ഞ കരിഞ്ചുണ്ടുകളുമായി കളിയാടുന്നു. രാവും പകലും പ്ളാശ് ചുവട്ടിൽ ചുകന്ന ചരൽ വിതറി ചെമ്പരവതാനി വിരിക്കും. ഞാൻ അമ്മയുടെ വീട്ടിൽ ചെന്നാലെല്ലാം നിലത്തുനിന്ന് കൈ നിറയെ പൂ പെറുക്കിയെടുക്കാറുണ്ട്. ചിലപ്പോൾ അമ്മയുടെ പൂജാമുറി അലങ്കരിക്കും, ചിലപ്പോൾ സ്വന്തം മുറിയുടെ ജനലിന്മേൽ വെച്ചിരിക്കുന്ന മൺതാലത്തിൽ നിറച്ചുവെക്കും. വരാന്തയുടെ മൂലക്ക് മേൽപ്പുരയിൽ പടർന്നുകേറിയ നീലമണിലതയിൽ കുലകുലയായി നീലപ്പൂക്കൾ വിരിഞ്ഞിരിക്കുന്നു. ജീർണ്ണിച്ച വള്ളി; ചിതൽ തിന്ന വേരും പുററു മൂടിയ തണ്ടും. മുമ്പത്തെപ്പോലെ ഉറപ്പില്ല വള്ളിക്ക്. തലപ്പത്ത് ഏതാനും പച്ചിലയുമായി വല്ലപാടും നിലനിൽക്കുകയാണ് അത്. മുമ്പാണെങ്കിൽ ഈ സമയം ഈ മൂല മുഴുവൻ നീലമണിയുടെ നീലിമകൊണ്ട് മൂടിയിരിക്കും. എത്രയോ അകലെനിന്നു തന്നെ കാണാം അതിൻെറ നിറപ്പകിട്ട്. ഇപ്പോഴും പൂ വിരിയാറുണ്ട്, പക്ഷെ അത്രയില്ല. എന്നാലും, ഞാൻ ഉള്ളേടത്തോളം നോക്കിക്കൊണ്ടിരിക്കും; അതിൻെറ നഷ്ടപ്പെട്ടുപോയ പഴയകാലത്തെ ചന്തം കൺമുമ്പിൽ കൊണ്ടുവരും. നീലമണിപ്പൂക്കൾ കാററത്ത് ചുററിച്ചുററി വരാന്തയുടെ ചുകന്ന തറ മൂടിക്കൊണ്ട് പൊഴിഞ്ഞുവീഴുമായിരുന്നു. ഓരോ പുലരിയിലും അത് നീലനക്ഷത്രത്തിൻെറ ചിത്രം തുന്നിച്ചേർത്ത ഇരിപ്പടം വിരിച്ചുപോരുന്നത് ആർക്കുവേണ്ടിയോ? ഓരോ നാളുമുള്ള ഈ നിവേദനം, തന്നത്താൻ കൊള്ളയടിച്ചുകൊണ്ട്, അത് ആരെയാണ് പഠിപ്പിക്കാൻ കൊതിക്കുന്നത്? എത്രയെത്ര തവണ അത് മനസ്സിനെ ആലോചനയിൽ മുഴുകിച്ചിരിക്കുന്നു. ഇപ്പോഴും അതുതന്നെ; ഒരു പൂവേ ഉള്ളുവെങ്കിലും അതിൻെറ നേർക്കുതന്നെ നോക്കിയിരിക്കും—

അതിനെ എനിയ്ക്ക് കൂടിയേ കഴിയൂ എന്ന മട്ടിൽ. അല്ലെങ്കിൽ എന്തോ ഒന്ന് മറന്നുപോയപോലെ തോന്നും. കൊല്ലം മുഴുവൻ വെള്ള മൊഴിക്കും; മുഖമുയർത്തി, മുകളിൽ ശേഷിച്ചിരിപ്പുള്ള ഏതാനും പച്ചിലകളെ ആശ്വാസത്തോടെ നോക്കും. ഓരോ കൊല്ലാവസാനവും ഈ സമയം അത് വീണ്ടും വീണ്ടും വരും. വീട്ടിൽ പിന്നിലെ തോട്ടത്തിൽ കൂട്ടംകൂട്ടമായി 'കാഞ്ചനം' വിടർന്നിരിക്കുന്നു. പച്ചിലതിങ്ങിയ മാവിൻേറയും പേരയുടേയും തലപ്പത്തുനിന്ന് വഴുതിനനിറത്തിലുള്ള ജലധാരകാം മേൽപോട്ടു തെറിക്കുന്നു. എന്തൊരു ചന്തമാണതിന്! ഇലവും പ്ളാശും നീലമണിയും കാഞ്ചനവും തങ്ങളുടെ ഐശ്വര്യ ഭണ്ഡാരവുമേന്തി നാലുപുറവും വളഞ്ഞുനിൽക്കുകയാണ്.

ഞാൻ മുഖം തിരിച്ചു. മനസ്സിനെ മുന്നോട്ടു നയിച്ചു.

പിൻവിളിക്ക് കാത് കൊടുക്കരുത്—മത്തശ്ശി പറഞ്ഞ് കേട്ടിട്ടുണ്ട്.

പെട്ടെന്നായിരുന്നു എൻെറ പുറപ്പാട്. എങ്ങിനെയാണ് അത് സംഭവിച്ചത്? അത് എനിക്കുതന്നെ ഒരദ്ഭുതമാണ്. കുടുംബത്തിൽനിന്ന് തന്നത്താൻ മാററി നിർത്തുക–അത് രണ്ട് നാളേക്കായാലും ശരി, പത്തു നാളേക്കായാലും ശരി—വളരെ പണിപ്പാടുള്ളതാണ്. എന്നിരിക്കെ എന്തെല്ലാം ഒരുക്കീട്ടുവേണം ഒന്നു തയ്യാറാവുക.

വലിയേച്ചിയുടെകൂടെ കൂടാമെന്ന് മനസ്സിലങ്ങിനെ ഉറപ്പിക്കുമ്പോഴേക്കും അഭിജിത്ത് എന്നെ തടഞ്ഞു. ഒരുനാാം അവൻ വിറച്ച് വിറച്ച് കിടപ്പായിപ്പോയി.

കെട്ടിവെച്ച ഭാണ്ഡം നിലത്തുനിന്ന് തള്ളിനീക്കി കട്ടിലിൻെറ ചോടെയാക്കി. ഒരു ദിവസം, രണ്ടുദിവസം മൂന്നുദിവസം—പനിയുടെ ചൂട് ഏററിവരികയാണ്. അപ്പുറത്ത് നിന്ന് വലിയേച്ചിയിൽ നിന്ന് വിവരം കിട്ടുന്നു, 'ടിക്കററെടുത്ത് കഴിഞ്ഞിരിക്കുന്നു, ഇനി സമയമില്ല, വേഗംവാ കൽക്കത്തയിലേക്ക്.'

ഉരിയാട്ടമില്ലാതെ കുപ്പിഗ്ളാസ്സിൽ അളവിനൊത്ത് മരുന്ന് പകർന്നുകൊണ്ട് ഡോക്ടറുടെയും രോഗിയുടെയും മുഖത്ത് നോക്കിക്കൊണ്ടിരിപ്പായി.

ഒടുക്കം, യാത്രക്കുള്ള അവസാനത്തെ ദിവസത്തെ വണ്ടി വിടുന്നതിന്ന് തൊട്ടുമുമ്പ് രണ്ടുപേരിൽനിന്നും വിടുതി കിട്ടി. നേരെവെച്ച

ടിച്ചു. രമു സ്ട്രാപ്പ് കെട്ടിക്കൊണ്ടുതന്നെ ഹോൾഡാൾ എങ്ങിനെയോ വണ്ടിക്കുള്ളിൽ കടത്തിത്തന്നു. ജനാലയിലൂടെ കഴുത്തുനീട്ടി അഭിജിത്ത് ആശ്വാസം പകർന്നു.

സംഘത്തിൽ ഞങ്ങൾ നാലു പേരാണ്: ഞാൻ, നാത്തൂൻ, അവരുടെ ഭർത്താവ്—അതായത് വലിയേച്ചി, ഏട്ടൻ—പിന്നെയൊരു വൈഷ്ണവനും. ഇദ്ദേഹത്തെ നാട്ടിൽനിന്ന് ഏട്ടൻ കൂട്ടിക്കൊണ്ടുവന്നതാണ്, തീർത്ഥയാത്രക്കുവേണ്ടി.

ഒരേ യാത്രയിലെ കൂട്ടാളി—ഇദ്ദേഹത്തെ എന്താണ് വിളിക്കുക? വല്ലതുമൊന്ന് സ്ഥിരപ്പെട്ടാൽ സംസാരിക്കാനും പെരുമാറാനും എളുപ്പമുണ്ട്. വൈഷ്ണവൻ വലിയേച്ചിയെ 'അമ്മേ' എന്നും ഏട്ടനെ 'അപ്പാ' എന്നുമാണ് വിളിക്കുന്നത്. ആ വഴിക്കാണെങ്കിൽ ഞാനദ്ദേഹത്തിന്റെ അമ്മായിയമ്മയാണ്. എവിടെ ബന്ധം ഗുരുഗംഭീരമോ, അവിടെ വാത്സല്യം സ്വയം വന്നുചേരും. എങ്കിലുമൊരു മടി. വലിയേച്ചി പറഞ്ഞു, 'ബന്ധം നോക്കുമ്പോൾ മരുമകനാണ്, പേരുതന്നെ വിളിച്ചോ.' വൈഷ്ണവനും തക്കം പാർത്തിരിക്കുകയായിരുന്നെന്ന് തോന്നുന്നു—ഓർക്കാപ്പുറത്ത് അടുത്തുവന്ന് അമ്പരക്കാൻ ഇടനൽകാതെ ഛടേയെന്ന് നമസ്കാരം ചെയ്ത് വൈഷ്ണവസുലഭമായ വിനയത്തോടെ ഉരിയാടി; 'അമ്മായിയമ്മേ, മരുമകനെ പേരുചൊല്ലിക്കൊണ്ടുതന്നെയല്ലോ വിളിയ്ക്കേണ്ടുന്നത്.'

ബ്രജരമണൻ പണ്ഡിതനാണ് —ശാന്തൻ, വിനയി, ഭക്തിമാൻ. എപ്പോഴും ചൂളിപ്പിടിച്ചുകൊണ്ടാണ്—ആരുടെ അടുത്ത് എന്ത് തെററാണ് ചെയ്തുപോവുകയെന്ന്. വിനയം വൈഷ്ണവഭൂഷണം—ബ്രജരമണൻ അത് ഓരോ അക്ഷരത്തിലും പാലിക്കുന്നുണ്ട്.

ബ്രജരമണന്ന് നന്നായി ഹിന്ദി സംസാരിക്കാനും വായിക്കാനും കഴിയും. നല്ല ഉച്ചാരണം, എന്നാലും ബംഗാളിയിൽ പറയുംപോലെ 'സിലേട്ട്' * മട്ട് വിടാൻ കഴിഞ്ഞിട്ടില്ല ഇപ്പോഴും.

അടുത്ത ബെഞ്ചിന്മേൽ രണ്ടു മാർവാറികൾ. അവർക്ക് എത്ര വയസ്സുവരും? ഇരുപത്തൊന്ന്, ഇരുപത്തിരണ്ട്, ഇരുപത്തിനാലിന്നടുത്തായിരിക്കും. പക്ഷെ ഇതിന്നകം തന്നെ എത്രയ്ക്കു തടിച്ചിരിക്കുന്നു! കണ്ടാൽ അനുകമ്പ തോന്നും. തടിക്കാതിരിക്കുന്നതെങ്ങിനെ?

---

* slate-ന്റെ ബംഗാളി ഉച്ചാരണം

നേരേനോക്കി ഇരുന്നുകൊണ്ട് എന്തൊരു തീററിയാണ് തിന്നത്, ഇത്തിരിമുമ്പെ. പൂരിയും കറിയും ഇരിക്കട്ടെ, അതുകഴിഞ്ഞ് നിമിഷം കൊണ്ട് ഒരു സന്ദേശ്-രസഗുള 2 ക്കടതന്നെ കാലിയാക്കിയെന്നു തോന്നും. ഓരോരോ സന്ദേശിൻെറ വലുപ്പമോ! യുദ്ധം തുടങ്ങിയതി നുശേഷം ഇത്രയും കൊല്ലം ഇത്ര വലിയ സന്ദേശ് കണ്ടിട്ടില്ല. വായ രണ്ടും ഹാ എന്ന് പിളർന്ന് ബദാം നിറച്ച പച്ചയും മഞ്ഞയും വെള്ള യുമായ സ്വദേശി സന്ദേശുകൾ ഉള്ളിലേക്ക് തിക്കിക്കയററുന്നു. കല ത്തിൽനിന്ന് കൈ നിറയെ രസഗുള വാരി ഇലയിൽ നിറക്കുന്നു. എണ്ണ ത്തെപ്പററി ചിന്തയേയില്ല. അതെല്ലാംകണ്ട് ഞാൻ സ്തംഭിച്ചുപോയി.

ആരോടും വേഗം പരിചയപ്പെടുന്ന ഏട്ടൻ കിടന്നുകൊണ്ടുതന്നെ അവരുമായി വർത്തമാനം പറയാൻ തുടങ്ങി. ഏട്ടൻ പറയുകയാണ്, 'ഒന്നു രണ്ടു ദിവസം ഒന്നിച്ചുപോകുന്നതല്ലേ, ഒന്നു പരിചയപ്പെടു ന്നത് നല്ലതാ.''

അവരും പോകുന്നത് ഹരിദ്വാരത്തേക്കാണ്, 'കാശിവിശ്വനാഥ സേവാസമിതി'യുടെ പക്ഷത്തുനിന്ന്. അവിടെ തീർത്ഥാടകന്മാർക്ക് സേവനം നൽകുകയെന്ന മഹത്തായ ഉദ്ദേശ്യമാണ് അവർക്ക്. അതാ വണം സ്റ്റേഷനിൽ ഇത്ര വമ്പിച്ച യാത്രയയപ്പുണ്ടായത്. ട്രെയിൻ വിടുമ്പോൾ പത്തു പന്ത്രണ്ട് മാർവാറികൾ അവരുടെ കഴുത്തിൽ പത്തുപന്ത്രണ്ട് വനമാല ചാർത്തി. എത്രയാണ് 'ജയ'ഹുംകാരം മുഴ ക്കിയതെന്നോ. അപ്പോൾമുതൽ വലിയേച്ചിക്ക് ഇവരുടെ നേർക്ക് സാദരമായ ഒരു സഹതാപഭാവമാണ്. പറകയാണ്, 'മനസ്സിലായോ? ഇവരാണ് ശരിയായ സേവകന്മാർ.' സേവാ സമിതിയുടെ പക്ഷത്തു നിന്ന് വേണ്ട ഏർപ്പാടുകളൊക്കെ ചെയ്തുവെക്കാനാണ് ഇവർ ആദ്യമേ പോകുന്നത്. പിന്നീട് പലേടത്തുനിന്നും വാളണ്ടിയർമാർ പണിക്ക് വന്നുചേരും. ഒന്നാമത്തെ പണി തണ്ണീർപ്പന്തൽ കെട്ടുകയാണ്. പറ കയാണ്, 'സാർ, അവിടെ വരുന്ന യാത്രക്കാർക്ക് ഞങ്ങൾ ആദ്യമായി വെള്ളം കൊടുക്കും. രണ്ടാമതായി സാപ്പാട് കൊടുക്കും—ഈ പൂരി കറി മധുരപലഹാരങ്ങൾ. കടയും ഉണ്ടാവും. മൂന്നാമത്തെ ജോലി ശവങ്ങൾ സംസ്കരിക്കുക. ഒരുപാടാളുകൾ ചത്തുപോവാറുണ്ട്, തീർത്ഥസ്നാനത്തിന്ന് വന്നിട്ട്.'

ഇവരുടെ രണ്ടാമത്തെ സേവാകർമ്മം കേട്ടിട്ട് ഉത്സാഹം തോന്നിയി രുന്നു-അതുപിന്നെ വണ്ടിയിൽനിന്നുതന്നെ തുടങ്ങിക്കോളൂ; ഞങ്ങളും

2 ബംഗാളിലെ മധുരപലഹാരങ്ങൾ

തീർത്ഥയാത്രക്കാർതന്നെ, അങ്ങോട്ടേക്കാണല്ലൊ പോകുന്നത് എന്ന് പറയാമെന്ന് കരുതിയതാണ്. പക്ഷേ മൂന്നാമത്തെ സേവനത്തിൻെറ വിവരണം ആ ആഗ്രഹത്തെ നശിപ്പിച്ചുകളഞ്ഞു. ആർക്കറിയാം, തീർത്ഥസ്നാനത്തിന്ന് സേവാസമിതിയുടെ സേവനം ആവശ്യപ്പെട്ട് ഒടുക്കം വാക്ക് പാലിക്കേണ്ടിവന്നാലോ?'

അവർ മഹാ ഉത്സാഹത്തോടെ സഞ്ചി തുറന്ന് ഹിന്ദിയിൽ അച്ചടിച്ച കാര്യപരിപാടി പുറത്തെടുത്ത് ഏട്ടൻെറ കയ്യിൽ കൊടുത്തു—എത്രയെത്ര കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നതിൻെറ കണക്ക് കാട്ടിക്കൊണ്ട്. ഏട്ടൻ ക്ഷമയോടെ മുഴുവൻ വായിച്ചുതീർക്കുകയും ചെയ്തു. പറകയാണ്, 'എന്തിന് സമയം നഷ്ടപ്പെടുത്തണം? അൽപം ഹിന്ദി വശമാവട്ടെ.' ഏട്ടൻ കഷ്ടപ്പെട്ടു വായിക്കുന്നേടത്തോളം മാർവാറികൾക്ക് ഉത്സാഹവും കൂടുന്നു. കൂടക്കൂടെ ബഞ്ച് വിട്ടെഴുന്നേററ് മുന്നോട്ടാഞ്ഞ് മനസ്സിലാക്കി കൊടുക്കുന്നു, 'ഈ കാണുന്ന പടമുണ്ടല്ലൊ, ഇത് സാറേ, കോടീശ്വരനാ ചുരുങ്ങിയത് ആയിരം ആളുകൾക്ക് സാപ്പാട് കൊടുക്കുന്നു. എത്ര സ്ഥലത്താണ് സേവാവ്രതം ചെയ്തിരിക്കുന്നതെന്നോ.'

പറയാൻ തോന്നി, എന്താ ചെയ്യാതിരിക്കാൻ? നെയ്യിൽ എത്രയേറെ മായംചേർത്തിരിക്കുന്നോ അത്രയേറെ ദാനധർമ്മങ്ങളും ചെയ്തിരിക്കും.

വണ്ടിയിൽ സമയം പോകാത്തപ്പോൾ ഉറക്കംപോലെ നല്ലതായി മറെറാന്നുമില്ല. രാവിലെ ഒരു ചായ കുടിച്ച് ഒരുറക്കമുറങ്ങിയാൽ ഉച്ചയായി. ഉച്ചയൂണുകഴിഞ്ഞ് മറെറാരുറക്കത്തോടെ വൈകുന്നേരവും. വൈകീട്ട് കണ്ണുതിരുമ്മി എഴുന്നേററിരുന്നു. ദേഹമാകെ കുളിരുന്നു. ഇന്ന് കാലത്തുതന്നെ ഫൈജബാദിൽവെച്ച് 'ചൂടുള്ള വാർത്ത'ക്കാരൻ പയ്യൻ പത്രം തന്ന് കടന്നുപോയിരുന്നു. വാർത്തയുണ്ടായിരുന്നു—ബെലൂചിസ്ഥാനിൽ മഞ്ഞ് വീണിട്ടുണ്ട്, ഒരു ഹിമതരംഗം ആഞ്ഞടിച്ച് വരുന്നുണ്ട്. ഇവിടേയും അവിടെയും വെള്ളപ്പൊക്കം കൊടുങ്കാററ്, എന്തൊക്കെയാണ്. നടുങ്ങിപ്പോയി. ഹിമതരംഗം വണ്ടിമുറിക്കുള്ളിലും കടന്നുവരുമോ? ഇല്ലായിരിക്കും.

അന്തിനേരം. അകലെ കാററടിച്ച് പൊടിയുയരുന്നു; നാല് ദിക്കും മങ്ങിപ്പോയിരിക്കുന്നു. അതിൻെറ മറവിൽ പശ്ചിമാകാശത്തിൽ മ്ളാനനായ സൂര്യൻ തിങ്ങിവളർന്ന കാട്ടിന്നടിയിലേക്ക് മറയുന്നു. മുറിയുടെ ഒരു മൂലക്ക് അനങ്ങാതെ ഇരിക്കയാണ് വലിയേച്ചി.

ചാഞ്ചാടുന്ന മനസ്സിനെ ഒതുക്കാനുള്ള സമയമാണ് പകലറുതിയിലെ ഈയൊരു മുഹൂർത്തം. സകല ചാഞ്ചല്യവും ശാന്തമാക്കി അത് ഏതോ തന്മയത്വത്തിൽ മുക്കിക്കളയും സമസ്തമനസ്സിനേയും. എമ്മട്ടെന്ന് പറകവയ്യ അത്. പകുതി സബോധവും പകുതി അബോധവുമായ, അദ്ഭുതാവഹമായ, ഒരു ആത്മവിസ്മൃതിയുടെ അനുഭൂതി· പൊടുന്നനെ വാസനയും നാററവും കൂടിക്കലർന്ന ഒരു വല്ലാത്ത മണം മനസ്സിൻെറ നില തകരാറാക്കി. കണ്ണു മിഴിച്ചു നോക്കുമ്പോഠം മുമ്പിലത്തെ ബഞ്ചിന്മേൽ അഭിമുഖമായി, തലയോട് തലമുട്ടിച്ചുകൊണ്ട്—കഞ്ചാവ് ഹുക്ക കണ്ടാലറിയാം—അതുപോലൊരു നേരിയ കുഴലിൽ ഓരോ വലി വലിച്ച് കൈമാറിക്കൊണ്ടിരിക്കുകയാണ് ശ്രീമാന്മാർ. നിർത്തുന്നേയില്ല. കെട്ടുപോയാൽ വീണ്ടും ഹുക്ക നിറക്കുന്നു. വീണ്ടും വലിച്ചു വലിച്ച് തീ കെടുന്നു. ഇങ്ങിനെ പോയി രാത്രി എട്ടുമണിവരെ.

വലിയേച്ചി മുഖവും കനപ്പിച്ചുകൊണ്ടാണ്. പിന്നോക്കം തിരിഞ്ഞാണ് ഇരുന്നിരുന്നത്, കുറേക്കൂടി പിന്നോക്കം തിരിയാൻ ഒന്നനങ്ങിയിളകി. വീട്ടിലും പുറത്തും, വഴിനടക്കുമ്പോഠം ഇരുവശവും, വലിയേച്ചിയുടെ സന്താനങ്ങഠം നിരന്നുനിൽക്കുന്നുണ്ടാവും. 'അപ്പനേ' 'മോനേ' എന്നാണ് എല്ലാവരേയും വിളിക്കുക. ദാ, ഇത്തിരിമുമ്പെ പകൽവെളിച്ചത്തിൽ വലിയേച്ചി ഇവരോട് പറഞ്ഞിരുന്നു. 'മക്കളേ, നിങ്ങഠംക്ക് സ്ത്രീ—വാളണ്ടിയർമാരെ വേണമെങ്കിൽ ഞങ്ങളോട് പറയണം. ഞങ്ങഠം രണ്ടുപേരും നിത്യവും കുറച്ചുനേരം നിങ്ങളുടെ സേവാസമിതിയുടെ പണിയിൽ പങ്കുകൊള്ളാം—എന്തു പറയുന്നു റാണി?' ഞാൻ പറഞ്ഞു, 'എന്താ തരക്കേട്? മടക്കയാത്രക്കുള്ള ചെലവ് തരുമെങ്കിൽ.'

സേവാധർമ്മത്തിൻെറ കൂടെ സ്വാർത്ഥം കലർത്തുന്നത് കണ്ട് വലിയേച്ചിക്ക് ഇളക്കം തട്ടി. അവർ വീണ്ടും വീണ്ടും 'മക്കളു'ടെ കർമ്മം എത്ര മഹത്താണെന്നതിൻെറ വ്യാഖ്യാനം തന്നിരുന്നു. ആ മക്കളുടെ ആചാരം ഒടുക്കം ഇതോ? കഞ്ചാവ്പർവ്വം സമാപ്തമായപ്പോഠം കൂട്ടർ കൂററൻ തളികകഠം മടിയിൽ കേററി ഇരിപ്പായി. മൂരി തിന്നുംപോലെ ബാക്കി തിന്നുതീർത്ത്, പ്രാണൻപോകുംപോലുള്ള കുറേ വൃത്തികെട്ട തേട്ടലും തേട്ടി, ചുകന്നു തുറിച്ച കണ്ണുകൊണ്ട് നോക്കി ഒരാഠം ഏട്ടനോട് പറഞ്ഞു: ''സാർ, ഇസ്പെഷൽ ആർഡർ കൊടുത്ത് ഞാൻ പൊറോട്ട ഉണ്ടാക്കിച്ചതാ. വിലയെപ്പററി ആലോസിക്കേണ്ടെന്ന് പറഞ്ഞു. എത്ര മുന്തിയത് കിട്ടുമോ അതു കൊണ്ടുവാ.

വീട്ടിലും ഇമ്മാതിരി പൊറോട്ട സാപ്പിട്ടിട്ടില്ല. പോയ വർഷം ഞാനെന്റെ വൈഫിനേയും കൂട്ടീട്ടാണ് പോയത്—വഴിക്ക് നല്ല സാപ്പാട് കിട്ടാത്തതുകൊണ്ട്. ഇന്നത്തെ സാപ്പാട് വളരെ നന്നായിരിക്കുന്നു. വീട്ടിലെ സാപ്പാട് സാപ്പിട്ടെന്ന് തോന്നുന്നു. പക്ഷെ വില കുറച്ച് ജാസ്തി എടുത്തു.'

ഞാൻ പറഞ്ഞു: 'ചോദിക്കരുതോ ചേച്ചി, ചെലവ് ആരുടേതാണെന്ന്? അവരുടെതോ അതോ സേവാസമിതിയുടേതോ?' വലിയേച്ചി മുഖം തിരിച്ചുകളഞ്ഞു.

കൂവളപ്പൂവിന്റെയും മുല്ലയുടേയും ഉണ്ടമാലകൾ മുറിയുടെ മരച്ചുമരിന്മേൽ വണ്ടിയുടെ ഇളക്കത്തിൽ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കൊണ്ട്, ഇപ്പോഴും സുഗന്ധം പരത്തുന്നുണ്ട്. തണുത്ത കാററ് ചൂടുവസ്ത്രത്തിന്നുള്ളിലൂടെ എല്ല് വിറപ്പിക്കുന്നു. മരവാതിലും കണ്ണാടിജനലുമെല്ലാം അടച്ച് കമ്പിളി മൂടി ചൂളിപ്പിടിച്ച് കിടക്കുകയാണ്—എന്നാലും രക്ഷയില്ല. കാൽമുട്ട് രണ്ടും മടക്കി നെഞ്ഞോടടുപ്പിച്ച്, കമ്പിളിക്കുള്ളിൽ തലയാഴ്ത്തിനോക്കി—നിശ്വാസംകൊണ്ട് ശരീരം വേഗം ചൂടുപിടിക്കുമെന്ന് കേട്ടിട്ടുണ്ട്. എവിടെ, നിശ്വാസവും മഞ്ഞുകട്ടയായി ശരീരം ഞെരിക്കുംപോലുണ്ട്, എല്ലാംകൂടി ഒടുക്കം ബെലൂചിസ്ഥാനിൽത്തന്നെ ചെന്നുപെടുമെന്നുണ്ടോ? മഞ്ഞിൻ മുകളിലൂടെ നടന്നുപോവുകയാണെന്നൊരു തോന്നൽ—കൈ മരവിച്ചിരിക്കുന്നു, കാല് സ്വാധീനമല്ല, തലയും കനത്തതുപോലെ. ഇല്ല, ഇനിയും സഹിക്കവെയ്യ. ഒന്നുറങ്ങാൻ കൊതിച്ചതിന്ന് എന്തൊരു കഷ്ടപ്പാടാണ്! ഇതിലും എത്രയോ ഭേദമാണ് ഉണർന്നിരിക്കുക. വിറച്ചു വിറച്ച് എഴുന്നേററിരുന്ന് ഉച്ചത്തിൽ വെടിപറയുകതന്നെ. ബാക്കി രാത്രി എങ്ങനെയെങ്കിലും കഴിച്ചുകൂട്ടണമല്ലൊ, എല്ലാരും ഒരൊററ ഗവേഷണത്തിൽ തല കായുകയാണ്—നാല് ഭാഗവും അടച്ചുപൂട്ടീട്ടാണുള്ളതെങ്കിലും എല്ല് വിറപ്പിക്കുന്ന ഈ കാററ് കടന്നത് ഏത് പഴുതിലൂടെ? പൊട്ടെ, 'ജയ ജയ ഭഗവാൻ വിശ്വേശർ!' വണ്ടി ഹരിദ്വാരത്തിൽ എത്തി നിൽപായി. കെട്ടും ഭാണ്ഡവും പിടിച്ചിറക്കി കേററിവെച്ച് രണ്ട് കുതിരവണ്ടിയിൽ കേറി നാലുപേരും കൻഖലത്തേയ്ക്ക് യാത്രയായി.

ഏട്ടൻ പറഞ്ഞു: 'രാമകൃഷ്ണ മിഷനിലേക്ക്.' രാമകൃഷ്ണ മിഷനെന്ന് പറഞ്ഞിട്ട് കുതിരവണ്ടിക്കാരന്ന് മനസ്സിലായില്ല. അയാൾ ചോദിച്ചു: 'മിഷനെന്നവെച്ചാ അറിഞ്ഞൂടാ. ബംഗാളി ആശുപത്ര്യാ?'

ഏട്ടൻ: 'അതേതെ, അതുതന്നെ. അവിടത്തേക്ക് തന്നെ പോ.' ബംഗാളി ആസ്പത്രി എന്ന പേരിലാണ് ഇവിടത്തുകാർ രാമകൃഷ്ണ സേവാശ്രമത്തെ അറിയുന്നത്. മററു വല്ലതും പറഞ്ഞാൽ മനസ്സിലാക്കാൻ കുഴങ്ങും. കെട്ടിപ്പടുത്ത വെടിപ്പായ നിരത്തിലൂടെ കുതിര ടക് ടക് എന്ന് കുതിച്ചു. നാലുപാടുമുള്ള കനത്ത മൂടൽമഞ്ഞ് അപ്പോഴും നീങ്ങീട്ടില്ല. വഴിക്ക് ആളുകൾ കൂടിത്തുടങ്ങീട്ടില്ല. തൂപ്പുകാരൻ ഗംഗാമാതാവിന്ന് ജയശബ്ദം മുഴക്കിക്കൊണ്ട് പൊടിയടിച്ചു വാരുന്നു. ഒരു ഭ്രാന്തൻ വൈരാഗി എലത്താളവും മുട്ടി മീരയുടെ കീർത്തനം മതിമറന്ന് പാടിക്കൊണ്ട് ഒരു വശത്തുകൂടെ കടന്നുപോകുന്നു, ഭഗവന്നാമാങ്കിതമായ ഉത്തരീയം കാററത്ത് ചുമലിൽനിന്ന് വീണുപോകുന്നു—അതയാൾ അറിയുന്നേയില്ല. കെട്ടിപ്പടുത്ത ചാലിലൂടെ കലക്കുവെള്ളം ഹുഡ്ഹുഡ് ശബ്ദത്തോടെ പട്ടണത്തിലൂടെ ഒഴുകിപ്പോകുന്നു. ആ വഴിക്കാണ് കുതിരവണ്ടി ഓടുന്നത്. ഇതാണുപോൽ ഗംഗ. ഹരിദ്വാരത്തെ ഗംഗയുടെ ഭംഗി എത്ര വർണ്ണിച്ചു കേട്ടിരിക്കുന്നു, ഭാവനയിൽ എത്ര വരച്ചുവച്ചിരിക്കുന്നു—എന്നിട്ട് ആദ്യത്തെ കാഴ്ചയിൽത്തന്നെ മനസ്സിന്ന് ആഘാതമാണ് ഏററത്. കലക്കുവെള്ളത്തിൻ മുകളിലൂടെ ഒരു കെട്ട് ചെണ്ടുമല്ലികമാല പാഞ്ഞുപോകുന്നു. ആരുടെ പൂജാപുഷ്പമാണാവോ ഗംഗാമാതാവിൻെറ മാറിടത്തിലൂടെ ഒഴുകിപ്പോകുന്നത്! എവിടെ പാഞ്ഞുപോയി അത്? ഒരു തടസ്സവും കൂട്ടാക്കുന്നില്ല. കൈ തെന്നിമാറി വഴുതിപ്പാഞ്ഞു കളയുന്നു. ദാ, അതല്ലേ, ഇപ്പോഴും കാണാനുണ്ട്—സാലവൃക്ഷങ്ങളുടെ തടികൾക്കിടയിലൂടെ അതാ, അതാ, പോയി—ഇത്തവണ കടവു കടന്ന് കണ്ണിൽനിന്ന് മറഞ്ഞുകളഞ്ഞു.

മഞ്ഞ മതിലുകൊണ്ട് ചുററപ്പെട്ട രാമകൃഷ്ണസേവാശ്രമത്തിൽ വണ്ടി ചെന്നുനിന്നു.

സ്വാമിജിമാരെ കാലെകൂട്ടിത്തന്നെ വിവരമറിയിച്ചിരുന്നു അവർ വന്ന് ഞങ്ങൾക്കുള്ള കൂടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. മൂടൽ മഞ്ഞിൽ മങ്ങിക്കാണാകുന്ന മാവിൻതോപ്പിൽ അടുത്തടുത്തായി കുറേ കൂടാരങ്ങൾ. മഞ്ഞുതുള്ളികൾ മാവിലയിലൂടെ ഒഴുകി കൂടാരത്തിന്മേൽ, ഞങ്ങളുടെ തലയിൽ, മുഖത്ത്, ഇററിററ് വീഴുന്നു. നനഞ്ഞ പുല്ലിന്നടിയിൽ പതുത്ത ചളിമണ്ണ് ഓരോ കാൽവെപ്പിലും മണ്ണിൽ പൂണ്ടുപോകുന്നു. കനത്ത മഴ പെയ്തിരുന്നു, രണ്ടു ദിവസംമുമ്പ്. അനുഭവാനന്ദസ്വാമികൾ പറഞ്ഞു: 'വെയിലുദിക്കുകയേ വേണ്ടു. എല്ലാം ഉണങ്ങിക്കൊള്ളും, മണ്ണും ഉറക്കും. വരൂ, ആദ്യം ചൂടോടെ ഓരോ ചായ കുടിക്കാം. എന്താ തണുപ്പ്, ഉന്മേഷം കിട്ടും.'

മാവിൻചോട്ടിൽനിന്ന് ഇത്തിരി അകലെയാണ് അടുക്കള. അടുക്കളയുടെ ഇറയത്ത് പുല്ലുപായ വിരിച്ചിട്ടുണ്ട്. കൊച്ചു ടിൻകോപ്പകളിൽ ചൂടുചായ. മററു സമയത്താണെങ്കിൽ ചൂടുചായ ഒഴിച്ച ടിൻ കോപ്പ പിടിക്കണമെങ്കിൽ ചേലത്തുമ്പ് കൂട്ടണം; ഇപ്പോഴാകട്ടെ, വെറുംകൈകൊണ്ട് പിടിച്ചാലും വിരൽ വളഞ്ഞുതന്നെ, നേരെ നിൽക്കുന്നില്ല തണുപ്പത്ത്. എങ്ങിനെ പിടിക്കും കോപ്പ? ഞങ്ങളുടെ കൂട്ടത്തിൽ ഏട്ടനാണ് ഏററവും അവശൻ. രണ്ടു കയ്യിൻെറ വിരലും കിടുകിട വിറക്കുന്നു. ചപ്പാത്തി പൊട്ടിക്കണം—വിറച്ചുവിറച്ച് വിരൽ ചപ്പാത്തിമേൽനിന്ന് വഴുതിപ്പോകുന്നു. സേവനത്തിൻെറ മൂർത്തപ്രതീകങ്ങളാണ് സേവാശ്രമത്തിലെ സന്യാസിമാർ; ഓരോ യാത്രക്കാരനും അവർ ചെയ്യുന്ന സേവനങ്ങൾക്ക് അളവില്ല. ഒരു ബ്രഹ്മചാരി വലിയ ഇരുമ്പുകരണ്ടികളിൽ ചുട്ടുപൊള്ളുന്ന വിറകിൻകനൽ കൊണ്ടുവന്ന് മുൻപിൽ വച്ചു. അതിൻമുകളിൽ കൈ തിരിച്ചും മറിച്ചും പിടിച്ച് ചൂടാക്കി ചൂടുചായ മൊത്തി; ഗോതമ്പുമാവുകൊണ്ടുള്ള ചപ്പാത്തി, പനഞ്ചക്കരയുടെ കൂടെ അമൃതാസ്വാദമായിത്തോന്നി. ഇതുപോലൊരു തീക്കട്ട കഴുത്തിൽ—വസ്ത്രത്തിന്നടിയിൽ—തൂക്കിയിടാൻ പററുമായിരുന്നെങ്കിൽ—ആവൂ, സ്വർഗ്ഗസുഖംതന്നെ അനുഭവിച്ചേനെ.

കൂടാരത്തിലേക്ക് തിരിച്ചുപോന്നു. ഒന്ന്, രണ്ട്, മൂന്ന്, നാല്—നമ്പർ കൊടുത്ത കൂടാരങ്ങൾ. ഒന്നാം നമ്പറാണ് ഞങ്ങളുടേത്. നിലത്തോടു ചേർത്ത് ഓലപ്പായ വിരിച്ചിട്ടുണ്ട്; ഇരുമ്പിൻെറ സ്പ്രിങ്ങ് കട്ടിൽ, വലിയൊരു മുറിപോലെത്തന്നെ. മുറിയിലെ സുഖം, പുറത്തെ നിശ്ശബ്ദത, രണ്ടുംചേർന്ന് കൂടാരത്തോട് കൊതി തോന്നും. എനിയ്ക്ക് സന്തോഷമായി.

വലിയേച്ചിക്ക് തിരക്കുതന്നെ. സാമാനം മുഴുവൻ ഒതുക്കിവെക്കണം. കുറച്ചുകാലത്തേക്ക് ഇവിടെത്തന്നെ ഞങ്ങളുടെ വീടും കുടിയും. ഒരു കൂമ്പാരമുണ്ട് സാമാനങ്ങൾ. ഇത്രയും സാധനങ്ങൾ എവിടുന്നു വന്നു? മരുമക്കൾ ഉന്തിത്തള്ളി വണ്ടിയുടെ ബെഞ്ചിൻ കീഴെ കൊള്ളിച്ചതാണ്. ഹൗറാസ്റ്റേഷനിൽ: അന്നേരം ഒന്നും ശ്രദ്ധിച്ചില്ല. എന്നാലും വലിയേച്ചി ഇത്തവണ സാമാനങ്ങൾ ജാസ്തിയാവാതിരിക്കാൻ നന്നെ മനസ്സിരുത്തിയിരുന്നു. ഒരുപാട് സ്ഥലത്ത് ചുററിക്കറങ്ങാനുള്ളതാണ്—എത്ര ലഘുവാക്കാമോ അത്രയും നല്ലത്. കൂടക്കൂടെ എനിയ്ക്ക് കത്തിലൂടെ മുന്നറിയിപ്പ് നൽകിയിരുന്നു, 'കുറച്ച് കുപ്പായവും തുണിയുമല്ലാതെ മറെറാന്നും എടുക്കേണ്ട; ഞാൻ കൊണ്ടുപോകുന്നതുതന്നെ നിനക്കും മതിയാവും.'

ഏട്ടൻ സ്വകാര്യമായി പറഞ്ഞു, 'ഇതെന്താണ് നോക്കാനുള്ളത്? ആ പച്ച മിലിററി ബാഗില്ലേ—ചൂരൽക്കൊട്ട തുറന്നുനോക്കൂ—അതി ലില്ലാത്ത സാധനമില്ല.

ഒതുക്കിവെക്കുന്ന ഭാവത്തിൽ കൊട്ട തുറന്നുനോക്കി. മുരുട, കോപ്പ, വെള്ളം നിറക്കുന്ന കൂജ, ബിസ്ക്കററ് ടിന്ന്, കെററിൽ, സ്പിരിട്ട്, സ്റ്റൗ, തോർത്തിൻതുമ്പത്ത് കെട്ടിവെച്ച മഞ്ഞൾ, മുളകു പൊടി, പിച്ചള മുരുട നിറയെ ഉണക്കലരി; അതിൽ ആഴ്ത്തിവെച്ച കുപ്പി നിറയെ കടുകെണ്ണ, ടിന്നിൻെറ അളുനിറയെ പഞ്ചസാര, ഉപ്പ്, കത്തി, പിച്ചാത്തി, കുക്കർ, ചുണ്ണാമ്പ്—വെററില മുറുക്കാൻ കിട്ടി യില്ലെങ്കിലോ പരദേശത്ത്? കൺകെട്ടുവിദ്യപോലെ ഓരോന്നങ്ങനെ പുറത്തുവന്നുകൊണ്ടേയിരിക്കുന്നു. ഇരുമ്പുചവണ, ചട്ടുകം, ചിമ്മി നിവിളക്ക് രണ്ട്, ഹെയർ ഓയൽ, ഗ്ളിസറിൻ, ദഹനഗുളിക—എന്തെ ല്ലാമെന്തെല്ലാം!

ഏട്ടൻ പറഞ്ഞു: 'ഓരോരാളും ഈരണ്ട് ലഗ്ഗേജ് എടുക്കുമെന്നാ യിരുന്നു നിശ്ചയം; നിൻെറ വലിയേച്ചി അതനുസരിച്ച് സകലതും സ്വന്തം കയ്യാൽ ഒതുക്കിവെക്കാൻ പുറപ്പെട്ട് അതുമിതും കൂട്ടിക്കല ർത്തി ഒടുക്കം എന്താണ് ചെയ്തുവെച്ചതെന്നോ—കൂട്ടത്തിനും കുറി ക്കുമില്ലാത്ത ഞാൻ ഇരുന്ന് നോക്കിക്കണ്ടേതേയുള്ളു. എണ്ണിനോക്കു, എത്രയുണ്ട് എല്ലാംകൂടിയെന്ന്.'

എണ്ണിനോക്കി, ഏറെയൊന്നുമില്ല—ഒരാൾക്ക് രണ്ടെണ്ണമെന്ന സ്ഥാനത്ത് ആറെണ്ണമായിട്ടുണ്ടെന്നു മാത്രം. വലിയേച്ചി എന്തോ പണിക്ക് അപ്പുറം പോയിരിക്കയായിരുന്നു, തിരിച്ചുവന്നു ചോദിച്ചു: 'റാണി, നിൻെറ ഷാൾ? എവിടെ, ദേഹത്ത് കാണുന്നില്ലല്ലൊ.'

ഹരിദ്വാരസ്റ്റേഷനിൽ എല്ല്തുളച്ചുകേറുന്ന തണുപ്പുകാററായി രുന്നു. എൻെറമേൽ കനത്തൊരു നീണ്ട കമ്പിളിക്കോട്ടുണ്ടായിരുന്നു. അതുകൊണ്ട് എൻെറ ഷാളും വലിയേച്ചി പുതച്ചിരുന്ന വെള്ളഷാളി ൻെറ പുറത്ത് പുതപ്പിച്ചുകൊടുത്തിരുന്നു. രണ്ടെണ്ണംകൊണ്ട് അൽപം ആശ്വാസം കിട്ടുമെന്ന് കരുതി. ഇപ്പോഴാണ് അറിഞ്ഞത്, മുകളിലെ ഷാൾ എവിടെയോ അറിയാതെ വീണുപോയെന്ന്. പരതിപ്പരതി പര വശയായി വലിയേച്ചി. എവിടെയുമില്ല. വലിയേച്ചി ചോദിച്ചു: 'എന്ത് പററിയിരിക്കും?'—ഞാൻ പറഞ്ഞു: 'ഒന്നേ സംഭവിക്കാനിട യുള്ളു—കുതിരവണ്ടിയിൽ വീണുകിടക്കുന്നുണ്ടാവും. ഇറങ്ങുമ്പോൾ ആരും ശ്രദ്ധിച്ചില്ല.'

'എപ്പൊഴാ വീണത്, എങ്ങനെയാ വീണത്, അറിഞ്ഞതേയി ല്ലല്ലൊ!' വലിയേച്ചിയുടെ വേവലാതി ഏറിവന്നു.

ഞാൻ പറഞ്ഞു: 'തീർത്ഥസ്നാനത്തിൽ ആദ്യമായി ദാനംചെ യ്തതാണ് അതെന്ന് വിചാരിച്ചാൽ പോരേ, തീർന്നില്ലേ.'

പക്ഷെ അത് കൂട്ടാക്കിയില്ല അവർ. തിരിയുന്നു, മറിയുന്നു, വേഷ്ടിയും വിരിപ്പും കുടയുന്നു, മനസ്സിലെ ദു:ഖവും പാടിനട ക്കുന്നു, 'ഹരി ഹരി, എന്താ ഞാനിച്ചെയ്തത്! ഇപ്പഴത്തെ കാലത്ത് ഒരു സാധനം കിട്ടാനുള്ള പാടേയ്—'

ഇങ്ങിനെയിരിക്കെ കൈ രണ്ടും പിന്നോക്കം കെട്ടി കുതിരവണ്ടി ക്കാരൻ കൂടാരത്തിന്നു മുൻപിൽ വന്നുനിന്നു: 'അമ്മേ, കൈനീട്ടം തരണം.'

വലിയേച്ചി മുഖംനിറയെ ചിരിച്ചുകൊണ്ട് 'പിന്നില്ലേ, തീർച്ച യായും കൈനീട്ടം കിട്ടും' എന്നു പറഞ്ഞ് തിടുക്കപ്പെട്ട് മന്നോട്ടു ചെന്ന് രണ്ടുകൈകൊണ്ടും ഷാളെടുത്ത് കൂടാരത്തിന്നുള്ളിൽ കടന്നു.

ഏട്ടൻ പറഞ്ഞു: 'ആശ്ചര്യംതന്നെ! കുതിരവണ്ടിക്കാരൻ സ്വന്തം കൈകൊണ്ട് തിരിച്ചുതന്നിരുന്നില്ലെങ്കിൽ നമ്മളെന്ത് ചെയ്യുമായി രുന്നു! പരിചയമില്ലാത്ത നാട്, പരിചയമില്ലാത്ത ആരക്കാർ.'

ഇപ്പോഴേക്കും നിശ്ചിന്തയായി വലിയേച്ചി തലയിൽ എണ്ണ തേ ക്കാൻ തുടങ്ങി. എന്നോടു പറഞ്ഞു: 'നടക്കു, ഒന്ന് ഗംഗയിൽ മുങ്ങിവരാം. ഇത്രയൊക്കെ മിനക്കെട്ട് വന്നു—ഇന്ന് ആദ്യത്തെ ദിവ സമല്ലേ—ഗംഗയിൽ കുളിക്കാതിരിക്കാനോ?' പുടവയും തോർത്തു മായി വലിയേച്ചി തയ്യാറായത് കണ്ടിട്ട് സ്വാമിജിമാർ വെമ്പലോടെ ഓടിവന്നു. 'അമ്മാതിരി പണി ചെയ്യൊല്ലേ എന്തായാലും. ഇന്നാ ണെങ്കിൽ പററുകയേയില്ല. എന്തിന് ഇന്ന്—നാളെയും പററുകയില്ല, മററന്നാളുമില്ല. മൂന്നുനാല് നാളേക്ക് സുഖം വേണമെന്നുണ്ടെങ്കിൽ ഗംഗയിൽ ഇറങ്ങുകയേ അരുത്. രണ്ടുദിവസംമുമ്പ് മുസൌരിയിൽ ആറിഞ്ച് മഞ്ഞ് വീണിരുന്നെന്ന് അറിയില്ലേ? മഞ്ഞുരുകിയ വെള്ള മാണ് ഗംഗയിലൂടെ ഒഴുകുന്നത്—കലക്കുവെള്ളം, വരുംവഴിതന്നെ കണ്ടിട്ടുണ്ടാവുമല്ലൊ. ഇപ്പോഠം ഗംഗയിലിറങ്ങുകയെന്നുവെച്ചാൽ വയ ററിൽ തണുപ്പു പിടിക്കുകയാണ്. സഞ്ചാരത്തിന്ന്, പുണ്യത്തി ന്നാണ് പോന്നത്—ഇടക്കുവെച്ച് സുഖക്കേട് പിടിപെട്ടിട്ട് എന്ത് ലാഭമാണ്, പറയൂ. കുഴലിൽ വെള്ളമുണ്ട്, വേണമെങ്കിൽ കുറച്ചു ചൂടുവെള്ളം തൊട്ടിയിൽ ഒഴിച്ച് വീട്ടിൽവച്ചുതന്നെ കുളി കഴിക്കുക.'

ഇനിയെന്തു ചെയ്യാനാണ്—വിഷണ്ണമനസ്സോടെ വലിയേച്ചി തിരിച്ചുപോന്നു.

പുതിയ സ്ഥലത്ത് വന്നിട്ട് ഒരിടത്ത് ഒരു താവളത്തിൽ ചട ഞ്ഞുകൂടാൻ മനസ്സുവരുന്നില്ല. കുളി കഴിഞ്ഞ് മുടിയുണക്കാൻ വെയിലിന്നുവേണ്ടി പുറത്ത് പതുക്കെ ചുററിനടപ്പായി. മുന്നിലെ വഴി യിലൂടെ ബാൻറ് മുഴക്കിക്കൊണ്ട് ഏതോ എഴുന്നള്ളത്ത് പോകുന്നു. അവിടുന്നുമിവുടുന്നും സകലരും അത് കാണാൻ അങ്ങോട്ടേയ്ക്ക് ഓടുന്നു. കയ്യിൽ ചീർപ്പുമായി മുടി ചീകിക്കൊണ്ട് ഞാനും ഓടി, വലിയേച്ചിയേയും വലിച്ചുകൊണ്ട്. 'ഞാനെന്തിന് ഒഴിവാകണം' എന്ന് പറഞ്ഞുകൊണ്ട് ഏട്ടനും കിടക്കവിട്ട് പുറത്തുവന്നു—ഇത്തിരി വിശ്രമിക്കുകയായിരുന്നു, വഴിയാത്രയുടെ ക്ഷീണം തീർക്കാൻ.

വമ്പിച്ച ഘോഷയാത്ര വഴിനീളെ. മുമ്പിൽ പളപളമിന്നുന്ന വേഷവിധാനത്തോടെ ബാൻറ്പാർട്ടി കൊട്ടും കുഴലുമായി നീങ്ങുന്നു. പിന്നിൽ, ചെണ്ടുമല്ലികമാല കെട്ടിയ നീണ്ട മുളവടിയിന്മേൽ കാവി നിറത്തിലുള്ള കൊടിയും പറപ്പിച്ചുകൊണ്ട് നൂറോളം സന്ന്യാസിമാർ ഇരുവരിയായി നടക്കുന്നു. നടുക്ക്, അലങ്കരിച്ച ആനപ്പുറത്ത് വെള്ളി സിംഹാസനത്തിന്മേൽ മഠാധിപതി ഇരിക്കുന്നു. രണ്ടു പേർ രണ്ടുവശ ത്തുനിന്ന് ചാമരം വീശുന്നു. ആടിയും ഇളകിയും ആന നടക്കുന്നു— ആ ഇളക്കത്തിൽ സിംഹാസനം ചാഞ്ചാടുന്നു, മഠാധിപതി ചാഞ്ചാ ടുന്നു. അടയാളമാല്യം ചാഞ്ചാടുന്നു. തീർത്ഥസ്നാനത്തിന് മഠാ ധിപതി പുറമേനിന്ന് ഇവിടെ വന്നിരിക്കയാണ്, അതാണ് ഈ കെങ്കേ മമായ സ്വീകരണം. 'ഇനി രാവിലേയും വൈകുന്നേരവും ഇവിടെ ഇതു പോലെ എത്ര കാണാം' എന്ന് അടുത്തുനിന്ന് അന്നാട്ടുകാരൻ ഒരാൾ പറഞ്ഞു.

ഉച്ചയ്ക്ക് ഊണുകഴിച്ചു. സാധാരണപോലെ പരിപ്പ് ചോറ് ചപ്പാത്തി പച്ചക്കറി ചട്ടിണി തയിര്. സസ്യാഹാരം—നല്ല സ്വാദ്. സ്വാമിജിമാർതന്നെ വക്കുന്നു, അവർതന്നെ വിളമ്പുന്നു.

ഇവരുടെ കർത്തവ്യനിഷ്ഠ ഉള്ളിൽത്തട്ടും. അതുകൊണ്ട് എത്ര എളുപ്പമാണ് തൃപ്തിവരുന്നത്. നാലുപാടും നല്ല വെടിപ്പ്. അടു ക്കളയിൽ വെള്ളത്തിൻേറയോ അഴുക്കിൻേറയോ അടയാളം പോലുമില്ല. അടുക്കളയുടെ മുൻവശത്തുതന്നെ പൂന്തോട്ടം. തോട്ടത്തിന്ന് നടുക്ക് രാമകൃഷ്ണദേവൻെറ അമ്പലം. അമ്പലത്തിൽ രാമകൃഷ്ണദേവ ൻേറയും മാതൃദേവിയുടേയും വിവേകാനന്ദസ്വാമികളുടേയും പട

ങ്ങൾ—പൂവും ചന്ദനവും ചാർത്തിക്കൊണ്ട്. മറയിട്ട വാതിൽ—സുന്ദരമായ ചെറിയ ശ്രീകോവിൽ. ശീതളമായ ചുററുപാട്. ഉള്ളിൽ കടന്നാൽ കുറച്ചുനേരം അവിടെത്തന്നെ ഇരിക്കാൻ കൊതി തോന്നും. വാതിലിന്ന് വെളിയിൽ ഒരു മൂലക്ക് ഒരു മരപ്പെട്ടിയിൽ പ്രസാദമായ ചന്ദനവും ചരണാമൃതവും ശ്രദ്ധയോടെ വച്ചിട്ടുണ്ട്. സ്വാമിജിമാർ കുളി കഴിഞ്ഞ് ഓരോരുത്തരായി ചെന്ന് പെട്ടിയുടെ മൂടി തുറന്ന് ചരണാമൃതമെടുത്ത് നെററിയിൽ ചന്ദനം തൊട്ടുകടന്നുവരുന്നു. അതു കണ്ട് വലിയേച്ചിയും ഞാനും അങ്ങോട്ടുചെന്നു.

പൂന്തോട്ടത്തിന്ന് നടുക്ക് പൊക്കമുള്ള ഒരു മാവ്. മാവിൻെറ ഉച്ചിക്കൊമ്പ് മറച്ചുകൊണ്ട് ഒരു പൂവള്ളി പടർന്നുകേറിയിരിക്കുന്നു. പേരറിയില്ല. പരിഷ്കരിച്ച തോട്ടങ്ങളുടെ ഗേററിൻമീതെ പലപ്പോഴും കാണാറുള്ളതാണ്—നീണ്ട മൊട്ടുകളെപ്പോലെ കുലകുലയായിട്ട്. മാവിലയുടെ പച്ചയെ നിറച്ചുകൊണ്ട് കടും കാവിനിറത്തിലുള്ള പൂക്കൾ—സന്യാസിമാരുടെ മേൽമുണ്ട് വിരിച്ചതുപോലെ വളരെയകലെനിന്നുതന്നെ കാണാം അത്. ഇന്ന് പുറത്തുപോയപ്പോൾ ദൂരെ നിന്ന് ഈ കാവിനിറത്തിലുള്ള കൊടിക്കൂറ കണ്ടിട്ടാണ് വീട് തിരിച്ചറിഞ്ഞത്.

സേവാശ്രമം തന്നെ. പാവങ്ങളുടെയും സന്യാസിമാരുടേയും ആസ്പത്രി. വിവേകാനന്ദസ്വാമികളുടെ ഇച്ഛയായിരുന്നു—തപോഭൂമിയാണ് ഹരിദ്വാരം, എത്രയെത്ര സന്യാസിമാരാണ് വരുന്നത്, സന്യാസിമാർക്കും സുഖക്കേട് പിടിക്കാറുണ്ട്; ചികിത്സയില്ലാഞ്ഞ് എത്ര കഷ്ടപ്പെടുന്നു—രോഗത്തിൽ കിടക്കുമ്പോൾ ശുശ്രൂഷ കിട്ടി അവർ സുഖം പ്രാപിക്കാൻ ആശ്വാസം നേടാൻ, അതിനാണ് ഈ ആസ്പത്രി തുടങ്ങിയത്. എത്ര സന്യാസിമാരാണ് ഇവിടെ അന്തിമ ശ്വാസം വലിച്ചത്—അവരുടെ ഒരേയൊരു സ്വത്തായ ആ പൊട്ടിയ ചിരട്ടക്കമണ്ഡലങ്ങൾ ആ കഥ പറയുന്നു. ദരിദ്രരും ആർത്തരുമായവർക്കും ഇവിടെ സ്ഥാനമുണ്ട്. കുതിരവണ്ടിക്കാരൻെറ കയ്യോ കാലോ മുറിഞ്ഞുപോയാൽ, വരും ഇവിടെ. പിച്ചക്കാരന് കോളറപിടിച്ചാൽ, വരും ഇവിടെ. യാത്രക്കാർ പെട്ടെന്ന് രോഗബാധകൊണ്ട് അവശരായിപ്പോയാൽ, വരും ഇവിടെ.

സേവാശ്രമത്തിൻെറ പിൻവശം പച്ചക്കറിക്കൃഷിയാണ്. മുട്ടക്കൂസ്, കാളിഫ്ളവർ, മുള്ളങ്കി, വഴുതിന, തക്കാളി, ഉള്ളി—വയൽനിറയെയുണ്ട്; കണ്ടിട്ട് ആനന്ദം തോന്നി. വലിയ വലിയ മുട്ടക്കൂസുകൾ—വീരഭൂവിലെ ചെമ്മണ്ണിൽ ഇത്ര വലുത് സങ്കൽപിയ്ക്കാൻപോലും വയ്യ. ഇവിടെയോ, എത്ര ചുരുങ്ങിയ പണികൊണ്ടാണ് ഇത്ര നല്ല

പച്ചക്കറികൾ കായ്ക്കുന്നത്. അതിന്നു പുറമെ സേവാശ്രമത്തിന്നുള്ളിൽ അങ്ങുമിങ്ങും നാരകം, വാഴ, കൂവളം, മാവ്, വേപ്പ്, നെല്ലി— എന്തെല്ലാമെന്തെല്ലാം മരങ്ങളാണ്. മരംകൊണ്ട് മൂടിയിരിക്കുന്നു സ്ഥലം മുഴുവൻ. ശാന്തമായ ചുററുപാട്, ബഹളമില്ലാത്ത പാർപ്പിടം. ഇവർ തന്നത്താൻ വിറകുവെട്ടും, മാങ്ങക്കാലത്ത് മാങ്ങയുടെ അച്ചാർ തരും: ഉപ്പു പുരട്ടിയ നെല്ലിക്ക ചിക്കി വെയിലത്തുണക്കിയെടുക്കും—വായ ശുദ്ധി ചെയ്യാൻ നല്ല സ്വാദുള്ള സാധനം. പരിപ്പും മുളകും പാററിപ്പെറുക്കി കലവറയിൽ സൂക്ഷിയ്ക്കും ഇതിൻെറയെല്ലാം കൂടെയുണ്ട് രോഗിശുശ്രൂഷ, അതിഥി പരിചര്യ, എല്ലാം ഘടികാര സൂചിയുടെ താളത്തിന്നൊത്ത് നടക്കുന്നു, നിശ്ശബ്ദമായി. ഞങ്ങൾ പെണ്ണുങ്ങൾ തോൽവി സമ്മതിക്കും സങ്കോചമില്ലാതെ.

വഴിക്കു ചുററിനടന്നുകൊണ്ട് വൈകുന്നേരം പുറത്തിറങ്ങി. വീട്ടിന്നുമുമ്പിൽത്തന്നെ നിർവ്വാണി-മഠത്തിൻെറ 'സൗജന്യവായനശാല'. സന്ന്യാസിമാർക്കും യാത്രക്കാർക്കും ചെലവുകൂടാതെ എല്ലാ പത്രവും പുസ്തകവും വായിക്കാൻ കിട്ടും. ഇവിടെ ഇതുപോലത്തെ വേറെയും താത്കാലികമായ വായനശാലകൾ കുറച്ചെണ്ണം വഴിക്ക് തുറന്നിട്ടുണ്ട്. തുറസ്സായ സ്ഥലം, മറയ്ക്കാൻ മേൽക്കെട്ടി, മേശ കസേല വൈദ്യുതദീപങ്ങൾ, കയറിൽ കെട്ടിത്തൂക്കിയ വർത്തമാനപത്രങ്ങൾ, വർണ്ണചിത്രങ്ങൾ, പുസ്തകങ്ങൾ, ഒന്നിനും കുറവില്ല. രാവും പകലും തുറന്നിരിക്കും, കുംഭമേള കഴിയുംവരെ. വരുംവഴി കണ്ട വായനശാല തുറന്നത് ഉദാസി സമ്പ്രദായത്തിൽപെട്ട ഒരു പഞ്ചാബി സ്വാമിയാണ്. അമ്പതിനായിരം ഉറുപ്പിക ചിലവാക്കീട്ട്.

നിർവ്വാണി മഠത്തിന്നുള്ളിൽ സന്ന്യാസിമാർക്കുവേണ്ടി ഒരുപാട് മൺകൂരകൾ അടുത്തകാലത്തായി കെട്ടിയിരിക്കുന്നു. നാലുവശവും ചുമരാൽ ചുററപ്പെട്ട്, ഒരൊററ വാതിലുമായി, കൊച്ചുകൊച്ചുമുറികൾ. ഒരു നീണ്ട പുരയെ അനേകമായി ഭാഗിച്ചുവെച്ചപോലുണ്ട്. ചിലർ അതിൽ ഒററക്ക് താമസിക്കും. ചിലരാകട്ടെ അതിന്നുള്ളിൽത്തന്നെ വേറെയും നാലഞ്ചുപേരേയും കൂട്ടി താമസിക്കും. ഇതിന്നിടയിൽത്തന്നെ ധാരാളംപേർ വന്നുകഴിഞ്ഞിട്ടുണ്ട്. ഇനിയും വരും അടുത്തുതന്നെ. ഒടുക്കം സ്ഥലം തന്നെ പോരാതാവും. അപ്പോൾ പിന്നെ പിടിയും വലിയും ഉന്തും തള്ളും—ഗതികെട്ടാൽ മരച്ചുവട്. ഓരോ കുടീരത്തിലും കുളിർത്ത മണ്ണിൻ മുകളിൽ ഓരോ നെരിപ്പോട് കത്തുന്നുണ്ടാവും. അതാണ് ഞാനും ആലോചിച്ചത്—അല്ലെങ്കിൽ ഇവരെങ്ങിനെ കഴിഞ്ഞുകൂടും? നെരിപ്പോടിൻെറ ചൂടിൽ അകം ചൂടാവും.

നിർവ്വാണി ആശ്രമത്തിന്ന് എതിരായി വഴിയുടെ ഈ വശത്ത് 'ഹരിഹരമഠം' കല്ലുകൊണ്ടുള്ള ഉയർന്ന ശിവക്ഷേത്രത്തിന്റെ താഴിക മേലെ ത്രിശൂലം ആകാശം തുളച്ചുകൊണ്ട് മേഘഗാത്രത്തിലേക്ക് കട ന്നുകേറിയിരിക്കുന്നു. ഉള്ളിൽ ശിവലിംഗം; നാലുവശത്തുമുള്ള ചുമ രുകളിന്മേൽ ഗണപതിയുടേയും പാർവ്വതിയുടേയും വിഷ്ണുവി ന്റേയും സൂര്യന്റേയും കൽപ്രതിമകൾ—ജയപൂരിലെ ശിൽപികൾ തീർത്തതാണ്. അമ്പലനട അടച്ചുകഴിഞ്ഞിരുന്നു—വാതിലിന്റെ ഇരുമ്പഴിപ്പഴുതിലൂടെ എത്തിനോക്കീട്ടാണ് ദേവന്മാരെ ദർശിച്ചത്. എണ്ണപോലെ മിനുങ്ങുന്ന ചായം പൂശുന്നുണ്ട് പുറത്തും ഉള്ളിലും പുതുതായി, യാത്രക്കാരെ ആകർഷിക്കാൻ—റോസ് നീല പച്ച മഞ്ഞ വഴുതിന നിറങ്ങളാൽ കൽചുമരും വാതിലും പൂശിക്കൊണ്ട്.

വലിയേച്ചി പറഞ്ഞു: 'നടക്കു, അമ്പലം വലത്തുവെച്ച്‌വരാം.'

കുറച്ചു ചെന്നപ്പോഴേക്കും വലിയേച്ചി എന്നെ പിന്നോക്കം വലിച്ചു; 'ഇനി വേണ്ട. ശിവക്ഷേത്രം പകുതിയേ വലത്തുവെക്കാവു എന്നാണ് നിയമം.'

അമ്പലത്തിന്ന് പിന്നിൽ വലിയൊരു ഗോപുരം; മുമ്പിൽ മൈ താനം, ഇടത്ത് മുററം. മുററത്തിന്ന് ഒരു വശത്തായി കെട്ടിയ കിണർ· കിണററിന്റെ വക്കു മുഴുവൻ മറച്ചുകൊണ്ട് പഴക്കംചെന്ന ഒരാൽമരം നിഴൽ പരത്തിയിരിക്കുന്നു. ഗോപുരത്തിന്നു മുമ്പിൽ വീതിയുള്ള വരാന്ത. വൈകുന്നേരത്തെ വെയിൽ അവിടെ വന്നുവീഴുന്നു. കോണോ ടുകോണായി—ആ വെയിലത്ത് കട്ടിലിട്ട് കിടന്നുകൊണ്ട് ഒരു വൃദ്ധ സന്യാസി ഏതോ ഗ്രന്ഥം വായിക്കുന്നു. പടികളുടെ രണ്ടുവശത്തും പൊന്നുമ്മത്തച്ചെടികൾ. കടും വഴുതിന നിറത്തിലുള്ള ഒരുപാട് മൊട്ടു കൾ പിടിച്ചിരിക്കുന്നു. ചെടിയിൽ ഒരു പൂ വിരിഞ്ഞിട്ടുണ്ട്. നാളെ ഇത് പൂജക്കെടുക്കുമായിരിക്കാം. എത്ര അഴകേറിയ പൂക്കൾ, ആരോ പണിപ്പെട്ട് ഒന്നിന്നുള്ളിൽ മറെറാന്ന് കൊണ്ടുവെച്ചതുപോലുണ്ട്.

പടികളിറങ്ങി സന്യാസിയുടെ അടുത്തുചെന്നു. സന്യാസി മുഖത്തുനിന്ന് പുസ്തകമെടുത്ത് ഞങ്ങളെ നോക്കി. 'ഇരിക്കു' എന്ന് പറഞ്ഞ് കൈകൊണ്ട് വരാന്തയുടെ നിലം ചൂണ്ടിക്കാട്ടി. ഓരോരുത്ത രായി എല്ലാരും ഇരുന്നു. ആത്യന്തം മൃദുവാണ് വൃദ്ധന്റെ വാക്കു കൾ. വേദാന്തസമ്പ്രദായത്തിൽപെട്ട അമ്പലമാണ് ഇത്. അദ്ദേഹം പറഞ്ഞു: 'നാളെ പതിനൊന്നിനുള്ള വണ്ടിക്ക് മഠാധിപൻ വരും. അപ്പോൾ വന്നാൽ അദ്ദേഹത്തെ കാണാം. കുംഭമേളവരെ ഇവിടെത്തന്നെ പാർക്കും. അടുത്തുതന്നെയാണല്ലൊ സേവാശ്രമം—എപ്പോഴാണ് വേണ്ടതെന്നു വെച്ചാൽ അദ്ദേഹത്തിന്നടുത്തു ചെന്ന് സംസാരിക്കാം.'

ഹരിഹരമഠത്തിൽനിന്ന് പുറത്തിറങ്ങിയപ്പോഴ് കണ്ടു, വഴിക്ക് മറെറാരു എഴുന്നള്ളത്ത്. വീണ്ടും അതേ ബാൻറ്പാർട്ടി, ആന, കുതിര, ഒട്ടകം, പശു, ആട്, സന്യാസിമാർ, മഠാധിപൻ, നാഗസന്യാസിമാർ, ചാമരം വീശൽ, ധ്വജദണ്ഡം, 'ആസാസോട്ട'—അതായത് വെള്ളിദണ്ഡ്. ഇവരുടെ രക്ഷാപുരുഷന്മാരുടെ കയ്യിൽ വെള്ളിദണ്ഡുണ്ടാവും. ഇവരും സന്യാസിമാർതന്നെ, പടിപടിയായി മേൽപോട്ട് കയറുന്നു കഴിവനുസരിച്ച്. മുഴുവൻ സംഘവുംകൂടി വഴി നിറച്ചുകൊണ്ടാണ് നീങ്ങുന്നത്.

നാഗസന്യാസിമാരുടെ സ്കെച്ച് വരച്ചുകൊണ്ട് ഞാനും അവരുടെ കൂടെത്തന്നെ നീങ്ങി—പുസ്തകവും പെൻസിലും കയ്യിലെടുത്ത്. നടന്നുകൊണ്ടിരിക്കെ അവരിലൊരാളിൽനിന്നുതന്നെ അറിയാൻ കഴിഞ്ഞു—കാശിയിൽ നിന്നാണ് ഈ സംഘം വരുന്നത്; മൂന്നുകൊല്ലമായി ഇങ്ങിനെത്തന്നെ നടന്നുംകൊണ്ട്. തിടുക്കവും ബഹളവുമില്ല, പകൽ മൂന്നു നാല് മണിക്കൂർ നടക്കും, വഴിവക്കത്തുതന്നെ തങ്ങി വിശ്രമിക്കും, വെപ്പും തീനും കഴിച്ച് ഉറങ്ങും—പിറേറന്ന് വീണ്ടും പുറപ്പെടും. അടുത്തെങ്ങാനും വല്ല ഗ്രാമവുമുണ്ടെങ്കിൽ അവിടുത്തുകാർതന്നെ വേണ്ട ഒത്താശകഠം ചെയ്തുകൊടുക്കും. ഇങ്ങിനെയാണ് സംഘം ഇന്ന് ഹരിദ്വാരത്ത് എത്തിയിരിക്കുന്നത്. കുറച്ചുമാസം താമസിക്കും, വീണ്ടും ഇങ്ങിനെത്തന്നെ യാത്രയാവും—അടുത്ത കുംഭമേളവരെ, നാഗസന്യാസിമാർ നഗ്നരാണ്—എല്ല് തുളച്ചു കേറുന്ന ഈ തണുപ്പ് കാററത്ത് കൈയിലേയും നെഞ്ചത്തേയും അടക്കമെററ മാംസപേശികഠം കിടുകിടെ വിറക്കുകയാണ്. കഴുത്തിൽചെണ്ടു മല്ലികമാല—കൈ രണ്ടും ഇരുവശത്തേക്ക് ആട്ടിക്കൊണ്ട് നടക്കുകയാണ്, കൊച്ചുപൈതങ്ങഠം പിച്ചവെച്ചുപോകുംപോലെ. ഹരിദ്വാരത്തിൻെറ പ്രവേശനദ്വാരംവരെ ഇവരെ അനുഗമിച്ച് ഞങ്ങഠം മടങ്ങി.

ഹരിദ്വാരം കണ്ടില്ല ഇതുവരെ. ഇരിക്കട്ടെ, പിന്നെ കാണാം. കൻഖലത്താണ് ഇപ്പോഠം, ഇവിടംതന്നെ ആദ്യം മുഴുമിക്കട്ടെ. ആരോ ഒരാഠം എപ്പൊഴോ എവിടെവെച്ചോ പറയുകയുണ്ടായിട്ടുണ്ട്, കൻഖലം എന്ന പേര് വന്നത് എങ്ങിനെയാണെന്ന് അറിയാമോ? അത്രയ്ക്ക് പവിത്രമാണ് ഈ സ്ഥലം, ഇവിടെ വന്ന് വിളിച്ചിട്ട് ഭഗവാനെ നേടാത്തവനായി 'കോൻ' (ഏത്) ഖലനുണ്ട്! അതാണ് 'കൻഖലം' എന്ന് പേര്!

ദക്ഷരാജൻെറ രാജ്യമെന്ന പേരിലാണ് ഈ സ്ഥലം പ്രസിദ്ധം. ഇവിടെയാണ് ദക്ഷരാജപുത്രിയായ സതിയുടെ ജന്മം, വിവാഹം,

ദേഹത്യാഗം എല്ലാം. സേവാശ്രമത്തിൽനിന്ന് പുറത്തിറങ്ങി, അങ്ങാടി വഴി, നഗരം പിന്നിട്ട് ഞങ്ങൾ ദക്ഷഘട്ടത്തിൽ ചെന്നുനിന്നു. അരമ നയായിരുന്നു അക്കാലം—ഇന്നുവരെ അതിൻെറ അടയാളം ആർ നില നിർത്താനാണ്? എന്നാലും വിശാലമായ മതിലിൻെറ പൊട്ടിപ്പൊളിഞ്ഞ കൂററൻ പടിവാതിൽ മനസ്സിൽ സ്വാഭാവികമായിത്തന്നെ ഭാവനയു ണർത്തും. മേൽപോട്ട് നോക്കിക്കൊണ്ട് മതിമറന്ന് മുന്നോട്ട് നീങ്ങു കയാണ്—കറുത്ത് പ്രൌഢയും സുന്ദരിയുമായ ഒരു സന്യാസിനി എവിടെനിന്നോ പെട്ടെന്ന് വെളിപ്പെട്ട് നേരെ മുമ്പിൽ വന്നുനിന്നു; മുഖം നിറയെ ചിരി, വളരെക്കാലത്തെ പരിചയമുള്ളതുപോലെ. അവൾ ചോദിച്ചു: 'എപ്പഴാ വന്നത് നിങ്ങൾ?'

അമ്പരന്നുപോയി. ഞാൻ പറഞ്ഞു, 'ഇന്ന്'.

'നന്നായി, നന്നായി.'

വലിയേച്ചി പറഞ്ഞു, 'നിങ്ങൾ ബംഗാളിയാണ്, അല്ലേ?

'അതേടോ, അതെ. ഞാൻ ബംഗാളിതന്നെ. മുപ്പതു കൊല്ലമായി ഞാനീ സതീഘട്ടത്തിൽ. വരുന്നോ? വരൂന്നേ, എൻെറ കൂടെ, കൂട്ടി ക്കൊണ്ടുപോകാം!' പറയുന്നതിന്നിടക്ക് കണ്ണും മുഖവും ചുകപ്പിച്ച്, മുഖം വികൃതമാക്കി, 'ഞാനേയ്–ഹ:–അ:–അ:–' എന്ന് ശബ്ദം മുഴക്കി കൂറേക്കൂടി അടുത്തേക്ക് നീങ്ങി.

പെട്ടെന്ന് പേടിച്ചരണ്ട ഞാൻ വലിയേച്ചിയുടെ ചേലത്തുമ്പ് മുറുകെപ്പിടിച്ചു.

തീർത്ഥസ്നാനത്തിന്ന് വന്നതാണ്; പുതിയ സ്ഥലം, പുതിയ ചുററുപാട്, കാണുന്നതു മുഴുവൻ കണ്ണിന്ന് അപൂർവ്വമായിത്തോ ന്നുന്നു. എണ്ണമററ മഹാത്മാക്കളുടെ അനേകം അദ്ഭുതാചാരങ്ങൾ കാണാനും കേൾക്കാനുമാണ് കൊതിച്ചത്—എന്നിട്ട് ആദ്യദിവസം തന്നെ എന്താണിത്? ഏട്ടനും മററും കുറേ മുന്നോട്ട് എത്തിക്കഴിഞ്ഞി രുന്നു, സന്യാസിനിയെ ഒഴിഞ്ഞുമാറി വേഗം വേഗം നടന്ന് അവർ ക്കൊപ്പമെത്തി. ശശി മഹാരാജ് താമസം കണ്ട് മടങ്ങിവരികയായി രുന്നു; അദ്ദേഹം അൽപം ശാസനാസ്വരത്തിൽത്തന്നെ പറഞ്ഞു: 'തീർത്ഥ യാത്രക്കാണ് പോന്നത്, വഴിക്കും കടവുകളിലും ഇതുപോലെ പലതും കാണും; നോക്കി കടന്നുപോകണം, ഒരിക്കലും നിൽക്കരുത്.'

മനസ്സിലാകെ ഇരുട്ടു മൂടിപ്പോയി. എല്ലാവരും ഇതുപോലെ ഭ്രാന്തന്മാരാണെങ്കിൽ, ശരിയായ ആളുകളെ തിരഞ്ഞുപിടിക്കുന്നതെ

ങ്ങിനെ? ഇതാ ഒരു സ്ത്രീ—ചിരിച്ചുകൊണ്ട് മുന്നോട്ടുവന്നപ്പോഠം, എത്ര നന്നായിത്തോന്നി; നിമിഷത്തിന്നുള്ളിൽ എന്തൊരു പേടിയാണ് പേടിപ്പിച്ചു കളഞ്ഞത്.

ദക്ഷഘട്ടത്തിലെ തണുത്ത വെള്ളം ഒരു കുമ്പിഠം കോരി കണ്ണിലും തലയിലും തൊട്ടു. കല്ല് കെട്ടിയ വീതിയുള്ള കടവ്. പഴക്കംചെന്ന ആൽമരം വക്കുംകടന്ന് ഗംഗയിലേക്ക് ചാഞ്ഞുവീണിരിക്കുന്നു. വററിയ ഗംഗ, നിറയെ ചരൽ. കൽപ്പടവിന്നടുത്ത്, പുഷ്പവും വില്വപത്രവും കൊണ്ടുള്ള ആവരണത്തിന്നടിയിൽ, അൽപം ജലംമാത്രം തങ്ങിനിൽപുണ്ട്. ക്യനാൽ ഡിപ്പാർട്ടുമെൻറ് ആവശ്യം നോക്കി വെള്ളം വിടും ഇത് കണ്ടിട്ട് ആരു പറയും, ഈ വററിയ ഗംഗതന്നെ രണ്ടുനാഠംക്കപ്പുറം കളകളരവം മുഴക്കിക്കൊണ്ട് കരകവിഞ്ഞൊഴുകു മെന്ന്. ശിവരാത്രിയ്ക്ക് ഈ കടവിൽ തീർത്ഥസ്നാനം ചെയ്യാൻ ആളുകഠം കൂടും. ഒററ രാത്രികൊണ്ട് വാതിൽ തുറന്നുകിട്ടിയ ഗംഗ ഈ വഴിയ്ക്ക് കുതിച്ചോടും.

കടവിൻ കരയിൽ ശിവസതിമാരുടെ വെവ്വേറെ അമ്പലം. ഇവിടെ ത്തന്നെയായിരുന്നോ ആ രാജകൊട്ടാരം? ആയിരിക്കാം. കൊട്ടാരത്തിന്നു തൊട്ടുകൊണ്ടായിരിക്കുമല്ലൊ രാജഘട്ടം. ഈ കടവിലായിരിക്കാം രാജ്ഞിമാരും രാജകുമാരിമാരും അന്തഃപുരമാർഗ്ഗത്തിലുടെ വന്ന് സ്നാനം ചെയ്യുപോന്നത്; സതികുമാരി തോഴിമാരൊത്ത് നിത്യവും രാവിലെ പൂജയ്ക്കുമുമ്പായി സ്നാനം ചെയ്യുപോന്നിരിക്കും. പഴയ ഇഷ്ടികകൊണ്ടുള്ള പടവുകഠം, പൊട്ടിപ്പൊളിഞ്ഞ വീതിപൂണ്ട മേൽ പുര—അവ എന്തെല്ലാം കഥകളാണ് മനസ്സിൽ കൊണ്ടുവരുന്നത്. കൂററൻ മരങ്ങഠം നിഴൽ വിരിച്ചിരിക്കുന്ന ഈ സ്ഥലം—അൽപം ഇരുന്ന് വിശ്രമിക്കാൻ കൊതി തോന്നും.

ദക്ഷഘട്ടത്തിന്നപ്പുറം സതീഘട്ടം. ഈ സതി ആ സതിയല്ല, മാന വസതിയാണ്. ഈ കടവിൽ ഇച്ഛാപൂർവ്വമോ അല്ലാതെയോ ഭർ ത്താവിൻെറ കൂടെ ഒരേ ചിതയിൽ വെന്ത് സതിയായവരുടെ കടവാണ് ഇത്. ഓരോ സതിയ്ക്കുവേണ്ടിയും ഒരു മുഴം, രണ്ടു മുഴം, മൂന്നു മുഴം ഉയരത്തിൽ കൊച്ചു കൊച്ചു സ്മാരക മന്ദിരങ്ങഠം പണിതുവെച്ചി ട്ടുണ്ട്. ചിലരുടെ പേരും തീയതിയും ഇന്നും സ്പഷ്ടമായി എഴു തിക്കാണാം. ഉയർന്നതും കുറിയതും, വലുതും, ചെറുതും, പൊളി ഞ്ഞതും പൊളിയാത്തതുമായി എത്ര ഇഷ്ടികത്തറകളാണ് ഇന്നും ഇവിടെ എണ്ണമററ സതികഠംക്ക് സാക്ഷ്യം വഹിക്കുന്നത്.

'ഒന്നാലോചിച്ചുനോക്കു, എത്ര വലിയ നിഷ്ഠാവതികളായിരുന്നു അവരോരോരുത്തരും.' എന്നും പറഞ്ഞ് വലിയേച്ചി ചെന്ന് കഴുത്തിൽ ചേലത്തുമ്പ് ചുററി ആവുന്നേടം മുഴുവൻ തല മുട്ടിച്ചു.

ദക്ഷഘട്ടവും സതീഘട്ടവും കടന്ന് ഗംഗയുടെ തീരം പിടിച്ച് കൻഖലം പിന്നിട്ട് ഞങ്ങൾ മുന്നോട്ടുപോവുകയാണ്. ശശി മഹാരാജിന്ന് നടക്കാൻ ഇഷ്ടമാണെന്നു തോന്നുന്നു, ഞങ്ങൾക്കുമതെ, പക്ഷെ അദ്ദേഹം നീണ്ട കാൽ നീട്ടിവെച്ച് വേഗം നടക്കുന്നതിനൊപ്പമെത്താൻ കിതക്കേണ്ടിവന്നു. നാണംകൊണ്ട് ഒന്നും പറയാനും കഴിയുന്നില്ല; 'വിഷമം തോന്നുന്നില്ലല്ലൊ?' എന്ന് അദ്ദേഹം തിരിഞ്ഞ് ചോദിക്കുമ്പോഴാകട്ടെ· ഉച്ചത്തിൽ വിളിച്ചുപറയും, 'തീരെയില്ല, തീരെയില്ല.' ഒച്ചതാഴ്ത്തി വലിയേച്ചിയേയും എന്നെയും കുററപ്പെടുത്തും.

ശശിമഹാരാജ് പറഞ്ഞു: 'ഇവിടുന്ന് അൽപം അകലെയാണ് സതീകുണ്ഡം. മററൊരു ദിവസം കൂട്ടിക്കൊണ്ടുപോകാം അവിടെ. കാട്ടിൻ നടുവിൽ ഒരിടത്ത് ഒരു കുഴി—ഇപ്പോൾ അവിടെ വെള്ളം കെട്ടിനിൽക്കുന്നുണ്ടാവും; ആളുകൾ അനുമാനിക്കുന്നത്, ഇവിടെയാണ് ദക്ഷൻ യജ്ഞം ചെയ്തിരുന്നതെന്നാണ്—യജ്ഞകുണ്ഡമാണ് അത്. ഒരിടത്ത് പഴക്കംചെന്ന ഇഷ്ടികത്തറപോലൊന്ന് കാണാനുണ്ട്, കാടും പടലവുംകൊണ്ട് മൂടിയിരിക്കയാണ് സ്ഥലം. ചരിത്രപരമായ തെളിവുകൾക്കുവേണ്ടി ആരാണ് അത്രയൊക്കെ തലപുണ്ണാക്കുക—സരളമനസ്സോടെ വിശ്വസിച്ചാൽ മതിയല്ലൊ.'

നടന്ന് നടന്ന് 'പാൻചക്കി'യിലെത്തി. അണകെട്ടി പട്ടണത്തിന്നുള്ളിലേക്ക് തിരിയ്ക്കപ്പെട്ട ഗംഗയുടെ ഒഴുക്കുകൊണ്ട് ചക്രം ചുററിച്ച് ഇവിടെനിന്ന് നിത്യവും ഗോതമ്പിൽനിന്ന് ചാക്കുചാക്കായി ഗോതമ്പു പൊടിച്ചെടുക്കുന്നു. പണിയില്ലാതെ പാടിയാടിക്കൊണ്ട് ഛലഛല കലകലയെന്ന് പോകാൻ പററില്ല ഗംഗയ്ക്ക്.

മടക്കവഴി പട്ടണത്തിന്നുള്ളിലൂടെ കനാലിൻെറ വക്കത്തൂടെയാണ് പോന്നത്. ഇരുവശവും തിങ്ങിവിങ്ങിക്കൊണ്ട് പച്ചക്കറി വയലും പഴത്തോട്ടവും, കൂട്ടംകൂട്ടമായി പച്ചക്കറികളും പഴങ്ങളും. ചെമ്മണ്ണിൻെറ നാട്ടിലാണ് വാസം—പച്ചക്കായകളുടെ ഈ സമൃദ്ധി കണ്ടിട്ട് മനസ്സ് വല്ലാതായിപ്പോയി. വഴിയുടെ തിരിവിലും വളവിലുമാകട്ടെ, പലഹാരക്കടകളിൽ വലിയ വലിയ ഇരുമ്പുചട്ടി നിറച്ച് പതപൊന്തി ആവി പറക്കുന്ന എരുമപ്പാല്. എത്ര കാലമായി ഇതുപോലത്തെ പാല് കണ്ടിട്ട്! യുദ്ധവും ക്ഷാമവും വിളനാശവും ദാരിദ്ര്യവും ലഹളയും കലാപവും പിറകെപ്പിറകെ ഒഴുകിപ്പോയിരിക്കുന്നു. ബംഗാൾ

നാട്ടിന്റെ മാറിലൂടെ—വിഴുങ്ങിയിരിക്കുന്നു അന്നാട്ടിന്റെ ഐശ്വര്യം മുഴുവൻ. ഇവിടെ വഴിക്ക് കൊച്ചുകൊച്ചുകിടാങ്ങളെ കാണാം, പുസ്തകവും നോട്ടും കക്ഷത്തിലിറുക്കി പാഠശാലയിലേക്ക് പോവുകയാണ്; പിച്ചക്കാരൻ ചെറുക്കൻ കാശ് ചോദിച്ച് അലയുന്നു—ചുകന്ന് മിനുത്ത കവിൾത്തടം, പുതുചോരയുടെ തുടുതുടുപ്പോടെ. എന്തൊരാരോഗ്യം! പാല് ഗോതമ്പ്മാവ് പച്ചക്കറി നെയ്യ്—കഴിക്കുന്നതെന്തും പുതിയത്, ശുദ്ധമായത്. ബംഗാളിലെ കൊച്ചുകൊച്ചു കിടാങ്ങളെ ഇവിടെ കൊണ്ടുവന്നുവിടാൻ തോന്നും. കുറച്ചുനാൾ നല്ല പച്ചക്കറി തിന്ന് പ്രാണൻ പുലർത്തട്ടെ അവർ. നടുക്കം തോന്നുകയാണ്—എത്ര ക്ഷീണിച്ച ഇത്തിരി പ്രാണനാണ് അവരുടെ നെഞ്ഞത്തെ എല്ലുകളെ ഉന്തിക്കൊണ്ട് പിടക്കുന്നത്. എത്രനാൾ ശേഷിക്കും അവർ ഈ ലോകത്ത്!

വലിയേച്ചി വാശിപിടിച്ചിരിക്കയാണ്, എങ്ങിനെയെങ്കിലും ഇന്ന് ഗംഗാസ്നാനം ചെയ്യും. 'ഈ ഗംഗ ഗംഗ എന്ന് പറഞ്ഞുംകൊണ്ടാണ് ഇത്രയും ദൂരം വന്നതുതന്നെ, ആ ഗംഗയിൽ ചെല്ലാനാണ് തടസ്സം മുഴുവൻ! നടക്കു, പുറത്തിറങ്ങാം, ഒന്നുംമിണ്ടാതെ. ''മഞ്ഞുരുകിയ വെള്ളം, ''മഞ്ഞുരുകിയ വെള്ളം'' എന്ന് കേൾക്കുന്നേയുള്ളു—ചെന്നു നോക്കുകതന്നെ സാധനമെന്താണെന്ന്!'

ഞാൻ ചോദിച്ചു. 'ഏട്ടനെന്തു പറയുന്നു?'

ഏട്ടൻ എന്തു പറയാനാണ്! അറിയില്ലേ മൂപ്പരേ. ആദ്യം ഇത്തിരി തടസ്സം പറയും: 'പോകണോ? ഈ തണുപ്പത്ത് അത് നന്നോ? നിങ്ങൾ തന്നെ ആലോചിച്ച് നോക്കു. എനിക്കെന്ത് വിരോധം?'

എന്നിട്ട്, 'പററില്ല, പോയേ തീരൂ, എന്ത് പററാനാണ്? ഇനി വല്ലതും പററിയാൽത്തന്നെ പററട്ടല്ലേ, പിന്നെക്കാണാം? എന്ന് ഉറപ്പിച്ചു പറയുകയാണെങ്കിൽ ഏട്ടൻ പറയും: ശരിയാണ്, എന്തു പററും പററില്ല എന്നെല്ലാം വിചാരിച്ച് കുത്തിയിരുന്നിട്ട് എന്ത് ലാഭം? ഗംഗാസ്നാനമല്ലേ തീർത്ഥയാത്രയിലെ മുഖ്യകാര്യംതന്നെ?'

ഏട്ടന്റെ വല്ല 'അടുത്ത ബന്ധു'വുമുണ്ടായിരുന്നെങ്കിൽ പക്ഷേ പറഞ്ഞേനെ. 'ഇനി കുളിച്ചിട്ട് വല്ല സുഖക്കേടും പിടിച്ചുപോയാൽ ഹേമബാബു പറയും, എന്താ, ഞാനന്നേ പറഞ്ഞില്ലേ, ഈ തണുപ്പത്ത് കുളിക്കുന്നത് നല്ലതിനല്ലെന്ന്. പറഞ്ഞാൽ കേൾക്കില്ല നിങ്ങൾ തീരെ. ആർക്കും സുഖക്കേടൊന്നും പിടിപെട്ടില്ലെങ്കിലോ, അപ്പോൾ അങ്ങോർ

പറയും 'ഞാനും അതുതന്നെയാണ് പറഞ്ഞത്—എന്ത് പററാനാണ്? ഗംഗാസ്നാനത്തിൻെറ മാഹാത്മ്യംതന്നെ ഒന്നു വേറെയല്ലേ.'

ഏട്ടൻ പക്ഷെ സ്വയം സമ്മതിച്ചു: 'എന്തു പറഞ്ഞാലും, അനിയത്തി, ഞാൻ എൻെറ ഇഷ്ടപ്രകാരം ഒന്നും പറയുന്നില്ല. ജന്മം മുഴുവൻ മററുള്ളവരുടെ വാക്ക് കേട്ട് നടക്കുകയാണ് എൻെറ അഭ്യാസം തന്നെ, കച്ചേരിമുറിയിൽ നടക്കുന്നത് കക്ഷികളുടെ വാക്കുകേട്ട്; കോടതിയിൽ നടക്കുന്നത് ജഡ്ജിയുടെ വാക്ക് കേട്ട്; വീട്ടിൽ നടക്കുന്നത് നിൻെറ ചേച്ചിയുടെ വാക്ക് കേട്ടും.'

അതിനാൽ, കുപ്പായവും തുണിയും സഞ്ചിയിലാക്കി പുറപ്പെട്ടു, ഹരിദ്വാരത്തേയ്ക്ക്, ബ്രഹ്മകുണ്ഡത്തിൽ സ്നാനം ചെയ്യാൻ.

ഇത്രയും നാഠ കഴിഞ്ഞപ്പോഴാണ് ഓർമ്മ വന്നത്—ഓ ശരി, നടക്കുന്നതിന്നിടയിൽ വലിയേച്ചിയോട് ചോദിച്ചു: 'പിന്നെ, ദാ കുംഭമേളയ്ക്ക് വന്നു, ബ്രഹ്മകുണ്ഡത്തിൽ കുളിക്കാൻ പോകുന്നു—കുംഭമെന്നുവെച്ചാലെന്താണ്, ബ്രഹ്മകുണ്ഡമെന്നുവെച്ചാലോ? എന്താണ് ഇവയുടെ മാഹാത്മ്യം?'

ഏട്ടൻ പറഞ്ഞു: 'അതറിയില്ലേ? പറയാം, കേട്ടോളു. പാലാഴി മഥനം അറിയാമല്ലൊ, അങ്ങിനെ ദേവാസുരന്മാരുടെ ആ സമുദ്രമഥനത്തിൽ എത്രയോ ധനരത്നങ്ങളും ലക്ഷ്മിയും—ആരെച്ചൊല്ലിയോ ഏത് ഭാഗക്കാർക്ക് കിട്ടണമെന്നതിനെപ്പററി ശൺഠമൂത്തത്—അതെല്ലാമങ്ങിനെ പൊന്തിവന്നപ്പോഠ ഒരുകുടം അമൃതും പൊങ്ങി. അസുരന്മാരുണ്ടോ അമൃത് കണ്ടറിയുന്നു, അവർ അപ്പോഴും ലക്ഷ്മിയുടെ മോഹത്തിൽ മത്തന്മാർതന്നെ. ഇന്ദ്രൻ ഉടൻതന്നെ അമൃതകുംഭം തൻെറ മകൻ ജയന്തൻെറ കൈയിൽ കൊടുത്ത് ആംഗ്യം കാട്ടി—'എടുത്തുകൊണ്ട് ഓടിക്കോ.' പറഞ്ഞപോലെതന്നെ പണിയും പററിച്ചു. ജയന്തൻ കുടവും കൈയിലെടുത്ത് ഓടി. അസുരന്മാരുടെ ഗുരുവായ ശുക്രാചാര്യൻ അതുകണ്ട് വിളിച്ചുകൂവി—'പിടിച്ചോ, പിടിച്ചോ എടാ വങ്കന്മാരേ, ശരിയായ സാധനവുമെടുത്ത് അവൻ പായുന്നു' അതു കേട്ട് അസുരന്മാർ മുഴുവൻ ആഴികടയലും വിട്ട് പിന്നാലെ പാഞ്ഞു. പ്രാണൻ പണയംവെച്ച് ജയന്തനുമോടി മുമ്പേ മുമ്പേ. നമ്മുടെ ഒരു കൊല്ലം ദേവന്മാർക്ക് ഒരു ദിവസമാണ്. ജയന്തൻ ഓടിയോടി തളർന്നു—മൂന്നു ദിവസം മുഴുവൻ ഓടി ഒരിടത്ത് കുടംവെച്ച് ഒന്ന് ക്ഷീണം തീർക്കുമ്പോഴേക്കും അസുരന്മാർ എത്തി പിടിച്ചുപിടിച്ചില്ലെന്നായി. പിന്നേയും കുടവുമെടുത്ത് ഓട്ടം തുടങ്ങി, പിന്നേയും മൂന്നു നാഠ കഴിഞ്ഞപ്പോഠ ഒന്ന് കയ്യിൽനിന്ന് ഇറക്കി, പിന്നേയും അസുരന്മാ

രെത്തി. ഇങ്ങനെ മുമ്മൂന്ന് നാരം വിട്ട് നാലിടത്ത് ജയന്തൻ കുടം ഇറക്കിവെച്ചു. ആ നാല് സ്ഥലങ്ങളാണ്—ഹരിദ്വാരം, നാസിക, പ്രയാഗ, ഉജ്ജയിനി. മുമ്മൂന്ന് കൊല്ലം വിട്ട് ഈ സ്ഥലങ്ങളി ലെല്ലാം ''കുംഭ''മുണ്ടാകും, പന്ത്രണ്ടുകൊല്ലം കൂടുമ്പോരം ''പൂർണ്ണ കുംഭ''വുമുണ്ടാകും—എന്നുവെച്ചാൽ ഒരുതവണ എല്ലാ സ്ഥലവും ചുററിക്കഴിഞ്ഞാൽ. ബ്രഹ്മകുണ്ഡത്തിന്റെ വിശേഷമാണെങ്കിൽ, അമൃതകുംഭം വെച്ചപ്പോരം ഇവിടെ ഏതാനും തുള്ളി അമൃതം തുളുമ്പി വീണിരുന്നുവെന്നതാണ്. അതാണ് ഇവിടെ കുളിക്കാൻ ദൂരദേശത്തു നിന്നുപോലും ആളുകരം ഓടിയെത്തുന്നത്——നാളും പക്കവും നോക്കാ റില്ല, കൊല്ലം മുഴുവൻ തിരക്കുതന്നെ.'

വലിയേച്ചി പറഞ്ഞു; ബ്രഹ്മകുണ്ഡത്തിന്ന് മററൊരു വിശേഷ വുമുണ്ട്—പുരാണത്തിൽ വായിച്ചത് പറകയാണ്. ഭഗീരഥസ്തുതി കേട്ട് ഭൂമിയിലേക്ക് ഇറങ്ങിവന്ന ഗംഗ, ഇറങ്ങുന്നതിന്റെ വേഗം കൊണ്ട്, സ്വർഗ്ഗത്തിലെ ഐരാവതത്തേയും വഴിക്കും വഴിയല്ലാത്തേ ടത്തും കിട്ടിയ സകലതും ഒഴുക്കിയുംകൊണ്ടാണ് കുതിച്ചത്. ദേവ ന്മാർക്ക് വെപ്രാളമായി—'നിർത്തു, നിർത്തു, ഗംഗയുടെ പോക്ക് നിർത്തു.' ഐരാവതം നിലവിളിച്ചു—'രക്ഷിക്കണേ, രക്ഷിക്കണേ.' പക്ഷെ ആര് നിർത്താനാണ് ആ ഒഴുക്ക്? എല്ലാവരും ശങ്കിച്ചുനിന്ന തേയുള്ളു. അപ്പോരം ബ്രഹ്മാവ് വേഗം തന്നെ ഗംഗയെ തന്റെ കമണ്ഡലുവിൽ ഒതുക്കിശാന്തമാക്കി. എന്നിട്ട് പറഞ്ഞു, നീ ക്ഷീണിച്ചി രിക്കുന്നു, ഇത്തിരി വിശ്രമിച്ചിട്ട് പോയ്ക്കൊള്ളു. ഒരു പാട്ടില്ലേ—

നാരദ കീർത്തന പുളകിത മാധവ
വിഗളിത കരുണാക്ഷരിയാ
ബ്രഹ്മാ-കമണ്ഡലു ഉച്ഛല ധൂർജ്ജടി
ജടില ജടാപര ഝരിയാ.

സൂക്ഷിച്ചുനോക്കു—ആളുകരം ആ തളർന്ന ഗംഗയ്ക്ക് പാല് കൊടു ക്കുന്നു ബ്രഹ്മകുണ്ഡത്തിൽവെച്ച്.'

വ്രജരമണൻ മിണ്ടാതെ കൂടെത്തന്നെ നടക്കുന്നു. ചോദിച്ചില്ലെ ങ്കിൽ വർത്തമാനം പറയില്ല അധികം. അയാരം തന്റെ ഭാഷയെപ്പററി വളരെ ബോധവാനാണ്. ഞങ്ങളോട് സംസാരിക്കുമ്പോരംപോലും ആപാദചൂഡം ഗ്രന്ഥഭാഷയാണ് ഉപയോഗിക്കുക. 'താദൃശനായ മഹാനുഭാവൻ മാദൃശനായ ക്ഷുദ്രപ്രാണിയെ'—എന്നും മററും ഉരു വിടും. സിലേററ് ഭാഷയുടെ വക്കത്തുപോലും പോവില്ല ഇനി.

ബ്രജരമണൻ പറഞ്ഞു: എനിയ്ക്ക് ഈ വിഷയത്തിൽ അൽപം അന്യരൂപത്തിലാണ് അഭിജ്ഞാനം. ഭാഗവതത്തിലും, കൃത്തിവാസ രാമായണത്തിലും, വിശിഷ്യ മഹാഭാരതത്തിലും, കഥിതമായിട്ടുള്ളതെന്തെന്നാൽ, നാരദൻെറ സ്തുതിയാൽ നാരായണൻ ദ്രാവിതനായി ഭവിച്ചപ്പോൾ ബ്രഹ്മാവ് ആ ദ്രാവിതഗംഗയെ കമണ്ഡലുവിങ്കൽ സംഭരിച്ച് വയ്ക്കുകയുണ്ടായി. പിൽക്കാലത്ത് ഭഗീരഥൻ പൂർവ്വപുരുഷഗണത്തെ ഉദ്ധാരണംചെയ്വാനായിക്കൊണ്ട് ഗംഗയെ ആഹ്വാനംചെയ്ത സമയത്ത് ഗംഗ പറഞ്ഞു: ''ഏതാനും ചില പ്രശ്നങ്ങളുണ്ട്. പ്രഥമമായി, എൻെറ വേഗം ആര് ധാരണം ചെയ്യും? ഞാൻ പൃഥിവിയിങ്കൽ അവതരിക്കുന്ന മാത്രയിൽ ഗതിവേഗംകൊണ്ട് പാതാളത്തിങ്കലേയ്ക്ക് പ്രവേശം ചെയ്യും. ദ്വിതീയമായി, ഞാൻ പൃഥിവിയിങ്കൽ പ്രവാഹിതയായിരിക്കും സമയത്താകട്ടെ, സർവ്വപാപികളും വന്ന് എങ്കൽ സ്നാനാദികൾ നിർവ്വഹിച്ച് സ്വന്തം പാപങ്ങളെ ക്ഷയിപ്പിച്ചുകളയും; അവരുടെ പാപം ഹേതുവായിട്ട് ഞാനാകട്ടെ ഭാരാക്രാന്തയുമായി ഭവിക്കും.''

'ഗംഗയെ കൊണ്ടുപോരാനായിക്കൊണ്ട് ഭഗീരഥന്ന് അനേകം പ്രയത്നം ചെയ്യേണ്ടതായി ഭവിച്ചിരുന്നു. ഭഗീരഥൻ ഗംഗയുടെ ഈ വാക്കുകൾ ശ്രവിച്ചതിൻശേഷം പിന്നേയും വിഷ്ണുവിനെ ആരാധനം ചെയ്യാൻ ആരംഭിച്ചു. വിഷ്ണു സന്തുഷ്ടനായി ഭവിച്ച് അരുളിച്ചെയ്തു: ''ശരി, വിഷാദിയ്ക്കേണ്ടതില്ല. ഗംഗയുടെ വേഗം ധാരണം ചെയ്വാനായിക്കൊണ്ട് നീ ശിവനെ ആരാധിക്കുക. അവിടുന്നൊരാൾക്കേ ഗംഗയുടെ വേഗം ധാരണം ചെയ്വാൻ സാദ്ധ്യമാകു. രണ്ടാമത്തെ സംഗതിയെപ്പററിയാണെങ്കിൽ—ഗംഗയിൽ സ്നാനം ചെയ്യുന്ന പാപികളുടെ പാപം ഗംഗയിൽത്തന്നെ ലയിച്ചുപോകുമെന്നത് വാസ്തവംതന്നെ; എന്നാൽ മഹാത്മാക്കളുടെ സ്നാനം ഹേതുവായിട്ട് ഗംഗ വീണ്ടും വിശുദ്ധയായി ഭവിക്കും—പാപഭാരത്തിൽനിന്ന് മുക്തയായി ഭവിക്കും.'' അനന്തരം ഭഗീരഥൻ ശിവനെ ആരാധിയ്ക്കുവാൻ ആരംഭിച്ചു. ശിവൻ അത്യന്തം സന്തുഷ്ടനായി ഭവിച്ച് അരുളിച്ചെയ്തു: 'ഭഗവത്പാദോദകം മസ്തകത്തിൽ ധാരണം ചെയ്യുക എന്നത് എൻെറ മഹാസൌഭാഗ്യമല്ലൊ.'' ശിവൻ ശിരസ്സുംകാട്ടി നിന്നു. ഗംഗ അവതരണം ചെയ്ത മാത്രയിൽ ശിവൻ ഗംഗയെ ജടാമദ്ധ്യത്തിൽ തടഞ്ഞു നിർത്തി. ഗംഗയാകട്ടെ ശിവൻെറ ജടയ്ക്കുള്ളിൽ ചുററിക്കറങ്ങാൻ തുടങ്ങി, ബഹിർഗ്ഗമിയ്ക്കുവാൻ സാദ്ധ്യമായില്ല. ഗംഗയ്ക്കൊരു ഗർവ്വുണ്ടായിരുന്നു, ആർക്കും തൻെറ വേഗം വഹിയ്ക്കാൻ സാദ്ധ്യമല്ലെന്ന് ആയതുകൊണ്ടാണ് മഹാദേവൻ ഇപ്രകാരം ഗംഗയുടെ ഗർവ്വം

ചൂർണ്ണമാക്കിച്ചെയ്തത്. അവസാനം ഭഗീരഥന്റെ സ്തുതി കേട്ട് ശിവൻ ജട അഴിച്ചു. മന്ദാകിനീ, അളകനന്ദാ, സീതാ, ഗംഗാ—നാല് ധാരയായി ആ പ്രബലസ്രോതം പ്രവാഹിതമായി. ബ്രഹ്മകുണ്ഡത്തെസ്സംബന്ധിച്ച് രാമായണത്തിലുണ്ട്—ബ്രഹ്മാവ് ഇവിടെ യജ്ഞമനുഷ്ഠിച്ചിരുന്നു. ഗംഗയുടെ സ്രോതം പ്രവഹിയ്ക്കും സമയത്തിങ്കൽ ഇവിടെ വന്ന് പതിയ്ക്കുകയുണ്ടായി.'

വലിയേച്ചി പറഞ്ഞു: 'അതാ കാണുന്നു—ബ്രഹ്മകുണ്ഡത്തിൽ എത്തിപ്പോയി നമ്മൾ. നിൽക്കു, രണ്ടുപൈസക്ക് പൂവും വില്വപത്രവും വാങ്ങട്ടെ ഇവിടുന്ന്.'

കടവിൽ കരയ്ക്കുതന്നെ കൊട്ടനിറയെ പൂവും വില്വപത്രവുമായി ചില കുട്ടികൾ ഇരിക്കുന്നുണ്ടായിരുന്നു. അതിൽനിന്ന് രണ്ടുനാല് പൂവും വില്വപത്രവും കൈയിലെടുത്ത് മനസ്സ് പവിത്രമാക്കി—ഗംഗാമാതാവിന്ന് സ്നാനാനന്തരം അഞ്ജലിയർപ്പിക്കാമല്ലൊ.

കല്ല് കെട്ടിപ്പടുത്ത വിശാലമായ കടവ്, ആദ്യന്തം വെണ്ണക്കല്ലുകൊണ്ടുള്ള പടവുകൾ, മേൽത്തട്ട്. കുട്ടികൾക്ക് പ്രത്യേകം കടവുണ്ട്; സ്ത്രീകൾക്ക് ചുമർകെട്ടി മറച്ച് വേറെയും. വേണമെങ്കിൽ കുട്ടികളുടെ കടവിൽ സ്ത്രീകൾക്കും കുളിക്കാം. തടസ്സമൊന്നുമില്ല. കുറച്ചുകാലം മുമ്പ് ബിർല ഗംഗയിൽനിന്ന് ബ്രഹ്മകുണ്ഡത്തെ വേർതിരിച്ച് അണകെട്ടിയിരുന്നു. ഗംഗയുടെ ഒഴുക്കിൽപെട്ട് പർവ്വതഗാത്രത്തിൽനിന്ന് കല്ലിൻതുണ്ടുകൾ ഉരുണ്ടുരുണ്ട് വന്ന് പലപ്പോഴും നടുക്ക് തിട്ടുകളുണ്ടാവാറുണ്ട്. ഇവിടേയും അങ്ങിനെ ബ്രഹ്മകുണ്ഡം തൊട്ടുകൊണ്ട് തിട്ടുണ്ടായിരുന്നുവത്രെ. ബിർല ഉറപ്പിൽ അണ കെട്ടി ഒരു 'ക്ലോക്ക് ടവർ' സ്ഥാപിച്ചു. പേര് കൊടുത്തത് 'ഹർ കി പൌഡി' എന്നാണ്—ഹരന്ന് ഇരിയ്ക്കാനുള്ള പീഠം.

തീർത്ഥാടകന്മാർക്കും സൌകര്യമായി. ഇക്കരെനിന്നും അക്കരെനിന്നും, ഇരുകരയിൽനിന്നും, കുണ്ഡത്തിൽ കുളിക്കാം.

ചൂടുള്ള പുതപ്പുകൊണ്ട് ദേഹം നന്നായി പുതച്ച് നാലുപാടും ചുററിനടന്ന് സന്യാസികളുടേയും മററുള്ളവരുടേയും സ്നാനം നോക്കിക്കണ്ട് ധൈര്യം സംഭരിച്ച് മടക്കമായി. ഒരിടത്ത് പണ്ഡകൾ, ഉരുണ്ട കൊച്ചുകൊച്ചു കുപ്പികളിൽ ഗംഗാജലം നിറച്ച് കടവിൻകരയിൽ അടുക്കടുക്കായി വെക്കുന്നത് കണ്ടു.

ഈ ഏതാനും നാളുകളിൽ ഹരിദ്വാരത്തോ കൻഖലത്തോ വഴിക്കിറങ്ങിയാൽ, രണ്ടററത്തും ഉറി കെട്ടിത്തൂക്കിയ ഒരു മുളവടി ചുമലിലേററി ടും‌ടാമെന്ന് മണിയും കിലുക്കിക്കൊണ്ട് ഒരു സംഘം ആളുകഠം വരിവരിയായി വേഗം വേഗം നടന്നകലുന്നത് കാണാം. കാളവണ്ടിയുടെ വില്ലുപോലെയുള്ള വില്ല്പിടിപ്പിച്ച്, താണ തരം കളർസിൽക്കു തുണ്ടങ്ങഠംകൊണ്ട് മുളവടിയുടെ ഒരററം മുതൽ മറേറ അററം വരെ പൊതിഞ്ഞിട്ടുണ്ടാവും. നട്ടുച്ചവെയിലത്ത് വാഹകന്മാരുടെ തലക്കും ആശ്രയം കിട്ടും അതിൻെറ ചോടെ. പല ആകൃതിയിലും കത്രിച്ചെടുത്ത വർണ്ണക്കടലാസ് ചുററും ഒട്ടിച്ച് ഉറിയും മോടി പിടിപ്പിച്ചിട്ടുണ്ടാവും—നാലുവശത്തുനിന്നും ചുകപ്പും നീലയും നിറങ്ങളിൽ കൃത്രിമ സ്വർണ്ണത്തിൻേറയും വെള്ളിയുടേയും കമ്പികഠംകൊണ്ടുള്ള ആഭരണങ്ങഠം തൂങ്ങിക്കളിക്കുന്നുണ്ടാവും. അവയിന്മേൽത്തന്നെ കെട്ടിത്തൂക്കീട്ടുള്ള കൊച്ചുമണികഠം നടക്കുന്നതിൻെറ താളത്തിന്നൊത്ത് കിലുങ്ങുന്നുണ്ടാവും—ഠും ഠും, ഠുങ്ങുർ ഠും. ഞാൻ വിളിച്ച് ചോദിച്ചിട്ടുണ്ട്: 'എങ്ങോട്ടാണ് പോകുന്നത്?' അവർ നിൽക്കുകയില്ല; നടന്നുകൊണ്ടുതന്നെ ഉത്തരം തന്നു: 'മൊറാദാബാദിലേക്ക്.'

ഞാൻ കൂടെ ഓടി: 'എന്താണ് കൊണ്ടുപോകുന്നത്?'

'ഗംഗാമാതാവിനെ. ശിവരാത്രി അടുത്തില്ലേ—പരമശിവന്ന് അഭിഷേകം ചെയ്യാനാണ്.'

നാലഞ്ചുദിവസം അവർ ഇങ്ങിനെത്തന്നെ നടക്കുമെന്നറിഞ്ഞു. ഗംഗാമാതാവ് ചുമലിൽത്തന്നെ ഇരിക്കും, ഭൂമി തൊടില്ല.

'വല്ല അത്യാവശ്യവും കാരണം ഗംഗാമാതാവിനെ ചുമലിൽ നിന്ന് ഇറക്കേണ്ടിവരികയാണെങ്കിലോ—'

'അപ്പോഠം മററു വല്ലവരുടേയും ചുമലിൽ കൊടുക്കും. ഞങ്ങളുടെ കൂട്ടത്തിൽ മൂന്നുനാലാളില്ലേ?'

'രാത്രി ഉറങ്ങുന്നതെവിടെ?'

'ഉറങ്ങില്ല. രാത്രിയും പകലുമിങ്ങിനെ നടന്നുകൊണ്ടേയിരിക്കും.'

ഈ തണുപ്പുപിടിച്ച രാത്രിയിൽ തെല്ലെങ്കിലും ഉറങ്ങാതൊക്കുമോ? ഒരുത്തനെ മറെറാരുത്തൻെറ ദോഷത്തിന് സാക്ഷിയാക്കിക്കൊണ്ട് എല്ലാവരും ചേർന്ന് ഉറങ്ങുന്നുണ്ടാവണം, തീർച്ച. അവനവൻെറ ഗ്രാമത്തിൽത്തന്നെ സ്വകാര്യമായിരിക്കുന്നതിന് കാരണം അതാണ്.

ഏട്ടൻ കയർത്തു: 'എന്ത് മാലിന്യമാണ് നിങ്ങളുടെ മനസ്സിൽ. സരളമായ വാക്ക് സരളമായങ്ങ് വിശ്വസിച്ചാൽ പോരേ?' എന്താണൊരു നഷ്ടം അതിൽ? നാലഞ്ച് ദിവസം ഒരേ നടത്തം നടക്കുന്നതിൽ അസംഭാവ്യമായിട്ടെന്തുണ്ട്? കാണുന്നില്ലേ, കിടക്കയില്ല അവരുടെ കൈയിൽ.'

'എന്തിന്, അതാ ഓരോരുത്തന്റെയും അരയിൽ കയർകൊണ്ട് നന്നായി കെട്ടിമുറുക്കീട്ടുണ്ട് ഓരോ പുതപ്പ്. രാത്രി തീകൂട്ടി പുതപ്പും പുതച്ചിരുന്ന് ഉറങ്ങിയാൽ മതി. ഇരുന്നുകൊണ്ടുറങ്ങുന്ന എത്ര പേരെ കണ്ടിരിക്കുന്നു സ്റ്റേഷനിലെ പ്ളാററ്ഫോറത്തിൽ. പിന്നെ ഗംഗാമാതാവാണ്—അവരെ വല്ല മരക്കൊമ്പത്തും തൂക്കിയിടാൻ അത്ര പ്രയാസമോ?' പിന്നെ, ഗംഗാമാതാവ് ഉറിക്കുള്ളിൽ ഇരിക്കുന്നത് എന്തവസ്ഥയിലോ? എല്ലാം മൂടി മറച്ചിരിക്കയാണ്, കാണാൻ വഴിയില്ല.

ഇന്ന് ബ്രഹ്മകുണ്ഡഘട്ടത്തിൽവെച്ച് ആ രഹസ്യം മനസ്സിലായി. ഈ കുപ്പികൾതന്നെയാണ് പഞ്ഞിയിൽ പൊതിഞ്ഞ് ഇവർ 'ഹര ഹര ശിവ' എന്നും പറഞ്ഞ് ഇവിടെനിന്ന് പുറപ്പാടാകുന്നത്—വാഹകന്മാർ കുളിച്ച് ശുദ്ധമായി പുതിയ വേഷമണിയുന്നു. അതിന്റെ വ്യാപാരമാണ് പണ്ഡമാരുടെ കൈകളിലൂടെ നടക്കുന്നത്.

മരത്തടികൾ തൂണാക്കി ഗംഗയുടെ ഇരുകരയും യോജിപ്പിച്ചുകൊണ്ട് പാലം പണിതുവരുന്നു. കുംഭത്തിന്നുമുമ്പായി ഇമ്മാതിരി പതിനഞ്ചോ പതിനാറോ പാലം പണിതുണ്ടാക്കുമത്രെ, ഈയിടെയാണ് പണി തുടങ്ങിയത്, എപ്പോഴാണാവോ മുഴുമിക്കുക? കുംഭമാണെങ്കിൽ എത്തിയും കഴിഞ്ഞു; പക്ഷെ യോഗം രണ്ടുമാസം നീണ്ടുനിൽക്കും. മൂന്ന് യോഗസ്നാനമാണ് കുംഭത്തിന്ന്. എല്ലാവരും പറയുന്നത്, അവസാനത്തെ യോഗത്തിന്നാണ് കുംഭമേളക്ക് ഏററവുമേറെ തിരക്കുകൂടുകയെന്നാണ്. രോഗത്തിന്റെയും മരണത്തിന്റെയും പുറപ്പാടും അപ്പോൾത്തന്നെ. മുൻകൂട്ടിത്തന്നെ തക്കംനോക്കി പുണ്യവും തട്ടി തടിക്ക് ഉടവുപററാതെ വീട്ടിലേക്ക് തിരിക്കാമെന്നും കൊതിച്ചാണ് ഞങ്ങളുടെ വരവ്.

ഏട്ടൻ പറഞ്ഞു: 'തീർത്ഥസ്നാനത്തിൽ ദേഹത്യാഗം ചെയ്കയെന്നത് വളരെ പുണ്യങ്ങളുടെ ഫലമാണ്.'

വലിയേച്ചി പറഞ്ഞു: 'ഇനിയൊരിക്കൽ വരാമല്ലൊ സമയവും നോക്കി. എല്ലാംകൂടി ഒററയടിക്ക് നിറവേററാൻ എന്താണ് തിടുക്കം?'

ഞാൻ പറഞ്ഞു: 'ചോദിക്കാനുണ്ടോ! ''ദേഹത്യാഗം'' ചെയ്യു ന്നവരുടെ കാര്യമൊന്നുവേറെ. അവരൊരു പരിക്രമണം കഴിഞ്ഞാണ് വരിക, ആവശ്യം കണ്ടറിഞ്ഞ് ഉടൽ വെടിയും, പുതിയ ദേഹം പ്രാ പിക്കും എന്നാണ് കേൾവി. നമുക്കാകട്ടെ, ''മൃത്യു''വാണ്. അതങ്ങ് വരും, കെട്ടി വരിഞ്ഞ് അടയാളംപോലും ബാക്കിനിർത്താതെ പോ വും. ''ജീവിച്ചിരിക്കട്ടെ എല്ലാരും'' എന്ന് അതല്ലേ ദൈവങ്ങളുടെ വാതിൽക്കൽ തലമുട്ടിച്ച് വീണ്ടും വീണ്ടും വഴിപാട് നേരുന്നത്.'

തുറന്ന കടവിൽ ഏട്ടനെയും കൂട്ടുകാരെയും വിട്ട് ഞാനും വ ലിയേച്ചിയും സ്ത്രീകളുടെ കടവിലേക്ക് ചെന്നു. ചുമർകെട്ടി മറച്ച കടവ്. എന്നിട്ടെന്ത്; താഴത്തുള്ള വിടവിലൂടെ പുറമെനിന്നുതന്നെ സ്പഷ്ടമായി കാണാൻ കഴിഞ്ഞു, വെളുത്ത് തടിച്ച് വിവസ്ത്രക ളായ കുറെ സ്ത്രീകൾ അത്യന്തം നിർവ്വികാരകളായി വെള്ളത്തിൽനിന്ന് കേറുകയും ഇറങ്ങുകയും ചെയ്യുന്നത്. വലിയേച്ചിയുടെ ഭാവം— ഞങ്ങൾ കണ്ടതോ കണ്ടു, മററാരും കാണാതിരിക്കട്ടെ. ആ സ്ത്രീകൾ ഉപേക്ഷിച്ച ലജ്ജ വലിയേച്ചിയെ വന്നു പൊതിഞ്ഞപോലുണ്ട്; തൻെറ കൃശഗാത്രംകൊണ്ട് കടവിലെ ഈ നീണ്ട വിടവിനെ അടക്കാനൊ ക്കുമോ എന്ന് ആലോചിക്കുംപോലെ. അപ്പോഴാണ് ഓർത്തത്, ഇന്നലെ വർത്തമാനത്തിന്നിടയിൽ ശശിമഹാരാജാവ് അതാണ് പറ ഞ്ഞത്, 'ഒന്നും പറയണ്ടേന്നേ, പഞ്ചാബിപ്പെണ്ണുങ്ങൾക്ക് ഭക്തി യുണ്ടായിട്ടെന്ത്, നാണവും മാനവും തീരേയില്ല. അവരുടെ ഉപ ദ്രവം കാരണമാണ് ബ്രഹ്മകുണ്ഡത്തിൽ കടവ് വേർതിരിച്ച് കെ ട്ടേണ്ടിവന്നതുതന്നെ. പോയാൽ കാണാം.'

വലിയേച്ചിയുടെ കനപ്പിച്ച മുഖവും നോക്കി ഞാൻ കടവിന്നുള്ളി ലേക്ക് നടന്നു. മിനുമിനുത്ത കൽപടവ്—അഴുക്കുവെള്ളം നാലു ഭാഗവും അലയടിക്കുന്നു. പടവുകൾക്കു മേലെ വെവ്വേറെ മരക്കട്ടി ലുകളിന്മേൽ നാലു കടവുകാരികൾ ഇരിക്കുന്നുണ്ട്. പണ്ഡമാരുടെ ഭാര്യമാരായിരിക്കാം. നികുതി കൊടുത്ത് അവർ കടവിൻ അവകാശം നേടും. വഴിപോക്കരുടെ മുണ്ടും തുണിയും സൂക്ഷിക്കും, കുളി കഴി ഞ്ഞാൽ നെററിയിൽ ചന്ദനംകൊണ്ടും കുങ്കുമംകൊണ്ടും കുറിയിടീക്കും. സ്നാനാർത്ഥിനികൾക്കിടയിൽ പഞ്ചാബിസ്ത്രീകളാണ് അധികം. ഇതി ന്നിടക്ക്, നിന്ന നിൽപിൽത്തന്നെ കുറേ തള്ള് കിട്ടി എനിക്ക്. തടിച്ചുതൂങ്ങിയ ശരീരം, പക്ഷെ എന്തൊരു കൂസലില്ലാത്ത ശക്തി! ആവശ്യമുണ്ടെങ്കിലാകട്ടെ, ഇല്ലെങ്കിലാകട്ടെ, ഉന്തിത്തള്ളിക്കൊണ്ടാണ് അടുത്തുകൂടെ കടന്നുപോക്ക്. കുളിക്കാൻ കുപ്പായമൂരുന്നതിനിട യ്ക്ക് എന്തോ ഓർമ്മവന്നു, കുപ്പായമെറിഞ്ഞുംകളഞ്ഞ് പൈജാമ

മാത്രമായി ഒരോട്ടം വെളിയിലേക്ക്—ഈ കടവിലും ആ കടവിലും പാഞ്ഞുചെന്നു—പടികരം ചാടിക്കേറി ഓടിയിറങ്ങി, ഉന്തലും തള്ളലുമാക്കി, പിന്നെയും മടങ്ങിവന്നു. ഇങ്ങിനെ ഒരുത്തിയെയല്ല ഒരു പാട് പേരെ കണ്ടു. ചിലർ അച്ഛൻെറ മടിയിലിരിക്കുന്ന കുട്ടിയുടെ തലയിൽ വെള്ളം കുടയാൻ ഓടുന്നു, ചിലർ വെച്ചുമറന്നുപോയ ഗംഗാജലപ്പാത്രമെടുക്കാൻ പോകുന്നു; ചിലർ ഒററപ്പാച്ചലിന്ന് ഒരു പൈസക്ക് രണ്ട് തേങ്ങാപ്പൂരം ഗംഗാമാതാവിനെ ഊട്ടാൻ വാങ്ങിക്കൊണ്ടുവരുന്നു. അവസാനനിമിഷമേ എന്തും ഓർമ്മവരൂ എന്നു തോന്നും. എത്ര തടിച്ചിയോ, അത്രകണ്ട് നാണം കുറവാണെന്ന്.

വലിയേച്ചി പറഞ്ഞു: 'ഇനി ഒരിക്കലും നിന്നെ തടിച്ചിയെന്നു വിളിക്കില്ല. ഇക്കാണുന്നതോർക്കുമ്പോരം, നീയൊരു കുട്ടിയാണ് ഇവരുടെ അടുക്കൽ.'

ഞാൻ പറഞ്ഞു: 'പക്ഷെ എന്തു നിറമാണെന്ന് നോക്കിയോ വലിയേച്ചി? തങ്കവർണ്ണം—വെള്ളത്തിലിറങ്ങുമ്പോരം കത്തുന്നുണ്ടെന്ന് തോന്നും. രൂപവതിയായ ഒരു തരുണിയെയെങ്കിലും കാണാൻ കിട്ടിയിരുന്നെങ്കിൽ—മനസ്സിലൊരു രംഗം നിറഞ്ഞേനെ. യമുനാജലത്തിൽ ശ്രീരാധയെ കാണാൻ കിട്ടിയേനെ—നീലജലത്തിൻെറ മാർത്തട്ടിലൂടെ ചന്ദ്രൻെറ പ്രതിബിംബം നീന്തുന്നത് കണ്ടേനെ.'

വലിയേച്ചി പറഞ്ഞു; ആവാതിരിക്കുമോ? കുപ്പായവും പൈജാമയുംകൊണ്ട് പൊതിഞ്ഞുവെക്കും ശരീരം—അതാണ് ഇത്ര നിറപ്പകിട്ട്. നെഞ്ഞത്തും പുറത്തും ജനിച്ചതിന്നുശേഷം സൂര്യപ്രകാശം ഏററിട്ടില്ലെന്ന് തോന്നുന്നു.

എൻെറ പ്രായക്കാരിയായ ഒരു പെണ്ണ് അപ്പൊഴേ ഉണ്ട്, രണ്ടു പടവ് വെള്ളത്തിലിരുന്ന് മുങ്ങാൻ ഭാവിച്ച് വീണ്ടും വീണ്ടും തുള്ളിയെഴുന്നേൽക്കുന്നു. ഇടക്കിടെ എണീററ് പാഞ്ഞ് കടവിൻെറ മൂലക്ക് ചെല്ലും, അവിടത്തെ കൊച്ചു മരവാതിൽ തുറന്ന് ഉള്ളിൽ കടന്ന് അടക്കും, പിന്നെയും വന്ന് വിറച്ച് വിറച്ച് വെള്ളത്തിലിരിക്കും. കണ്ണ് തമ്മിലിടഞ്ഞാൽ പല്ല് പുറത്താക്കി ചിരിക്കും ഭ്രാന്തത്തിയാണോ? നൂലുമ്പന്ധമില്ല ശരീരത്തിൽ. ആ ചെറിയ അകവുമെന്താണാവോ?

വലിയേച്ചി കൈ പിടിച്ചുവലിച്ചു: 'എവിടേക്കാ പോകുന്നത്? കാലും മുഖവും കഴുകാനുള്ള സ്ഥലമായിരിക്കും അത്.?

കൌതൂഹലം അടങ്ങുന്നില്ല. തഞ്ചത്തിൽ വലിയേച്ചിയെ കടന്ന് കഴുത്തുനീട്ടി എത്തിനോക്കി. ചെറിയ മുറി; ഒരു മൂലക്ക് വിറകും

കൽക്കരിയും, പിച്ചളത്തളിക, ഒരു ഗ്ലാസ്, നടുക്ക് കീറിയ ഒരു വേഷ്ടി, കുപ്പായക്കെട്ട്, മുഷിഞ്ഞ കുറെ കമ്പിളിത്തുണ്ടങ്ങളും.

വസ്ത്രം സൂക്ഷിക്കാൻ കൊടുത്തിരുന്ന കടവുകാരി പറഞ്ഞു, 'അവരം അടിച്ചുതളിയാ. ഗംഗാമാതാവിന്ന് സേവ ചെയ്യുകയാ.' അതായത്, കടവും പടവും അടിച്ചുവാരി കഴുകി വെടിപ്പാക്കിവെക്കും, പൂവിൻേറയും ഇലയുടേയും കൂനകരം നീക്കും; ആ കൊച്ചു മുറിക്കകത്താണ് താമസം; വിറകും കൽക്കരിയും പൂട്ടിയ അടുപ്പിൽ ചപ്പാത്തി ചുട്ട്തിന്നും, കീറിയ കമ്പിളി പുതച്ച് തണുത്ത നിലത്ത് കിടന്നുറങ്ങും.

വെളളത്തിൽ അപ്പോരം അധികമാരുമുണ്ടായിരുന്നില്ല; കുടും എന്ന് ഒന്നുരണ്ട് മുങ്ങലും മുങ്ങി സകലരും കരക്ക് കേറിയിരിക്കുന്നു.

'നിന്നുംകൊണ്ടങ്ങിനെ നോക്കിയതുകൊണ്ട് ശീതം ഒട്ടും കുറയാൻ പോകുന്നില്ല, വെളളത്തിലിറങ്ങു' എന്ന് വലിയേച്ചി ശാസിച്ചു. ഞാൻ ചേലത്തുമ്പ് അരയിൽ ചുററി മുന്നോട്ടു നീങ്ങി. ഗംഗയെ സ്പർശിച്ചു; 'നമോ ഗംഗാ നമോ ഗംഗാ'—തലയിൽ വെളളംതളിച്ചു. എന്തു തണുപ്പ്—മഞ്ഞുരുകിയ വെളളംതന്നെ. കൈവിരൽ മരവിച്ചുപോയി. കാലടി വെളളത്തിൽ തൊട്ടപാടെ വലിച്ചുകളഞ്ഞു—ഇറങ്ങാൻ മനക്കരുത്ത് കിട്ടുന്നില്ല. വലിയേച്ചിയാകട്ടെ, കണ്ണടച്ച് സ്തോത്രം ചൊല്ലിക്കൊണ്ട് വെളളത്തിലിറങ്ങിക്കഴിഞ്ഞിരിക്കുന്നു.

ബലംപ്രയോഗിച്ച് രണ്ടുകാലും വെളളത്തിൽ മുക്കി അമർത്തിപ്പിടിച്ചു. മുങ്ങിയേടത്തോളം ഭാഗം എൻേറതല്ലെന്ന്, ശരീരത്തിൽ നിന്ന് മുട്ടുവരെ മറിച്ചുകളയപ്പെട്ടതായി, തോന്നിപ്പോയി. അരയോളം മുങ്ങി—അരയും മുറിച്ചുകളയപ്പെട്ടു. നെഞ്ഞോളം മുങ്ങി—ശ്വാസം തളളിവരുന്നു. രണ്ടുംകൽപിച്ച് കുടും എന്നൊരു മുങ്ങൽ മുങ്ങി വെളളമകററി—തലയിപ്പോരം തലയല്ല—ഒരു കട്ട മഞ്ഞിൻെറ ഭാരമാണ് അവിടെ. വേഗം വേഗം അലകരം മുറിച്ചുകൊണ്ട് കരക്കു കേറി. വരുമ്പോരം ചേച്ചി പറഞ്ഞത് ഓർമ്മവന്നു—'എനിക്കോ വരാനൊത്തില്ല—എൻെറ പേർക്ക് നീ തന്നെ ഗംഗയിൽ മുങ്ങു. പിന്നെ എൻെറ ബാബു, ലാബു—അവരുടെ പേർക്കും മുങ്ങണം. എന്തൊക്കെയാണ് വന്നുപെടുന്നത്—മനസ്സിനൊരു സമാധാനവുമില്ല.'

ഇവിടെ ഇന്നെൻെറ ആദ്യത്തെ ഗംഗാസ്നാനമാണ്, ചേച്ചിയുടെ കരുണമായ മുഖം ഓർമ്മവന്നു. വീണ്ടും വെളളത്തിലിറങ്ങി, ചേച്ചിയുടെ പേർക്ക് മുങ്ങി. അമ്മയുടെ പേർക്കും മുങ്ങി ഒരു തവണ.

ഡോക്ടർ ബാബുവിൻെറ ഭാര്യ—ആഹാ, ഇത്ര നല്ല ആളുകഠം— അവരുടെ പേർക്ക് മുങ്ങാതിരിക്കാനൊക്കുമോ? ബാബു, ലാബു, ഛോാടോൻ, മഞ്ജു—അവരുടെ പേർക്ക് നാല്; ഇനി രമു—അവളുടെ പേർക്കും ഒന്ന്; ഇനി—ഇനി—; ഇനി വയ്യ. ശ്വാസം തൊണ്ടയിലോളം വന്ന് തടഞ്ഞുനിന്നു. ഇങ്ങോട്ടോ അങ്ങോട്ടോ പോകുന്നില്ല. നിശ്വസിക്കാൻവേണ്ടി ഹാ എന്ന് വായ പിളർന്നു, പിളർന്ന വായിൽ വെള്ളം കേറുന്നു—നിശ്വാസം നിശ്വാസത്തിൻെറ സ്ഥാനത്തുതന്നെ. കുടും കുടും എന്ന് മുങ്ങി. ഇനിയും രണ്ടെണ്ണം ബാക്കിയാണ്— ഇനിയുമൊന്ന്. മതി, തൃപ്തിയായി.

മേലോട്ട് കേറി.

വലിയേച്ചി പറഞ്ഞു: 'എണ്ണിനോക്കീട്ട് കുറച്ചൊന്നുമല്ലല്ലോ.'

അനക്കമില്ല കൈക്കും കാലിനും. അടിച്ചുതളിക്കാരി ഓട്ടുപാത്രത്തിൽ വെള്ളം ചൂടാക്കിയിരുന്നു, പൊളിഞ്ഞ അടുപ്പത്ത്—അവിടെച്ചെന്ന് വീണ് ഇരിപ്പായി.

ഗംഗാസ്നാനമാണ് ചെയ്തത്, ചന്ദനം തൊടണം. ഇല്ലെങ്കിൽ സ്നാനത്തിൻെറ ആനന്ദം പൂർണ്ണമാകുന്നതെങ്ങിനെ? ഓർമ്മവരികയാണ്, കുട്ടിക്കാലത്ത് കൽക്കത്തയിൽ വന്നാൽ അമ്മ ഗംഗാസ്നാനത്തിന്ന് ഗംഗയുടെ കടവിലേക്ക് പോകുമായിരുന്നു; ശാഠ്യംപിടിച്ച് കൂടെപ്പോകും ഞങ്ങഠം രണ്ട് പെൺകുട്ടികഠം. കുളിക്കാൻ ഉത്സാഹമുണ്ടായിട്ടല്ല, അഴുക്കുവെള്ളത്തിൻെറ ഒഴുക്കിനെ എന്ത് പേടിയായിരുന്നെന്നോ! അതിനുംപുറമെ ചുരുണ്ടുകൂടി കിടക്കുന്ന ഞണ്ടിൻകുഞ്ഞുങ്ങഠം—ചെവിയിൽ കേറും, മൂക്കിൽ കേറും—എന്തൊരാപത്ത്! എന്നാലും രണ്ടുകാതിലും വിരൽകേററി കണ്ണും വായും പൂട്ടി എങ്ങിനെയെങ്കിലും ഒരു മുങ്ങു മുങ്ങി നിവരാൻ കഴിഞ്ഞാൽ മതി, കരയിലെത്തും. കരയ്ക്ക് നിരനിരയായുള്ള മുളക്കുടകഠംക്ക് കീഴെ പണ്ഡകഠം ചന്ദനവും സിന്ദൂരവുമായി ഇരിക്കുന്നുണ്ടാവും. രണ്ടു സോദരിമാരും മത്സരിച്ച് വേഗം അവിടെച്ചെന്ന് മുഖവും നീട്ടിക്കാണിച്ചുകൊണ്ട് ഇരിപ്പുറപ്പിക്കും. പണ്ഡ ഇടത്തെ ഉള്ളംകയ്യിൽ ഗോപിമണ്ണ് ചാലിച്ച് നെററിമേൽ പാദമുദ്ര കുത്തും. നെററിമേൽമാത്രം പോരാ, കവിളത്തും വേണം. ഈ കവിളത്തും മറേറ കവിളത്തും മുഖമാസകലവും ഗോപിക്കുറി തൊടും; ചിരിയൊതുക്കാൻ കഴിയില്ല പിന്നെ. പണ്ഡയുടെ ടിന്നിൻെറ ചെറിയ കണ്ണാടിയിൽ തിരിഞ്ഞും മറിഞ്ഞും മുഖമങ്ങിനെ നോക്കിക്കൊണ്ടേയിരിക്കും, ഒപ്പംതന്നെ ചിരിക്കും. ഇതാ

യിരുന്നു അന്ന് ഗംഗാസ്നാനത്തിന്ന് അത്ര ഉത്സാഹം. ആ ഉത്സാഹം തന്നെയാണോ ഇത്രയും കാലത്തിന്ന് ശേഷം ഇന്ന് മനസ്സിൽ ഉണർന്നത്?

കൽക്കത്തയിലെ ഗംഗാഘട്ടത്തിൽ പാദമുദ്രയാണ് കുത്തുക, ഗോപിമണ്ണുകൊണ്ട്. എന്നാൽ ഇവിടെ അതല്ല. എല്ലാരുടേയും നെററിയിൽ കാണുന്നത് കളഭംകൊണ്ട് നെററി മുഴുക്കെ കതിരിൻെറ ചിത്രം കുറിച്ചതാണ്; അതിൻെറ നടുക്ക് ചുകന്ന കുങ്കുമത്തിൻെറ കൊച്ചു കൊച്ചു പൊട്ടുകൾ. നല്ല ഭംഗി. കൂർപ്പിച്ച മരക്കമ്പുകൊണ്ട് വരക്കുന്നതാണെന്ന് തോന്നുന്നു.

വലിയേച്ചിയെ വലിച്ചുകൊണ്ടുപോയി ആദ്യം ചന്ദനം തൊടീക്കാൻ ഇരുത്തി.

കിണ്ണംനിറയെ കളഭക്കൂട്ട്, വെള്ളത്തിൽ ചാലിച്ച കുങ്കുമം; കടവുകാരി കൈവിരലുകൊണ്ട് ചന്ദനമെടുത്തപ്പോൾത്തന്നെ ഞാൻ അവളുടെ കൈ കടന്നുപിടിച്ച് പറഞ്ഞു: 'അങ്ങനെയല്ല, വിരലുകൊണ്ടല്ല, ഇങ്ങിനെ–ഇങ്ങിനെ' എന്നിട്ട്, മണ്ണിൽ ചിത്രം വരച്ചു കാട്ടിക്കൊടുത്തു, മററുള്ളവരുടെ നെററിയിൽ കണ്ടതുപോലെ.

കടവുകാരി ചിരിച്ച് തലയാട്ടി; 'അതേതെ, അങ്ങനെതന്നെയായിരിക്കും—ഇതാ നോക്കരുതോ.' എന്നുംപറഞ്ഞ് വലിയേച്ചിയുടെ തല ഇടത്തുകൈകൊണ്ട് പിടിച്ചുതിരിച്ച് കൊഴു–കൊഴുത്ത ചന്ദനത്തോടെ വലത്തുകയ്യിൻെറ നടുവിരൽ നെററിയുടെ ഒരുവശത്ത് അമർത്തി നേരെ ഒരൊററ വലി വലിച്ച്‌വിട്ടു. ഈ വിരൽവലിയിൽ എന്തൊരു മിടുക്കാണിവർക്ക്—ഇരുവശത്തും ചന്ദനം ചിതറിച്ചിതറി നെററിയിൽ കതിരിൻെറ ചിത്രം വീണുകഴിഞ്ഞു. ഇപ്പോൾ കാര്യം തിരിഞ്ഞു. ഇത്തവണ നിശ്ചിന്തയായി മുമ്പേതന്നെ ചുമൽ തിരിച്ച് തല പൊന്തിച്ചുകൊടുത്തു. കടവുകാരി 'ഗുണംവരട്ടെ', 'കുഞ്ഞുങ്ങളും കുട്ടികളും നന്നായിരിക്കട്ടെ' എന്നുംപറഞ്ഞ് തിടുക്കനെ ചന്ദനവും സിന്ദൂരവും തൊടീച്ചു. സ്നാനപർവ്വം സമാപ്തമായി.

ബ്രഹ്മകുണ്ഡത്തിൻെറ കരക്ക് വഴിയുടെ ഇരുവശത്തും നിരനിരയായി പീടികകൾ. ചുററിയടിച്ച് കാണാൻ, അതുമിതും എടുത്തുനോക്കാൻ, കൊതി തോന്നി. പക്ഷെ ഏട്ടനുണ്ട് കൂടെ, അദ്ദേഹത്തിന്ന് ഇഷ്ടപ്പെടില്ല 'വെറുതെ കച്ചവടക്കാരനെ ശല്യപ്പെടുത്തുക നിങ്ങളുടെ ഒരു സ്വഭാവമാണ്'' എന്നു പറയും. ഓർമ്മവന്നു, ശരിയാണല്ലൊ, തിരിച്ചിടുന്ന മൂടിയോടുകൂടിയ ഒരു പിച്ചളക്കൂജ വാങ്ങ

ണമല്ലൊ. അമ്മ പറഞ്ഞിരുന്നു, യോഗത്തിൻെറ ജലം കൊണ്ടുചെല്ലാൻ. ഉറക്കെ ഏട്ടൻ കേരംക്കെ പറഞ്ഞു: 'വരു, വലിയേച്ചി! ആവശ്യമുളള സാധനങ്ങരം വാങ്ങാം; വരൂ.'

ഓടിൻെറയും പിച്ചളയുടെയും പാത്രങ്ങളോട് വലിയേച്ചിക്കും വലിയ കമ്പമാണ്; അവയില്ലാഞ്ഞിട്ട് എന്തെല്ലാം അസൗകര്യങ്ങളാണെന്ന് പെട്ടെന്ന് ഓർമ്മയായി. പറകയാണ്, ശനിയാഴ്ച നോയ്മ്പാണ്, ചൊവ്വാഴ്ച സസ്യാഹാരവ്രതമാണ്, ഇതുപോലൊരു മൂടിയുളള പിച്ചളത്തൊട്ടിയുണ്ടെങ്കിൽ ശുദ്ധമായി വെളളം പിടിച്ചുവെക്കാൻ കഴിയും. ഇതുപോലൊരു ഓട്ടുകരണ്ടി എടുക്കാനും വെക്കാനും എന്തു സൗകര്യമാണ്. ചിത്രപ്പണിയുളള ഈ കോപ്പ എന്തു ചന്തമാണ്! പിന്നെ ഉയർന്ന കാതുളള ഈ ഉരുളി നോക്കു, പായസം വെക്കാൻ അസ്സലാണ്, അല്ലേ? ചെറിയ കിണ്ടി കുറച്ചെണ്ണം വേണം. ലക്ഷ്മീപൂജയ്ക്ക് ആവശ്യം വരും. വ്യാഴാഴ്ചതോറും ലക്ഷ്മീപൂജയുണ്ടല്ലൊ. സോനേച്ചിയ്ക്കും സുന്ദരേച്ചിയ്ക്കും സന്തോഷമാവും കിട്ടിയാൽ. ഗംഗാജലം കൊടുക്കാനും കൊണ്ടുപോകണം കുറച്ചു മുരുടകരം. ഇതും വേണം എനിക്ക് കുറച്ചു ഡജൻ; രണ്ടു മച്ചുനത്തിമാർ, ടുനി, കിരൺ, അമ്മായിഅമ്മ, തറവാട്ടിലും കൊടുക്കണം ഒന്ന്.' കണക്ക് കേട്ടപ്പോരം പാത്രക്കടയിൽ പിന്നെ നിൽക്കാൻ ധൈര്യം തോന്നിയില്ല. വലിച്ച് വലിച്ച് വലിയേച്ചിയേയുംകൊണ്ട് മുമ്പിലുളള ഇടുക്കുവഴിയിൽ കടന്നു. ഇടുങ്ങിയതെന്നു പറഞ്ഞാൽ മതിയോ—ഓ, എന്തൊരിടുക്കം! മൂന്നാരംക്ക് വശംചേർന്ന് നടക്കാനൊക്കില്ല. ഇങ്ങിനെ പീടിക ഇടതിങ്ങിയ ഇടുക്കുവഴികരം കണ്ടിട്ടുളളത് ഡൽഹിയിലെ ചാന്ദ്നിചൌക്കിലും കാശിയിലെ വിശ്വനാഥക്ഷേത്രത്തിലേയ്ക്കുളള വഴിക്കുമാണ്. ഇരുവശത്തേക്കും നോക്കിക്കൊണ്ട് പതുക്കെപ്പതുക്കെ നടന്നുനീങ്ങാൻ, അഥവാ നടന്നുകൊണ്ട് നോക്കിക്കാണാൻ, നല്ല രസമുണ്ട്. മുഴുവൻ ദിവസവും വേണമെങ്കിൽ ഇങ്ങിനെ കഴിച്ചുകൂട്ടാം. നടന്ന് നടന്ന് ഇടവഴിയുടെ അററത്തെത്തി. ഇവിടെ ഞങ്ങളെല്ലാംതന്നെ പുതുക്കക്കാരാണ്, പട്ടണത്തിൻെറ ഏതു ഭാഗത്താണ് വന്നുപെട്ടതെന്ന് ആർക്കും അറിഞ്ഞുകൂടാ.

പിറകെ അടുത്തുനിന്ന് ദം ദം ഝം ഝം എന്ന് ചെണ്ടയും ബാൻറും മുഴങ്ങുന്നത് കേരംക്കായി. അന്നത്തെപ്പോലെ മററൊരു എഴുന്നളളത്താവണം. ശബ്ദം ലക്ഷ്യമാക്കി അങ്ങോട്ടേക്ക് ഓടി. എഴുന്നളളത്തിന്നുളള ഒരുക്കംതന്നെ. വഴി ഒഴിച്ചിട്ടിരിക്കുന്നു, ആളുകളുടെ പോക്കുവരവ് കുറവ്; കുതിരവണ്ടിയും റിക്ഷയും യാത്രക്കാരോടൊപ്പം

വഴിയുടെ ഇരുവശത്തെ മതിലിനോട് ചേർന്ന്നിൽക്കുന്നു. പോലീസുകാർ ഓരോ മിനുട്ടും വിസിലടിച്ചുകൊണ്ട് കാവൽനിൽക്കുന്നു. തിങ്ങിക്കൂടിയ ആളുകളെ ഒതുക്കാൻ ലാത്തിവീശുന്നു.

ഏട്ടൻ ചോദിച്ചു: 'ഇതാരുടെ എഴുന്നള്ളത്താണ്?'

പോലീസുകാരൻ പറഞ്ഞു: 'ഹരിഹര മഠത്തിലെ മണ്ഡലേശ്വരൻെറ. കാശിയിൽനിന്നാണ് വരുന്നത്—ഈ വഴിക്കാണ് പോകുന്നത്.'

അദ്ദേഹംതന്നെ—അന്ന് ആ കറുത്ത വൃദ്ധ സന്യാസി ഞങ്ങളോട് പറഞ്ഞ അദ്ദേഹം. സേവാശ്രമത്തിന്നടുത്തുതന്നെ. മനസ്സിൽ സന്തോഷം തോന്നി—നമ്മുടെ സ്വന്തം ഒരു സംഘം വരുന്നതായിത്തോന്നി. അതങ്ങ് വിചാരിക്കുമ്പോഴേക്കും വെള്ളപ്പൊക്കം പോലെ ഹു ഹു എന്ന് വന്നെത്തി എഴുന്നള്ളത്ത് വഴി മുഴുവൻ നിറച്ചു. അതുതന്നെ—അതുപോലെതന്നെ—മുമ്പിൽ പോകുന്നത് ബാൻറ് പാർട്ടി, അതിന്നു പിന്നിൽ സ്വർണ്ണക്കസവ് പിടിപ്പിച്ച ചെമ്പട്ട് പുതച്ച് ചുമലിൽ വെള്ളിദണ്ഡുമായി സന്യാസിമാരുടെ സംഘം; അതിന്നു പിന്നിൽ നാനാലങ്കാരഭൂഷിതമായ രണ്ട് കൊമ്പനാന—ഉയർന്ന കൊടിക്കാലും പുറത്തേററി നിറംപിടിപ്പിച്ച അമ്പാരിപ്പുറത്ത് വെള്ളിസിംഹാസനത്തിന്മേൽ തിടമ്പും മേശ്ശാന്തിയുമായി. കൊടിക്കാലിന്നു മുകളിൽ വഴിയുടെ ഇരുവശത്തേയും മൂന്നും നാലും നിലയുള്ള കെട്ടിടങ്ങളെ തലോടിക്കൊണ്ട് കൊടിക്കൂറ പാറിക്കളിക്കുന്നു. കൊടിക്കാലിന്മേൽ കെട്ടിയ കമ്പക്കയർ ഒരേപോലെ വലിച്ചു പിടിച്ച് ഇരുവശത്തും ഓരോ കൂട്ടം ആളുകൾ ആനയുടെ കാല് തൊട്ടുംകൊണ്ട് നടക്കുന്നുണ്ട്. വീഴുമെന്ന് പേടിക്കാനില്ല. അതിന്നു പിറകെ കൂട്ടംകൂട്ടമായി നാഗസന്യാസിമാർ; അവർക്കു പിറകെ, കനത്ത ദണ്ഡോടെ, പൂമാല ചുററിയ, വെള്ളിപ്പല്ലക്കിൽ ഇരുപതു ജോഡി ചുമലിന്മേൽ മണ്ഡലേശ്വരൻ. വമ്പിച്ച ഘോഷം—ചടങ്ങൊപ്പിച്ച്. സിൽക്കു തലപ്പാവും വേഷ്ടിയും കാററിൽ പറക്കുന്നു. കണ്ണടച്ചില്ലിന്മേൽ വെളിച്ചം തട്ടി ചിതറുന്നു, കൈയിലെ വെള്ളത്തൂവാലകൊണ്ട് നെററിയിലെ വിയർപ്പൊപ്പിക്കൊണ്ടിരിക്കുന്നു; അതിഗംഭീരമായ മുഖം—ചെണ്ടുമല്ലികമാലയുടെ പകിട്ടും ഉടുവസ്ത്രത്തിൻെറ കുങ്കുമാഭയും ചേർന്ന് വിളങ്ങുന്ന ഒരു രൂപം.

കുറച്ചു ചെന്നാൽ മായാദേവിയുടെ അമ്പലമായി. എഴുന്നള്ളത്ത് അവിടെ നിന്നു. അവിടത്തെ മേശ്ശാന്തി ചെന്ന് മണ്ഡലേശ്വരനെ സാദരം താഴത്തിറക്കി. മായാദേവീക്ഷേത്രത്തിൻെറ മുൻവശത്തെ മുററ

ത്തിൻെറ ഒരു ഭാഗത്തുള്ള ഉയർന്ന തറയിൽ ദത്താത്രേയൻെറ പാദുക— മണ്ഡലേശ്വരൻ നേരെ തറയുടെ പടിമേൽ ചെന്നുനിന്നു. പൂജാരി കൊമ്പ്‌വിളിച്ചു. ഒരുമിനുട്ട്, രണ്ടുമിനുട്ട്, മൂന്നുമിനുട്ട്—മണ്ഡലേശ്വരൻ താഴെയിറങ്ങി. ഇത്തവണ നേരെ വേദിയ്ക്കു തുല്യമായ മണ്ഡപത്തിലേക്കാണ് എഴുന്നള്ളിയത്. മുറിപോലെത്തന്നെ അധികവും; മുൻവശം തുറന്നിട്ടാണ്. അവിടേയ്ക്ക് ചെന്ന് മണ്ഡലേശ്വരൻ പീഠത്തിന്മേൽ വിരിച്ച പരവതാനിമേൽ ഒന്ന് ഇരുന്ന ഉടനെ പുറത്തേക്ക് വന്നു. പതിവ് നിറവേററുകയാണ് കാര്യം, വൈകിച്ചിട്ടെന്ത് ലാഭം? കുംഭത്തിന്ന് വരുന്ന ഇവരെല്ലാംതന്നെ ആദ്യം മായാദേവീക്ഷേത്രത്തിൽ ഋഷിശ്രേഷ്ഠനായ ദത്താത്രേയനെ വന്ദിച്ചിട്ടാണ് താന്താങ്ങളുടെ ആസ്ഥാനങ്ങളിലേക്ക് ചെല്ലാറ്.

ഇത്തവണ പല്ലക്കിൻെറ പിന്നാലെ ഉത്സാഹംപൂണ്ട സാധാരണക്കാരുടെ പട—പട്ടണം തകർത്തുകൊണ്ടെന്നപോലെ ഇവരുടെ പിറകെ പോകയാണ് കുട്ടികളും കിഴവന്മാരും പെണ്ണുങ്ങളും ആണുങ്ങളും ഉന്തിത്തള്ളിക്കൊണ്ട്. ഞങ്ങൾക്കും സേവാശ്രമത്തിലേക്ക് പോകേണ്ടത് ഈ വഴിയിലൂടെത്തന്നെ. എത്ര നേരംകൊണ്ടാണ് തിരക്കൊഴിയുക, എപ്പോഴാണ് പോവുക. അവിടെയാണെങ്കിൽ ഘടികാരമൊപ്പിച്ചുള്ള ഭക്ഷണസമയം കഴിഞ്ഞുപോകരുത്, സ്വാമിജിമാർക്ക് ബുദ്ധിമുട്ടാവരുത്. ആലോചനയിൽ മുഴുകിക്കൊണ്ട് കുറേശ്ശക്കുറേശ്ശയായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. എത്രനേരം കഴിഞ്ഞുവെന്നറിയില്ല. കഴുത്ത് കുനിച്ചുകൊണ്ടാണ് നടന്നിരുന്നത്; കഴുത്തിൽ വേദനയായതുകൊണ്ട് മുഖമുയർത്തിയപ്പോൾ കണ്ടു, വഴിത്തിരിവിൻെറ തലപ്പത്തുള്ള മുള്ളുകമ്പിവേലിയുടെ അങ്ങേവശത്തുനിന്ന് ഒരു കൂട്ടം പഞ്ചാബിപ്പെണ്ണുങ്ങൾ ദൂരെനിന്നുതന്നെ ഇരുകൈയും കൂപ്പി ഞങ്ങളുടെ നേർക്ക് ഭക്തിപൂർണ്ണമായ നമസ്കാരമർപ്പിയ്ക്കുന്നു, വീണ്ടും വീണ്ടും.

എന്തിന് ഞങ്ങളെ? അമ്പരന്നുപോയി. മുമ്പിലും പിമ്പിലും നോക്കി. മുമ്പിൽ നാഗന്മാർ, പിമ്പിൽ നാഗന്മാർ, മനസ്സിലായോ ആയി നടന്ന്‌നടന്ന് ആൾത്തിക്കിൻെറ തള്ളലിൽ എപ്പൊഴോ ഇവരുടെ കൂട്ടത്തിൽ കടന്നുപോയിരിക്കുന്നു. കമ്പിളിവസ്ത്രമണിഞ്ഞ്, സദ്യസ്നാതയായി ചന്ദനതിലകചർച്ചിതമായ കമണ്ഡലുവും കൈയിലേന്തി വലിയേച്ചി; ഇന്ന് കാലത്ത് കുളക്കടവിലേക്കുള്ള വഴിക്കുനിന്ന്, ഗംഗാജലം കൊണ്ടുവരാൻ വാങ്ങിയതാണത്. വീട്ടിൽ സൂക്ഷിക്കും, ആവശ്യംപോലെ കിടക്കയിലും മററും തളിക്കും, അല്ലെങ്കിൽ മനസ്സ് പവിത്രമായി തോന്നുകയില്ലത്രെ. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു,

ആ പെൺപട അപ്പോഴും വീണ്ടും വീണ്ടും കൂപ്പുകയ്യുകൾ നെററിയിൽ മുട്ടിക്കുന്നു, കൈക്കുമ്പിൾ നീട്ടി ഞങ്ങളോട് കൃപാഭിക്ഷ യാചിക്കുന്നു.

നന്നെ പണിപ്പെട്ട് ഒരുപാട് ഉന്തും തള്ളും കഴിഞ്ഞ് സംഘത്തിൽനിന്ന് വേർപെട്ട് പുറത്തുകടന്നു. വഴി തെററിപ്പോവാതിരിപ്പാൻ ഏട്ടൻ കണ്ണുവെച്ച് അൽപം വിട്ട് നടന്നിരുന്നു. ഇപ്പോൾ സൗകര്യം കിട്ടി അടുത്തുവന്ന്, പറഞ്ഞു: 'എപ്പൊഴേ തിരിച്ചുവന്നത്? ഞാനാണെങ്കിൽ ആശതന്നെ വെടിഞ്ഞിരുന്നു നിങ്ങളുടെ മട്ടും മാതിരിയും കണ്ടിട്ട്.'

ഇന്ന് ഗംഗാജലം വളരെ സ്വച്ഛമാണ്. രണ്ടുനാൾകൂടി കഴിഞ്ഞാൽ ഇനിയും തെളിയുമത്രെ—അടിത്തട്ടിലെ കല്ലുകൾ സ്പഷ്ടമായി കാണാറാകുമത്രെ. പിന്നെ എന്തൊരു മീനാണ്—ഇന്ന് കുറച്ചധികം കാണാനുണ്ട്! ആയിരമായിരം മീനുകളുടെ ബഹളം കാണാം ഇവിടെ. കുളിക്കാനിറങ്ങീട്ട് അന്ന് കലക്കുവെള്ളത്തിന്റെ അടിയിൽനിന്ന് മീനിന്റെ കുത്തേററിരുന്നു. കൂററൻ കൂററൻ മീനുകൾ—കറേയൊക്കെ ചെമ്പല്ലിമീൻപോലെതന്നെ, പക്ഷെ ചെമ്പല്ലിയേക്കാൾ വണ്ണം കുറഞ്ഞതാണ്. 'മാസോൻ' മീനെന്നാണ് ഇവിടത്തുകാർ ഇതിനെ പറയുന്നത്. ചെറിയ കുട്ടികൾ പിച്ചളത്തളികയിൽ ഗോതമ്പുമാവുണ്ടകളുമായി തിരിക്കുന്നു; ഒരു പൈസക്ക് എട്ടെണ്ണം പത്തെണ്ണം—യാത്രക്കാരനെ നോക്കി. ആ ഉണ്ടകൾ ഗുളുഗുളുവെന്ന് വെള്ളത്തിലെറിഞ്ഞ് മണിക്കൂറുകളോളം ഏകാഗ്രമനസ്സോടെ മത്സ്യങ്ങളുടെ കളിയും കണ്ടിരിക്കാം.

നടന്ന് നടന്ന് പാലം കടന്ന് അക്കരെ പററി. വിശേഷപ്പെട്ടൊരു കാഴ്ചയാണ് അവിടെനിന്ന് ഇക്കരയുടെ—ഹരിദ്വാരത്തിന്റെ. പർവ്വതത്തിന്റെ മടിത്തട്ടുരുമ്മി നിരനിരയായി ഒന്നാംതരം കെട്ടിടങ്ങൾ, അവയുടെ മടിത്തട്ടിലൂടെ കളകളയെന്ന് ഗംഗ ഒഴുകിപ്പായുന്നു—ചിലതിന്റെ കോണിപ്പടികൾ മുക്കിക്കൊണ്ട്, ചിലതിന്റെ വരാന്ത നനച്ചുകൊണ്ട്, ചിലതിന്റെ അകത്തേക്ക് എത്തിനോക്കിക്കൊണ്ട്. അക്കരെനിന്ന് അതിന്റെ കളി കണ്ടിട്ട് മനസ്സ് ആഹ്ളാദംകൊണ്ട് തിരതല്ലുകയാണ്. അക്കരെ പടുകൂററൻ മരങ്ങളുടെ തണലിലെ പച്ചപ്പുല്ലു മൂടിയ മിനുത്ത മണ്ണ് ഒരാശ്രയമായി നീലധാരയെ ഗംഗയുടെ കൈയിൽനിന്ന് മറച്ചുവെച്ചിരിക്കുന്നു.

ഇവിടെനിന്നാണ് ഗംഗയുടെ മുഖം തിരിച്ച് അതിനെ നിയന്ത്രിച്ച് പട്ടണത്തിന്റെ മാറിലൂടെ കൊണ്ടുപോയിരിക്കുന്നത്. അടഞ്ഞ കൂററൻ മരവാതിലുകൾക്കിടയിൽ കുതിച്ചൊഴുക്ക് സ്തബ്ധമായിരിക്കുന്നു. ആവശ്യമനുസരിച്ച് ഒന്നോ രണ്ടോ വാതിൽ തുറക്കും: ഗംഗയുടെ ദാക്ഷിണ്യത്താൽ കുറച്ചു ദിവസത്തേക്ക് നീലധാര നിറയും. ആഹ്ളാദവതിയും അഭിമാനവതിയുമാണ് ഗംഗ—വിഭജനം പൊറുക്കില്ല, അവളുടെ പ്രാധാന്യമാണ് ഏറെ. സമ്പത്തില്ലാതെ ഒഴിഞ്ഞ കൈയുമായി നീലധാര അടുത്തുതന്നെ വീണുകിടക്കുന്നു—ചളിപുരണ്ട ഉണങ്ങിയ ചരൽക്കല്ലുകളും മാറിലണിഞ്ഞുകൊണ്ട്—ആത്മവിസ്മൃതനായ മഹാദേവൻ ഭസ്മം പൂശി അനന്തമായ ആകാശത്തേക്ക് നോക്കി കിടക്കുംപോലെ. ചാരനിറത്തിലുള്ള മണൽത്തിട്ടിൽ ഉണങ്ങിയ പുൽക്കൊടികൾ—എല്ലാററിലുംതന്നെ സന്യാസിമാരുടെ ഉടലിലെ രൂക്ഷവർണ്ണവും ത്യാഗവായ്പും ഉള്ളതുപോലെ. കല്ലിൻകഷണങ്ങൾ ഹിമാലയഗാത്രത്തിൽനിന്ന് എപ്പൊഴോ ഉരുണ്ടുരുണ്ടു ഇവിടെ വന്നു വീണിരിക്കുന്നു, ഉരുണ്ട് ഒരേ ആകൃതിയിൽ. വലിയേച്ചി പറഞ്ഞു, 'കണ്ടോ, ആരോ ഇവ പണിതുണ്ടാക്കി ചിട്ടപ്പെടുത്തിവെച്ചതു പോലെ തോന്നുന്നു.'

നീലധാരയുടെ അപ്പുറം നീലാകാശത്തോടുരുമ്മുന്ന നീലപർവ്വതനിരകൾ. എന്തൊരു ഗംഭീരവും ശാന്തവുമായ ചുററുപാട്! ആളുകൾ ഇതിനെ തപോഭൂമിയെന്നാണ് വിളിക്കുന്നത്. തപോഭൂമി തന്നെ. ഈ നീലിമയുടെ ആകർഷണം മനസ്സിനെ എങ്ങോ വലിച്ചു കൊണ്ടുപോകുന്നു; തിരിച്ചു കൊണ്ടുപോരാൻ തോന്നുന്നില്ല ഒട്ടും. പട്ടണത്തിന്റെ നൂലിനെയെന്നപോലെ മനസ്സിന്റെ നൂലിനെ ചുററിൽ നിന്ന് അഴിച്ചുയർത്തിക്കൊണ്ടേയിരിക്കാൻ തോന്നുന്നു.

ഗംഗയുടെ അക്കരെ ആൾക്കൂട്ടം, ഇക്കരെ ശാന്തം. അക്കരെ മാളികനിര, വെയിലിന്റെ കാഠിന്യം; ഇക്കരെ മരത്തണൽ, കിളികളുടെ കളകളശബ്ദം; അക്കരെ വീടുതോറും വെളിച്ചം മിന്നിത്തിളങ്ങുന്നു, ഇക്കരെ മനംകവരുന്ന കൊച്ചു പുല്ലിൻതലപ്പുകളുടെ ഇരിപ്പിടം വഴി പോക്കരെ പിടിച്ചുനിർത്തുന്നു.

ഏട്ടൻ പറഞ്ഞു: എത്രയെത്ര മഹാപുരുഷന്മാരുടെ സാധനയാണ് ഈ തപോഭൂമിയിൽ. എത്ര യുഗങ്ങളായി നടന്നുവരുന്നു അത്. അവരുടെ ആ സാധനയുടെ പ്രഭാവം എവിടെ പോകാനാണ്? വായുവിൽ ലയിച്ചുകിടപ്പുണ്ട്.' ഞാനാലോചിച്ചു, ആ പ്രഭാവം എല്ലാവരേയും ഒന്നിളക്കുകയാണോ?

അക്കരെ അമ്പലംതോറും ദീപാരാധനയുടെ മണിമുഴങ്ങുകയാണ്. ഇക്കരെവിട്ട് പതുക്കെ പതുക്കെ അങ്ങോട്ട് നടന്നു. ബ്രഹ്മകുണ്ഡം തൊട്ട് അരനാഴികയോളം ഗംഗയുടെ മാറിൽ കെട്ടിപ്പടുത്ത വിസ്തൃതമായ പാലം.

പച്ചിലപ്പൊതിയിൽ നിറച്ച വർണ്ണപ്പൂക്കളുടെ നടുക്ക് നെയ്യൊഴിച്ച മൺചിരാതുകൾ കൊളുത്തി സ്ത്രീപുരുഷന്മാർ ഗംഗയിലൊഴുക്കുന്നു. ചിലർ ഒഴുക്കുന്നത് ഗംഗാമാതാവിന്റെ പേരിൽ, ചിലർ ഒഴുക്കുന്നത് പിരിഞ്ഞുപോയ പ്രിയമുഖമോർത്ത്. പിറകെപ്പിറകെ അവ ഒഴുകിപ്പോകുന്നു. ഒഴുക്കിൻമുഖത്തുവെച്ച് മങ്ങിയ ദീപനാളങ്ങൾ കൺവെട്ടത്തുനിന്ന് മറയുന്നു. നെടുവീർപ്പ് വിട്ട് മുഖം തിരിച്ച് മിണ്ടാട്ടമില്ലാതെ കരയ്ക്കു കേറുന്നു. അതികരുണം, അതിമധുരം ഈ ദൃശ്യം. വല്ലവരുടേയും പൂക്കൂട തടയപ്പെട്ടുപോയാൽ, തിരി കൺവെട്ടത്തുവെച്ച് കെട്ടുപോയാൽ, മനസ്സിൽ നൊമ്പരം തോന്നും, അടക്കിനിർത്തിയ ആശങ്കയാൽ ആകുലരായി നിശ്ശബ്ദരായി എഴുന്നേൽക്കും.

വലിയേച്ചി രണ്ടു കയ്യിലും ഓരോ പൂക്കൂട എടുത്ത് പറഞ്ഞു, 'കഴിഞ്ഞ തവണ വന്നപ്പോൾ കൊടുത്തത് ''അതിന്റെ'' പേരിലായിരുന്നു, ഇത്തവണ ഒന്നുകൂടി വർദ്ധിച്ചു. ഇല്ല, ഇനി കൊടുക്കില്ല.' ഇതുംപറഞ്ഞ് വലിയേച്ചി ഒരു കൂട കയ്യിൽവെച്ച് മറേറത് തലയിൽ മുട്ടിച്ച് വെള്ളത്തിലിറക്കി; കൈക്കുമ്പിൾകൊണ്ട് വെള്ളത്തിൽ അലകളിളക്കി കൂട ഒഴുക്കിക്കൊണ്ട് പറഞ്ഞു: 'ഗംഗാമാതാവിന്റെമാത്രം പേരിലാണ് ഇത്തവണ ഒഴുക്കിയത്.'

മായാദേവീക്ഷേത്രം, മായാപുരി എന്ന് പേര്; സപ്തപുരിയിൽ ഒരു പുരിയാണ്, പീഠസ്ഥാനവുമാണ്. അന്ന് പുറത്തുനിന്ന് അതൊക്കെ കണ്ടിരുന്നു, ദേവിയെ ദർശിച്ചിരുന്നില്ല. ഇന്ന് ദർശിക്കണം. അമ്പലത്തിന്നുള്ളിലെ ദേവീദേവന്മാരുടെ മേലാണ് ചേച്ചിക്ക് അധികം താത്പര്യം. ഇപ്പോൾ മുതലേ ഒന്നൊന്നായി ദർശനം കഴിച്ചില്ലെങ്കിൽ പിന്നീട് 'ഈശ്വരനെയോ കാണുന്നത് മനുഷ്യനെയോ കാണുന്നത്'' എന്ന മട്ടിൽ കോലാഹലമാവും ആൾക്കൂട്ടം കാരണം. മൺതറക്കു മേലെ ചെറിയൊരമ്പലം. മുമ്പ് ഇതിലും ചെറുതായിരുന്നുപോലും. കൂടെ വന്ന സ്വാമിജിക്ക് മനസ്സിലാക്കാൻതന്നെ കഴിഞ്ഞിരുന്നില്ല, ഇതുതന്നെയാണോ ആ അമ്പലമെന്ന്. 'വളരെ നാൾ മുമ്പ് വന്നതാണ്, പിന്നീട് വന്നിട്ടില്ല; പക്ഷെ അന്ന് ഇങ്ങിനെയായി

രുന്നില്ല. ഒന്നു നിൽക്കൂ, അന്വേഷിച്ചുവരാം.' എന്ന് പറഞ്ഞ് അദ്ദേഹം അടുത്തുതന്നെ ഉണ്ടായിരുന്ന 'നടയിൽ തവണക്കാര'നോട് ചോദിക്കാൻ പോയി.

ഒരു ഭക്തൻ അമ്പലം വലത്തുവെക്കാൻ നാലമ്പലം പണി കഴിപ്പിച്ച് അൽപം വലിപ്പം വെപ്പിച്ചിട്ടുണ്ടായിരുന്നു. തവണക്കാരൻ പറഞ്ഞു: 'സേട്ടുവിന്ന് എന്ത് ചെയ്തിട്ടും സുഖക്കേട് ഭേദമായില്ല. അപ്പോൾ ഒരു വഴിവാട് നേർന്നിട്ടുണ്ടായിരുന്നു. സുഖക്കേട് മാറിയപ്പോൾ ഇരുപത്തയ്യായിരം ഉറുപ്പിക ചിലവാക്കി, ഈ അമ്പലത്തിന് ചുററമ്പലം കെട്ടിച്ചു. പിന്നെ ചുമരിൽ കാണുന്ന ഈ ദശമഹാവിദ്യയുടെ ചിത്രമുണ്ടല്ലൊ, ബംഗാളിലെ ഏതോ ചിത്രകാരനെ വരുത്തി എഴുതിച്ചതാണ്.'

കേട്ടിട്ട് അഭിമാനം തോന്നി; നോക്കിക്കണ്ടു. ദശമഹാവിദ്യയുടെ ദശാംഗങ്ങളുടെ തൂലികക്കോറൽ കണ്ണിൽ ശൂലം തറക്കുന്നു. ബംഗാളിലെ പരിചയമില്ലായിരുന്നെങ്കിൽ ഒരുവേള ഇത്രയ്ക്ക് ആവില്ലായിരുന്നു.

വലിയേച്ചി വിളിച്ചു: 'ഇങ്ങോട്ട് വരൂ, ദേവീദർശനം കഴിച്ചു പോകൂ.' ദേവിയാണെങ്കിൽ ഉള്ളിൽ മൂന്നുനാലുപേരുണ്ട് ഒരേ വരിയിൽ. ഏതാണ് മായാദേവി? തവണക്കാരൻ കൈവിരൽ ചൂണ്ടിക്കാട്ടി: 'അതാ ആ നടുക്കുള്ളതാണ് മായാദേവി.'

മായാപുരിക്കടുത്തുതന്നെയാണ് ഗീതാഭവനം. പുതിയ കെട്ടിടം ഏഴെട്ടുമാസംമുമ്പെ പൂർത്തിയായതേയുള്ളു. അകത്ത് സംഗീതവും ഗീതാപാരായണവും നടക്കുകയാണ്. പുറത്ത് ഉച്ചഭാഷിണിയാൽ ചുററുപാടു മുഴുവൻ മുഗ്ദ്ധമാവുന്നു. കടക്കുമ്പോൾത്തന്നെ വലിയൊരു ഹാൾ തറയോട്ചേർന്ന് തടിച്ച പരവതാനി വിരിച്ചിരിക്കുന്നു: ഇരിക്കാൻ നല്ല സുഖം, വിശേഷിച്ച് തണുപ്പുകാലം. ഹാളിൻെറ ആതലക്ക് വെണ്ണക്കല്ലുകൊണ്ടുള്ള ആൾവലിപ്പത്തിലുള്ള വിഷ്ണുവിഗ്രഹം, ചിരിക്കുന്ന കണ്ണുകൾ—ആധുനികശിൽപിയുടെ സൃഷ്ടിയാണ്. ഹാളിൻെറ ചുമരിന്മേലുമുണ്ട് പുരാണകഥകളെ വിഷയമാക്കിക്കൊണ്ടുള്ള ചിത്രങ്ങൾ. ചിലത് ചുമർ ചിത്രമാണ്; ചിലത് വിള്ളലുകളിൽ ചുകപ്പും നീലയും ചായം വലിച്ച റിലീഫ് പണിയും. ഒററനോട്ടത്തിനുതന്നെ തിരിച്ചറിയാം.

നേരം ഇരുട്ടിത്തുടങ്ങി. വേഗം മടങ്ങണം. പിൻവശത്തെ വററിയ ചാലിന്മീതെക്കൂടിയുള്ള കുറുക്കുവഴി പിടിച്ചു. ഗവർമ്മെണ്ടു

വക ഇവിടെ ഗംഗയിൽനിന്ന് വലിയ വലിയ മരത്തടികഠം പിടിച്ച് കൂട്ടിവെച്ചിട്ടുണ്ട്. ലക്ഷ്മൺത്ധോലയുടെ അങ്ങേ ഭാഗത്തെ കാട്ടിൽ നിന്ന് വെട്ടിവീഴ്ത്തി ഗംഗയിലേക്കെറിയും, ഒഴുക്കിൽപ്പെട്ട് അവ ഒഴുകിയൊഴുകി നേരെ ഈ വഴിക്ക് വന്നണയും.

നടക്കുന്നതിന്നിടക്ക് മരത്തടികളിൽ കാലുമുട്ടി വീണ്ടും വീണ്ടും മുട്ടുകുത്തിവീഴുന്നു. മുള്ളുനിറഞ്ഞ ഒരു കാട്ടുമരത്തിൻെറ ചുവട്ടിൽ ഇത്തിരി ഒഴിവുള്ള സ്ഥലത്ത് തീകൂട്ടി ദൃഢഗാത്രനായ ഒരു സന്യാസി ഇരിപ്പുറപ്പിച്ചിട്ടുണ്ടായിരുന്നു. ചുകന്ന കോട്ടിട്ട ഒരു ഹിന്ദുസ്ഥാനി ചെറുപ്പക്കാരൻ കാൽക്കൽ വീണ് കാത്തുകെട്ടിക്കിടപ്പുണ്ടായിരുന്നു. സന്യാസി കൈവീശി അയാളോട് പറകയാണ്: 'ദൈവങ്ങളേയും ദുർദ്ദൈവങ്ങളേയും മുഴുവനും പാട്ടിലാക്കാം; ശനിയേയും രാഹുവേയും കേതുവിനേയും അടിച്ചു പൊടിപൊടിയാക്കാം. ലക്ഷ്മിയുടെ കാല് തളച്ച് പശുവെപ്പോലെ കുററിയിൽ കെട്ടിയിടാം. എന്തും ചെയ്യാം. പക്ഷെ ആദ്യം ചെലവ് വഹിക്കണം, പിന്നെയല്ലേ ഫലം കിട്ടു?'

ഹംസദേവാവധൂതൻ വന്നിട്ടുണ്ട് കുംഭത്തിന്; സപ്തസരോവരത്തിൻെറ തീരത്താണ് താമസം. വലിയേച്ചി പറഞ്ഞു: 'സിദ്ധപുരുഷനാണ് അദ്ദേഹം. വളരെ പ്രശസ്തനാണ്. അദ്ദേഹത്തെ കാണുന്നത് ഒരു ഭാഗ്യമാണ്.

ഹരിദ്വാരം കടന്ന് പട്ടണത്തിന്ന് തൊട്ടാണ് സപ്തസരോവരം. നേർവഴി ഒന്നുപോലുമില്ല. മുമ്പേ പോയവരിൽനിന്ന് കേട്ടു, കുതിര വണ്ടി നിർത്തി വളരെ നേരം കാൽനടയായി പോകണമെന്ന്.

കുഴഞ്ഞുമറിഞ്ഞ കൂലിക്കണക്ക് കൂട്ടലൊക്കെ കഴിഞ്ഞശേഷം കുതിരവണ്ടിക്കാരൻ കൊണ്ടുപോകാമെന്ന് സമ്മതിച്ചു. നട്ടുച്ചയ്ക്ക് തലയ്ക്കു മുകളിൽ നട്ടപ്പൊരിയുന്ന വെയിലുമായി സിദ്ധിദാതാവായ ഗണപതിയുടെ നാമവും സ്മരിച്ച് ഞങ്ങഠം ഇറങ്ങിപ്പുറപ്പെട്ടു.

പട്ടണംവരെ വണ്ടി ശരിക്ക് പോയി; അതിന്നപ്പുറംതന്നെ തുടങ്ങി, കുണ്ടും കുഴിയുമായ നാട്ടുവഴികഠം: ചിലത് നടന്നുപോകേണ്ടത്, ചിലത് കാളവണ്ടി പോകുന്നത്—വെള്ളവും ചളിയുംകൊണ്ട് വഴുവഴുപ്പായി; ചിലതിലാകട്ടെ ഈരണ്ടടി വിട്ട് പുല്ലും ചളിക്കുണ്ടും.

വണ്ടിക്കാരന്ന് വഴിയറിഞ്ഞുകൂട. അത് നേരെയാക്കാമെന്നാണ് അയാരം പറഞ്ഞിരുന്നത്. വഴി മനസ്സിലാക്കാൻ ഒട്ടും പ്രയാസമുണ്ടാവില്ലെന്നാണ് കരുതിയിരുന്നത്. വണ്ടിക്കാരന്ന് ഈ പട്ടണത്തിൽ പരിചയമില്ല. ഇവർ ഏതാണ്ട് മുഴുവൻപേരും അപ്പടിതന്നെ. പടിഞ്ഞാറൻ പാക്കിസ്ഥാനിൽനിന്ന് വന്ന അഭയാർത്ഥികളാണ്. പലരും മുമ്പ് നല്ല നല്ല ജോലികരം ചെയ്തിരുന്നവരാണ്. ഇവിടെ വന്നിട്ട് ഈ വ്യവസായമാണ് തുടങ്ങിയത്—കൈനീട്ടി ഇരന്നുവാങ്ങി തിന്നുന്നതിന്നു പകരം.

നല്ല അന്തസ്സ് പുലർത്തുന്നവരാണ് ഇവർ; ഇത്രയും നാരം ഇവരുടെ കൂടെ സഞ്ചരിച്ചിട്ട് കണ്ടറിഞ്ഞതാണല്ലൊ. ഏട്ടനാകട്ടെ, വണ്ടിയിൽ കേറിയ ഉടനെ വണ്ടിക്കാരൻെറ അടുത്ത് ഇരുന്ന് വർത്തമാനം തുടങ്ങി. ആദ്യംതന്നെ ചോദിച്ചു: 'എവിടുന്നാണ് വരുന്നത്? കുഞ്ഞുങ്ങളേയും കുട്ടികളേയും കൂട്ടീട്ടാണോ വന്നത്, അതോ അവർ നാട്ടിൽത്തന്നെയാണോ?'

കുഞ്ഞുങ്ങളുടെയും കുട്ടികളുടെയും കഥ തുടങ്ങിയാൽ മതി, വർത്തമാനം കൊണ്ടുപിടിക്കുകയായി; പല പല ദു:ഖങ്ങളുടെ കഥ—വഴി മുഴുവൻ മനസ്സ് സഹാനുഭൂതികൊണ്ട് നിറയും. ഇറങ്ങുമ്പോരം യാത്ര പറയുന്ന സുഹൃത്തിൻെറ കരുണസ്വരമായിരിക്കും കൺഠത്തിൽ.

ഇതാ ഇന്നലെയാണ് ഒരു കുതിരവണ്ടിയിൽ കയറിയത്. ഏട്ടൻ വണ്ടിക്കാരൻെറ കൂടെ പതിവുപോലെ വർത്തമാനം തുടങ്ങിയിരിക്കുകയാണ്. സുന്ദരനും ആരോഗ്യവാനുമായ പുരുഷൻ, എണ്ണമയമിത്ത തലമുടി, ദേഹത്തിൽ കീറിയ കോട്ട്; വർത്തമാനത്തിന്നിടക്കിടക്ക് ഇംഗ്ലീഷ് പറയും; നല്ല ഉച്ചാരണം. അതിർത്തിയിലെ വലിയൊരാപ്പീസിൽ ഹെഡ് ക്ളാർക്ക് ആയിരുന്നു അയാളെന്ന് അറിയാൻ കഴിഞ്ഞു. അയാരം പറഞ്ഞു: എന്ത് ചെയ്യാനാണ്! ഭാര്യക്കും കുട്ടികരംക്കും ഉണ്ണാൻ കൊടുക്കണ്ടേ??' ഇവിടെ ആർ ആർക്ക് ജോലി കൊടുക്കാനാണ്? കയ്യിലുണ്ടായിരുന്ന പണം കൊണ്ട് ഈ വണ്ടിയും കുതിരയും വാങ്ങി. പകലറുതിക്ക് കിട്ടുന്നത്കൊണ്ട് രണ്ടു നേരത്തെ ആഹാരമാവും. അനിയൻ എഞ്ചിനീയറാണ്. അയാരംക്ക് ജോലി കിട്ടിയിരിക്കുന്നത് ഒരു തുണിപ്പീടികയിലാണ്. അയാരം പറഞ്ഞു: കുറച്ചു കഴിഞ്ഞിട്ട് ഏട്ടനും അനിയനും ചേർന്ന് സ്വന്തമായി, വല്ല ജോലിയും തുടങ്ങാമെന്നാണ് മനോരാജ്യം.' തെല്ലൊന്ന് നിലയുറപ്പിക്കാൻ കഴിഞ്ഞാൽ പരാധീനമില്ലാത്ത വല്ല ഏർപ്പാടും ചെയ്യുമെന്ന്.

ഇന്നത്തെ കുതിരവണ്ടിക്കാരനും അതുപോലെത്തന്നെ; പുതിയ ആളാണ്, വഴി ശരിക്കറിയില്ല ഇപ്പോഴും. വയലിൽ ഇത്രയേറെ വഴികൾ കണ്ട് അമ്പരപ്പായി, അടുത്ത ചുററുവട്ടത്തൊന്നും ആളുകളില്ല ചോദിച്ചറിയാൻ.

ഞങ്ങൾ വളരെയേറെ മുന്നോട്ട്പോന്നുകഴിഞ്ഞിരുന്നു. വണ്ടിക്കാരൻ പിന്നോക്കം പോവില്ല; അയാൾ ധൈര്യമവലംബിച്ച് കാൽനടയായി പോകാനുള്ള ഇടുങ്ങിയ വഴിക്ക്തന്നെ കുതിരയെ തെളിച്ചു. പൊന്തിയും താണുമുള്ള വഴിക്ക് കാൽനടയായി പോകാൻ ഒരു വിഷമവുമില്ല; വണ്ടിച്ചക്രം ഒരിക്കൽ കേറുകയും ഒരിക്കൽ ഇറങ്ങുകയും ചെയ്യുമ്പോഴാകട്ടെ, മരപ്പലകക്ക് വെച്ചടിച്ച് തലമണ്ട മുഴക്കുകയാണ്. പേടികൊണ്ട് ചത്തപോലെയായി ഓരോരുത്തരും. അവനവൻെറ തല രണ്ടു കൈകൊണ്ടും അമർത്തിപ്പിടിച്ചുകൊണ്ട് ഇരുന്നു. കൈവിരൽ ചതയുകയാണെങ്കിൽ ചതയട്ടെ, തല രക്ഷപ്പെടുമല്ലൊ. ഇപ്പുറത്ത് മഴ പെയ്ത് കെട്ടിനിൽക്കുന്ന വെള്ളം വണ്ടിച്ചക്രത്തിൽനിന്ന് തെറിച്ച് വസ്ത്രത്തിൽ ചെറുതും വലുതുമായി പല ആകൃതിയിലും പുള്ളി കുത്തിക്കൊണ്ടിരിക്കുന്നു. ചടചടേന്ന് വായുവിൽ ചമ്മട്ടി വീഴുന്നു. കുതിര കുറച്ചുചെന്ന് അനങ്ങാതെ നിൽപായി. അവിടുന്നങ്ങോട്ട് ഒരു ചുവടുപോലും മുന്നോട്ടുവെക്കുന്നില്ല എന്തു ചെയ്തിട്ടും.

സാരഥി കൈയൊഴിച്ചു. ലഗാൻ പിടിച്ച് കൈയിൽ ചമ്മട്ടിയുമായി നിലത്തിറങ്ങി അയാൾ പറഞ്ഞു: 'ഇനി നടന്നുപോവേണ്ടിവരും, നോക്കു, ഇതിലൂടെ വണ്ടി എങ്ങിനെ പോവും?' ഇടക്കിടെ, മഴവെള്ളമൊലിക്കുന്ന തോടുകൾക്കുമീതെ രണ്ടുമുഴം നീളവും എട്ടംഗുലം വീതിയുമുള്ള ചെറിയ ചെറിയ മുളപ്പാലങ്ങൾ. ശരിതന്നെ, ഇതിന്മേൽകൂടെ വണ്ടി എങ്ങിനെ പോവാനാണ്?

സാരഥി പറഞ്ഞു: 'ഇവിടെത്തന്നെയാണ് സപ്തസരോവരം; മുമ്പോട്ട്പോയി അന്വേഷിച്ചാൽ മതി, കണ്ടെത്താം.' പക്ഷെ എവിടെ, സപ്തസരോവരത്തിൽ ഒരു സരോവരംപോലും കൺമുമ്പിൽ കാണാനില്ലല്ലൊ.

എന്നാലും ഇറങ്ങി. നെടുവീർപ്പ്വിട്ട് വെള്ളവും ചളിയും കൊണ്ട് വഴുവഴുക്കി, വസ്ത്രം മുട്ടോളം കേററിപ്പിടിച്ച്, നടത്തം തുടങ്ങി. വലിയേച്ചി പറഞ്ഞു: 'നടക്കുകതന്നെ ഏതായാലും. ഇത്രയും ദൂരം കൊണ്ടുവന്നിട്ട് ഹംസദേവൻ നടുവഴിക്കുവെച്ച് കൈവെടിയുമോ?' ഊടുവഴിയിലൂടെ തന്നെ യാത്രയായി. വഴിയുടെ ഇടത്തെ ഓരത്ത് ഏതാനും മൺകുടിലുകളുണ്ടായിരുന്നു. ഓരോ കുടിലും

കണ്ണിൽ പെടുമ്പോഠം പാഞ്ഞുചെല്ലും. ഇവിടെവെച്ച് ഹംസദേവനെ കാണാനൊത്തേക്കുമെന്ന് വിചാരിക്കും. ചെന്നാൽ കാണുന്നതോ, വീട് കാലി, ആളുകളുടെ സൂചനപോലുമില്ല. ചിലത് പൊളി ഞ്ഞുപോയിരിക്കുന്നു, ചിലത് പൂട്ടിയിരിക്കുന്നു, ചിലത് കാട് മൂടിയിരിക്കുന്നു. ഒരു വീട്ടിൽനിന്ന് മനുഷ്യരുടെ ഒച്ചകേഠക്കും പോലെ തോന്നി. ഞങ്ങഠം തിടുക്കപ്പെട്ട് അങ്ങോട്ട് ചെന്നു. അതേ, മനുഷ്യർതന്നെ. ഒരാളല്ല, കുറേയാളുകഠം. വലിയ വീട്, കുമ്മാ യവും കാവിയും തേച്ച് ചുമരിന്മേൽ മരാമത്ത് നടക്കുകയാണ്, മുൻവശത്തെ തോട്ടത്തിൽ തോട്ടക്കാരൻ പുല്ല് പറിക്കുന്നു, ഭൃത്യ ന്മാർ ഇരുമ്പും പിച്ചളയുംകൊണ്ടുള്ള തുരുമ്പുപിടിച്ച വലിയ വലിയ ഉരുളികളും കലങ്ങളും ഈ മുറിയിലും ആ മുറിയിലും പിടിച്ചുവെക്കുന്നു. ഒച്ചയും വിളിയും തിക്കും തിരക്കും. ആശയും സന്തോഷവുംകൊണ്ട് മനസ്സ് പതഞ്ഞുപൊങ്ങി. ഇവിടെത്തന്നെയാണ് അപ്പോഠം ഹംസദേവനുള്ളത്. ധാരാളം ഭക്തന്മാരുണ്ട് അദ്ദേഹത്തി ന്ന്, അവർ അദ്ദേഹത്തെ ഒററക്ക് പാർക്കാൻ വിടുമോ? ഈയിടെയാണ് ആഠംക്കാരുമായി വന്ന് പാർപ്പു തുടങ്ങിയതെന്ന് കേട്ടിരുന്നു. എല്ലാ മൊന്ന് ചിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടാവില്ല ഇപ്പോഴും. പക്ഷെ സരോ വരം? സപ്തസരോവരമെന്ന് പറഞ്ഞാൽ ഏഴല്ലെങ്കിൽ, വലിയ ഒരു സരോവരമെങ്കിലും ഭാവനയിൽ കണ്ടുംകൊണ്ടാണ് പോന്നത്, അതെ വിടെ? അന്നൊരിക്കൽ മണി ബഹാദൂരിന്റെ ഭാര്യ രേവേച്ചി വന്നിരുന്നു; എന്നിട്ട് പറഞ്ഞിരുന്നു, 'എടോ, വെള്ളത്തിന്റെ കരക്ക് എന്തു തണു പ്പാണെന്നോ! പോവുകയാണെങ്കിൽ ചൂടുകുപ്പായവും പുതപ്പും കുറ ച്ചധികം തന്നെ എടുത്തിട്ട് പോണേ.' സപ്തസരോവരത്തിലെ ജല ത്തിന്നുവേണ്ടി നാലുപാടും നോക്കി, മനസ്സ് മടുത്തുപോയി. ഉടൻ തന്നെ സമാധാനിപ്പിച്ചു. വെള്ളം കാണാനൊത്തില്ലെങ്കിൽ വേണ്ട; പോകട്ടെന്നേ, പോകട്ട്, ഹംസദേവനെ കിട്ടിയല്ലൊ—ആർക്കുവേണ്ടി യോ ഇത്രയും കൊതിച്ച് വന്നത്, അദ്ദേഹത്തെ.'

വലിയേച്ചി പിന്നോക്കം തിരിഞ്ഞുതിരിഞ്ഞു നോക്കുകയാണ്. ഏട്ടൻ പിറകെയാണ്. ഉള്ളിൽ ഒന്നിച്ചുകടക്കണമെന്നാണ്; മഹാത്മാ ദർശനത്തിലെന്തിന് മുമ്പും പിമ്പും. എന്നോടു പറഞ്ഞു: 'അവരെ ഒന്നു വിളിക്കരുതോ, ഒന്ന് കാൽനീട്ടി നടക്കണേ.'

നെഞ്ചിന്നുള്ളിൽ കടുന്തുടി കൊട്ടുകയാണ്. ഹംസദേവൻ! എ ങ്ങിനെയാണ് അദ്ദേഹത്തെ കാണേണ്ടതെന്ന് അറിഞ്ഞുകൂട. പ്രഥമ ദർശനം പാഴാവരുത്, തന്നത്താൻ തയ്യാറാക്കി നിർത്തി.

ഗെയിററിന്നുളളിൽ കടന്നു. അന്വേഷിക്കാൻ ആരാണ് ആദ്യം ചെല്ലുക? ഏട്ടനെത്തന്നെ ഉന്തിയയച്ചു. ഭേദപ്പെട്ട ഒരാൾ ഇറയത്തുനിന്ന് ഇറങ്ങിവരുന്നതുകണ്ട് ഏട്ടൻ തിടുക്കത്തിൽ ചെന്ന് അയാളോട് ചോദിച്ചു: ഹംസദേവനെ എപ്പോഴാണ് കാണാൻ കഴിയുക? ഞങ്ങൾ വളരെ ദൂരെ നിന്നാണ് വരുന്നത്.' ഇതുകേട്ട് അയാൾ പുരികം ചുളിച്ച് കണ്ണിറുക്കി—'ഹംസദേവൻ! അതാരാണ്? എനിയ്ക്കറിയില്ലല്ലൊ.' ഇതും പറഞ്ഞ് കൈ മലർത്തി.

ഞങ്ങൾ നിരാശകൊണ്ട് സ്തബ്ധരായിപ്പോയി. ഏട്ടൻ പറഞ്ഞു: 'വേവലാതിപ്പെടേണ്ട, അന്വേഷിച്ച് കണ്ടുപിടിച്ചോളാം. എവിടെ പോകാനാണ്?'

വീണ്ടും മുന്നോട്ടു നീങ്ങി. ഈ സമയം ആയപ്പോഴേക്കും മൂന്നുനാല് കൃഷിക്കാരുടെ സംഘങ്ങൾ ആ വഴിക്കു വന്നു. ഒരാൾ പുല്ലും കൊണ്ടാണ് പോകുന്നത്, ഒരാൾ ഉണങ്ങിയ വിറകിൻകെട്ട്, ഒരാൾ പട്ടണത്തിൽ നിന്ന് വാങ്ങിയ ഗോതമ്പു മാവും ഉപ്പും തോർത്തിൻ തുമ്പത്ത് കെട്ടി വീട്ടിലേക്ക് പോവുകയാണ്. ആരെക്കിട്ടിയാലും അടുത്തുചെന്ന് ചോദിക്കും, 'ഹംസദേവൻ എവിടെയാണ്?' അവർ നിന്ന് മനസ്സുവെച്ച് കേൾക്കും. കേട്ടിട്ട് കുറച്ചുനേരം ആലോചിക്കും ആലോചിച്ചിട്ട്, ചിലർ മുമ്പോട്ടും ചിലർ പിമ്പോട്ടും ചിലർ വലത്തോട്ടും ചിലർ ഇടത്തോട്ടും വഴികാട്ടി വേഗം കടന്നുപോവും. ചക്രം പോലെ ചുററിക്കൊണ്ടുവശായി ഞങ്ങൾ. ഓരോരുത്തൻെറ വാക്ക് കേൾക്കുമ്പോഴും വിചാരിക്കും, ഇയാൾക്കാണ് ശരിക്കറിയുക എന്നു തോന്നുന്നു, ശരിയായിരിക്കും പറഞ്ഞതെന്ന്. ഇങ്ങിനെ അവിടെ നട്ടം തിരിയാൻ തുടങ്ങി. ഒരിക്കൽ ഒരാളുടെ വാക്ക് കേട്ട് മുന്നോട്ടു വെക്കും, പിന്നെ മറെറാരാളുടെ വാക്ക് കേട്ട് പിന്നോക്കം വെക്കും. ഇനി വയ്യ, ഒരു നിശ്ചയവുമില്ലാത്ത വഴിക്കു നടക്കുന്നതിലുളള കഷ്ടപ്പാട് ഇനി സഹിക്കാൻ പററില്ല

മനസ്സാകെ ദേഷ്യവും പിണക്കവും ശകാരവുംകൂടി കലങ്ങിമറിഞ്ഞിട്ടും ഹംസദേവനെക്കുറിച്ച് ഒരു തുമ്പും കിട്ടാഞ്ഞപ്പോൾ, ഇത്രയും വഴി നടന്നുവന്നിട്ട് വീണ്ടും കുതിരവണ്ടിയിൽ കേറേണ്ടിവരുമെന്നോർത്ത് ഏതാണ്ട് കരച്ചിൽ വന്നപ്പോൾ, ആ വഴിക്കുതന്നെ വരുന്ന ഒരാൾ നേരെ മുമ്പിൽ വന്നുനിന്നു. അയാൾ ചോദിച്ചു: 'ഹംസദേവനെയാണോ കാണേണ്ടത്? അതാ ആ കാണുന്ന ഉയർന്നും താണുമുളള കന്മതിലില്ലേ, അതിന്നടുത്താണ് സപ്തസരോവരം. അതിൻെറ തീരത്ത് ഒരുപാട് മഹാത്മാക്കൾ പർണ്ണശാല കെട്ടി പാർക്കുന്നുണ്ട്. പോയി അന്വേഷിക്കു, അവിടെത്തന്നെ ഹംസദേവനെ കണ്ടെത്താം.'

ഈയാം സത്യമാണോ പറയുന്നത്, അതോ മററുള്ളവരെപ്പോലെ ഊഹിച്ചുപറയുന്നതോ, ആർക്കറിയാം? ഇതാ ഒരാളുടെ വാക്ക് കേട്ട് മതിൽക്കെട്ടിൻെറ അടുത്തുവരെ ചെന്ന് തിരിച്ചുപോന്നിരുന്നു. എനിയും പോകണോ അത്രയും ദൂരം? മുള്ളും കാടും നിറഞ്ഞതാണ് ആ സ്ഥലം. മുള്ളിൽ ചവിട്ടി കാൽ പലേടത്തും ഇപ്പോഴുമുണ്ട് ചുളുചുളെ കുത്തുന്നു.

ഏട്ടൻ പറഞ്ഞു: 'ഇത്രയുമായ സ്ഥിതിക്ക്, ഒന്നുകൂടി ചുററിനോക്കുകതന്നെ. ഇതവസാനത്തെ തവണയാണ്.'

കാലിൽ പോററലേററുംകൊണ്ട് ഞാൻ ചെന്ന് മതിലിന്മേൽ കേറി.

'ഏ ഏട്ടാ, ഏ വലിയേച്ചി, വേഗമാവട്ടെ, ഓടി വാ,' എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.

സ്വച്ഛസലിലയായ നീലഗംഗ ശുഭ്രമായ മണൽത്തിട്ടിൻ മദ്ധ്യത്തിലൂടെ മന്ദം മന്ദം പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

ആഞ്ഞുവീശിയ ഒരു കുളിർകാററ് ശീതള ഹസ്തംകൊണ്ട് എൻെറ മുഖം തൊട്ടു തലോടി. ഒരു ഞൊടിയിടകൊണ്ട് തളർച്ച മുഴുവൻ മാറി.

ഗംഗയുടെ ഇക്കരെ മതിലിന്ന് നേരെ ചോടെയാണ് മണൽത്തിട്ടിൻെറ ഓരം; അതിന്മേലെ മഞ്ഞച്ച വൈക്കോലുകൊണ്ട് കെട്ടിയ ചെറുതും വലുതുമായ എണ്ണമററ കുടീരങ്ങൾ ഏത് കുടീരത്തിലാണ് ഹംസദേവൻ പാർക്കുന്നതെന്ന് അറിഞ്ഞേ കൂടാ. ഇത്രയേറെ താവളങ്ങളിൽനിന്ന് അന്വേഷിച്ച് കണ്ടുപിടിക്കുക, അതും മറെറാരു മിനക്കേടുതന്നെ. ആരെ ശകുനം കണ്ടിട്ടാണാവോ ഇന്ന് പുറപ്പെട്ടത്!

ഹംസദേവനെ ഞങ്ങളാരും ഇതിന്നുമുമ്പ് കണ്ണുകൊണ്ട് കണ്ടിട്ടില്ല. പുസ്തകത്താളിൽ അച്ചടിച്ചുവന്ന പടം ഓർമ്മയുള്ളേടത്തോളമാണ് ഏട്ടനും വലിയേച്ചിക്കുമുള്ള വിശ്വാസം. മറെറാരാശയുള്ളത്, അദ്ദേഹത്തിൻെറ അധിവാസസ്ഥലത്തെ ഒച്ചയും ബഹളവും വളരെ അകലെ നിന്നുതന്നെ കണ്ടറിയാൻ കഴിഞ്ഞേക്കുമെന്നാണ്. എത്ര ആളുകളുടെ തിക്കും തിരക്കുമായിരിക്കും അവിടെ—യാത്രക്കാരുടെ പോക്കുവരവിൻെറ ഉന്തും തള്ളും, അടയാളക്കൊടി—വിശേഷിച്ചൊരു ആർഭാടവും ബഹളവും കാണുംതന്നെ. അറിയാതെ കടന്നുപോകുന്നതെങ്ങിനെ?

ഓരോ പർണ്ണശാലയിലേക്കും അൽപംഅകലെ നിന്ന് സൂക്ഷിച്ച് നോക്കിയും കൊണ്ട് നടത്തം തുടങ്ങി. നന്നെ അടുത്തുപോകാൻ ഒരു

പേടി. ഏത് സ്വാമി ഏതു മാതിരിക്കാരനാണെന്ന് എന്തറിയാം? പെട്ടെന്ന് ദേഷ്യപ്പെട്ട് ചാടിയാലോ വല്ലവരും? സ്വാമിമാരുടെ കൂട്ടത്തിൽ ദുർവ്വാസാക്കളും ഉണ്ടെന്ന് കേട്ടിട്ടുണ്ട്.

ഗംഗയിൽനിന്ന് തലയോടുകൊണ്ടുള്ള കമണ്ഡലുവിൽ വെള്ളവുമായി ഒരു സന്യാസി കേറിവരുന്നുണ്ടായിരുന്നു; അദ്ദേഹം പറഞ്ഞു: 'നിങ്ങൾ വളരെ മുമ്പോട്ട് വന്നിരിക്കുന്നു. ഇനി ഗംഗയുടെ കര പിടിച്ചുകൊണ്ടുതന്നെ പിന്നോക്കം പോവുക. അതാ—ആ വലിയ വലിയ പാറകൾ കണ്ടോ—ദാ, ഇപ്പോൾ ഒരു കൊച്ചു പാറയില്ലേ, അവിടെ—അതിന്നു പിന്നിൽ ഒരു മരമുണ്ട്, അവിടെ ചെന്ന് അന്വേഷിക്കുക. ഹംസദേവൻ ഇങ്ങിനത്തെ സ്ഥലത്താണ് താമസിക്കാറ്.'

ഞങ്ങൾ തിരിഞ്ഞ് പിന്നോക്കം നടയായി. ഇത്തവണ മുമ്പിൽ ഏട്ടൻ, ഞാനും വലിയേച്ചിയും പിന്നാലെ. മൂക്കിലും വായയിലും കാററടിച്ചു കേറുന്നു, തലമുടി പാറിപ്പറക്കുന്നു; ഞാൻ സാരിയുടെ തുമ്പും ചൂടുപുതപ്പും ദേഹത്ത് മുറുകെ ചുററിപ്പിടിച്ചു.

മുമ്പിലും പിമ്പിലും എത്ര അകലെയകലെവരെയാണ് വൈക്കോൽ കുടീരങ്ങൾ—ഗംഗയുടെ ഇക്കരക്കും അക്കരക്കും നടുക്കുള്ള മണൽപ്പരപ്പിലും അങ്ങ് ആ കാട്ടിന്നടുത്തും. ആരെല്ലാമാണ് അവിടെയൊക്കെ താമസിക്കുന്നതെന്ന് അറികവയ്യ.

ഞങ്ങളെപ്പോലെ വേറെയും മൂന്നുനാല് സംഘമുണ്ട് പർണ്ണശാലയുംതേടി അലയുന്നു, അവരവർ ഉദ്ദേശിച്ചുവന്ന ആളെ കണ്ടുകിട്ടാൻ.

വലിയേച്ചി പെട്ടെന്ന് നടത്തം നിർത്തി കണ്ണിന്മീതെ കൈത്തലം വെച്ച് അകലെ എന്തോ നോക്കാൻ തുടങ്ങി.

പച്ചപ്പുല്ല് മൂടിയ ഉയർന്ന ഒരു നിലം ഗംഗയിലേക്ക് ചെങ്കുത്തായി നിൽക്കുന്നുണ്ട്. ആ ഉയർന്ന നിലത്തിന്റെ ഒരു വശത്ത് പൊക്കമുള്ള ഒരു മരമുണ്ട്; അതിന്റെ തണൽപാടിൽ ഒരു ബഞ്ചിന്മേൽ ആരോ ഇരിക്കുന്നതുപോലെ തോന്നുന്നു. ഏട്ടൻ ഓരം ചുററി മേലോട്ടു കേറി ചെരിപ്പൂരിവെച്ച് അദ്ദേഹത്തെ നമസ്കരിക്കുന്നത് കണ്ടു.

അപ്പോൾ ഇദ്ദേഹം തന്നെയോ ഹംസദേവൻ? വലിയേച്ചി തല കുലുക്കി സമ്മതിക്കുന്നതിന്നിടയ്ക്കുതന്നെ കാൽ വേഗം നീട്ടിവെച്ചു.

ഹംസദേവൻ പിറകോട്ട് തിരിഞ്ഞിരിക്കുകയായിരുന്നു: ഞങ്ങൾ നമസ്കരിച്ചു. ഒരു ഭക്തൻ ഒരു പനയോലത്തട്ട് കൊണ്ടുവന്ന് പുല്ലിൻമീതെ വിരിച്ചു. ഹംസദേവൻ ഒന്നിളകി അതിന്മേൽ മുഖത്തോടുമുഖമായി ഇരുന്നു.

ചെവി മൂടുന്ന ചുകന്ന തൊപ്പിയും ദേഹത്ത് ചുകന്ന കാവി കൊണ്ടുള്ള നീണ്ട കുപ്പായവും കയ്യിൽ ചുകന്ന തോർത്തും, ചുകന്നു തുടുതുടുത്ത മുഖവുമായി കറുത്ത കമ്പിളിയിന്മേൽ ഇരുന്നരുളുകയാണ് ഹംസദേവൻ.

വലിയേച്ചി കുശുകുശുത്തു; 'ഇദ്ദേഹത്തിൻെറ രൂപത്തെക്കുറിച്ചുള്ള വർണ്ണന ഒരുപാട് കേട്ടിട്ടുണ്ട്; ഇതിലും രൂപവാനായിരുന്നു മുമ്പ്. ഇപ്പോഠം ശരീരം ഉടഞ്ഞുപോയിരിക്കുന്നു.'

കമ്പിളിയുടെ വക്കത്ത്, വെള്ളത്തുണി പൊതിഞ്ഞ്, മൂലക്ക് പച്ചക്കമ്പിളികൊണ്ടുള്ള പൂപ്പണിയുമായി വണ്ണംകുറഞ്ഞ രണ്ടു തലയണ—ഏതോ ഭക്തൻ സ്വന്തം കൈകൊണ്ട് സശ്രദ്ധം തുന്നിയതാണ്. ഉച്ചക്ക് ഇവിടെ വിശ്രമംകൊള്ളുകയായിരുന്നിരിക്കണം.

തടസ്സമററ ഈ കുളിർകാററത്ത് വിശ്രമം കിട്ടുമോ? 'ജയ ജയ രാം' എന്ന് പറഞ്ഞുകൊണ്ട് ഒരു സന്യാസി വന്ന് ചിരിച്ചുകൊണ്ട് മുമ്പിൽ നിലകൊണ്ടു. ഇവിടെ പൊടുന്നനെ ആവിർഭവിച്ചതുപോലെ. അദ്ദേഹത്തെ കണ്ടിട്ട് എൻെറ മനസ്സ് സന്തോഷംകൊണ്ട് നൃത്തമാടി. അല്ലാ, ഇദ്ദേഹത്തെത്തന്നെയാണല്ലൊ ഇന്ന് വരുംവഴി കൻഖലത്ത് ആലിന്നടുത്തുവെച്ച് കണ്ടത്.

സേവാശ്രമത്തിൽ നിന്ന് ഇറങ്ങി ഒരു വളവ് തിരിഞ്ഞാൽ ആൽമരമായി. അതിൻെറ ചുവട്ടിലൂടെ കുതിരവണ്ടി പായുകയായിരുന്നു, ഞാൻ ചൂളിപ്പിടിക്കുന്ന തണുപ്പത്ത് തടിച്ച പുതപ്പുകൊണ്ട് അടിമുടി പൊത്തിപ്പുതഞ്ഞ് പിറകിൽ പുറംതിരിഞ്ഞിരിക്കുകയായിരുന്നു. അപ്പോഠം കണ്ടു ഒരു സന്യാസി വെറും ശരീരത്തോടെ കനത്ത കാൽവെപ്പുകളുമായി നടന്നുവരുന്നത്. എന്തൊരു ദൃപ്തഭാവം! പ്രൌഢൻ, ശ്യാമളവർണ്ണൻ, ബലിഷ്ഠൻ, ദീർഘകായൻ! ഉയർന്ന ചുമലിൽ പുലിത്തോൽ, കയ്യിൽ ത്രിശൂലം, തലയോട്; ഹാസ്യോജ്ജ്വലവും സ്ഥിരഗംഭീരവുമായ മുഖം; പൌരുഷത്തിൻെറ പ്രതിമൂർത്തി! ഞങ്ങഠം നീങ്ങുകയായിരുന്നു, അദ്ദേഹവും നടന്നുവരുന്നുണ്ട്; വളരെ നേരം അദ്ദേഹത്തെ മുമ്പിൽ കണ്ടിരുന്നു.

ഇതാ അദ്ദേഹം. ഇത്രയും നേരം ഇദ്ദേഹത്തിൻെറ രൂപംതന്നെയാണ് മനസ്സിന്നടിയിൽ മങ്ങി പതിഞ്ഞു കിടന്നിരുന്നത്. അദ്ദേഹം 'ജയ ജയ രാം' എന്നു ചൊല്ലി നിന്നതോടെ ഹംസദേവനും 'ഹരിഹര' എന്നരുളി അഭിവാദനം ചെയ്തു. സന്യാസി എന്തോ പറഞ്ഞു—തന്മയയായിരുന്നു ഞാൻ, കേഠക്കാൻ കഴിഞ്ഞില്ല. ഹംസദേവൻ അദ്ദേഹത്തെ

കൈകൊണ്ട് അകലെയുള്ള ഒരു കുടീരം കാട്ടിക്കൊടുത്തപാടെ അദ്ദേഹം വീണ്ടും 'ജയ ജയ രാം' എന്നു പറഞ്ഞുകൊണ്ട് ഉറച്ച കാൽവെപ്പോടെ അങ്ങോട്ടേക്ക് പോയി.

കൂലിപ്പണിക്കാർ വൈക്കോൽ കെട്ട് പൊളിച്ച് മുററത്ത് കുടിലുകൾ കെട്ടുകയായിരുന്നു. ഹംസദേവൻ വിളിച്ചു പറഞ്ഞു: 'വൈക്കോൽ നല്ലോണം കുടയണം പുര കെട്ടും മുമ്പ്.'

കുംഭം പ്രമാണിച്ച് അനേകം ഭക്തന്മാർ വന്നുചേരും ഇവിടെ. കുറച്ചു ദിവസം താമസിക്കും. സന്യാസിമാർക്കും ആശ്രയം നൽകും, വേണ്ടവർക്ക്. അതാണ് ഒരേനിരയിൽ ഒന്നിനുശേഷം ഒന്നായി കുടിൽ കെട്ടുന്നത്. അനേകം പേർക്ക് ഒന്നിച്ചുകൂടാവുന്ന ഒരു സഭാമണ്ഡപവും പണി കഴിപ്പിക്കും—സല്ലാപചർച്ചകൾക്കും ആദേശോപദേശഗ്രഹണത്തിന്നുംവേണ്ടി.

എഞ്ചിനീയർ പ്ലാൻ വരച്ച കടലാസുമായി അങ്ങിങ്ങ് നടക്കുന്നു. ഹംസദേവൻ അദ്ദേഹത്തെ വിളിച്ച് കടലാസിൽ അടയാളം വരച്ച് മനസ്സിലാക്കിക്കൊടുത്തു: 'മണ്ഡപം അർദ്ധചന്ദ്രാകൃതിയിലായിരിക്കണം, ഈ സ്ഥലത്ത് ഇതുപോലെ—' പറയുന്നതിനിടക്ക് പെട്ടെന്ന് തോർത്ത് അരയിൽ കെട്ടി താൻതന്നെ എഴുന്നേററ് ചെന്ന്, കൈയിലെ വടികൊണ്ട് നിലത്ത് അടയാളം കുറിച്ച് പറഞ്ഞു: 'ഇതാ—ഇത്രയുമിടം.'

കുട്ടികളെപ്പോലെ ആഹ്ളാദംകൊണ്ട് തിരക്കുതന്നെ. ഒരിക്കൽ അടയാളപ്പെടുത്തി വന്ന് ഇരിക്കും, തലകുലുക്കി 'ആഹ, ആഹ' എന്ന് പറയും; വീണ്ടും എഴുന്നേററ് മണ്ണിൽ മറെറാരു അടയാളം കുറിക്കും. പറകയാണ്, 'ഇനിയൊരു എട്ടുപത്തു ദിവസത്തിനുള്ളിൽ എല്ലാ കുടീരവും പൂർത്തിയാവും.'

ഇലക്ട്രിക്ക് ഡൈനാമോവും കൊണ്ടുവരും. ഒരു ഗുജറാത്തി മാന്യൻ പത്നീസമേതം കൂടെ വന്നിട്ടുണ്ട്; അദ്ദേഹമാണ് ഈ ഭാരം ഏററിരിക്കുന്നത്.

നടുക്ക് ഒരു കൂററൻ ഇലവുമരം കൊമ്പും ചില്ലയുമിടതിങ്ങി നിൽപുണ്ടായിരുന്നു. ഹംസദേവൻ മരത്തിൻെറ നേർക്ക് നോക്കീട്ട് പറഞ്ഞു; 'ഇതിൻെറ ഉച്ചിമേൽ കൊടികേററാം. അതിന്മുകളിൽ വൈദ്യുതവിളക്ക് കത്തണം; വളരെ ദൂരെനിന്നുതന്നെ കാണാം.' ഇതും പറഞ്ഞ് അദ്ദേഹം ആ ആനന്ദംകൊണ്ട് കുലുങ്ങിക്കുലുങ്ങി ചിരിച്ചുകൊണ്ടിരുന്നു.

ഹംസദേവൻ പഞ്ചാബിയാണ്; ഹിന്ദിയിലാണ് സംസാരം, പക്ഷെ ബംഗാളി നന്നായി മനസ്സിലാവും. ബംഗാളിലാണ് അദ്ദേഹത്തിന്ന് അധികം ആരാധകന്മാർ. ബംഗാളിലെ രസഗുളയോടും അദ്ദേഹത്തിന്ന് കടുത്ത പ്രേമമാണ്. അദ്ദേഹം പറകയാണ്, 'ബംഗാൾ പ്രദേശത്തെ രസഗുള തിന്നിട്ടാണ് എനിക്ക് ഈ സുഖക്കേട്. ഇപ്പോൾ മധുരം അങ്ങേയററം വർജ്ജ്യമാണ്.'

ഏട്ടൻ പറഞ്ഞു: 'അങ്ങയെപ്പററി ആദ്യം വായിച്ചത് ദിഘാപാതിയയിലെ ഹേമലതാദേവിയുടെ പുസ്തകത്തിലാണ്.'

ഹംസദേവൻ ചിരിച്ചു—'അങ്ങിനെയോ? ആഹ.'

ഏട്ടൻ പറഞ്ഞു: 'അവർ അങ്ങയെപ്പററി സുന്ദരമായി എഴുതീട്ടുണ്ട്; അന്നുതൊട്ട് കൊതിക്കുന്നുണ്ട് ഞങ്ങൾ അങ്ങയെ ഒന്നു കാണാൻ. ഇത്രയും നാൾക്കുശേഷം ആ ആശ സഫലമായി.''

ആഗ്രഹഭരിതനായി വ്രജരമണൻ പ്രശ്നമുന്നയിച്ചു—സാധനാശുദ്ധി സംബന്ധമായി.

ഒരാൾ വർത്തമാനം തുടങ്ങിയാൽ എല്ലാവരുടേയും കേൾക്കാം. ഒരേ ചോദ്യത്തിൻെറ ഒരേ ഉത്തരമാണെങ്കിലും; എന്നാലും പിന്നേയും പിന്നേയും കേൾക്കുന്നതുകൊണ്ട് പ്രയോജനമുണ്ട്. ഏതെങ്കിലുമൊരു മുഹൂർത്തത്തിൽ അറിയുന്ന വിഷയത്തിൻെറതന്നെ പുതിയൊരർത്ഥം ഉൾക്കണ്ണിൽ ഉജ്ജ്വലിക്കും, ചിരകാലത്തേക്ക് മനസ്സിൽ പതിഞ്ഞുകിടക്കും.

ഹംസദേവൻ പറഞ്ഞു; 'ഒരു സേട്ടുവിന് രണ്ട് വാലിയക്കാരുണ്ട്. ഒരുത്തൻ എല്ലാ മാസവും ശമ്പളം വാങ്ങും; ഒരുത്തൻ പറയും. 'യജമാനൻെറ കയ്യിൽത്തന്നെ ഇരിക്കട്ടെ, ആവശ്യം വരുമ്പോൾ വാങ്ങിക്കൊള്ളാം.' അപ്പോൾ, യജമാനൻെറ മേൽ ഇത്രയും വിശ്വാസമർപ്പിക്കുന്ന ഭൃത്യനുണ്ടല്ലൊ, അവൻെറ മേൽ യജമാനൻെറ മനസ്സ് തെളിഞ്ഞിരിക്കും, ഇല്ലേ? ശമ്പളം യജമാനൻ കൊടുക്കുംതന്നെ; പണിയെടുത്താൽ ശമ്പളം കിട്ടില്ലേ? കൂലി തീർച്ചയായും കിട്ടും. എന്നാൽ നിഷ്കാമരായി സാധനയനുഷ്ഠിക്കുക; കാമന വെച്ചുപുലർത്തിയാൽ കൂലിയേ കിട്ടു'.

മണിബാഹാദുരും രേവേച്ചിയും അമ്മായിയമ്മയും—രേവേച്ചിയുടെ അമ്മ—വന്നെത്തി. അമ്മായിയമ്മയെ കണ്ടാൽ അമ്മയുടെ ഓർമ്മ വരും. അമ്മായിയമ്മ തളികനിറയെ പഴങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

മഹാത്മാക്കളേയും ദേവന്മാരേയും ദർശിക്കാൻ ചെല്ലുമ്പോഠം വെറും കയ്യോടെ പോകരുതത്രെ, ശാസ്ത്രപ്രകാരം. പഴങ്ങഠം പുറത്തെടുത്ത് ബെഞ്ചിന്മേൽ വെച്ചപ്പോഠം ഹംസദേവൻ അവ കൈയിലെടുത്ത് തിരിക്കുകയും മറിക്കുകയും ചെയ്തുകൊണ്ട് ഇക്കയ്യിൽനിന്നും അക്കയ്യിലേക്കും അക്കയ്യിൽനിന്ന് ഇക്കയ്യിലേക്കും മാററിക്കൊണ്ടിരുന്നു. കുട്ടികഠം റബ്ബറുകൊണ്ടുള്ള കളിപ്പന്ത് കയ്യിലിട്ട് അമ്മാനമാടുംപോലെ. ആ ഗുജറാത്തിമാന്യൻെറ ഭാര്യ അടുത്തുനിൽപുണ്ടായിരുന്നു; ഹംസദേവൻ ആ പഴങ്ങഠം അവരോട് മുറിക്കാൻ പറഞ്ഞു. അവർ പർണ്ണശാലയിൽനിന്ന് വലിയൊരു ഈയംപൂശിയ പിച്ചളത്തളികയും കത്തിയും എടുത്തുകൊണ്ടുവന്ന് അവിടെത്തന്നെ ഇരുന്ന് മുറിക്കാൻ തുടങ്ങി.

ഞാനോർത്തു, അമ്മയായിരുന്നെങ്കിൽ അലക്കിയ വസ്ത്രമുടുക്കും, കത്തി കഴുകും, തളിക കഴുകും, മുറിക്കാനിരിക്കുന്നേടം ഗംഗാജലം തളിക്കും, എന്നിട്ട് വെള്ളംനിറച്ച പാത്രത്തിൽ മുക്കി പഴങ്ങഠം മുറിച്ച് മുറിച്ച് തളികയിൽ അടുക്കിവെക്കും.

അമ്മായിയമ്മ സപ്തസരോവരത്തിലെ ജലം കൊണ്ടുപോകാൻ പാത്രവുമായിട്ടാണ് വന്നിരുന്നത്. വീട്ടിൽ സൂക്ഷിച്ചുവെക്കാനാണ്.

ഞാൻ ചോദിച്ചു: 'സപ്തസരോവരം എവിടെ?

അതുകേട്ട് ഹംസദേവൻ പറഞ്ഞു: 'ഇവിടത്തെ ഈ ഗംഗയുടെ പേരാണ് സപ്തസരോവരം. പണ്ട് വല്ലപ്പോഴും ഏഴ് കൈവഴി ഉണ്ടായിരുന്നിരിക്കാം. എഴുന്നേററ് നോക്കിയാൽ മനസ്സിലാവും. ഇപ്പോഠം മിക്കവാറും ഇല്ലാതായിരിക്കുന്നു. ഏഴ് കൈവഴി ഏഴു ദിക്കിൽനിന്ന് വന്ന് ഇവിടെ ഗംഗയോട് ചേർന്നിരുന്നു. വസിഷ്ഠാദി സപ്തർഷിമാർ ഇവിടെ തപസ്സ് ചെയ്തിരുന്നു. പരീക്ഷിത്തിനെ സാക്ഷാൽ ശ്രീശുകൻ ഇവിടെ ഈ സപ്തധാരയിൽവെച്ചാണ് ഭാഗവതം കേഠംപ്പിച്ചിരുന്നത്. പരീക്ഷിത്ത് ദേഹത്യാഗം ചെയ്തതും ഇവിടെവെച്ചുതന്നെ. അതിപവിത്രമാണ് ഈ സ്ഥലം.'

ശാന്തവും മറവററതും അതിരമണീയവുമായ ഒരു സ്ഥലമാണ് അത്. പട്ടണത്തിലെ ഒരു കോലാഹലവും ഇവിടെ വന്നെത്തുന്നില്ല. അകലെയുള്ള പർവ്വതങ്ങഠം എത്രയോ അടുത്താണെന്നു തോന്നുന്നു. അതേ നീലപർവ്വതം, നീലാകാശം, നീലഗംഗാജലം. അതിൻെറ കരയിലൂടെ ഉജജ്വലമായ കാവിവസ്ത്രം പുതച്ച ഒരു സന്യാസി ഏകാകിയായി നടന്നുപോകുന്നു. വിസ്മയംകൊണ്ട് വിമുഗ്ദ്ധമായ മനസ്സ് പിന്നാലെ പായുന്നു; ഇമവെട്ടാതെ നോക്കിക്കൊണ്ടേയിരിക്കുന്നു.

ഹംസദേവൻ പറഞ്ഞു: 'ഇതുകൊണ്ടാണ് ഈ സ്ഥലംതന്നെ തിരഞ്ഞെടുത്തത്. ഹരിദ്വാരത്ത് ഭയങ്കര തിരക്ക്; എത്ര ആളാണ്! ഇവിടെയും വരും ഒരുപാടാളുകൾ; പക്ഷെ സ്ഥലത്തിൻെറ ഗുണം കൊണ്ട് ആശംത്തിരക്കുണ്ടെന്ന് തോന്നില്ല.'

ഹരിദ്വാരത്തിൽമാത്രം ഇതടക്കം ഏഴു പൂർണ്ണകുംഭത്തിന്ന് വന്നിട്ടുണ്ട് ഹംസദേവൻ.

എന്നാൽ അദ്ദേഹത്തിന്ന് വയസ്സെത്രയായിട്ടുണ്ടാവും?

അദ്ദേഹം പറഞ്ഞു: 'കുംഭമേളയുടെ കണക്കറിയാം; അതാണ് പറഞ്ഞത്. വയസ്സിൻെറ കണക്ക് വെച്ചിട്ടില്ല ഒരിക്കലും.'

വലിയേച്ചി ചോദിച്ചു: 'കുംഭമേളയിലെ സ്നാനത്തിന്ന് ഫലമുണ്ടെന്ന് പറയുന്നത് സത്യമാണോ?'

'വിശ്വാസമുണ്ടെങ്കിൽ എല്ലാം സത്യംതന്നെ. നോക്കു, ഇതാ സകല സമ്പ്രദായത്തിലും പെട്ട ഇത്രയും സന്യാസിമാർ ഇത്രയും കഷ്ടപ്പെട്ട്, ഏതെല്ലാമോ വിദൂരദേശങ്ങളിൽനിന്ന്, ഏതെല്ലാമോ ദുർഗ്ഗമപർവ്വതഗുഹകളിൽനിന്ന്, ഈ ഒരു സ്ഥലത്തേയ്ക്കുതന്നെ വരുന്നതെന്തിനാണ്—എന്തിൻെറ ആകർഷണംകൊണ്ടാണ്? രാജാക്കന്മാരും മഹാരാജാക്കന്മാരും അനേകകോടി ഉറുപ്പിക ചിലവാക്കിയാലും ഇത്രയും സന്യാസിമാരെ ഒരിടത്ത് ഒന്നിച്ചുകൂട്ടുവാൻ കഴിയില്ല. അവർ വിശ്വസിക്കുന്നു, അതുകൊണ്ടാണല്ലൊ വരുന്നത്.

'മറെറാരുവശവുമുണ്ട്—എളുപ്പത്തിൽ പറഞ്ഞാൽ, ഇത് സന്യാസിമാരുടെ ഒരു സമ്മേളനമാണെന്ന്. മനസ്സിലാക്കുക. എല്ലാരും വരും, എല്ലാവരേയും കാണാം; ഒരു സന്ദർഭം പ്രമാണിച്ച് ഒരിടത്ത് എല്ലാവരും ഒന്നുചേരുകയാണ്.'

ഏട്ടൻ ചോദിച്ചു: 'ആളുകൾ പിതൃമാതൃതർപ്പണം ചെയ്യാറുണ്ടല്ലൊ, അത് ചെന്ന് വിചാരിക്കുന്ന സ്ഥലത്ത് എത്തുമോ?'

'നോക്കു, ഇതും മുമ്പറഞ്ഞ വിശ്വാസത്തിൻെറ കാര്യംതന്നെ. വിശ്വാസമുണ്ടായാൽ എല്ലാം നടക്കും' ഇത്രയും പറഞ്ഞ് ഹംസദേവൻ നിശ്ശബ്ദനായി. കുറച്ചുകഴിഞ്ഞ് മുഖമുയർത്തി ഉരിയാടി: 'ഒരു കാര്യം സമ്മതിച്ചുകൂടെ, നിങ്ങളെ ഒരു കൊച്ചുകുട്ടിയിൽനിന്ന് ഇത്രയും വലുതാക്കിക്കൊണ്ടുവന്ന, വിശക്കുമ്പോഴും ദാഹിക്കുമ്പോഴും

അന്നവും ജലവും തന്ന, നിങ്ങൾക്കുവേണ്ടി അത്രയൊക്കെ കഷ്ടപ്പെട്ട, നിങ്ങളുടെ അച്ഛനമ്മമാരുടെ പേരിൽ നിങ്ങളൊന്ന് തർപ്പണം ചെയ്യാലെന്താ; അതിനൊരു ക്ലേശവുമില്ലല്ലൊ.'

പഴം മുറിച്ചുകൊണ്ടിരുന്ന സ്ത്രീ തളികനിറയെ പഴക്കഷണങ്ങൾ കൊണ്ടുവന്ന് മുമ്പിൽവെച്ചു. ഹംസദേവൻ സ്വന്തം കൈകൊണ്ട് അവ എല്ലാവർക്കും വിതരണംചെയ്തു; പിഞ്ഞാണത്തിലെടുത്തുവെച്ച് താനും കുറച്ചെണ്ണം തിന്നു. എന്നിട്ട് പറഞ്ഞു, 'പോകു, എന്റെ അന്നപൂർണ്ണയുടെ കലവറ കണ്ടുവരു.'

പർണ്ണശാലകളിൽ ഒന്നിൽത്തന്നെയാണ് കലവറ; ചാക്കുചാക്കായി ഗോതമ്പുമാവും, ടിന്നുടിന്നായി നെയ്യും, കുട്ടനിറയെ ഉരുളക്കിഴങ്ങും മററു പച്ചക്കറികളും കൊണ്ട് മുറി മനസ്സിലാക്കാം. ആയിരക്കണക്കിൽ ആളുകൾക്ക് ഊട്ടുണ്ടാവും നിത്യവും, മേളയുടെ സമയത്ത്. അതിനുള്ള ഏർപ്പാടാണ് ഇത്.

ഗംഗാതീരത്തോട് തൊട്ട് ഉയർന്ന മേൽപുരയോടുകൂടിയ വിശാലമായ അടുക്കള പണിയുന്നുണ്ട്; വെള്ളം കോരാൻ അധികം പ്രയാസപ്പെടേണ്ടിവരില്ല. തറ കെട്ടിയ അടുപ്പ്; ഒരേ സമയത്ത് എത്രയെത്ര ചപ്പാത്തിയാണ് ചുടുക എന്നതിന് കണക്കില്ല.

ഹംസദേവൻ കഴിഞ്ഞ കുറച്ചുനാളായി പർണ്ണശാലയിലായിരുന്നു. വൈക്കോൽ കെട്ടിമേഞ്ഞ മുറിക്കുള്ളിൽ കടക്കും ഇന്ന്. പുതിയ മുറി കിട്ടീട്ട് അദ്ദേഹത്തിന്ന് വലിയ സന്തോഷം. അദ്ദേഹം പറഞ്ഞു: 'നിലത്തുതന്നെ പായ വിരിച്ചോ. അടിയിൽ തടിച്ച വൈക്കോലിട്ടാൽ തണുപ്പ് തട്ടുകയില്ല.'

ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ നോട്ടം ചെല്ലും; എല്ലാം സ്വയം കാണുന്നു, കേൾക്കുന്നു, കണക്കുകൂട്ടുന്നു. സൗന്ദര്യത്തിന്റെ കാര്യവും ഒഴിഞ്ഞുപോകുന്നില്ല. പർണ്ണശാലയുടെ വാതിൽ ഇത്തിരി വളഞ്ഞുപോയിരുന്നു, ഞങ്ങളുമായി സംസാരിയ്ക്കുന്നതിന്നിടയിൽത്തന്നെ എത്ര തവണയാണ് അദ്ദേഹം അങ്ങോട്ടു നോക്കി ദുഃഖം പ്രകടിപ്പിച്ചത്; അതുകഴിഞ്ഞ് സ്വയം സമാധാനിപ്പിക്കുകയും ചെയ്യും: 'എന്ത് ചെയ്യാം. പണിയിൽ തീരെ പരിചയമില്ല ഇവർക്ക്.'

നേരമായിത്തുടങ്ങി, ഇനി എഴുന്നേൽക്കണം. ചുകന്ന നിറത്തിലുള്ള ഒരു ബസ്സുണ്ടായിരുന്നു അവിടെ; ഇവരുടേതുതന്നെ. നാനാകാര്യങ്ങൾക്കുവേണ്ടി പട്ടണത്തിലേക്ക് പോകും വരും, ചന്തയിൽ

നിന്ന് സാമാനങ്ങരം കൊണ്ടുവരും. ഡ്റൈവർ വണ്ടി സ്റ്റാർട്ടാക്കിയിരിക്കുന്നു, എന്തോ പണിക്ക് വീണ്ടും പട്ടണത്തിലേക്ക് പോവുകയാണ്. ഹംസദേവൻ അയാളെ വിളിച്ച് കൈവീശി നിർത്തി, ഞങ്ങളോട് പറഞ്ഞു: 'നിങ്ങരം മടങ്ങുന്നതെങ്ങിനെ? ഈ ബസ്സിൽത്തന്നെ പോയ്ക്കോളു.'

ഞാൻ പറഞ്ഞു: 'വേണ്ടിവരില്ല, വണ്ടി കൂടെയുണ്ട്. കുതിരവണ്ടിക്കാരൻ കാട്ടിന്നടുത്ത് കാത്തുനിൽക്കുന്നുണ്ടാവും.'

പറഞ്ഞുതീരുമ്പോഴേക്കും അയാരം മുമ്പിൽ ഹാജർ. അന്വേഷിച്ചു കണ്ടെത്തിയെന്ന ഗർവ്വാണ് അയാരംക്ക്. 'നേരം പോയി, ദയവുവിചാരിച്ച് വൈകിക്കരുത്' എന്നായി അയാരം.

'പോവുകയാണോ? എന്നാൽ പോയ്ക്കൊള്ളു. താമസത്തിന്ന് വല്ല അസൌകര്യവുമുണ്ടെങ്കിൽ ഇങ്ങോട്ടു വന്നോളു. ഒരുപാട് കുടീരങ്ങളുണ്ട്. നിങ്ങരംക്കെല്ലാവർക്കും വേണ്ടീട്ടാണല്ലൊ ഇവ ഉണ്ടാക്കിച്ചതുതന്നെ.' എന്ന് പറഞ്ഞ് ഹംസദേവൻ ഞങ്ങരംക്ക് വിടനൽകി.

കനംകുറഞ്ഞ മനസ്സോടെ ഞാൻ കുതിരവണ്ടിയിൽ കേറി.

കേറുന്നതിന്നുമുമ്പ് ഒന്നുനിന്ന് ഒരു തവണ പിന്നോക്കം തിരിഞ്ഞുനോക്കി—അകലെയെങ്ങോ മറഞ്ഞിരിക്കുന്നു അദ്ദേഹം, എൻെറ ആ സന്യാസി. ഒരിക്കൽകൂടി അദ്ദേഹത്തെ കാണാനൊത്തെങ്കിൽ, എന്നു തോന്നി.

പടി കടക്കുമ്പോഴേക്കും രണ്ടു കുരങ്ങന്മാർ; മുട്ടുമടക്കി മതിലുംചാരി ഇരിക്കയാണ്. കണ്ടപാടേ ശശിമഹാരാജ് പിന്നോക്കം വാങ്ങി. എന്നിട്ട് പറഞ്ഞു: 'കുരങ്ങന്മാരെ കരുതിയിരുന്നുകൊള്ളണേ.' 'അല്ല, തമാശയല്ല. ഇപ്പോരം, ശരിയാണ്, അത്രയേറെ കുരങ്ങന്മാരില്ല ഇവിടെ; പിടിച്ച് കയററുമതിചെയ്തിരിക്കയാണ്. കുറച്ചുദിവസം മുമ്പുപോലും എന്തു കുരങ്ങന്മാരായിരുന്നെന്നോ! പിന്നെ തോന്ന്യാസത്തിൻെറ കാര്യം എന്തു പറയാനാണങ്ങുന്നേ. ഒരു ദിവസം ഞാൻ വഴി നടന്നുവരികയാണ്, സേവാശ്രമത്തിലെത്താറായിരിക്കുന്നു; പെട്ടെന്നുണ്ട് രണ്ടു കുരങ്ങന്മാർ രണ്ടു ദിക്കിൽനിന്നും വന്ന് എന്നെ പിടിച്ചു വലിച്ച് നേരെ അഴുക്കുചാലിലേക്ക് ഒരു തള്ള്. ഞാനാണെങ്കിൽ ആകെ അമ്പരന്നുപോയിരുന്നു, എന്തു ചെയ്യണമെന്ന് ആലോചിക്കാൻ പോലും കഴിഞ്ഞില്ല. ഒടുക്കം സൌജന്യവായനശാലയിലെ ആരംക്കാർ

വന്ന് കുരങ്ങന്മാർ രണ്ടിനേയും ഓടിച്ച് എന്നെ ചാലിൽനിന്ന് കര കേററി. അവററയെന്തിനാണ് എന്നെ കേറി പിടിച്ചതെന്ന് പിന്നീ ടാണ് മനസ്സിലായത്. ശീതംകാരണം ഞാൻ കൈരണ്ടും പുതപ്പിന്നു ള്ളിൽ നെഞ്ഞത്തു ചേർത്തുവെച്ചിരുന്നു; കുരങ്ങന്മാർ രണ്ടുമാകട്ടെ തീററസ്സാമാനം കൊണ്ടുപോവുകയാണെന്നാണ് കരുതിയത്.'

സൌകര്യമുള്ളപ്പോഴെല്ലാം ശശി മഹാരാജിനെ കൂട്ടീട്ടാണ് ഞങ്ങൾ പുറത്തിറങ്ങുക. വഴി നടക്കുന്നതിന്നിടയിൽ അദ്ദേഹത്തിൽനിന്ന് ഒരു പാട് കാര്യങ്ങൾ കേട്ട് മനസ്സിലാക്കാം. പല പല സംഭവങ്ങൾ നട ന്നിട്ടുണ്ട് ഈ സ്ഥലത്തുവെച്ച്. കേട്ടതും കണ്ടതും, കഴിഞ്ഞതും നടക്കുന്നതും, രണ്ടും ചേർത്ത് കോർത്തിണക്കിയാൽ മനസ്സിൽ വ്യക്തമായ ഓർമ്മയുണ്ടാവും. മെലിഞ്ഞ് കനംകുറഞ്ഞ് സ്നേഹശീലനായ ഒരാളാണ് ശശിമഹാരാജ്; നേരെ ജ്ഞാനമാർഗ്ഗത്തിലൂടെയാണ് പോക്ക്. സരളമായ വാക്ക്, സരളമായ അർത്ഥം; വിചാരത്തിൻേറയും ബുദ്ധിയുടേയും വ്യക്തമായ ഒത്തുതീർപ്പ്. ഭക്തിരസത്തിൻെറ ആവരണത്തിൽ ഒന്നും അലിഞ്ഞുപോകുന്നില്ല. അതിനും മീതെ, സഹാനുഭൂതിഭരിതമായ ഒരു ജീവനെ കാണാം അദ്ദേഹത്തിൻെറ ആചരണങ്ങളിലൂടെ. ഞങ്ങൾ തീർത്ഥസ്നാനത്തിന്ന് വന്നതാണ്; വന്നത് വെറുതെയാവരുത്, പല പല ചുഴികളിൽപെട്ട് കൈകാലടിക്കാനിടയാവരുത്, അതിനെപ്പററി അദ്ദേഹം എപ്പോഴും കരുതിക്കൊണ്ടാണ്. എവിടെ എന്തു കാണണം, എന്തറിയണം, എത്രത്തോളം വേണം—എല്ലാ വിഷയത്തിലും വ്യക്തമായ ഒരു വിവരണം തരും മുൻകൂട്ടിത്തന്നെ. അതുകൊണ്ടാണ് അനാവശ്യമായ തേടലിൻേറയും തിരിയലിൻേറയും• അല്ലലിൻേറയും അലട്ടിൻേറയും, തിടുക്കത്തിൻേറയും ബഹളത്തിൻേറയും കയ്യിൽനിന്ന് വിടുതി നേടി ഞങ്ങൾക്ക് നേർവഴിക്ക് പോകാനൊത്തത്.

ശശിമഹാരാജ് ആസാംകാരനാണ്. വളരെ നാൾ ശിൽചരിലുണ്ടായിരുന്നു; വലിയേച്ചിയും ഏട്ടനുമായി അദ്ദേഹത്തിന്ന് വളരെ കാലത്തെ പരിചയമാണ്. വളരെ നാൾക്കുശേഷമാണ് ഇവിടെവെച്ച് പിന്നേയും തമ്മിൽ കണ്ടത്. അദ്ദേഹം വീണ്ടും വീണ്ടും തിരിച്ചുവരും, പെട്ടെന്ന് ഓർമ്മവരുന്ന പലരുടേയും വർത്തമാനം ചോദിക്കും—ഇയാൾ എങ്ങിനെയുണ്ട്, അയാൾ എന്തു ചെയ്യുന്നു?' കുട്ടിക്കാലത്തെ കഥ പറയും, ശൈശവം കഴിച്ചുകൂട്ടിയ സ്ഥലത്തെ ഓർമ്മ മനസ്സിൽ പൊന്തിവരും. 'ആ സ്ഥലം എങ്ങിനെയുണ്ട് ഇപ്പോൾ? അങ്ങിനെത്തന്നെയുണ്ടോ? ഞങ്ങളുടെ കാലത്ത് എന്ത് കാടായിരുന്നു അവിടെ. ആ ഭൈരവിയോ? എപ്പോഴാണ് അവൾ മരിച്ചത്?

അത്തവണ വെള്ളപ്പൊക്കം വന്നപ്പോൾ ഞാൻ അവൾക്ക് ഏതാണ്ട് പതിവായി മുഷ്ടിഭിക്ഷയ്ക്കുള്ള അരി കൊടുത്തുവന്നിരുന്നു. തറ പോലെയുള്ള ഒരുയർന്ന നിലത്ത് ഒരു കുടിലിലായിരുന്നു താമസം. വെള്ളപ്പൊക്കംകൊണ്ട് അതൊരു ദ്വീപ് പോലെ ആയിപ്പോയി. കഴുത്തററം വെള്ളം. നാലഞ്ചുദിവസം പോവാനൊത്തില്ല. വെള്ളം അൽപം ഇറങ്ങിയപ്പോൾ അരിയും കൊണ്ട് ചെന്നു; കഴിഞ്ഞ കുറച്ചു ദിവസം എന്താണ് കഴിച്ചതെന്നു ചോദിച്ചു. 'എന്ത് കഴിക്കാനാണ്?' എന്നാണ് ഭൈരവി പറഞ്ഞത്. ഒന്നും കഴിക്കാതെ എങ്ങിനെ കഴിഞ്ഞുകൂടി എന്ന് ഞാൻ വീണ്ടും ചോദിച്ചു. അവൾ പറകയാണ്, 'അതു പിന്നെ, ഇത്രയും നാൾ ചോറു തിന്നു, കുറച്ചുദിവസം ഭഗവന്നാമം ഭക്ഷിച്ചു കഴിഞ്ഞുകൂടിക്കൂടേ?'

'ജാതിയിൽ പക്ഷെ ചണ്ഡാലിയായിരുന്നു ഭൈരവി; എന്നാലും എന്തൊരു വാക്കാണ് അവളുടെ മുഖത്തുനിന്ന് പുറപ്പെട്ടതെന്ന് ആലോചിച്ചുനോക്കു. എന്നിട്ട് അരിയും കൊടുത്ത് തിരിച്ചുപോരുമ്പോൾ ഭൈരവി ഞങ്ങളെ പിടിച്ചുനിർത്തി പറഞ്ഞു: 'വന്ന സ്ഥിതിക്ക് ഇന്ന് ഊണ് കഴിക്കാതെ പോയിക്കൂട. അരി കൊണ്ടുവന്നിട്ടുണ്ടല്ലൊ, ഞാൻ ചോറ് വെക്കാം, ഒന്നിച്ചിരുന്ന് ഊണ്കഴിക്കാം. എന്റെ കൂടെ ഒരു കുട്ടികൂടി ഉണ്ടായിരുന്നു. വീട്ടിന്ന് നാലുവശവും ഒരു പാട് വാഴകളുണ്ട്. ഭൈരവി പച്ചക്കായ വേവിച്ച് ചോറ് വെച്ചു. എന്തു പറയാനാണങ്ങുന്നേ, അമൃത് കഴിച്ചതുപോലെ തോന്നി അന്ന്. ഇത്ര ദിവസം കഴിഞ്ഞിട്ടും ആ സ്വാദ് ഇപ്പോഴും വായിൽ തങ്ങിനിൽപുണ്ട്.'

ശശിമഹാരാജിന്റെ ഇത്തരം നുള്ളുനുറുങ്ങ് ഓർമ്മകൾ പറഞ്ഞു കേൾക്കാൻ നല്ല രസം തോന്നും. സന്യാസിയുടെ മനസ്സിലെ സാധാരണക്കാരന്റെ ഈ കോമളതയുണ്ടല്ലൊ, അത് ഉള്ളിൽ തട്ടും.

വലിയേച്ചിക്ക് വലിയ കൊതി, ഇദ്ദേഹത്തിന്റെ മുഖത്തുനിന്ന് മാതൃദേവിയുടെ കഥ കേൾക്കാൻ. അവർ പറഞ്ഞു: 'പുസ്തകത്തിൽ വായിക്കുന്നതുകൊണ്ട് തൃപ്തിയാവുന്നില്ല. അവരുടെ സ്വന്തം ശിഷ്യന്മാർ, അമ്മയുമായി അടുത്തിടപെട്ടവർ, വല്ലവരേയും കിട്ടിയിരുന്നെങ്കിൽ ഇരുന്നു കേൾക്കാമായിരുന്നു.'

ശശി മഹാരാജ് രാംമയ് മഹാരാജിനെ കൂട്ടിക്കൊണ്ടുവന്നു. അദ്ദേഹം കുട്ടിക്കാലത്തുതന്നെ അമ്മയിൽനിന്ന് ദീക്ഷ എടുത്ത ആളാണ്. ഇളം പൈതലിന്റെ ചിരിയുണ്ട് അദ്ദേഹത്തിന്റെ മുഖത്ത്, മധുരമായ കൺഠസ്വരവും. കഥ പറയുന്ന രീതിയും അതിമനോഹരം;

തന്മയനായി മാതൃദേവിയുടെ കഥകൾ പറയും. പറഞ്ഞ് പറഞ്ഞ് ഭാവാവേഗംകൊണ്ട് എങ്ങോ എത്തും, കൊച്ചുകുഞ്ഞുങ്ങൾ അമ്മയുടെ മടിത്തട്ടിലിരുന്ന് ചാഞ്ചാടുംപോലെ. ഞാനത് മുഗ്ദ്ധയായി കേൾക്കും, അദ്ദേഹത്തിൻെറ കഥകളിലൂടെ അമ്മയെ വ്യക്തമായി കാണും. ഒന്നിനു പിറകെ ഒന്നായി ഓരോ ചിത്രമെന്നപോലെ. ഇത് മററൊരു തരം രചനയാണ്. ഇതിൻെറ മാധുര്യമൊന്ന് വേറെയാണ്. ആ സവിശേഷമായ വിനിമയമില്ലെങ്കിൽ അന്തരംഗത്തെ ഇതുപോലെ മധുരമായ രൂപത്തോടെ പ്രകടിപ്പിക്കുക വയ്യ.

രാംമയ് മഹാരാജ് പറഞ്ഞു: 'അന്ന് വല്ല മണ്ണാങ്കട്ടയും തിരിഞ്ഞിരുന്നോ. കുട്ടിയായിരുന്നില്ലേ, നല്ല ലാളനയിലാണ് സമയം കഴിഞ്ഞുകൂടിയിരുന്നത്. അമ്മയും കൊച്ചുകുട്ടിയെന്ന് വെച്ച് വളരെ അടുപ്പിച്ചിരുന്നു. അമ്മയുടെ വലിയ വലിയ ശിഷ്യന്മാർ പറയാറുണ്ടായിരുന്നു, രാംമയ് കൊച്ചായിട്ടുതന്നെ ജയംനേടിയെന്ന്. എത്ര സാധാരണ മട്ടിലാണ് അമ്മ എനിക്ക് അത്ര വലിയ വിദ്യാഭ്യാസം തന്നുപോന്നതെന്നോ. അമ്മയുടെ പിറന്നാളായിരുന്നു അന്ന്. അവരന്ന് ജയരാം വാടിയിലായിരുന്നു, ചെറിയൊരു മുറിയിൽ. ഒരുപാട് ശിഷ്യന്മാർ വന്നിരുന്നു പിറന്നാൾ പ്രമാണിച്ച്. അമ്മ സ്വന്തം കൈകൊണ്ട് പാകംചെയ്ത് എല്ലാവരേയും ഊട്ടുമായിരുന്നു. എല്ലാ പണിയും സ്വന്തം കൈകൊണ്ട് ചെയ്യും. ഞാൻ ആദ്യമായി അമ്മയുടെ അടുത്ത് ചെന്നപ്പോൾ, അമ്മയെ എങ്ങിനെയാണ് കാണുക എന്ന് വിചാരിച്ചുകൊണ്ടേയാണ് നടന്നിരുന്നത്. ചെന്നപ്പോഴുണ്ടല്ലോ, മുറിയടിച്ചു വാരുകയാണ്—അമ്മ—അതിസാധാരണമായ ''മാതൃമൂർത്തി''—വീടുതോറും കാണും പോലെത്തന്നെ. വളരെക്കാലം ഈ സംഗതി എൻെറ മനസ്സിൽ ചുളുചുളെ കുത്തീട്ടുണ്ട്; ഞാനാലോചിച്ചിട്ടുണ്ട്, അമ്മയ്ക്കെന്താ മുറിഅടിച്ചുവാരാതിരുന്നുകൂടെ? ചുരുങ്ങിയത് ആ സമയത്തെങ്കിലും? ഇളം മനസ്സിൽ അമ്മയുടെ ആ മുറിയടിച്ചുവാരുന്ന രൂപം സഹജമായി സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. മുള്ളുകൊണ്ടതുപോലെ. അന്ന് ആ പിറന്നാൾ ദിവസം അമ്മ എന്നോട് പറഞ്ഞു, അവർ വന്നിട്ടുണ്ട്, ഒന്നു പോയി ഗ്രാമത്തിൽനിന്ന് കുറച്ച് പാല് കൊണ്ടുവന്നാട്ടെ; പായസം വെക്കണം. ഞാനപ്പോൾത്തന്നെ കുടവും ചുമലിലേററി പുറത്തിറങ്ങി. വീടുതോറും ചുററി കുടം നിറയെ പാലും സമ്പാദിച്ച് കൊണ്ടുവരുമ്പോൾ നേരം വൈകിപ്പോയി. മടങ്ങിയെത്തിയപ്പോൾ എല്ലാരും ശകാരിച്ചു, എന്തേ ഇത്ര വൈകിച്ചത്? അമ്മ അപ്പോൾമുതൽ ഒരേയിരിപ്പാണ്, വെള്ളംപോലുമിറക്കീട്ടില്ല ഇതുവരെ.

'മുറിക്കുള്ളിൽ കടന്നുനോക്കിയപ്പോഴുണ്ട്, അമ്മ കാലുംതൂക്കിയിട്ടുകൊണ്ട് കട്ടിലിന്മേൽ ഇരിക്കുന്നു. അഴിഞ്ഞ തലമുടി. എല്ലാരും അമ്മയെ പൂജിച്ചുകഴിഞ്ഞിരുന്നു. ഞാൻ ചെന്നു കേറിയ പാടെ അമ്മ പറഞ്ഞു, വന്നോ? ഇത്രയും വൈകീട്ടും ഒന്നും കഴിച്ചില്ലല്ലൊ. ഇനി നിൻെറ പൂജ കഴിച്ചോളു.

'അടുത്തുതന്നെ ഒരു പാത്രത്തിൽ വെൺതാമരപ്പൂവും ചെന്താമരപ്പൂവും വെച്ചിട്ടുണ്ടായിരുന്നു; ഞാൻ ഏതാണ് എടുക്കേണ്ടതെന്ന് ആലോചിക്കുകയാണ്, അപ്പോഠം അമ്മ പറഞ്ഞുതന്നു, ചെന്താമരപ്പൂ വെടുത്തോ; നോക്ക്, തുളസിപ്പൂവ് പററീട്ടില്ലല്ലൊ അതിന്മേൽ? അമ്മ തന്നെ മന്ത്രം ഓതിത്തന്നു. ഞാൻ ആ മന്ത്രം ഉരുവിട്ട് അമ്മയുടെ കാൽക്കൽ താമര സമർപ്പിച്ച് കുമ്പിട്ടു. അമ്മ പറഞ്ഞു, ഇരിക്കു, ഇനിയും രണ്ട് താമരയെടുക്ക്, ജ്ഞാനനും ഗിരീനും ഇന്ന് വന്നിട്ടില്ല. അവർക്ക് നിന്നെ ഇഷ്ടമാണ്, അവരുടെ പേരിൽ നീ എനിക്ക് താമര താ.'

'ഈ ജ്ഞാനേട്ടനാണ് എന്നെ ആദ്യമായി അമ്മയുടെ അടുത്ത് കൂട്ടിക്കൊണ്ടുപോയിരുന്നത്. ജ്ഞാനേട്ടൻെറ അടുത്തുനിന്ന് രണ്ടു തവണ ഞാനെന്തൊരു ശകാരമാണ് കേട്ടതെന്നോ! ഒരു തവണ ഞാൻ അമ്മയുടെ കിണ്ണത്തിൽ തന്നെ ഊണ് കഴിച്ചുകളഞ്ഞു. എൻെറ കുററമല്ല, ഞാനന്ന് കുട്ടിയായിരുന്നു, സ്കൂളിൽ പഠിക്കുകയാണ്. അടുത്താണ് ഗ്രാമം, ശനിയും ഞായറും അമ്മയുടെ അടുത്തു കഴിച്ചു കൂട്ടും; തിങ്കളാഴ്ച നേരെ ക്ളാസും കഴിഞ്ഞ് വീട്ടിലേക്ക് തിരിക്കും. വീട്ടിൽ എൻെറ സ്വന്തം അമ്മയും അച്ഛനും ആദ്യമാദ്യം നന്നെ അസന്തുഷ്ടരായിരുന്നു, തീർച്ച; പക്ഷെ പിന്നീട് ഒന്നും പറയാറുണ്ടായിരുന്നില്ല. പഠിപ്പിലും ഞാൻ മററെല്ലാരേക്കാളും മീതെയായിരുന്നു, ആ വഴിക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. അങ്ങിനെ, ആ ശനിയാഴ്ച, അമ്മയ്ക്കറിയാമായിരുന്നു ഞാൻ വരുമെന്ന്—അവിടുത്തെ കിണ്ണത്തിൽത്തന്നെ പ്രസാദം മൂടിവെച്ചിരുന്നു. അമ്മ പറഞ്ഞു, ആദ്യം പ്രസാദം കഴിക്ക്. എപ്പോഠം കഴിച്ചതാണ്.

'ഞാൻ അപ്പോഠംത്തന്നെ ഉണ്ണാനിരിപ്പായി. അങ്ങിനെയിരിക്കെയാണ് ജ്ഞാനേട്ടൻ ഉള്ളിൽ കടന്നത്; അദ്ദേഹം പറഞ്ഞു, എന്തൊരു ബുദ്ധിയാണ് നിൻേറത്; അമ്മയുടെ കിണ്ണം എച്ചിലാക്കുകയോ?

'അമ്മ പക്ഷെ കിണ്ണം മാററിച്ചില്ല. അവിടുന്ന് അരുളി, എന്താണ് പററിപ്പോയത്, കൊച്ചൻ കഴിച്ചെന്നുവെച്ച് എച്ചിലാകുമോ? നീ അവനെ ശകാരിക്കൊല്ല ജ്ഞാന, ഞാൻ ആ പിഞ്ഞാണത്തിൽത്തന്നെ ഉണ്ണും.

'മററൊരിക്കൽ, ശരത്മഹാരാജിൻെറ കിണ്ണം എച്ചിലാക്കിക്ക ളഞ്ഞു. ജയരാം വാടിയിൽത്തന്നെ വന്നിരിക്കയാണ് ശരത്മഹാരാജ്, മിക്കപ്പോഴം വരാറുണ്ട്. അപ്പോഠം കണ്ടത് മറെറാരു രൂപത്തിൻെറ പ്രകടനമാണ്. ശരത്മഹാരാജ് താമസിച്ചുപോന്നത് അടുത്ത മുറി യിലാണ്. നിത്യവും രാവിലെ അമ്മയെ നമസ്കരിക്കാൻ വരും— എന്നെ പറഞ്ഞയച്ച് വിവരമറിയും, ഒന്നുപോയാട്ടെ, നോക്കി വാ, അമ്മ ഇപ്പോഠം എന്താണ് ചെയ്യുന്നതെന്ന്. ഞാൻ നോക്കിവന്നിട്ട് പറയും, അമ്മ ഇപ്പോഠം കറിക്ക് നുറുക്കുകയാണ്, അല്ലെങ്കിൽ മുറി അടിച്ചുവാരുകയാണ്, അതുമല്ലെങ്കിൽ മാവ് കുഴക്കുകയാണ്, പാത്രം കഴുകുകയാണ് വറവരക്കുകയാണ്—ഇങ്ങിനെ പലതും. അദ്ദേഹം വീണ്ടും മുന്നറിയിപ്പ് തരും, അമ്മയോട് ഒന്നും പറയല്ലേ, മിണ്ടാതെ നോക്കിവന്ന് എന്നോട് പറയണം. അമ്മയ്ക്കു ബുദ്ധിമുട്ടാവുമെന്ന് പേടിച്ചാണ് മുന്നറിയിപ്പ് തന്നുപോന്നത്. ഒടുക്കം, അമ്മ ഇപ്പോഠം വെറുതെ ഇരിക്കുകയാണെന്ന് ചെന്നു പറഞ്ഞാൽ, അപ്പോഠം ''നേരല്ലേ പറയുന്നത്, നേരല്ലേ പറയുന്നത്'' എന്ന് പറഞ്ഞുകൊണ്ട് ശരത് മഹാരാജ് എഴുന്നേൽക്കും. ഉയർന്ന് തടിച്ച വലിയ മനുഷ്യനായി രുന്നു, ആ മനുഷ്യൻ ആടിയും ഇളകിയും അമ്മയെ നമസ്കരിക്കാൻ ചെല്ലുമ്പോഠം—കാണേണ്ടതുതന്നെയായിരുന്നു. ശരത്മഹാരാജ് മുറി യിൽ കടന്ന് ആ കൂററൻ ശരീരം നിലത്ത് മുട്ടിച്ച് സാഷ്ടാംഗമായി അമ്മയെ നമസ്കരിച്ച് തിരിച്ചുവരും.

ശരത്മഹാരാജിൻെറ അടുത്തുനിന്ന് വിവേകാനന്ദസ്വാമികളുടെ എത്രയെത്ര കഥകളാണ് കേട്ടിട്ടുള്ളതെന്നോ. ഇരുന്നിരുന്ന് അവ യൊക്കെ എന്നെ കേഠപ്പിക്കുമായിരുന്നു.

'ഒരു തവണ വിവേകാനന്ദസ്വാമികളും ശരത്മഹാരാജും അഭേദാ നന്ദസ്വാമികളും പുറത്തിറങ്ങി നടക്കുകയായിരുന്നു—ഏതോ ഒരു കുന്നിന്മേൽ. സ്വാമിജിയ്ക്ക് എന്തോ അസുഖമായി; ഒരു ദിവസം അൽപം വഴുതിനിങ്ങക്കറി കൂട്ടിയാൽ കൊള്ളാമെന്ന് പറഞ്ഞു. ശരത് മഹാരാജും അഭേദാനന്ദസ്വാമികളും നടന്നുനടന്ന് ഒടുക്കം, ഭേദപ്പെട്ട ഒരാളുടെ വീട്ടുവളപ്പിൽ ഒരുപാട് വഴുതിനിങ്ങ കായ്ച്ചുകിടക്കുന്നത് കണ്ടു. അവർ അതിൽനിന്ന് രണ്ടു വഴുതിനിങ്ങ ചോദിച്ചു; അയാഠം ഒരെണ്ണംപോലും കൊടുക്കാൻ സമ്മതിച്ചില്ല. അവരെന്ത് ചെയ്യാനാണ്, തിരിച്ചുപോന്നു. വിവരം കേട്ട് സ്വാമിജി പറഞ്ഞു, നിങ്ങളെന്ത് സബ്രഹ്മചാരികളാണ് ഹേ! എനിയ്ക്കുവേണ്ടി രണ്ട് വഴുതിനിങ്ങ കട്ടുകൊണ്ടുവരാൻ കഴിയില്ലേ? ശരത്മഹാരാജ് അഭേദാനന്ദസ്വാമിക ളേയും കൂട്ടി വീണ്ടും ആ ഗൃഹസ്ഥൻെറ വീട്ടിലേക്കു ചെന്നു. ഇത്ത

വണത്തെ പ്ളാൻ ഒരാരം ചെന്ന് അയാളോട് ''പരമാർത്ഥപ്രസംഗം'' ചെയ്യണമെന്നും മറേറയാരം വളപ്പിൽനിന്ന് രണ്ട് വഴുതിനിങ്ങ പറി ച്ചുകൊണ്ടുവരണമെന്നുമായിരുന്നു.

'ഇങ്ങിനെ എന്തെല്ലാം തമാശയുള്ള കഥകളാണ്.'

'മറെറാരിക്കൽ ഈ മൂന്നുപേരുംതന്നെ കുന്നിൻപുറത്ത് ചുററി നടക്കാനിറങ്ങിയതായിരുന്നു. ആഹാരമൊന്നും കിട്ടിയിരുന്നില്ല അന്ന് മുഴുവൻ. കറങ്ങിക്കറങ്ങി മൂന്നുപേരും ഒരു പണക്കാരൻെറ പടിക്കൽ ചെന്നുനിന്നു. പക്ഷെ അയാരം ഭിക്ഷ നൽകുന്ന കാര്യമോ ഇരിക്കട്ടെ, അതുമിതും പറഞ്ഞ് ആട്ടിയകററി. അപ്പോരം അഭേദാനന്ദസ്വാമികരം പറഞ്ഞു, 'ഇങ്ങിനെയായാൽ പററില്ല. നിങ്ങരം ചിരിക്കരുത്, ദൂരെ നിന്നു തമാശ കണ്ടോ. ഇവരുടെ സമ്പ്രദായം അറിയില്ലേ—'

ഗഢുവാരം നല്ലൊരു ദാതാവെന്നാൽ
കുറുവടി കാണാതൊന്നും നൽകാ.

--വടി കാട്ടി ഭിക്ഷ വാങ്ങും ഞാൻ. ഇതും പറഞ്ഞ് അദ്ദേഹം തല ക്കെട്ട് മുറുക്കെ കെട്ടി നീണ്ടൊരു മുളവടിയും കൈയിലെടുത്ത് ആ ഗഢ്വാളിൻെറ* വീട്ടിൽത്തന്നെ ചെന്നു. അവിടെ ചെന്ന് കൈയിലെ വടി മുററത്തു കുത്തി ഹുങ്കാരവും മുഴക്കിക്കൊണ്ടു നിന്നപ്പോഴു ണ്ടല്ലൊ, ആ ഗൃഹസ്ഥൻ ഓടിവന്ന് അദ്ദേഹത്തിൻെറ കാൽക്കൽ വീഴുന്നു. അഭേദാനന്ദൻ ഓരോരിക്കലും ഹുങ്കാരം മുഴക്കി നിലത്ത് വടികുത്തും, എന്നിട്ട് പറയും, ''ഗോതമ്പ്മാവ് കൊണ്ടാ'', ''നെയ്യ് കൊണ്ടാ'', ''മധുരപലഹാരം കൊണ്ടാ''; അയാളോ ഓടിപ്പോയി വീട്ടിൽനിന്ന് അതോരോന്നും കൊണ്ടുവന്ന് കാൽക്കൽ കൂട്ടിവെക്കും. അദ്ദേഹം അതൊക്കെ എടുത്ത് സ്വാമിജിമാരുടെ അടുത്തേക്ക് തിരിച്ചു ചെന്നു. മൂന്നുപേർക്കും അപ്പോഴെന്ത് ചിരിയാണെന്നോ.

'ഈ ശരത്മഹാരാജിൻെറ കിണ്ണത്തിലാണ് ഞാൻ ഒരു ദിവസം ഉണ്ടുകളഞ്ഞത്. അമ്മ അദ്ദേഹത്തെ ഊട്ടി ആ പാത്രത്തിൽത്തന്നെ എനിയ്ക്കും വിളമ്പി. അമ്മയാണ് വിളമ്പിയിരിക്കുന്നത്, ആലോ ചിക്കാനെന്തുണ്ട്? ഇരിപ്പായി ഉണ്ണാൻ. പക്ഷെ ചീത്തപറച്ചിൽ കേരം ക്കാനാണ് തലയിലെഴുത്ത്—അത്തവണയും പെട്ടുപോയി ജ്ഞാനേ ട്ടൻെറ മുമ്പിൽത്തന്നെ.'

---

* ഉത്തരപ്രദേശത്തെ ഒരുവിഭാഗം ആളുകരം

രാംമയ് മഹാരാജിന്റെ ഈ ജ്ഞാനേട്ടന്റെ അടുത്തുനിന്നും അമ്മ യുടെ എത്രയോ കഥകൾ കേട്ടിട്ടുണ്ട്. എല്ലാം വേറെത്തന്നെ എഴുതേ ണ്ടതാണ്. സാക്ഷാൽ ഭഗവതിയായിരുന്നു അമ്മ; പക്ഷെ ഈ അമ്മ യുടെ 'രൂപം' മറെറാന്നാണ്. ജ്ഞാനമഹാരാജ് പറഞ്ഞതാണ്: 'ശരീരം മുഴുവൻ ചൊറിഞ്ഞ് പൊള്ളിയിരുന്നു, നാലുമാസം കിട പ്പിലായിരുന്നു ഞാൻ; അമ്മ സ്വന്തം കൈകൊണ്ട് ഊട്ടും, വ്രണം കഴുകി മരുന്നു പുരട്ടും. എനിയ്ക്ക് മീൻ ഇഷ്ടമല്ലായിരുന്നു; അമ്മ വിളമ്പുന്ന ചോററിന്നുള്ളിൽ മാഗുർമത്സ്യത്തിന്റെ ഇറച്ചി ഒളി പ്പിച്ചുവെച്ച് ഓരോ ഉരുളയും വായിൽ വെച്ചുതരും—രക്തം ശുദ്ധ മാവാൻ.'

ഇതെല്ലാം കേട്ട് ഞാൻ ആലോചിയ്ക്കയാണ്, അമ്മയ്ക്ക് ഈ യൊരു ''രൂപം'' ഉണ്ടായിരുന്നതുകൊണ്ടുതന്നെയല്ലേ അവർ 'അമ്മ'യാ യത്. അതല്ലേ അവിടുത്തെ സന്താനങ്ങൾ ഇന്നും നരച്ച മുടിനിറഞ്ഞ തലയുമായി കുട്ടികളെപ്പോലെ രൂപാന്തരം പ്രാപിച്ച് അമ്മയുടെ കഥ കൾ പറഞ്ഞുവരുന്നത്. ഈ സംഗതി ആർ ആരെ ധരിപ്പിക്കും?

ദിവസംമുഴുവൻ കൂടാരത്തിന്നുള്ളിലിരുന്ന് കഥകൾ കേട്ടുകേട്ട് കഴി ഞ്ഞുപോയി. എങ്ങിനെയാണ് സമയം പോയതെന്ന് അറിഞ്ഞതേ യില്ല. പക്ഷെ കൈയും കാലും ഒന്ന് അനക്കാതിരുന്നാൽ പററില്ല, തണുപ്പുകൊണ്ട് തരിച്ചുപോയിരിക്കുന്നു.

പട്ടണത്തിൽക്കൂടെ നടക്കാൻ തുടങ്ങി. സംഘം സംഘമായി പല പല വണ്ടികളിൽ യാത്രക്കാർ ഇവിടെ വന്നുചേരുകയാണ്. വഴി നിറയെ അവരുടെ തിരക്കാണ് മുഴുവൻ സമയവും.

ഒരു കിഴവി കുതിരവണ്ടിയിൽ നിന്നിറങ്ങി ആവലാതിയും വേവ ലാതിയും പറയാൻ തുടങ്ങി. 'എവിടെയാണപ്പാ കൊണ്ടുവന്ന് വിട്ട തെന്ന് നോക്ക്; എന്നിട്ടെവിടെയാ കൊണ്ടുപോകാൻ നോക്കുന്നത്.'

വണ്ടിക്കാരൻ വണ്ടിയിൽനിന്ന് ഇറങ്ങാൻ സമ്മതിക്കുന്നില്ല. അവൻ പിന്നാലെ ചെന്ന് പറഞ്ഞു: 'ആദ്യം വാടക കൊട്, എന്നിട്ടി റങ്ങ്.'

കിഴവി കോന്തലക്കെട്ട് മുറുക്കെപ്പിടിച്ചും കൊണ്ട് പറഞ്ഞു: 'എന്തൊരു തലേലെഴുത്തപ്പാ! പിടിച്ചുപറിക്കാരന്റെ കയ്യിലല്ലേ പെട്ടുപോയത്. എൻറപ്പോ, എൻറപ്പോ—'

ഏട്ടൻ മുമ്പോട്ടു ചെന്നു: 'എന്താ മുത്തശ്ശി, എന്തു പററി?'

കിഴവി പറഞ്ഞു: 'കണ്ടോ, ഇസ്റ്റേശനിൽവെച്ച് തിരക്കിൽപെട്ട് കൂട്ടത്തിൽ നിന്ന് തെററിപ്പോയി. കോന്നഗരിൽനിന്നാ വരുന്നത്. മററൊരിക്കലും വന്നിട്ടുണ്ട് ഇവിടെ, ഒരുപാട് ദെവസം മുമ്പ്. അറിയുന്ന സ്ഥലല്ലേ. അവിടെ കൊണ്ടാക്ക് എന്ന് ഞാൻ പറഞ്ഞു. എന്നിട്ട് ഈ മൊശകോടൻ എന്നെ എവിടൊക്കെയാ ചുററിച്ച് കഷ്ടത്തിലാക്കുന്നതെന്ന് നോക്ക്.'

വണ്ടിക്കാരൻ പറഞ്ഞു: 'എന്ത് ചെയ്യും സാർ? രണ്ടേകാൽ മണിക്കൂറായി ഈ കെളവി എന്നെ ചുററിച്ച് കഷ്ടത്തിലാക്കുന്നു. എവിടെയാ പോണ്ടതെന്ന് പറയുന്നില്ല. നടക്ക് നടക്ക് എന്നു മാത്രം പറഞ്ഞുകൊണ്ടിരിക്കുന്നു.'

ഏട്ടൻ ചോദിച്ചു: 'എവിടെയാ പോകണ്ടത് നിങ്ങാക്ക്?'

'സ്ഥലത്തിൻെറ പേരും മേൽവിലാസവുമൊന്നും അറിഞ്ഞൂടപ്പാ. പക്ഷെങ്കില് അന്ന് വന്നിരുന്നല്ലൊ, വഴി ഓർമ്മയുണ്ട്. ദാ, ഇത്ര വീതിയുള്ള വലിയൊരു വഴി, അതിൻെറ പള്ളക്ക് വലത്ത് ഭാഗത്തായിട്ട് വീതിയില്ലാത്ത ഒരെടവഴി, അതിലെയാ പോണ്ടത്.'

ഏട്ടൻ ചിന്തയിൽ മുഴുകി—എത്രയുണ്ട് ഇവിടെ വലിയ വഴി, എത്രയുണ്ട് വീതികുറഞ്ഞ ഇടവഴി. അതിലേതാണ് പക്ഷെ കിഴവിയുടേത്?

കിഴവിക്ക് സഹിക്കാൻ കഴിയുന്നില്ല. ഏട്ടൻെറ കൈ രണ്ടും അമർത്തിപ്പിടിച്ച് കെഞ്ചി: 'ഒന്നെന്നെ എൻെറ ആളുകളുടെ അടുത്ത് വേഗം കൊണ്ടാക്ക് മോനേ. ഇത്രയും നേരായിട്ട് അവരും എത്ര വേവലാതിപ്പെടുന്നുണ്ടാവും?'

ഏട്ടൻ ചോദിച്ചു: ''ആരുടെ കൂടെയാണ് വന്നത്? ആൺതുണയായിട്ട് ഒരാളുണ്ടാവുമല്ലൊ? എന്താണ് അയാളുടെ പേര്?''

'അത് പിന്നെ, അയാളുടെ പേരറിയില്ലപ്പനേ. അതുകൊണ്ട് പിന്നെ ഒരു കൊഴപ്പൂം വരൂല്ല. എനിക്കറീല്ലെങ്കിലും അവർക്ക് അറിയാലൊ. അവർ തന്നെ പേര് പറഞ്ഞുതരും നിനക്ക്. നീ ആദ്യം എന്നെ അവിടെ കൊണ്ടാക്ക്.'

ഏട്ടൻ നിരാശ സൂചിപ്പിക്കുന്ന ദൃഷ്ടിയോടെ നോക്കി.

വലിയേച്ചി പറഞ്ഞു: 'ഒരു കാര്യം ചെയ്യ്. കടവിൽ ചെന്ന് നല്ല ത്രാണി തോന്നിക്കുന്ന വല്ല പണ്ഡയേയും കണ്ടുപിടിച്ച് കിഴവിയെ അയാളുടെ കയ്യിൽ വിട്ടേക്കു. പണ്ഡ ആരംക്കാരെ അന്വേഷിച്ച് കണ്ടുപിടിച്ചോളും.

വലിയേച്ചിയും ഞാനും ഹർകി പൌഡിയുടെ പാലത്തിന്നടുത്ത് കാത്തുനിന്നു. ആളുകരം വരുന്നു പോകുന്നു, ഗോതമ്പു പൊടിയുടെ ഉണ്ട വെള്ളത്തിലെറിയുന്നു. ഞാൻ രസത്തോടെ മത്സ്യത്തിന്റെ കളിയും നോക്കിക്കൊണ്ടിരുന്നു.

പടവിന്റെ ഒരു മൂലക്ക് ഒരു ഭൈരവിയും ഒരു വൈഷ്ണവിയും തമ്മിൽ വാക്കേററമായി. തടിച്ചു തുളുമ്പുന്ന വൈഷ്ണവി ചുണ്ടുംപൊത്തി ചിരിച്ച് തീ പററിക്കുന്നു; ഭൈരവി എഴുന്നേററ് ചടചടാന്ന് കത്തുന്നു.

ചീത്തപറച്ചിലിന്നിടയ്ക്ക് മനസ്സിലായി, കലഹം തുടങ്ങിയത് ഇത്തിരിമുമ്പ് ഭൈരവിയും ഭൈരവിയും തമ്മിലാണെന്ന്. ഒരുത്തി പടക്കളം വെടിഞ്ഞ ഉടൻ കാഴ്ചക്കാരിയായ വൈഷ്ണവി സംഭവസ്ഥലത്തെത്തി മററവരംക്ക് വിറകിട്ടു കൊടുത്തു. രസംപിടിച്ച ശൺഠയുടെ സ്വാദ്——ആരത് എളുപ്പത്തിൽ കൈവിടും?

കറുത്തുരുണ്ട ഭൈരവി; ചെറുപ്പക്കാരി, കൈയിൽ ത്രിശൂലവും തലയോടും, കഴുത്തിൽ രുദ്രാക്ഷമാല——പൊടുന്നനെ എന്നെപ്പിടിച്ചു വലിച്ചുകൊണ്ടുപോയി. 'അതാ—അതാ കണ്ടോ പോകുന്നത്, അതാ പടവും കടന്ന്പോകുന്നു. ആ പെണ്ണിന്നാണ് എന്നോട് അസൂയ മുഴുവൻ. എനിയ്ക്കെന്താ അധികം ഭിക്ഷ കിട്ടാൻ. എടീ, ഞാനാണ് ശരിയായ ഭൈരവി, എട്ടു കൊല്ലമായി ഇവിടെ. എവിടെയായിരുന്നു അവളപ്പോരം? ഞാനെന്താ കണ്ടതല്ലെ? അവളുണ്ടല്ലൊ തെണ്ടിയെപ്പോലെ വഴിക്ക് വീണുകിടക്കും. ഇന്നേക്ക് രണ്ടുകൊല്ലമായിട്ടില്ല ഭൈരവിയായിട്ട്. എന്തിനാണ് ഇത്ര ദേഷ്യം? എനിയ്ക്ക് ഭിക്ഷ ജാസ്തി കിട്ടുന്നുവെന്നല്ലേ, ഞാൻ ചോദിക്കുന്നു, നിനക്കെന്താ അതിന്? ഞാൻ ഗോസായിവീട്ടിലെ പെണ്ണാ, ഗോസായിവീട്ടിലെ വധുവാ. നവദ്വീപിലെ പാഞ്ചുഗോപാൽഗോസായി——നിത്യാനന്ദക്ഷേത്രത്തിലെ മേശ്ശാന്തി——അയാളുടെ മോളാ ഞാൻ. ആരാ അറിയാണ്ട്? താരകേശ്വരന്റെ പേര് നിങ്ങരം കേട്ടിട്ടുണ്ടാവുമല്ലൊ? പാപം ചെയ്ത വായ കൊണ്ട് പറയാൻ പാടില്ല——' എന്ന് പറഞ്ഞ് അവരം പെട്ടെന്ന് ഒച്ച താഴ്ത്തി കണ്ണ് പാതിയടച്ച് വിരലുകൊണ്ട് നെഞ്ഞ് ചൂണ്ടിക്കാട്ടി. എന്നിട്ട് പറഞ്ഞു: 'ആ താരകേശ്വരൻ എനിക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്ന്.'

ഭാവം കണ്ടാൽ ഇതൊന്നും ആരും അറിയാൻ പാടില്ലാത്തതാണെന്നു തോന്നും. വെറും പുണ്യഫലംകൊണ്ടാണ് ഞാൻ അറിഞ്ഞു വശായത്. അവൾ, തുറന്ന വാതിൽ കൈകൊണ്ട് ആഞ്ഞടച്ചതുപോലെ. 'പോട്ടെ ആ കഥ. ഇനി, ആളുകൾ എന്നിൽ വല്ലതും കാണുന്നുണ്ടെങ്കിൽ, എനിയ്ക്ക് അൽപം ജാസ്തിതന്നെ തരുന്നുണ്ടെങ്കിൽ, എന്നാലെന്തിന് അസൂയപ്പെടണം? നിങ്ങൾതന്നെ പറയിൻ. ഞാൻ ചോദിക്കുന്നു, ഞാനെന്താ നിന്നെപ്പോലെ പിച്ചതെണ്ടിയാണോ? രാവും പകലും പിച്ച ചോദിച്ചുംകൊണ്ട് തെണ്ടുന്നുണ്ടോ? ഞാനുണ്ടല്ലൊ, ശരിയായ ഭൈരവിയാ. കാവി ഉടുക്കുന്നു, നെയമപ്രകാരം വ്രതവും പൂജയും ചെയ്യുന്നു, നെററിയിൽ ചിന്തൂരവും ഭസ്മവും പൂശുന്നു, മന്ത്രംചൊല്ലി തലയോടുമെടുത്ത് പുറത്തെറങ്ങുന്നു. പത്തുനാഴികയാണോന്നറിയില്ല, പന്ത്രണ്ടുമെലാണോന്നറിയില്ല, ഒററപ്പോക്കിൽ ഭിക്ഷയെടുത്ത് തിരിച്ചുവരുന്നു. പിന്നീം മന്ത്രം ജെപിച്ച് വേഷം അഴിച്ചുവെക്കുന്നു. തീർന്നു ഒരു ദെവസത്തേക്ക്. എന്നിട്ടേ, എൻെറ ഒപ്പമാണുപോലും നീ? എ്ങ്-ങ്!'

ഞാൻ ചോദിച്ചു: 'ഗോസായിവീട്ടിലെ വധുവാണല്ലേ, നിൻെറ ഭർത്താവ്—'

'ഹാങ്, ഭർത്താവും വന്നിട്ടുണ്ട് എൻെറ കൂടെ സാമിയായിട്ട്. ദാ പറഞ്ഞില്ലേ താരകേശ്വരൻെറ കഥ; വ്രതം പിടിച്ചിരുന്നു; അവിടുന്ന് എനിയ്ക്ക് വെളിപ്പെട്ടു. കഴിയോ പിന്നെ വീട്ടിൽ കൂടാൻ? പിന്നെ നമ്മൾക്കാണെങ്കിൽ ഒററക്ക് പോയുംകൂടാ. പെണ്ണല്ലേ; അറിയാലോ, തനിച്ച് വന്നാൽ മതി ആളുകൾ ഘോഷിക്കും—ഒളിച്ചോടിപ്പോയെന്ന്. ഭർത്താവോട് ചോദിച്ചു, എന്താ വഴി? എനിയ്ക്കാണെങ്കിൽ എനി വീട്ടിലിരിക്കാൻ പററൂലാ. കാര്യം മനസ്സിലാക്കി ഭർത്താവും വന്നു ഒന്നിച്ച്. ഇവിടെത്തന്നെയാണ് താമസിക്കുന്നത്, ഞാൻ വേറെയാണ് താമസം. എടക്കെടക്ക് കാണും.'

'സന്താനവും സന്തതിയും?'

'അതും ഉണ്ടായിരുന്നു. രണ്ടാൺകുട്ടികൾ. അവരെ ഗംഗയ്ക്കു കൊടുത്തു. എനിയ്ക്കിപ്പോൾ നല്ല സുഖമാണ്, ഒരു ചിന്തയുമില്ല.'

ഏട്ടൻ വന്ന് തിരക്കുകൂട്ടി. പണ്ഡമാരായ പണ്ഡമാരോട് മുഴുവൻ ചെന്നു പറഞ്ഞിട്ട് ഒടുക്കം കിഴവിയെ തൻെറ ആളുകളുടെ അടുത്തെത്തിക്കാൻ കഴിഞ്ഞിരുന്നു. കിഴവിയുടെ സംഘത്തിൻെറ പണ്ഡ വന്ന് അവരെ കൂട്ടിക്കൊണ്ടുപോയി.

നേരം രാത്രിയായി.

വലിയേച്ചിയുടെ സഞ്ചിയുണ്ടായിരുന്നു എന്റെ കയ്യിൽ—ഒരണയും രണ്ടണയും നിറച്ച് ഒരു ദിവസത്തെ ദാനത്തിനുള്ള വക. ഞാൻ അതു തുറന്ന് മനസ്സിൽ തോന്നിയപോലെ ഒരു പിടി ഒരണയും രണ്ടണയും വാരി ഭൈരവിയുടെ ഖർപ്പരത്തിൽ ഇട്ടുകൊടുത്തു. കൈ നീട്ടി ഖർപ്പരത്തിൽ പൈസ വാങ്ങുന്നതിന്നിടയ്ക്ക് ഭൈരവി നാലു ദിക്കിലേക്കും നോക്കിക്കൊണ്ടിരുന്നു. ഭാവം—മുമ്പത്തെ ആ കുരുടി ഭൈരവിപ്പെണ്ണ് എവിടെപ്പോയി? അടുത്തെങ്ങാനും ഉണ്ടെങ്കിൽ കണ്ടോ, എനിയ്ക്കെന്തോ ജാസ്തി ഭിക്ഷ കിട്ടാനെന്ന്.

കാല് രണ്ടും രാത്രി മുഴുവൻ കിടക്കയ്ക്കടിയിലായാലും ചൂട്പിടിക്കില്ല. തണുത്ത കാല് വയറോട് ചേർത്തിട്ട് എന്താവാനാണ്! ഇന്ന് കാലിൽ കാലുറയിട്ടേ കിടക്കു.

വലിയേച്ചി പെട്ടി തുറന്ന് ഏട്ടന്റെ ഒരു ജോഡി കമ്പിളിക്കാലുറ പുറത്തെടുത്ത് എനിയ്ക്കു തന്നു; കഴിഞ്ഞ തണുപ്പുകാലം സ്വന്തം കൈകൊണ്ട് തുന്നിക്കൊടുത്തതാണ്. കാലുറ രണ്ടും കൈയിലെടുത്ത് ഞാൻ ഇതികർത്തവ്യതാമൂഢയായിപ്പോയി. പിന്നേയും പിന്നേയും തിരിച്ചും മറിച്ചും നോക്കി; എങ്ങിനെയാണ് കാലിലിടുക? മടമ്പും കാൽപ്പത്തിയും—വീതി കുറഞ്ഞിട്ടോ ഏറിയിട്ടോ ഒരാകൃതിയുമില്ല. ശരിയ്ക്ക് കുപ്പി തൂക്കിയിടാൻ അമ്മ തുന്നാറുള്ള സഞ്ചിപോലെ രണ്ടെണ്ണം.

വലിയേച്ചിക്ക് ദേഷ്യംവന്നു: 'കാലിലിട്ട് നോക്കരുതോ. ഇത് മിലിററി സോക്സാണ്, പുതിയ പാറേൺ.'

പാവം ഏട്ടൻ!

ഇന്നാണ് പ്രാസംഗികമായി അനുഭവാനന്ദസ്വാമികൾ മാതൃദേവിയെ സ്മരിച്ചുകൊണ്ട് പറഞ്ഞിരുന്നത്, 'അമ്മ' സർവ്വംസഹയായിരുന്നെന്ന്. ഞാനോർത്തുപോയി, എന്നാലും മുഖത്തൊരു മങ്ങലുമില്ലാതെ ഈ കാലുറ കാലിലിടേണ്ടിവന്ന, എന്നിട്ട് അതിട്ടതുകൊണ്ട് സന്തോഷമായെന്ന മുഖഭാവവും കാട്ടേണ്ടിവന്ന, ഈ ഏട്ടനെപ്പോലെ സർവ്വംസഹനായി ഈ ലോകത്ത് ആരുണ്ടെന്ന്.

മഠങ്ങളിൽ ഇപ്പോഴം നിത്യവും ഊട്ടുണ്ടാവും. സന്യാസിമാരുടെ ഇടയിലെ ഒരു സാമൂഹ്യച്ചടങ്ങാണ് ഇത്. ഓരോ മഠവും ഓരോ ഊട്ട്

കൊടുത്തേ കഴിയൂ. കഴിവുള്ളവർ, അതായത് നിറവേററാൻ മിടുക്കുള്ള വർ, 'സമഷ്ടി ഊട്ട്'' കൊടുക്കും; എന്നുവെച്ചാൽ എല്ലാ സമ്പ്രദായത്തിലും പെട്ട എല്ലാ സന്യാസിമാർക്കും ക്ഷണമുണ്ടാവും അതിൽ. അതിന് കഴിവില്ലാത്തവരാകട്ടെ, 'വ്യഷ്ടി ഊട്ട്'' കൊടുക്കും; ഓരോ മഠത്തിൽ നിന്നും നാലഞ്ചുപേർ ക്ഷണം സ്വീകരിക്കാൻ വരും, ആളെണ്ണക്കണക്കൊപ്പിച്ച്.

ആർ ഏത് ഊട്ടാണ് കൊടുക്കാൻ വിചാരിക്കുന്നതെന്നതിന്റെ ലിസ്ററ് മുൻകൂട്ടി തവണക്കാരന്ന് കൊടുക്കണം. അതു നോക്കി അയാഠം ദിവസം നിശ്ചയിക്കും—എപ്പോഴെല്ലാമാണ് 'സമഷ്ടി' വേണ്ടത്, എപ്പോഠം എവിടെയാണ് 'വ്യഷ്ടി' വേണ്ടതെന്ന്. ഒരു ദിവസം രണ്ടുമൂന്നിടത്ത് 'വ്യഷ്ടി'യുണ്ടാവാം; എന്നാൽ ഒരു ദിവസം ഒന്നിലധികം സ്ഥലത്ത് 'സമഷ്ടി'യുണ്ടായാൽ അസൌകര്യമാണ് ഇരുകൂട്ടർക്കും. രണ്ടു ദിവസം ഉണ്ണാൻ കഴിയുന്നേടത്ത് വിരുന്നുകാർക്ക് ഒരു ദിവസം ഒഴിവായിപ്പോകും; ഊണൊരുക്കുന്നവർക്കാകട്ടെ, വിരുന്നുകാർ രണ്ടിടത്തായി ഭാഗിച്ചുപോകുന്നതുകൊണ്ട് തീററസ്സാമാനങ്ങഠം നഷ്ടമാകും. ഇത്ര എണ്ണമാണെന്ന് ഒരുറപ്പുമില്ലല്ലൊ.

അനുഭവാനന്ദസ്വാമികഠം പറഞ്ഞു: 'ഞങ്ങഠംക്കും കൊടുക്കേണ്ടിവരും ഊട്ട്. ഞങ്ങഠം കൊടുക്കുന്നത് രാമകൃഷ്ണദേവന്റെ ജന്മതിഥിയിലാണ്, ഓരോ കുംഭത്തിനും. ''വ്യഷ്ടി''യാണ് കൊടുക്കുക, ''സമഷ്ടി''യ്ക്കു പണമെവിടെ? ഈ ''വ്യഷ്ടി''ക്കുവേണ്ടുന്ന പണം തന്നെ എത്ര പണിപ്പെട്ടിട്ടാണ് ഉണ്ടാക്കുന്നതെന്നോ? പക്ഷെ ഇത്തവണ ഇവിടെ തീരെ ഒഴിവില്ലാത്തവണ്ണം അത്രയേറെ ഊട്ടാണ്. സകല ദിവസവും മുൻകൂട്ടിത്തന്നെ ലിസ്ററിൽ പെട്ട് നിറഞ്ഞിരിക്കയാണ്. തവണക്കാരന്ന് ദിവസം തരാനേ ആവുന്നില്ല. ഇന്നും ഞാൻ പോയിരുന്നു; വളരെ പ്രയാസപ്പെട്ട് ഒടുക്കം ഇരുപതാം തീയതി ഒരൊഴിവു ദിവസം കണ്ടെത്തി. അന്നുതന്നെ ഊട്ട് കൊടുക്കാമെന്നാണ് ഞങ്ങഠം വിചാരിക്കുന്നത്. ഓരോരോ മഠങ്ങഠം ഇത്തവണ അഞ്ചും ആറും പ്രാവശ്യമാണ് ഊട്ട് കൊടുക്കുന്നത്. അവർക്ക് വിചാരിക്കാനെന്തുണ്ട്? എന്തിന് ആറു തവണ, മാസം മുഴുവൻ കൊടുക്കാമല്ലൊ. പിടിപ്പത് സ്വത്തുള്ള മഠങ്ങളാണ്; വലിയ ജമിന്ദാരി. ഇതാ ഈ നിർവ്വാണിമഠമുണ്ടല്ലൊ—അവരാണ് എല്ലാരെക്കാളും സ്വത്തുകാർ. അതിന്റെ മണ്ഡലേശ്വരൻ കൃഷ്ണാനന്ദൻ ഇരുന്നൂറ് ശിഷ്യന്മാരേയും കൂട്ടീട്ടാണ് കഴിഞ്ഞ തവണ കേദാരബദരിയ്ക്ക് പോയിരുന്നത്. ഒററ യാത്രയിൽ ഇരുപത്തയ്യായിരം ഉറുപ്പിക ചെലവായി. ഇത്തവണ കൃഷ്ണാനന്ദൻ ആറ് ഊട്ട് കൊടുക്കുമെ

ന്നാണ് കേൾവി. കൊടുക്കും താനും. ഊട്ടിന്റെ ചെലവ് അവർക്ക് താങ്ങേണ്ടല്ലൊ. ലക്ഷപ്രഭുക്കളും കോടിപ്രഭുക്കളുമായ ഗുജറാത്തി-മാർവാറി ഭക്തന്മാരാണ് വരുന്നത്; ഒരുകൊല്ലത്തെ മുഴുവൻ വ്യവസായത്തിന്നും വാണിജ്യത്തിന്നും ശേഷം ഊട്ട് കൊടുത്ത് സാധുക്കളെ ഊട്ടി പാപം വീട്ടും. ശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ടല്ലൊ, മഹാത്മാക്കളെ ഊട്ടിയാൽ പുണ്യമാണെന്ന്.'

എതാനും മഠങ്ങൾ ചേർന്നാൽ ഒരു പഞ്ചായത്തായി. 'മഹാന്ത' നെന്നാണ് അതിലെ പ്രധാനിയെ പറയുക; മഹാന്തനുമേലെ മണ്ഡലേശ്വരൻ—സർവ്വപ്രധാനി. മികച്ച പണ്ഡിതന്മാരെയേ മണ്ഡലേശ്വരന്മാരായി തിരഞ്ഞെടുക്കൂ. പഞ്ചായത്ത് 'കർമ്മസമിതിയാണ്'. കാര്യം മുഴുവൻ ഇവരുടെ കൈയിലാണ്; മണ്ഡലേശ്വരൻ പഞ്ചായത്തിന്റെ കൈയിലെ പാവമാത്രം. മഠാധിപന്മാർ ശിഷ്യന്മാരെ ചമച്ച് മന്ത്രദാനം ചെയ്യും, മണ്ഡലേശ്വരൻ സന്യാസംകൊടുക്കും. ഇപ്പോഴത്തെ മണ്ഡലേശ്വരന്മാരിൽവെച്ച് എല്ലാരെക്കാളും പണ്ഡിതൻ ജീവാനന്ദനാണ്; ധനികൻ കൃഷ്ണാനന്ദനും.

അന്ന് ഞങ്ങൾ ഈ കൃഷ്ണാനന്ദന്റെ മഠത്തിലാണ് ഊട്ട് കാണാൻ പോയിരുന്നത്. ഊട്ടുണ്ട് ഊട്ടുണ്ട്—എന്ന് കേൾക്കുന്നേയുള്ളൂ; ഊട്ടെന്നുവെച്ചാൽ സംഗതിയെന്താണെന്ന് ഒന്നു കണ്ണുകൊണ്ട് കാണണം. അങ്ങകലെയൊക്കെയാണ് നടക്കുന്നത്, അതും ഉച്ചക്ക്. വേണ്ട സമയം പോവാൻ കഴിയുന്നില്ല.

നിർവ്വാണിമഠം അടുത്താണ്, ഇന്ന് അവിടെയാണ് ഊട്ട്. വിവരം കേട്ട് ഭക്ഷണം കഴിഞ്ഞ ഉടൻ അങ്ങോട്ടേക്ക് ഓടി. ചെന്നപ്പോഴേക്കും ഇരുമ്പുകമ്പികൊണ്ടുള്ള കൂററൻ പടിവാതിൽ ഉള്ളിൽനിന്ന് പൂട്ടിക്കഴിഞ്ഞിരുന്നു. ക്ഷണിക്കപ്പെട്ടവർ മുഴുവൻ വന്നുകഴിഞ്ഞിരിക്കുന്നു; ഇനി വെറുതെ വന്നുകേറുന്നവരെ തടയേണ്ടതുണ്ട്.

ഞങ്ങളെപ്പോലെ വേറെയും ഒരുപാടാളുകൾ പടിവാതിലിന്നു മുമ്പിൽ തിങ്ങിക്കൂടീട്ടുണ്ട്. സത്തുക്കളെ ദർശിക്കുന്നത് തന്നെ മഹാപുണ്യമാണ്; പിന്നെ ഇത്രയധികം സത്തുക്കളെ ഒന്നിച്ച് ദർശിക്കുക ഈ ഊട്ടുപോലെ ഇത്ര നല്ല അവസരം വേറെയേതുണ്ട്? അതുകൊണ്ട് ഊട്ടുള്ളേടം മുഴുവൻ, വഴിയുടെ രണ്ടുവശവും നിറച്ചാളുകളായിരിക്കും—പുണ്യാർത്ഥികൾ വെയിലും മഴയും കൂട്ടാക്കില്ല, മണിക്കൂറ് കണക്കോളം കാത്തുനിൽക്കും.

പക്ഷെ എത്രനേരം നിൽക്കാം ഇങ്ങിനെ? തടിച്ചു കൊഴുത്ത മൂന്നു മാർവാറിയമ്മമാർ നിലത്ത് മുണ്ട് വിരിച്ച് കിടപ്പുതന്നെയായി. പടി

വാതിലിന്നപ്പുറത്ത് തവണക്കാരൻ വെള്ളിദണ്ഡുമായി ഒരു സ്റ്റൂളിന്മേൽ മുഖം ഇങ്ങോട്ടു തിരിച്ച് ഇരിക്കുന്നു. ഞങ്ങൾ പുറത്തുനിന്ന് കെഞ്ചി—'എ്വ അങ്ങുന്നേ, ഒന്നു ലേശം തുറക്കണേ.' കല്ലുകൊണ്ടുള്ള മനസ്സ് ഒന്നുകൊണ്ടും അലിയുന്നില്ല, അടഞ്ഞ വാതിൽ തുറക്കുന്നില്ല. ഇനിയെന്തു ചെയ്യും? ഒരു കാൽ മുന്നോട്ട് നീങ്ങും, മുന്ന് കാൽ പിന്നോക്കം വെക്കും; പതുക്കെ പതുക്കെ വിഷണ്ണമായമുഖത്തോടെ തിരിച്ചു നടപ്പായി.

വഴിത്തിരിവിൽ നിൽക്കുന്നുണ്ടായിരുന്ന ഒരു മാന്യൻ പറഞ്ഞു, 'എന്തിനാ പോകുന്നത്, ഇവിടെ നിന്നോളു, സന്യാസിമാർ ഈ വഴിക്ക്തന്നെയാണ് മടങ്ങുക.'

നിന്ന് കാല് കനത്തുപോയിരിക്കുന്നു. എനിയെത്രയാണ് നിൽക്കുക! മനസ്സിൽ അതുമിതും പിറുപിറുക്കാൻ തുടങ്ങി.

വഴിവക്കത്ത് ആരുടെയോ വീടിന്റെ അതിരും ചുററിക്കൊണ്ട് ഒരുയർന്ന മതിലുണ്ടായിരുന്നു; ആ മതിലിന്റെ മേൽ ഭാഗം ചൂണ്ടിക്കാട്ടീട്ട് പ്രസ്തുത മാന്യൻ പറഞ്ഞു; 'ഇതിന്മേൽ കേറിയിരുന്നോളു;

ഇത്തവണ ഞങ്ങളുടെ ഭാവം മാറി. ഒരാൾ മററൊരാളുടെ മുഖത്തേക്ക് നോക്കാൻ തുടങ്ങി. ആൾ പരിഹസിക്കുകയല്ലല്ലൊ? അല്ലെങ്കിൽ മതിലിന്മേൽ കേറി കുരങ്ങന്മാരെപ്പോലെ കാലും തൂക്കിയിട്ട് വരിവരിയായി ഇരിക്കുക—ഇത് മനുഷ്യർക്കു പററുമോ, വിശേഷിച്ചും സ്ത്രീകൾക്ക്?

അദ്ദേഹം എന്ത് മനസ്സിലാക്കീട്ടോ, 'വരണം' 'വരണം' എന്ന് പറഞ്ഞ് ആദരവോടെ ആ മതില് ചുററിയ വീട്ടിലേക്ക് വിളിച്ചു കൊണ്ടുപോയി. ഉള്ളിൽ കടന്നുനോക്കിയപ്പോൾ, പുറത്തുനിന്ന് ഉയർന്ന മതിലാണെന്ന് വിചാരിച്ചത്, അതിന്റെ തലപ്പത്തുവരെ മണ്ണിട്ടുയർത്തിയ മുററമാണെന്ന് മനസ്സിലായി. നടന്നുതന്നെ നേരെ മതിലിന്മുകളിൽ ചെല്ലാം.

ആ മാന്യന്റെ വീടുതന്നെയാണ് ഇത്. സന്യാസിമാർ വരാൻ വൈകും; ഈ സമയം കൊണ്ട്, അദ്ദേഹം ചുററിനടന്ന് ഞങ്ങളെ തന്റെ തോട്ടം കാണിക്കാനാരംഭിച്ചു. ശ്രദ്ധയോടെ വെച്ചുപിടിപ്പിച്ച പല മാതിരി ഫലവൃക്ഷങ്ങളെക്കൊണ്ട് നിറഞ്ഞ തോട്ടം—മാവ്, പേര, ഞാവല്, നെല്ലി എന്തെല്ലാമെന്തെല്ലാം. ഒരു മരത്തിന്മേൽ ഇലയില്ലാത്ത കൊമ്പുകളിൽ അസംഖ്യം വെള്ളപ്പൂക്കൾ കണ്ടു. എന്തൊരുഭംഗി.

'ഇതെന്തു മരമാണ്?'

അദ്ദേഹം പറഞ്ഞു: 'സബർജില്ലി മരം.'

സബർജില്ലിമരം ഞാൻ കണ്ടിട്ടുണ്ട്, ഇല മൂടി പഴം തിങ്ങിയ നിലയിൽ, ഇതിൻെറ ഇങ്ങിനത്തെ ചന്തം മുമ്പൊരിക്കലും കണ്ടിട്ടില്ല. തോട്ടത്തിലെ പച്ചനിറത്തിലുള്ള മരങ്ങൾക്കിടയിൽ ഓരോരോ സബർജില്ലിമരം അലങ്കരിച്ചുവെച്ച ഓരോരോ ചിത്രം പോലുണ്ട്.

പെട്ടെന്ന് ശബ്ദം പൊങ്ങി—'സന്യാസിമാർ വരുന്നുണ്ട്' 'സന്യാസിമാർ എത്തിപ്പോയി'. ഉന്തിത്തള്ളിക്കൊണ്ട് ഓടിച്ചെന്ന് ഞങ്ങൾ മതിലിൻ മുകളിൽ കാലു രണ്ടും പുറത്തേക്ക് തൂക്കിയിട്ടു കൊണ്ട് ഇരിപ്പായി.

മോട്ടോർ റിക്ഷ, ഹോറൺ മണി, കുതിരവണ്ടി കുഴൽ, ആളുകളുടെ ആർപ്പും വിളിയും, എല്ലാം ചേർന്ന് വമ്പിച്ച കോലാഹലം. പളപളെ തിളങ്ങുന്ന മോട്ടോറുകളിൽ അമർന്നിരുന്നുകൊണ്ട് മണ്ഡലേശ്വരന്മാർ പോകുന്നു; കഴുത്തിലുള്ള ഒരുകെട്ട് പൂമാലകൊണ്ടുതന്നെ അവരെ വേർതിരിച്ചറിയാം. കഴിവുകുറഞ്ഞ ചില വയസ്സന്മാരായ സന്യാസിമാർ മൂന്നുനാലുപേർ ചേർന്ന് ഓരോ റിക്ഷയോ കുതിരവണ്ടിയോ വാടകക്കെടുത്ത് പോകുന്നു. ബാക്കിയുള്ളവർ മുഴുവൻ അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ—ഓരോരുത്തർക്കും പോകേണ്ട സ്ഥലത്തേയ്ക്ക്—നടന്നുപോകുന്നു.

ആശ്ചര്യം, ഇവരുടെ ഇടയിൽ ആരെന്താണ് എന്ന് തിരിച്ചറിയാൻ ഒരു വഴിയുമില്ല. സമഷ്ടി ഊട്ടിന്ന്, മനുഷ്യദൃഷ്ടി ചെല്ലാത്ത നിർജ്ജനപ്രദേശങ്ങളിൽ രാവും പകലും തപസ്സിൽ മുഴുകിക്കഴിയുന്ന അനേകം വലിയ വലിയ മഹാത്മാക്കളും സത്പുരുഷന്മാരും വരാറുണ്ടത്രെ. പക്ഷെ ഒന്നു കണ്ടതുകൊണ്ടുമാത്രം നമ്മൾ സാധാരണക്കാർ ആളെ തിരിച്ചറിയുന്നതെങ്ങിനെ? എല്ലാരുമുണ്ട് ഏതാണ്ടൊരുപോലെ. ഒരാളുടെ മുഖത്തേയ്ക്ക് അന്വേഷണവ്യഗ്രമായ ദൃഷ്ടി പായിക്കുമ്പോഴേക്കും അദ്ദേഹം കടന്നുകളയുന്നു; അപ്പോൾ മററൊരാളുടെ മുഖം നോക്കും. തിരക്കൊഴിയുകയാണ്, മനസ്സിൽ പതിയുന്നില്ല ആരും. എന്തൊരു ഗതികേട്!

ഇവിടെ ഏതാണ്ട് അറുപതെഴുപത് മഠങ്ങളുണ്ട്. ഊട്ടിൻെറ വട്ടവും നിയമമനുസരിച്ചാണ്. നല്ല വണ്ണമുള്ള പൂരി—ബംഗാളി സന്യാസിമാർ 'വരടിച്ചപ്പാത്തി' എന്നാണ് പറയുക. അന്നൊരു ദിവസം അനുഭവാനന്ദസ്വാമികൾ പറഞ്ഞിരുന്നു: 'പഹയന്മാർക്ക് തിന്നാ

നറിയുമോ? ഒരുതവണ രാമകൃഷ്ണമിഷൻെറ ഊട്ടിൻെറ സിക്രട്ടറി സ്വാമി പറയുകയായിരുന്നു. എന്തുറപ്പുള്ള പൂരിയും കചുരിയുമാണ് തിന്നുന്നത് നിത്യവും. പല്ല്കൊണ്ട് കടിച്ചുകീറാൻ പററില്ല. നമ്മ ളുടെ നാട്ടിലെ ആഹാരം കൊണ്ട് അവരെ ഊട്ടണം. ഇത്തവണ പൂരിക്കു പകരം നന്നായി പൊള്ളിയ ലുചിയുണ്ടാക്കണം. തിന്നു നോക്കട്ടെ.

'പക്ഷെ ആർക്കു കൊടുക്കാനാണ് പൊള്ളിയ ലുചി? അവർ ലുചി കയ്യിലെടുത്ത് ഒരമുക്കമുക്കി ചോദിക്കും, ഇവ തിന്നുന്നതെങ്ങിനെ? നോക്കണേ തമാശ! അവരുടെ ആ വരടിച്ചപ്പാത്തിയല്ലെങ്കിൽ വായക്ക് പിടിക്കില്ല.'

ഇരിക്കട്ടെ, ഇപ്പറഞ്ഞ തടിച്ച് ഉറപ്പോടെയുള്ള പൂരിയും കചുരിയും കറികളും—ഇവിടെ ഇവർ ശാകം എന്നു പറയും—ചട്ണി, ലഡ്ഡുവിൻെറ വലുപ്പത്തിൽ കടിച്ചാൽ പൊട്ടാത്ത അരിയുണ്ടയും. പരിപ്പ് ഊട്ടിൽ നടപ്പില്ല, കാരണം പരിപ്പ് വെള്ളത്തിലിട്ട് വേവിക്കണമല്ലൊ. വെള്ളത്തിൽ പാകം ചെയ്യുന്ന കറികളുള്ള ഊട്ട് ചള്ള്—ഊട്ടാണ്, പലർക്കും അത് കഴിക്കാൻ വിരോധമുണ്ടാകും. ചപ്പാത്തിക്കും ഉരുളക്കിഴങ്ങ്—മുട്ടക്കൂസ് കറികൾക്കും വെള്ളം വേറെ വേണ്ട, അതുകൊണ്ട് അത് ഊട്ടിനു പററും.

ഞാനാലോചിക്കയാണ്, ഓരോ ഊട്ടിലും ഈ ഒരേയൊരു ശാപ്പാടുതന്നെ സന്യാസിമാർ ഇത്രയും സന്തോഷത്തോടെ കഴിക്കുന്നതെങ്ങിനെ? എത്ര അകലെ നിന്നുപോലുമാണ് അവർ ഊട്ടുണ്ണാൻ നടന്നുവരുന്നത്. ശരീരം പുലർത്താൻ രണ്ടു നേരത്തെ ആഹാരം എല്ലാവർക്കും ആവശ്യമാണല്ലൊ.

ശശിമഹാരാജ് പറഞ്ഞു: 'ഊട്ട് കാണാൻ ഇത്രയും ആഗ്രഹമുണ്ടല്ലൊ—ഇന്ന് ഹരിഹരമഠത്തിൽ ഊട്ടുണ്ട്, പോയി കണ്ടു വന്നോളു.'

ഹരിഹരമഠം സേവാശ്രമത്തിൽനിന്നുള്ള വഴിയുടെ ഇരുവശവുമായിട്ടാണ്. പോകണം, പക്ഷെ സമയത്തിൻെറ കാര്യമാണ് കുഴപ്പം മുഴുവൻ. സേവാശ്രമത്തിൽ ഭക്ഷണത്തിനുള്ള മണിയടിക്കുന്ന അതേ സമയമാണ് ഹരിഹരമഠത്തിൽ ഊട്ട് തുടങ്ങുക. ഭക്ഷണം വിട്ടുംവെച്ച് ഊട്ട് കാണാൻ പോയാൽ ഇവിടെ ഇവരെ ബുദ്ധിമുട്ടിലാക്കേണ്ടിവരും. ശാപ്പാടും കാത്തുകൊണ്ട് ഗിരീൻ മഹാരാജും മാണിക് ബ്രഹ്മചാരിയും ഇരിക്കണം—അത് മഹാ അന്യായമാവും. ഭക്ഷണത്തിന്ന് കാത്താലോ, ഊട്ട് കാണാൻ തരമാവില്ല. ആഹാരവും കഴിഞ്ഞ് പോകാമെന്നു വെച്ചാലോ, അപ്പോഴേക്ക് അവരുടെ പടിയടച്ചിരിക്കും.

വലിയേച്ചി പറഞ്ഞു: 'വല്ലാത്ത തെററ് പററിപ്പോയി. നാളെ നമ്മളു ഉച്ചയ്ക്കൂണുകഴിക്കില്ലെന്ന് പറഞ്ഞുവെച്ചിരുന്നെങ്കിൽ മതിയായിരുന്നു, എല്ലാ വിഷമങ്ങൾക്കും പരിഹാരമായേനെ. ഒരു ദിവസം ഉണ്ടില്ലെന്നുവെച്ച് എന്താവാനാണ്?'

അതുമിതും ആലോചിച്ചുകൊണ്ട് മഠത്തിന്റെ കുളക്കടവിൽ നിന്ന് കുളിയും കഴിച്ച് ഈറൻ തുണിയും കെട്ടി തിരിച്ചുവരികയായിരുന്നു. ഹരിഹരമഠത്തിന്നടുത്തൂടെ വരുമ്പോൾ കണ്ടു, സന്യാസിമാരുടെ സംഘം ചിരട്ടകൊണ്ടുള്ള കമണ്ഡലുവും കൈയിലേന്തി ഉള്ളിലേക്ക് തിടുക്കപ്പെട്ടു കടന്നുപോകുന്നു. പടിക്കൽ അന്നത്തെ അതേ തവണക്കാരൻ ഇരിപ്പുറപ്പിച്ചിട്ടുണ്ട്. ഇയാൾ എല്ലാ ഊട്ടിനും ഇതുപോലെ ഇരിക്കുന്നുണ്ടാവുമത്രെ, പട്ടികയും കയ്യിൽ പിടിച്ചുകൊണ്ട്. ഏത് മഠത്തിലെ സ്വാമിയാണ് വന്നത്, ആരാണ് വരാത്തത്, എന്തുകൊണ്ടാണ് വരാഞ്ഞത്, മുതലായി എല്ലാ കണക്കും വെക്കുകയും മേൽനോട്ടം നടത്തുകയുമാണ് ഇയാളുടെ ഈ സമയത്തെ ജോലി.

സന്യാസിമാർ ഉള്ളിൽ കടക്കുകയാണ്, ഇനിയുണ്ടോ അകത്തു കടക്കാനൊക്കുന്നു? വലിയേച്ചിയുടെ കൈയും പിടിച്ച് പതുക്കെപ്പതുക്കെ അടിവെച്ച് മുന്നോട്ടു നീങ്ങി നീങ്ങി സന്യാസിമാരുടെ സംഘങ്ങളുടെ തിരക്കിലൂടെ മഠത്തിന്നുള്ളിൽ കടന്നുകൂടുകതന്നെ ചെയ്തു. ഇനി പോകേണ്ടത് എങ്ങോട്ടോ? നാലു ഭാഗവും വിളമ്പാൻ ഒരുക്കിവെച്ചിട്ടാണുള്ളത്, മുററം നിറയെ, ഇറയം നിറയെ. നിരനിരയായി ചെറിയ മൺചട്ടികൾ. സന്യാസിമാർ ഇരുന്നുകഴിഞ്ഞ ഉടൻ ഇല വെച്ച് ഒന്നിച്ച് വിളമ്പും. അല്ലെങ്കിൽ ഉണങ്ങിയ ഇല കാററിൽപറന്ന് താറുമാറായിപ്പോകും. ഇതിന്നിടയിൽ കാൽനീട്ടീട്ട് ഒടുക്കം ശകാരം കേൾക്കേണ്ടിവരുമോ? കഴുത്തുനീട്ടി അങ്ങുമിങ്ങും നോക്കാൻ തുടങ്ങി. മുമ്പിലെ വരാന്ത കടന്ന് അകത്തുചെല്ലുന്നുണ്ടല്ലൊ എല്ലാരും—എന്താണവിടെ? പതുക്കെപ്പതുക്കെ മുമ്പോട്ടു ചെന്നു. വലിയൊരു ഹാൾ; നിലത്തു ചേർത്തുകൊണ്ട് പരവതാനി; ചുമരിന്നു തൊട്ട് വെള്ളവിരിപ്പിന്മീതെ വിശേഷമട്ടിൽ ഒരുവരി പൂപ്പണിയോടുകൂടിയ ഇരിപ്പിടങ്ങൾ ഒരുക്കിവെച്ചിരിക്കുന്നു. മററു മണ്ഡലേശ്വരന്മാരോടൊപ്പം ഹരിഹരമഠത്തിലെ മണ്ഡലേശ്വരൻ അവിടെ ഇരിക്കുന്നു; ഓരോരുത്തരും അവനവന്റെ സ്ഥാനത്ത് അനക്കമററ പാവകളെപ്പോലെ. മൊട്ടത്തലയുടെ ഒത്ത നടുക്ക് ഓരോ ചെണ്ടുമല്ലികപ്പൂവ്. ഇത്തിരിമുമ്പെ ഭക്തന്മാരിലാരോ ഇവരെ പൂജിച്ച് പോയിരിക്കയാണെന്നു തോന്നുന്നു. നിശ്ചിന്തമായ മനസ്സോടെ ശിവന്റെ ശിരസ്സിൽ പുഷ്പമർപ്പിച്ചതുപോലുണ്ട്.

ഈ വിശേഷപ്പെട്ട ഇരിപ്പിടങ്ങൾ മണ്ഡലേശ്വരന്മാർക്കു മാത്രമു ളളതാണെന്ന് മനസ്സിലായി. അവർ—ഇനി വരാനിരിക്കുന്നവരും— ഇവയുടെ മീതെയാണ് ഇരിക്കുക. മററുളളവർ പരവതാനിമേലാണ് ഇരിപ്പ്; സ്ഥലം പോരാതെ വന്നാൽ ഗത്യന്തരമില്ലാഞ്ഞ് കിട്ടിയേ ടത്തും ഇരിക്കും. ഇതു ചൊല്ലി ഒരു തർക്കവുമില്ല. മണ്ഡലേശ്വരന്മാ രുടെ കാര്യത്തിൽ മാത്രം നിയമത്തിൽനിന്ന് തലനാരിടക്കുപോലും അങ്ങോ ഇങ്ങോ വ്യതിചലിക്കാൻ പററില്ല. ഈ ഊട്ടിലൊക്കെ മണ്ഡ ലേശ്വരന്മാരെ 'മാനി'ക്കേണ്ടതുണ്ട്. ഊട്ടു കൊടുക്കുന്ന ഭക്തന്മാർ, ഊണിന്നുമുമ്പ്, താന്താങ്ങളുടെ ഭാര്യാമക്കളേയും മററു കുടുംബാംഗ ങ്ങളേയും കൂട്ടി അർഘ്യമൊരുക്കിക്കൊണ്ടുവന്ന് ഇവരെ ഓരോരുത്ത രെയും പൂജിച്ച് ഉത്തരീയവും ധർമ്മഗ്രന്ഥവും പണവും ദക്ഷിണ യായി കൊടുക്കും. നന്നായാലും മോശമായാലും, കുറച്ചായാലും ധാ രാളമായാലും, ഇത് കൊടുത്തേ തീരു. സിൽക്കുവേഷ്ടിയാണ് ഉത്ത രീയമായി അധികവും കൊടുക്കുക. ഇത്രയും പണം ചിലവാക്കി സമഷ്ടി കൊടുക്കുന്നവർക്ക് പിന്നെ പണത്തിനെന്ത് ക്ഷാമം?

മദ്ധ്യവയസ്കനായ ഒരു സന്യാസി, ഈ മഠത്തിലെതന്നെ മേൽ നോട്ടക്കാരനാണ്, സുന്ദരവും ബലിഷ്ഠവുമായ ശരീരം, ഞാനിദ്ദേ ഹത്തെ മുമ്പ് ഒന്നുരണ്ടുതവണ കണ്ടിട്ടുണ്ട്—സ്വർണ്ണം കെട്ടിച്ച പല്ലാ ണ്, ചിരിച്ചപ്പൊഴേ തിരിച്ചറിയാൻ കഴിഞ്ഞു; അദ്ദേഹം വന്ന് പറഞ്ഞു: 'എന്തിനേ പുറത്തുനിൽക്കുന്നത്? ഉളളിൽ കടന്നിരിക്കു; പിന്നീട് തിരക്ക് കൂടിയാൽ കടക്കാൻ പററില്ല, ഒന്നും കാണാനും പററില്ല.'

സ്വാമിയെ എനിയ്ക്കിഷ്ടപ്പെട്ടു; അദ്ദേഹത്തിൻെറ വാക്ക്കേട്ട് ധൈര്യം വർദ്ധിച്ചു. ഞാൻ പറഞ്ഞു: 'ഇപ്പോൾ നിൽക്കാൻ പററി ല്ലല്ലോ. കുറച്ച് കഴിഞ്ഞിട്ട് വീണ്ടും വന്നാലോ?' തവണക്കാരൻെറ കാര്യം ഓർമ്മവന്നു; അകത്തു കടക്കാൻ വിട്ടില്ലെങ്കിലോ അയാൾ? മനസ്സിലെ പേടി സ്വാമിയെ അറിയിച്ചു. സ്വാമി ഞങ്ങളേയും കൂട്ടി പടിവാതിൽക്കലേക്ക് ചെന്നു; ഞങ്ങളെ ചൂണ്ടിക്കാട്ടി തവണക്കാര നോട് എന്തെല്ലാമോ തിടുക്കത്തിൽ പറഞ്ഞു. തവണക്കാരൻ സമ്മതം കാണിച്ചുകൊണ്ട് ഇടത്തോട്ടും വലത്തോട്ടും തലയാട്ടി ഞങ്ങളുടെ മുഖം മനസ്സിലാക്കിവെച്ചു.

സേവാശ്രമത്തിൽ തിരിച്ചുചെന്ന് തിടുക്കത്തിൽ ശാപ്പാടും കഴിച്ച് വീണ്ടും മഠത്തിലേക്ക് ചെന്നു. ഊണ് തുടങ്ങീട്ടില്ല ഇപ്പോഴും. ഇലയിൽ വിളമ്പാൻ തുടങ്ങീട്ടേയുളളു. ഓരോ വരിയിലും നൂറുകണ

ക്കിന് സന്യാസിമാർ ഇരിക്കുന്നുണ്ട്; ഗീതയിലെ പതിനഞ്ചാമദ്ധ്യായം എല്ലാരുംചേർന്ന് ഒന്നിച്ച് ഉരുവിടുന്നു. ഊണിന്നുമുമ്പ് ഇവർക്കുള്ള ഒരു ചടങ്ങാണ് ഇത്.

തുറന്നസ്ഥലം, കാക്കയും പരുന്തും പററംപററമായി തലക്കു മീതെ പറക്കുന്നു; അവിടുന്നുമിവിടുന്നും ഇടതടവില്ലാതെ ഓരോന്നു റാഞ്ചുന്നു. സഹികെട്ട് ചില വിളമ്പന്മാർ പൂരിയുടേയും മധുര പലഹാരങ്ങളുടേയും കൊട്ട താഴത്തുവെച്ച് ടിന്നുകൊണ്ടുള്ള ചെറിയ ചെറിയ കണ്ണാടികൾ കൊണ്ടുവന്ന് വെയിലത്തുപിടിച്ചു. സൂര്യ പ്രകാശം കണ്ണാടിമേൽ തട്ടിച്ചിതറി; അതുകണ്ട് കാക്കയും പരുന്തും പേടിച്ച് പലായനംചെയ്തു.

ഞാൻ പറഞ്ഞു: 'വലിയേച്ചി, ഇത് നല്ല രസമുള്ള സൂത്ര മാണല്ലൊ. മടങ്ങിച്ചെന്നാൽ ആവശ്യംവരും – ക്രിയാകർമ്മങ്ങളിലും ഉദ്യാനവിരുന്നുകളിലും'.

ഗീതാശ്ളോകങ്ങൾ അവസാനിച്ചപ്പോൾ ഒരാൾ ചുററിനടന്നു നോക്കി, എല്ലാവരുടെ ഇലയിലും എല്ലാ സാധനങ്ങളും വിളമ്പി ക്കഴിഞ്ഞിട്ടില്ലേ എന്ന്. എല്ലാം നോക്കിക്കണ്ട് അയാൾ ഒരടയാളം കാണിച്ചതോടെ കുഴൽവിളിപൊങ്ങി, മണിയടിമുഴങ്ങി; അതോടൊപ്പം സന്യാസിമാരുടെ ശാപ്പാടും ആരംഭിച്ചു. ആഹാരവും മുമ്പിൽവെച്ച് വെയിലത്ത് പുറവും തലയും പൊള്ളി സന്യാസിമാർ കുറേനേരമായി കാത്തിരിക്കുന്നു. ഇത്രയും ആളുകൾക്ക് വിളമ്പിയെത്തിക്കുക എന്നത് കുറച്ചുസമയത്തെ പണിയൊന്നുമല്ലല്ലൊ.

ഇത്രയും വെറിപിടിച്ച് സന്യാസിമാർ ഊട്ടിൽ ഉണ്ണുന്നതെന്താ ണാവോ? ഒരിക്കൽ കഴിച്ചുനോക്കാൻ കൊതിതോന്നും. ശശിമഹാരാജി നോട് പറയുകയും ചെയ്തിരുന്നു അന്ന്. അതുകേട്ട് അദ്ദേഹം മുഷിഞ്ഞു: ''ഭിക്ഷാലബ്ധമായ ഭക്ഷണം—നിങ്ങൾ ഗൃഹസ്ഥന്മാർ, അതൊക്കെ കഴിക്കാൻ പോകുന്നതെന്തിന്? പോകരുത്, ഛി:''. എന്നാലും വല്ലാത്ത കൗതുകം. മഠത്തിലെ ഉയർന്ന വരാന്തയിലിരുന്നു കൊണ്ട് സ്വാമിയാന്മാരുടെ ശാപ്പാട് കണ്ടുകൊണ്ടിരിക്കെ മനസ്സിൽ യുക്തി കണ്ടുപിടിച്ചു. 'എന്താണതിലൊരു ദോഷം?'

ഊണ് കഴിഞ്ഞു. കഴിഞ്ഞ ഉടൻ തിടുക്കനെ എഴുന്നേൽക്കുന്ന സമ്പ്രദായമില്ല. ഊണ്കഴിഞ്ഞിട്ടും അവനവന്റെ സ്ഥാനത്ത് ഇരി പ്പാണ്. വീണ്ടും മുമ്പത്തെപ്പോലെ ഒരാൾ ചുററിനടന്നു നോക്കി, എല്ലാവരുടേയും ഊണ് കഴിഞ്ഞോ എന്ന്; നോക്കിക്കണ്ട്, അയാൾ

വീണ്ടും അടയാളംകാണിച്ചു, വീണ്ടും കുഴൽവിളി പൊങ്ങി, മണിയടി മുഴങ്ങി. സ്വാമിയാന്മാരും ഇലവിട്ട് ഒന്നിച്ചെഴുന്നേററു. സംഘം സംഘമായി അവർ പടിവാതിലുംകടന്ന് പുറത്തിറങ്ങി. വെള്ളപ്പററില്ലാത്ത തീററസ്ഥാമാനങ്ങളല്ലേ, ഇലയ്ക്കുമുമ്പിൽ വെറുതെയിരിക്കുന്ന സമയത്ത് മൺചട്ടിയിലെ വെള്ളത്തിൽത്തന്നെ വിരൽമുക്കി ചുണ്ടു നനച്ചിരുന്നു. ജടാജൂട–കാഷായവസ്ത്രധാരികളാൽ നിറഞ്ഞിരുന്ന സ്ഥലം ക്ഷണനേരംകൊണ്ട് ശൂന്യമായി. നിരനിരയായി ഇലയും മൺകോപ്പയും മാത്രമുണ്ട് ചിതറിക്കിടക്കുന്നു.

ഞങ്ങൾക്ക് ഇനി തിരക്കെന്തുണ്ട്? അവിടെത്തന്നെയിരുന്നു. ഞാൻ പറഞ്ഞു, കാണാമല്ലൊ, ഇനിയെന്തൊക്കെയാണെന്ന്. നാഗസന്യാസിമാരെ പക്ഷെ ഊട്ടിൽ കണ്ടില്ല. വലിയേച്ചി പറഞ്ഞു: 'ഇമ്മാതിരി സാമുദായികകാര്യങ്ങളിൽ നാഗന്മാർക്ക് ''നാഗന്മാർ'' (നഗ്നർ) ആയി വരാൻപററില്ലെന്ന് കേട്ടിട്ടുണ്ട്. ചുരുങ്ങിയത് ഒരു കൗപീനമെങ്കിലും ഉടുക്കണം. അതുകൊണ്ട് ആരാണ് നാഗൻ ആരാണല്ലാത്തത് എന്ന് തിരിച്ചറിയുക പ്രയാസമാണ്.

പല്ലുപോയ രണ്ട് വൃദ്ധസന്യാസിമാർ തൊണ്ണകാട്ടി ചിരിച്ചുംകൊണ്ട് മഠത്തിന്റെ ഇറയത്തേക്ക് കേറിവന്ന് മുഖത്തോടുമുഖമായിരുന്ന് വെടിവെട്ടം തുടങ്ങി. വളരെനാൾക്കു ശേഷമാണ് രണ്ടുപേരും തമ്മിൽ കാണുന്നത്, വർത്തമാനത്തിനിടക്ക് സന്തോഷം തള്ളിവരികയാണ്. ഒരാൾ ബംഗാളി, മറെറയാൾ പഞ്ചാബി. ഒരാളുടെ നിറം വെളുപ്പ്, മറെറയാളുടേത് കറുപ്പ്. ഒരാൾ പോയിരുന്നത് വടക്ക് തിബത്തോളം, മറെറയാൾ തെക്ക് സമുദ്രതീരംവരെ. രണ്ടുദിവസം മുമ്പും പിമ്പുമായിട്ടാണ് ഹരിദ്വാരത്തെത്തിയത്; ഇന്ന് ഈ സമഷ്ടിയൂട്ടിൽവെച്ചാണ് വീണ്ടും കണ്ടുമുട്ടിയത്. തിബത്തിൽ പോയിവന്നായാളുടെ ദേഹത്ത് ഇപ്പോഴുമുണ്ട് മുട്ടോളം നീണ്ട കമ്പിളിക്കുപ്പായം. അരയിൽ പട്ടുനൂൽ പിരിച്ചുണ്ടാക്കിയ ചരടും കെട്ടിയിരിക്കുന്നു. ദക്ഷിണേന്ത്യയിൽ പോയിവന്നയാളാകട്ടെ ഒരുകഷണം മുണ്ടുടുത്ത് ഒരു കാവിത്തോർത്തും ചുമലിലിട്ടിരിക്കുന്നു.

സന്യാസിമാർ അധികവും ഒരു മുണ്ട് മുറിച്ച് രണ്ടാക്കിട്ടാണ് ഉപയോഗിക്കാററ്. ഒന്നുടുക്കും, ഒന്നു പുതക്കും.

സന്യാസിമാർ രണ്ടുപേരും താന്താങ്ങളുടെ യാത്രാവിവരങ്ങൾ പറഞ്ഞുകൊണ്ടുതന്നെ അതേപോലെ മുഖംനിറയെ ചിരിച്ചുംകൊണ്ട് എഴുന്നേററുപോയി. എത്രയെത്ര കഥകളാണ്! ഇത്ര ചുരുങ്ങിയ നേരംകൊണ്ട് തീരുമോ! നടന്നുകൊണ്ട് വഴിക്കുവച്ച് പറയും.

ഒരു കൊച്ചൻസന്യാസി ഒരുഭാഗത്ത് കിടന്നുരുളുന്നുണ്ടായിരുന്നു. അത്രയ്ക്കു ജാസ്തി മധുരപലഹാരം തിന്നതുകൊണ്ട് എഴുന്നേൽക്കാൻ പററുന്നില്ല–കൂട്ടുകാരനോട് പറകയാണ്. ഹിന്ദി സംസാരിക്കുമ്പോഠം ബംഗാളി ഉച്ചാരണംകേട്ടിട്ട് വലിയേച്ചി ചോദിച്ചു: 'എവിടെയാ വീട്?' അവൻ പറഞ്ഞു: എൻെറ വീട് ''തുന്ന'' ഗിരാമത്തിലാ'.

വലിയേച്ചി പറഞ്ഞു; 'ആ: തലയിലെഴുത്ത്. ഇത് തിപ്രായിയിലെ പയ്യനാണ്. കണ്ടിട്ടില്ലേ, നമ്മളന്ന് ത്രിപുരയിലേക്ക് പോകുംവഴി ഇടത്തുഭാഗം ആ ഗ്രാമവും കടന്നിട്ടാണ് അങ്ങ് ചെന്നത്. സുഷിയുടെ ശ്വശുരഗൃഹവും ആ ഗ്രാമത്തിൽത്തന്നെയാണ്.'

കൊച്ചൻ സ്വാമിയുടെ നേർക്ക് തിരിഞ്ഞ് വലിയേച്ചി പറഞ്ഞു: 'എന്നാപ്പിന്നെ എന്തിനേ ഹിന്ദിപറയുന്നത്? ബംഗാളിയിൽ പറ.'

നാട്ടുകാരിയിൽനിന്ന് നാട്ടിലെ ഭാഷ കേട്ടിട്ട് അവന്ന് വലിയ സന്തോഷം. കവിളെച്ചിലാക്കിക്കൊണ്ട് ചിരിച്ച് വേഗം എഴുന്നേററിരുന്നു. എന്നിട്ട് പറഞ്ഞു: 'ബ്രാമ്മണവീട്ടിലെ കുട്ടിയാ ഞാൻ· കുട്ടിക്കാലംതന്നെ വീട് വിട്ടു. അമ്മ കരച്ചിൽ, അച്ചൻ കരച്ചിൽ; പിന്ന നാട്ടിലേക്ക് മടങ്ങീട്ടില്ല.'

'നല്ല പണിതന്നെ ചെയ്തത്! എഴുതാനും വായിക്കാനും വല്ലതും പടിച്ചിനാ? ഉളളിൽ ഇത്തിരി വല്ല വിദ്യയും കടന്നിനാ?'

'ഹൊ, നാലം കിലാസ്‌വരെ പടിച്ചിനല്ലൊ. കുരിക്കള ദെയ കൊണ്ട് കൊറച്ചൊക്കെ പടിച്ചിനപ്പാ. ഇങ്ഗ്ലീശ അച്ചരും കൊറച്ചൊക്കെ അറിയാന്ന് വെച്ചോ. നിങ്ങേൻറടുക്ക വർത്താനം പറഞ്ഞിററ് ബല്യ സന്തോഷായി. എത്ര ദിവസം താമസൂണ്ട്? പർസാദം കിട്ടീററില്ലേ?'

ഞാൻ തലയാട്ടി പറഞ്ഞു: 'ഇല്ലല്ലൊ, ആരാ തരാൻ, പറഞ്ഞാട്ടെ.'

അത് കേട്ടിട്ട് അവൻ തുളളിത്തുളളി അടുക്കളയിലേക്കോടി. വലിയേച്ചി പറഞ്ഞു: 'ഇതെന്തു ഗുലുമാലാണ് ക്ഷണിച്ചുവരുത്തിയതെന്നു നോക്കു. പ്രസാദവും വാങ്ങി ഒടുക്കം ഏടാകൂടമാവുമോ? ഇവിടെയിരുന്നു കഴിക്കാനാണെങ്കിൽ പററില്ല. സേവാശ്രമത്തിലേക്ക് കൊണ്ടുപോകാനും പററില്ല. അവർ വല്ലവരും കണ്ടുപോയാൽ എന്തു വിചാരിക്കും? ഛരി!'

ഞാൻ പറഞ്ഞു: 'കൂടാരത്തിന്നുള്ളിൽ പൊത്തിവെക്കാം; വൈകുന്നേരം ഹരിദ്വാരത്തേക്ക് പോകുമ്പോൾ ഗംഗയുടെ കടവിലിരുന്നും കൊണ്ട് തിന്നാം. ആര് കാണാനാണ്?'

പറഞ്ഞുതീരുമ്പോഴേക്കുമുണ്ട്, പയ്യൻ ഇലപ്പൊതി നിറയെ പ്രസാദം രണ്ടുകൈകൊണ്ടും മുറുകെപ്പിടിച്ച് ഇങ്ങോട്ടേക്ക് ഓടിവരുന്നു. തലക്കുമുകളിൽ രണ്ടു പരുന്തും ഒപ്പംതന്നെ വരുന്നുണ്ട്. അവൻ വേഗംതന്നെ കൈയിലെ ആഹാരം നെഞ്ചോട് ചേർത്ത് കുനിഞ്ഞ് അത് രക്ഷപ്പെടുത്തി. എന്നാലും പരുന്ത് വിടാനുള്ള വട്ടമല്ല. ശല്യംതോന്നിയ പയ്യൻ ഇത്തവണ പുതച്ചിരുന്ന കറുത്ത കമ്പിളിക്കുള്ളിൽ രണ്ടു കൈയും കടത്തി.

കണ്ടപ്പോൾ മൂക്ക് ചുളിഞ്ഞുപോയി. രാമ രാമ:. ആഹാരത്തിൽ എത്ര പൊടിയും പൂഴിയുമാണ് വീണതെന്നറിഞ്ഞില്ല. ആകെക്കൂടിയുള്ള കമ്പിളി; അവിടെയുമിവിടെയും കൊണ്ടിടും, നിലത്തു വിരിച്ച് കിടക്കും! ഇമ്മാതിരി പ്രസാദം വേണ്ടപ്പാ. ഞാൻ പറഞ്ഞു: 'പോകാം, അവൻ വരുന്നതിനുമുമ്പെ ഇവിടെനിന്ന് രക്ഷപ്പെട്ടുകളയാം'

പ്രസാദത്തെ അവഗണിക്കുന്നത് വലിയേച്ചിക്ക് സഹിച്ചുകൂടാ. പറകയാണ്, 'പ്രസാദം പ്രസാദംതന്നെയാണ്! അങ്ങിനെയൊന്നും വായ തുറന്ന് ഉരിയാടരുത്.'

ഒരു കൂന പൂരിയും കചുരിയും അരിയുണ്ടയും കറികളും മുമ്പിൽവെച്ച് നാട്ടുകാരൻ സ്വാമി ചിരിവിടർന്ന മുഖത്തോടെ നാട്ടുകാരെ സൽക്കരിച്ചുകൊണ്ട് പറഞ്ഞു: 'കൂട്ടാൻ കൊറച്ചുകൂട കൊണ്ടരണന്നുണ്ടായിരുന്നു; എലേല് കൊണ്ടില്ല.'

ഉത്സാഹത്തള്ളിച്ചകൊണ്ട് പുള്ളി വഴിവരെ ഒന്നിച്ചുപോന്നു. പിരിയുമ്പോൾ പറഞ്ഞു: 'നിങ്ങള എന്നീം കാണാനാശീണ്ട്, നോക്കട്ട്, തമ്പ്രാന്റെ ദെയ ഉണ്ടെങ്കില് ഈ തെരക്കിന്റെ ഉള്ളീന്നും പരതി കണ്ടുപിടിക്കും. കൊറച്ച് ദെവസംകൂട ഉണ്ടാവൂലേ ഇവിട?'

ബ്രഹ്മകുണ്ഡത്തിന്റെ കരയ്ക്ക് പീടികകളിൽ വറുത്തുപ്പേരി, ഡാൽഡ, വെണ്ണ, ജെല്ലി മുതലായി നാനാ സാധനങ്ങൾ ഇട്ടുവെക്കുന്ന പഴയ കാലിടിന്നുകൾ വായകെട്ടി തൂക്കിയിട്ടിട്ടുണ്ട്. പീടികക്കാരൻ അവയുടെ നടുക്കിരുന്ന് ഇടതടവില്ലാതെ ഡുംഡുമെന്ന് മുട്ടിക്കൊ

ണ്ടിരിക്കും. യാത്രക്കാർ ചുരുങ്ങിയ വിലക്ക് ഈ ടിന്നുകൾ വാങ്ങി വേണ്ടുവോളം ഗംഗാജലം നിറച്ച് നാട്ടിലേക്ക് കൊണ്ടുപോവും. തുളുമ്പിപ്പോവുമെന്ന് പേടിക്കാനില്ല. പീടികക്കാരനുമായി കരാറ് ചെയ്തിട്ടുണ്ടാവും—വെള്ളമെടുത്ത് കരയ്ക്ക് കേറിവന്ന ഉടൻ അയാൾ ടിന്നിൻെറ വായ ഭദ്രമായി അടച്ചുകൊടുക്കും. നാട്ടിൽ ചെന്നിട്ട് മുറിച്ചു തുറക്കണം.

വലിയേച്ചി പറഞ്ഞു: 'നമുക്ക് ഒരുപാട് തീർത്ഥം കൊണ്ടു പോകേണ്ടിവരും; ഓരോരുത്തരുടേയും മുരുടയിൽ ഇപ്പോൾത്തന്നെ നിറക്കുന്നതിന്നു പകരം ഇതുപോലത്തെ രണ്ടു ടിന്നിൽ നിറച്ചുകൊണ്ടു പോവുകയാണ് സൌകര്യം. പിന്നീട് ഇതിൽനിന്ന് ഒഴിച്ചുകൊ ടുക്കാം എല്ലാവർക്കും.

തിരഞ്ഞുനോക്കി അവർ അഞ്ചു സേർ ഡാൽഡയുടെ രണ്ട്കാലി ടിന്ന് വാങ്ങി. ഓട്ടയൊന്നുമില്ലല്ലൊ ടിന്നിൽ? പരീക്ഷിച്ചുനോക്കാതെ പണം കൊടുക്കുന്നതു നന്നോ? വ്രജരമണനെ വെള്ളം നിറച്ചുനോക്കാൻ ടിന്നുമായി കടവിലേക്ക് അയച്ചു. ഒരു മിനുട്ട്, രണ്ടു മിനുട്ട് എന്ന് എണ്ണിക്കൊണ്ട് പതിനഞ്ചു മിനുട്ടായി; ഇരുപത് മിനുട്ടായി, വ്രജരമ ണൻ മടങ്ങിവരുന്നില്ല. അതാ, അവിടെയാണ് കടവ്, അവിടെയാണ് വെള്ളം. എന്താണിത്ര സമയമെടുക്കാൻ? നിന്നുനിന്ന് മുഷിഞ്ഞു. അരമണിക്കൂർ കഴിഞ്ഞു; വലിയേച്ചിയെ പീടികയിൽ വിട്ട് ഞാനും ഏട്ടനും മുന്നോട്ടു ചെന്നു.

ഭയങ്കര തിരക്ക് കടവിൽ. കരയ്ക്ക് നിന്നുകൊണ്ട് ആബാല വൃദ്ധ വനിതമാർ കൂട്ടംകൂട്ടമായി മുമ്പോട്ട് കുനിഞ്ഞ് ഏകാഗ്രമായ മനസ്സോടെ എന്തോ നോക്കുന്നു. ഞാനും ചെന്ന് ആളുകളുടെ ചുമലി ന്മകളിലൂടെ എത്തിനോക്കി. കെട്ടിപ്പടുത്ത കുളക്കടവിൽ താഴത്തോളം പടവുകളുണ്ട്. വെള്ളത്തിന്നടുത്തായി ഒരു വീതിയുള്ള പടവിന്മേൽ നിന്നുകൊണ്ട് ഒരു നാഗസന്യാസി പളപളെ മിന്നുന്ന ഒരു നീണ്ട കു ന്തവും കയ്യിലേന്തി എന്തോ കളി കാണിക്കുന്നു. ആദ്യം സംഗതി പിടി കിട്ടിയില്ല. പിന്നീട് മനസ്സിലായി, ഇതെത്രമാത്രം ആശ്ചര്യപ്രദമാണോ അത്രയും ബീഭത്സവും അശ്ലീലവുമാണെന്ന്. എന്നിരിക്കിലും തുറന്ന കടവിൽ ജനസമക്ഷം നിസ്സങ്കോചം സഹജഭാവത്തിൽ ഒരാൾ കാണിക്കുന്നു, കാണികളാണെങ്കിൽ ഭാര്യയേയും കുട്ടികളേയും മററും അടുത്തുനിർത്തിക്കൊണ്ടുതന്നെ കഴുത്തുപൊക്കി നോക്കിക്കാണുന്നു.

ഏട്ടൻ വിളിച്ചുപറഞ്ഞു: 'ഇങ്ങോട്ട് വാ. ഹഠയോഗത്തിൻെറ വിദ്യയാണ് അതൊക്കെ.'

കൌതുകം അടങ്ങുന്നില്ല. വലിയേച്ചിയെ കാണിക്കണം. അവരെ പിടിച്ചു വലിച്ചു കൊണ്ടുവന്നു. അഭ്യാസം തീർന്നു കഴിഞ്ഞിരുന്നു അപ്പോഴേക്കും.

നാഗൻ അപ്പോഴ് ഗംഗാജലത്തിൽ കാലും മുഖവും കഴുകി. രുദ്രാക്ഷമാലകഠം പൂണുനൂലുപോലെ കഴുത്തിൻെറ രണ്ടുഭാഗവും തൂക്കിയിട്ടു. അരയിൽ ഒരു കഴി വെള്ളനൂൽ കെട്ടി. വലത്തുകയ്യിൽ ഉറുക്കു കെട്ടി; സൂര്യപ്രകാശം തട്ടി അത് പളപളെ തിളങ്ങുന്നു. സ്വർണ്ണത്തിൻേറതാണോ അത്? ചമയപ്പാട് കഴിഞ്ഞപ്പോഠം നാഗൻ കുന്തവും കൈയിലെടുത്ത് തിരിഞ്ഞുനിന്ന്, വീരദർപ്പത്തോടെ ഓരോ പടവിന്മേലും കാലടിവെച്ചുകൊണ്ട് കേറുകയായി. ജനത ഇരുവശവും വാങ്ങിനിന്ന് ആദരപൂർവ്വം വഴിമാറിക്കൊടുത്തു.

ഗംഗയുടെ ദീപാരാധനയ്ക്കുള്ള സമയമായി, ഞങ്ങഠം ഹർകീപൌഡി യിൽ ചെന്നിരുന്നു. നേരെ മുമ്പിൽത്തന്നെ നല്ലവണ്ണം കാണാം.

അന്തിനേരത്തെ ഇരുട്ട് കനത്തുവന്നപ്പോഠം ബ്രഹ്മകുണ്ഡത്തിലെ കടവിൽ ദീപാരാധനയ്ക്കുള്ള വിളക്കുകഠം കത്തിത്തുടങ്ങി. മൂന്ന് പണ്ഡമാർ കയ്യിൽ ഓരോ വിളക്കുമായി താഴത്തേയ്ക്ക് വരുന്നു. അവസാനത്തെ പടവിന്മേൽ നിൽക്കുന്നു. പതുക്കെപ്പതുക്കെ ഇടത്തു കൈകൊണ്ട് മണി മുഴക്കുന്നു, വലത്തുകൈകൊണ്ട് വിളക്ക് ചുഴ ററുന്നു. നെയ്‌വിളക്ക് കാററുതട്ടി ഉയർന്നു കത്തുന്നു. മൂന്നു പണ്ഡ മാരുടെ ഉടലും തലയും കരിനിഴൽ പരത്തിക്കൊണ്ട് ആ വെളിച്ചം മൂടുന്നു. ഇക്കരയിൽനിന്ന് നോക്കുമ്പോഠം, മൂന്ന് ജ്വാലയുടെ അഗ്ര ഭാഗം മാത്രം ശൂന്യാന്ധകാരത്തിൻെറ മാർത്തട്ടിൽ ഉല്ലാസംകൊണ്ട് അട ക്കമററ് കളിക്കുകയാണെന്നേ തോന്നു.

വലിയേച്ചി ഏതു തക്കത്തിലാണെന്നറിഞ്ഞില്ല, അന്തർദ്ധാനം ചെയ്തിരുന്നു; അവർ കിതച്ചുംകൊണ്ട് തിരിച്ചുവന്നു. രണ്ടു കൈയും ചുരുട്ടിപ്പിടിച്ചിരുക്കുന്നു. 'ദീപാരാധനയുടെ അഗ്നി സ്പർശിച്ചി ട്ടാണ് വരുന്നത്. നിങ്ങഠംക്കുവേണ്ടിയും കൊണ്ടുവന്നിട്ടുണ്ട്, ദാ എടുത്തോളു.' എന്നും പറഞ്ഞ് ഒരു കൈ നിവർത്തി എൻെറ തലയിൽ തടവിത്തന്നു, മറേറ കൈയിലെ അർച്ചനാഗ്നി ഏട്ടൻെറ നെററിയിൽ തൊട്ടു.

നാളെയാണ് ശിവരാത്രി. യോഗത്തിൻെറ പ്രഥമ സ്നാനം.

വലിയേച്ചി പറഞ്ഞു: 'ശിവന്റെ ശിരസ്സിൽ പൂവും പഴവും അർപ്പിക്കണം; ഇന്നേ കുറച്ച് പഴങ്ങൾ വാങ്ങിവെക്കണം. പൂ വഴിക്കു തന്നെ വാങ്ങാൻ കിട്ടിയേക്കും, പഴം തിരക്കിന്നിടക്ക് കിട്ടാതെ പോയാലോ?'

ഗംഗയ്ക്കു മീതേക്കൂടി കെട്ടിയിരിക്കുന്ന തറയിലൂടെ ഞങ്ങൾ അങ്ങാടിയിലേക്ക് നടന്നു. ഹരിദ്വാരത്തിന്റെ പ്രാണനെന്ന് വല്ലതിനേയും പറയാമെങ്കിൽ അത് ഈ തറയാണ്. എല്ലാതരം പരിപാടികളും നടക്കുന്നുണ്ട് ഈ കുറച്ചു സ്ഥലത്ത്. നടന്നുപോകവെ കണ്ടു, ശ്രീ രാമചന്ദ്രന്റെ പടത്തിന്നു മുമ്പിൽ ഒരു മാർവാറിസ്ത്രീ ഒരു മുഴം നീളത്തിൽ ചേലയുടെ വക്കുകൊണ്ട് മുഖം മറച്ച് ഹാർമോണിയം വായിച്ച് പാട്ട് പാടുന്നു, മുഖം മറച്ച ഭക്തസംഘത്തേയും മുന്നിലാക്കി.

അതിന്നടുത്തുതന്നെ നടക്കുന്നുണ്ട്, ഒരു ഗുജറാത്തിയുടെ പ്രസംഗം—പാപപുണ്യങ്ങളെപ്പററി ചർച്ച ചെയ്തുംകൊണ്ട്.

ഗോതമ്പുമാവുണ്ട തളികയിൽ നിറച്ച് ചുററിയടിക്കുന്നു ഒരു കിഴവി—നരച്ച പുളികം ചുളിച്ചുകൊണ്ട്, കൊച്ചുകുട്ടികളുടെ കൂട്ടങ്ങൾക്കിടയിൽ. കൈപ്പിടി നിറയെ ഗോതമ്പുമാവുണ്ട യാത്രക്കാരുടെ കൈകളിൽ തിരുകുന്നു—എടുത്തോളു സാറേ രണ്ട് പൈശേന്റെ ഉണ്ട, മീനിന്ന് കൊടുത്ത് പുണ്യം കിട്ടട്ടെ.'

ഋഷികുലത്തിലേയും ഗുരുകുലത്തിലേയും ബ്രഹ്മചാരിബാലകന്മാർ ഭഗവന്നാമാവലി എഴുതിയ മുണ്ടും പുതച്ച് കാത് മൂടുന്ന തൊപ്പിയുമിട്ട് കടവത്ത് അണിനിരന്ന് ഇരിക്കുന്നു. സാമവേദഗാനം പാടുകയാണ്. വൈകുന്നേരമായാൽ അവർ ചുകന്ന ജപസ്സഞ്ചിമാലയും കൈയിലേന്തി വന്ന് പുല്ലുപായ വിരിച്ച് ഇരിക്കും. എഴുന്നേററുകൂട. കുട്ടികളുടെ മനസ്സല്ലേ, അവർ കഴുത്ത് തിരിച്ച് നാലുപാടും നോക്കിക്കൊണ്ടേയിരിക്കുന്നു. നാനാദേശങ്ങളിലെ തീർത്ഥയാത്രക്കാർ അവരിൽ പലപല കൌതുകവും ഉണർത്തുകയാണ്. ബ്രഹ്മചാരികളുടെ കൊച്ചുകൈകളുടെ കൊച്ചുവിരലുകൾ മാലയെടുക്കാൻ സഞ്ചിക്കുള്ളിൽ ചെന്ന് അവിടെത്തന്നെ നിന്നുപോകുന്നു. അവർ അദ്ഭുതംകൊണ്ട് വിടർന്ന കണ്ണുകളോടെ നോക്കിക്കൊണ്ടേയിരിക്കുന്നു.

മുടന്തൻ പിച്ചക്കാരൻ വടിയൂന്നി കൈനീട്ടി, 'അഞ്ചേകാലണ കൊട്, സൌഖ്യമായിരിക്കട്ടും.' എന്ന് നിലവിളിച്ചുംകൊണ്ട് ഒരു

വശത്തുകൂടെ കടന്നുപോകുന്നു. കഴുത്തററം നീണ്ട ചുരുളൻ മുടിയോടുകൂടിയ ഒരു തല ആരംക്കൂട്ടത്തിന്നു മുകളിൽ കാണാകുന്നു. ദേഹത്ത് കറുത്ത കോട്ട്, കൈയിൽ കറുത്ത ടിന്നിന്റെ പെട്ടി. ഒരു സ്റ്റൂളിന്മേൽ കേറിനിന്നുകൊണ്ട് അയാരം വിളിച്ചുപറയുകയാണ്, 'നാലണ, അഞ്ചണ, അഞ്ചേകാലണ. വേഗം വേഗം, ഇപ്പോരം തീരും—ആറണ.'

പീടികക്കാരൻ ഇരുമ്പുചട്ടിയിൽ ഇരുമ്പുകോലുകൊണ്ട് ചുടുചുടെയുള്ള ഉരുളക്കിഴങ്ങുവട ചുട്ടെടുക്കുന്നു.

പഞ്ചാബിപ്പെണ്ണുങ്ങരം വലപോലെയുള്ള ഉത്തരീയം നിലത്തിഴച്ചുകൊണ്ട് തൈരുവടയും കടലക്കറിയും വാങ്ങിത്തിന്നുന്നു.

ഗംഗാതീരത്ത് ദാക്ഷിണാത്യനായ ഒരു സന്യാസി കണ്ണ് രണ്ടു മടച്ച് ഇരിക്കുന്നു. രക്തചന്ദനംകൊണ്ട് ഗോപി തൊട്ട ഒരു ബ്രാഹ്മണൻ ഒരിടത്ത് ഹരികഥാകാലക്ഷേപം നടത്തുന്നു.

ഉച്ചഭാഷിണിയിലൂടെ ഗാനമൊഴുകുന്നു—'രങ്ഗിലാ രങ്ഗിലാരേ.' മരപ്പലകയുടെ ഇരുവശവും ഒട്ടിച്ച സിനിമാപ്പരസ്യങ്ങരം നിരനിരയായി കടന്നുപോകുന്നു—'ഘർകേ ഇജ്ജത്ത്', 'ചാന്ദ്നി രാത്', 'ദിൻകി പിയാരി'.

എഞ്ചിനീയർമാരും കോൺട്രാക്ററർമാരും കൂലിപ്പണിക്കാരേയും കൂട്ടി പരക്കം പായുന്നു. കൂററൻ മരത്തടികരം കൊണ്ടുവന്ന് കൂട്ടി വെച്ചിരിക്കുന്നു. ഓരോന്നിന്മേലും ഓരോ ആണി അടിച്ചുകേററുന്നു. സമയം ഏറെയില്ല, കുംഭത്തിനു മുമ്പുതന്നെ പാലം പണിതു തീർക്കണം.

കാവിയുടുത്ത സന്യാസി പിന്നാലെ വരുന്നു—'ഭജനത്തിന്നു വേണ്ടി ഒരു ഗീത സ്വാമിക്ക് കൊടുക്കണേ; രണ്ടു പൈസയേ വിലയുള്ളു, ഈ പീടികയിൽ കിട്ടും.'

വെള്ളം ചൂടാക്കുന്ന കുക്കറുമായി അസട്ടന്മാർ നിരന്നിരിക്കുന്നു. എട്ടിഞ്ച് ഉയരമുള്ള ചെറിയ പിച്ചളക്കുക്കർ, മീതെചൂടുവെള്ളം, കീഴെ കുറച്ചു വിറകും കൽക്കരിയും മുനിഞ്ഞ് കത്തുന്നു. വെള്ളം വളരെ നേരം ചൂടോടെയിരിക്കും. തണുപ്പുകാററത്ത് കവിളത്ത് ചൂടുവെള്ളം പുരട്ടുക സുഖമാണ്.

മില്ലുസാരിക്കും പൂക്കളുള്ള തുണിക്കും വേണ്ടിയുള്ള കണക്കു പറയലും വില പേശലും നടക്കുകയാണ് കച്ചവടക്കാരനും വാങ്ങാൻ

ചെന്നവരും തമ്മിൽ. തൂക്കം നോക്കുന്ന യന്ത്രവും മുമ്പിൽവെച്ച് അച്ഛനും മകനും കുഴലിലൂടെ വിളിച്ചുപറയുന്നു: 'നാല് പൈസ കൊടുത്ത് തൂക്കവും രോഗവിവരവുമെല്ലാം ഒററയടിക്കറിയുക.' യന്ത്രത്തിന്മേൽ തൂക്കത്തിന്നനുസരിച്ച് രോഗത്തിന്റെ പേരും എഴുതീട്ടുണ്ട്. എത്ര വയസ്സിൽ എത്ര തൂക്കമില്ലാതിരുന്നാൽ എന്ത് രോഗമുണ്ടെന്ന് ചറുപിറുങ്ങനെ പറഞ്ഞുകൊടുത്തുകൊള്ളും. ചെങ്കണ്ണും വാതവും തൊട്ട് മലമ്പനി, കാസശ്വാസം, എന്നുവേണ്ട ക്ഷയം വരെ.

അഴുക്കുപുരണ്ട സാരിയും എണ്ണമയമില്ലാത്ത തലമുടിയുമായി, ജര ബാധിച്ച ഒരു തൈക്കിഴവി മുന്നോട്ടു കാലും നീട്ടിയിരുന്ന് വണ്ണമുള്ള ചപ്പാത്തി പരത്തി കനലിൽ ചുടുന്നു. പിച്ചക്കാർ വന്ന് പണമെറിഞ്ഞ് കൊടുത്ത് ചപ്പാത്തി വാങ്ങി രണ്ടു കഷണം ഉരുളക്കിഴങ്ങും പുളിച്ചട്ടിണിയും കൂട്ടി അടുത്തിരുന്ന് തിന്നുന്നു.

ചായയും കിട്ടും. പിച്ചളക്കൂജയിൽ നിന്ന് ചെറിയ ചെറിയ കുപ്പിഗ്ളാസ്സുകളിലേക്ക് പകർന്നുകൊടുക്കുകയാണ് ചെറുപ്പക്കാരൻ പയ്യൻ. അതും ചുമലിലേററി അവൻ തറയുടെ ആ അററത്തും ഈ അററത്തും ചുററിയടിക്കുന്നു, സൌകര്യംപോലെ ഇറക്കിവെച്ച് അവിടുന്നുമിവിടുന്നും വിൽക്കുന്നു. നാലു പൈസക്ക് വെള്ളച്ചായ, ആറു പൈസക്ക് പഞ്ചസാരച്ചായ.

ബനാറസി ശിരോവസ്ത്രം പറപ്പിച്ചുകൊണ്ട് റൂഷും പൌഡറും ലിപ്സ്റ്റിക്കും പൂശി, അവലക്ഷണം പിടിച്ച പെണ്ണുങ്ങൾ തുടിയും മുട്ടി കടന്നുപോകുന്നു.

ഒരു വടിയുടെ തലപ്പത്ത് കെട്ടിയുറപ്പിച്ച പീപ്പിയും ബലൂണും —നീണ്ടതും തടിച്ചതും ഉരുണ്ടതും ചായം പൂശിയതും പൂശാത്തതും— തലയ്ക്കുമീതെ പറപ്പിച്ചുകൊണ്ട് ഒരു ചെറുക്കൻ നടക്കുന്നു.

കുരുടൻ പിച്ചക്കാരൻ ഊക്കോടെ കൈമുട്ടി യാത്രക്കാരുടെ ശ്രദ്ധ പിടിച്ചു പററുന്നു.

ചിലർ പീടികയിൽനിന്ന് നാല് പൈസക്ക് ബ്രാഹ്മണഭോജനത്തിന്റെ പുണ്യം നേടുന്നു.

ഝുമുർ-ഝും ശബ്ദത്തോടെ ചവണക്കോലും ചിലങ്കയും മുഴക്കിക്കൊണ്ട്, കറുത്ത ചരടുകൊണ്ട് മാറും പുറവും ചുററിക്കെട്ടിയ, അലഖ്നിരഞ്ജനന്മാരുടെ സംഘം വരിവരിയായി നടക്കുന്നു. ഉരിയാട്ടമില്ല, നിൽക്കുകയുമില്ല ഒരേടവും. നടന്നുകൊണ്ടുതന്നെയാണ്

ഭിക്ഷ വാങ്ങുക. ഗൃഹസ്ഥന്മാർ മുൻകൂട്ടിത്തന്നെ ഭിക്ഷയുംപിടിച്ച് തയ്യാറായി നിൽക്കുന്നുണ്ടാവും. അതുകൊണ്ട് ഗ്രാമം മുഴുവനുംവാദ്യം മുഴക്കിക്കൊണ്ടാണ് അവർ ചുററുക. ദാതാക്കൾക്ക് ദൂരെനിന്നുതന്നെ സൂചന കിട്ടും. പീടികക്കാരിൽനിന്ന് ഭിക്ഷ കിട്ടാൻ സമയമെടുക്കും; അതുകൊണ്ട് അലഖ്–നിരഞ്ജനൻ ഭിക്ഷാപാത്രവും നീട്ടിപ്പിടിച്ച് ഒരിടത്തുതന്നെ 'ലെഫ്റ്റ്റൈററ്' ചുററും. കാലനങ്ങിക്കൊണ്ടിരിക്കണം. നടുക്കുള്ള ഭിക്ഷു അന്യമനസ്കനായി നിന്നുപോയാൽ ഉടൻ കിട്ടും, പിന്നിലെ ആളിൽനിന്ന് ചവണക്കോലുകൊണ്ട് ഒരു കുത്ത്: അടയാളം കൊടുക്കുകയാണ്, കാലനക്ക്; നാലു ഭാഗവും ഇത്രയും ആളുകൾ, ആരെപ്പോൾ കണ്ടുകളയുമെന്ന് അറിയില്ലല്ലൊ.

ഓരോന്നായി ഗ്രന്ഥസാഹേബിൻെറ കൂട്ടവും കൂടുന്നു.

പൂക്കാരി അണിയണിയായി പൂക്കുലകൾ ഒരുക്കിവെക്കുന്നു, നടുക്കൊരു നെയ്‌വിളക്കും കൊളുത്തിവെച്ച്.

ഞങ്ങൾ പഴം വാങ്ങാൻ പഴക്കടയുടെ മുമ്പിൽ ചെന്നുനിന്നു.

വലിയേച്ചിക്ക് തൃപ്തിയേ ആവുന്നില്ല. കൂവളക്കായ തേങ്ങ പേരക്ക ആപ്പിൾ മാതളം—'അതെന്താണ്?' നെല്ലിക്കയോ? ങ്ആ, കൊട്.' വാഴപ്പഴം മധുരനാരങ്ങ—'മേലെ കാണുന്ന അത് വത്തക്കയാണോ? ഒന്നിറക്കിവെച്ചാട്ടെ. പപ്പാ—എന്താണിതിന് പറയുക? ങ്ഹാ, അതുംവേണം.' എന്നോട് ചോദിക്കയാണ്, 'എന്ത് പറയുന്നുറാണീ—എടുക്കട്ടെ? ശിവൻെറ ശിരസ്സിൽ അർപ്പിയ്ക്കാം. എനി വല്ലപ്പോഴും വന്നാലായി, വന്നില്ലെങ്കിലായി! ഇവിടത്തെ ശിവനെ ജീവിതത്തിൽ എനിയൊരിക്കലും കിട്ടിയില്ലെന്നും വരാം.'

പീടികയിൽ അടിമുടി പഴങ്ങൾ അടുക്കിവെച്ചിരിക്കുകയാണ്; വലിയേച്ചി ഓരോന്ന് തിരഞ്ഞെടുത്ത് വാങ്ങി സഞ്ചിയിൽ നിറച്ചുകൊണ്ടിരിക്കുന്നു. തൊട്ടടുത്ത് പച്ചക്കറിക്കടയാണ്.

വെള്ള ഉത്തരീയംകൊണ്ട് മാറും തലയും മറച്ച് വെള്ളത്തുണികൊണ്ടുള്ള ജുബ്ബയും പൈജാമയുമിട്ട കുട്ടിത്തം വിടാത്ത ഒരു തുടുതുടുത്ത ചെറുപ്പക്കാരി കച്ചവടക്കാരനുമായി വിലപേശുന്നു. കൈയിൽ താമരവളയം. ചിലേടങ്ങളിൽ ഈ താമരവളയം അത്യന്തം പ്രിയമായ ആഹാരസാധനമാണെന്ന് കേട്ടിട്ടുണ്ട്.

ഞാൻ ചോദിച്ചു: 'ഇവ തിന്നാനെങ്ങിനെ?'

ഒരു സീൽക്കാരം പുറപ്പെടുവിച്ചിട്ട് അവരം പറഞ്ഞു: 'നല്ല സ്വാദാ. കണ്ടില്ലേ, ഇത്തിരിപോന്ന ഈ സാധനത്തിന്ന് അതുകൊണ്ടാണ് ഇത്രയും വില. പാവിന് * അഞ്ചണ.'

ഞാൻ ചോദിച്ചു: ''എങ്ങിനെയാണിത് പാചകം ചെയ്യേണ്ടത്?'

താമരവളയത്തിന്മേൽ വിരൽകൊണ്ട് ഭാഗംഭാഗമായി അളവുകാട്ടിക്കൊണ്ട് അവരം പറഞ്ഞു: 'ഇതാ, ഇതൊരു കഷണമാണെന്ന് കൂട്ടിക്കോ. രണ്ട്, മൂന്ന്—അഞ്ചു കഷണമാക്കാം. ഇതിലും ചെറുതായും മുറിക്കാറുണ്ട് പലരും. എന്നാൽ വലിയ കഷണമാണ് കഴിക്കാൻ നല്ലത്. അതിന്നുശേഷം ഉള്ളി വറുത്ത്, ജീരകവും മുളകും ഉപ്പും മഞ്ഞളും ചേർത്ത് വേവിക്കണം. ഉരുളക്കിഴങ്ങും ചേർക്കാം. പക്ഷെ എന്തു വിലയാണെന്നു നോക്കൂ! വാങ്ങണോ വേണ്ടയോ എന്നാലോചിക്കയാണ്.—എൻ്റ ചങ്ങാതി, പാവിന്ന് നാലേകാലണവെച്ച് കൊടുത്തൂടേ? നാലരയണ? പോട്ടെ, നാലേമുക്കാലണ എടുത്തോ—അതിലധികം പററില്ല?'

ഇതും പറഞ്ഞ് ജുബ്ബയുടെ കീശയിൽനിന്ന് അഞ്ചുറുപ്പികയുടെ ഒരു നോട്ട് പുറത്തെടുത്ത് ഒരു പാവ് താമരവളയം വാങ്ങി ബാക്കി പൈസ എണ്ണിനോക്കി പെണ്ണ് കടന്നുപോയി.

> ന കർമ്മണാമനാരംഭാ—
> നൈഷ്കർമ്മ്യം പുരുഷോശ്നുതേ
> ന ച സംന്യസനാദേവ
> സിദ്ധിം സമധിഗച്ഛതി

എന്ന ഗീതാശ്ലോകം ചൊല്ലിക്കൊണ്ട് തണുത്തകൈകൊണ്ട് കുലുക്കി വലിയേച്ചി എന്നെ ഉണർത്തി, നേരം പുലരും മുമ്പുതന്നെ.

ഇന്ന് യോഗത്തിന്റെ പ്രഥമസ്നാനമാണ്. മുൻകൂട്ടി നിശ്ചയിച്ചിരുന്നു, ഇരുട്ടുള്ളപ്പോഴംതന്നെ എഴുന്നേററ് ബ്രഹ്മകുണ്ഡത്തിലേയ്ക്ക് പോകണമെന്ന്. രാവിലെ അഞ്ചുമണി മുതലാണ് യോഗം, ദിവസം മുഴുവനും നീണ്ടുനിൽക്കും. ഇത്രയും സമയം അധികമൊന്നും കിട്ടാറില്ല. എന്നാലും കടവിൽ ചെന്ന് തടസ്സം കൂടാതെ കുളി കഴിച്ചു വരികയെന്നത് നന്നെ സംശയമാണ്.

ഇന്ന് ദിവസം മുഴുവൻ സന്യാസിമാരുടെ കുളിയുണ്ടാകും; പോലീസ് അവർക്കുവേണ്ടിമാത്രം കടവ് ഒഴിവാക്കിവെക്കും. അനു

---

* 250 ഗ്രാം

ഭവാനന്ദ സ്വാമികശ പറഞ്ഞിരുന്നു; 'പുലർച്ചയ്ക്കേ വല്ലൊരു സൌക ര്യമുണ്ടാകൂ. പിന്നീട് കടവിൽ കടക്കാൻതന്നെ തരപ്പെട്ടില്ലെന്നുവരും. അതിലും ഭേദം നേരത്തെ കാലത്തെ കുളി കഴിച്ച് തയ്യാറാവുകയാണ്. സന്യാസിമാർ സംഘംസംഘമായി എഴുന്നള്ളും, ഒരിടത്ത് നിന്ന് കാണാം. ഇതും കാണേണ്ടൊരു കാഴ്ചതന്നെയാണ്. പതിനൊന്ന് മണിക്ക് ''നിരഞ്ജനി മഠം'' പോകും. അവർ തിരിച്ചുവന്നാൽ പോ കുന്നത് ''നിർവ്വാണിമഠം—അത് ഏതാണ്ട് ഉച്ചയ്ക്ക് ഒന്നൊന്നരമണി ക്കായിരിക്കും. ഞങ്ങളുടെ സംഘം പോകുന്നത് നിർവ്വാണിമഠത്തിന്റെ കൂടെത്തന്നെയാണ്. നിർവ്വാണിസ്നാനത്തിന്നുശേഷം പോകുന്നത് ''ജൂനാമഠ''മായിരിക്കും. അപ്പോഴേക്കും സന്ധ്യയാവും. അതാണ് പറഞ്ഞത്, ഒഴിവെവിടെ? പിന്നെ നല്ല തിരക്കുമായിരിക്കും—ആ തിര ക്കിൽ കുളിക്കാൻ പററില്ല. ഒടുക്കം കൂട്ടം തെററി വല്ലേടത്തുമായി പ്പോകും —അത് വലിയ ഉഴലിച്ചയാകും പിന്നെ.'

വലിയേച്ചിക്കൊരാഗ്രഹം, സന്യാസിമാരുടെ സ്നാനത്തിന്നു ശേഷം ഒന്നുകൂടി പവിത്രമായ ഗംഗയിൽ മുങ്ങണമെന്ന്. അതു കേട്ട് ശശിമഹാരാജ് ഏട്ടനോട് പറഞ്ഞു: 'പെണ്ണുങ്ങളുടെ വാക്ക് കേശക്കരുത്. അങ്ങിനത്തെ പണിയും ചെയ്യരുത്. ഗംഗയിലെ ജലം എപ്പോഴും പവിത്രമാണ്, സൌകര്യം കിട്ടുമ്പോശ കുളിക്കുകയേ വേണ്ടു. തിരക്കിന്റെ കാര്യം നിങ്ങശക്ക് സങ്കൽപിക്കാൻ പോലുമാ വില്ല, അതാണ് ഇങ്ങിനെയൊക്കെ പറയുന്നത്. എന്റെ കാര്യം തന്നെ പറയാമല്ലൊ. ഒരു തവണ ഘോഷയാത്രയുടെ കൂടെ കുളിക്കാൻ പോയിരുന്നു, കടവിന്നടുത്തുവരെ ചെന്ന് കുടുങ്ങിപ്പോയിട്ടുണ്ടല്ലൊ, കടവിലിറങ്ങി കുളിച്ച് കേറാൻമാത്രം എനിയ്ക്ക് മൂന്നര മണിക്കൂർ വേണ്ടി വന്നു.'

വലിയേച്ചി എന്റെ അടുത്ത് തിടുക്കം കൂട്ടി: 'വേഗം തയ്യാ റാവു. ഈ സ്നാനത്തിന്നുവേണ്ടിയാണ് നമ്മളിങ്ങോട്ട് വന്നതു തന്നെ. ഈശ്വരനേയും വിചാരിച്ച് ഒരു മുങ്ങു മുങ്ങി നിവരാൻ കഴി ഞ്ഞാൽ മതി, ശാന്തിയായി. അധികം വസ്ത്രമുടുക്കണ്ട. ഈറൻതുണി പെട്ടെന്ന് മാററാൻ പററുന്ന വിധത്തിൽ കഴിയുന്നതും കുറച്ചു വസ്ത്ര മുടുത്ത് ചെന്നാൽ മതി.'

എഴുന്നേററപ്പോളുണ്ട്, വലിയേച്ചി ഇതിനിടയ്ക്കുതന്നെ കിണ ററിലെ വെള്ളത്തിൽ കുളി കഴിച്ചിരിക്കുന്നു. എപ്പോഴാണ് ഇരുട്ടത്ത് റാന്തലും കത്തിച്ച് പുറത്തു പോയതെന്ന് അറിയാനേ കഴിഞ്ഞില്ല. 'ഇങ്ങിനത്തെ ദിവസം ഗംഗയിലിറങ്ങുകയല്ലേ—ആദ്യമൊന്ന് ശുദ്ധ

മായി' എന്നും പറഞ്ഞ് കമണ്ഡലുവിൽനിന്ന് ഗംഗാജലം കൈയിലെടുത്ത്, കുളിച്ചിട്ടില്ലാത്ത ഞങ്ങളുടെ ദേഹത്ത് തളിച്ച് ഞങ്ങളേയും ശുദ്ധമാക്കി.

വഴി നടക്കുമ്പോഠം ഞങ്ങഠം വിചാരിച്ചിരുന്നു. ഞങ്ങഠംതന്നെ സമർത്ഥന്മാർ, കാലേക്കൂട്ടി പോവുകയാണ്; കൈയും കാലും ഇളക്കിക്കൊണ്ടുതന്നെ ബുദ്ധിമുട്ടില്ലാതെ കുളിക്കും എന്ന്. കടവിൽ ചെന്നപ്പോഴോ, ഞങ്ങളേക്കാഠം സമർത്ഥന്മാർ ഇതിനിടയ്ക്കുതന്നെ നല്ല തിരക്കാക്കിക്കഴിഞ്ഞിരിയ്ക്കുന്നു.

ഈ കുറച്ചു ദിവസംകൊണ്ട് പരിചിതയായ കടവുകാരി മുന്നോട്ടു വന്ന് ആഠംക്കൂട്ടത്തെ ഉന്തിക്കൊണ്ട് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. എല്ലുകഠംപോലും കൂട്ടിയടിച്ചുപോകുന്ന വിധം ഉഗ്രമായ തണുപ്പ്; അവശരായി ആഠംക്കൂട്ടത്തിന്നിടയിലൂടെ ശരീരം മുന്നോട്ട് തള്ളിത്തള്ളി വെള്ളത്തിൽ ചെന്നുവീണു, എണ്ണിക്കൊണ്ട് കുറച്ചു മുങ്ങു മുങ്ങി. അമ്മയ്ക്കുവേണ്ടി കുടം നിറയെ യോഗത്തിന്റെ ജലം മുക്കിയെടുത്ത് കരയ്ക്ക് കേറി.

വലിയേച്ചി നെഞ്ഞോളം വെള്ളത്തിൽനിന്നുകൊണ്ട് മന്ത്രംചൊല്ലുന്നു. കണ്ണടച്ച് ഓരോരുത്തരുടെ പേർക്ക് കൈനിറയെ പൂവും പഴവും പണവും ഗംഗയിൽ സമർപ്പിയ്ക്കുന്നു. അടിച്ചുതളിയ്ക്ക് ബഹുസന്തോഷം; വലിയേച്ചിയുടെ അർഘ്യം വെള്ളത്തിൽ വീഴുന്നതിനുമുമ്പുതന്നെ പല്ലുമിളിച്ച് ചിരിച്ചുകൊണ്ട് കൈനീട്ടി അതു മുഴുവൻ കൈക്കലാക്കി മടിക്കുത്ത് നിറക്കുകയായി.

വലിയേച്ചിയെ കുലുക്കിവിളിച്ച് 'കണ്ണുതുറന്ന്, ഇത്രയും കഷ്ടപ്പെട്ട് ആർക്ക് എന്തു കൊടുക്കുകയാണെന്ന് നോക്കൂ' എന്നു പറയാൻ തോന്നി. പിന്നെ വിചാരിച്ചു, ബുദ്ധിമതിയാണ് അവർ, എല്ലാം കണ്ടറിഞ്ഞതുകൊണ്ടുതന്നെയായിരിക്കാം രണ്ടു കണ്ണും അടച്ചുകളഞ്ഞതെന്ന്. മിക്കപ്പോഴും അവർ പറയാറുമുള്ളതാണ്, 'പേര് ചൊല്ലി കൊടുത്താൽത്തന്നെ മനസ്സിന് തൃപ്തിയായി. അതിനു ശേഷം അതാരെടുത്തു, എന്തായി, എന്നൊക്കെ എന്തിന് വെറുതെ വിചാരപ്പെടണം?'

ബ്രഹ്മകുണ്ഡത്തിന്ന് നടുക്ക് തടിച്ചൊരു സ്തംഭത്തിന്മുകളിലാണ് ഗംഗാദേവിയുടെ അമ്പലം. പലരും നീന്തിക്കൊണ്ട് അമ്പലം വലത്തുവെക്കുന്നു. വാസ്തവത്തിൽ ഇത് മാനസിംഹന്റെ മെസ്മസ്തംഭ

മാണുപോലും. അക്ബർ മാനസിംഹനോട് ചോദിച്ചുവത്രെ: 'താങ്കൾ എനിയ്ക്കുവേണ്ടി ഇത്രയൊക്കെ ചെയ്യുവല്ലൊ—ഞാൻ താങ്കൾക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?'

മാനസിംഹൻ പറഞ്ഞു: 'എന്റെ മരണശേഷം ബ്രഹ്മകുണ്ഡത്തിൽ അസ്ഥി സമർപ്പിച്ച് അതിന്റെ മുകളിൽ ഒരു സ്മാരകസ്തംഭം കെട്ടുമാറാകണം.'

ബ്രഹ്മകുണ്ഡത്തിൽ ചിതാഭസ്മമൊഴുക്കിയാൽ ആ ആത്മാവിന്ന് പിന്നെ ബന്ധനമുണ്ടാവില്ലെന്നാണ് വിശ്വാസം.

ശ്യാമാപദൻ സംസാരത്യാഗിയാണ്, യോഗിയാണ്. തലതിരിഞ്ഞ വർത്തമാനമാണ് പറയുക—മനസ്സിലെന്താണെന്ന് എളുപ്പം മനസ്സിലാവില്ല. അദ്ദേഹം പറകയാണ്: 'ബ്രഹ്മകുണ്ഡത്തിൽ നീന്തിക്കൊണ്ട് കുളിക്കുന്നതെന്തിനാണെന്നോ? ശവത്തിന്റെ എല്ല്കൊണ്ട് അടിത്തട്ട് മുഴുവൻ നിറഞ്ഞിരിക്കയാണ്, നിന്നാൽ കാലിൽ തറക്കും.

കടവിൽ പടവിന്നു മുകളിൽ, പടവിന്ന് നടുക്ക്, പടവിന്ന് ചുവടെ, തലങ്ങും വിലങ്ങും ദേവന്മാരും ദേവിമാരുമാണ്. ഗംഗാമാതാവ്, ശിവശംഭു, രാമചന്ദ്രൻ, വീര ഹനുമാൻ, കൽക്കത്തയിലെ കാളി, പുരാതന കേദാരബദരി, സീതാജി, എന്തെല്ലാമെത്രയെല്ലാം ബിംബങ്ങളാണ്—മുക്കിലും മൂലയിലും ഓരോരുത്തർ. വലിയേച്ചി രണ്ടു കമണ്ഡലുവിലായി പാലും ഗംഗാജലവും നിറച്ച് എല്ലാവരുടേയും തലയിൽ കുറേശ്ശക്കുറേശ്ശ ഒഴിച്ച് ചുററിനടക്കാൻ തുടങ്ങി. എന്നോട് പറഞ്ഞു: 'പിടിക്കു, നീയും കൊടുക്ക്. ശിവായ നമ: ശിവായ നമ: എന്ന് ചൊല്ലിക്കൊണ്ട് കൊടുത്താൽ മതിയാവും എല്ലാവർക്കും.'

സന്യാസിമാർ കുളിക്കാൻ വരാൻ ഇനിയും കുറച്ചു സമയം ബാക്കിയുണ്ട്. ഈറൻ തുണിക്കെട്ടും കൈയിൽ പിടിച്ച് നടക്കാൻ നന്നെ പ്രയാസം. 'ഒന്ന് കൻഖലത്തേയ്ക്ക് തിരിച്ചുചെന്ന് ഗംഗാജലം നിറച്ച കുടവും ഈറൻകെട്ടുമൊക്കെ കൊണ്ടുവെച്ച് വന്നാലെന്താണ്? കൈക്കും കാലിന്നും ഒരു സ്വാധീനം കിട്ടുമല്ലൊ മുഴുവൻ ദിവസവും.' എന്നായി ഞാൻ.

'തരക്കേടൊട്ടുമില്ല'. ഏട്ടൻ പറഞ്ഞു: 'അതുതന്നെയാണ് നല്ലത്. ഉച്ചനേരത്തെ ശാപ്പാടിനെപ്പററി വിചാരിക്കാനില്ല. ഇന്നുച്ചയ്ക്ക് നമ്മൾക്ക് ഊണ് വേണ്ടെന്ന് ഞാൻ ഇന്നലെത്തന്നെ സ്വാമിജിമാരോട് പറഞ്ഞിരുന്നു. എപ്പോഴാണ് മടങ്ങാൻ കഴിയുക. മടങ്ങാൻ തന്നെ

കഴിയുമോ എന്ന് നിശ്ചയമില്ലല്ലൊ. എന്തിനാണ് അവരെ വെറുതെ കാത്തിരിക്കാനാക്കുന്നത്? അവർക്കും കുളിക്കാൻ വരണമെന്നുണ്ട്– നമ്മുടെ ആ ചായപ്പീടിക നല്ല വൃത്തിയുള്ളതാണ്; വിശപ്പു തോന്നിയാൽ അവിടെനിന്നുതന്നെ വല്ലതും കഴിക്കാം.'

വലിയേച്ചിക്ക് ഇന്ന് ശിവരാത്രി നോൻമ്പാണ്. ഞാനും നോൻമ്പ്നോക്കും ഈ കൂട്ടത്തിൽത്തന്നെ; നോററിട്ടില്ലല്ലോ ഒരിക്കലും.' എന്ന് ഞാനും പറഞ്ഞു. കണ്ടേടംകൊണ്ട് അല്ലെങ്കിൽത്തന്നെ ഇന്ന് ശാപ്പാട് തരപ്പെടില്ല, എന്നാൽ പിന്നെ ശിവൻെറ പേരിൽ പഷ്ണി കിടന്നാൽ വല്ലതുമൊരു കാര്യവുമായേക്കും എന്ന് മനസ്സിലും കരുതി.

കൻഖലത്തുനിന്ന് ഹരിദ്വാരത്തേയ്ക്ക് മടങ്ങുമ്പോഴത്തെ വഴി പണ്ടത്തെ വഴിയല്ല, പട്ടണത്തിൻെറ ഏതോ ഒരു ഭാഗത്ത് സ്നാനത്തിന്നുള്ള എഴുന്നള്ളത്ത് തുടങ്ങിയിരിക്കുന്നു എന്ന വിവരം നാലുപാടും പരന്നിരിക്കുന്നു. പോലീസുകാർ ഉറക്കെ വിസിലൂതുന്നു. സർജ്ജൻറ് സൈക്കിളിന്മേൽ കേറി പായുന്നു. വിശാലമായ വഴി തികച്ചും ഒഴിഞ്ഞുകിടക്കുന്നു. വഴിക്ക് ആരംക്കാർ നടക്കുന്നത് നിരോധിച്ചിരിക്കുന്നു. ഞങ്ങരം ഊടുവഴികളിലൂടെ കടവിന്നടുത്തേക്ക് പാഞ്ഞു. ഇവർ വരുംമുമ്പെ ഒന്ന് ഹർകിപൌഡിയിൽ എത്താൻ കഴിഞ്ഞാൽ മതിയായിരുന്നു. പക്ഷെ, ഇഷ്ടംപോലെയുണ്ടോ മുന്നോട്ടു നീങ്ങാൻ കഴിയുന്നു? ആരംത്തിക്കിൻെറ തള്ളലിൽ മുന്നോട്ടു നീങ്ങുന്നത്ര മാത്രം നീങ്ങാം. ഇങ്ങിനെ നീങ്ങി നീങ്ങി ഒരിക്കൽ കടവിന്നടുത്തെത്തി, ശരിതന്നെ; പക്ഷെ ഹർകിപൌഡിയിൽ ചെല്ലുന്നതെങ്ങിനെ? കടവു മുഴുവൻ വേലികെട്ടി വളച്ചിരിക്കുന്നു, പോലീസുകാരും വാളണ്ടിയർമാരും തൊട്ടുതൊട്ട് കാവൽ നിൽക്കുന്നു. ലാത്തി വീശി ജനപ്രവാഹത്തെ ഉന്തി എതിർവശത്തേക്കാക്കുന്നു. ഒരിഞ്ചുപോലും ഇനി മുന്നോട്ടു നീങ്ങാൻ ഉപായമില്ല. കഷ്ടമേ, എന്തിന് തിരിച്ചുപോയി കൻഖലത്തേക്ക്. കൈ കടഞ്ഞാൽ തുണിക്കെട്ട് ചുമലിലേററി നടക്കാമായിരുന്നു, അതായിരുന്നു നല്ലത്. എല്ലാം വെള്ളത്തിലായി. ആകട്ടെ, നടക്കുകതന്നെ, ആ ഭാഗത്തൂടെ ചുററിപ്പോകാൻ കഴിയുമോ എന്നും നോക്കാമല്ലൊ. ഇതാ പററംപററമായി ആളുകരം ആ വഴിക്ക് നീങ്ങുന്നുണ്ടല്ലൊ. ആ ഭാഗം തുറന്നിട്ടാണെന്നു വരാം.

പടവു കടന്ന് ഇടുക്കുവഴിയിലൂടെ ശ്രീ രാമചന്ദ്രനെ വലത്തുഭാഗം വിട്ട് ഞങ്ങരം ഓടിച്ചെന്നു; ചെന്നപ്പോരം കണ്ടു—'ഇതിലെ വഴിയില്ല'. അവിടെ നിന്ന് കൽക്കത്തെയിലെ കാളിയെ കടന്നുകൊണ്ട് മററൊരു ദിക്കിലൂടെ ചുററിച്ചെന്നു—'ഇതിലേ വഴിയില്ല'. പുരാതന

കേദാരബദരി പ്രദക്ഷിണം വെച്ച് ഇടുങ്ങിയ മറ്റൊരു വഴിയിൽ കടന്നു—'ഇതിലെ വഴിയില്ല'. ദിക്ക് നിശ്ചയമില്ലാതെ ഓടിച്ചെന്ന് എവിടുന്നെല്ലാം കടവിൽ കടക്കാൻ ഭാവിക്കുന്നുവോ, അവിടെയെല്ലാം 'ഇതിലെ വഴിയില്ല'. സമയം ഇനി അധികമില്ലതാനും. എഴുന്നള്ളത്ത് എത്തിപ്പോയത്രെ. ഭ്രാന്തന്മാരെപ്പോലെ പരക്കം പായുകയാണ് എല്ലാരും—കുളി കാണാൻ സ്ഥലം പിടിച്ച് നിൽക്കണം. ഇവിടത്തെ ആൾക്കൂട്ടം 'ഇതിലേ വഴിയില്ലെ'ന്ന് കണ്ട് അവിടത്തേക്കോടുന്നു, അവിടത്തെ ആൾക്കൂട്ടം വഴി കാണാഞ്ഞ് ഇവിടുത്തേക്ക് പാഞ്ഞുവരുന്നു. എല്ലാരും വിചാരിക്കും, അങ്ങേപ്പുറത്ത് തുറന്ന വഴിയുണ്ടാവുമെന്ന്. ഈ പോക്കുവരവിൽ ആ പ്രദേശമാകെ മരണപ്പാച്ചലും ഉന്തും തള്ളും തന്നെ.

ആശ മുഴുവൻ നശിച്ച്, ഞാൻ സാധുമനുഷ്യനെന്നു തോന്നിക്കുന്ന മുഖത്തോടുകൂടിയ ഒരു പോലീസുകാരന്റെ അടുത്തുചെന്ന് 'സഹോദര' 'സഹോദര' എന്നു വിളിച്ചുംകൊണ്ട് പിടികൂടി. അയാളോട് പറഞ്ഞു: 'ഇത്തിരി നേരത്തേക്ക് ഒന്ന് വഴി വിട്ടുതരണേ, ഒന്ന കത്തു കടന്നോട്ടെ.'

സഹോദരൻ ഗംഭീരഭാവത്തിൽ ചുമൽ കുലുക്കുകയാണ്; ഒന്നുകൊണ്ടും രാജിയാവുന്നില്ല. വിഷമത്തിലായിപ്പോയി, എന്തു ചെയ്യാനാണ്! അവിടെ നിന്നുകൊണ്ട് 'ഏ സഹോദരാ' 'ഏ സഹോദര' എന്നു വിളിക്കുക മാത്രം, കടവിലേക്ക് സകരുണം നോക്കുകയും. സന്യാസിമാരുടെ കുളി കാണാൻ ഇത്ര ആശ, ഇത്ര ഉൽസാഹം—എന്നിട്ട് ഇതെന്താണ് വന്നു കൂടിയത്! ഒന്നും കാണാൻ പററില്ല ഇങ്ങിനെ നിന്നാൽ. പിന്നെയും വിളിച്ചു, 'ഏ സഹോദരാ'—. ഇത്തവണ സഹോദരന്ന് എന്താണ് തോന്നിയതെന്നറിഞ്ഞില്ല, ഇങ്ങോട്ടും അങ്ങോട്ടും കഴുത്തുതിരിച്ച്, വല്ലവരും കാണുന്നുണ്ടോ എന്നുനോക്കി വിരലനക്കി അടയാളം കാണിച്ച് പറഞ്ഞു—വേഗം പോയ്ക്കോളു. പറഞ്ഞ ഉടൻ കാര്യമായി എന്തോ ശ്രദ്ധിക്കുകയാണെന്ന മട്ടിൽ മറെറാരിടത്തേക്ക് മുഖം തിരിച്ചു നിന്നു.

ഞാൻ ഒരു ചാട്ടത്തിന്ന് മുള്ളുകമ്പിവേലി കടന്നുചാടി ഉള്ളിൽ കടന്നുകൂടി. വലിയേച്ചിയേയും ഏട്ടനേയും വലിച്ചു കടത്തി. പോലീസ് ഹേയ് ഹേയ് എന്നും പറഞ്ഞുകൊണ്ട് ഓടിവന്നു. ഞാൻ പറഞ്ഞു. 'ഇതെന്റെ ഏച്ചിയാണ്, ഇതെന്റെ ഏട്ടനാണ്.' വ്രജരമണനും ഒഴിവായില്ല. ഒരു നിമിഷംകൊണ്ട് വേലി കവച്ച് നാലു പേർ ഉള്ളിൽ കടന്നു. ഇത്രയും കഴിഞ്ഞ് സമാധാനത്തോടെ ഒരു

നെടുവീർപ്പിട്ടു—ഇനി തിരക്കെന്തുള്ളു? പതുക്കെ സാവധാനത്തിൽ നടന്ന് ഹർകിപൌഢിയിൽ ചെന്നിരുന്നു. ഏററവും മുമ്പിലെ വരിയിൽത്തന്നെ. ഇനി സന്യാസിമാർ കടവിൽ വന്നെത്താൻ എത്ര സമയം വേണമെങ്കിലും എടുത്തോട്ടെ.

ആളുകളെക്കൊണ്ടൊരു മഹാരണ്യം തന്നെ നാലുപാടും. കടവിന്ന് മുകളിൽ, വീടുകളുടെ മേൽപുരമേൽ, കുന്നിൻപുറത്ത്, മരക്കൊമ്പുകളിൽ—എവിടെ നോക്കിയാലും ആളുകളുടെ തലയും നിറപ്പകിട്ടുള്ള ശിരോവസ്ത്രവും പളപള മിന്നുന്നു. എപ്പോഠം മുതൽ കാത്തിരിക്കുന്നതാണ് എല്ലാരും! ഞാൻ വാച്ചിൽ സമയം നോക്കി, ഇനിയെത്ര കഴിയണമെന്ന്. സമയം പോക്കാൻ സ്കെച്ച് പുസ്തകം തുറന്നു മടിയിൽ വെച്ചിരുന്നു. വല്ലാത്ത ക്ഷീണം തോന്നുന്നു, അതിന്നുമേലെ രാവിലെ മുതൽ പഷ്ണിയും, വർത്തമാനം പറയാൻ ശക്തിയില്ല. മിണ്ടാതെ പുസ്തകത്തിൻെറ പേജുകളിൽ പെൻസിൽ കൊണ്ട് ഓരോ പടുകുറിപ്പുകഠം കുറിച്ചുകൊണ്ടിരിക്കെ മനസ്സിൽ ഓരോ ചോദ്യങ്ങഠം ഉണരുകയാണ്—ഇത്രയും ആളുകളുടെ ഈ ഒന്നായുള്ള വിശ്വാസം, ഇതിനു ഒരു വിലയുമില്ലെന്നു വരുമോ? ഒററ വിശ്വാസത്തിന്മേൽ ഒന്നിച്ചുചേർന്നിരിക്കുന്ന ഈ ലക്ഷോപലക്ഷം ആളുകഠം—ഇതിൻെറ അടിസ്ഥാനം കേവലം പൊള്ളയാണെന്നു വരുമോ? സാധാരണക്കാർ ഏതു വഴിക്കാണ് ചിന്തിക്കാറ്? ഗംഗാജലത്തിൽ പാപം അലിഞ്ഞു പോകുമെന്ന് കേട്ടാൽ, അവർ ചിരിക്കും. ഗംഗാജലത്തിന്ന് എന്താണ് മാഹാത്മ്യമെന്ന തർക്കമേ മനസ്സിലുളവാകുകയില്ല, ഈ കാഴ്ച കണ്ടാൽ.

'നിങ്ങഠം ആനന്ദമയിമാതാവിൻെറ അടുത്തുനിന്നാണോ വരുന്നത്? ചുമലിന്നടുത്തേക്ക് മുഖം നീട്ടി പിന്നിൽ നിന്ന് ഒരു മഹിള ചോദിച്ചു.

പുസ്തകത്താളിൽനിന്ന് കണ്ണെടുക്കാതെതന്നെ തലയാട്ടി—അല്ല.

'എന്നാൽ ഏത് മാതാവിൻെറ അടുത്തുനിന്നാണ്?'

കണ്ടമാല, വർത്തമാനം പറയാൻ ഒരു രസവും തോന്നുന്നില്ല. അപ്പോഴും കലകല. തൊട്ടടുത്ത് വലിയേച്ചി ഗംഭീരമായ ധ്യാനത്തിൽ മുഴുകിയിരിക്കയാണ്. പേരും ഭാവവും തമ്മിൽ ഒരു പൊരുത്തക്കേടുമില്ല. വേഗം അവരുടെ പേർ പറഞ്ഞുകൊടുത്തു: 'ഹിരൺമയി മാതാവ്'. നാശം, പെൻസിലിൻെറ മുനയും പൊട്ടി. ബ്ളേഡോ പിച്ചാത്തിയോ ഇല്ല. കൈയിൻ നഖംകൊണ്ട് മരം നുള്ളിപ്പൊളിച്ചുകൊ

ങ്ങിരുന്നു; ഒരു പൊളി അടർത്തിയെടുക്കാൻ പററിയാൽ മതി. ഞാനോർത്തുപോയി, സന്യാസിമാരെ കണ്ടാൽ മതി തുള്ളിച്ചാടാൻ, സന്യാസി ഭക്തന്മാർ വല്ലവരേയും കണ്ടാലോ? പരിഹസിക്കും, അവനവനെ മററുള്ളവരെ അപേക്ഷിച്ച് ബുദ്ധിശാലിയെന്ന് കരുതും. എന്നല്ല ഈ സ്വാമിയാന്മാർ തന്നെ എന്തൊരു വിഡ്ഢിപ്പടയാണ്! മഹാപണ്ഡിതന്മാർ, മഹാധനികന്മാരുടെ സന്താനങ്ങൾ, എത്രയെത്ര പേർ ഇവരുടെ കൂട്ടത്തിൽ വെണ്ണീർപൂശി ജടയും വളർത്തിക്കൊണ്ട് ചൂടും തണുപ്പും നിസ്സാരമാക്കി, ഊണുമുറക്കും മറന്ന്, തുറന്ന ആകാശത്തിന്നു ചോടെ ഇരിക്കുന്നവരായുണ്ട്—അവരൊക്കെ തനി വങ്കന്മാരോ? എന്തൊന്നാശിച്ചാണ് അവർ ഈ കഠിനസാധനകളനുഷ്ഠിക്കുന്നത്? അടക്കാനാവാത്ത എന്തൊരാകാംക്ഷ കാരണമാണ് അവർ ഇത്രയും ഉന്മുഖരായി അമ്മയുടെ മാറത്തുനിന്ന് തന്നത്താൻ പിടിച്ചുമാററിയത്?

'നിങ്ങളുടെ ആശ്രമം എവിടെയാ?'

എന്തൊരു സൊല്ല! ഒററവാക്കിൽ ഉത്തരം കൊടുത്തു—ആസാമിൽ. മൌനവ്രതം എത്ര നല്ലതാണ്. വെറുതെയാണോ സന്യാസിമാർ മുട്ടിന് മുട്ടിന് മൌനികളായിരിക്കുന്നത്! ധനഞ്ജയദാസൻ—സന്തദാസസ്വാമികളുടെ ശിഷ്യൻ—'മൌന'മെടുത്തിരിക്കയാണ്. എപ്പോഴാണ് ഭഞ്ജിക്കുകയെന്നറിയില്ല. ആവശ്യമനുസരിച്ച് സ്ലേററിൽ രണ്ടുനാല് വാക്കെഴുതി ശിഷ്യന്മാർക്ക് കൊടുക്കും. ഈ ധനഞ്ജയദാസനും മഹാപണ്ഡിതനായ ഒരാളാണ്. എന്നാൽ, തല മുഴുവൻ മൂടുന്ന ജടക്കെട്ടുമായി ഇരിക്കുമ്പോൾ, ആളെ അറിയാത്തവർ അദ്ദേഹത്തെപ്പററി എന്തു മനസ്സിലാക്കാനാണ്? സന്തദാസസ്വാമികളും എത്ര ജ്ഞാനിയും ഗുണവാനും ധനികനുമായ ഒരാളായിരുന്നു—വലിയേച്ചി പറഞ്ഞുകേട്ടിട്ടുണ്ട്, മുമ്പ് അദ്ദേഹത്തിന്റെ പേര് താരാകിശോർ ചൌധുരി എന്നായിരുന്നെന്ന്—പ്രസിദ്ധനായ വക്കീൽ.

'ആട്ടെ, ആസാമിൽ എവിടെയാ നിങ്ങളുടെ ആശ്രമം? കാമാഖ്യയിലാണോ?

ഇല്ല, ഇനി വയ്യ. ഇനിയെന്തുത്തരമാണ് കൊടുക്കുക? കാമാഖ്യയുടെ പേര് പറഞ്ഞ സ്ഥിതിയ്ക്ക് പ്രസ്തുത സ്ത്രീയ്ക്ക് ആസാമിനെപ്പററി ഒട്ടൊക്കെ അറിയാമായിരിക്കും. പൊളി പറഞ്ഞാൽ മഹാസൊല്ലയാണ്. ഒടുക്കംവരെ നിലനിർത്താൻ പണിപ്പെടണം. വേഗം പറഞ്ഞുതീർത്തു—അരുണാചലാശ്രമം, ഈ പേരിൽ ശിൽപരിൽ ഒരു കുന്നുള്ളത് നേരാണ്. ഭാഗ്യത്തിന് ഓർമ്മ വന്നു.

വലിയേച്ചി ശങ്കാദൃഷ്ടിയോടെ എന്നെയൊന്നു നോക്കി വീണ്ടും പൊടുന്നനെ കണ്ണടച്ച് ആത്മസ്ഥയായി. ഹിരൺമയി മാതാവിൻെറ രൂപത്തിന് ഇതുകൊണ്ട് കുറെക്കൂടി തേജസ്സ് കൂടി. കണ്ടിട്ട് ഞാൻ ആശാന്വിതയായി.

ദും ദാം ശബ്ദത്തോടെ ചെണ്ടയും തകിലും ബാൻറും കുഴലും ചെവിയിൽ മുഴങ്ങിയതോടെ ജാഗരൂകയായി ഇരിപ്പായി. നോക്കിക്കൊണ്ടിരിക്കെ, വമ്പിച്ച ഘോഷത്തോടെ എഴുന്നള്ളത്ത് കടവിൽ വന്നണഞ്ഞു. നൂറു കണക്കിന് സന്യാസിമാർ, ഭസ്മം പൂശിയ ശരീരം; കാവിവസ്ത്രംകൊണ്ട് കടവും പടവുകളും നിറഞ്ഞു.

നാഗസന്യാസിമാരുടെ സംഘം എല്ലാരേക്കാളും മുമ്പേ വെള്ളത്തിന്നടുത്തേയ്ക്ക് ചെന്ന് പിറകെപ്പിറകെയായി വരിയൊപ്പിച്ചുനിന്നു. അവരുടെ പിന്നിൽ മററു സന്യാസിമാരുടെ സംഘം മുകളിലത്തെ പടി വരെ ഗ്യാലറിയിലെന്നപോലെ നിറഞ്ഞുനിന്നു. മണ്ഡലേശ്വരന്മാരുടെ ശിരസ്സിനുമീതെ വെള്ളിയലുക്കുപിടിപ്പിച്ച് പൂമാല ചാർത്തിയ നാനാവർണ്ണാങ്കിതമായ വെൺകൊററക്കുട, ഇരുവശത്തും ചാമരം, പിന്നിൽ ആലവട്ടം—രണ്ടാളുകൾ വെള്ളിദണ്ഡും പിടിച്ചു നിൽക്കുന്നു. മണ്ഡലേശ്വരന്മാർ കുളിക്കാൻ വന്നാൽ, ദൂരെനിന്നുതന്നെ അടയാളംകൊണ്ട് തിരിച്ചറിയാം. എല്ലാ സന്യാസിമാരുടെ കഴുത്തിലും ചെണ്ടുമല്ലികമാല.

നാഗന്മാരുടെ സംഘം മുമ്പിൽ നിൽക്കുകയാണ്. അവർ പൊടുപൊടുക്കനെ കഴുത്തിലെ മാല പറിച്ചുകളഞ്ഞ് വെള്ളത്തിലേക്കെറിഞ്ഞു. എത്രയെത്ര മാല—പറിച്ചുകളഞ്ഞ മാലകളിലെ മഞ്ഞപ്പൂക്കൾ കൊണ്ട് ബ്രഹ്മകുണ്ഡത്തിലെ ജലം മൂടിപ്പോയി. പൂക്കൾ ഒഴുക്കിൻെറ താളത്തിന്നൊത്ത് നൃത്തം തുള്ളുന്നു. എന്തൊരനവദ്യസുന്ദരമായ ശോഭയാണ് ബ്രഹ്മകുണ്ഡത്തിന്!

സന്യാസിമാർ നിൽക്കുകതന്നെയാണ്. എന്താണ് വെള്ളത്തിലിറങ്ങാത്തത്? എന്തോ കാത്തിരിക്കുംപോലുണ്ട്. അവർ വന്നപാടെ വെള്ളത്തിൽ ചാടിവീഴുമെന്നാണ്—കൊണ്ടുപിടിച്ച നീന്തലും തുടിക്കലുമായിരിക്കുമെന്നാണ്—ഞാൻ വിചാരിച്ചിരുന്നത്. അതൊന്നുമല്ലല്ലൊ. എല്ലാം തന്നെ പ്രത്യേകം പ്രത്യേകം നിയമത്താൽ ബന്ധിയ്ക്കപ്പെട്ടതുപോലെ, അതിമനോഹരം.

കുറച്ചുകഴിഞ്ഞപ്പോൾ തിരക്കിലൂടെ ഒരാൾ കൈയിൽ ചെറിയൊരു വെള്ളിസിംഹാസനവുമായി മുന്നോട്ടുവന്നു. അയാൾ വെള്ള

ത്തിലിറങ്ങി സിംഹാസനം മുക്കി പൊന്തിച്ചതോടെ, നീണ്ട ദണ്ഡിന്മേൽ കെട്ടിയിരുന്ന രണ്ട് കൊടികൾ വെള്ളത്തിൽ വീണു, ഒപ്പം തന്നെ കൊമ്പുവിളിയും പൊങ്ങി. സന്യാസിമാർ 'ജയ ജയ, ഗംഗാമാതാ വിന്ന് ജയ' എന്നും പറഞ്ഞ് വെള്ളത്തിൽ ചാടിവീണു.

കാഷായധാരികൾ കരക്കുകേറി കൌപീനം മാററി, മാറും പുറവും ചുററി ഏറാപ്പിട്ടു; മണ്ഡലേശ്വരന്മാർ പരിവാരങ്ങളുടെ സഹായത്തോടെ മുഴുവൻ ചമയപ്പാടും എടുത്തണിഞ്ഞു; നാഗന്മാരാകട്ടെ നനഞ്ഞ ശരീരത്തോടെ വിറച്ച് വിറച്ച് കൈപ്പിടി നിറയെ ഭസ്മമെടുത്ത് സർവ്വാംഗവും പൂശി. വെള്ളം തോരുന്ന ദേഹത്ത് ഉണങ്ങിയ ഭസ്മം ഗോതമ്പുമാവുപോലെ ഒട്ടിപ്പിടിച്ചു. വെള്ളമുണങ്ങി, കറുത്ത ശരീരത്തിൽ അവിടെയും ഇവിടെയും വെളുത്ത ഭസ്മം പൊങ്ങിനിൽക്കുന്നത് ദൂരെനിന്നു കാണാം. ഇത്തിരി കഴിഞ്ഞാൽ ശ്വേതമഹേശ്വരന്മാർ ഓരോരുത്തരായി കാട്ടിലേക്കു പോകും. ചിലർ വളച്ചും പിരിച്ചുംകൊണ്ട് ജടയ്ക്കുള്ളിലും ഭസ്മം വിതറി—വേഗം ഉണക്കിയെടുക്കാനാണെന്നു തോന്നുന്നു. ചിലർ മററുള്ളവരുടെ പുറത്ത് ഭസ്മം പൂശിക്കൊടുക്കുന്നു. നല്ല ചങ്ങാത്തം തോന്നിക്കും ഇവരെ കാണാൻ നല്ല കൌതുകമുണ്ട്. ശരിയ്ക്കും സദാശിവന്മാരുടെ സംഘംപോലെത്തന്നെ. ഒന്നും ആവശ്യമില്ല ഈ ലോകത്ത്. അവനവനെ മറന്നിരിക്കുന്നു, മററുള്ളവരെ മറന്നിരിക്കുന്നു—നാണത്തിൻേറയും മാനത്തിൻേറയും അതിരിന്നപ്പുറം. വീട്ടിന്നടുത്താണല്ലൊ നിർവ്വാണിമഠം; ഞാൻ ഒഴിവുകിട്ടുമ്പോളെല്ലാം അവിടെച്ചെല്ലാറുണ്ട്. മുററത്തിന്ന് നടുക്ക് ആലിന്നുചോടെ വെണ്ണീർ വിരിച്ച് ശയ്യ തയ്യാറാക്കി താവളമടിച്ചിരിക്കുന്ന ആ നാഗസന്യാസിയുടെ സ്കെച്ച് വരക്കും. പുരികം പോലും അനക്കില്ല അദ്ദേഹം; നാല് മുഴം മാത്രം അകലെയുള്ള എന്നെ തീരെ അവഗണിച്ച് ചിലപ്പോൾ നെരിപ്പോട്ടിലെ തീ ഊതിക്കത്തിക്കും, ചിലപ്പോൾ പിച്ചളത്രിശൂലം വെണ്ണീരിട്ട് തിരുമ്മി പളപള മിന്നിക്കും, ചിലപ്പോൾ ഉടുക്ക് ശരിയല്ലേ എന്ന് കൊട്ടി നോക്കും;

ഝടപടാന്ന് കഴിഞ്ഞു എല്ലാവരുടേയും കുളി. ഏതാനും നിമിഷങ്ങൾ മാത്രം. നിയമമനുസരിച്ച് അവർ മുമ്പും പിമ്പുമായി ഒരുങ്ങിനിന്നു. വീണ്ടും വാദ്യം മുഴങ്ങി, വീണ്ടും കൊടി പാറി, ആനയും പല്ലക്കും ഇളകാൻ തുടങ്ങി; വീണ്ടും എഴുന്നള്ളത്ത് പട്ടണവഴിയിലൂടെ വില്വകേശ്വരക്ഷേത്രത്തിൻെറ നേർക്ക് യാത്രയായി. ശിവൻെറ ശിരസ്സിൽ ഗംഗാഗലം അഭിഷേകം ചെയ്യും ഇന്നെല്ലാവരും. ഒരുകൂട്ടർ വില്വ

കേശ്വരന്റെ ശിരസ്സിൽ, ഒരുകൂട്ടർ ദക്ഷേശ്വരന്റെ ശിരസ്സിലും. ഇത് രണ്ടുമാണ് ഇവിടത്തെ ഏറ്റവുമധികം സാന്നിധ്യമുള്ള ശിവന്മാരെന്നാണ് എല്ലാവരും പറയുന്നത്.

കടവ് കാലിയായതോടെ പോലീസ് വഴി വിട്ടുകൊടുത്തു. ഒരു മഠക്കാർക്കുശേഷം മറ്റൊരു മഠക്കാരുടെ സംഘം വരുന്നതിനിടയ്ക്കുള്ള അൽപം സമയം സാധാരണക്കാർക്ക് വിട്ടു കൊടുക്കും. സന്യാസിമാരുടെ കുളിക്കുശേഷം അതേ വെള്ളത്തിൽ കുളിക്കാൻ ആഗ്രഹമാണ് എല്ലാവർക്കും.

കൂട്ടം കൂട്ടമായി ആളുകൾ വന്ന് വെള്ളത്തിലിറങ്ങാൻ തുടങ്ങി. ഏട്ടൻ പറഞ്ഞു: 'കാണാനുള്ളത് കണ്ടല്ലൊ; എനി മടങ്ങാം. അല്ലെങ്കിൽ എനി എപ്പോഴാണ് വഴി അടക്കുകയെന്ന് നിശ്ചയമില്ല, എളുപ്പം പുറത്തുപോകാൻ പറ്റില്ല.'

ഞങ്ങൾ കാൽ നീട്ടിവെച്ച് പ്രധാന വഴിയ്ക്കെത്തി. ഒരു സ്ത്രീയുണ്ട് എന്റെ പിന്നാലെ തന്നെ ഓടിവരുന്നു. കിതച്ചു കിതച്ചു കൊണ്ട് അവർ ഒപ്പമെത്തി; ചോദിക്കയാണ്, 'നിങ്ങളേതു വഴിക്കാ?' മുഖം പരിചയമില്ല, ശബ്ദം പരിചയമുണ്ട്. ഞാൻ കുശുകുശുത്തുകൊണ്ട് വലിയേച്ചിയോട് പറഞ്ഞു: നോക്കിയാട്ടെ, കടവിലെ ആ സ്ത്രീ തന്നെയാണോ എന്ന്' 'ഹും' എന്നും പറഞ്ഞ് വലിയേച്ചി മുഷിഞ്ഞ മുഖത്തോടെ വഴിയുടെ ഓരത്തോട് ചേർന്ന് നടന്നു.

എന്തൊരാപത്ത്! ഗംഗയുടെ കടവത്തുവെച്ച് പറഞ്ഞുകൂട്ടിയ കളവുകളെ എങ്ങിനെയാണിപ്പോൾ രക്ഷപ്പെടുത്തുക?

ഞാൻ വേഗം വേഗം കാൽനീട്ടി നടക്കാൻ തുടങ്ങി. സ്ത്രീ ഓടിയോടി ഒപ്പം വരികതന്നെയാണ്. സത്സംഗത്തോടുള്ള എന്തൊരുത്കടമായ ആകർഷണമാണിത്!

എന്തു ചെയ്യട്ടെ! മുഖം തിരിച്ച് ഇത്തവണ അവരുടെ മുഖത്തേക്ക് നോക്കി. സുന്ദരശ്യാമളമായ കൊച്ചുമുഖം. വയസ്സധികമില്ല; പെൺകുട്ടികളുടെ മുഖത്ത് സ്ഥിരമായൊരു സ്ത്രീസൌന്ദര്യം ഉദിക്കുന്ന ആ ഒരു പ്രായത്തിൽ കാല് കുത്തീട്ടേയുള്ളു. സംസാരിക്കുമ്പോൾ ഇരുകവിളിലും ഓരോ നുണക്കുഴി വിരിയും; വിശാലമായ കരിമിഴികളിൽ സരളമായ ബുദ്ധിയുടേയും ഭക്തിയുടേയും ഒളി മിന്നുന്നു. സാധാരണ മട്ടിലുള്ള അർദ്ധമലിനമായ ഒരു സാരി ഉടുത്തിട്ടുണ്ട്, കൈയിൽ രണ്ടിലും സ്വർണ്ണവള.

പെൺകിടാവ് പറഞ്ഞു: 'നിങ്ങൾ നവ്യസാധികമാരാണെന്ന് കണ്ടപ്പോഴേ മനസ്സിലായിരിക്കുന്നു. സ്കെച്ച് വരച്ചിരുന്നല്ലൊ—കലാകാരിയാണ് നിങ്ങൾ. ഞാൻ പുരാണപന്ഥിയാണ്, എന്നാലും നിങ്ങളെ തീരെ മനസ്സിലാവാതെയില്ല.'

ഞാൻ ചോദിച്ചു: ആരുടെ ശിഷ്യയാണ് നിങ്ങൾ? ആരുമില്ലേ നിങ്ങളുടെ കൂടെ?'

'കൂട്ടുകാരെക്കൊണ്ട് എന്താവശ്യം? മനസ്സിൽ ആകാംക്ഷയുദിച്ചു, ഇറങ്ങിത്തിരിച്ചു ഒററയ്ക്കുതന്നെ. കുളി കഴിഞ്ഞ് തിരിച്ചുപോകും. ഇതാ ഒരു ദിവസത്തെ വഴിയേയുള്ളു. നിങ്ങൾക്കറിയുമോ, ഞാൻ പലരുടേയും ഭക്തയാണ്; എന്നാൽ ദീക്ഷയെടുത്തിട്ടില്ല ഇന്നേവരെ ആരിൽനിന്നും. ദീക്ഷ തരണമെന്ന് എല്ലാവർക്കുമുണ്ട്, എനിയ്ക്കാണ് മനസ്സുറപ്പിക്കാൻ കഴിയാത്തത്. വീട്ടിലും പറയുന്നത്, എന്തിനാണിപ്പൊഴേ? ധർമ്മകർമ്മങ്ങൾക്ക് ഇനിയും ഒരുപാട് സമയം കിട്ടും എന്നാണ്. പക്ഷെ നിങ്ങൾക്കു മനസ്സിലാവുമല്ലൊ—നിങ്ങൾതന്നെ പറയിൻ—ഉള്ളിൽനിന്ന് ഉന്തു കിട്ടിയാൽ ആർക്കാണ് അടങ്ങിയിരിക്കാൻ കഴിയുക? പുറത്തുവരാൻ കൊതിക്കുന്നതല്ലേ ഉള്ളിൽനിന്ന് കുത്തുന്നത്? നിങ്ങൾതന്നെ നോക്കു, നിങ്ങളുടെ സാധന വേറെയാണെങ്കിലും, ഈ വയസ്സിൽ ഇതാ ഇത്രയും പുരോഗമിച്ചുകഴിഞ്ഞിരിക്കുന്നു—ഉള്ളിൽ തിടുക്കമുണ്ടായതുകൊണ്ടല്ലേ?'

പറഞ്ഞ് പറഞ്ഞ് എവിടെയെത്തിപ്പോയി—ഭയംകൊണ്ട് ഞാൻ വിഷയം മാററി. 'എവിടെയാണ് കല്യാണം കഴിഞ്ഞത്?'

'കുമില്ലയിൽ. കുട്ടിക്കാലം തൊട്ടേ റാഞ്ചിയിലാണ് വളർന്നത്, കല്യാണം കഴിഞ്ഞത് ഒരു ഓണംകേറാമൂലയിലും. ഇതാ ഒരു കവിതയില്ലേ—

മാമ്പൂമണവുമായ് മന്ദം
വീശുന്ന മൃദുമാരുതൻ
ഇളക്കും മെല്ലവേ നിൻെറ
അളകങ്ങൾ മനോഹരം.
കപോതകൂജനം കേൾക്കെ
ഝില്ലീഝങ്കാരനാദമോ
ഏതു മന്ത്രം ശ്രവിച്ചെന്നോ
കൂമ്പിടും നിൻെറ കണ്ണുകൾ.

'പക്ഷെ അന്ന് ഇതിൻെറ മാധുര്യം ആസ്വദിയ്ക്കാൻ കഴിഞ്ഞിരുന്നില്ല. നാലുപാടും ചീവീടുകരം ചിലക്കുന്നു, ഞാൻ പേടിച്ച് കരയുന്നു—എവിടെയാണ് ഈ ചെന്നുപെട്ടത്? തിങ്ങിവളർന്ന കാട്—സന്ധ്യയായാൽ മതി, ഇരുട്ട് കട്ടപ്പിടിച്ച്കിടക്കും. ഒരു കവിതയില്ലേ—രവീന്ദ്രനാഥമഹർഷിയുടെ പേര് കേട്ടിട്ടുണ്ടല്ലൊ? മഹർഷി തന്നെയായിരുന്നു അദ്ദേഹം, അദ്ദേഹം ചെയ്ത സാധന എത്രപേർക്ക് അനുഷ്ഠിയ്ക്കാൻ കഴിയും? അദ്ദേഹം എഴുതിയിട്ടില്ലേ—

അന്തി ചിന്തി നറും കാന്തി
കയത്തിൽ നീലവാരിയിൽ
കനത്ത കാനനച്ഛായ
മറച്ചൂ കര രണ്ടുമേ.
അതേ പഴയ ശബ്ദത്തിൽ
ദൂരത്താരോ വിളിക്കയാം—
നിഴലെല്ലാമെങ്ങുപോയി,
നീലനീരെങ്ങുപോയ് സഖീ;
കെട്ടിപ്പടുത്തു തീർത്തുള്ളൊ—
രന്നത്തെ കടവെങ്ങുപോയ്?
അരയാൽത്തറയെങ്ങുപോയ്?

'എന്തൊരു കവിത! അന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല, ഇന്ന് മർമ്മം തോറും അനുഭവിയ്ക്കുകയാണ്. ഓരോ വാക്കിലും അദ്ദേഹത്തിൻെറ കവിതയുടെ ഈണം പ്രാണനിൽ ഝങ്കാരം മുഴക്കുകയാണ്. ഇത്തിരി അകലെ വന്നാലാണ് മനസ്സ് ശരിയായ സംഗതി അന്വേഷിച്ച് കണ്ടെത്തുക—എന്താ, അല്ലേ? അതാണ് ഇപ്പോരം മനസ്സിലങ്ങിനെ തോന്നുന്നത്—

കുളത്തിലെ കുളിർജലം
നീലാഭം; നന്നിതോർക്കവേ
ഇന്നതിൻെറ മടിത്തട്ടിൽ
ചെന്നുവീണു മരിപ്പതേ.

'ആട്ടെ, നിങ്ങളുടെ സാധന ഏതു മാതിരിയാണ്? ഞാൻ അവഗണിയ്ക്കുകയാണെന്ന് വിചാരിക്കൊല്ലേ. അറിഞ്ഞാൽ കൊള്ളാമെന്നേയുള്ളു. നവ്യസാധികമാരെ ഞാൻ വേറെയും കണ്ടിട്ടുണ്ടല്ലോ—അഭ്യസ്തവിദ്യരുടെ സമ്പ്രദായം.'

വലിയേച്ചി ചുണ്ടുപൊത്തി ചിരിക്കുകയാണ്. എന്തുത്തരമാണ് കൊടുക്കാൻ പോകുന്നത് എന്നറിയാൻ നടക്കുന്നതിലിടക്കും

കാത് വട്ടം പിടിച്ചിട്ടുണ്ട്. ശുണ്ഠി ഉള്ളിലൊതുക്കി കാര്യമായ എന്തോ ആവശ്യമുണ്ട് കേട്ടിട്ടെന്ന മട്ടിൽ ഞാൻ ചോദിച്ചു: നിങ്ങൾ എവിടെയാണ് താമസം? എന്താണ് ആഹാരം കഴിക്കുന്നത്? അങ്ങാടി യിലെ ആഹാരം കഴിക്കുന്നത് പക്ഷെ സൂക്ഷിച്ചുവേണേ, പ്രാണൻ ബാക്കിയായെന്നു വരില്ല.'

പെൺകിടാവ് ചിരിച്ചുകൊണ്ട് പറഞ്ഞു; 'ഇന്ന് നോൻമ്പല്ലേ, അല്ലെങ്കിൽത്തന്നെ ഒന്നും കഴിക്കില്ല. പിന്നെ ഇവിടെ താമസിക്കുന്ന ഒന്നു രണ്ട് ദിവസമല്ലേ—ഒന്നും കഴിച്ചില്ലെങ്കിൽത്തന്നെ എന്താണ്? കഴിക്കാതിരിക്കാൻ പററില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? ഈ വിഷയത്തെപ്പററി നിങ്ങളുടെ സാധനാ പദ്ധതിയിൽ എന്തു പറയുന്നു?'

ഭഗവാനേ! തിരിഞ്ഞുമറിഞ്ഞ് ആ ഒരു കാര്യംതന്നെ! ഞാൻ ചോദിച്ചു: 'കുട്ടികൾ എത്രയുണ്ട് നിങ്ങൾക്ക്? അവരെ എവിടെ വി ട്ടേച്ചാണ് പോന്നത്? ആരുടെ അടുത്താണ്—' ഞാൻ വിചാരിച്ചു, ഇതേയൊരു വഴിയുള്ളു, ഇത് കേട്ടാൽ ഏതമ്മയുടേയും മനസ്സ് കുട്ടി കളുടെ നേർക്ക് തിരിഞ്ഞുപൊയ്ക്കൊള്ളും.

അവൾ പറഞ്ഞു: 'എനിയ്ക്കൊരു മോളേ ഉള്ളു, എട്ടു വയ സ്സാണ്. താമസിക്കുന്നത് അധികവും അവളുടെ വലിയമ്മയുടെ കൂടെയാണ്. അദ്ദേഹം റെയിൽവേയിൽ എഞ്ചിനീയറല്ലേ, എപ്പോഴും ചുററിസ്സഞ്ചരിച്ചുംകൊണ്ടാണ്. ഇന്നിവിടെ, നാളെ അവിടെ. പെ ണ്ണിന്റെ പഠിപ്പ് ശരിയാവുന്നില്ല. വലിയമ്മ ഹൈസ്കൂളിൽ ടീച്ച റാണ്, അവർ തന്നെ മോളെ തന്റെയടുത്ത് പാർപ്പിച്ചതാണ്. കുടും ബമെന്നുവെച്ചാൽത്തന്നെ എന്താണ്—ഒരു മായ മാത്രമെന്നല്ലേയുള്ളു. അല്ലേ? നിങ്ങൾക്ക് ഈ വിഷയത്തിൽ അധികം അറിവുണ്ടല്ലൊ. നി ങ്ങൾ തന്നെ എനിയ്ക്ക് ഈ തത്വം കുറച്ചുകൂടി മനസ്സിലാക്കിത്തരണം, കേൾക്കട്ടെ.'

അസ്ഥിരമായ മനസ്സോടെ ഞാൻ അങ്ങുമിങ്ങും നോക്കാൻ തുട ങ്ങി. മുമ്പിൽത്തന്നെ ഭോലാഗിരിയുടെ ആശ്രമം, ചന്തയുടേയും ഭക്തന്മാരുടേയും തിരക്ക്. കണ്ണടച്ചു തുറക്കും മുമ്പ് ഞാൻ തിര ക്കിന്നുള്ളിൽ കടന്നുകൂടി തടി മറച്ചു. പെൺകിടാവ് കുറച്ചുനേരം അങ്ങുമിങ്ങും പരതി ചുററി നടന്നിട്ട്, അൽപം അകലെയുണ്ടായിരുന്ന ഒരു ധർമ്മശാലയിലേക്ക് കടന്നു.

ഇത്രയും കഴിഞ്ഞപ്പോഠം വലിയേച്ചി വായ തുറന്നു: 'അഭിമാനം രക്ഷിക്കുക നിൻെറ തലവേദനയാണ്. അവനവൻ എന്താണ് ചെയ്യു ന്നതെന്നുവെച്ചാൽ ചെയ്തോളു; എന്നെ ഇനി അതിലേക്ക് വലിച്ചാലു ണ്ടല്ലൊ—'

അവിടെനിന്ന് നേരെ ക്ഷേത്രഘട്ടത്തിലേയ്ക്ക് തിരിച്ചു. ഇവിടെയാണ് ക്ഷേത്രം. എണ്ണമില്ലാത്ത ആളുകളുടെ തിരക്ക്, മുററം നിറയെ വമ്പിച്ച ഉത്സവച്ചന്ത. കടലാസു പീപ്പി, പാലു മുട്ടായി, റവലസ്സു, ചൂടുള്ള ജിലേബി, സംഭാരവെള്ളം, ബെലൂൺ, കിലുക്കാംപെട്ടി, മര ക്കുതിര, വർണ്ണക്കടലാസിൻെറ കളിക്കുട, പൂങ്കുല, കോർക്കുകൊണ്ടുള്ള സ്റ്റാൻറിന്മേൽ തത്തയും കിളിയും, വാല് തൂക്കിയ ഹനുമാൻ, എന്തെ ല്ലാമെന്തെല്ലാം. കുട്ടിക്കാലത്ത് കണ്ട രഥോത്സവച്ചന്തയാണ് പഴഞ്ചൻ ആൽമരത്തിൻെറ ചോടെയെന്നു തോന്നും. ഒരിടത്ത് ഒരാഠം രണ്ടു കാള കഠം വലിക്കുന്ന ഒരു ചക്കിൽനിന്ന് കരിമ്പാട്ടി നീരെടുത്ത് കുപ്പി ഗ്ളാസിലാക്കി ഐസുകട്ടയുമിട്ട് വിൽക്കുന്നു. വരണ്ട തൊണ്ടയിൽ പച്ചനിറത്തിലുള്ള ഈ തണുത്ത രസം അമൃതൊഴിക്കുംപോലിരിക്കും. എന്തൊടുക്കത്തിനാണ് ഇന്ന് നോൻമ്പിൻെറ പേര് വായിൽ നിന്ന് വീണത്? ഉമിനീരിറക്കിക്കൊണ്ട് നോക്കിക്കാണുകയാണ്, ഓരോരോ കുടുംബങ്ങഠം, ഭാര്യയും ദാസിയും കുഞ്ഞുങ്ങളും കുട്ടികളുമടക്കം, വട്ടം ചുററിയിരുന്ന് തീററസ്സാമാനങ്ങഠം വാങ്ങിത്തിന്നുന്നത്,

ദിവസം മുഴുവൻ ചുററിക്കറങ്ങിയിരുന്നു ഇവരും—ഒഴിഞ്ഞ വയററിൽ തളർച്ച കൂടും. സേറിന്ന് മൂന്നണ വരുന്ന തേങ്ങാപ്പൂള് വാങ്ങി ഒരമ്മായിയമ്മ കോന്തല നിറയെ കെട്ടുന്നു. മധുരനാരങ്ങ ഞെ ക്കി നോക്കി, വില പററാഞ്ഞ്, ഒക്കത്തെ കുഞ്ഞിനെ ചുമലിലേററി ഒരമ്മ കടന്നുപോകുന്നു. മരത്തണലിൽ വിരിപ്പ് വിരിച്ച് പശ്ചിമ ദേശത്തെ ഒരാഠം ചങ്ങാതിമാരോടും കൂടെ കാലു മടക്കി കിടക്കുന്നു. നാലു പാടും ഒരു തൃപ്തിയുടെ, വിശ്രമത്തിൻെറ, അന്തരീക്ഷം.

ഏട്ടൻ പറഞ്ഞു: ഞാനിവിടെ ഇരിക്കാൻ പോകയാണ്. നിങ്ങഠം പോയി ശിവൻെറ ശിരസ്സിന്മേൽ കൊടുക്കാനുള്ളതെല്ലാം കൊടുത്തുവാ. ''സതിയുടെ പുണ്യം പതിയുടെ പുണ്യം''—സമ്മതിച്ചു.'

ശിവക്ഷേത്രത്തിന്നടുത്ത് ചെന്നപ്പോഠം കണ്ണ് നട്ടംതിരിഞ്ഞു പോയി. എന്തൊരുന്തും തള്ളുമാണ്. പോരാഞ്ഞിട്ട്, അമ്പലത്തിൽ കടക്കാനുള്ള വഴിയാണെങ്കിൽ ഇടുങ്ങിയതും. വഴിയുടെ രണ്ടുഭാഗത്തും

പൊക്കമുള്ള തിണ്ണയും—എന്നു വെച്ചാൽ ചുമരുതന്നെ. ഇടുങ്ങിയ തുരങ്കംപോലുണ്ട്. ആ വഴി മുഴുവൻ ചെറുപ്പക്കാരായ ഹിന്ദുസ്ഥാനികളുടേയും പഞ്ചാബികളുടേയും മാർവാറികളുടേയും ഇടതിങ്ങിയ 'ക്യൂ'—എല്ലാംകൂടി ഒരു കുടുക്കുമസാല. അർഘ്യം നിറച്ച കൈകൾ തലക്കുമീതെ പൊക്കിപ്പിടിച്ച് ചുമലുകൊണ്ടും നെഞ്ഞുകൊണ്ടും ഉന്തും തള്ളും കൊടുത്തുകൊണ്ട് മുന്നോട്ടുനീങ്ങുകയാണ്, ഓരോരുത്തരും. ഈ നീണ്ട ക്യൂ എപ്പോൾ മുതൽ നീങ്ങാൻ തുടങ്ങിയതാണ്, എപ്പോഴാണ് അമ്പലത്തിൽച്ചെന്നെത്തുക—പോക്ക് കണ്ടിട്ട് തല ചുററുകയാണ്. ദക്ഷേശ്വരൻെറ കൊച്ചു മുറിയുടെ കൊച്ചുവാതിലിലൂടെ ഒരാൾക്കല്ലാതെ രണ്ടാൾക്ക് ഒരേസമയം കടക്കാനൊക്കില്ല. രണ്ടേ രണ്ടു വാതിൽ; ഒരു വാതിലിലൂടെ ആളുകൾ കടക്കുന്നു, മററതിലൂടെ ഓരോരുത്തരായി പുറത്തേക്ക് വരുന്നു. എപ്പോഴാണ് ഈ ക്യൂവിലെ തിരക്ക് കുറയുകയെന്ന് ഒരു നിശ്ചയവുമില്ല. സെക്കൻറുതോറും പിന്നിൽ ആൾക്കൂട്ടം കൂടിവരികയാണ്.

വലിയേച്ചിയുടെ മുഖത്ത് വിഷണ്ണത കനത്തുവന്നു. വ്രജരമണൻ പറഞ്ഞു: 'ഭേതിമാർ ഇവിടെവെച്ചുതന്നെ മനസ്സുകൊണ്ട് മഹാദേവന്ന് അഞ്ജലി സമർപ്പിച്ചുകൊണ്ട് പ്രണാമം ചെയ്യാലും; ഞാൻ പാലും ഫലപുഷ്പാദികളും സംഭരിച്ച പാത്രവുമെടുത്ത് അകത്തേക്ക് പ്രവേശിച്ച് ദക്ഷേശ്വരൻെറ ശിരസ്സിങ്കൽ സമർപ്പിച്ച് വരാം.'

ഈ പ്രസ്താവം പിന്നെയും ഭേദമാണ്. കാര്യം തിരിയാത്തവരല്ല വലിയേച്ചി. ഞങ്ങൾ വേഗം തറമേൽ കേറിനിന്നു. വാതിലിൻ പഴുതിലൂടെ ശിവനെ കാണാം, താണ നിലത്തിന്ന് നടുക്കായി. വലിയേച്ചി കൈപ്പിടി നിറയെ പൂവും വില്വപത്രവും ശിവനെ ഉദ്ദേശിച്ച് എറിഞ്ഞു. വ്രജരമണൻ പിച്ചളത്തൊട്ടി നിറയെ പാലും പഴവും ശൂന്യതയിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് ആൾക്കൂട്ടത്തിൽചെന്നു ലയിച്ചുനിന്നു.

ഇവിടെ ഇനി നിന്നിട്ട് എന്തു പ്രയോജനം? ഏട്ടൻെറ അടുത്തേക്ക് തിരിച്ചുപോന്നു. വഴിവക്കത്തെ പൊളിഞ്ഞ വരാന്തയെ ശരണം പ്രാപിച്ചിരിക്കയാണ് അദ്ദേഹം. ഞാൻ കാലു നീട്ടി സുഖമായി ഇരുന്നു. താഴെ ഒരു വൈഷ്ണവി തോർത്ത് വിരിച്ച് ഇരുന്ന് ഭിക്ഷ യാചിച്ചുകൊണ്ടിരുന്നു; അവളെ ചൂണ്ടിക്കാട്ടി ഏട്ടൻ പറഞ്ഞു: 'കണ്ടോ നേര

മ്പോക്ക്; ഇവളുടെ വീട് മയമൻസിംഹിലാണ്. ബ്രാഹ്മണവിധവ. ഇത്രയും നേരം ഇവളുടെ കൂടെ വർത്തമാനം പറയുകയായിരുന്നു.'

മുട്ടിൽ താടി ചേർത്ത് മുഖം കുനിച്ചുകൊണ്ടാണ് വൈഷ്ണവി ഇരിക്കുന്നത്. എന്തോ ഒരേ മനസ്സോടെ ചിന്തിക്കുന്നതുപോലുണ്ട്. നേരം കുറേ കഴിഞ്ഞു. പെട്ടെന്ന് അവൾ തലയുയർത്തി ചോദിച്ചു; 'മാപ്ളാരാ കൊളള്യാ ഇപ്പൂം?

'എന്ത്?'

'നമ്മള നാട്ടില്? മയമൻ സിംഹില്?'

ബ്രാഹ്മണവിധവ, ചെറുപ്പം, തീർത്ഥസ്നാനം—അന്യമനസ്ക, ലാവണ്യവതി, ദു:ഖിയായ ഭിക്ഷുകി—എല്ലാം ചേർന്ന് അതീതകാലത്തെ എന്തൊരു ദാരുണമായ ചരിത്രമാണെന്നറിഞ്ഞില്ല.

അവൾ പറഞ്ഞു: 'ആ കൊയപ്പംകൊണ്ടല്ലേ നാട് വിട്ട് മന്നത്. വരാണ്ടിര്ന്നാ പറേവാ? കുട്ടിക്കാലത്ത് തന്നെ ആളങ്ങ് പോയി—അച്ഛൻ പണ്ടേ മരിച്ച്പോയിനി—ഏട്ടൻെറ വീട്ട്ലാ താമസിച്ചിര്ന്ന്. ഓനൊരാങ്ങളേ ഇല്ലൂ. മാപ്ളാര് എന്നന്ക്കാൻ വിട്ന്നില്ല, രാത്രീം പകലും വന്ന് ശല്യൂണ്ടാക്കും. എന്ന്ട്ടൊരു ദെവസൂണ്ട് നട്ടപ്പാതിരക്ക് ഒര്പാടാളേം കൂട്ടി തോക്കും കുന്തൂം ആയിററ് വന്ന് നിക്ക്ന്ന്. വീട് വളഞ്ഞ്ററ് പറയ്യാന്ന്, വീട്ട് കൊടുത്തിററില്ലേങ്കില് ഏട്ടന അറത്തീററ് എന്ന അവര് കൊണ്ടുപോവൂന്ന്! ഏടത്ത്യമ്മ അപ്പള് പറഞ്ഞ്, നിനക്കെനി ഇവ്ട താമസിക്കാൻ പററൂല. നിനക്ക് വേണ്ടീററ് ഒടപ്പെറന്നോൻ ചാവണാ? ഏട്ടന രക്ഷിക്കണെങ്കില് നീ നാട് വിട്ട് പോണം. ഞാൻ നാട് വിട്ടു. പതിമൂന്ന് കൊല്ലായി കയ്ഞ്ഞ കർക്കടകത്തില്.'

ഇപ്പോൾ വാതംകൊണ്ട് മുടന്തിയാണ്; കൈയും കാല്യം ശരിക്ക് ഇളക്കാൻ വയ്യ. പോരാഞ്ഞിട്ട്, കഴിഞ്ഞ മാസം ഒരു പശു കുത്തിയതുകൊണ്ട് ഒരു കണ്ണും കാണാതായിരിക്കുന്നു.

ദാനശീലനായ ഒരു ധനികൻ മസ്ലിൻ ജുബ്ബയുമണിഞ്ഞ് ആ വഴിയിലൂടെ അമ്പലത്തിലേക്ക് പോവുന്നുണ്ടായിരുന്നു. മുമ്പിലെ പിച്ചക്കാരുടെ നിരയിൽനിന്ന് വൈഷ്ണവി പിന്നിലായിപ്പോയിരിക്കുന്നു, ദാതാവിൻെറ കണ്ണ് അവളുടെ അടുത്ത് ചെല്ലുന്നില്ല. വൈഷ്ണവി കീറിയ തോർത്തും പെറുക്കിയെടുത്ത് നൊണ്ടി നൊണ്ടി മുമ്പോട്ടു നീങ്ങി കരുണസ്വരത്തിൽ നിലവിളിച്ചു: 'എശ്മാനാ, ഏ എശ്മാനാ, എനക്കും എന്തെങ്കിലും തരണേ.'

വലിയേച്ചി പറഞ്ഞു: പാവത്തിൻെറ കൈപ്പടം നോക്കു, കൊച്ചു തളിരിലപോലെയില്ലേ. ഭേദപ്പെട്ട തറവാട്ടിലെ സന്തതി തന്നെയായിരുന്നപ്പാ ഒരുകാലത്ത്.'

നിർവ്വാണിമഠത്തിന്നടുത്തെത്താറായി. 'വഴി മാറിക്കൊട്'' വഴി മാറിക്കൊട്, എന്ന ശബ്ദം പൊങ്ങി വീണ്ടും. ഇന്നത്തെ ദിവസം എപ്പോഠം എവിടെയെല്ലാമാണ് തങ്ങേണ്ടിവരിക എന്ന് നിശ്ചയമില്ല. ഇവർ വരും മുമ്പുതന്നെ വീട്ടിൽ തിരിച്ചെത്തണം. അതിനുപുറമെ, സേവാശ്രമത്തിലും ഇന്ന് ഓരോ യാമത്തിലും ശിവപൂജയുണ്ടാവും. അതിലും പങ്കെടുക്കണം; ചുരുങ്ങിയത് ആദ്യഘട്ടത്തിൽ തീർച്ചയായും വേണം.

ശിവരാത്രിയ്ക്ക് പലേടത്തും ഉത്സവമുണ്ടാകും, രാത്രി മുഴുവൻ ഉറക്കൊഴിഞ്ഞ് അവിടെയൊക്കെ ചുററിയടിച്ച് കാണണമെന്ന് മുമ്പ് ഞാൻ വലിയേച്ചിയോട് പറഞ്ഞിരുന്നു. തിരിച്ചുപോന്നിട്ട് ആ കാര്യം പിന്നെ മിണ്ടിയില്ല. അർദ്ധരാത്രിയാകാറായപ്പോഴേക്കും വിരിപ്പിൽ കിടപ്പായി.

വലിയേച്ചി പറഞ്ഞു: 'കുംഭസ്നാനം, കുംഭസ്നാനം—കഴിഞ്ഞല്ലൊ കുംഭസ്നാനം. ആട്ടെ, ഇനി ഒന്നും ചിന്തിക്കാനില്ലല്ലൊ.'

ഒഴിഞ്ഞ വയറുംവെച്ച് ഉറക്കംവന്നില്ല. കൂടാരത്തിന്നടുത്ത്വെച്ചു പിടിപ്പിച്ചിരുന്ന യുക്കാലിപ്ററസ്സു മരത്തിൻെറ കൊമ്പുകഠം കാററത്തിളകി രാത്രി മുഴുവൻ ശരീരത്ത് പടപടയെന്ന് തട്ടിക്കൊണ്ടിരുന്നു.

ഒരു കഥ കേട്ടിട്ടുണ്ട്, തീർത്ഥസ്നാനത്തിന്നു വന്നിട്ടും ഒരു കിഴവിക്ക് തൻെറ അവരവള്ളിയുടെ കാര്യം മറക്കാൻ കഴിഞ്ഞില്ലെന്ന്. അമ്പലം തോറും ചെന്നു തൊഴും, ഒപ്പംതന്നെ വിചാരിക്കും ഇപ്പോഠം പശു കടന്നിട്ടുണ്ടാവും, ഇപ്പോഠം ആട് തിന്നുമുടിച്ചിട്ടുണ്ടാവും എന്നും മററും. വന്നപോലെത്തന്നെ, അമരപ്പന്തൽ നിറഞ്ഞുകിടക്കുന്ന മനസ്സുമായി കിഴവി തിരിച്ചുപോയി, ദേവദർശനത്തിന്ന് യോഗമുണ്ടായില്ല പിന്നെ.

അതേ അവസ്ഥയായിപ്പോയോ എനിക്കും? ഉറക്കം ഞെട്ടി ഉണർന്ന ഉടനെ എന്താണ് ചുരയ്ക്കത്തറയ്ക്കുവേണ്ടി മനസ്സ് വേവലാതിപ്പെടാൻ? എന്തുപററി അതിനെന്നറിയില്ല. വള്ളിതോറും എത്ര പൂവലാണ് പിടിച്ചിട്ടുള്ളത്—അത് കണ്ടുംകൊണ്ടാണ് വന്നത്. ഇത്ര നാഠംകൊണ്ട് അവ വലുതായിട്ടുണ്ടാവും, തീർച്ച. രമു എന്താണ്

അവയെക്കൊണ്ട് ചെയ്യുത്? ആർക്കെല്ലാമാണ് കൊടുത്തത്? എന്തെല്ലാം കൂട്ടാനാണ് വെച്ചത്?—കിണററിൻ വക്കത്ത് വെയിലത്ത് പുറംകാട്ടി എന്തെല്ലാമാണ് ഞാൻ വിചാരിക്കുന്നത്!

എത്ര കഷ്ടപ്പെട്ട് വളർത്തിയ ചുരക്കവള്ളിയാണ്! ഇതാദ്യമായാണ് എനിയ്ക്കൊരു ചുരയ്ക്കവള്ളി വളർത്താൻ കഴിയുന്നത്. ഓരോരുത്തരുടെ വീട്ടിൽ നൂറുകണക്കിനുണ്ടാവുമത്രെ ചുരയ്ക്കവള്ളികഠം; തിന്നിട്ടും വിതരണം ചെയ്തിട്ടും തീരില്ല. മുറിച്ചുതറിച്ച് പശുവെ തീററും. എൻെറ കാര്യമാവുമ്പോഠം മാത്രം വള്ളി പടരും, തണ്ടുകഠം വളരും, പൂക്കഠം വിരിയും, എന്നിട്ടൊടുക്കം തറ നിറഞ്ഞുകിടക്കുന്ന തണ്ടുകഠം ഒരു ദിവസം വാടി വീഴും, എന്ത്, അല്ലാ—വേരിന് ചിതല് പിടിച്ചിരിക്കുന്നു, തലപ്പ് അച്ച് കരണ്ടിരിക്കുന്നു, തടിച്ച ഒന്നാന്തരം തണ്ടിന്നുള്ളിൽ പുഴു പിടിച്ചിരിക്കുന്നു, വെള്ളവും വളവും ജാസ്തിയായിപ്പോയിട്ട് തണ്ട് പഴുത്തുപോയിരിക്കുന്നു. എന്തെല്ലാമെന്തെല്ലാം തടസ്സങ്ങഠം.

അതുകൊണ്ട് ഇത്തവണയും തറ ഇലപ്പടർപ്പുകൊണ്ട് മറഞ്ഞപ്പോഠം, ഇലയുടെ തലപ്പും മറച്ചുകൊണ്ട് വെള്ളപ്പൂക്കഠം വിരിഞ്ഞപ്പോഠം, ഒരു തവണ അതിനോടുള്ള മമതതന്നെ വിച്ഛേദിച്ചുകളഞ്ഞിരുന്നു, വള്ളിച്ചോട്ടിലേക്ക് എത്തിനോക്കീട്ട് എന്തു കാര്യം? ഉണങ്ങിക്കഴിഞ്ഞിട്ടുണ്ടാവുമല്ലൊ.

ആ വശത്തേക്കേ പോയില്ല കുറച്ചുനാഠം. മമത പെരുപ്പിച്ചിട്ട് എന്തു പ്രയോജനം? ശേഷിക്കാത്തത് പോയ്ക്കോട്ടെ വേഗം.

കുരുത്തംകെട്ട മനസ്സിന് അടങ്ങിയിരിക്കാൻ കഴിയുന്നില്ല. നാലഞ്ചുനാഠംക്കുശേഷം ഞാൻ പകലത്തെ പണിയൊക്കെ കഴിച്ച് തലമുടി ചിക്കറുത്തുകൊണ്ട് ശങ്കിച്ച് ശങ്കിച്ച് തറയ്ക്കടുത്തുചെന്ന് നിൽപായി. ചെടിയുടെ നേർക്ക് പതുക്കെ ഒന്ന് ഒളികണ്ണിട്ടു നോക്കി. മമത അറുത്ത് കളഞ്ഞ ഒന്നിൻെറ നേർക്ക് നേരെ ചൊവ്വെ നോക്കാനൊക്കുമോ?

'രമു, എടീ രമു, വന്നു നോക്കു, ഓടി വാ.'—ഞാൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. രമു ഓടിവന്നു—'എവിടെ, എവിടെ? ഏ അമ്മായിയമ്മേ, അതാ മറെറാന്ന്, ഇതാ വേറൊന്ന്—നോക്കു വേറെയുമൊന്ന്, മറെറാന്നതാ—' അവഠം ചെടിയ്ക്കു ചുററും ഓട്ടമായി. കമ്പോട് കമ്പ് വള്ളിതോറും എത്രയെത്ര പൂവലുകളാണ് കാണുന്നത്.

ഇത്ര ആശിച്ചുനേടിയ എൻെറ ചുരയ്ക്കച്ചെടി വലുതായപ്പോഠം കാണാൻ തരപ്പെട്ടില്ല.

'നീ ഇവിടെ? ഞാൻ നിന്നെ എവിടെയെല്ലാമാണ് അന്വേഷിച്ച് തളർന്നത്?' എന്നു പറഞ്ഞുകൊണ്ട് വലിയേച്ചി അടുത്തേക്ക് വന്നു. 'വേഗം പോ കുടീരത്തിലേയ്ക്ക്. കൊട്ട നിറയെ പയറ് തന്നിട്ടുണ്ട്, തൊലിച്ചുവെക്കണം. രാമകൃഷ്ണദേവൻെറ പിറന്നാളാഘോഷത്തിൻെറ പ്രസാദത്തിനാണ്. സമയം അധികമില്ല. വേഗം വന്ന് കൈകൂട്ട്.'

ഞങ്ങഠം കൂട്ടം ചേർന്ന് കൊട്ടയ്ക്കു ചുററും ഇരുന്നു. വയലിൽ നിന്ന് ഇപ്പോഠം പറിച്ചുകൊണ്ടുവന്ന പുത്തൻ പയറുകഠം കൈകൊണ്ട് പടപടയെന്ന് ഞെക്കി ധരധരയെന്ന് മണികഠം ഉതിർത്തു. അത്രയ്ക്കൊന്നും സമയമെടുക്കില്ലെന്നായിരുന്നു ധാരണ. നോക്കുമ്പോഴുണ്ട്, ഉച്ചയായിരിക്കുന്നു! വലിയേച്ചി പാററിച്ചേറി ഓരോ മണിയും പെറുക്കിയെടുത്ത്, തൊലിച്ച മണികഠം വെവ്വേറെ കൊട്ടകളിൽ ഒരുക്കിവെച്ച് എല്ലാവർക്കും ശേഷം നടു നിവർത്തി എഴുന്നേററ് നിന്നു.

'പകൽ പാഴ്വേലയ്ക്കും രാത്രി ഉറങ്ങീട്ടും'—വലിയേച്ചിയുടെ കൃപകൊണ്ട് ഇങ്ങിനെയാവാനിടയായില്ല. സത്കർമ്മം—സത്സംഗം—ഞങ്ങളുടെ ജീവിതത്തിന്ന് ഇപ്പോഠം ഒരൊററ ലക്ഷ്യമേയുള്ളു. പകൽ രാമകൃഷ്ണരുടെ പണിയിൽ മുഴുകി വൈകുന്നേരം മഹാത്മാക്കളെ ദർശിക്കാൻ പുറത്തിറങ്ങി. വലിയേച്ചി പറഞ്ഞു: 'അന്ന് ഊട്ടിന്ന് മഹാദേവാനന്ദജിയെ കണ്ടതായി തോന്നി; ഭോലാഗിരി–ആശ്രമത്തിലെ മണ്ഡലേശ്വരനാണ് അദ്ദേഹം. പോയി നോക്കാം, ദർശനം ലഭിച്ചാലായല്ലൊ. വളരെ നാഠം മുമ്പ് ഒരിക്കൽ ശിൽചരിൽ വന്നിരുന്നു.

മഹാദേവാനന്ദജി മട്ടുപ്പാവിൽ ഉലാത്തുകയായിരുന്നു. നിത്യവും ഈ സമയത്ത് അൽപം നടക്കും അദ്ദേഹം. ഞങ്ങഠംക്ക് അൽപനേരം കാത്തുനിൽക്കേണ്ടിവരും.

ഞങ്ങഠം അമ്പലം കടന്ന് മുററത്തുചെന്നുനിന്നു. ആശ്രമത്തിലെ ആഠംക്കാർ പോവുകയും വരുകയും ചെയ്യുന്നുണ്ട്, മുഖമുയർത്തി നോക്കുന്നുണ്ട്; പക്ഷെ ഞങ്ങഠം എവിടെയാണ് ഇരിക്കേണ്ടതെന്ന് പറയുന്നില്ല ആരും.

ഏട്ടൻ പറഞ്ഞു: 'അതിനെന്താണ്, നിൽക്കുകതന്നെ ചെയ്യാം. ദർശനം കൊതിച്ച് ആളുകൾ എന്തെല്ലാം കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ട്, നമ്മൾക്ക് ഇത്രപോലും കഴിയില്ലെന്നോ?'

മുററത്തിന്നു നടുക്ക് ചരലിൽ നിന്നുകൊണ്ട് ഞാനാലോചിച്ചു, പുല്ലായിരുന്നെങ്കിൽ എത്ര സുഖമായി ഇരിക്കാമായിരുന്നെന്ന്. ഇത്രയും വഴി കാൽനടയായി വന്നതാണ്, കാല് രണ്ടും കടയുന്നു.

മഹാദേവാനന്ദജി താഴേയ്ക്കിറങ്ങിവന്നു. മുററത്തിൻെറ ഒത്ത നടുക്ക് വശങ്ങളിലും പിന്നിലും കുഷനിട്ട ഒരു ചാരുകസാല ഇട്ടിട്ടുണ്ടായിരുന്നു; അദ്ദേഹം ദിവസവും ഇതിന്മേലാണ് വന്നിരിക്കുകയെന്നു തോന്നുന്നു. മഹാദേവാനന്ദജി ഇറങ്ങിവരുമ്പോൾത്തന്നെ ഒരാൾ ചാരുകസാല ഒന്ന് തട്ടിക്കുടഞ്ഞ് നേരെയാക്കി മുന്നോട്ട് നീക്കിക്കൊടുത്തു. അദ്ദേഹമാകട്ടെ ഇരിക്കാതെ, നാലുപാടും ഒന്നു നോക്കി, മുററത്തിൻെറ ഒരു വശത്ത് കിടപ്പുണ്ടായിരുന്ന ഒരു കട്ടിലിൻെറ അടുത്തേയ്ക്ക് ഞങ്ങളുമായി സംസാരിച്ചുകൊണ്ട് ചെന്ന് നിൽപായി. ഭക്തസേവകൻ അപ്പോൾ ചാരുകസാല പൊക്കിക്കൊണ്ടുവന്ന് അവിടെയിട്ടു. അദ്ദേഹം ഇരുന്നു; ഞങ്ങളും അദ്ദേഹത്തിന്ന് അഭിമുഖമായി കട്ടിലിന്മേൽ കാല് തൂക്കിയിട്ടുംകൊണ്ട് ഇരുന്ന് ആശ്വാസം നേടി.

'ചെറിയവരും വലിയവരും തമ്മിലുള്ള വ്യത്യാസം ഇവിടെയാണ്,' വലിയേച്ചി സ്വരം താഴ്ത്തി പറഞ്ഞു: 'കണ്ടില്ലേ, ഇദ്ദേഹം വന്ന ഉടൻ ആദ്യം നോക്കിയത് നമ്മെ എവിടെ ഇരുത്താമെന്നാണ്; സ്വന്തം ഇരിപ്പിടം വിട്ട് അതാണ് ഇത്രയും ദൂരത്തേയ്ക്ക് വന്നത്.'

വൃദ്ധനായ മനുഷ്യൻ, ചിരി നിറഞ്ഞ മുഖം. സാധാരണപോലെയുള്ള വാക്കുകൾകൊണ്ട് വളരെ സഹജമായിത്തന്നെ വർത്തമാനം കൊണ്ടുപിടിച്ചു.

ഏട്ടൻ ചോദിച്ചു: ഞങ്ങളെപ്പോലെയുള്ള ഗൃഹസ്ഥന്മാർക്ക് ഏതാണ് സാധനയ്ക്കുള്ള സഹജമായ മാർഗ്ഗം?'

മഹാദേവാനന്ദജി കുറച്ചുനേരം ഒന്നും മിണ്ടാതെ മാല ജപിച്ചുകൊണ്ടിരുന്നു; എന്നിട്ട് പറഞ്ഞു—

ഭജമനമേ ഹരിനാമം
ഗൌരീശങ്കര സീതാരാം

രാധേകൃഷ്ണ രാമരാം
നാവിതടക്കീട്ടെന്താം?

പറഞ്ഞുതീർന്ന ഉടനെ അദ്ദേഹം 'ഹോ ഹോ' എന്ന് പൊട്ടിച്ചിരിച്ചു. 'ഇതാണ് വാസ്തവത്തിൽ കാര്യം. നാവിതടക്കീട്ടെന്താം—നാവ് വെറുതെ വെച്ചിട്ട് എന്താണ് ലാഭം? കൈകൊണ്ടും കാലുകൊണ്ടും പണിയെടുക്കുകയാണെങ്കിലും വായകൊണ്ട് ''ശിവ ശിവ ശിവോ'', ''ശിവ ശിവ ശിവോ''—ഇതെപ്പോഴുമാവാമല്ലോ. നാമജപം സർവ്വദാ ചെയ്യേണ്ടതാണ്. ഒരിക്കൽ ഒരു പെൺകുട്ടി വന്ന് ചോദിക്കയാണ്, എനിക്ക് ഗായത്രീമന്ത്രം ഉപദേശിച്ചുതരുമോ എന്ന്. നീ വല്ലവരിൽ നിന്നും മന്ത്രോപദേശം സ്വീകരിച്ചിട്ടുണ്ടോ എന്ന് ഞാൻ ചോദിച്ചു. അവാം പറഞ്ഞു, ങ്ഹാ, സ്വീകരിച്ചിട്ടുണ്ട്; പക്ഷെ അത് മറ്റൊരു മന്ത്രമാണ്. എനിയ്ക്കു വേണ്ടത് ഗായത്രീമന്ത്രമാണ്. ഞാൻ പറഞ്ഞു: നോക്കൂ എല്ലാ മന്ത്രവും ഒന്നുതന്നെയാണ്. 'ഗായനാത് ത്രായതേ ഇതി ഗായത്രി'—ഏതൊന്ന് വീണ്ടും വീണ്ടും ഗാനം ചെയ്താൽ ത്രാണനം ലഭിക്കുമോ അതാണ് ഗായത്രി. 'മനനാത് ത്രായതേ ഇതി മന്ത്ര:'—ഏതൊന്ന് വീണ്ടും വീണ്ടും സ്മരണം ചെയ്താൽ ത്രാണനം ലഭിക്കുമോ അതാണ് മന്ത്രം. കാര്യം ഒന്നുതന്നെ. നീ ഗായത്രീമന്ത്രം സ്വീകരിക്കേണ്ടതില്ല; ആ മന്ത്രം തന്നെ സ്മരിക്കുക.

'അതേ, മന്ത്രം എല്ലായിടത്തും എല്ലാ അവസ്ഥയിലും സ്വീകരിക്കാം. ഒരിക്കൽ ഇതു സംബന്ധിച്ച് ഒരു സഭയിൽ വമ്പിച്ച തർക്കമുണ്ടായി. ഒരു ഭാഗക്കാർ സമ്മതിച്ചില്ല; അവർ പറഞ്ഞു, അശുചിയായ അവസ്ഥയിൽ മന്ത്രോച്ചാരണം പാടില്ല. ഞാൻ പറഞ്ഞു, തീർച്ചയായും പാടുണ്ട്. അത് കേട്ടപ്പോാംത്തന്നെ സഭയിൽ ബഹളമായി, ഒരു കൂട്ടം പണ്ഡന്മാർ നിലത്ത് ചെരിപ്പുരസി ഒച്ചയുണ്ടാക്കി. ഞാനെതിർത്ത പണ്ഡിതന്റെ ഭാഗത്താണ് ആളുകാം അധികം. സഭ ഏതാണ്ട് പൊളിഞ്ഞ മട്ടായി. ഒരാാം എഴുന്നേററ് ചോദിച്ചു, 'നിങ്ങാംക്ക് കഴിയുമോ എല്ലാ അവസ്ഥയിലും മന്ത്രോച്ചാരണം പാടുണ്ടെന്ന് തെളിയിക്കാ'നെന്ന്. ഞാൻ പറഞ്ഞു. 'ങ്ഹാ, തെളിയിക്കാം; വെറും അഞ്ചു മിനിട്ട് തരൂ എനിയ്ക്ക്.

'അഞ്ചു മിനുട്ട് നേരത്തേയ്ക്ക് എല്ലാവരും ശാന്തരായി.

'ഞാൻ പറഞ്ഞു: അശുചിയെന്നു പറയുകയാണെങ്കിൽ നമ്മളുടെ ശരീരം മുഴുവൻ തന്നെ അശുചിയാണ്. മലിനവസ്തുക്കളെക്കൊണ്ട്

നിറഞ്ഞതാണ് നമ്മളുടെ ശരീരം. നമ്മുടെ ജന്മവും ജന്മഗ്രഹണവു മെല്ലാം മാലിന്യത്തിന്നു നടുക്കാണ്. എവിടെയുണ്ട് പവിത്രത? ഏതൊന്നാണ് ശരീരത്തിൽനിന്ന് മുറിച്ചുകളയുക?

'ഒടുക്കം ഞാൻ പറഞ്ഞത് സഭയിൽ എല്ലാവരും ശരിവെച്ചു.

'എന്നാലുമുണ്ടല്ലൊ, ജപതപങ്ങൾ ചെയ്യാൻ സമയസൌകര്യങ്ങ ളുണ്ടെങ്കിൽ കഴിയുന്നതും വ്യത്തിയായിരിക്കുന്നത് നന്ന്. ജപതപ ങ്ങൾകൊണ്ട് മനസ്സിനെ ഏകാഗ്രമാക്കുകയാണല്ലൊ കാര്യം.'

വ്രജരമണൻ ചോദിച്ചു: 'സ്നാനാദികളെക്കൊണ്ട് എത്രമാത്രം പ്രയോജനമുണ്ട്?' മഹാദേവാനന്ദജി ഉത്തരം നൽകി: കുളിച്ചാൽ ശരീ രവും മനസ്സും വളരെയധികം ശുദ്ധമാകും. സമയവും സൌകര്യവുമു ണ്ടെങ്കിൽ അത് ചെയ്യേണ്ടതുതന്നെ. പക്ഷെ വഴിയാത്ര ചെയ്യുമ്പോഴോ സുഖക്കേട് പിടിച്ചു കിടക്കുമ്പോഴോ കുളിക്കാൻ പററില്ലല്ലൊ? അതിനും വിധിയുണ്ട്. ശാസ്ത്രത്തിൽ എട്ടുതരം കുളിയെപ്പററി പറ യുന്നുണ്ട്. അതിൽ മൂന്നെണ്ണം എപ്പോഴും എവിടെവെച്ച് വേണമെ ങ്കിലും ചെയ്യാം. ഉദാഹരണത്തിന്ന്: ഗംഗാസ്നാനം—ഗംഗാജലം ശരീരത്തിൽ തളിച്ചാൽ മതി. ആഗ്നേയസ്നാനം—യജ്ഞഭസ്മം നെററി യിലും കവിളത്തും കൈയിലും നെഞ്ഞത്തും, പുറത്തും, ശരീര ത്തിൻെറ അഞ്ചംഗങ്ങളിലും, പൂശിയാൽ ആഗ്നേയസ്നാനമായി. ഈ സ്നാനമാണ് എല്ലാററിലുംവെച്ച് അധികം സൌകര്യം. യജ്ഞഭസ്മം ഭസ്മക്കൊട്ടയിൽ സൂക്ഷിച്ചുവെച്ചാൽ മതി, എപ്പോഴും വേണമെങ്കിലും എടുത്തുപയോഗിക്കാം. വഴിയാത്രക്ക് പോകുമ്പോൾ കടലാസിൽ പൊതിഞ്ഞ് കീശയിൽ സൂക്ഷിക്കാം. മറെറാരു സ്നാനമുള്ളത് വായ വ്യസ്നാനമാണ്—പശുവിൻ കുളമ്പിൻെറ മണ്ണ്. പശു നടന്നു പോയാൽ അതിൻെറ കുളമ്പുകൊണ്ട് നിലത്തുണ്ടാവുന്ന കുഴിയുടെ മണ്ണ്; അതിന് ''ഗോപദരജസ്സ്'' എന്ന് പറയും. ഈ ഗോപദരജസ്സ് ശരീരത്തിൻെറ അഞ്ചംഗങ്ങളിലും തൊട്ടാലും സ്നാനമാവും.'

മഞ്ഞ് വീണ് തണുപ്പ് തട്ടാതിരിക്കാൻ ഒരു ഭക്തൻ ഒരു പുതപ്പ് കൊണ്ടുവന്ന് മഹാദേവാനന്ദജിയുടെ മാറും തലയും പുതപ്പിച്ചു. ഭോലാഗിരി-ആശ്രമത്തിലെ ശിവക്ഷേത്രത്തിൽ ദീപാരാധനയുടെ മണി മുഴങ്ങി. ഇദ്ദേഹത്തെ ഇനിയും പിടിച്ചുവയ്ക്കുക ഉചിതമല്ല. ഞങ്ങ ളെഴുന്നേററു.

അമ്പലത്തിൽ അടുത്തടുത്തായി മൂന്ന് ശ്രീകോവിലുണ്ട്; വെണ്ണക്കല്ലു കൊണ്ടുള്ള നടുവിലേത്തതിലാണ് ശിവനെ പ്രതിഷ്ഠിച്ചിരിക്കു

ന്നത്. വെള്ളിയിൽ വാർത്ത എട്ട് താമരയിതളുകളുടെ മീതെ വെള്ളി കൊണ്ടുള്ള ശിവന്റെ പ്രതിഷ്ഠ—പുതിയ രീതിയിലുള്ളതാണ്. മുമ്പെവിടെയും കണ്ടിട്ടില്ല.

വലത്തുവശത്തെ ശ്രീകോവിലിൽ ശങ്കരാചാര്യരുടെ വിഗ്രഹം. ഒരു കൊച്ചുകുട്ടിയുടെ മുഖം. നല്ല കൌതുകമുണ്ട് ഈ വിഗ്രഹം കാണാൻ. എത്രയും ചെറു പ്രായത്തിൽ അദ്ദേഹം എന്തൊരപാരപാണ്ഡിത്യത്തിന്നാണ് അധികാരിയായതെന്നോർക്കുമ്പോഠം അദ്ഭുതപ്പെട്ടുപോവും.

കഥ കേട്ടിട്ടുണ്ട്, ആറേഴു വയസ്സുള്ളപ്പോഠംതന്നെ ശങ്കരാചാര്യർ സംസാരം സന്ത്യജിക്കുവാൻ ആഗ്രഹിച്ചുവത്രെ, അമ്മ തടഞ്ഞു. ഒരു ദിവസം അദ്ദേഹം പുഴയിൽ കുളിക്കാനിറങ്ങിയപ്പോഠം ഒരു മുതല കാല് കടിച്ചു വലിച്ചു. അമ്മ കടവത്ത് നിൽക്കുന്നുണ്ടായിരുന്നു. ശങ്കരാചാര്യർ പറഞ്ഞു: 'അമ്മേ, അമ്മ എന്നെ സന്യസിക്കാൻ വിട്ടില്ല, എന്നിട്ടിപ്പോഠം നോക്കു, എന്നെ അമ്മയുടെ മുമ്പിൽവെച്ച് എങ്ങിനെ മുതല പിടിച്ചുകൊണ്ടുപോകുന്നെന്ന്.' അമ്മ നടുങ്ങിപ്പോയി.

മുതല വലിക്കുന്നത്ര കണ്ട് ശങ്കരാചാര്യർ നിലവിളിക്കാൻ തുടങ്ങി: 'അമ്മേ, അമ്മ എനിയ്ക്ക് സന്യസിക്കാൻ സമ്മതം തന്നില്ല, ഇപ്പോഠം കണ്ടോ എന്താണ് പററിയതെന്ന്?'

മുതല ശങ്കരാചാര്യരെ വലിച്ച് വലിച്ച് നടുപ്പുഴയിലേക്ക് കൊണ്ടുചെന്നപ്പോഠം, കഴുത്തു മാത്രമേ മുങ്ങാൻ ബാക്കിയുള്ളു എന്നായപ്പോഠം, അപ്പോഴും അദ്ദേഹം പറകയാണ്, 'എൻറമ്മേ, മുതല പിടിച്ചുകൊണ്ടുപോകുന്നത് സഹിക്കാം, എന്നാലും സന്യാസമെടുക്കുന്നത് സഹിച്ചുകൂടേ?' അപ്പോഠം അമ്മയ്ക്ക് മനസ്സ്വസ്ഥത തിരിച്ചുകിട്ടി. അവർ ഉടനെ പറഞ്ഞു: 'ഞാൻ സന്യാസത്തിന് സമ്മതം തരുന്നു; നീ കേറിവാ.'

ഇതു കേട്ട് ശങ്കരാചാര്യർ മുതലയുടെ പിടിവിട്ട് കരയ്ക്കു കയറി. കയറിവന്ന ഉടൻ സന്യാസമെടുത്ത് വീടുപേക്ഷിച്ച് പുറത്തിറങ്ങി നടന്നു. പതിനാറാം വയസ്സിൽ അവിടുന്ന് സർവ്വശാസ്ത്രവും പഠിച്ചുകഴിഞ്ഞ് ബ്രഹ്മസൂത്രത്തിനും ഗീതയ്ക്കും പന്ത്രണ്ടുപനിഷത്തിനും ഭാഷ്യമെഴുതി. കാൽനടയായി കന്യാകുമാരിതൊട്ട് ഹിമാലയംവരെ, ഇപ്പുറത്ത് കാമരൂപ–കാമാഖ്യയോളം, പര്യടനം ചെയ്തു.

മുപ്പത്തിരണ്ടുവയസ്സുവരെയേ അവിടുന്ന് ജീവിച്ചിരുന്നുള്ളു. അതിന്നിടയ്ക്ക് അവിടുന്ന് എന്തെന്ത് ചെയ്തിട്ടില്ല! പുരിയിൽ ഗോവ

ർദ്ധനമഠം, ബദരിയിൽ യോഷിമഠം, ദ്വാരകയിൽ ശാരദാമഠം, കാശി യിൽ ശൃംഗേരിമഠം——നാലിടത്ത് നാല് മഠങ്ങൾ സ്ഥാപിച്ചു. ഹിന്ദു മതത്തെ സുനിയന്ത്രിതഭാവത്തിൽ ഉറപ്പിച്ച് സന്യാസിസമ്പ്രദായത്തെ ദശനാമാന്തർഗ്ഗതമാക്കി. ഒരു ജീവിതകാലത്ത് അവിടുന്ന് ദാനം ചെയ്ത ജ്ഞാനം, ലക്ഷം ലക്ഷംജ്ഞാനികൾ സംശയമില്ലാതെ ഇന്നോളം സ്വീക രിച്ചുപോന്നിരിക്കുന്നു.

വലിയേച്ചി പറഞ്ഞു: 'സാക്ഷാൽ മഹാദേവൻ തന്നെയാണ് ശങ്ക രാചാര്യരുടെ രൂപത്തിൽ അവതരിച്ചിരുന്നത്. ഗീതയിൽ പറയു ന്നുണ്ട്, 'യദാ യദാ ഹി ധർമ്മസ്യ ഗ്ളാനിർഭവതി ഭാരത'——ധർമ്മ ത്തിന്ന് വാട്ടമേൽക്കുമ്പോഴൊക്കെ ധർമ്മത്തെ രക്ഷിക്കാൻ ഭഗവാൻ നമ്മുടെ ഇടയിൽ അവതരിക്കുമെന്ന്. ശങ്കരാചാര്യരും അത്തര മൊരു ധർമ്മക്ഷതിയുടെ കാലത്താണ് ജന്മമെടുത്തിരുന്നത്. ഒരു ഭാഗത്ത് രാജ്യത്തിലൂടെ ബുദ്ധമതം ഒഴുകിക്കൊണ്ടിരുന്നപ്പോൾ, മററൊരു ഭാഗത്ത് ഇസ്ലാം മതത്തിൻെറ തേർവാഴ്ചയായിരുന്നപ്പോൾ, ശങ്കരാചാര്യർ ഹിന്ദുധർമ്മത്തെ ദൃഢമായി പുനഃപ്രതിഷ്ഠിച്ച് തിരോ ധാനം ചെയ്തു.'

അമ്പലത്തിൻെറ മറേറ ഭാഗത്ത് ശിവൻെറ ഇടത്തുവശത്തുള്ള ശ്രീകോ വിലിൽ ഭോലാഗിരിയുടെ വെണ്ണക്കല്ലുബിംബമാണ്. കണ്ണിന് ഒരു കറുത്ത കണ്ണട അയഞ്ഞ രീതിയിൽ വെച്ചിട്ടുണ്ട്–അദ്ദേഹം വെക്കാറു ണ്ടായിരുന്നതുപോലെത്തന്നെയാണത്രെ. കുട്ടിക്കാലത്ത് ഞാൻ ഏതാ നുംതവണ ഭോലാഗിരിയെ കണ്ടിട്ടുണ്ട്, ഢാക്കയിൽ താമസിക്കുമ്പോൾ. നീണ്ട് വീതിയേറി തടിച്ചു തുടുത്ത് മിന്നുന്ന മുഖം. അദ്ദേഹത്തെ കാണാൻ എന്തൊരാൾക്കൂട്ടമാണ് കൂടാറെന്നോ. പോയേടം മുഴുവൻ മൂന്ന് പെൺകുട്ടികളുടെ കല്യാണത്തിനുള്ള തിരക്കും ഒരുക്കു കൂട്ടലു മായിരിക്കും. ഞാൻ അമ്മയുടെ ചേലത്തുമ്പുംപിടിച്ച് പോകും. ആ രൂപം മറന്നിട്ടില്ല ഇന്നും. കല്ലിൽ കൊത്തിയ ഈ രൂപം മെല്ലിച്ചതായി തോന്നി. അവസാനകാലത്തേതായിരിക്കാം.

ഭോലാഗിരിതന്നെ പറഞ്ഞുകേട്ടതാണ്——അതെത്രകാലം മുമ്പത്തെ കഥയാണ്. ഢാക്കയിലെ പ്രസിദ്ധനായൊരു ധനികൻെറ പൌത്രൻ തൻെറ മരിച്ചുപോയ ഭാര്യയുടെ ഓർമ്മയ്ക്കായി പട്ടണത്തിൽനിന്ന് അകലെ അവരുടെതന്നെ ഒരു തോട്ടത്തിൽ ഒരു ശിവക്ഷേത്രം പണി ചെയ്യിച്ചിരുന്നു. തുറന്നു കിടക്കുന്ന വാതിൽ, ദിവസം മുഴുവൻ ഉത്സവം, ഭോലാഗിരി സ്വയം അവിടെ വന്നെത്തീട്ടുണ്ട്. അദ്ദേഹത്തെ

കാണാൻ അകലെയകലെ നിന്ന് എത്രയെത്ര ആളുകളാണ് കൂട്ടം കൂട്ടമായി വന്നുചേരുന്നത്—ഓർമ്മയുണ്ട്, അമ്പലം പണി ചെയ്യിച്ച ആ മാന്യൻ വഴുതിന നിറത്തിൽ സ്വർണ്ണപ്പുളളികളുമായുള്ള ബനാറസി വസ്ത്രമുടുത്ത് കുപ്പായമില്ലാതെ ശിവബിംബം തലയിൽ വെച്ച് അമ്പലം പ്രദക്ഷിണം ചെയ്യുന്നു. എത്ര നാൾ മുമ്പത്തെ കഥയാണ്! ആ ചിത്രം ഇപ്പോഴും കൺമുമ്പിൽ സ്പഷ്ടമായി കാണാം. ഒരു മുറിയിൽ ഭോലാഗിരി ഇരിക്കുന്നുണ്ട്, ചുററും ഭക്തസംഘവും. ഞാനെങ്ങിനെയാണ് ആ മുറിയിൽ ചെന്നുപെട്ടതെന്നറിയില്ല. ഇന്ന് മഹാദേവാനന്ദജി പറഞ്ഞില്ലേ, 'നാവുകൊണ്ട് ശിവ ശിവ ശിവോ എന്ന് പറയുക, കൈ കൊണ്ട് പണിയെടുക്കുക,' അന്ന് ആ മുറിയിൽ കേട്ടത് അതുതന്നെയാണ്. ഭോലാഗിരി തൻെറ ശിഷ്യന്മാർക്കു പറഞ്ഞുകൊടുക്കുകയായിരുന്നു; ഒരു കൈകൊണ്ട് ചർക്കയുടെ ചക്രം ചുററുന്നതും മറേറ കൈകൊണ്ട് നൂല് പിരിക്കുന്നതും അഭിനയിച്ചു കാട്ടീട്ട് പറകയാണ്, 'കണ്ടോ, ഇതുപോലെ കൈകൊണ്ട് നൂല് പിരിക്കണം, നാവുകൊണ്ട് പറയണം—ശിവോ ശിവോ ശിവോ.'

ഇരുട്ടത്ത് വേഗം വേഗം നടക്കുമ്പോൾ വഴിയുടെ നടുക്ക് ആരുടെ മേലോ ചെന്ന് ശക്തിയിൽ മുട്ടിയതായി തോന്നി. മുട്ടലേററ ആൾ നിലവിളിച്ചു: 'ആരാത്? നോക്കി നടന്നൂടേ?'

എന്തൊരു മൃദുമധുരമായ ശബ്ദം! ദേഷ്യപ്പെട്ടിരിക്കയാണ്, എന്നിരിക്കിലും സ്വരത്തിൽ തേനൊഴിച്ചതുപോലുണ്ട്.

ടോർച്ചടിച്ചു നോക്കി. നെഞ്ച് പുളഞ്ഞുപോയി, ഈ നെഞ്ചത്താണ് അവളുടെ തല വെച്ചടിച്ചിരുന്നത്. എൻെറ അഭിജിത്തിൻെറ പ്രായമുളള ഒരു കൊച്ചുപെൺകുട്ടി; രണ്ടു കണ്ണും കാണില്ല.

ദേഷ്യം കൊണ്ടും വ്യസനം കൊണ്ടും അവളുടെ ചുണ്ടു രണ്ടും അപ്പോഴും വിറച്ചുകൊണ്ടിരുന്നു. ഉത്തരം കിട്ടാഞ്ഞ് എൻെറ ശരീരത്തിൽ തപ്പിക്കൊണ്ട് അവൾ പറഞ്ഞു, 'ആര്? തമ്പുരാട്ടിയോ? അയ്യോ, ഞാൻ ദേഷ്യം കൊണ്ട് ആരെ എന്താണ് പറഞ്ഞുകളഞ്ഞത്? മാപ്പു തരണേ.' എനിയ്ക്കു മാപ്പു തരണേ.'

സാലമരത്തിൻെറ വിടവിലൂടെ വിളർത്ത പ്രതിപദച്ചന്ദ്രൻ പ്രകാശിക്കുന്നു. മനസ്സിൻെറ ഗുഹയുടെ അടിത്തട്ടില്ലാത്ത ആഴത്തിലെവിടെയോ നിന്ന് അവ്യക്തമായൊരു വേദനയുടെ ഓടക്കുഴൽ വിളി ഉയരുന്നു. കേൾക്കില്ലെന്ന് വെച്ചാലും ആ ശബ്ദം അവഗണിക്കാൻ

പററുന്നില്ല. കല്ലിട്ടുറപ്പിച്ച് താറിട്ട ഈ നേർവഴിയിൽനിന്ന് ഓടിയ കന്ന് ആ കാട്ടിന്നുള്ളിലെ വളഞ്ഞുപുളഞ്ഞ, ചരൽ നിറഞ്ഞ, വഴിയിൽ, കറുകറുത്ത മുള്ളിൻകാട്ടിൽ, ചെന്നുവീഴാൻ തോന്നുന്നു.

ഇടത്തുവശത്തെ കുടിലിന്റെ മുററത്ത് ഒരു കിഴവൻ അർദ്ധനഗ്നരായ കുറേ കുട്ടികളോടുകൂടെ വട്ടം ചുററിയിരിക്കുന്നു. നടുക്ക് ഒരു മണ്ണെണ്ണ വിളക്ക്. എന്തോ തമാശ കളിക്കുംപോലെയുണ്ട്. കിഴവൻ തൊണ്ണും കാട്ടി ചിരിച്ച് പൊളിഞ്ഞ ചെണ്ട മുട്ടിക്കൊണ്ട് പാടുകയാണ്—

അത്തലില്ല സുഖവുമില്ലൂഴിയിൽ,
മത്തരാകുവിൻ നാമലഹരിയിൽ;
രാമനാമം സുധാമയമൊന്നു താൻ
പാവനം, സദാ ചൊല്ലുവിൻ രാമരാം.

കുട്ടികൾ ഉല്ലാസത്തോടെ ഉറക്കെ വിളിച്ചു പറഞ്ഞു—രാമരാം.

പുലരാറായപ്പോൾ അറിയാൻ കഴിഞ്ഞു, പുറത്ത് കാററ് ആഞ്ഞു വീശുകയാണെന്ന്. കിടക്കയിൽ കിടന്നുകൊണ്ട് സ്പഷ്ടമായി കേൾക്കാം. ഇരട്ടിയായി മറച്ചുകെട്ടീട്ടുള്ള കൂടാരത്തിൽ ഭാഗ്യത്തിന് കാററ് കടന്നിട്ടില്ല; അല്ലെങ്കിൽ എന്തായിരിക്കും സ്ഥിതി. തലക്കൂത്ത് തുണി മുറിച്ചുണ്ടാക്കീട്ടുള്ള ജനല് നേർത്ത പർദ്ദകൊണ്ട് മൂടീട്ടുണ്ട്. ഞാൻ കൂടക്കൂടെ തല പൊന്തിച്ചു നോക്കും, അവിടെ എത്രത്തോളം വെട്ടം കാണാനുണ്ടെന്ന്. രാത്രി മുഴുവനുമുള്ള കസറത്തിനു ശേഷം കമ്പിളിക്കുള്ളിൽ മുഖമൊളിപ്പിച്ച് ശ്വാസോച്ഛ്വാസംകൊണ്ട് ശരീരം ചൂടുപിടിപ്പിച്ചിരിക്കുന്നു—അൽപമൊരു സുഖം തോന്നുന്നുണ്ട് ഇപ്പോൾ. എന്നിട്ട് ഇപ്പോൾത്തന്നെ കിടക്ക വിട്ട് എഴുന്നേൽക്കണം പോലും!

ഹൃഷീകേശത്ത് പോകണം ഇന്നുരാവിലെ.

കണ്ണ് പിടപ്പിച്ചുംകൊണ്ട് നോക്കി, ആരാണ് എഴുന്നേററിട്ടുള്ളത്, ആരാണ് എഴുന്നേൽക്കാത്തുള്ളത്, എന്ന്; നോക്കീട്ട് വീണ്ടും മുഖം മൂടിപ്പുതച്ചു. ആദ്യം എല്ലാവരും എഴുന്നേൽക്കട്ടെ. എഴുന്നേററ് ഒരുങ്ങി എന്നോട് തിടുക്കം കൂട്ടുന്നതുവരെ കിടക്ക വിടാൻ പോകുന്നില്ല. പക്ഷെ എന്തൊരു തലയിലെഴുത്ത്; വലിയേച്ചി എപ്പോഴാണ് എഴുന്നേററ് പുറത്തുപോയതെന്നുതന്നെ അറിഞ്ഞിരുന്നില്ല. നനഞ്ഞ

തോർത്തും കുടഞ്ഞുകൊണ്ട് അവർ അകത്തു കടന്നു. ഈറൻ തലമുടി കുടഞ്ഞുകൊണ്ട് നാലുപാടും വെള്ളം തെറിപ്പിക്കുന്നു. അവർ അങ്ങു മിങ്ങും നോക്കി, ഞാൻ കിടക്കുകയാണെന്ന് കണ്ട് കട്ടിലിന്നടുത്തേക്ക് വന്നു. മററു വല്ല ദിവസവുമായിരുന്നെങ്കിൽ വലിയേച്ചി എൻെറ തലയിൽ തടവിക്കൊണ്ട് പതുക്കെപ്പതുക്കെ വിളിക്കുമായിരുന്നു, 'ഇനി എണീക്കു, ചായയുടെ മണി അടിക്കാനുള്ള സമയമായീന്നേ.' ഇന്ന് അവർക്ക് ഒരുപാട് പണിയുണ്ട്, എല്ലാ ദിവസവും പോലെ സകലതും ഒതുക്കിയൊരുക്കി വെക്കണം അവർക്ക്. ഇന്ന് അതു കൊണ്ട് തലയിൽ കൈ വെച്ചിട്ട് ഒരു തളള്—എണീക്ക് ഇനി എന്നർത്ഥം.

പ്രഭാതസമയം, ബ്രാഹ്മമുഹൂർത്തം; അതുമിതും പറയാൻ പററില്ല, ഗതികെട്ട് കൈയും കാലും കുടഞ്ഞ് എഴുന്നേററിരുന്നേ തീരു. എഴുന്നേററിരുന്നാലും പോരല്ലൊ, കിടക്ക വിട്ട് ഇറങ്ങി. കൂടാരത്തിൻെറ വാതിൽ അൽപം തുറന്ന് മുഖം നീട്ടി—എൻറപ്പോ! ഞൊടിയിട കൊണ്ട് ഓട്ടിന്നുളളിൽ മുഖമൊളിപ്പിച്ച ആമയായി. എൻെറ നീട്ടിയ മുഖത്ത് കുളിര് ഓരായിരം മുളളുകൾ തറപ്പിച്ച ഒരാഞ്ഞടി വെച്ചുതന്നതുപോലെ തോന്നി.

അകത്തിരുന്ന് ദിവസംപോക്കാൻ പററില്ല, പുറത്തിറങ്ങിയേ ഒക്കു. ഞാൻ വലിയേച്ചിയുടെ നേർക്ക് നോക്കി. തുടുത്ത് ശാന്തമായ മുഖത്ത് തണുപ്പ് ആക്രമിച്ചതിൻെറ ഒരടയാളവുമില്ല. കാണെക്കാണെ മനസ്സിൽ ധൈര്യമവലംബിച്ചു. അവരും മനുഷ്യൻ തന്നെ, ഞാനും മനുഷ്യൻ തന്നെ. അവർക്ക് കഴിയുമെങ്കിൽ എനിയ്ക്ക് കഴിയാതെന്താ? എന്നാൽ പിന്നെ? പല്ലുതേപ്പ് സാമഗ്രിയും മുരുടയും സോപ്പും തോർത്തും കൈയിലെടുത്തുകൊണ്ട് ശരംപോലെ പുറത്തേക്കുപാഞ്ഞു.

ചായ കുടിച്ച്, കെട്ടും ഭാണ്ഡവും ചുമലിൽ തൂക്കിയിട്ട് ബസ് സ്റ്റാൻറിലേക്ക് പുറപ്പാടായി. ദിവസം മുഴുവൻ വാടകയ്ക്ക് ഒരു കാറ് കിട്ടി. അമർന്നിരുന്നു.

കാറ് ഹു ഹു യെന്ന് പാഞ്ഞു. നോക്കിക്കൊണ്ടിരിക്കെ ഞങ്ങൾ പട്ടണം പിന്നിട്ട് ആൾപ്പെരുമാററമില്ലാത്ത കാട്ടുവഴിയിൽ ചെന്നെത്തി. ഇരുവശത്തും പയിൻ ഞാവൽ വേപ്പ് മുതലായ മരങ്ങൾ. നെല്ലിയും കാണാനുണ്ട് ഇടയ്ക്കിടെ. റിസർവ്വ്ഡ് ഫോറസ്റ്റ്, ഛായാശീതളമായ മാർഗ്ഗം.

കൂടെ ശശിമഹാരാജുമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു 'മുമ്പ് ഇവിടെ എല്ലായ്പ്പോഴും മയിലുകളേയും മാനുകളേയും കാണാമായിരുന്നു. ഇപ്പോഴുമുണ്ട്, തിരിച്ചുവരുന്ന വഴി കാണാൻ കഴിഞ്ഞേക്കാം.'

അകലെ കാട് ചൂഴ്ന്ന കുന്നിൻ മുകളിൽ വെള്ള വീശിയ കെട്ടിടങ്ങളുടെ നിര തിളങ്ങിവിളങ്ങി നിൽക്കുന്നു.

ശശിമഹാരാജ് പറഞ്ഞു: 'അതാണ് നരേന്ദ്രനഗരം. ഇപ്പോൾ ടിഹിരിരാജാവിന്റെ തലസ്ഥാനമാണ്.'

സൂര്യപ്രകാശം ആസ്ഥാനനഗരത്തിന്റെ സർവ്വാംഗങ്ങളിലും എന്തൊരു ശോഭയാണ് ഉളവാക്കിയിരിക്കുന്നത്. വളഞ്ഞുതിരിഞ്ഞു പോകുമ്പോഴൊക്കെ, നഗരം ഒരിക്കൽ വലത്തും ഒരിക്കൽ ഇടത്തും ഒരിക്കൽ മുമ്പിലും ഒരിക്കൽ പിമ്പിലുമായി പിന്നെയും പിന്നെയും ദിക്കുകൾ ചുററി നൃത്തം തത്തിത്തുടങ്ങി. ഒളിച്ചുകളിക്കും പോലെ. ഞാൻ വീണ്ടും വീണ്ടും അങ്ങോട്ട് മുഗ്ദ്ധദൃഷ്ടിയോടെ തിരിഞ്ഞുനോക്കി, അവയുടെ കൂടെ ചേർന്ന് മനസ്സിൽ കിലുകിലെ ചിരിക്കുകയാണ്.

ഹൃഷീകേശത്തേയ്ക്കുള്ള വഴിക്കാണ് 'സത്നാരായണ'ന്റെ അമ്പലം, 'നാരായണനെ ദർശിച്ചിട്ട് പോകാം.' എന്ന് ശശിമഹാരാജ് നിർദ്ദേശം നൽകി. ഞങ്ങൾ കാറിൽ നിന്നിറങ്ങി. ശശിമഹാരാജ് മുമ്പിലത്തെ സീററിലാണ് ഇരുന്നിരുന്നത്; അദ്ദേഹം വാതിൽ തുറന്ന് കാൽപടിയിന്മേൽ കാല് വെച്ച പാടേ, എന്തോ കണ്ടിട്ടെന്ന പോലെ നടുങ്ങി കാല് പിന്നോക്കം വലിച്ച് ഠേ. എന്ന് വണ്ടിയുടെ വാതിൽ വലിച്ചടച്ചു.

എന്തുപററി അദ്ദേഹത്തിന്?

'നിങ്ങൾ നടന്നോളൂ, ഞാൻ പിറകെ വരാം.' എന്നും പറഞ്ഞ് ശശിമഹാരാജ് വണ്ടിയ്ക്കുള്ളിൽ ചുരുണ്ടുകൂടിയിരുന്നു.

പടിവാതിലിലൂടെ അമ്പലത്തിൽ കടക്കാൻ ഭാവിക്കുമ്പോൾ വലിയേച്ചി കളകളയെന്ന് പൊട്ടിച്ചിരിച്ചു. എന്താണ് സംഗതി? വലിയേച്ചി പിന്നോക്കം തിരിഞ്ഞ് ശശിമഹാരാജിനെ ഒന്നുനോക്കി കൈകൊണ്ട് ആംഗ്യം കാണിച്ച് പടിവാതിലിന്റെ മേൽത്തട്ട് കാട്ടിത്തന്നു. നാലഞ്ച് കുരങ്ങന്മാരുണ്ട് അവിടെയിരിക്കുന്നു. യാത്രക്കാരെ കണ്ട് തീററ കിട്ടുമെന്നാശിച്ച് ഇരിക്കപ്പൊറുതിയില്ലാതായിത്തുടങ്ങിയിരിയ്ക്കുന്നു അവയ്ക്ക്. ശശിമഹാരാജിന്ന് ഇറങ്ങാൻ തോന്നാഞ്ഞതിന്റെ കാരണം ഇപ്പോൾ മനസ്സിലായി.

സത്യനാരായണൻ—കരിങ്കല്ലുകൊണ്ടുള്ള സുന്ദരവും വടിവൊത്തതുമായ വിഗ്രഹം. എന്നാൽ കരിങ്കല്ലിന്റെ കരിമിഴികളെക്കൊണ്ട് തൃപ്തിപ്പെടാൻ കഴിയില്ല സേവകന്മാർക്ക്; വെള്ളിത്തകിടുകൊണ്ട് വെള്ളക്കണ്ണ് പിടിപ്പിച്ച് നടുക്ക് കൃഷ്ണമണി വരച്ചുവെച്ചിരിക്കുന്നു. അതുകൊണ്ട് ഏത് വിഗ്രഹത്തിലും ദേവന്മാരുടെ മുഖത്ത് കണ്ണ് കത്തിജ്വലിക്കുംപോലെ തോന്നും. വെള്ള നിറത്തിലുള്ള കണ്ണിൽ പൂർണ്ണ ഗോളാകൃതിയിലുള്ള കൃഷ്ണമണി ദൃഷ്ടിയെ തീക്ഷ്ണമാക്കിത്തീർക്കും; ഇതുകാരണം ദേവന്മാരുടെ കണ്ണിലെ ആ കോമളതയുണ്ടാവില്ല അവയിൽ. രാമകൃഷ്ണദേവൻ ഒരിക്കൽ ആരോടോ പറഞ്ഞതായി കേട്ടിട്ടുണ്ട്—'നിങ്ങൾക്ക് ദേവചക്ഷുസ്സ് വരക്കാനറിയില്ല. എന്റെ കൈയിൽ താ, ഞാൻ വരച്ചുതരാം.' ഇങ്ങിനെ പറഞ്ഞ് സ്വന്തം കൈകൊണ്ട് ദേവചക്ഷുസ്സ് വരച്ചുകൊടുത്തിരുന്നു അവിടുന്ന്. ദേവചക്ഷുസ്സും ഭക്തന്റെ കരസ്പർശം കാത്തിരിക്കും.

സത്യനാരായണന്റെ അടുത്തുതന്നെ ഒരു തിരികല്ല്. കടകട ശബ്ദത്തിൽ ചക്രം തിരിച്ച് ഗോതമ്പ് പൊടിക്കുകയാണ്. മുററത്ത് ചെറിയൊരു കുണ്ഡം. ആ കുണ്ഡത്തിലെ വെള്ളം ഇത്തിരിമാത്രമുള്ള സ്ഥലത്തിന്നിടയ്ക്കുവെച്ചുതന്നെ ഉയർത്തിയും താഴ്ത്തിയും കൊണ്ടുപോന്ന് ഈ തിരികല്ല് സ്ഥാപിച്ച് പണിക്കുപയോഗപ്പെടുത്തിയിരിക്കയാണ്.

കുണ്ഡത്തിനു നടുവിൽ ഒരമ്പലമുണ്ട്. വെള്ളത്തിന്റെ മുകളിലൂടെ കെട്ടിപ്പടുത്തിരിക്കുന്ന വഴിയിലൂടെ ഞങ്ങൾ അമ്പലത്തിൽ ചെന്നു. ഏതാണ് ഇവിടത്തെ ദേവൻ? കോണിപ്പടിയുടെ അടുത്ത് ഒരു ബംഗാളി പരിവ്രാജകൻ ഇരിക്കുന്നുണ്ടായിരുന്നു. മെലിഞ്ഞുണങ്ങിയ ഒരു മനുഷ്യൻ, കുറച്ചുനാളായി ഇവിടെ ശരണംപ്രാപിച്ചിരിക്കയാണ്. ബംഗാളി യാത്രക്കാരെ കണ്ടിട്ട് അദ്ദേഹം എഴുന്നേററ് അടുത്തുവന്നു പറഞ്ഞു: 'ഇത് ശിവന്റെ വിഗ്രഹമാണ്.'

ഇതെങ്ങിനെ ശിവബിംബമാകും? അധികഭാഗം അവയവങ്ങളും ചുകന്ന ആസൽകൊണ്ട് മൂടിയിരിക്കയാണെങ്കിലും, ബാക്കി ഭാഗം എണ്ണയും സിന്ദൂരവും ചേർത്ത് ചാർത്തിയിരിക്കയാണ്. വലിയേച്ചി സംശയിച്ചു പരുങ്ങി. അവർ ചോദിച്ചു: 'ചിഹ്നം കൊണ്ടാണല്ലൊ വെവ്വേറെ ദേവന്മാർ പ്രകടീഭവിക്കുന്നതുതന്നെ. ശിവന്റെ ചിഹ്നം ഒന്നും കാണുന്നില്ലല്ലൊ നോക്കീട്ട്.'

പരിവ്രാജകൻ പറഞ്ഞു: 'എന്നാൽ വിഷ്ണുവാണ്.'

വലിയേച്ചി തലയാട്ടി—വിഷ്ണുവുമല്ല.

'എന്നാൽ ശ്രീരാമൻ തന്നെയായിരിക്കും.'

പുള്ളിക്ക് ഭ്രാന്താണോ!

വ്രജരമണൻ ഇത്രയും നേരം മനസ്സുവെച്ച് നോക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: 'വിഗ്രഹത്തിൻെറ പദതലത്തിൽ സർപ്പം പ്രതിഭാതമായിട്ടുണ്ട്, ഇരു പാർശ്വങ്ങളിലും പക്ഷിയുടെ രണ്ട് പക്ഷങ്ങളും അക്ഷിലക്ഷീഭവിക്കുന്നുണ്ട്; ചക്ഷുർദ്വയം ഗോളാകൃതിയിലാണ്; മുഖമദ്ധ്യത്തിങ്കൽ ചഞ്ചുവും പ്രതിഷ്ഠിതമായിട്ടുണ്ട്. എനിയ്ക്കു തോന്നുന്നതെന്തെന്നുവെച്ചാൽ ഇത് ഗരുഡവിഗ്രഹമാണെന്നാണ്.'

ശരിതന്നെയാണല്ലൊ! നാരായണൻെറ വാഹനമായ ഗരുഡൻ. ഗരുഡനെക്കൂടാതെ കഴിയുന്നതെങ്ങിനെ അവിടേക്ക്,

വീണ്ടും കാറിൽ ചെന്നിരുന്നു. വീണ്ടും ഇരുവശത്തൂടേയും മരങ്ങൾ ഓടിയകലുന്നു, കാട് ഓടിയകലുന്നു; ഓടിയകലുകയാണ് പച്ചപ്പാടങ്ങൾ, കൃഷിക്കാരുടെ നാട്ടിൻപുറം, പോത്തുവണ്ടി, ആട്ടിടയന്മാർ—എന്തെല്ലാമെന്തെല്ലാം. എല്ലാം കടന്നങ്ങനെ പോവുകയാണ്—ദയയോ മമതയോ ഇല്ല ഇത്തിരിയും. എവിടെ, എനിയ്ക്ക് പോകാൻ കഴിയില്ലല്ലൊ ഇങ്ങിനെ? പോകുന്നതിനിടയ്ക്കുതന്നെ പഴക്കംചെന്ന തടിച്ച മരങ്ങളുടെ പൂങ്കുലകളെ കടന്നുപിടിക്കും, കടുകുവയലിന്മേൽ ചൊരിയുന്ന വെയിൽ നാളങ്ങളെ കൈപ്പിടിയിലൊതുക്കും. മനസ്സിൻെറ അടിത്തട്ടിൽ ഒരൂഞ്ഞാലാട്ടം—പാൽക്കാരിയുടെ തടിച്ച പാദസ്സരത്തിന്നു കീഴെ വക്കത്ത് പിടിപ്പിച്ചിരിക്കുന്ന ചുകന്ന രേഖ, നടത്തത്തിൻെറ താളത്തിന്നൊത്ത് കാലിന്മേൽ കിടന്നുരുണ്ട് കളിക്കുന്നു. ചില്ലയും വള്ളിയും ചുററിപ്പിണഞ്ഞ് ചമച്ചുവെച്ചിട്ടുള്ള ലഘുവായ വെളിച്ചം പൂശിയ, ആ തോപ്പിൽ ആശ്രയം പ്രാപിക്കാൻ പ്രാണൻ കേഴുന്നു.

അങ്ങാടിത്തിരിവിൽ വണ്ടിനിന്നു. ഹൃഷീകേശത്തെത്തിയിരിക്കുന്നു. ഹരിദ്വാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ഹൃഷീകേശം വളരെ നിർജ്ജനമാണ്. ഏകാന്തമായ സാധനയ്ക്കും ഭജനത്തിനും വേണ്ടി സന്യാസിമാരും മഹാപുരുഷന്മാരും അധികവും ഇവിടെയാണ് പാർക്കുന്നത്. തീർത്ഥയാത്രക്കാരുടെ തിരക്കുണ്ടാവും, ശരിയാണ്. പക്ഷെ അവർ വരും, പോകും; താമസിക്കാറില്ല ഏറെയൊന്നും.

ഹരിദ്വാരം കണ്ടിട്ട് തോന്നിയിരുന്നു, ഹരിദ്വാരം പർവ്വതത്തിന്റെ മടിത്തട്ടിലാണെന്ന്. ഹൃഷീകേശമാകട്ടെ അതിന്ന് അതിലുമടുത്താണ്, ശരിക്കും നെഞ്ഞോട് ചേർന്നുതന്നെ. വീടും കുടിയും തെരുവും കടവുമെല്ലാം നെഞ്ഞോടണച്ച് പിടിച്ചതുപോലുണ്ട്—നീലാഞ്ചലം പുതപ്പിച്ചുംകൊണ്ട്.

ത്രിവേണീഘട്ടം. ഗംഗയെ സ്പർശിക്കാൻ താഴത്തിറങ്ങി. വെള്ളം ഏറെയൊന്നും ഉണ്ടെന്ന് തോന്നിയില്ല. കടവിന്നു മുമ്പിൽ കരിങ്കല്ലുപോലെ ഒരുപാടെണ്ണം കൂട്ടിവെച്ചിട്ടുണ്ട്; വെള്ളം തള്ളിത്തള്ളി അതിന്മുകളിലൂടെ പാഞ്ഞുപോകുന്നു.

ഗോതമ്പുമാവുണ്ടയുമായി പിള്ളർ അലട്ടുകയാണ്; വാങ്ങേണ്ടിത്തന്നെ വരും. പണ്ഡയും സമ്മതം മൂളി: 'ഇവിടെ മത്സ്യത്തിന് തീററ കൊടുത്തില്ലെങ്കിൽ തീർത്ഥയാത്രയ്ക്ക് ഒരു ഫലവുമുണ്ടാവില്ല.'

ഞാൻ ചോദിച്ചു: 'തീററ കൊടുക്കാൻ മത്സ്യമെവിടെ?

'അതല്ലേ മത്സ്യം.' എന്ന് പറഞ്ഞ് പണ്ഡ വിരൽ ചൂണ്ടി.

'ആ കാണുന്നത് മത്സ്യമാണോ!' അദ്ഭുതപ്പെട്ടുപോയി. ഞാൻ വിചാരിച്ചിരുന്നത് അവ കരിങ്കല്ലിന്റെ സ്തൂപങ്ങളാണെന്നാണ്. എത്രമാത്രം മത്സ്യങ്ങളാണ്! ഒഴുക്കിൻ മുഖത്ത് ഒന്നിനു മുകളിൽ ഒന്നായി കേറുകയും വീഴുകയുമാണ്. പേടിയേയില്ല. കാൽപ്പടം മുങ്ങാൻപോലുമില്ലാത്ത വെള്ളത്തിൽ മുട്ടിയുരുമ്മി പരക്കം പായുന്നു. ചളിയും പായലും പററിപ്പിടിച്ചുനിൽക്കുന്ന വലിയ മത്സ്യങ്ങൾ—ഏറെ നേരം ഇവയെ നോക്കിയാൽ പിന്നെ എപ്പോഴായാലും മത്സ്യം തിന്നാൻ വല്ലാത്ത അറപ്പ് തോന്നും.

പണ്ഡമാരും നാട്ടുകാരും കടവിൽ കുളിക്കുന്നു, ഗീത വായിക്കുന്നു, സോപ്പിട്ട് തുണിയും നനക്കുന്നുണ്ട്. സോപ്പ് തേക്കുന്നതും തുണി നനക്കുന്നതും കർശനമായി നിരോധിച്ചിരിക്കയാണ്—കടവിൻ മുകളിൽ കറുത്ത പലകമേൽ വെളുത്ത വലിയ അക്ഷരത്തിൽ നോട്ടീസ് തൂങ്ങുന്നുണ്ട്. യാത്രക്കാരുടെ കാര്യമാവുമ്പോൾ ഗംഗയിലെ ജലം പവിത്രമാക്കി വെക്കാൻ വലിയ ശ്രദ്ധയാണ് പണ്ഡമാർക്ക്. അന്നൊരു ദിവസം വ്രജരമണൻ ഹരിദ്വാരത്ത് കുളിക്കാനിറങ്ങി വായയിൽ വെള്ളം നിറച്ച് കുലുക്കുഴിക്കുകയായിരുന്നു. അത് കണ്ടിട്ട് ഒരു പണ്ഡ 'ഹേയ് ഹേയ്' എന്ന് ബഹളമുണ്ടാക്കി പറകയാണ്, 'വായ കഴുകണമെങ്കിൽ മുരുടയിൽ വെള്ളമെടുത്ത് കരയ്ക്ക് കേറി കഴുകണം ഹേ; എന്തിനാണ് ഗംഗാമാതാവിനെ അശുദ്ധമാക്കുന്നത്?'

ത്രിവേണിഘട്ടത്തിന്ന് മുകളിലായി ശ്രീരാമക്ഷേത്രം. സീതയെ വീണ്ടെടുത്തതിനുശേഷം രാമലക്ഷ്ണഭരതശത്രുഘ്നന്മാർ ഇവിടെ വന്ന് തപസ്സ് ചെയ്ത് പ്രായശ്ചിത്തം ചെയ്തിരുന്നു. യുദ്ധത്തിൽ എത്ര യെത്ര ജീവഹത്യചെയ്തതാണ്, പാപമൊടുക്കിയില്ലെങ്കിൽ അവർക്കും രക്ഷയുണ്ടായിരുന്നില്ല.

ശാന്തിക്കാരൻ പ്രസാദം കൈയിൽ തന്നു. ഒരുപിടി തുമ്പപ്പൂവു പോലെയുണ്ട്. ഇമ്മാതിരി മധുരപലഹാരം ഇവിടങ്ങളിലെ അങ്ങാടി യിലും കാണാം എപ്പോഴും. നിറം ചേർത്തതുമുണ്ട്. ചുകപ്പും മഞ്ഞ യും വഴുതിന നിറവും വെള്ളയും നിറങ്ങളിൽ റവയും ഗോതമ്പുമാവും മററും വെക്കുംപോലെ കൊട്ടയിലാക്കി, പീടികകൾക്കു മുമ്പിൽ നിരത്തി വെച്ചിരിക്കും. ദൂരെ നിന്ന് നോക്കുമ്പോൾ നാനാനിറങ്ങളി ലുള്ള തുണിയോടുകൂടിയ ഓരോ ശീലക്കുട നിവർത്തിവെച്ചിരിക്കു ന്നതുപോലെ തോന്നും.

അമ്പലമുററത്ത് നാലുഭാഗവും കൽപടവുകൾ കെട്ടിയ കുള മുണ്ട്. വെള്ളം വളരെ ആഴത്തിലാണ്. കുറച്ചു കുരങ്ങന്മാർ അവ സാനത്തെ പടവിന്മേൽ, എന്തിനെന്നറിയില്ല, ചുററിക്കൊണ്ടേയിരി ക്കുന്നു. ഞാൻ അവയെത്തന്നെ നോക്കിക്കൊണ്ടിരിക്കയാണ്. പെട്ടെ ന്നുണ്ട് ഒരു കുരങ്ങ് ചാടേന്ന് വെള്ളത്തിലിറങ്ങി ശരീരം മുക്കിക്കൊണ്ട് അക്കരയ്ക്കും ഇക്കരയ്ക്കും നീന്തുന്നു.

കുരങ്ങൻ നീന്തുന്നു; നല്ല നേരമ്പോക്ക്? ഇതിനുമുമ്പ് കണ്ടി ട്ടില്ലല്ലൊ. ഈ തണുപ്പത്ത് അതിന് ശീതം തോന്നുന്നില്ലേ?

വലിയേച്ചി പതിവുപോലെ കുളത്തിലെ ജലം സ്പർശിക്കാൻ ഇറങ്ങിയിരിക്കുന്നു. ഇപ്പോൾത്തന്നെ എന്നെ വിളിക്കുമെന്ന്, അല്ലെ ങ്കിൽ കുറച്ചുവെള്ളം തലയിൽ തളിക്കുമെന്ന്, ഞാൻ കരുതി. തണുത്ത വെള്ളം, അത് തലയിലൂടെ ദേഹത്തിൽ ഇററിററി വീഴുമ്പോൾ—കുളി രുന്ന ദിവസം അതെന്തൊരു ക്രൂരമായ തമാശയാണ്. വലിയേച്ചിക്ക് എവിടെച്ചെന്നാലും എല്ലാം തൊടണം, ശിരസ്സിൽ ധരിക്കണം. അവർ പറയും, 'അല്ലെങ്കിൽപ്പിന്നെ എന്തിനേ വന്നത് തീർത്ഥസ്നാന ത്തിന്ന്?'

വെള്ളം തൊട്ടപാടെ വലിയേച്ചി വിളിച്ചുപറഞ്ഞു: അല്ലാ, ഇതിന് നല്ല ചൂടാണല്ലൊ.'

അത് കേട്ട് എല്ലാരും പടപടാന്ന് ഇറങ്ങി. നേര് തന്നെ, ചൂടു വെള്ളത്തിൻെറ കുളം തന്നെ ഇത്. അതാണ് കുരങ്ങൻ ഇത്ര കൊണ്ടു പിടിച്ച് നീന്തുന്നത്. കഴിയുമെങ്കിൽ ഞാനും ഇറങ്ങിയേനെ.

കരയ്ക്കു മുകളിലുള്ള ആലിന്മേൽ നിന്ന് വെള്ളത്തിൽ ഇലകൾ വീണ് ചിലത് വെന്തിരിക്കുന്നു, ചിലത് വേവുകയാണ്, ഇപ്പോൾ വീണ ചിലത് ഇപ്പോഴും പച്ചതന്നെ.

പണ്ഡ കണ്ണ് മറിച്ച്, കൈ ചുഴററി, പറഞ്ഞു: 'ഈ ചൂടു വെള്ളം എവിടുന്നാണ് വരുന്നതെന്ന് ആർക്കും പറയാൻ കഴിയില്ല— എല്ലാം ഭഗവാൻെറ കളിയാ.'

അമ്പലത്തിന്ന് പുറത്ത്, വഴിവക്കത്ത്, ആലിന്ന് ചോടെ, ഇങ്ങു മങ്ങും കൊച്ചു കൊച്ചു മുറികളിൽ സർവ്വത്ര സന്യാസിമാർ തന്നെ; എല്ലാവരും ദേഹമാസകലം ഭസ്മം പൂശി, തലയിൽ ജടാജൂടവുമായി, ഇരിക്കയാണ്. നടക്കുന്നതിന്നിടയിൽ കാണാം.

വഴിവക്കത്ത് നഗ്നനായ ഒരു വൃദ്ധ സന്യാസി പൊടി പുരണ്ട രണ്ട് നഗ്നശിശുക്കളുടെ കൂടെ കളിക്കുന്നുണ്ടായിരുന്നു. വലിയ കുട്ടി കുതിരയാണ്, ചെറിയ കുട്ടി അവൻെറ പുറത്ത് ഇരിക്കുന്നു. കുട്ടിക്ക് നേരെ നിൽക്കാൻ കഴിയില്ല, വീണ്ടും വീണ്ടും കമിഴ്ന്നു വീഴും. സന്യാസി അവനെ എടുത്ത് കുതിരയുടെ പുറത്ത് ഇരുത്തും, മുട്ടു കുത്തി ശിശു—ആരോഹിയെ മുന്നോട്ടു നീക്കും. കുതിര നാലു കാലിന്മേൽ പായുന്നു. കുതിര ചിരിക്കുന്നു, സവാരിക്കാരൻ ചിരിക്കുന്നു, സന്യാസിയുമുണ്ട് കിലുകിലെ ചിരിക്കുന്നു. കുറച്ചുനേരം കളിച്ചിട്ട് സന്യാസി കളി മതിയാക്കി മനോരാജ്യത്തിൽ മുഴുകിക്കൊണ്ട് മുന്നിലുള്ള വഴിയിലൂടെ നടന്നകന്നു,—കുട്ടികളെപ്പോലെത്തന്നെ ആടിയിളകി, രണ്ടു കൈയും വീശിക്കൊണ്ട്.

രണ്ടു മൂന്ന് വളവ് തിരിഞ്ഞാൽ ഭരതൻെറ അമ്പലമായി. ശശി മഹാരാജ് പറഞ്ഞു: 'ഭരതന്ന് വമ്പിച്ച ഭൂസ്വത്താണ്. ഇദ്ദേഹമാണ് ഇവിടത്തെ രാജാവ്; മററെല്ലാവരും പ്രജകളാണ്, സാക്ഷാൽ ശ്രീരാമചന്ദ്രൻപോലും.'

ഭരതൻെറ നിറവും രാമനെപ്പോലെ കറുപ്പാണ്, വെളുത്ത് തിളങ്ങുന്ന കണ്ണുകൾ. നർത്തകിമാർ അരങ്ങത്ത് നൃത്തം വെക്കുന്നതിന്നിടയിൽ ഇരുകൈകൊണ്ടും ശിരോവസ്ത്രത്തിൻെറ തുമ്പു രണ്ടും പിടിച്ച് തലവരെ ഇരുവശത്തേക്കും നീക്കി ഒരു സവിശേഷരീതിയിൽ നിൽക്കാ

റുണ്ടല്ലൊ, ഭരതനും അതേ വേഷമാണ്. പളപള മിന്നുന്ന ശിരോവസ്ത്രം കാൽചുവട്ടിൽനിന്ന് മുകളിലോളം ഉയർന്നുകിടക്കുന്നു; ഇത്രയും സ്ഥലത്തെ വെള്ളിയും സ്വർണ്ണവുമണിഞ്ഞ ചമയപ്പാട് കാണികളുടെ കണ്ണിൽ ഒരു രാജകീയൈശ്വര്യം കാഴ്ചവെക്കുന്നുണ്ടുതന്നെ.

മുമ്പിൽ ഒരു പീഠത്തിന്മേൽ ഒരുകൂട്ടം വെള്ളിപ്പാത്രങ്ങൾ—കൂജയും, തളികയും കിണ്ടിയും മുരുടയും. സ്വർണ്ണംപോലെയും ഒന്ന് മിന്നുന്നുണ്ട്. ഉള്ളിൽ ഇരുട്ടാണ്. ഒരു മൂലക്ക് നീണ്ടൊരു നിലവിളക്കിൽ ഒരു തിരിമാത്രം അനക്കമില്ലാതെ കത്തുന്നുണ്ട്. കമ്പിവേലി വളച്ചുകെട്ടിയിരിക്കുന്ന രാജാവിനെ ദൂരെനിന്ന് വ്യക്തമായി കാണാനാവില്ല.

അമ്പലം വലത്തുവെക്കുമ്പോൾ പുറത്തെ ചുമരിൽ എന്റെ നോട്ടം ചെന്നു. നോക്കുന്നേടമെല്ലാം കൊത്തിവെച്ച പ്രതിമകൾ എത്തിനോക്കുന്നു—പദ്മലതയും മയൂരപുച്ഛവും. ഒരു കാലത്ത് ഇത് കല്ലിൽ പണിചെയ്ത അമ്പലമായിരുന്നു; ഇന്ന് അതിനെ കനത്ത കുമ്മായക്കൂട്ടു തേച്ച് മിനുമിനുങ്ങനെയുള്ള പുതിയ അമ്പലമാക്കി മാററിയിരിക്കുന്നു. ഞാനത് കണ്ട് ആലോചിച്ചുപോയി: മുമ്പ് പോയേടത്തെല്ലാം, കണ്ട അമ്പലങ്ങളിലെല്ലാം, പുറമെയാണ് നന്നായി കണ്ടിരുന്നത്. പുസ്തകത്തിൽ മിനക്കെട്ട് ചിത്രം വരഞ്ഞെടുത്തിരുന്നു. അളവ് തിട്ടപ്പെടുത്താൻ തല കാഞ്ഞിരുന്നു. ഇത്തവണയാകട്ടെ, അമ്പലത്തിൽ വരുന്നു, ശ്രീകോവിലിലെ വിഗ്രഹങ്ങൾ ഓരോന്നായി കണ്ട് തല കുനിച്ച് കടന്നുപോകുന്നു. തൂക്കിയിട്ട ഭാണ്ഡത്തിലെ പുസ്തകം തൂങ്ങിക്കിടക്കുകതന്നെയാണ്, തുറന്നിട്ടില്ല ഒരിക്കലും. ചിലപ്പോൾ ശങ്കിച്ചുനിൽക്കും. ശരിയാണോ ചെയ്യുന്നത് അതോ തെറേറാ എന്ന ദ്വന്ദം മനസ്സിലുണരും. കാല് നീട്ടിവെച്ച് വേഗം യാത്രക്കാരുടെ കൂട്ടത്തിൽ സ്വയം കടത്തിവിടും.

ഹൃഷീകേശത്ത് സന്യാസിമാർക്കുവേണ്ടി മൂന്നു നാല് സത്രമുണ്ട്. പന്ത്രണ്ടു മാസവും തുറന്നിരിക്കും, പഞ്ചാബിസത്രം; നേപ്പാളി സത്രം; ബാബാ കാളി കമ്പിളിവാലയുടെ സത്രം—വലിയ സത്രം ഇതാണ്. കൂററൻ ധർമ്മശാല, വമ്പിച്ച ഏർപ്പാടുകളും. ധർമ്മശാലയുടെ നാലു ഭാഗവും ചുററി അസംഖ്യം മുറികൾ. അനേകം സന്യാസിമാർ ഇവിടെ താമസിച്ച് ശാസ്ത്രാദ്ധ്യയനം ചെയ്യാറുണ്ട്.

മണി പത്തര. സംഘം സംഘമായി മഹാത്മാക്കളും സന്യാസി മാരും, ബാളളുകളും * വൈരാഗികളും വന്നുചേർന്ന് മുററം നിറച്ചിരി ക്കുന്നു. ഒരു മുറിയിൽ ഒരുപാട് കലങ്ങളിൽ നേർത്ത പരിപ്പും ഉരു ളികളിൽ ചപ്പാത്തിയും. അവർ ഓരോരുത്തരായി മുറിയുടെ മുമ്പിൽ ചെന്നു നിൽക്കുന്നു—ചിലരുടെ കൈയിൽ ഓട്, ചിലരുടെ കൈയിൽ കമണ്ഡലു, ചിലരുടെ കൈയിൽ കുടുക്ക, ചിലരുടെ കൈയിൽ കിണ്ടി. എട്ട് ചപ്പാത്തിയും രണ്ട് തവി പരിപ്പും വീതം അതിൽ ഇട്ടുകൊടുക്കുന്നു.

ഇങ്ങിനത്തെ തിരക്ക്, ഇത്രയേറെ ആളുകൾ—ഉന്തും തളളുമില്ല, കൂക്കും വിളിയുമില്ല, ഓട്ടവും ചാട്ടവുമില്ല; ഓരോരുത്തരും അവന വൻെറ ഇഷ്ടദേവതയുടെ പേരും വിളിച്ചുകൊണ്ട് നിർല്ലിപ്തഭാവ ത്തിൽ മുമ്പിൽ ചെന്നു നിൽക്കും ആഹാരവും വാങ്ങി അതേ പടി കടന്നുപോകും. കമ്പിയും മൂളിച്ചുകൊണ്ട് ഒരു വൈരാഗി നൃത്തം ചവിട്ടി അകത്തു കടന്നു, ആഹാരവും വാങ്ങി നൃത്തം ചവിട്ടിക്കൊണ്ടു തന്നെ തിരിച്ചുപോയി. ആഹാരം ശ്രദ്ധിക്കേണ്ടുന്ന ഒരു വസ്തുവേ അല്ല എന്ന മട്ടിൽ. 'വിശപ്പുണ്ട്, തിന്നണം, കൊണ്ടുപോണു'— എന്നൊരു ഭാവമാണ് എല്ലാവർക്കും.

രണ്ടുനേരം ഇതുപോലെ ആഹാരം നൽകാനുളള ഏർപ്പാടുണ്ട് ഇവിടെ. ഇതിന്ന് ഒരു മാററവുമില്ല, ഇഷ്ടവും ഇഷ്ടക്കേടും നോക്ക ലില്ല. വളരെയധികം മഹാത്മാക്കൾ അകലെ, വളരെയകലെ, കാട്ടിലും ഗുഹയിലുമാണ് താമസിക്കുന്നത്; അവർക്ക് രണ്ടു നേരം വരാൻ കഴിയില്ല. കാലത്തെ ജപവും തപവും കഴിഞ്ഞാൽ ഒരിക്കൽ പുറ ത്തിറങ്ങും; നടന്നുനടന്ന് ഗംഗയിലേക്ക് വരും. കുളിച്ച് ചപ്പാത്തിയും പരിപ്പും വാങ്ങി തിരിച്ചുപോകും. ദിവസം മുഴുവൻ പിന്നെ നിശ്ചി ന്തരാണ്.

ഈ സത്രത്തിൽനിന്ന് സന്യാസിമാർക്ക് എല്ലാ കൊല്ലവും ശീത കാലത്ത് കമ്പിളി കൊടുക്കാറുണ്ട്.

ഒരു വശത്ത് ആപ്പീസ് മുറി. മുറിക്കുളളിലും പുറത്തെ വരാ ന്തയിലും എട്ടു പത്ത് ജോലിക്കാർ കൂററൻ കണക്കുപുസ്തകങ്ങളുമായി കണക്കെഴുതാനും കൂട്ടാനും ഇരിക്കുന്നു. നിത്യവും എത്ര ഉറുപ്പിക യാണ് ഇവിടെ ചിലവാകുന്നതെന്നറിയില്ല. ഇപ്പോഴത്തെ മഠാധിപനു മുണ്ട് മുമ്പിൽ ഇരിക്കുന്നു. നാനാകർമ്മങ്ങൾക്കുവേണ്ട നിർദ്ദേശം

* ഗായകന്മാരായ ഭിക്ഷുക്കൾ—വാതുലശബ്ദത്തിൽ നിന്ന് (വിവ.)

കൊടുക്കുകയാണ്. ബാബാകാളി കമ്പിളിവാലയുടെ ഇത്തരം സത്രങ്ങൾ കേദാരബദരിവരെ ഓരോ തീർത്ഥസ്നാനകേന്ദ്രത്തിലുമുണ്ട്.

ബാബാ കാളി കമ്പിളിവാലയുടെ കഥയിതാണ്—അദ്ദേഹം തപസ്സുകൊണ്ട് സിദ്ധിനേടി കൽക്കത്തയിൽ ചെന്ന് ഗംഗയുടെ കടവിൽ ചെന്നിരിക്കുകയായിരുന്നു. ദിവസങ്ങളങ്ങിനെ കഴിഞ്ഞുപോയിട്ടും അദ്ദേഹം ആ സ്ഥലത്തുനിന്ന് ഇളകുകയോ ഉണ്ണുകയോ ഉറങ്ങുകയോ ചെയ്യുന്നില്ലെന്ന് ഒരു സേട്ടു കാണാനിടയായി. അതുകണ്ട് സേട്ടുവിന്റെ മനസ്സിൽ ഭക്തിയുളവായി. അയാൾ ഒരു ദിവസം കുറച്ച് പഴവും പലഹാരവും കൊണ്ടുവന്ന് സന്യാസിയുടെ മുമ്പിൽ വെച്ചു. സന്യാസി തലയാട്ടി കാണിച്ചു, കഴിക്കുകയില്ലെന്ന്. സേട്ടു താണുകേണ് പറഞ്ഞു 'ദയവുചെയ്ത് അൽപം കഴിക്കണേ.' സന്യാസി പറഞ്ഞു: 'ഒരു വാഗ്ദാനത്തിന്മേൽ മാത്രം കഴിക്കാം—എനിക്കു താങ്കൾ ഒരു ലക്ഷം ഉറുപ്പിക കൊണ്ടുവന്നു തരുമെങ്കിൽ.'

സേട്ടവർകൾ രാജിയായി. ഒരു ലക്ഷം ഉറുപ്പിക കൊണ്ടുവന്ന് സന്യാസിയുടെ കൈയിൽ കൊടുത്തു.

ചിലർ പറയുന്നത്, ബാബാകാളി കമ്പിളിവാല ഒരു ബംഗാളിയായിരുന്നുവെന്നാണ്. സാധനകൊണ്ട് സിദ്ധി നേടിയതിനുശേഷം അദ്ദേഹം കൽക്കത്തയിൽവന്ന് ഹാരിസൻറോഡിന്റെ തിരിവിൽ ഗ്യാസ് പോസ്റ്റിന് ചുവടെ നിൽപായി. ഒരാളും രണ്ടാളും മൂന്നാളുമായി അദ്ദേഹത്തെ ചുഴന്നുകൊണ്ട് ഒരാൾക്കൂട്ടം തന്നെ കൂടി; കുതിര നിന്നു, വണ്ടി നിന്നു, ഗതാഗതം സ്തംഭിച്ചുപോയി. പോലീസ് വന്ന് ബഹളം കൂട്ടി. സന്യാസിയെ അനക്കാൻ കഴിയുന്നില്ല, ആൾക്കൂട്ടം അനങ്ങുന്നില്ല. സന്യാസി പിടിച്ച പിടിതന്നെ: 'എന്റെ കാൽക്കൽ ഒരുലക്ഷം ഉറുപ്പിക വന്നുവീഴാത്തേടത്തോളം കാലം ഞാൻ ഇവിടെ ഇങ്ങിനെ നിൽക്കും, ഒരു കാല് പോലും അനക്കില്ല.'

അതെന്തോ ആവട്ടെ, രണ്ട് കഥകളിൽ സത്യമേതെങ്കിലുമാവട്ടെ, ബാബാ കാളി കമ്പിളിവാല ഒരുലക്ഷം ഉറുപ്പിക സമ്പാദിച്ച് തിരിച്ചുചെന്ന് പലേടത്തും സന്യാസിമാർക്കുവേണ്ടി സത്രങ്ങൾ തുറന്നു. തപസ്സിൽ മുഴുകിയിരുന്നാലും സന്യാസിമാർക്കും ശരീരസംരക്ഷണത്തിന്ന് അന്നവും ജലവും തണുപ്പുള്ളപ്പോൾ വസ്ത്രവും ആവശ്യമാണെന്നും ഇതു രണ്ടുമില്ലാഞ്ഞാലുളവാകുന്ന ദുഃഖവും കഷ്ടവും കാരണം തപസ്സിന് വിഘ്നം വരുമെന്നും ഉള്ള അസൌകര്യങ്ങൾ അദ്ദേഹം തപസ്സുചെയ്യുന്ന കാലത്ത് അനുഭവിച്ചറിഞ്ഞിരുന്നു. അതു

കൊണ്ടാണ് അദ്ദേഹത്തിൻെറ പ്രഥമകർമ്മംതന്നെ സന്യാസിമാർക്ക് നിശ്ചിന്തമായ മനസ്സോടെ സാധനയും ഭജനവും ചെയ്യാൻ കഴിയാനുള്ള ഏർപ്പാടുകൾ ചെയ്തുവെക്കുകയായത്. ബാബാ കാളി കമ്പിളിവാലയുടെ സങ്കൽപം സഫലമായി.

ഒരു ലക്ഷം കൊണ്ടാണ് പണി തുടങ്ങിയത്. പിന്നീട് വെള്ളച്ചാട്ടംപോലെ നാനാഭാഗത്തുനിന്നും പണം വന്നു വീഴാൻ തുടങ്ങി. വന്നു വീഴുന്നുണ്ട് ഇപ്പോഴും. വലിയ വലിയ സ്ഥിരം സത്രങ്ങൾ തുറക്കപ്പെട്ടു. സംഘം സംഘമായി സന്യാസിമാർ അവരവർക്കിഷ്ടപ്പെട്ട സ്ഥലം തിരഞ്ഞെടുത്ത് നിശ്ചിന്തരായി തപസ്സിനിരുന്നു.

കറുത്ത കമ്പിളി പുതച്ചിരുന്നതുകൊണ്ടാണ് അദ്ദേഹത്തിൻെറ പേർ ബാബാ കാളി കമ്പിളിവാലയെന്നായത്. അങ്ങിനെയാണ് ഈ സത്രത്തിൽ സന്യാസിമാർക്ക് കറുത്ത കമ്പിളി ദാനം ചെയ്യുക എന്ന ചടങ്ങുണ്ടായത്.

ശശി മഹാരാജ് പറഞ്ഞു: 'ഞങ്ങളുടെ പർണ്ണശാല കാണാം, വരൂ. വേറെ പലരുടെയും പർണ്ണശാലകളുണ്ട് അവിടെ. കഴിഞ്ഞ കൊല്ലം തീപിടിച്ച് ഇരുപത്തെട്ട് പർണ്ണശാലകൾ കത്തിപ്പോയിരുന്നു. ഞങ്ങളുടെ മിഷൻേറതും രണ്ടെണ്ണം അക്കൂട്ടത്തിൽ പോയിരുന്നു.'

ഞങ്ങൾ പട്ടണം കടന്ന് ഒരു ചരിവിലെത്തി. കുറച്ചു ചെന്നപ്പോൾ ആൾപ്പാർപ്പുള്ളേടം പിന്നിട്ട് ഒരു വെളിമ്പ്രദേശത്തെത്തി. മുന്നോട്ടു പോകുന്തോറും, മുമ്പിലത്തെ ഭൂമി പിന്നേയും പിന്നേയും കുത്തനെ ഇറങ്ങുന്നതായേ തോന്നുന്നുള്ളു.

ശങ്കരാചാര്യർ പ്രതിഷ്ഠിച്ച ഒരു ശിവക്ഷേത്രമുണ്ട് ഇവിടെ. ഭൂമിയ്ക്കുള്ളിൽ കുഴി കുത്തി അമ്പലം ഇരുത്തിയതുപോലുണ്ട്. ദൂരെനിന്ന് കണ്ടാൽ തോന്നും, ആരോ ഒരാൾ അമ്പലത്തിൻെറ വെൺതാഴികക്കുടം ഒരു താങ്ങുമില്ലാതെ പച്ച ദർഭപ്പുല്ലുകൾക്കുമീതെ കൊണ്ടു വെച്ചതാണെന്ന്. ശശി മഹാരാജ് പറഞ്ഞു: 'ഇരുപത്തിനാലിലെ വെള്ളപ്പൊക്കത്തിന് എല്ലാം മുങ്ങിപ്പോയിരുന്നു, വീടും കുടിയുമൊക്കെ ഒഴുകിപ്പോയിരുന്നു; പക്ഷെ അമ്പലം പണ്ടത്തെപ്പോലെത്തന്നെയുണ്ട്, ഇത്തിരിപോലും അങ്ങോ ഇങ്ങോ ആയിപ്പോയിട്ടില്ല.'

ആൾപ്പെരുമാററമില്ല എവിടേയും. ഞങ്ങൾ പടികളിറങ്ങി ഒരു പാട് താഴത്തേക്കിറങ്ങി ശിവൻെറ അടുത്തേക്ക് ചെന്നു. പുറത്തെ

വെളിച്ചത്തുനിന്ന് വന്നതായതുകൊണ്ട് എല്ലാം ഇരുട്ടുമൂടിയതുപോലെ തോന്നി. തലക്കറക്കം നിന്നപ്പോൾ, ഈ ഇത്തിരിവട്ടം സ്ഥലത്തിന്റെ ഒരു മൂലയുംചാരി ഒരു സന്യാസി കണ്ണടച്ച് ഏകാഗ്രതയോടെ ജപിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. ആരാണ് വന്നത് പോയത് എന്നതിനെപ്പററി ഒരു ഭ്രൂക്ഷേപം പോലുമില്ല.

ശങ്കരാചാര്യർ നാനാസ്ഥലങ്ങളിലും സ്വന്തം കൈകൊണ്ട് ശിവക്ഷേത്രം പ്രതിഷ്ഠിച്ചിരുന്നു. അവയിലൊന്നാണ് ഇതെന്നാണ് ജനശ്രുതി.

ഓരോ കാൽവെപ്പിലും കാല് മുട്ടുന്നു. നാലുപാടും ചെറുതും വലുതുമായ ചരൽക്കല്ലുകൾ ചിതറിക്കിടക്കുന്നു. വററിപ്പോയ പുഴയുടെ അടിത്തട്ടാണ് ഇതെന്നു തോന്നുന്നു. അങ്ങിനെത്തന്നെയായിരിക്കണം. ഇടക്കിടെ പച്ചപ്പുൽപ്പടർപ്പും കാടും പൊന്തയും കാണാനുണ്ട്. ഒരിടത്ത് ഒരു കാട്; കുറേയൊക്കെ ബാമ്പ്ലമരക്കാടു പോലെയുണ്ട്. കനം കുറഞ്ഞ ഇല; ആരംഭിക്കുമ്പോഴേക്കും കാററിൽ അലിഞ്ഞുചേരും പോലെയുണ്ട്.

ശശിമഹാരാജ് പറഞ്ഞു: 'അവ കാട്ടുമരങ്ങളാണ്, താനേ വളരും. വേനൽക്കാലത്ത് സ്ഥലത്തിന് നല്ല കുളിര് നൽകും.'

ഇപ്പുറത്ത്, കാട്, അപ്പുറത്ത് കുന്ന്, നടുക്ക് പുഴ. അഴകുററ കാഴ്ച.

കറുത്തുയർന്ന കുന്നിൻ നിരകൾ നീണ്ട നിഴൽ വീഴ്ത്തി ചെങ്കുത്തായ ആ സ്ഥലം മുഴുവൻ മൂടിയിരിക്കുന്നു. കുന്നിൻ കാൽ കഴുകിക്കൊണ്ട് ഒരരുവി മെല്ലെമെല്ലെ ഒഴുകുന്നു. ആ അരുവിയുടെ കരക്ക്, നിഴലുകൊണ്ട് മൂടിയ മിനുത്ത മണ്ണിൽ സന്യാസിമാർ സ്വന്തം കൈകൊണ്ട് താന്താങ്ങളുടെ പർണ്ണശാലകൾ കെട്ടിയിരിക്കുന്നു. ചിലർ വൈക്കോൽ കൊണ്ട്, ചിലർ കല്ലിൻ തുണ്ടങ്ങൾ പടുത്തുവെച്ച്, ചിലർ മൺചുമർ കെട്ടീട്ട്, ചിലർ നെല്ലറ കെട്ടീട്ട്.

ആദ്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. വണ്ണം കുറഞ്ഞ് ഉയർന്ന നെല്ലറപോലെ എന്തോ കണ്ടിട്ട് മുന്നോട്ടു ചെന്നു. ഒരു വശത്ത് തട്ടി കൊണ്ട് മറച്ച ഒരു വാതിൽ മാത്രമുണ്ട്, ഒരാൾക്കുമാത്രം കഷ്ടിച്ച് മുട്ടുകുത്തിയിഴഞ്ഞ് കടക്കാം. നടക്കാനും കിടക്കാനും പററില്ല അതിൽ. കിടക്കുകയാണെങ്കിലും മുട്ടു മടക്കീട്ടേ പററു. ശശിമഹാരാജ് പറഞ്ഞു: 'ഇവയ്ക്ക് ചിലവ് കുറവാണ്. അതാണ് പലരും ഇതു പോലുള്ള പർണ്ണശാല കെട്ടി പാർക്കുന്നത്.

സന്യാസിമാരല്ലാതെ വേറെയാരും താമസിക്കുന്നില്ല ഇവിടെ. അവർ മിക്കവാറും എല്ലാവരും താന്താങ്ങളുടെ വാതിൽക്കൽ തട്ടി ചേർത്തുവെച്ച് സത്രത്തിലേക്ക് പോയിരിക്കയാണ്. കൊച്ചുകൊച്ചു കുടീരങ്ങൾക്ക് നല്ല വൃത്തിയും വെടിപ്പുമുണ്ട്. ചിലർ സമയാനുസരണം കളിമണ്ണിന്നുമുകളിൽ കാവിമണ്ണ് തേച്ചിട്ടുണ്ട്. തുമ്പു കെട്ടിയ ഇത്തിരിപോന്ന മുററം ചരൽ നിരത്തി അലങ്കരിച്ചിരിക്കുന്നു. മുററം തൊട്ടുകൊണ്ട് ചെണ്ടുമല്ലികച്ചെടികൾ വെച്ചുപിടിപ്പിച്ചിരിക്കുന്നു. അവിടെയും ഇവിടെയുമായി മൂന്നുനാല് നീർമ്മരുതും ചമതയുമുണ്ട്. മനുഷ്യന്ന് എവിടെ താമസിച്ചാലും, തന്റെ മനസ്സിലെ സൌന്ദര്യത്തെ പ്രകാശിപ്പിക്കാതിരിക്കാൻ കഴിയില്ല. നീർമ്മരുതിന്റെ നിഴൽ ചിത്രം വരച്ചിരിക്കുന്ന ആ മുററത്തിരുന്ന് അരുവിയിൽനിന്ന് ഒരു കുടന്ന വെള്ളം കോരി കണ്ണിലും തലയിലും ഒഴിക്കാൻ തോന്നും.

ആ കൊച്ചുനദിയുടെ പേർ ചന്ദ്രഭാഗയെന്നാണ്—മററെങ്ങും ചെല്ലാത്ത മനസ്സോടെ സന്യാസിമാരെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന സുശീലയായ ഒരു പെൺകിടാവിനെപ്പോലെയുണ്ട്.

സുന്ദരമായ ചുററുപാട്. അതിമനോഹരമായ സ്ഥലം. ശാന്തം, ഗംഭീരം. ധരണീമാതാവ് ഇവിടെ പതുക്കെപ്പതുക്കെയാണ് സംസാരിക്കുന്നത്. കാററ് മെല്ലെ വീശുന്നു, അരുവി ഒച്ചയില്ലാതെ ഒഴുകുന്നു, ഓരോന്നും മിണ്ടാതെ അതതിന്റെ പണിയെടുക്കുന്നു. സ്തബ്ധമായ ദിഗന്തം. തപസ്സിന് അനുപമമായ സ്ഥാനം. വിശാലഗംഭീരമായ പർവ്വതം നെഞ്ഞുവിരിച്ചിട്ടുള്ള, ഭയം തീണ്ടാത്ത സ്ഥലം.

സംസാരത്തിലെ ബഹളങ്ങൾ ഒഴിഞ്ഞുമാറി ഇത്തരം സ്ഥലത്ത് ഏകാകിയായി പാർക്കുക—മനസ്സിന്റെ മറെറാരു വിലാസമാണിത്. ഇവിടെ വന്ന് താമസിക്കാൻ കഴിയുന്നവരോട് അസൂയ തോന്നുന്നു. മനസ്സിനെ അടക്കാൻ ഇത് നിശ്ചിന്തമായ ഒരാശ്രയസ്ഥാനംതന്നെ.

ഹൃഷീകേശത്തുനിന്ന് സ്വർഗ്ഗദ്വാരം കുറച്ചുകൂടി മൈൽ അകലെയാണ്. വഴിക്ക് ഒരു പാലത്തിൻ മുകളിലൂടെ പോയ്ക്കൊണ്ടിരിക്കെ ശശിമഹാരാജ് പറഞ്ഞു: 'ചന്ദ്രഭാഗയെ ശാന്തസ്വഭാവിയെന്നാണ് പറയുക—ചന്ദ്രഭാഗയല്ല, ഹതഭാഗ്യയാണ്. പൊട്ടിത്തെറിച്ച നദി. പൊടുന്നനെയങ്ങ് കോപിക്കും, പിന്നെ ഒരു ബോധവുമില്ല. ഇതാ ഈ പാലത്തിന്റെ ചുവട്ടിൽ ഉണങ്ങിയ മണലും ചരലും നിറഞ്ഞ വിസ്തൃതമായ ഭൂമി കാണുന്നില്ലേ, ഇവിടെ മുമ്പൊരു പട്ടണമായി

രുന്നു. എവിടെപ്പോയി അതൊക്കെ; അടയാളം പോലുമില്ല ഇപ്പോഠം. അതാ നോക്കു, ഇടക്കിടക്ക് പട്ടണത്തിലെ കിണറുകഠം മാത്രമുണ്ട് അതേപടി നിൽക്കുന്നു; വെള്ളപ്പൊക്കത്തിൽ മററെല്ലാം ഒലിച്ചുപോയിരിക്കുന്നു.

'ആ കിണറോരോന്നും ചുററിക്കൊണ്ട് ഒരുകാലത്ത് ഒന്നാംതരം എടുപ്പുകളും തെരുവുകളും പട്ടണവും ഉണ്ടായിരുന്നില്ലേ, ആ സ്ഥലം ഇന്ന് ചരലും പൂഴിയും നിറഞ്ഞ വരണ്ട മരുപ്രദേശമാണ്. അങ്ങുമിങ്ങുമുള്ള ഉയർന്ന ആഠമറ കെട്ടിയ കിണറുകഠം ഒരു മഹാശ്മശാനത്തിൻെറ സാക്ഷികളെപ്പോലെയുണ്ട്.'

ഒരിടത്ത് ഉപ്പുനിറച്ച തോലുറകഠം കൂമ്പാരം കൂട്ടി താർപ്പായ കൊണ്ട് മൂടിവെച്ചിരിക്കുന്നു. പർവ്വതവാസികളായ കച്ചവടക്കാർ ഇവ ആട്ടിൻപുറത്ത് കേററി കുന്നിൻമുകളിലേക്ക് കയറും. പോകുംവഴി ഇവിടെ ഇറക്കി തളർച്ച മാററുകയാണെന്നു തോന്നുന്നു. ആട്ടിൻപററം പുല്ലന്വേഷിച്ച് ചരലിന്നിടയിൽ മുഖമുരച്ചുകൊണ്ട് അലഞ്ഞുനടക്കുന്നു.

ഏതാനും കുഷ്ഠരോഗികഠം കൂട്ടം ചേർന്ന് ഓടിവന്ന് വണ്ടി വളഞ്ഞ് നിൽപായി. അവരുടെ കൈയിലും വായയിലും മൂക്കിലും ഈച്ച മൂളിക്കൊണ്ട് പറക്കുന്നു. പൈസ വേണം, ആഹാരം വാങ്ങിക്കഴിക്കാനാണ്. അടുത്തുള്ള ഒരു കുന്നിൻ ചരിവിൽ ഒരു കുഷ്ഠാശ്രമമുണ്ട്. വഴിക്കു വന്ന് ഇങ്ങിനെ പിച്ചയെടുക്കാൻ ഇവർക്ക് അനുവാദമുണ്ട്. അററുവീണ കൈയിൽ ഏട്ടൻ പൈസയിട്ടു കൊടുത്തു. ഈ പൈസ തന്നെയായിരിക്കും ഒരു വേള ഞങ്ങഠം ഉറുപ്പിക ചില്ലറ മാററാൻ ചെന്ന് പീടികക്കാരനിൽ നിന്ന് വാങ്ങുക.

ഏട്ടൻ പറഞ്ഞു: 'ഇതുകൊണ്ടൊന്നും കുഷ്ഠം പകരില്ല; രക്തത്തിൽ കലർന്നാലേ പേടിക്കാനുള്ളു—മെഡിക്കൽ പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്.'

ഗംഗയുടെ കരയ്ക്ക് വണ്ടി നിന്നു. ഇക്കരയുടെ പേര് രാമതീർത്ഥമെന്ന്, അക്കരെ സ്വർഗ്ഗദ്വാരം. രാംസാധുപഞ്ചാബിയായിരുന്നു, നന്നെ ചെറുപ്പത്തിൽതന്നെ സിദ്ധി നേടി. ശിഷ്യസംഘം ഒന്നിനുശേഷം ഒന്നായി പെരുകിക്കൊണ്ടേയിരുന്നു—ഗുരുവിനെ ചുററിപ്പററിയിരിക്കും സർവ്വനേരവും. ഗുരുവിന്ന് ജനസംസർഗ്ഗം ഇഷ്ടമല്ല. ഏകാകിയായിരിക്കാനാണ് അദ്ദേഹം കൊതിക്കുന്നത്. അത് നടക്കുന്ന മട്ടില്ല. ഒടുക്കം ഒരു ദിവസം ആ അൽപവയസ്സിൽത്തന്നെ

അദ്ദേഹം ഇവിടത്തെ ഈ ഉയർന്ന കുന്നിൻ മുകളിൽനിന്ന് ഗംഗയിലേക്ക് എടുത്തുചാടി. അതിനുശേഷം വളരെ കാലം കഴിഞ്ഞിട്ട് ഇവിടെ ആരോ ഒരു കടവു കെട്ടി. രാംസാധുവിന്റെ ഓർമ്മക്കായിട്ടാണ് ഇതിന്ന് രാമതീർത്ഥമെന്ന് പേരിട്ടത്.

രാമതീർത്ഥത്തിൽ ഒരു കടത്തുവഞ്ചി മാത്രമുണ്ട്, വഴിപോക്കർ ദിവസം മുഴുവൻ അക്കരയ്ക്കും ഇക്കരയ്ക്കും ചെല്ലും. ഇതും ബാബാ കാളി കമ്പിളിവാല ചെയ്ത ഏർപ്പാടാണ്.

തോണിയിൽ കയറി ഞങ്ങൾ സ്വർഗ്ഗദ്വാരത്തിലെത്തി. യുധിഷ്ഠിരാദി പഞ്ചപാണ്ഡവന്മാർ ദ്രൗപദിയേയും കൂട്ടി സ്വർഗ്ഗത്തിലേക്കുള്ള വഴിക്ക് പുറപ്പെട്ടത് ഈ സ്വർഗ്ഗദ്വാരത്തിലൂടെയാണ്.

വലിയേച്ചി പറഞ്ഞു: 'ഇത്രയും പവിത്രമായ ഒരു സ്ഥലം, അതിനും പുറമെ ഭൂമിയിലെ മണ്ണോട് ഗംഗ ആദ്യമായി ചേരുന്നത് ഈ പുണ്യഭൂമിയിലാണ്; ഇവിടെ ഒന്നു മുങ്ങാതെ പററുമോ?'

വാസ്തവം തന്നെ, എന്തൊരു അഴകാണ് ഗംഗയ്ക്ക് ഇവിടെ! അതിന്റെ ചിരിക്കും കളിക്കും ഒരവസാനവുമില്ല. പച്ചയും നീലയുമായ ജലധാര അതിവേഗം കുതിച്ചുപായുന്നു—ഉദ്ദാമമായ ഗതി; ഉച്ഛൃംഖലമായ ഭാവം. ഏതൊരു വിളിയുടെ താഡനയാൽ കുലവധുകളങ്കഭയം മറന്ന് വീടുവിട്ടിറങ്ങുന്നുവോ, ആ സർവ്വനാശകമായ പ്രേമാഹ്വാനം കാതിലലച്ചിട്ടാണെന്നു തോന്നും.

കാട്ടിൽനിന്ന് മരം മുറിച്ച് വെള്ളത്തിൽ വീഴ്ത്തുന്നു. കൂട്ടം കൂട്ടമായി ആ മരത്തടികൾ ഒഴുക്കിന്റെ ശക്തികൊണ്ട് ഒലിച്ചുപോകുന്നു. ഈ മരത്തടികളാണ് വെള്ളത്തിൽനിന്ന് എടുത്ത് ഹരിദ്വാരത്തിലെ ആ വററിയ ചാലിൽ കൂട്ടിവെക്കുന്നത്. ചിലേടത്ത് മരത്തടികൾ വെള്ളത്തിലെ ചുഴിയിൽ പെട്ട് ഒരിടത്തുതന്നെ ചുററിത്തിരിയുന്നു. ചിലേടത്ത് പാറമേൽ തട്ടി ഒന്നിനു മീതെ മറെറാന്നായി തടഞ്ഞുനിൽക്കുന്നു. സർക്കാർ ജോലിക്കാർ വന്ന് ഇടക്കിടെ നീണ്ട ചുക്കാൻകൊണ്ട് തള്ളി അവയെ വേർപെടുത്തും. ഒഴുകുന്ന മരത്തടിക്കുമീതെ കടൽപ്പുള്ളിൻകൂട്ടവും ഒഴുകിപ്പോകുന്നു. നനഞ്ഞ മരത്തടിമേൽനിന്ന് അവ എന്തോ കൊത്തിത്തിന്നുന്നു. നീല ഗംഗയിൽ വെളുത്തതും കറുത്തതുമായ ചിറകുകളോടെ അരയന്നകൾ നീന്തിക്കളിക്കുന്നു. ദൂരെയെങ്ങോ പോകുന്നതിന്നിടക്ക് പെട്ടെന്ന് നടുവഴിക്ക് തങ്ങിയതായിരിക്കണം.

ഞങ്ങൾ സ്വർഗ്ഗദ്വാരത്തിലെ കെട്ടിപ്പടുത്ത കടവിൽ കുളിച്ചു കേറി. കടവിൻെറ ഒരു വശത്ത് ശിവക്ഷേത്രം, മറുവശത്ത് വിഷ്ണു ക്ഷേത്രം. ശിവൻെറ ശിരസ്സിൽ ജലമൊഴിച്ച് പ്രസാദമായ കുങ്കുമം നെററിയിൽതൊട്ട് വിഷ്ണുവിന്നടുത്തേക്ക് ചെന്നു. വെണ്ണക്കല്ലു കൊണ്ടുള്ള വിഷ്ണു ഇരിക്കുന്നതു കണ്ടാൽ ധ്യാനമഗ്നനായ ബുദ്ധ ദേവനെപ്പോലെയുണ്ട്; അതേ രീതിയിൽത്തന്നെ. പുതിയ സമ്പ്രദാ യത്തിലുള്ളതാണ്. മുഖത്തിൻെറ വടിവ് അഴകാർന്നതാണ്.

ശൂന്യമായ അമ്പലം. അടുത്തൊന്നും ആരുമില്ല. ശാന്തിനിറഞ്ഞ ചുററുപാട്. വലിയേച്ചി വിഷ്ണുവിന് അഭിമുഖമായി ചുമർ ചാരി ഇരിപ്പായി. അവർ കുറച്ചു സമയമെടുക്കുമെന്ന് എനിക്കു മന സ്സിലായി.

ഞാൻ ഒച്ചയുണ്ടാക്കാതെ നടന്ന് പുറത്തിറങ്ങി. കടവിന്ന് മേല ത്തെ തടിച്ച തൂണിൻമേൽ ഗംഗയ്ക്ക് അഭിമുഖമായി പുറംചാരി ഇരി പ്പായി.

നാലുപാടുമുള്ള ഉയർന്ന നീലക്കുന്നിൻനിര അത്രയും നേർത്ത താണെന്ന്, ഇപ്പോൾ വേണമെങ്കിൽ പറന്നുചെന്ന് നീലാകാശത്തിൽ ലയിച്ചുചേരാമെന്ന്, തോന്നും. വെള്ളത്തിലും കരയിലും മാനത്തും നീലനിറത്തിൻെറ പരപ്പ് തന്നെ. ഇവിടെ എല്ലാററിൻമേലും കോരി യൊഴിച്ചതുപോലുണ്ട്. നീലനിറത്തിൻെറ ഈ ധാരാളിത്തം—മനസ്സിനെ സ്തബ്ധവും ആകുലവുമാക്കുന്നു. ഞാൻ ചേലത്തലപ്പ് വലിച്ച് രണ്ടു കൈകൊണ്ടും നെഞ്ഞത്തമർത്തിപ്പിടിച്ചു.

'നീ ഇവിടെ ഇരിക്കയാണോ? എന്നിട്ട് ഞങ്ങളെത്രയായി തേടി യലയുന്നു.

ഏട്ടനുണ്ട് മുമ്പിൽ നിൽക്കുന്നു. അദ്ദേഹം പറഞ്ഞു: 'ആ ഭാഗ ത്ത് കുറച്ചങ്ങോട്ടു ചെന്നാൽ ഗീതാഭവനമായി, കാണേണ്ടതാണ്, പോ യി കണ്ടുവരു. ഞങ്ങൾ ഇതാ ഇപ്പോൾ കണ്ടുവന്നതേയുള്ളു.'

ഗംഗയുടെ അക്കരെനിന്നുതന്നെ, കെട്ടിപ്പടുത്ത വിസ്തൃതമായ കടവിൻ മുകളിൽ വലിയൊരു ചുകന്ന കെട്ടിടം കണ്ടിരുന്നു. ആ കെട്ടിട മാണ് ഗീതാഭവനം.

അടുത്തു ചെന്നപ്പോൾ ഗീതാഭവനത്തിൻെറ ചുമരുകൾ നിറയെ മുഴുവൻ ഗീതയും കൊത്തിയെഴുതിവെച്ചിരിക്കുന്നത് കണ്ടു. ചുകന്ന സിമൻറിൻെറ ചുമരിൻമേൽ വെള്ളനിറത്തിൽ കൊത്തിവെച്ചിട്ടുള്ള

സംസ്കൃതശ്ളോകങ്ങൾ—നല്ല ചന്തമുണ്ട് കാണാൻ. അടിമുടി ഒരേ വലിപ്പത്തിൽ വടിവൊത്തു സുന്ദരമായ അക്ഷരങ്ങൾ. ദൂരെനിന്ന് അത്ഭുതകരമായ ഒരു എഫക്റ്റ് തരുന്നു. എത്രയെത്ര ശിൽപവേല യാണ് കെട്ടിടത്തിൻെറ ചുമരിൻമേൽ എന്നറിയില്ല. അക്കരെനിന്ന് അതുതന്നെ വിചാരിച്ചിരുന്നുതാനും.

മുമ്പിലത്തെ നീണ്ട് മറവുള്ള വരാന്തയുടെ ചുമരിന്മേൽ അടു ത്തടുത്തായി ഒരു നിര വർണ്ണചിത്രങ്ങൾ, ഗീതയെ വ്യാഖ്യാനിച്ചും കൊണ്ട്. നേർത്ത ടിന്നിൻ തകിടിൻമേൽ എണ്ണച്ചായംകൊണ്ട് വരച്ച താണ്. ഇപ്പോഴും വരക്കുന്നുണ്ട്. കൽക്കത്തയിൽ നിന്ന് ശിൽപി 'സർകാർ' സഹായത്തിനൊരു ശിഷ്യനേയും കൂട്ടി വന്നിട്ടുണ്ട്. അവർ ഒരു മുറിയിലിരുന്ന് പണിയെടുക്കുന്നു. എണ്ണച്ചായപ്പണി ഉണങ്ങാൻ സമയമെടുക്കും. അവർ അഞ്ചാറ് ചിത്രങ്ങളുടെ പണി ഒന്നിച്ചു തുട ങ്ങിയിരിക്കയാണ്. ചിലത് ഉണങ്ങിക്കഴിഞ്ഞിട്ടുണ്ട്, ചിലത് ഉണ ങ്ങുകയാണ്, ചിലതിൻമേലാകട്ടെ ചായം അങ്ങനെത്തന്നെ നിൽക്കു ന്നു. തണുപ്പുള്ള സ്ഥലത്ത് അഞ്ചാറു ദിവസമെങ്കിലും എടുക്കും ഉണങ്ങാൻ. ഒരു നിറം നന്നായി ഉണങ്ങുന്നതിനുമുമ്പ് അതിൻമേൽ മറെറാരു നിറം കൊടുക്കാൻ പററില്ലെന്നതാണ് എണ്ണച്ചായത്തിൻെറ തരക്കേട്.

ശശിമഹാരാജ് വന്ന് തിടുക്കം കൂട്ടി. 'ഗരുഡ ചട്ടി' കാണാൻ പോകേണ്ടതുണ്ട്. അദ്ദേഹത്തിൽ നിന്നുതന്നെ കേട്ടതാണ്, അവിടെ ഒരു വെള്ളച്ചാട്ടമുണ്ടത്രെ—മുകളിൽനിന്ന് മരത്തിൻെറ ഇലകൾ വെള്ള ത്തിൽവീണ് അപ്പോൾത്തന്നെ 'ഫോസിൽ' ആയി മാറും. അതുകേട്ട് ഞാൻ നിർബ്ബന്ധം പിടിച്ചിരുന്നു, കാട്ടിത്തന്നേ കഴിയൂ എന്ന്. അതു കൊണ്ട് അദ്ദേഹം തിടുക്കംകൂട്ടി പറഞ്ഞു. 'ഒരുപാട് ദൂരം പോകാനു ണ്ട്, സന്ധ്യക്കു മുമ്പായി തിരിച്ചുവരികയും വേണം. ഇവിടെ വൈകിച്ചാൽ പററുന്നതെങ്ങിനെ? '

ഞങ്ങൾ കുന്നുചുററി കല്ലും ചരലും ചവിട്ടി ഉയർന്നും താണുമു ള്ള വഴി താണ്ടാൻ തുടങ്ങി.

ചൂളക്കു വെച്ച ഇഷ്ടികകളെക്കൊണ്ട് കെട്ടിയ ഒരുപാട് കൊച്ചു കൊച്ചു കുടീരങ്ങളുണ്ട് സ്വർഗ്ഗദ്വാരത്ത്. ഹൃഷീകേശത്തിലുമധികം നിർജ്ജനമാണ് സ്വർഗ്ഗദ്വാരം. ആൾപ്പാർപ്പില്ലെന്നുതന്നെ പറയാം. ഏകാന്തമായി സാധന അനുഷ്ഠിക്കാൻ വിചാരിക്കുന്നവരേ ഇവിടെ താമസിക്കാറുള്ളു. ബാബാ കാളി കമ്പിളിവാല ഇവിടെ ഒരുനൂറ് നല്ല കുടീരങ്ങൾ കെട്ടിക്കൊടുത്തിരുന്നു. നല്ല കുടീരമെന്നുവെച്ചാൽ—

ഒരു കൊച്ചുമുറി, വല്ലപാടും കിടക്കാനും ഇരിക്കാനും പററും. എന്നാൽ, ഗുഹാഗഹ്വരങ്ങളിൽ തപസ്സ് ചെയ്യേണ്ടവർക്ക് ഇതിലും വലിയ മുറികൊണ്ട് എന്തു പ്രയോജനം? പോകുന്നതിനിടയിൽ ധ്യാനമഗ്നരായ അനേകം സന്യാസിമാരെ കാണാനിടയായി. ചിലർ ഇരുട്ടത്ത് ഇരുന്നുകൊണ്ടും ചിലർ മുമ്പിൽ നെരിപ്പോട് കത്തിച്ചും. പഴക്കം ചെന്ന കൂററൻ മരങ്ങളാൽ മൂടിയ കുടിലുകൾ, മാന്തോപ്പിൻെറ ഇടകളിൽ സന്യാസിമാരുടെ കുടീരങ്ങൾ—പുസ്തകത്തിൽ വായിച്ച തപോവനങ്ങളിലെ ഋഷിമുനിമാരുടെ ആശ്രമംപോലെ, വനവാസകാലത്തെ സീതയുടെ പാർപ്പിടംപോലെ, അഴകും വെടിപ്പുമുള്ള മുററം, മരക്കൊമ്പിന്മേൽ ത്രിശൂലവും ഡമരുവും തൂങ്ങുന്നു. സന്യാസിമാർ ചിലർ വെള്ളച്ചാട്ടത്തിൻെറ ചാലിൽ ആഹാരത്തിനുള്ള പാത്രങ്ങൾ മോറിവെക്കുന്നു, ചിലർ ഗംഗയിൽ നിന്ന് വെള്ളം കോരിക്കൊണ്ടുവരുന്നു, ചിലർ കൊച്ചു ഉമ്മറത്തിരുന്ന് സർവ്വവും മറന്ന് ഭഗവന്നാമം പാടുന്നു. ഇത് മറെറാരു ലോകമാണ്. ഏതൊരു സുഖത്തിൻെറ സൂചന കിട്ടീട്ടാണ് എല്ലാവരും പൊന്നിൻകുടുംബമുപേക്ഷിച്ച് ഇവിടെ വന്ന് ഈ പൊടിയണിഞ്ഞ കുടുംബം സ്ഥാപിച്ച് അതിൽ മുഴുകിക്കഴിയുന്നത്—മനസ്സിൽ ചിന്തയുണരുകയാണ്.

വലിയേച്ചി പറഞ്ഞു: 'ഏതൊരു ധനം നേടിധനിയായ് മാണിക്യത്തെ, ചേതസി നിനപ്പീലാ മാണിക്യമേന്നേ ഭവാൻ'—അതിൻെറ വല്ല സൂചനയും, അപ്പോൾ, ഇവർക്ക് കിട്ടീട്ടുണ്ടോ? കണ്ടില്ലേ എന്തൊരു പരമസുഖത്തെ സൂചിപ്പിക്കുന്ന മുഖഭാവമാണ്. നമ്മളോ, എന്തിൽനിന്ന് എത്രത്തോളം സുഖം കിട്ടുമെന്ന ആധിയും ആവലാതിയുംകൊണ്ടുതന്നെ തുലയുന്നു. നമുക്കുണ്ടോ വല്ലതും മനസ്സിലാക്കാനാവുന്നു?

ഞാൻ മനസ്സിലുരുവിട്ടു—'യേനാഹം നാമൃതസ്യാം കിമഹം തേന കുര്യാം.

യാജ്ഞവല്ക്യ മുനി സംസാരം സന്ത്യജിച്ച് കാട്ടിലേക്ക് പോകയാണ്; പത്നിമാർക്ക് നാനാധനവും രത്നവും പശുവും ദാനം ചെയ്കയാണ്—ഇതെടുത്തോ, ഇതെടുത്തോ.

മൈത്രേയി ചോദിച്ചു: ഇതെടുത്താൽ ഞാൻ അമർത്ത്യയാവുമോ?

'ഇല്ല.'

'ഇതെടുത്താൽ?'

'ഇല്ല.'

'ഇതെടുത്താൽ?'

'ഇല്ല.'

'എന്നാൽ, പ്രഭോ, ഏതൊന്നെടുത്താൽ ഞാൻ അമർത്ത്യയാവാൻ പോകുന്നില്ലയോ, അതെടുത്തിട്ട് ഞാനെന്ത് ചെയ്യാനാണ്?'

'ഇതാണ് കേദാരസദരിയിലേക്കുളള വഴി' ശശിമഹാരാജ് ഏട്ടന് പറഞ്ഞു കൊടുത്തു 'നടന്നു പോവണമെങ്കിൽ ഈ വഴിക്കാണ് പോകേണ്ടത്''

ഇവിടെനിന്ന് നൂററുപത്തഞ്ച് മൈലേയുള്ളു കേദാരബദരിക്ക്. അക്കരയ്ക്ക് മോട്ടോർ വണ്ടികൾക്കു പോകാവുന്ന റോഡുണ്ട്, ദേവപ്രയാഗ് വരെ. ഞങ്ങൾ മുന്നോട്ടു നീങ്ങി. പർവ്വതവാസികളുടെ സംഘം കാളവണ്ടിയിലും കുതിരവണ്ടിയിലുമായി ഞങ്ങളെ കടന്ന് മുമ്പേ പോകുന്നു. പുറത്ത് കുട്ടിയേയും കെട്ടിത്തൂക്കി നേപ്പാളി ദമ്പതികൾ ഭ്രൂക്ഷേപം പോലുമില്ലാതെ ഞങ്ങളെ കടന്ന് വേഗം വേഗം പോകുന്നു. തരുണികളായ കുടുംബിനിമാർ ചിരിച്ചും കൊണ്ട് കുന്നു ചുററിക്കേറി കൺമുമ്പിൽനിന്ന് മറയുന്നു. ചന്തയിൽനിന്ന് സാമാനം വാങ്ങി ഭാണ്ഡം തലയിലേററി ഗൃഹസ്ഥന്മാർ പട്ടണത്തിൽ നിന്ന് തിരിച്ചുവരുന്നു. എല്ലാരും തന്നെ വരുന്നു; പോകുന്നു; വളവ് തിരിഞ്ഞു തിരിഞ്ഞില്ലെന്നാവുമ്പോഴേക്കും കണ്ണിൽനിന്ന് മറയുന്നു. ഞങ്ങൾ ഏതാനും ജീവികളാവട്ടെ, നടക്കുകതന്നെ, നടക്കുകതന്നെ. ഞാൻ ചോദിച്ചു, 'എവിടെയാണ് ഇതിൻെറ അവസാനം?' ദിവസം മുഴുവൻ ചുററിയലഞ്ഞതാണ്, കാല് ഇനി നീങ്ങുന്ന മട്ടില്ല. 'ഓ ശശി മഹാരാജ്, ഇനിയെത്ര ദൂരമുണ്ട്?.'

ശശി മഹാരാജ് പരുങ്ങുകയാണ്; അദ്ദേഹം പറഞ്ഞു: 'പതിനൊന്നു കൊല്ലം മുമ്പ് വന്നതാണ്, ശരിക്കും എത്ര ദൂരെയാണ് ''ഗരുഡ ചട്ടി'' എന്ന് അത്ര കൃത്യമായി ഓർമ്മിക്കാൻ കഴിയുന്നില്ല.'

പതിനൊന്ന് കൊല്ലം മുമ്പ് വളരെ അടുത്തായിരുന്ന ഒന്ന്, പതിനൊന്നു കൊല്ലത്തിനുശേഷം അകലേയ്ക്ക് പോയ്ക്കളയുമോ, ആവോ!

വലിയേച്ചി പറഞ്ഞു: 'പോട്ടെ, ഫോസിൽ കാണേണ്ട ആവശ്യമില്ല. മടങ്ങിപ്പോവാം'.

ഇത്രയും വന്നിട്ട് അത്രതന്നെ മടങ്ങിപ്പോവുക; എന്നിട്ട് ഒന്നും കാണാതിരിക്കുകയുമെന്നോ?.

അതാ ഒരു ശബ്ദം കേൾക്കാനുണ്ടല്ലോ——ഝർ ഝർ, ഝർ ഝർ. വെള്ളച്ചാട്ടത്തിന്റെ ശബ്ദമല്ലേ?.

ശശിമഹാരാജ് ശബ്ദം കേൾക്കുന്നേടത്തേക്ക് പാഞ്ഞു. പിന്നാലെ ഞങ്ങളും പാഞ്ഞു.. ഹാ കഷ്ടമേ, പർവ്വതത്തിലെ ശബ്ദം മായാവിനിയുടെ വിളി പോലെയാണല്ലൊ. എവിടെ, എവിടെ ആരുണ്ട്? മൈലും ഫർലോങ്ങും കാണുകയും കണക്കാക്കുകയുമൊക്കെ ചെയ്യുന്നുണ്ട്, ഏതോ വേണ്ടത് അതിനെ കിട്ടുന്നതെവിടെ?.

ഞങ്ങൾ മുമ്പും പിമ്പുമായി കാൽ നീട്ടിവെച്ചും കൊണ്ട് നടക്കുക തന്നെയാണ്. നടന്നുകൊണ്ടേയിരിക്കുന്നതിനിടയിൽ പെട്ടെന്നൊരിക്കൽ കാണായി, ഇടത്തു ഭാഗത്തെ കുന്നിന്മുകളിൽ നിന്ന് വെള്ളച്ചാട്ടം വളഞ്ഞു തിരിഞ്ഞ് ചാലിലൂടെ താഴേക്ക് കുതിച്ചിറങ്ങുന്നത്.

ശശിമഹാരാജ് പറഞ്ഞു: 'ഓർമ്മ തോന്നുന്നേടത്തോളം, മുകളിലേക്ക് കേറേണ്ടിവരും.'

പക്ഷെ ആർ പറഞ്ഞുതരും വഴി?.

''ചട്ടി''യിലെ ഒരു പണ്ഡ പറഞ്ഞു: 'നേരെ കേറിപ്പോവു. അവിടെ ഒരു മഹാത്മാവുണ്ട്, അദ്ദേഹത്തോട് പറഞ്ഞാൽ മതി, വഴി കാട്ടിത്തരും.'

ഞങ്ങൾ ചാലിന്റെ വക്കത്തൂടെ മുകളിലോട്ട് കേറാൻ തുടങ്ങി. നല്ലവണ്ണം കുറച്ചുദൂരം കേറിയപ്പോൾ ഇലകൊണ്ട് മേൽപ്പുര കെട്ടിയ ഒരു തുറന്ന കുടീരത്തിൽ ഒരു സന്യാസിയെ കണ്ടുമുട്ടി. സന്യാസി നെരിപ്പോടും കത്തിച്ച് ഇരിക്കയാണ്, അടുത്തുതന്നെ തടിച്ച ഒരു കൂററൻ ശാസ്ത്രഗ്രന്ഥവും, ഉണങ്ങിയൊരു മരക്കൊമ്പിന്മേൽ നിലത്തു മുട്ടാത്ത വിധത്തിൽ വെച്ചിട്ടുണ്ട്. അരയിൽ കനത്തൊരു ഇരുമ്പു ചങ്ങല, അതിന്മേൽ ഒരു കൌപീനം കെട്ടീട്ടുണ്ട്. സന്യാസി ഉരിയാടുകയില്ല; ഇരിക്കുന്നേടത്തുനിന്ന് ഇളകുകയില്ല: 'ആകാശവൃത്തി' സാധനയാണ് അദ്ദേഹത്തിന്. മുമ്പിലെന്ത് വീഴുമോ, അത് ഭക്ഷിക്കണം; അഹാരത്തിനുവേണ്ടി അലഞ്ഞു തെണ്ടുകയില്ല.

ഞാനാലോചിക്കയാണ്, ആൾപ്പാർപ്പുള്ള സ്ഥലങ്ങളിൽ നിന്നൊക്കെ അകലെയാണ്, വല്ലവരുടേയും കണ്ണിൽ പെടാൻ സാദ്ധ്യത

യില്ല—വഴിപോക്കരും അറിയുന്നതെങ്ങിനെ? എവിടുന്നാണ് നിത്യവും ആഹാരം വന്നെത്തുക? നമുക്കെന്തറിയാം! അധികം ആലോചിക്കാൻ കഴിയുന്നില്ല; ആലോചിച്ചാൽ അന്തം കിട്ടുന്നില്ല. ഈ രഹസ്യം അറിയാനുള്ള ശക്തി പക്ഷെ വേറെയായിരിക്കാം.

കിടാത്തൻ അവിനാശൻ; വളരെ നാളായി അവൻെറ ഒരു വിവരവുമില്ല. ഞങ്ങളുടെ അയൽപക്കത്തായിരുന്നു: സ്കൂളിൽ പഠിക്കുകയാണ്; 'ഏച്ചി' 'ഏച്ചി' എന്നു വിളിക്കും—കൂറ് തോന്നിയിരുന്നു. പെട്ടെന്നൊരു ദിവസം അവനെ കാണാതായി, അന്ന് വളരെക്കാലത്തിനു ശേഷം അതേ അവിനാശനെ ഹരിദ്വാരത്തു വെച്ച് കാണുകയുണ്ടായി. എത്ര വലുതായിട്ടുണ്ട് ഇപ്പോൾ—ഒരു ചെറുപ്പക്കാരൻ. എന്നാൽ ആ ഓമനത്തമുള്ള മുഖം അങ്ങിനെത്തന്നെയുണ്ട്. ദീക്ഷയെടുത്തിട്ടുണ്ട്. നിർജ്ജന പ്രദേശത്ത് സാധനയും ഭജനവും ചെയ്യുകയാണ്. ഇപ്പോൾ 'ചേച്ചി' എന്ന് വിളിച്ചില്ല. എല്ലാരും ഇപ്പോൾ അയാൾക്ക് 'അമ്മ' യാണ്. അയാൾ പറഞ്ഞു: ഇതൊരു അദ്ഭുതാവഹമായ അറിവാണ് അമ്മേ. അവിടുത്തെ ആശ്രയിച്ച് ജീവിക്കുന്നതിൽ എന്തൊരു മാധുര്യമാണെന്ന് സങ്കൽപ്പിക്കാനാവില്ല. ''മാധുകരിവൃത്തി'' സ്വീകരിച്ചിരുന്നു കുന്നിൻ മുകളിൽ. ദിവസം ഒരു തവണ മാത്രം ഇറങ്ങി വരും; ''നമോ നാരായണ'' എന്നു ചൊല്ലിക്കൊണ്ട് മൂന്ന് വീടിൻെറ പടിക്കൽ ചെന്നു നിൽക്കും; ഓരോ ദിവസവും എന്തു കിട്ടുമോ അതു കഴിച്ച് ദിവസം പുലർത്തും. ഒരു ദിവസം ഒന്നും കിട്ടിയില്ല, ഒന്നു രണ്ടു ചപ്പാത്തിയൊഴികെ– തിരിച്ചു വന്ന് ചപ്പാത്തി രണ്ടും മുന്നിൽ പിടിച്ചുകൊണ്ട് പൊട്ടിക്കരഞ്ഞുപോയി. വല്ലാത്ത വ്യസനം തോന്നി. കലശലായ വിശപ്പുണ്ട്—ഇപ്പോൾ ഇത്തിരി മാത്രമുള്ള ആഹാരം കഴിച്ചാൽ വിശപ്പ് ഇനിയും വർദ്ധിക്കും. പകലും രാവും മുഴുവൻ കഴിച്ചുകൂട്ടുന്നതെങ്ങിനെ? അവിടുത്തെ ലീല! കരയുകയും ചിന്തിക്കുകയുമാണ്, അങ്ങിനെയിരിക്കുമ്പോഴുണ്ട് ഒരു ഗുജറാത്തി മാന്യൻ എന്നോടു വന്നു പറയുന്നു, ബ്രഹ്മചാരിജി, ദയവുചെയ്ത് വന്ന് ഞങ്ങളുടെ അടുത്തുനിന്ന് ഭിക്ഷ സ്വീകരിക്കുമാറാകണം.

'ഈ നാട്ടിൽ സന്യാസിമാരെ ഉണ്ണാൻ വിളിക്കുന്നതിന്ന് ''ഭിക്ഷ കൊടുക്കുക'' എന്നാണ് പറയുക. ആ ഗുജറാത്തികൾ ആ കുന്നിന്മേൽ പിക്നിക്കിന്ന് വന്നതായിരുന്നു.

'അന്നു രാത്രി ഞാൻ ഒരിക്കൽ കൂടി കരഞ്ഞു—ഒന്നുമറിയാതെ എത്ര എളുപ്പമാണ് നിന്നോട് ദേഷ്യപ്പെടുന്നത്, എന്ന്.'

സന്യാസി ശശിമഹാരാജിനെ കൈയനക്കി വഴി കാട്ടിക്കൊടുത്ത് മുന്നോട്ടു പോവാൻ സൂചന നൽകി. കുടീരത്തിന്റെ ഒരു വശത്തൂടെ വെള്ളത്തിന്റെ ചാൽ ചുററുത്തിരിഞ്ഞുകൊണ്ട് താഴേക്ക് പോയിരിക്കുന്നു. ഇതുതന്നെയാണോ അപ്പോഠം ആ വെള്ളച്ചാട്ടം? സ്ഥലത്തെപ്പററി ഊഹം കിട്ടിയതുകൊണ്ട് ശശിമഹാരാജ് ഞൊടിയിടക്കുള്ളിൽ എവിടേയോ മറഞ്ഞു. എവിടെപ്പോയി, എവിടെപ്പോയി— ഞങ്ങഠം തേടാനും തിരയാനും തുടങ്ങി. അപ്പോളുണ്ട് കാട്ടിന്നുള്ളിൽനിന്ന് ശശിമഹാരാജ് വിളിച്ചു പറയുന്നു, 'ഇങ്ങോട്ടു വരു, ഇതാ കണ്ടോ—'

ഞങ്ങഠം ഓടിച്ചെന്നു. മുമ്പത്തെ അതേ ചാലുതന്നെ, അൽപം വീതിയുണ്ട് ഇവിടെ. ശരശരേന്ന് വെള്ളം കുതിച്ചു പായുന്നു— ശുദ്ധം, സ്വച്ഛം.

'ഇതാ നോക്കു, ഇതാ ഇല വീണിട്ടുണ്ട്; എങ്ങിനെ അടിഞ്ഞു കൂടിയിരിക്കുന്നു.' എന്നു പറഞ്ഞ് ശശിമഹാരാജ് വെള്ളത്തിൽ നിന്ന് ഒരില വലിച്ചെടുത്തു.

വെള്ളത്തിൽ എന്താണുള്ളതെന്ന് അറിഞ്ഞുകൂട. വെള്ളം കുതിച്ചുപായുന്ന വഴിക്ക് സിമൻറ് കെട്ടിയാലെന്ന പോലെ അത്രയും ഉറപ്പേറിയ പാറയാണ്. മുന്നോട്ടു പോകുന്തോറും ഏറെയേറെ ഉറപ്പുള്ള പാറയുടെ ചാലാണെന്ന് തോന്നും. കുന്നിൻ കൊടുമുടിയിലെ കൊടുങ്കാട്ടിലാണ് നീരുറവ്, അതിനുള്ളിൽ കടന്ന് നോക്കുക അസാദ്ധ്യം തന്നെ, വഴി നിശ്ചയമില്ലാത്തതാണ്. ആ ഉറവാണ് ചാലിലൂടെ ഒഴുകി വരുന്നത്. എത്രയെത്ര മരങ്ങളുടെ എന്തെല്ലാം മാതിരി ഇലകളാണ് വെള്ളത്തിൽ ഇടതടവില്ലാതെ വീഴുന്നത്. ചിലത് ഒഴുക്കിന്റെ കൂടെ ഒഴുകിപ്പോകുന്നു: അതിന്മേലും ഇതിന്മേലും ചെന്നു മുട്ടി തടയുന്നത് വെള്ളത്തിന്നടിയിൽ, ഒന്നിനു മുകളിൽ ഒന്നായി, ജീർണ്ണാവശിഷ്ടമായി അടഞ്ഞു കിടക്കും. ഇരുവശത്തുമുള്ള പന്നച്ചെടികഠം വെള്ളത്തിലേക്ക് ചാഞ്ഞു വീണിട്ടുണ്ട്; അടിയിൽ കറുത്ത തണ്ടിന്മേൽ പച്ച ഇലകഠം, വെള്ളത്തിലുള്ളവ വെണ്ണക്കല്ലു കൊണ്ടും. മീതെ എന്തിന്റെയോ ഒരു കനത്ത തേപ്പ് വീണതു പോലെ; പക്ഷെ ചെടി നശിച്ചു പോവുന്നില്ല. കാട്ടുചെണ്ടുമല്ലികയുടെ മുരട് കഴുകിക്കൊണ്ട് വെള്ളം പോയിരിക്കുന്നു: മുരട് കല്ലായി മാറി കിടക്കുന്നു, തലപ്പത്തുണ്ട് രണ്ട് മഞ്ഞപ്പൂക്കഠം വിരിഞ്ഞു കിടക്കുന്നു.

ഇതേ വെള്ളം താഴേക്ക് ഇറങ്ങുന്നത് സകല ശക്തിയും ക്രമേണ ക്ഷയിച്ചും കൊണ്ടാണ്. താഴെ അത് ഒരു കുണ്ട് നിറയെ വെറും വെള്ളം മാത്രം.

ഞാൻ ഫോസിലെടുത്ത് മടിക്കുത്ത് നിറച്ചു. അഭിജിത്തിനെ കാണിക്കണം; അല്ലെങ്കിൽ അച്ഛനും മകനും ചേർന്ന് ഞാൻ പറയുന്നത് ചിരിച്ചു തള്ളും.

വലിയേച്ചി പറഞ്ഞു: 'ഇതുതന്നെ ഗംഗോത്രി. സങ്കൽപിക്കുക—ഇങ്ങിനെത്തന്നെയാണല്ലൊ ഗംഗ ഭൂമിയിൽ ഇറങ്ങിയത്.' ഇത്രയും പറഞ്ഞ് അവർ വെള്ളച്ചാട്ടത്തിലെ വെള്ളം തന്നെ കോരി കുറച്ച് തലയിൽ തളിച്ചു.

ഇത്രയുമായപ്പോഴ് ശശിമഹാരാജിന്റെ മുഖത്തു ചിരി വിടർന്നു. ഞങ്ങളുടെ ഉത്സാഹത്തള്ളിച്ച അദ്ദേഹത്തെ സന്തുഷ്ടനാക്കി. അദ്ദേഹം പറഞ്ഞു. 'ആയില്ലെ? ഇപ്പോഴ് വിശ്വാസമായോ? ഇനി നടക്കുക, തിരിച്ചു പോകാം.'

ഞാൻ തുള്ളിത്തുള്ളിക്കൊണ്ടാണ് താഴത്തിറങ്ങിയത്. ക്ഷീണമേയില്ല ഇപ്പോഴ്. ചിരിയും കളിയും തമാശയുമായി എപ്പോഴാണ് ലക്ഷ്മണത്ധോലയിലെ പാലം കടന്ന് ഇക്കരെ വന്നെത്തിയതെന്നറിഞ്ഞതേ ഇല്ല—വന്നെത്തിയതിന്നുശേഷമാണ് ബോധമുണ്ടായതും തിരിഞ്ഞു നിന്നതും.

ലക്ഷ്മണത്ധോയിലെ പാലം—എത്ര ചിത്രം കണ്ടിരിക്കുന്നു ഇതിന്റെ. കയറുകൊണ്ടുള്ള പാലത്തിന്മേൽ കൂടെ ആട്ടിൻ പറ്റം പുഴ കടക്കുന്നു, ആളുകഠം കോവർ കഴുതകളെ വലിച്ചു കൊണ്ടു വന്ന് കടിഞ്ഞാൺ പിടിക്കുന്നു, കൂലിപ്പണിക്കാർ പുറത്ത് ചാക്കിൻ കെട്ടുകഠം ചുമന്നു കൊണ്ടുവരുന്നു—എന്തെല്ലാമെന്തെല്ലാം. ഇരുവശത്തായി രണ്ട് ഉയർന്ന കുന്നുകഠം, താഴെയുള്ള ഇടുക്കിൽ ഗംഗയുടെ പ്രവാഹം. നോക്കിയാൽ തല ചുറ്റും. എന്നിട്ട് ആ പാലമാണ് ഞാൻ ശ്രദ്ധിക്കുകയേ ചെയ്യാതെ കടന്നു വന്നത്!

ശശിമഹാരാജ് പറഞ്ഞു: ഈ പാലം കടക്കുകയെന്നത് ഒരു മരണസങ്കടമായിരുന്നു മുമ്പ്. ഒരു മാർവാറി ഒരുപാട് ഉറുപ്പിക ചിലവിട്ട് കുറച്ചുകൊല്ലം മുമ്പ് കെട്ടിച്ചതാണ് ഇത്. അയാഠം വയസ്സായ അമ്മയേയും കൂട്ടി കേദാരബദരിയ്ക്ക് പോവുകയായിരുന്നു. അമ്മ പറഞ്ഞു. എനിയ്ക്ക് ഈ പാലം കടക്കാനാവില്ല. നീ ഈ പാലം നന്നായി കെട്ടിക്കുക; അതുവരെ ഞാൻ ഇക്കരെതന്നെ

താമസിച്ചുകൊള്ളാം. വൃദ്ധ ഇക്കരെ ഈ ലക്ഷ്മൺജിയുടെ അമ്പലത്തിന്നടുത്ത് ഒരു കൊല്ലം മുഴുവൻ കാത്തിരുന്നു; പാലം പൂർത്തിയായി, എന്നിട്ടവർ കേദാരബദരിയിലേക്ക് പോയി.

ലക്ഷ്മൺജിയുടെ അമ്പലം ഇക്കരെയാണ്. ലക്ഷ്മണൻ ഇവിടെ ഇരുന്നൂററിപ്പത്തഞ്ചു കൊല്ലം ഒററക്കാലിൽ നിന്ന് ബ്രഹ്മഹത്യാപാപത്തിന് പ്രായശ്ചിത്തം ചെയ്തിരുന്നു.

ഏട്ടൻ പറഞ്ഞു: 'ഭാഗ്യത്തിന് ഈ കലികാലത്ത് അങ്ങിനത്തെ ബ്രാഹ്മണർ ജനിക്കാറില്ല. ലക്ഷ്മണൻെറ ഗതിതന്നെ ഇതാണെങ്കിൽ നമ്മുടെ സ്ഥിതിയെന്തായിരിക്കുമെന്ന് ഒന്നാലോചിച്ചുനോക്കു.'

ലക്ഷ്മണൻെറ വിഗ്രഹം വെണ്ണക്കല്ലുകൊണ്ടാണ്

നാല് ഭ്രാതാക്കന്മാരിൽ മൂന്നു പേരെ കണ്ടുകഴിഞ്ഞു; ഇനി ബാക്കിയുള്ളത് ശത്രുഘ്നനാണ്.

പണ്ഡ പറഞ്ഞു: 'നടക്കു, അതും കാട്ടിത്തരാം. അൽപം കൂടി മുമ്പോട്ടു ചെന്നാൽ വഴിക്കുതന്നെയാണ് ആ അമ്പലം.'

കണ്ടു, നാല് ഭ്രാതാക്കന്മാരിൽ മൂന്നു പേരും കറുത്തിട്ടാണ്, ലക്ഷ്മണൻ മാത്രമുണ്ട് വെളുത്തിട്ട്.

വ്രജരമണൻ പറഞ്ഞു: 'വർണ്ണനയുമായി യോജിക്കുന്നില്ലല്ലൊ. ശത്രുഘ്നനും ശ്വേതവർണ്ണൻ തന്നെയായിരുന്നു; ഭരതൻ മാത്രമായിരുന്നു ശ്രീരാമചന്ദ്രനെപ്പോലെ ശ്യാമവർണ്ണൻ.'

ഞങ്ങൾ ഹരിദ്വാരത്തിൽ തിരിച്ചെത്തി. കൻഖലത്തേയ്ക്കു പോകാൻ ടാക്സിക്കാരൻ സമ്മതിക്കുന്നില്ല. ഏതോ ഒരു ടാക്സിൻെറ കുഴപ്പത്തിൽ പെടേണ്ടിവരും അയാൾക്ക്. അയാൾ വഴിത്തിരിവിൽ ഇറക്കിവിട്ട് ആശ്വസിപ്പിച്ചു—അൽപം നടന്നു പോയാൽ കുതിര വണ്ടി കിട്ടും.

ഞങ്ങൾ നിരഞ്ജിനി മഠത്തിൽക്കൂടെ തിരിച്ചുവരികയാണ്. അർദ്ധരാത്രി. ഗംഗയുടെ കരക്കുള്ള ആലിൻചുവട്ടിൽ കട്ടപിടിച്ചു നിൽക്കുന്ന കൂരിരുട്ടത്ത് പിറകോട്ട് തിരിഞ്ഞിരുന്ന് ഒരു നാഗസന്യാസി ഇടത്തു കൈകൊണ്ട് ഒരോടക്കുഴൽ ചുണ്ടോട് ചേർത്ത് പിടിച്ച് വലത്തു കൈകൊണ്ട് ഡമരു കൊട്ടുന്നു.

നെരിപ്പോടിന്റെ വെളിച്ചത്തിൽ മിന്നിത്തിളങ്ങുന്നു.—എന്താണത്, കൈയിൽ കെട്ടിയിരിക്കുന്നത്? അതേ, അന്ന് ബ്രഹ്മകുണ്ഡത്തിൽ ആ നാഗസന്യാസിയുടെ കൈയിൽ കണ്ട പൊന്നിന്റെ ഉറുക്ക്.

രണ്ടു കട്ടിലും ചേർത്തുവെച്ച് അതിന്മേൽ ഭാരത വർഷത്തിന്റെ ഭൂപടം വിരിച്ച് മുട്ടും കുത്തിയിക്കയാണ് ഏട്ടനും ഞാനും വലിയേച്ചിയും. പരതിപ്പരതി ഓരോ സ്ഥലങ്ങളുടെ പേർ കണ്ടുപിടിക്കും, ചുകപ്പും നീലയും പെൻസിൽ കൊണ്ട് അടയാളമിടും. ഏട്ടൻ 'ബ്രാഡ്ഷാ' തുറന്ന് കറുത്ത തോലുകൊണ്ട് ചട്ടയിട്ട നോട്ടുബുക്കിൽ മിനുട്ടും മണിക്കൂറും സ്റ്റേഷനും മൈലും കുറിച്ചു വെക്കും.

കുംഭസ്നാനം നിവർത്തിച്ചു കഴിഞ്ഞു, ഇനി ദേശ സഞ്ചാരത്തിനുള്ള അവസരമാണ്.

വലിയേച്ചി പറഞ്ഞു: 'ഒരിക്കൽ പുറത്തിറങ്ങിയ സ്ഥിതിക്ക്, ഇനിയേതായാലും എളുപ്പത്തിൽ തിരിച്ചു പോകുന്നില്ല. ഡൽഹിയിൽ മോനും കുഞ്ഞിമോനുമുണ്ട്; അവരെ കണ്ടിട്ട് ആദ്യം മഥുരയ്ക്കും വൃന്ദാവനത്തിനും പോകാം.'

'വൃന്ദാവനത്തിൽ പക്ഷെ തിടുക്കവും ബഹളവും കൂട്ടിയാൽ പററില്ല. അടുത്തു തന്നെയാണ് ഗോവർദ്ധനഗിരി, വർഷാൻ, നന്ദഗ്രാമം—എല്ലാം ചുററിസ്സഞ്ചരിച്ച് കാണണം.'

ഏട്ടൻ പറഞ്ഞു: 'ശരി.'

വൃന്ദാവനത്തിൽ നിന്ന് ജയ്പൂർ, ഉദയ്പൂർ, ചിത്തോർ—

'ചിതോരിൽ പക്ഷെ കുറച്ചധികം ദിവസം താമസിക്കണം.'

ഏട്ടൻ പറഞ്ഞു: 'താമസിക്കാം.'—

'പുഷ്ക്കരം, ദ്വാരക—'ഇവയും മഹാ തീർത്ഥസ്ഥാനങ്ങളാണ്.'

ദ്വാരകയിലേക്ക് കുംഭം കഴിഞ്ഞ ഉടൻ ആളുകൾ അടിച്ചുകയറും. നമുക്ക് അതിനു മുമ്പുതന്നെ പോയി ചുററിസ്സഞ്ചരിച്ചു വരികയല്ലേ നല്ലത്?'

ഏട്ടൻ പറഞ്ഞു: 'പോകാം.'

ഈ യാത്രയിൽത്തന്നെ അയോദ്ധ്യയിലും ഒന്നു പോകണമെ ന്നുണ്ട്.'

'അതെന്താ മടങ്ങിവരുന്ന വഴിക്കു തന്നെയല്ലെ. അപ്പോഴത്തന്നെ ഇറങ്ങിക്കാണാം. അല്ലേ?'

ഏട്ടൻ പറഞ്ഞു: 'നല്ലതുതന്നെ.'

'രാവിലെത്തന്നെ കൂടാരത്തിനുള്ളിലിരുന്ന് ഇതെന്താണ്?' എന്നു പറഞ്ഞും കൊണ്ട് ശശിമഹാരാജ് അകത്തു കടന്നു.

ഏട്ടൻ ഒരു നെടുവീർപ്പിട്ട് എഴുന്നേററു നിന്നു. 'പോകണ മെന്നുള്ള സ്ഥലത്തിന്റെ മുഴുവൻ കണക്ക് കുറിച്ചുവെക്കുകയായി രുന്നു കാലേക്കൂട്ടിത്തന്നെ. പെണ്ണുങ്ങളുടെ മനസ്സറിയില്ലെ! വലിച്ച് വലിച്ച് ഒടുക്കം എവിടെയാണാവോ കൊണ്ടുചെന്ന് വിടുക. വാക്കു കൊടുത്ത് യാത്ര ചെയ്യുന്നതിലെ അസൌകര്യം ഇതാണ്.'

'എന്നിട്ട്? എപ്പോഴാണ് തിരിച്ചുവരിക?'

'എന്തിനാണ് തിരിച്ചു വരുന്നത്? സ്നാനം കഴിഞ്ഞല്ലോ. ഇനി ഊരു ചുററി നേരെ വീട്ടിലേക്ക് മടങ്ങും.'

'ഇതെന്ത് കഥ! കുംഭത്തിന് വന്നിട്ട് കുംഭസ്നാനം ചെയ്യി ല്ലെന്നോ?'

''ങ്ഹേ!'' വലിയേച്ചി നടുങ്ങിപ്പോയി. 'എന്നാൽ പിന്നെ ഈ ചെയ്തതെന്താണ്? സ്നാനമല്ലേ?'

'സ്നാനം തന്നെ, പക്ഷെ കുംഭസ്നാനമല്ല.' എന്നു പറഞ്ഞ് ശശിമഹാരാജ് തലയാട്ടി.

സ്നാനം കഴിച്ച് പുണ്യവും നേടി പോകാൻ കാല് നീട്ടുക യാണ്: 'വരുന്നുണ്ട്' 'വരുന്നുണ്ട്' എന്നും പറഞ്ഞ് ഉള്ള സ്ഥലം മുഴുവൻ കത്തും പോയിരിക്കുന്നു; എന്നിട്ടിപ്പോഴം എന്താണ് കേഠപ്പിച്ചത് നമ്മുടെ ശശിമഹാരാജ്!

ഞാൻ പറഞ്ഞു: 'ഇതുണ്ടല്ലോ വലിയേച്ചി, നിങ്ങളുടെ ആ തട്ടാന്റെ കഥപോലെയായി.'

വയസ്സുകാലത്ത് തട്ടാന്ന് എഴുത്ത് പഠിക്കാൻ വലിയ മോഹം. എവിടുന്നോ ഒരു സ്ലേററ് തരപ്പെടുത്തി കളിമണ്ണുകൊണ്ട് രണ്ടു

ഭാഗവും നിറയെ അതുമിതും കുത്തിവരച്ച് നിത്യവും ഒരു പ്രാവശ്യം കൊണ്ടുവന്നു കാണിച്ചിട്ട് ചോദിക്കും: സാറേ നോക്കിയാട്ടെ, എഴുത്തായില്ലേ എന്ന്!' സാറ് തലയാട്ടും—'ഇല്ല' തട്ടാൻ മുഖം കറുപ്പിച്ച് സ്ലേററ് തിരിക്കുകയും മറിക്കുകയും തന്നെ. 'ഇത്രയൊക്കെ എഴുതീട്ടും ഒരെഴുത്തു പോലും ആയില്ല ഇതിലെന്നൊ?'

ഞങ്ങൾ കൂടാരത്തിനുള്ളിൽ വെറുതെ ഇരിപ്പായി.

ഏട്ടൻ പറഞ്ഞു: 'അങ്ങിനെ വരുമോ വല്ലപ്പോഴും? ഇതാ നോക്കു, വർത്തമാനപത്രത്തിലെ കട്ടിങ്ങ് എടുത്തു വെച്ചിട്ടുണ്ട്, പത്രത്തിലുണ്ടായിരുന്നു, ഫിബ്രവരി 14, മാർച്ച് 18, ഏപ്രിൽ 13 ഈ മൂന്ന് തീയതികളിൽ മൂന്ന് സ്നാനമാണെന്ന്. ഏതെങ്കിലും ഒരു ദിവസം കുളിച്ചാൽ മതി. തിരക്ക് കൂടുന്നതിനു മുമ്പേ സ്നാനം ചെയ്ത് തിരിച്ചു പോകണമെന്നു വെച്ചിട്ടല്ലേ, ആദ്യം തന്നെ വന്നത്. വാസ്തവമല്ലെങ്കിൽ പത്രത്തിൽ പരസ്യം കൊടുക്കുമോ വല്ലപ്പോഴും?'

ജ്ഞാനമഹാരാജിനെ വിളിച്ച് വലിയേച്ചി ചോദിച്ചു: 'ഇതാ, ഈ കഴിഞ്ഞ യോഗമുണ്ടല്ലോ, ഇതിൽ കുളിക്കുന്നതു തന്നെയാണ് കുംഭസ്നാനം—അല്ലേ?

അത് കേട്ട് ജ്ഞാനമഹാരാജ് ഹോ ഹോ എന്ന് പൊട്ടിച്ചിരിക്കുകയായി. 'കുംഭയോഗം തുടങ്ങീട്ടുതന്നെയില്ല ഇതുവരെ. ശിവരാത്രിയും കുംഭവും, രണ്ടും രണ്ടാണ്.'

വലിയേച്ചി ഹതാശയായി തിരിച്ചുവന്നു. മനസ്സിലെ ശങ്ക തീരുന്നില്ല. പൂർണ്ണാനന്ദൻ, തത്ത്വാനന്ദൻ, രഘുവീരാനന്ദൻ, ആത്മാനന്ദൻ—മുമ്പിൽ കിട്ടുന്ന സ്വാമിജിമാരോടെല്ലാം വലിയേച്ചി കാതരഭാവത്തിൽ ചോദിക്കും, 'കുംഭത്തിലെ ആദ്യത്തെ സ്നാനം കഴിഞ്ഞു, അല്ലേ?'

തെററിപ്പോയിട്ടെങ്കിലും ആരെങ്കിലും ഒരിക്കൽ അതേ കുംഭസ്നാനം തന്നെ എന്നു പറഞ്ഞെങ്കിൽ, എന്നാണ് അവരുടെ ഭാവം.

മറിച്ച് അവരാകട്ടെ, ചോദ്യം കേട്ട് ചിരിച്ചുകൊണ്ട് മുന്നോട്ടു പോകും, പോകുന്നതിനിടയ്ക്ക് തിരിഞ്ഞു നോക്കി വീണ്ടും ചിരിക്കും.

വലിയേച്ചിയുടെ മുഖം വാടി.

ഞാൻ പറഞ്ഞു: 'ബംഗാളിലും എല്ലാവർക്കും ഏതു ദിവസം ഏതു യോഗമാണെന്നതിൻറ തത്വം അറിയാമോ? അറിയില്ലെങ്കിൽ മടങ്ങിപ്പോകുന്നതിന് എന്താണ് വിചാരപ്പെടാനുള്ളത്? അറിയാമെങ്കിൽ കാര്യം വേറെ തന്നെ; കുംഭത്തിന് വന്നിട്ട് കുംഭസ്നാനം ചെയ്യാതെ തിരിച്ചുവന്നെന്ന അപമാനം പരക്കും.'

ഏട്ടൻ പറഞ്ഞു. 'വാസ്തവമാണ്. ഒരു പക്ഷെ ആർക്കും അറിയില്ല. അല്ലെങ്കിൽ ആ നാട്ടുകാരായ നമ്മൾക്ക് ഈ അബദ്ധം പററുമോ? ആർക്കും പിടികിട്ടില്ല., പോകാം, പോവുകതന്നെ,. ഇതും പറഞ്ഞ് ഏട്ടൻ വലിയേച്ചിയുടെ മുഖത്തേയ്ക്ക് നോക്കി, സമ്മതഭാവം കാണാനുണ്ടോ അവിടെയെന്ന്.

കനപ്പിച്ച മുഖത്തോടെ വലിയേച്ചി ഇടത്തോട്ടും വലത്തോട്ടും തലയാട്ടി. ''ഊങ്ഹു, അതുപററില്ല. കുംഭസ്നാനമാണ് ഒന്നാമത്തെ കാര്യം, ദേശസഞ്ചാരം രണ്ടാമത്തേത്. ഇത്തവണ ശരിക്ക്അറിഞ്ഞുവച്ചിട്ടുണ്ട് — മാർച്ച് 18ന് കുംഭയോഗം തുടങ്ങും, ഏപ്രിൽ 13—ന് അവസാനിക്കും. പിന്നെയുള്ളത് വേണ്ട., ആ പതിനെട്ടാം തീയതിയത്തെ കുംഭസ്നാനം ചെയ്തേ തീരൂ എന്തുവന്നാലും''.

''അതിനുശേഷം അത്രയും ദേശ സഞ്ചാരം ചെയ്യാൻ സമയം കിട്ടുമോ ആവോ?'' എട്ടന്ന് ആലോചനയായി.

''പതിനെട്ടാം തീയതിക്ക് ഇനിയുമുണ്ട് മൂന്നാഴ്ച. ഇത്രയും നാം ഒരിടത്തു ചടഞ്ഞുകൂടിയിട്ട് എന്താണു ലാഭം? സന്യാസിമാരേയും മഹാപുരുഷന്മാരേയും കണ്ട് നാം കഴിക്കാമെന്നാണെങ്കിൽ, അവരും അത്രയ്ക്കൊന്നും വന്നുകൂടിക്കഴിഞ്ഞിട്ടില്ല ഇതുവരെ. അതിലും ഭേദം ഏതായാലും വല്ലേടത്തും അൽപ്പം ചുററിയടിച്ചുവരികയാണ്'''.

എട്ടൻ പറഞ്ഞു: തടഞ്ഞോളു എന്നാൽ, ലിസ്ററിൽനിന്ന് സ്ഥലങ്ങളുടെ പേരു പകുതി കളയും, എല്ലാംകൂടി കുറച്ചു സ്ഥലങ്ങൾ മാത്രം നിർത്തിയാൽ മതി, ബാക്കി പിന്നൊരിക്കലാവാം. തലയിലെഴുതീട്ടുണ്ടെങ്കിൽ''. ഇതും പറഞ്ഞ് ഏട്ടൻ നോട്ടുബുക്ക് തുറന്ന് വീണ്ടും പുതുതായി തീവണ്ടിയുടെ കണക്ക് തിട്ടപ്പെടുത്താൻ തുടങ്ങി.

മാന്തോപ്പിലെ കൂടാരങ്ങൾ മിക്കതും ഇപ്പോൾ ഒഴിവാണ്. നനഞ്ഞ മണ്ണിൽ വിരിച്ചിരുന്ന പരമ്പുകൾ വെയിൽകൊള്ളിച്ച് ചുരു

ട്ടിവെച്ചിരിക്കുന്നു. കുറച്ചു ദിവസം കഴിഞ്ഞാൽ വീണ്ടും ആവശ്യം വരുമല്ലോ. ശിവരാത്രി പ്രമാണിച്ചു വന്നവർ മററു തീർത്ഥങ്ങളിൽ ചുററി സഞ്ചരിക്കാൻ പോയിരിക്കുന്നു. ഞങ്ങളുടെ സുഹൃത്ത് മണി സാഹാദുറും വൃന്ദാവനത്തിലേയ്ക്ക് പോയിരിക്കുകയാണ്. ഞങ്ങളും പൂർണ്ണിമാതിഥിയിൽ അവിടെച്ചെന്നാൽ കൊള്ളാമെന്ന് വീണ്ടും വീണ്ടും പറഞ്ഞിട്ടാണ് അദ്ദേഹം പോയിരുന്നത്.

ശശിമഹാരാജാ ഉൽസാഹം പകർന്നു. പൊയ്ക്കോളു, പൊയ്ക്കോളു, പോയി കണ്ടുവരൂ. ഹരിദ്വാരമെന്നുവച്ചാൽ ജ്ഞാനത്തിന്റെ സ്ഥലമാണ്, വൃന്ദാവനമോ ഭക്തിയുടെ സ്ഥലവും. അവിടെ മനസ്സിൽ ആ ഭാവം പുലർത്തീട്ടു വേണം എല്ലാം നോക്കിക്കാണുക. തപോഭൂമിയാണ് വൃന്ദാവനം. മുന്നൂറ് കൊല്ലം മുമ്പ് ചൈതന്യ മഹാപ്രഭുവിന്റെ ശിഷ്യന്മാർ അവിടെ തപസ്സിന്റെ സ്രോതസ്സ് പ്രവഹിപ്പിച്ചതാണ്. അത് ഇന്നും അതേപോലെ പ്രവഹിക്കുന്നുണ്ട്. സനാതന ഗോസ്വാമിയുടെ സ്ഥലം കണ്ടുവരണം. മനസ്സിൽ എല്ലായ്പ്പോഴും അവരുടെ ആ ഭാവം ഉണർത്തി നിർത്തണം. എത്രമാത്രം തദ്ഗതപ്രാണരായിട്ടാണ് ഭക്തന്മാർ തപസ്സ് ചെയ്തിരുന്നതെന്നോ— ഭഗവാൻ വന്ന് ''എന്താണ് ഈ വച്ചിരിക്കുന്നതു്, ഉപ്പില്ലല്ലോ, തിന്നുന്നതെങ്ങിനെ?'' എന്നുചോദിച്ചപ്പോൾ ഭക്തൻപറകയാണ്, ''തിന്നുന്നെങ്കിൽ തിന്നോളു, തിന്നുന്നില്ലെങ്കിൽ വേണ്ട. എന്റെ കയ്യിലുള്ളതാണ് തന്നത്''. ഭഗവാനോട് ഇങ്ങിനെ പറയാൻ കഴിയണമെങ്കിൽ അയാൾ എത്ര വലിയൊരു ഭക്തനായിരിക്കണം. അത്തരം തപസ്സിന്മേൽ പ്രതിഷ്ഠിതമാണ് വൃന്ദാവനം, അമ്പലത്തിന്മേലല്ല.

പോകാമെന്നുതന്നെ തീർച്ചയായി. ദോൽ പൂർണ്ണിമയ്ക്ക് വൃന്ദാവനത്തിൽതന്നെ താമസിക്കണം. ജീവിതത്തിൽ എത്ര ദോൽ (ഹോളി) വന്നു, പോയി, ചായംകൊണ്ട് എത്ര കുളിച്ചു, എത്ര ചായം പൂശി— ശരീരത്തിൽ പൂശി, ശരിതന്നെ. പക്ഷെ ചായം കൈക്കൊള്ളാൻ ആർക്കറിയാം? ചായം പുരണ്ട വെൺമല്ലപ്പൂക്കൾ കൈകളിൽ നിന്ന് ഉതിർന്നു വീണ് വഴിയിലെ പൊടിയിൽ അലിഞ്ഞുചേരും. ആ ചായം എവിടെയാണ് ചെന്നെത്തുന്നതെന്ന് ഇത്തവണ അമ്പാടിയിലെ വസന്തകേളിക്ക് കാണാം.

വലിയേച്ചി പറഞ്ഞു. ''ജ്ഞാനമഹാരാജിനോടു ചോദിച്ച് കേദാരബദരിയിലേയ്ക്കുള്ള എളുപ്പവഴി ഏതാണെന്നറിഞ്ഞ് നോട്ടുബുക്കിൽ നന്നായി എഴുതിവെച്ചാട്ടെ. ഈ പോക്കിൽ പോകാൻ കഴിഞ്ഞില്ലെങ്കിലും മറെറാരിക്കൽ പോകണം, തന്നെ ബദരീനാഥൻ വിളിച്ചാൽ''.

ജ്ഞാനമഹാരാജ് ഒരിക്കലല്ല, എട്ടൊമ്പതു തവണ, വിഭിന്ന മായ ഋതുക്കളിൽ കേദാരബദരിയിൽ പോയിട്ടുണ്ട്. ഓരോ സ്ഥല ത്തിൻേറയും പേര്, എവിടെ ഏതു സാധനത്തിന് എന്താണു വില, രാത്രി എവിടെ എന്തു കഴിക്കുകയാണ് നല്ലത്, പോർട്ടർമാർ എന്തു പറഞ്ഞാൽ എന്തു മറുപടി പറയണം—തത്തപറയുംപോലെ എല്ലാം പറഞ്ഞുതരാൻ കഴിയും അദ്ദേഹത്തിന്.

വലിയേച്ചി പറഞ്ഞു: ''പിന്നെ, ഞങ്ങൾ കേട്ടിട്ടുണ്ടല്ലോ കേ ദാരബദരിയിലെ വാതിൽ തുറക്കുമ്പോൾ ആറു മാസം മുമ്പത്തെ പൂവും തിരിയും അതേപോലെ നിൽക്കുന്നുണ്ടാവുമെന്ന്. പൂവിൻെറ കാര്യം പിന്നേയും മനസ്സിലാക്കാം, മഞ്ഞിൽ വാടാതെ നിൽക്കും'. പക്ഷെ തിരി കത്തുന്നതെങ്ങിനെ?

ജ്ഞാനമഹാരാജ് പറഞ്ഞു: ഇതിലെന്താണ് അസംഭാവ്യമാ യിട്ടുള്ളതു്? ഞാനൊരിക്കൽ തിബത്തിൽ പോയിരുന്നു—ഒരമ്പല ത്തിൽ കണ്ടു, അഞ്ചുമന്ന് നെയ്യൊഴിച്ച ഒരു വിളക്ക് സ്വർണ്ണം കൊണ്ടു ള്ള വിളക്കുകാലിന്മേൽ വെച്ചിട്ടുണ്ട്; മുകളിൽ സ്വർണ്ണംകൊണ്ടുള്ള ഒരു മൂടിയും തൂങ്ങുന്നു. തണുപ്പിൽ നെയ്യ് കട്ടപിടിച്ച് മെഴുകുതിരിപോലെയാവും, വിളക്ക് കത്തുന്നതിന് ഒരു തടസ്സവു മുണ്ടാവില്ല. കേദാരബദരിയിലും അതുതന്നെ. മഞ്ഞു വീഴാൻ തുട ങ്ങിയാൽ പണ്ഡമാർ വിളക്കിൽ ധാരാളം നെയ്യൊഴിച്ച് വാതിൽ പൂട്ടി പുറത്തിറങ്ങും, തിരി അതേമാതിരി കത്തിക്കൊണ്ടിരിക്കും.

അടുത്തിരിക്കുന്ന ഒരു മുത്തശ്ശിയമ്മ കഥ കേട്ടുകൊണ്ടിരുന്നു. അവർ പറഞ്ഞു; ''അതേതെ, ഞാനും കേട്ടിട്ടുണ്ട് ഇങ്ങിനെ. എന്താ അല്ലാതെ? ഭഗവാൻെറ തിരുവുള്ളല്ലേ എല്ലാം? എന്താ, അല്ലേ?''

ഈ വൃദ്ധ കുംഭസ്നാനത്തിന് മാൻഭൂവിൽ നിന്നു വന്നതാണ്, ബാലവിധവയാണ്, ശിവാനന്ദമഹാരാജിൻെറ ശിഷ്യയാണ്. അച്ഛ നിൽനിന്ന് ചെറിയൊരു വയൽ കിട്ടീട്ടുണ്ട്. ഒരു കൊല്ലത്തെ വിള വിററിട്ട് നൂററിരണ്ടുറുപ്പികയുമായി ഒററയ്ക്ക് ഈ നീണ്ട വഴി മുഴുവൻ താണ്ടി വന്നിരിക്കയാണ്. അവർ പറകയാണ്, ''ഭഗവാൻറടുത്ത് വന്നതല്ലേ, എന്താ ബുദ്ധിമുട്ട്?''
സരള സ്വഭാവിനി, ലജ്ജാശീല! ആണുങ്ങളെ കണ്ടാൽ മതി മൂടുപ ടം വലിച്ചിടും, കുശുകുശുത്തുകൊണ്ട് സംസാരിക്കും. ഒരു തവണ കേദാരബദരിക്കും പോയി വന്നിട്ടുണ്ട്. പറകയാണ്, ''നടന്നിട്ടു തന്ന്യാ പോയത്. എത്ര ഉറുപ്യാ വേണ്ടത്? എനിക്ക് ഇരുപത്തിയ

ഞ്ച് ഉറുപ്പികപോലും ആയില്യ. രണ്ടു കമ്പിളി തന്നത്താൻ ചുമലിൽ വെച്ചിട്ടാണ് കേറിയത്. എന്റെകൂടെ വേറെ ഒരു കെഴവീം ഉണ്ടായിരുന്നു; നടക്കാൻ കഴിയുന്നില്ല. എന്നിട്ട് ''കാണ്ഡീ''ല് കേറി. അതെന്ത് കഷ്ടാണെന്നോ കാണ്ഡീല്! കൊട്ടേലിട്ടിട്ട് പൊറത്ത് കേററി കൊണ്ടുപോവലല്ലേ? കുലുകുല കുലുങ്ങീട്ട് എല്ല് മുഴുവൻ വേറെ വേറെയായിപ്പോകും''.

ഞങ്ങാം മുത്തശ്ശിയമ്മ എന്നാണ് ഇവരെ വിളിക്കാറ്. ഇവിടെ മൂന്നു മാസത്തോളം താമസിക്കണമെന്നാണ് ആഗ്രഹം. ഞങ്ങളോട് ഇടക്കിടെ ചോദിക്കും, ''നിങ്ങള് എത്ര ദെവസൂണ്ട്? എല്ലാരും പോയല്ലോ, നിങ്ങള് രണ്ടാള് മാത്രൂണ്ട് ബാക്കി. നിങ്ങള് പോയാപ്പിന്നെ ഞാൻ അടുക്കളേല് ഉണ്ണാൻപോവൂല്ല. അവിടെ പെണ്ണുങ്ങള് മാത്ര മല്ലേ, നാണാവും. ഭഗവാന്റെ അമ്പലത്തില് പോവും, പ്രസാദൂം വാങ്ങിവരും. വീട്ടിന്ന് അവലും മലരും ചക്കരീം കൊണ്ടന്നിട്ടുണ്ട്, അതുതന്നെ കൊറേശ്ശെകൊറേശ്ശെയായിട്ട് തിന്നും''.

അടുത്തുതന്നേയുള്ള ചെറിയൊരു കൂടാരത്തിൽ ഒറ്റയ്ക്കാണ് ഇവരുടെ താമസം. രാത്രി വിളക്കിന്റെ ആവശ്യംപോലുമില്ല അവർക്ക് ''ഇരുട്ടത്ത് ഒന്നും മിണ്ടാണ്ട് ഇരിക്കാൻ നല്ല സുഖാണ്'' എന്നാണു പറയുക.

വയസ്സായ സ്ത്രീ, പെട്ടെന്ന് വല്ല സുഖക്കേടും ആയിപ്പോയാലോ — സ്വാമിജിമാർക്ക് വലിയ വിചാരമാണ്. അവരെയൊന്ന് വേഗം നാട്ടിലേയ്ക്ക് പറഞ്ഞയക്കാൻ കഴിഞ്ഞാൽ അവർക്ക് സമാധാനമായിരിക്കാം.

അതു കേട്ടാൽ മുത്തശ്ശിയമ്മയ്ക്ക് മനസ്സു കാളും. അവർ പറയും. ''ഇവിടെ എന്തു സുഖാണ്; നിത്യവും എന്താനന്ദാണ്. പക്ഷെ സ്വാമിജിമാർ എന്നെ പറഞ്ഞയക്കുന്ന കാര്യം പറയുമ്പോഴുണ്ടല്ലോ, വല്ലാത്ത വെസനം തോന്നും. ഇത്രയുള്ള ആനന്ദം ദു:ഖത്തിൽ കൂടി കലരുംപോലെ തോന്നും., ''സുഖൂം ദു:ഖൂം'' ''സുഖൂം ദു:ഖൂം'' മാത്രം. എനിക്ക് പിന്നെ പണമില്ലാഞ്ഞിട്ടാ ഇങ്ങിനെ വരുന്നതെന്ന് ആലോചിക്കും,,.

ഞാൻ ചോദിച്ചു. ,,പണമുണ്ടായിരുന്നെങ്കിലോ?,,.

,,സ്വാമിജിമാർക്ക് കൊടുക്കായിരുന്നു. ഇപ്പളത്തെക്കാലത്ത് ആഹാരത്തിന് ചെലവ് കൊറച്ചൊന്നുമല്ലല്ലോ,,.

''അതിനെപ്പററി എന്തിനാണു വിചാരപ്പെടുന്നത്? ആർ ആർക്ക് ആഹാരം കൊടുക്കുന്നു? എല്ലാം ഭഗവാനാണ് ചെയ്യുന്നത്, ഭഗവാനാണ് ആഹാരം തരുന്നതും''.

''നീ പറഞ്ഞതു നേരാ? പണത്തിനു വേണ്ടീട്ടല്ലേ എന്നാപ്പിന്നെ ഇവർ പോകാൻപറയുന്നത്? എന്നാപ്പിന്നെ എനിക്കു തെററുപററിയതാ—അല്ലേ? ആട്ടെ, എന്നാപ്പിന്നെ അങ്ങിനെ വിചാരിക്കൂലാ. നോക്ക്, എത്ര സമാധാനാണ് എനിക്ക് ഇവിടെ. തോന്നുമ്പോ ചെല ദെവസം ബ്രഹ്മകുണ്ഡത്തില്, ചെല ദെവസം സതീഘട്ടത്തില് പോവും., അല്ലേങ്കില് മഠത്തിലെ കടവീന്നുതന്നെ ഗംഗേല് മുങ്ങിവരും. വന്നിട്ട് അമ്പലത്തില് പോയി ഭഗവാനെ തൊഴുത് കൂടാരത്തില് വന്ന് കുത്തിയിരിക്കും., ഒരു ചിന്തയുമില്ലാതെ ജപവും തപവും ചെയ്യാം. ഇതുപോലത്തെ ഒരു തെരക്കൂല്ലാത്ത കുടില് എത്ര ആൾക്കു കിട്ടും, പറഞ്ഞാട്ടെ. അവിടുത്തെ ദെയ കൊണ്ടല്ലേ കിട്ടിയത്. എനി ഇപ്പോ അവിടുന്ന് വിചാരിക്കുകയാണെങ്കില് താമസിക്കും, അവിടുന്ന് പറഞ്ഞയച്ചാ പോകും. അതേ, അതാണ് കാര്യം. വെറുതേ മനസ്സ് വെഷമാക്കൂലാ''.

കൈയിൽ സമയമുള്ളപ്പോൾ, 'ഋഷികുലം' ഒന്നു കണ്ടു വരിക തന്നെ. ഗുരുകുലം കണ്ടല്ലോ, അന്ന്. ഗുരുകുലം ബ്രഹ്മചര്യാശ്രമമാണ് — ആര്യസമാജക്കാരുടെ സർവ്വകലാശാല. സുവർണ്ണ ജൂബിലി കൊണ്ടാടുകയാണ്; ക്ഷണിക്കപ്പെട്ട അനേകം ആളുകൾ വന്നുചേരും; വമ്പിച്ച ആഘോഷമാണ്. വഴിക്കും കടവത്തുമൊക്കെ മരാമത്തു നടക്കുന്നു, പന്തൽ കെട്ടുന്നു. വിശാലമായ വളപ്പ്; എല്ലാം കൂടി ആയിരത്തെഴുനൂറ് ബിഘയുണ്ട്.*

അരയിലൊരു ലങ്കോട്ടി മാത്രം കെട്ടി മൊട്ടയടിച്ച തലയുമായി ഓരോ സംഘം ബ്രഹ്മചാരിമാരുണ്ട് തുറന്ന മൈതാനത്തിൽ ഓടിച്ചാടി കളിക്കുന്നു. ഇന്നെല്ലാവർക്കും തല കഴുകാൻ ഓരോ പാട്ട ചൂടുവെള്ളം കിട്ടും. അതാണ് കുളിക്കുന്നതിനു മുമ്പ് ഓരോ അവയവത്തിനും ഇങ്ങിനെ ആയാസം കൊടുക്കുന്നത്. നല്ല ആരോഗ്യമുണ്ട് എല്ലാവർക്കും. ഇന്നാട്ടിൽ ഇതാണ് കാണാൻ ഏററവും നന്നായി തോന്നുന്നത്.

---

* 1 ബിഘ = 720 ച. അടി (വിവ.)

പരീക്ഷ കഴിഞ്ഞിരിക്കുന്നു, ഇപ്പോഠം അവധിയാണ്. ഒഴിവു കാലം ആർക്കും വീട്ടിലേയ്ക്ക് പോവാൻ പററില്ല., തുടർച്ചയായി കുറച്ചുകൊല്ലമാണ് ഇവിടത്തെ പഠനകാലം. ഒരു സംഘം കുട്ടികഠം തോട്ടത്തിലെ ഉണക്കിലകഠം അടിച്ചുവാരുകയാണ്, ഒരു സംഘം ജനാലയ്ക്കും വാതിലിനും ചായംതേയ്ക്കുകയാണ്, ഒരു സംഘം കിടപ്പുമുറിയുടെ നിലം വെള്ളമൊഴിച്ചു കഴുകുകയാണ്. പരവതാനികൊണ്ടു മൂടിയ മരപ്പലകയാണ് കിടക്ക. തലക്കൂത്ത് ഓരോ ചുമരളമാരിയുണ്ട്., പുസ്തകവും നോട്ടുബുക്കും മുണ്ടും കുപ്പായവും വെയ്ക്കാൻ. ഊൺ തളത്തിൽ നിരനിരയായി ചാക്കു വിരിച്ചിട്ടുണ്ട്. മണിയടിച്ചാൽ കുട്ടികഠം തളികയും ഗ്ലാസുമെടുത്ത് അവിടെ ചെന്നിരിക്കും.

മുതിർന്നവർക്കുമുണ്ട് മൂന്നു വിഭാഗം—ആയുർവ്വേദവും ആർട്സും വേദ വിദ്യാലയവും . വലിയ വലിയ കെട്ടിടങ്ങഠം—,ബിർലാ ഹാഠം, ,ഹവൻ മന്ദിർ, എന്തെല്ലാമാണ്. ഒരാഠം വെറുമൊരു ഗോശാലയ്ക്കുവേണ്ടി എഴുപത്തിരണ്ടായിരം ഉറുപ്പിക സംഭാവന ചെയ്തിരുന്നു. ഗോശാലയുടെ വാതിൽതന്നെ എന്താണെന്നോ. കോട്ടവാതിൽ പോലെയുണ്ട്. നാലുപാടും, പടുത്തുകെട്ടിയ ഓരോ ഇഷ്ടികയിലും പണം കോരിച്ചൊരിഞ്ഞിരിക്കുകയാണ്.

പടിവാതിലിന്നടുത്ത് പീടികകഠം തുറന്ന് വിൽക്കുന്നുണ്ട് പൽപ്പൊടി, തേപ്പെണ്ണ, ദഹനഗുളിക—പലപല സാമാനങ്ങഠം; ആയുർവ്വേദ വിഭാഗം തയ്യാറാക്കിയതാണ്.

സേവാശ്രമത്തിൻെറ കിഴക്കു ഭാഗത്താണ് 'ഗുരുകുലം'. പടിഞ്ഞാറ് 'ഋഷികുല'വു. ദുർഗ്ഗാദത്ത് ശർമ്മ, പണ്ഡിത മാളവ്യജി ഇവർ രണ്ടുപേരാണ് ഋഷികുലത്തിൻെറ സ്ഥാപകന്മാർ. വിധിയും വ്യവസ്ഥയും ശിക്ഷണവും ദീക്ഷയുമെല്ലാം മിക്കവാറും ഗുരുകുലത്തിലേതുപോലെതന്നെ. പക്ഷെ, മുററത്തു കടന്നപ്പോഠം തന്നെ നാലുപാടും ആകപ്പാടെ മഹാ വൃത്തികേടായിട്ടാണ് തോന്നിയത്. വരാന്തയിൽ ശിശു ബ്രഹ്മചാരികഠം സ്തവം ചൊല്ലാൻ നിൽക്കുന്നുണ്ടായിരുന്നു — ചിലർ കമ്പിളി പുതച്ചുകൊണ്ടും ചിലർ മുണ്ടിൻെറ കോന്തല ദേഹത്തു ചുററിയും. ചിലർ ബനിയനും പാൻറുമിട്ടിട്ടുണ്ട്., ചിലരുടെ കുളി കഴിഞ്ഞിട്ടില്ല അപ്പോഴും., വരാന്തയുടെ താഴെത്തന്നെ കുഴലിനടുത്ത് നിന്ന് ഞെളിയുകയും പിരിയുകയും ചെയ്തുകൊണ്ട് എണ്ണ തേക്കുകയാണ്. മുഷിഞ്ഞ മുണ്ട്, കീറിയ കമ്പിളി, നിറംപോയ ബഞ്ചുകഠം അവിടേയും ഇവിടേയും, ഈച്ചയുടെ മൂളൽ, ശരിക്കൊരു അഭയാർത്ഥി ക്യാമ്പുപോലുണ്ട്.

ഋഷികുലത്തിനടുത്തുതന്നെയാണ് ശ്രീ ഗുരുമണ്ഡലാശ്രമം. ഇവിടെ 'ഹരിവംശ'ത്തിന്റെ ഒരു പഴയ കയ്യെഴുത്തുപ്രതിയുണ്ടെന്നു കേട്ടിട്ടുണ്ട്.

നേരം നട്ടുച്ച. കാവൽക്കാരൻ മുറി പൂട്ടി താക്കോലുമെടുത്ത് പോയിരിക്കയാണ്. ഞങ്ങളുടെ അപേക്ഷ പ്രകാരം ഒരാൾ താക്കോൽ അന്വേഷിക്കാൻ പോയി.

മുററത്ത് വിഷ്ണുക്ഷേത്രമാണ്; ഞങ്ങൾ അമ്പല മണ്ഡപത്തിൽ കാത്തുനിന്നു. മണ്ഡപത്തിന്റെ ഒരു ഭാഗത്ത് നാനാവർണങ്ങളിലുള്ള അലങ്കാരപ്പണിയോടു കൂടിയ ഒരു മഞ്ചത്തിന്മേൽ ഒരു ഗ്രന്ഥം — ഗ്രന്ഥ സാഹേബ്. സിക്കു മതക്കാരിയായ ഒരു സ്ത്രീ ഗംഗാജലം നിറച്ച കിണ്ടി ഒരു ഭാഗത്ത് വെച്ച് മഞ്ചത്തിന്മേൽ കയറിയിരുന്നു. ഗംഗാ സ്നാനം കഴിഞ്ഞു വീട്ടിലേയ്ക്ക് മടങ്ങുന്ന വഴിക്ക് രണ്ടു പേജ് ഗ്രന്ഥസാഹേബ് മറിച്ചുനോക്കാൻ വന്നതാണ്. കൂററൻ ഗ്രന്ഥം. ഈ ഗ്രന്ഥം വായിക്കുകയാണ് ഇവരുടെ പൂജയും അർച്ചനയുമെല്ലാം.

ഉന്തിയ വയററത്ത് ബെൽററ് കെട്ടി, ഷർട്ടും പാൻറുമണിഞ്ഞ, ഒരു കൊച്ചു കുട്ടി പിന്നേയും പിന്നേയും മുന്നോട്ടുവരുന്നു, മറു നാട്ടുകാരുടെ മുഖം കണ്ടു പിന്നോക്കം വെയ്ക്കുന്നു. കുറച്ചു തവണ ഇങ്ങനെ ചെയ്ത ശേഷം അവൻ ഒരിക്കൽ കാൽ വിരലുകൾ നിലത്തൂന്നി വന്ന് പൊടുന്നനെ മഞ്ചത്തിനടിയിൽ കടന്നുകൂടി നിലത്ത് ഒരു തവണ കയ്യോടിച്ച് അപ്പോൾത്തന്നെ ശ്വാസം പിടിച്ചുകൊണ്ട് ഒരോട്ടം.

ഞാൻ എത്തിനോക്കുമ്പോൾ അവനുണ്ട് തടിച്ച തൂണിനു പുറകിൽ നിന്ന് അങ്ങോട്ടുമിങ്ങോട്ടും നോക്കി പൊടി പുരണ്ട കൊച്ചു കൈപ്പിടി പൊടുന്നനെ ഷർട്ടിനുള്ളിൽ കടത്തി നെഞ്ചത്തും തലയിലും തുടയ്ക്കുന്നു.

താക്കോലന്വേഷിക്കാൻ പോയ ആൾ തിരിച്ചുവന്ന്, താക്കോൽ കൈവശമുള്ള ആളെ അന്വേഷിച്ചിട്ട് കണ്ടില്ലെന്ന് അറിയിച്ചു. അങ്ങാടിയിലോ ഗംഗയുടെ കടവിലോ മറേറാ പോയിരിക്കയാണ്. 'ഹരിവംശം' കാണാൻ തരമായില്ല.

ബാക്കിയെല്ലാം കണ്ടുകഴിഞ്ഞു. ചണ്ഡീ പർവ്വതം, മനസാ ദേവിയുടെ അമ്പലത്തിലേയ്ക്ക് ദൂരെ നിന്നു തന്നെ തൊഴുതു. വലിയേ

ച്ചിക്ക് അത്രയും ഉയർന്ന കുന്നിന്മേൽ കയറിക്കൂടാ. ഏട്ടനും മുട്ടിൽ വേദനയാണ്, ഉയർന്നും പൊങ്ങിയുമുള്ള സ്ഥലത്ത് നടക്കാൻ വിഷമമുണ്ട്. ഞാൻ മേഘത്തോടുരുമ്മി നിൽക്കുന്ന അമ്പലത്തിന്റെ താഴികക്കുടത്തിന്റെ നേർക്ക് ഒന്നു മുഖമുയർത്തി നോക്കിയ ഉടനെ ദൃഷ്ടി കീഴ്പ്പോട്ടാക്കി. അമ്മമാർ ദയാവതികളാണല്ലോ, തീർച്ചയായും ക്ഷമിക്കുമെന്നറിയാം.

വില്വകേശ്വരനെ മാത്രം കാണാൻ ബാക്കിയുണ്ട്. അതും ഇന്നു തന്നെയാവട്ടല്ലേ; നഷ്ടമെന്തുണ്ട്.

ദോലാഗിരി—ആശ്രമത്തിന്റെ എതിർവശത്താണ് വില്വകേശ്വരൻ. നേരെയുള്ള വഴി. അമ്പലം വരെ കുതിരവണ്ടി പോകും.

ഇറങ്ങിയാൽ ആദ്യം കാണുന്നത് കാലഭൈരവനെയാണ്. കാലഭൈരവൻ വഴിവിട്ടുതന്നാൽ പിന്നെയാണ് വില്വകേശ്വരൻ.

പൊടി നിറഞ്ഞ നടന്നുപോകേണ്ടുന്ന വഴി വളഞ്ഞു തിരിഞ്ഞും കൊണ്ടാണ്., ഞങ്ങൾ ആ വഴിക്കൂടെത്തന്നെ മുന്നോട്ടു ചെന്നപ്പോൾ കെട്ടിപ്പടുത്ത മുററം കണ്ടു. അതിന്റെ ഒരു വശത്ത് ഒരു വേപ്പുമരമുണ്ട്, വേപ്പിൻ ചുവട്ടിലാണ് വില്വകേശ്വരൻ.

മുററത്തിന്റെ ഒരു ഭാഗത്ത് ഒരു സാധകനിരിക്കുന്നുണ്ടായിരുന്നു — വെള്ളി മുടി, വെള്ളിത്താടിയും, മീശയും, പഴയകാലത്തെ വർണ്ണനകളിലെ ഋഷിമുനിമാരുടെ ചിത്രം പോലെയുണ്ട്. അദ്ദേഹം ഏതാനും വിദ്യാർത്ഥികളെ മുമ്പിലാക്കി ഇരുന്ന് ശാസ്ത്രം പഠിപ്പിക്കുകയായിരുന്നു. അന്നത്തെ പഠിപ്പു കഴിഞ്ഞ്, ഓരോരുത്തരും അവനവന്റെ ഗ്രന്ഥവും കെട്ടി എഴുന്നേററു പോയപ്പോൾ, ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തുചെന്നിരുന്നു. വില്വകേശ്വരനെപ്പററി ചോദിച്ചു.

അദ്ദേഹം പറഞ്ഞു: 'ഇവിടുത്തെ അറിയില്ലേ? ഇവിടുന്നാണ് സ്വയംഭൂവായ ശിവൻ; സതിക്ക് അവിടുന്ന് ദർശനം നൽകിയത് ഇവിടെവെച്ചാണ്. ഈ വേപ്പു മരത്തിന്റെ സ്ഥാനത്ത് ആദ്യം ഉണ്ടായിരുന്നത് ഒരു കൂവളമായിരുന്നു. വില്വവൃക്ഷത്തിനു ചോടെയാണ് അവിടുന്ന് പ്രത്യക്ഷപ്പെട്ടതെന്നതുകൊണ്ടാണ് വില്വകേശ്വരൻ എന്ന് പേരുവന്നത്.''

സതിയ്ക്ക് എന്നാൽ ഈ സ്ഥലത്തുവെച്ചാണ് ശിവനെ കണ്ടിട്ട് 'ന യയൌ ന തസ്ഥൌ' എന്ന അവസ്ഥ ഉണ്ടായത്. വേഷം മാറി

വന്ന ശിവന്റെ മുഖത്തുനിന്ന് പരിഹാസോക്തി കേട്ടിട്ട് സതി തിരിഞ്ഞു നടക്കുകയായിരുന്നു. ആരെ ഭർത്താവായി കിട്ടാനാണോ താൻ ഈ കഠിനതപസ്സ് ചെയ്തുകൊണ്ടിരുന്നത്, ആ ശിവനെക്കുറിച്ചുള്ള നിന്ദ കേൾക്കുക സതിയ്ക്ക് അസഹ്യമായിരുന്നു.

സതി പോകാൻ ഭാവിക്കുന്നത് കണ്ടപ്പോൾ ശിവൻ സ്വന്തം രൂപമെടുത്ത് അരുളിച്ചെയ്തു. 'പോകൊല്ല, തിരിഞ്ഞുനോക്കൂ, ഞാനാരാണെന്ന്''.

ശിവനെ കണ്ടപ്പോഴത്തെ സതിയുടെ ആ അവസ്ഥ — പോകാനും വയ്യ, നിൽക്കാനും വയ്യ.

വില്വകേശ്വരന്റെ അടുത്തു നിന്ന് കുറച്ചങ്ങോട്ടു ചെന്നാൽ സതീകുണ്ഡമായി. ഇരു വശവും പർവ്വതം. അതിന്റെ മടിത്തട്ടിന്റെ മറവിലാണ് ഈ കുണ്ഡം; ഇപ്പോൾ കെട്ടിപ്പടുത്ത് കുളംപോലെ ആക്കീട്ടുണ്ട്.

കുന്നിൻപുറത്ത് നേർത്ത ഉണക്കപ്പുല്ലുകൾ കൂട്ടംകൂട്ടമായി തല കീഴോട്ടായി തൂങ്ങിനിൽക്കുന്നു. ചില ചെടികൾ, പററിപ്പിടിക്കാൻ ആശ്രയം തേടി, വേരോട്ടീട്ടേ ഉള്ളു. മേൽ ഭാഗത്ത് ചില്ലയില്ല, ഇലയില്ല; വായുവിനും വെള്ളത്തിനും കൊതിയില്ല. കല്ലിൽനിന്നു രസം വലിച്ചെടുത്തിട്ടുതന്നെ അവയ്ക്ക് ശക്തി മുഴുവൻ നഷ്ടപ്പെടുത്തേണ്ടി വന്നിരിക്കുന്നു.

ഇവിടെ വന്നുനിന്നപാടെ മനസ്സിൽ നന്ദലാലിന്റെ ആ ചിത്രം പൊങ്ങിവന്നു — പർവ്വതത്തിലെ സരസ്സിൽ സതി കഴുത്തററം വെള്ളത്തിൽ മുങ്ങി മാല ചുഴററിക്കൊണ്ട് ജപിക്കുന്ന ആ ചിത്രം.

ഉപയുക്തമായ സ്ഥാനം തപസ്സിനെ, ഒരുവേള, സഹജമായിത്തന്നെ സഫലമാക്കും.

സതീകുണ്ഡത്തിനു തൊട്ടടുത്ത്, അല്പം മുകളിലായി, കുന്നിൽ ഒരു ചെറിയ ഗുഹയുണ്ട്. ഈ ഗുഹയിലിരുന്നു തപസ്സുചെയ്തിട്ടാണ്, ഭോലാഗിരി സിദ്ധി നേടിയത്. കഥ കേട്ടിട്ടുണ്ട്, ഭോലാഗിരി ആദ്യമായി ഈ ഗുഹക്കുള്ളിൽ കടന്നു തിരി കത്തിച്ചപ്പോൾ, ഒരു സർപ്പം വെളിച്ചം കണ്ടു പേടിച്ച് ശരേന്നു പായുന്നതു കണ്ടുവത്രെ. 'ഓടേണ്ട മോനേ' എന്നു പറഞ്ഞ് ഭോലാഗിരി കൈയിലെ തിരി കെടുത്തിക്കളഞ്ഞു. പിന്നീട് ഈ ഗുഹയിൽ താമസിച്ചിരുന്ന കാലം

മുഴുവൻ ഒരു ദിവസവും അദ്ദേഹം തിരി കത്തിച്ചിരുന്നില്ല. ഇപ്പോഴും മിക്ക സമയത്തും അവിടെ ഒരു കൂററൻ സർപ്പത്തെ കാണാമത്രെ. പർവ്വതവാസികളായ വിറകുവെട്ടുകാർ വരുമ്പോഴും പോകുമ്പോഴും അതിനെ കാണാറുണ്ട്. ഇടയ്ക്കിടയ്ക്ക് സർപ്പം വിലചകേശ്വരൻെറ മുററം വരെ വരും.

ഗുഹയിലേക്ക് കയറാനുള്ള വഴിക്ക് പടികളില്ല. വളഞ്ഞു തിരിഞ്ഞു കേറണം. ഇതിനുപോലും നമുക്കിത്ര പ്രയാസം! അവരോ നിത്യവും ഇതുപോലെയാണ് കേറുകയും ഇറങ്ങുകയും ചെയ്തിരുന്നത്. വേണമെന്നുവെച്ചുതന്നേയാണ് ദുർഗ്ഗമ പ്രദേശങ്ങൾ തിരഞ്ഞെടുത്തത്.

സതീകുണ്ഡത്തിൻെറ ഇക്കരെയുള്ള കുന്നിൻ മുകളിൽ ഇടതൂർന്ന കാടാണ്. രണ്ടു കുന്നിൻെറയും ഇടയ്ക്ക് ചോടെയുള്ള ഭൂമിയിൽ ആണും പെണ്ണും കുഞ്ഞുങ്ങളും കുട്ടികളും നിറഞ്ഞ എതാനും കൊച്ചു കുടിലുകൾ; പെട്ടെന്നാണ് വീടുണ്ടായത്, പെട്ടൊന്നൊരു ദിവസം എല്ലാം പൊളിഞ്ഞു വീഴും എന്നു തോന്നും. ഇതാ, വീണ്ടു എന്നൊരു മട്ടാണ് എല്ലാററിനും. വീതി കുറഞ്ഞ മുററത്ത് നീണ്ട അടുപ്പിന്മേൽ ഒരു വരി കലം കേററി വെച്ചിട്ടുണ്ട്.

ഞാൻ പറഞ്ഞു. 'വലിയേച്ചി, നോക്കു— നോക്കു എന്തൊരു സുന്ദരമായ ഏർപ്പാട്! ഒന്നിച്ചുള്ള വെപ്പിന് എത്ര അൽഭുതകരമായ ഒരു പദ്ധതി! നൂതനമായ ഒരു സംഗതി. നമുക്ക് ഇങ്ങിനെ ചെയ്യാമല്ലോ'.

ഞാൻ വലിയേച്ചിയെ അവിടേയ്ക്ക് വലിച്ചുകൊണ്ടു ചെന്നു. അടുത്ത് ചെന്നപ്പോൾ കാണായി, ഒന്നല്ല, ഇതുപോലത്തെ അഞ്ചാറ് നീണ്ട അടുപ്പുകളുണ്ട് മുററത്തിൻെറ ഒരററം മുതൽ മറേറ അററം വരെ; ഓരോ അടുപ്പിന്മേലും പതിനാറ് കലം വീതം വെക്കാവുന്ന മുമ്മൂന്നു വരികൾ. ഇത്രയും കലങ്ങളിലെ ചോറ് ഇവർ എത്ര പേരാണാവോ തിന്നു തീർക്കുക!

തീ ആളിക്കത്തുന്നു. പടിഞ്ഞാറൻ നാട്ടുകാരായ ചില പെണ്ണുങ്ങൾ അടുപ്പിൻെറ ഇരു വശങ്ങളിലുമുള്ള വായയിലേയ്ക്ക് ഉണങ്ങിയ വിറകിൻ തുണ്ടങ്ങൾ പൊട്ടിച്ചിടുന്നു.

ഞങ്ങൾ കുറച്ചുകൂടെ അടുത്തേയ്ക്ക് ചെന്നു. അല്ലാ, ചോറല്ലല്ലോ., തിളക്കുന്ന വെള്ളത്തിൽ കലം നിറയെ വിറകിൻ തുണ്ടങ്ങളാണ് വേവുന്നത്. ഖദിരലേഹ്യം തയ്യാറാക്കുകയാണ്.

കുന്നിൻ മുകളിലെ കാട്ടിൽത്തന്നെയുണ്ട് ഖദിരമരം. കുട്ടികൾ ചെറിയ ചെറിയ കഷ്ണങ്ങളായി വിറക് കീറിക്കൊടുക്കും, പെണ്ണുങ്ങൾ കെട്ട് പുറത്തേററിക്കൊണ്ടുവന്ന് താഴത്തിറക്കും. ഖദിരത്തിൻെറ കൂമ്പാരങ്ങളങ്ങനെ കൂടിക്കിടക്കുകയാണ്. വെള്ളത്തിലിട്ടു തിളപ്പിച്ച് സത്ത് പുറത്തെടുത്ത് ആ വിറകുതന്നെ വെയിലത്തുണക്കി വീണ്ടും കത്തിക്കാനെടുക്കാം. വിറകു വെന്ത ആ വെള്ളം തന്നെ വീണ്ടും കാച്ചിക്കുറുക്കിയെടുക്കുന്നതാണ് ഖിദറലേഹ്യം. ലേഹ്യം ആയിക്കഴിഞ്ഞാൽ കലത്തോടെ പൊക്കിയെടുത്ത് കുടിലിൽ കൊണ്ടുവയ്ക്കും. ഒരു തുള്ളി അങ്ങോ ഇങ്ങോ ആയിപ്പോകാൻ തരമില്ല. കർശനമായ കാവലാണ്.

എനിക്ക് അമ്മയുടെ കാര്യം ഓർമ്മവന്നു. അമ്മയ്ക്കുവേണ്ടി ഇത്തിരി ലേഹ്യം കൊണ്ടുചെല്ലാൻ കഴിഞ്ഞിരുന്നെങ്കിൽ. അല്ലാതെ മടങ്ങിച്ചെന്നിട്ട് ഇത്തവണ ഞാൻ ഖദിരലേഹ്യം ഉണ്ടാക്കുന്നതു കണ്ടിട്ടാണ് വരുന്നതെന്നു പറഞ്ഞാൽ — അമ്മ എൻെറ മുഖത്തുനോക്കുമോ വല്ലപ്പോഴും? ഓരോന്നു പറയുമ്പോൾ വെറുതേ അങ്ങേ അകത്തും ഇങ്ങേ അകത്തും ചുററും, ഒരു കാരണവുമില്ലാതെ കലവറയിലെ കുപ്പികൾ തിരിക്കുകയും മറിക്കുകയും ചെയ്യും, കുടത്തിലെ കടുക് മുറത്തിലാക്കി നല്ല വേഗത്തോടെ പാററും. ദേഷ്യം തണുത്താൽ പറയും, 'എത്ര കാലായി ഇത്തിരി നല്ല ഖദിരലേഹ്യം കിട്ടാതെ; മണ്ണും പൊടിയും ചേർത്തതേ കിട്ടൂ, അതും സോറിന് അഞ്ചുറുപ്പിക. അവിടെയാണെങ്കിൽ ഒന്നാംതരം സാധനം, വിലയും കുറച്ചു കുറവാകുമായിരുന്നു! അല്പം കൊണ്ടുവന്നിരുന്നെങ്കിലെന്താ, വിശ്വബ്രഹ്മാണ്ഡം അത്രയൊക്കെ അശുദ്ധമായിപ്പോകുമോ?'

അന്നൊരിക്കൽ ഞാൻ ജാംഷെഡ്പൂരിൽ പോയിരുന്നു. അമ്മയ്ക്കെന്ത് ദേഷ്യമായിരുന്നെന്നോ! പറകയാണ്, 'യുദ്ധകാലത്തെ ബജാറാണ്, ആണി കിട്ടാനില്ല കൊതുവല തൂക്കാൻ. ആ നാട് ഇരുമ്പിൻെറ നാടാണെന്നാണു കേൾവി, ഓർമ്മവെച്ച് രണ്ട് ആണിയും, കൊണ്ടുവരണം പെണ്ണേ''.

വലിയേച്ചി വേഗം ഒരു വിറകിൻകൊള്ളി പെറുക്കിയെടുത്ത് ലേഹ്യക്കുടവുമെടുത്തു പോകുന്ന ആളിൻെറ പിന്നാലെ പാഞ്ഞു— 'ഏ അങ്ങുന്നേ, ഞങ്ങൾ ബംഗാൾ നാട്ടിൽ നിന്നാണു വരുന്നത്. ലേശം ലേഹ്യം ഒന്നു നോക്കാൻ തരണേ'. എന്നും പറഞ്ഞ് കൈയിലെ വിറകിൻകൊള്ളി നീട്ടിക്കാണിച്ചു—ലേശം ലേഹ്യം അതിൽ നുള്ളിക്കൊടുത്താലായല്ലോ.

ആളാകട്ടെ, ഓടി അകത്തു കടന്ന്, 'നോക്കണമെങ്കിൽ ഇവിടെ നിന്നു നോക്കിക്കോളു, എന്നും പറഞ്ഞ് ദൂരെ നിന്ന് കൈക്കുടുന്ന കാട്ടിക്കൊടുത്തു.

വലിയേച്ചി വിരസമായ മുഖത്തോടെ കൈയിലെ വിറകിൻ കൊള്ളി എറിഞ്ഞുകളഞ്ഞു. എന്നിട്ടു പറഞ്ഞു: കണ്ടോ, 'ഒരു ലേശം തന്നില്ല. പുതിയ ഖദിരലേഹ്യത്തിൻെറ സ്വാദെന്താണെന്ന് ഒന്നു നക്കി നോക്കി അറിയാമായിരുന്നു''.

വഴിക്കും കടവത്തും തിരക്ക് കൂടിക്കൂടി വരികയാണ്. അടുത്തുണ്ടായിരുന്ന തുറസ്സായ സ്ഥലം മുഴുവൻ കൂടാരങ്ങൾ പൊങ്ങി വരികയാണ്, പലപ്പോഴായി.

പടികക്കാർ പച്ചമരപ്പലകകൊണ്ട്, തറകെട്ടി മുറിയുടെ വരാന്ത ആവുന്നേടത്തോളം വലുതാക്കുന്നു. പുതിയ അടുപ്പുകൾ, വിറകു പൂട്ടുന്നതും കൽക്കരി പൂട്ടുന്നതും വെവ്വേറെയായി, തയ്യാറാക്കുന്നു. തമ്മിൽത്തമ്മിൽ ഇത്തിരി മാത്രം ഇടവിട്ട് സന്യാസിമാർക്കു വേണ്ടി അന്നസത്രങ്ങൾ തുറക്കുന്നു. ഇപ്പോഴാണത്രെ വൃന്ദാവനത്തിലെ ശരിയായി തിരക്ക്. വസന്ത പൂർണ്ണിമയ്ക്കു ശേഷം എല്ലാവരും തിടുക്കപ്പെട്ട് വന്നുചേരും. ഞാനാലോചിക്കയാണ്, ഇപ്പോഴത്തന്നെ ഇതാണു സ്ഥിതിയെങ്കിൽ അപ്പോഴത്തെ കഥയെന്തായിരിക്കും? വഴിയും ഊടുവഴിയുമൊക്കെ ആദ്യമേ മനസ്സിലാക്കിവെച്ചുവെന്നതാണ് ഒരു സൗകര്യം. ചുരുങ്ങിയത്, വഴിതെററിപ്പോകുമെന്നു പേടിക്കാനില്ലല്ലോ.

ചെമ്പുകൊണ്ടുള്ള പൂപ്പാത്രവും കയ്യിലെടുത്ത് ഒരു പൂജാരി ചിരിച്ചുകൊണ്ട് വന്ന് വഴി തടഞ്ഞുകൊണ്ട് നിന്നു. അഴകാർന്നു വടിവൊത്ത മുഖം, മൊട്ടയടിച്ച തല, ഉടുത്തിരിക്കുന്നത് കാവി വസ്ത്രം. നല്ല പരിചയമുള്ള ഛായ.

പെട്ടെന്ന് ഓർമ്മയായി — അല്ലാ! ഇദ്ദേഹത്തിൻെറ തോട്ടത്തിലല്ലേ അന്ന് ആദ്യമായിസബർജില്ലി മരം കണ്ടത്. പക്ഷെ ഇതെന്താണ്? അന്ന് ഗൃഹസ്ഥൻെറ വേഷമായിരുന്നു, ഇന്നാകട്ടെ, സന്യാസിയുടെ വേഷം!

അദ്ദേഹം ഇന്നും തൻെറ തോട്ടത്തിലേയ്ക്ക് സാദരം ക്ഷണിച്ചുകൊണ്ടു പോയി. തോട്ടത്തിനുള്ളിൽത്തന്നെ ചെറിയൊരു കുടീരമാണ് അദ്ദേഹ

ത്തിൻെറ പാർപ്പിടം. തട്ടികെട്ടി മറച്ച് പാതി ഇരുട്ടു മൂടിയ ഒരു മുറി. പേര് പ്രയാഗദാസ അവധൂതനെന്ന്. ഉദാസീ സമ്പ്രദായമാണ്. അച്ഛന്ന് ബർമ്മയിൽ വമ്പിച്ച വ്യവസായമായിരുന്നു, ഒരേയൊരു സന്താനമാണ് ഇദ്ദേഹം. ഇരുപത്തിയൊന്നാം വയസ്സിൽ വീടുപേക്ഷിച്ച് മുപ്പത്തിയൊന്നു കൊല്ലമായി സാധന അനുഷ്ഠിക്കുകയാണ്. ഇപ്പോഴാം കുറേയൊക്കെ ഗൃഹസ്ഥൻെറ മാതിരിതന്നെയാണ്, അച്ഛനിൽനിന്നു കിട്ടിയ പണംകൊണ്ട് നിലമെടുത്ത് തോട്ടമുണ്ടാക്കി സാധുസേവനം ചെയ്യുകയാണ്. വഴിയുടെ അങ്ങേ വശത്ത് വീടിൻെറ നേരെമുമ്പിലുള്ള തരിശു നിലത്തിൽ അന്നസത്രം തുറക്കും. ശുഭ കർമ്മാരംഭത്തിൽ ഇന്ന് അവിടെ പൂജ ചെയ്ത് വീട്ടിലേയ്ക്ക് മടങ്ങുന്ന സമയത്താണ് ഞങ്ങളെ കണ്ടുമുട്ടിയത്. അദ്ദേഹം പറഞ്ഞു. 'സമയവും സൗകര്യവും പോലെ ഇടയ്ക്കിടക്കു വരൂ'.

വഴിത്തിരിവിലെ മുറുക്കാൻ കടയിൽ കടക്കാരൻ കൊച്ചു മകനെ നെഞ്ഞോടു ചേർത്ത് ആട്ടിക്കൊണ്ടു താരാട്ടു പാടുകയാണ്—'ജയ ഹനുമാൻ, വീരഹനുമാൻ, വീര ഹനുമാൻ ജയ ഹനുമാൻ'.

അവിടെ നിന്ന് രണ്ടണക്കു വെററില വാങ്ങി.

രാത്രി അത്താഴവും കഴിഞ്ഞ് അടുക്കളയിൽ നിന്നു കൂടാരത്തിലേയ്ക്ക് തിരിച്ചുവരികയാണ്., മുത്തശ്ശിയമ്മ വലിയേച്ചിയോടു പറഞ്ഞു: 'ങ്ഹാ, മോളേ, നിന്നെ കാണുന്നുണ്ടല്ലോ, രാണു—മോളേയും കാണുന്നുണ്ട്., രണ്ടാളും വളരെ നല്ല കൂട്ടത്തിലാ. പിന്നെ, നിൻെറ ആങ്ങള എങ്ങിനേയാ മോളേ?'

തുറന്ന ചിരിയോടെ വലിയേച്ചി പറഞ്ഞു. 'എൻെറ ആങ്ങളയും വളരെ നല്ല കൂട്ടത്തിലാ'.

മുത്തശ്ശിയമ്മ പറഞ്ഞു. 'അതല്ല, പറഞ്ഞോണ്ടു വരുന്നത്, ആങ്ങളയ്ക്ക് ഈശ്വരവിശ്വാസം ഉണ്ടല്ലോ?'.

വലിയേച്ചി പറഞ്ഞു. 'അത് പിന്നില്ലാതെ?'.

'എന്നാപ്പിന്നെ അയാള് കൂടെ വന്നില്ലല്ലോ?'

കുഴപ്പത്തിലായ വലിയേച്ചി കുടിനീരിറക്കി., എന്നിട്ടു പറഞ്ഞു. 'അങ്ങിനെയൊന്നുമല്ല—വരുമായിരുന്നു! പക്ഷെ, പണിത്തിരക്കല്ലേ, സമയം കിട്ടണ്ടേ—'

'അല്ല, അതല്ല ചോദിക്കുന്നത്'', എന്നു പറഞ്ഞ് മുത്തശ്ശിയമ്മ രണ്ടുമൂന്നു തവണ എന്റെ നേർക്ക് കണ്ണയച്ച് ഒച്ച താഴ്ത്തി വലിയേച്ചിയോടു ചോദിച്ചു. 'ഈ പ്രായമല്ലേ—പെണ്ണക്കമൊന്നും അല്ലല്ലോ?'.

ന്യൂ ദൽഹിക്ക് എന്തൊരാകർഷണമെന്ന് ആലോചിച്ചിട്ട് പിടി കിട്ടുന്നില്ല. വർണ്ണപ്പൂക്കളുടെ കുററിക്കാടുകൊണ്ടു ചുററി, വലിയ മരങ്ങൾ കാവൽ നിൽക്കുന്ന, വളപ്പുകളുടെ ഓരോ കാരാലയം പോലുണ്ട്. ജനലിലൂടെ അയൽപക്കത്തെ വീട്ടിലെ തളത്തിലിരുന്ന് കിഴവിയായ വേലക്കാരി പാത്രം മോറുന്നത് കാണാനില്ല; മട്ടുപ്പാവിൽനിന്ന് അയൽപക്കക്കാരന്റെ മകൾ പുറംനിറയേയുള്ള നനഞ്ഞ തലമുടി ചിക്കറുത്ത് ഉണക്കുന്നത് കാണാനില്ല. മതിലിന്റെ അപ്പുറത്തുനിന്ന് അമ്മായിയമ്മയും മരുമകളുംതമ്മിലുള്ള കലഹത്തിന്റെ കളരവമൊന്നും കേൾപ്പാനില്ല. സാററ് വണ്ടിയുടെ കാതുതുളക്കുന്ന ഘടഘട ശബ്ദവും ട്രാമിന്റേയും ബസ്സിന്റേയും ഭക ഭക ശബ്ദവും, സാമാനം കൊണ്ടുനടക്കുന്നവന്റെ വിളിച്ചുകൂവലും സംഘം ചേർന്ന് മീററിങ്ങിനു പോകുന്ന വഴി കൃഷിക്കാരുടേയും തൊഴിലാളികളുടേയും ഉച്ചധ്വനിയും കേൾപ്പാനില്ല.

ഞാൻ കിടക്കയിൽ കിടന്നുകൊണ്ട് ജനലിനു നേർക്കുതന്നെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. പകൽവെട്ടം കാണാനില്ല അതിലൂടെ. എന്തുപററി ഇന്ന്? ആരുടേയും ശബ്ദംപോലും കേൾക്കാനില്ലല്ലോ. ചെറിയേച്ചിയുടെ തോട്ടത്തിലെ വലിയ വലിയ മരങ്ങളിന്മേൽ എത്രയെത്ര പക്ഷികളാണ് കൂടുകെട്ടിയിരിക്കുന്നത്? നേരം പുലരും മുമ്പേ അവയുടെ കരച്ചിൽ കേട്ട് ഉറക്കമുണരും. അവയെന്താണാവോ ഇപ്പോഴും ഉണരാത്തത്? അങ്ങേ വശത്തുനിന്ന് ഒരരിപ്രാവു മാത്രം നിർത്തി നിർത്തി കൂവുന്നുണ്ട് — ഘുഘു–ഘു, ഘുഘു–ഘു.

'അരിപ്രാവിന്റെ ഒച്ച ഉറക്കത്തെ സഹായിക്കുകയാണ് ചെയ്യുക' എന്നാണ് ചെറിയേച്ചിയുടെ അമ്മ പറയുന്നത്. ഞാൻ കണ്ണു പൂട്ടി മനസ്സുവെച്ച് കേൾക്കാൻ തുടങ്ങി—ഘു ഘു–ഘു, ഘുഘു–ഘു. ഊംംം' എന്തൊരു കഷ്ടമാണ്! ആ വിളി കേട്ടാൽ നെഞ്ഞകത്ത് വേദന വിങ്ങും.

ഞാൻ കിടക്ക വിട്ട് എഴുന്നേററ് പുറത്തു ചെന്നു.

നാലുപാടും അടക്കിനിർത്തിയ എന്തോ ദു:ഖംപോലെ.

നേരം പുലർന്നിട്ടും പുലരുന്നില്ല, പക്ഷികൾ ഉണർന്നിട്ടും പാടുന്നില്ല. തോട്ടം നിറയെ ഇത്രയും തൂമണം പൊഴിക്കുന്ന പൂക്കളുണ്ടായിട്ടും ഒരു തേനീച്ചയുടെ മൂളലില്ലാ ഒരിടത്തും. ഏതാനും ചിതലകൾ മാത്രമുണ്ട് വളപ്പിൽ അങ്ങുമിങ്ങും പാറിക്കളിക്കുന്നു., പുല്ലിൽ നിന്ന് പുഴുക്കളെ കൊത്തിക്കൊത്തിയെടുത്ത് വിഴുങ്ങുന്നു. ഇവററയ്ക്ക് ഒരു സുഖ ദു:ഖബോധവുമില്ലെന്നു തോന്നുന്നു. അബദ്ധത്തിൽപ്പോലും ഒന്നെങ്കിലും ഇങ്ങോട്ടൊന്നു തിരിഞ്ഞുനോക്കുന്നില്ല. മണ്ണിൻെറ നിറത്തിലുള്ള പക്ഷികൾ, ഉരുണ്ടുരുണ്ട ശരീരം, കണ്ടാൽ ആകപ്പാടെ മുഷിപ്പാണു തോന്നുക. അഴകില്ല, ഗുണവുമില്ല. വസന്തത്തിലെ നാനാവർണ്ണ വൈചിത്ര്യത്തിൽ, നാനാ കാകളിസംയോഗത്തിൽ, ഇത്തരം ചിതലകൾക്കു സ്ഥാനമെവിടെ?

അതുകൊണ്ടുതന്നേയാണെന്നു തോന്നും, സകലരുടേയും അവഹേളനവും അനാദരവും കണ്ടിട്ട് ഇവ ദൂരെ മാറിനിന്ന് തങ്ങൾ കുറച്ചുപേർ മാത്രമായി ഇണങ്ങിച്ചേർന്ന് നിൽക്കുന്നത്. ശീതമാകട്ടെ ഗ്രീഷ്മമാകട്ടെ വർഷമാകട്ടെ വസന്തമാകട്ടെ, ഭ്രൂക്ഷേപമില്ല. ദു:ഖവും ആപത്തുംകൊണ്ട് സ്തബ്ധരാവില്ല. ആറേഴെണ്ണം പററം ചേർന്ന് മുക്കിലും മൂലയിലും, ഇരുട്ടത്തും, ലക്ഷ്യമില്ലാതെ, അങ്ങിനെ അലഞ്ഞുതിരിയും. ഇംഗ്ളീഷിൽ അതാണ് ഇവയ്ക്ക് 'സെവൻ സിസ്റ്റേഴ്സ്' എന്നൊരു പേരുള്ളത്.

ഏഴു സഹോദരിമാർ. ഞാനാലോചിക്കുകയാണ്, എന്തൊരു പിണക്കം കാരണമാണ് ഇവർക്ക് ഇങ്ങിനെ നിർവ്വികാരകളാകാൻ കഴിഞ്ഞത്? പിണക്കമോ ആഘാതമോ?

പെട്ടെന്ന് സഹതാപം തോന്നിപ്പോയി. അറിയാതെ ഓരോ നിമിഷവും എന്തെല്ലാം ദോഷങ്ങൾ ചെയ്യുന്നു. ഈ ഏഴു സഹോദരിമാരെ ഇത്രയും കാലം എന്തൊരു വിഷക്കണ്ണുകൊണ്ടാണ് നോക്കിയിരുന്നത്. അടുക്കളയ്ക്ക് തൊട്ടുള്ള ചീരത്തോട്ടത്തിൽ ഇവർ പററം പററമായി ചാടിവീണപ്പോൾ, 'പോ പോ' എന്നു പറഞ്ഞ് കല്ലും കട്ടയുമെടുത്ത് എറിയാൻ ചെന്നിട്ടുണ്ട്. ഇന്ന് ഏഴു സഹോദരിമാർ മനസ്സാകെ എന്തൊരു മമതയാണ് ഉളവാക്കിയത്! ഈയൊരു സമയത്തിനു പററിയ കൂട്ടുകാരാണ് അവരെന്ന്, ഇത്രയും കാലം കാത്തുനിന്ന് ഇപ്പോൾ പരിചയപ്പെടുത്തിയതാണെന്നു തോന്നും.

നാലു ദിക്കും മൂടുപടമണിഞ്ഞിരിക്കയാണ്. അകത്തും പുറത്തും സ്തബ്ധത. ഒരു പൊരി ചിരിയില്ലാ എങ്ങും. അറിയാം,

ഇത് അധിക നേരം നിലനിൽക്കില്ലെന്ന്. എന്നാലും ഈ ഏതാനും നിമിഷങ്ങളിലെ വേദനതന്നെ എത്ര അളവററതാണ്.

മഴ ചാററിയിരുന്നെന്നു തോന്നുന്നു ഇത്രയും നേരം. തലമുടിയിൽ നിന്ന് വെള്ളം ഇററിവീഴുന്നുണ്ട്, സാരിയും പുതപ്പും നനഞ്ഞതായി തോന്നുന്നുണ്ട്. കാൽച്ചുവട്ടിലെ പുൽക്കൊടികളിൽ വെള്ളത്തുള്ളികൾ മുത്ത് ചാർത്തിട്ടുണ്ട്. മനസ്സ് സന്തുഷ്ടമായി.

കണ്ണീരുകൊണ്ടു വേണം, അടക്കിവെച്ച വ്യഥകൾക്ക് കനംകുറയ്ക്കാൻ; മറെറാരു വഴിയില്ല. പറയട്ടെ, കരയൂ ധരിത്രി, എനിയും കരയൂ., കണ്ണീരിൽ എല്ലാം ഒന്നുകൂടി ഒഴുക്കിക്കളയൂ. എന്നാലല്ലേ മുഖത്ത് ചിരി വിടർത്താനൊക്കൂ. മറിച്ച് ഇങ്ങിനെ—അടക്കിപ്പിടിച്ച കരച്ചിൽ—കണ്ടാൽത്തന്നെ നെഞ്ഞു പിടയ്ക്കും.

നാട്ടിൽനിന്ന് കത്തു വന്നു; ചേച്ചി എഴുതിയിരിക്കയാണ്, ഭൈരവപ്പുഴയിലെ വെള്ളത്തിൽ ഒലിച്ചുപോയിരിക്കുന്നു, സാനുവേച്ചിയുടെ ഭർത്താവ്, ഇളയമ്മയുടെ അനിയൻ; അതസിയുടെ അനിയത്തിയുടെ മോൻ — വിധവയുടെ ഒരേയൊരു താങ്ങ്; രാങ്ങയേടത്തിയമ്മയുടെ മോള് രാഖിയുടെ ഭർത്താവും മക്കൾ രണ്ടും. ഒരു കുട്ടിക്ക് ഒന്നര വയസ്സേ ആയിട്ടുള്ളു. പ്രൊഫസറായ ജാമാതാവ് ലീവെടുത്ത് ഭാര്യയേയും മക്കളേയും കൂട്ടിക്കൊണ്ടുപോവാൻ വന്നതായിരുന്നു. ഭൈരവപ്പാലം കടക്കാൻ കഴിഞ്ഞില്ല; തീവണ്ടി നിർത്തി കൊള്ളക്കാർ മിക്കവരേയും കൊത്തിനുറുക്കി വെള്ളത്തിലെറിയുകയാണുണ്ടായത്.

ഇതിനപ്പുറം വായിക്കവയ്യ. കുഞ്ഞിനെ മടിയിൽനിന്നു പറിച്ചെടുത്തു! അയ്യോ! അക്കൂട്ടത്തിൽത്തന്നെ എന്തുകൊണ്ട് രവിയുടെ കഥയും കഴിച്ചില്ല. നെഞ്ഞിൽ ശൂലം തറച്ച് അവളെ മാത്രം എന്തിനു ബാക്കിയാക്കി?

എന്തൊക്കെയാണ് നടക്കുന്നത് നാടെങ്ങും? ജീവന് ഒരു വിലയുമില്ലാത്തതുപോലെ; അങ്ങിനെയങ്ങ് ഒടുക്കിക്കളയുക!

വർത്തമാനപത്രം വായിക്കാൻ നടുക്കം തോന്നുന്നു; കത്ത് വന്നാൽ തുറക്കാൻ പേടിയാണ്. ഇനിയും ഇനിയും അകലത്തേയ്ക്ക് ഓടി രക്ഷപ്പെടാൻ തോന്നുന്നു — ഒന്നും കാതിൽ വന്നെത്താതിരിക്കട്ടെ. മുറിയിലും ഉമ്മറത്തും നിൽക്കപ്പൊറുതിയില്ലാതെ നടക്കും., തെരു

വിലും വയലിലും ചുററിയലയും. രണ്ടു കൈകൊണ്ടും കാതു പൊത്തും, ഉള്ള ശക്തി മുഴുവനുമെടുത്ത് കണ്ണ് മുറുക്കേയടച്ചും. പക്ഷെ, കഷ്ടം! അത് നേരെ കടന്നുവന്ന് ആഞ്ഞടിക്കും. ഒഴിഞ്ഞുമാറാൻ വഴിയെവിടെ?

'പോകാം, വലിയേച്ചി, തിരിച്ചുപോകാം. ഇനിയും തീർത്ഥയാത്ര ചെയ്യാൻ മനസ്സുവരുന്നില്ല'.

ആളുകൾ പറയുന്നത്, മനസ്സ് നേരേ നിർത്താനാണ് തീർത്ഥയാത്ര ചെയ്യുന്നതെന്നാണ്., എങ്കിലെന്തേ വീട്ടിലെ ആ കൊച്ചുമൂലയ്ക്കു വേണ്ടി അതിങ്ങിനെ കിടന്നു പിടയുന്നു?

ഒരേയൊരുത്തരമാണ് കേൾക്കുക വീണ്ടും വീണ്ടും — ഇതിനാണ് പറയുക മായയെന്ന്., ഈ മായയെ അറുത്തുകളയണം, എന്നാലേയുള്ളൂ മുക്തി .

എനിക്കെന്തു പ്രയോജനം അത്തരം മുക്തികൊണ്ട്? ഭീരുവായ മനസ്സ് എതിർപ്പു കാട്ടുന്നതോടൊപ്പംതന്നെ ശാസിക്കുകയും ചെയ്യുന്നു — മിണ്ടാതിരി, മനസ്സിലാവാത്ത കാര്യം വായ തുറന്നു പറയരുത്.

മനസ്സ് വെമ്പുകയാണ് എന്റെ വൈഷ്ണവി സഖിക്കുവേണ്ടി. അവളെ ഇപ്പോൾ അടുത്തു കിട്ടിയിരുന്നെങ്കിൽ! എനിക്കു തോന്നുകയാണ്, അവളുടെ വാക്ക് എനിയ്ക്ക് നന്നായി മനസ്സിലാവുമെന്ന്. അവളുടെ വഴി പകൽവെളിച്ചത്തിൽ കണ്ട വ്യക്തമായ വഴിയാണെന്ന്.

ഒന്നുമില്ല, ഒന്നും പറയുകയേയില്ല, അടുത്തിരുന്ന് സഖി പാട്ടുപാടിക്കൊണ്ടേയിരിക്കും, ഞാൻ കണ്ണടച്ചു കേൾക്കുമെങ്കിൽ. അവളുടെ പാട്ടുതന്നെയാണ് അവളുടെ മനസ്സിലെ ഭാവം, മുഖത്തെ ഭാഷ.

വരുന്നതിനു മുമ്പ് അവളെ ഞാൻ കണ്ടത് ആളൊഴിഞ്ഞ ഒരു ഉച്ചനേരത്താണ്.

ചിത്രം വരഞ്ഞുകൊണ്ടിരിക്കേ മനസ്സാകെ അസ്വസ്ഥമായി; കൈയിലെ തൂവൽ നിലത്തിട്ട് നട്ടുച്ച വെയിലത്ത് പുറത്തിറങ്ങി ഞാൻ മുററത്തെ ആത്തച്ചെടിയുടെ ചുവടെ ഇരുന്നു. ചാണകം തേച്ചു വെടിപ്പാക്കിയ വീട്ടിന്റെ ഈ പിൻവശത്തെ ചെറിയ മുററം എന്റെ മനസ്സിന്റെ ഒഴിവു സമയത്തെ ആശ്രയസ്ഥാനമാണ്. ഞാനവിടെ

ചുററിയലയും, മരച്ചില്ല കടിക്കും, അവിടേയും ഇവിടേയും ഇരുന്ന് മണ്ണിൽ വിരലോടിക്കും. ചാണകം മെഴുകിയ മണ്ണ് എന്റെ കുട്ടിക്കാലത്തെ അമ്മയുടെ മടിത്തട്ടാണെന്നു തോന്നും.

കുറച്ചു നാളായി കണ്ടിരുന്നു, ഉണങ്ങിയ ഒരു കൊച്ചു കമ്പു പോലത്തെ ഏതോ ഒരു ചെടി മണ്ണിൽനിന്നു കിളിർന്നു വന്നിരിക്കുന്നത്. ഇല തെഴുക്കുന്നില്ല, മോളു് അതിന്റെ മുകളിലൂടെ തണ്ണെ ചൂലുകൊണ്ട് പരപരേന്ന് അടിച്ച് ചാണകവെള്ളം തേക്കും. മണ്ണും ചാണകവും തടിയിൽ ഉണങ്ങിപ്പററി ആ ഉണക്കക്കമ്പ് മുരടിച്ചു പോയി. സ്ഥാനം തെററി വന്ന കമ്പ് — ദേഷ്യം വന്ന് ഞാൻ അന്ന് അത് കത്തിരികൊണ്ട് നറുക്കി കുപ്പയിൽ എറിഞ്ഞുകളഞ്ഞു. ഇന്ന് പതുപതുത്ത ഒരു ഇളംകമ്പുണ്ട് അവിടെ തെഴുത്തുവന്നിരിക്കുന്നു; അതിന്മേൽ തുടുതുടുത്ത ഏതാനും തളിരുകൾ—ഇപ്പോഴും ശരിയായ രൂപം പൂണ്ടിട്ടില്ല. ഞാൻ കുനിഞ്ഞുനിന്നു നോക്കി. ഇപ്പോൾ പിറന്ന കുഞ്ഞിന്റെ മടക്കിപ്പിടിച്ച കൈയിന്റെ ചോരത്തുടുപ്പാർന്ന വിരൽപോലുണ്ട്—മുമ്മൂന്ന് ഇലകൾ. കൂവളത്തയ്യാണ്. എന്തൊരു പ്രാണ ശക്തി! കാലുകൊണ്ടു ചവിട്ടി കടന്നുപോയിട്ടുണ്ട്, കൊമ്പ് പൊട്ടിച്ചു കളഞ്ഞിട്ടുണ്ട്, മുരടറുത്ത് പിഴുതു കളഞ്ഞിട്ടുണ്ട്., എന്നിട്ടും മരിച്ചില്ല. വസന്തം വന്നെത്തിയതോടെ അത് ഒരൊററ തഞ്ചത്തിന് തളിരിട്ടിരിക്കുന്നു.

കെട്ടാലും കെടാ സഖീ എന്തൊരു കൊടുംജ്വാല
കെട്ടുക കഴുത്തിലീ കണ്ടകാങ്കിതം മാല.

പാട്ടുകേട്ട് ഞെട്ടിത്തിരിഞ്ഞുനോക്കി. സഖി എപ്പോഴാണ് വന്ന് അടുത്തിരുന്നതെന്ന് അറിയാനേ കഴിഞ്ഞില്ല. സഖി അടക്കിയടക്കി ചിരിക്കയാണ്. അവളുടെ മുഖത്ത് ചിരി ഒട്ടിക്കിടപ്പാണ്. ഈ ചിരിയുടെ ചിരധാര ഏതൊരു ശിഖരാഗ്രത്തിൽ നിന്നാണ് അവൾക്കു കിട്ടുന്നതെന്ന് അറിയാൻ കൊതി തോന്നും. സഖി ചിരിച്ചുകൊണ്ട് പാടുകയാണ് —

തളർന്നൂ തനുവിന്നെൻ മനമോ തെളിയുന്നൂ;
അഴിഞ്ഞോ ബന്ധമോടക്കുഴലിൻ വിളി കേൾക്കേ.

അത്യന്തം സാധാരണക്കാരിയായ ഒരു സ്ത്രീയാണ് എന്റെ തോഴി. പലതും പറഞ്ഞ കൂട്ടത്തിൽ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു, അവൾ ഒരുകാലത്ത് വലിയൊരു തറവാട്ടിലെ ഓമനസ്സന്തതിയായിരുന്നെന്ന്. എന്നാൽ അതിനെച്ചൊല്ലി അവൾക്ക് മനസ്സിലൊരു

വിഷമവുമില്ല. കുറച്ചുകൂടി വല്ലതും അറിയാൻ കിണഞ്ഞാൽ അവരം ചിരിച്ചുകൊണ്ടു പറയും, 'അതെന്റെ പൂർവ്വാശ്രമമാണ്, പേരു പറയാൻ പാടില്ല' എന്ന്.

രമു പറയാറുണ്ട്, 'എന്തൊരു നിറമാണ് നിങ്ങളുടെ ചങ്ങാതിക്ക് അമ്മായിയമ്മേ: വയസ്സായിട്ടും ഇപ്പോഴും ചോരയിററുന്നുണ്ടെന്നു തോന്നും. ചെറുപ്പകാലത്ത് എന്തായിരുന്നിരിക്കണം'.

ഞാനും ആലോചിച്ചിട്ടുണ്ട് ആ കാര്യം. നരച്ച കുററി രോമങ്ങരം നിറഞ്ഞ മൊട്ടത്തല—മഴക്കാലത്ത് വിടർന്ന ആമ്പൽപ്പൂക്കളെപ്പോലെ. ഒരൊററ പല്ലില്ല. മുഖത്തെ തോല് ചുക്കിച്ചുളിഞ്ഞിരിക്കുന്നു. എന്നാലും അവളുടെ മൂക്കിനും ചുണ്ടിനും താടിക്കും എന്തൊരു വടിവാണ്! എന്തൊരു കണ്ണും പുരികവും! അന്നത്തെ ആ ചിത്രം കണ്ണിനു മുമ്പിൽ എപ്പോഴും തിളങ്ങി വിളങ്ങുകയാണ്. ഞാൻ ഒരിക്കൽ ചോദിച്ചിരുന്നു, 'തോഴീ, അച്ഛനമ്മമാരുടെ ആ സുഖം നിറഞ്ഞ കൂടു വിട്ടിട്ട് എന്തിനേ പുറത്തിറങ്ങിയത്? കൊച്ചു പ്രായത്തിൽ എന്തൊരബദ്ധമാണ് ചെയ്തത്!'

'അബദ്ധമോ? അബദ്ധമെന്നാണോ നീ അതിനെ പറയുന്നത്?' സഖിയുടെ പുഞ്ചിരി തൂകുന്ന മുഖം വിറച്ചു, വെളുത്ത നെററിത്തടത്തിൽ കറുത്ത പുരികങ്ങരം വളഞ്ഞുമുട്ടി., രണ്ടു കണ്ണിലേയും കൃഷ്ണമണി രണ്ടിലും രണ്ടു ദീപശിഖ ആളിക്കത്തുംപോലെ. ആ ദീപശിഖയുടെ വെളിച്ചം എന്റെ മുഖത്തേക്കെറിഞ്ഞ് സഖി പാട്ടു പാടാൻ തുടങ്ങി—

> പ്രേമവുമല്ലാ പ്രീതിയല്ലിതു മഹാതന്ത്രം
> കാളസർപ്പം കടിച്ചാൽ ഏശുകയില്ലാ മന്ത്രം.

ഇന്ന് സഖി ഉടുത്തിരിക്കുന്നത് കറുത്ത ഒരു സാരിയാണ്. കണ്ടിട്ട് എനിക്കു ചിരി അടക്കാൻ കഴിഞ്ഞില്ല. ഞാൻ പറഞ്ഞു. ''നല്ല ചേർച്ചയുണ്ട്''.

സഖി പറഞ്ഞു. 'ഘോഷിന്റെ ഇളയ മകന്റെ കല്യാണമായിരുന്നു; പുതിയ പെണ്ണ് നിർബ്ബന്ധം പിടിച്ച് എന്നെ ഈ സാരി ഉടുപ്പിച്ചതാണ്. പെൺകുട്ടികരം എന്റെ വേഷം കണ്ടിട്ട് ചിരിയോടു ചിരി. ഉള്ളിൽ ഞാനും ചിരിച്ചു. അറിയാമോ, അദ്ദേഹത്തിന്റെ കയ്യും പിടിച്ച് ആദ്യമായി പുറത്തിറങ്ങിയ ദിവസം ഞാനുടുത്തിരുന്നത് വെള്ളസ്സാരിയായിരുന്നു. ഇന്നോ—

കളങ്കക്കരിമഷി പുരട്ടിയുടലാകെ
ഒളിച്ചുവെച്ചേനുള്ളിൽ കാർമുകിൽ വർണ്ണനെ ഞാൻ'.

പാടുന്നതിനിടയിൽ സഖി കറുത്ത ചേലത്തുമ്പ് വലിച്ച് ദേഹത്തു നന്നായി ചുററി.

ഞാൻ ചോദിച്ചു. 'നിനക്ക് അദ്ദേഹത്തോട് ദേഷ്യം തോന്നീട്ടില്ലേ? വെറുതേ ഇങ്ങിനെ ഉപേക്ഷിച്ചു കടന്നുകളയുകയോ?'

നെടുവീർപ്പടക്കി സഖി പറഞ്ഞു: 'ഞാൻ കള്ളം പറയില്ല, അവനവനെ വലുതാക്കി കാട്ടുകയില്ല. തോന്നിയിരുന്നു; നല്ല ദേഷ്യം തോന്നിയിരുന്നു. അധികം ദു:ഖം അദ്ദേഹത്തിന്നാണ്, പിണക്കവും അധികം അദ്ദേഹത്തിന്നാണ്. അതിലെല്ലാം നൂറു മടങ്ങ് മാരകമായി മനസ്സിൽ ധിക്കാരം തോന്നി. ധിക്കാരത്തിൻെറ ചൂടിൽ നെഞ്ചകത്തിൻെറ രണ്ടു വശവും വെന്തു കരിഞ്ഞുപോയി'.

നോക്കൂ, അടുത്തുള്ള ആാം അകന്നുപോയാൽ അയാളെ പിടിക്കാൻ കൊതിക്കുംപോലെയുള്ള ഒരു ക്രൂരമായ വിനോദം വേറെയില്ല'.

സഖി മിണ്ടാതായി. കൈപ്പടംകൊണ്ട് കണ്ണു രണ്ടും പൊത്തി ഇരിപ്പാണ്.

സഖി തുടർന്നു. 'നാം കഴിയുന്നു, ഉള്ളിലെ എരിച്ചിൽ ഏറിയേറി വരികയാണ്. പൊറുക്കാൻ വയ്യാതായി. എന്തുകൊണ്ടാണ് തീ കെടുത്തേണ്ടത്, ഏതു കുളത്തിലെ വെള്ളം കൊണ്ടാണ്? ഉരുളുകയും പിരളുകയും ചെയ്തു, തണുത്ത നിലത്ത് നെഞ്ചമർത്തി കിടന്നു. ശാന്തിയില്ല, ശാന്തിയില്ല. എനിക്കു ഭ്രാന്ത് പിടിക്കുമോ? ഭ്രാന്ത് പിടിക്കുകയാണ് ഇതിലും ഭേദം. എവിടെ, അതും ആവുന്നില്ലല്ലോ. കണ്ണ് രണ്ടിലേയും വെള്ളത്തിൽ ഉണങ്ങിയ പൊടിപോലും നനഞ്ഞ് ചളിയാവും'.

'ഞാനോർത്തു, ആ നിഷ്ഠുരൻതന്നേയാണ് ഒരു കാലത്ത് എൻെറ മനസ്സിൽ പരമ സുന്ദരനായിരുന്നത്. അവനവനെ ആ സുന്ദരൻെറ കയ്യിൽ സമർപ്പിച്ചിട്ട് സ്വയം സൗഭാഗ്യവതിയെന്ന് ഭാവിച്ചിരുന്നു. അദ്ദേഹത്തിൻെറ മാറിൽ മുഖം ചേർത്തപ്പോഠം സ്വർഗ്ഗസുഖത്തെ തുച്ഛമായി കരുതിയിരുന്നു. ഒരു തരി കലർപ്പുണ്ടായിരുന്നില്ല അന്ന് ഞങ്ങളുടെ സ്നേഹത്തിൽ, തരിമ്പും വ്യാജമുണ്ടായിരുന്നില്ല എവിടേയും. എങ്കിൽ,എങ്കിൽ ആ മുഹൂർത്തത്തെ ഞാനെന്തേ മനസ്സിൽ വെച്ചുപുലർത്താത്തത്?

'ഈ സത്യം അന്വേഷിച്ചുകണ്ടെത്തിയ അന്ന്, ഞാൻ രക്ഷപ്പെട്ടു. അതെന്തൊരാനന്ദമായിരുന്നു! അപ്പോഴ്, ഏതൊരു കടലിന്റെ തീരത്ത് തിരിച്ചു ചെന്ന് കുടികെട്ടി പാർക്കണമെന്ന ആശയുംകൊണ്ടാണോ ഞാൻ ഇരുന്നിരുന്നത്, അതേ കടലിന്റെ തിരമാലകളിൽ മാനവും പിണക്കവും വെറുപ്പും ദേഷ്യവുമെല്ലാം ഒഴുക്കിക്കളഞ്ഞ് കൈയും മുഖവും കഴുകി ഞാൻ കരക്കു കേറി. വീട്ടിൽച്ചെന്ന് മൺവിളക്കു കൊളുത്തി ഭഗവാന്റെ തിരുമുഖത്തിനടുത്തു പിടിച്ചപ്പോഴ് കണ്ടു, ആ മുഖവും ഈ മുഖവും ഇന്ന് ഒന്നു ചേർന്നിരിക്കുകയാണെന്ന്. അതിന്നുശേഷം ഞാൻ കരഞ്ഞിട്ടില്ല. എന്തിനു കരയണം?—

ചൊല്ലുന്നൂ ചണ്ഡീദാസൻ, കേഴുവതാരെച്ചൊല്ലി,
അക്കരിമുകിൽ വർണ്ണൻ പാർപ്പു നിന്നുള്ളത്തിലേ.

ചെറിയേച്ചി വന്നു പറഞ്ഞു. 'പോകാം, അന്നു പറഞ്ഞ ആ ശവകുടീരം കാണാൻ വരുന്നോ? ദൂരം പന്ത്രണ്ട് മൈലുണ്ട്, നീണ്ട വഴിയാണ്, നല്ല രസം തോന്നും'.

ഞാൻ പറഞ്ഞു. 'വേണ്ട ചേച്ചി, അന്നത്തെപ്പോലെ രസം തോന്നുന്നില്ല'.

'എന്നാൽ ബിർലാ മന്ദിരത്തിലേയ്ക്ക് പോകാം. അമ്മയും പോകണമെന്നു പറഞ്ഞിരുന്നു; ഇക്കൂട്ടത്തിൽത്തന്നെ കാണിച്ചുവരാം'.

അത്തവണയും ഞാൻ ബിർലാ ക്ഷേത്രത്തിൽ പോയിരുന്നു. വെണ്ണക്കല്ലുകൊണ്ടുള്ള വിശാലമായ അമ്പലം, വാതിലിനടുത്ത് കുലകുലയായി സുഗന്ധം പൊഴിക്കുന്ന പനിനീർപ്പൂക്കൾ. വരുന്നവരെല്ലാം ഇലപ്പൊതി നിറയെ പൂക്കൾ വാങ്ങിട്ടാണ് അകത്തു കടക്കുന്നത്. ഞാൻ പടികൾ ഓരോന്നായി മേല്പോട്ടു കയറി—ഈ ഭാഗം പുലി, ആ ഭാഗം സിംഹം, റെയിലിങ്ങിന്മേൽ നിരനിരയായി തുമ്പിക്കൈ കോർത്തുപിടിച്ച ആനകൾ. പ്രാകാരം ചുററും താമരമൊട്ടുകൾ തൂങ്ങിനിൽക്കുന്നു. തൂണുകളിന്മേൽ കടവത്ത്ഒരുക്കിവെച്ച അർഘ്യങ്ങൾ. വെൺ ചുമർ നിറയെ കൊത്തിവച്ച വർണ്ണ ചിത്രങ്ങൾ. ഇടയ്ക്കിടെ പുരാണ ഗാഥകൾ. നിലത്ത് കല്ലിൽ കൊത്തിയ ചെന്താമരയും നീലത്താമരയും. അമ്പലം ചുററും കെട്ടിപ്പടുത്ത വെള്ളമില്ലാത്ത ചാല്. പുലിയുടെ പിളർന്ന വായയിൽ കൃത്രിമ ഗുഹ—ഒട്ടകം, കണ്ടാമൃഗം, വെള്ളച്ചാട്ടം, കുററിക്കാട്, ഊഞ്ഞാൽ, എല്ലാം കടന്ന് മരച്ചുവട്ടിൽ നിന്ന് ഉരുളക്കിഴങ്ങ് വറുത്തതും വാങ്ങി

ത്തിന്ന് പുറത്തിറങ്ങിയപ്പോളാണ് പെട്ടെന്ന് ഓർമ്മ വന്നത്, ശരി തന്നെ, എല്ലാം കണ്ടു, പക്ഷെ അമ്പലത്തിലെ ദേവനെ കണ്ടില്ലല്ലോ?

ചെറിയേച്ചി ചോദിച്ചു. 'എന്താണിത്ര ആലോചന? പോകണമെന്നില്ലേ? മുമ്പ് കണ്ടിട്ടുണ്ടോ'.

ഞാൻ പറഞ്ഞു: 'അതിരിക്കട്ടെ; നടക്കൂ, ഒന്നുകൂടി പോകാം, എവിടെ എന്തൊക്കെയാണെന്ന് കണ്ടുവരാം'.

വ്രജരജസ്സ്

നല്ല രസമുണ്ട് കാണാൻ. ദക്ഷിണേന്ത്യക്കാർ, മാർവാറികഠം, ഗുജ റാത്തികഠം, പഞ്ചാബികഠം, സിന്ധികഠം, നേപ്പാളികഠം, ഒറീസ്സ ക്കാർ, ബംഗാളികഠം — സകല നാട്ടിലേയും യാത്രക്കാരെക്കൊണ്ട് തീവണ്ടിയുടെ ഇടുങ്ങിയ മുറി തിങ്ങി നിറഞ്ഞിരിക്കുന്നു. എല്ലാവരും പോകുന്നത് ഒരൊററ ലക്ഷ്യംവച്ചാണ്. മധുര വൃന്ദാവനത്തിലേക്ക്, ശ്രീകൃഷ്ണലീലാ ഭൂമിദർശനത്തിന്. ഒരൊററ കുടുംബത്തിലെ അംഗ ങ്ങഠം പലപല വേഷങ്ങളണിഞ്ഞു പോകുംപോലെയുണ്ട്. ഓരോ, രുത്തർക്കും അന്യോന്യം സമാനമായ സൗഹാർദ്ദം. ഇയാഠം അയാളുടെ കുട്ടിയെ മടിയിലിരുത്തുന്നു, അയാഠം ഇയാഠംക്കിരിക്കാൻ സ്ഥലമൊ ഴിഞ്ഞു കൊടുക്കുന്നു., ടിന്നുപെട്ടിയും പിച്ചളപ്പാത്രവും തുറന്ന് ആഹാരം പങ്കിട്ടു കഴിക്കുന്നു. മൺ കൂജയിൽ നിന്ന് ഗ്ളാസ്സിൽ തണുത്ത വെള്ളം പകർന്ന് മലബാറുകാരിയായ ഒരു പ്രൗഢ പാവാട ക്കാരിയായ നവവധുവിൻെറ നേർക്കു നീട്ടുന്നു; മഹാരാഷ്ട്രക്കാരി യായ അമ്മയുടെ മടിയിലിരുന്ന് ഒന്നൊന്നര വയസ്സായ ഒരു കുട്ടി എല്ലാവരുടെ നേർക്കും കൈ നീട്ടുന്നു; 'ഷേക' യ്യാൻഡ'' എന്നു കൊഞ്ചുന്നു; അമ്മ ചിരിച്ചു കുഴങ്ങുന്നു. പുതുതായി പഠിച്ച വാ ക്കാണ്, വൃദ്ധനായ അമ്മാമൻ മിനക്കെട്ടു പഠിപ്പിച്ചതായിരിക്കാം. എല്ലാവരും എഴുന്നേററ് ഇത്തിരിയുള്ള കൈയിൽ കൈ കൊടുത്ത് 'ഷേക് ഹാൻഡ്'' ചെയ്ത് തിരിച്ചുവരുന്നു. ഇത്തരം വിളി കേഠംക്കാ തിരിക്കാൻ കഴിയുമോ വല്ലവർക്കും?

മധുരയിൽ വണ്ടി നിന്നു. ഇവിടെനിന്ന് അമ്പതോളം മൈൽ അകലെയാണ് വൃന്ദാവനം. ബസ്സ്, മോട്ടോർ, കുതിരവണ്ടി ഇങ്ങി നെ മൂന്നു വാഹനങ്ങഠം അവലംബിക്കാം. വൃന്ദാവനം കണ്ട് മടങ്ങി വരുന്ന വഴി മധുരയിൽ കുറച്ചു ദിവസം താമസിക്കണമെന്ന് ഞങ്ങഠം ആദ്യമേ നിശ്ചയിച്ചിരുന്നു. ഈ വഴിക്കുതന്നെ തിരിച്ചുപോകേണ്ട സ്ഥിതിക്ക് ദൂരെയുള്ളത് ആദ്യം കഴിച്ചുവെയ്ക്കുകയാണ് നല്ലത്.

സ്റ്റേഷനിലിറങ്ങി. പോർട്ടറുടെ തലയിൽ സാമാനങ്ങഠം കേററി വെച്ച് പ്ലാററുഫോറം കടന്ന് പുറത്തിറങ്ങിയതേയുള്ളു — ഒരുകൂട്ടം വണ്ടിതെളിക്കാർ പോർട്ടറുടെ തലയിൽ നിന്ന് പെട്ടിയും കിടക്കയും, ഞങ്ങളുടെ കൈയിലെ സഞ്ചിയും ബാഗും പുസ്തകവും പൊതിക്കെ ട്ടും, കിട്ടിയതൊക്കെ തട്ടിയെടുത്ത് ഞൊടിയിടക്കുള്ളിൽ കടന്നു കള ഞ്ഞു!. വിചാരിച്ചിരിക്കാതേയാണ് എല്ലാം സംഭവിച്ചത്. അണ്ടി പോയ അണ്ണാനെപ്പോലെ ഞങ്ങഠം നടുറോഡിൽ വെറുംകൈയോടെ നില്പായി. 'എന്താ മിഴിച്ചുനിൽക്കുന്നത്', അന്വേഷിച്ചുവരൂ വേ

ഗം. എവിടെപ്പോയി എല്ലാമെന്നു നോക്കൂ. ഏയ് കൂലി, കെട്ടും സാമാനവും എവിടെപ്പോയി?' എന്നൊക്കെ വലിയേച്ചി വിളിച്ചു പറഞ്ഞു. വിഡ്ഢിയാൻ പോർട്ടർ കൈ മലർത്തി.

'അന്വേഷിക്ക്', അന്വേഷിക്ക്; നോക്ക് നോക്ക്' എന്നും മററും വിളിച്ചുകൂവി ഞങ്ങൾ ഭ്രാന്തരെപ്പോലെ അങ്ങുമിങ്ങും പായാൻ തുടങ്ങി.

വലിയേച്ചി പറഞ്ഞു, 'അതല്ലേ, അതാ അവിടെ—., മേലെ, അകത്ത്—'

സതീദേഹത്തിൻെറ ഖണ്ഡങ്ങൾപോലെ ഞങ്ങളുടെ സാമാനങ്ങളുണ്ട്, ഛിന്നഭിന്നമായി, ഓരോന്ന്, ഓരോ കുതിരവണ്ടിയിൽ കിടക്കുന്നു. വണ്ടിക്കാരൻ നിശ്ചിന്തനായി ഇടത്തുകയ്യിൽ കടിഞ്ഞാൺ പിടിച്ച്, വലത്തു കയ്യിൽ ചമ്മട്ടിയുമായി തയ്യാർ. ഇനിയങ്ങു പോവുകയേ വേണ്ടു.

അവയെല്ലാം ഒരു സ്ഥലത്താക്കുക എന്നത് മറെറാരു വിഷമംപിടിച്ച പണിയാണ്. ഒരുത്തനും തൻെറ അവകാശം വിടില്ല. ഒരുത്തൻെറ വണ്ടിയിൽ ടിഫിൻ ക്യാരിയർകേററീട്ടുണ്ട്, അതുകൊണ്ട് ഞങ്ങൾ ആ വണ്ടിയിൽത്തന്നെ പോകണം. ഒരുത്തൻെറ വണ്ടിയിൽ സ്റ്റീൽ ട്രങ്കാണ്, അയാളതു മുറുകേ പിടിച്ചുകൊണ്ടിരിക്കുകയാണ്. ആ വണ്ടിയിൽ കേറിയാലേ ട്രങ്ക് തിരിച്ചുകിട്ടൂ. ഇങ്ങിനെ ചിലർ റാന്തലും ചിലർ തൊട്ടിയും ചിലർ കിടക്കയും ചിലർ ചൂരൽക്കൊട്ടയും രണ്ടു കൈകൊണ്ടും അമർത്തിപ്പിടിച്ച് ഇരുന്നുകളഞ്ഞു. നിവൃത്തിയില്ല. അസഹ്യതകൊണ്ട് തളർച്ചയായിപ്പോയി. കാലിന്ന് നിൽക്കാൻ കെല്പില്ലാതെയായി. രണ്ടു കാലും നീട്ടി ആ വഴിയിലെ പൊടിയിൽത്തന്നെ ഇരുന്നുകളയാൻ തോന്നിപ്പോയി.

ഒടുക്കം ആർ എങ്ങിനെ എപ്പോഴാണ് എല്ലാ സാമാനവും ഒന്നിച്ചുചേർത്ത് രണ്ടു കുതിരവണ്ടിയിൽ അടുക്കിവെച്ചതെന്ന് ഓർമ്മിക്കാൻ കഴിയുന്നില്ല. പെട്ടിമേൽ കാലു രണ്ടും കേററിവെച്ച് രണ്ടു കൈകൊണ്ടും ഇരുവശത്തേയും സാമാനങ്ങൾ മുറുക്കിപ്പിടിച്ച് ഞാനും വലിയേച്ചിയും അടുത്തടുത്തിരുന്ന് വൃന്ദാവനത്തിലേയ്ക്കുള്ള വഴിക്ക് നീങ്ങുകയാണ് ഇപ്പോൾ. സ്റ്റേഷൻവിട്ടിട്ട് നേരം കുറേയായി.

വെള്ളമണൽ നിറഞ്ഞ വഴി, ഇരു വശത്തും വരണ്ട മൈതാനം, പൊങ്ങിയും താണുമുള്ള വെള്ള മൺതിട്ടുകൾ. കാട്ടുചെടികളുടെ മു

ള്ളിൻ കാടുകൾ. പച്ചിലകൾ പൊടിയണിഞ്ഞു കിടക്കുന്നു. ഇടവത്തിലെ ചുഴലിക്കാററും വീശിക്കൊണ്ടാണ് പാതയിലൂടെ ബസ്സും മോട്ടോർ വണ്ടിയും പായുന്നത്. ആ കാററിലുയരുന്ന പൊടിയിൽ പാതയും വണ്ടിയും, ആളും മരവും, കാലടിയും തലക്കുമുകളിലെ ആകാശവുമെല്ലാം മറയുന്നു. വളരെ നേരത്തേയ്ക്ക് കണ്ണും മൂക്കും പൊത്തിയിരിക്കണം. ഓരോരുത്തർക്കും പ്രാണായാമത്തിന് എത്രകണ്ട് ശക്തിയുണ്ടോ, അത്രകണ്ട് രക്ഷയുമുണ്ട്.

വലിയേച്ചി പറഞ്ഞു. 'ഇതാണ് വ്രജരജസ്സ്. ഈ പൊടിയിലാണ് ശ്രീചൈതന്യ മഹാപ്രഭു കിടന്നുരുണ്ടിരുന്നത്''.

ഈ ഒരൊററ വഴിക്ക് സംഘംസംഘമായി ആളുകൾ പോകുന്നു, തിരിച്ചുവരുന്നു. രാവും പകലും ഉത്സവത്തിന്ന് ക്ഷണമുള്ളതുപോലെ. പോക്കു വരവിന് അവസാനമില്ല.

അനേകം വയലും അമ്പലവും ധർമ്മശാലയും കടന്ന് ഞങ്ങൾ വൃന്ദാവനത്തിലെത്തി. മുററത്തിരുന്ന് പണ്ഡകൾ വെററില മുറുക്കിക്കൊണ്ട് വഴിപോക്കരെ നോക്കുകയണ് — ആരേയാണ് പിടികൂടേണ്ടതെന്ന്.

കോണകം മാത്രമുടുത്ത കുട്ടികൾ വഴിവക്കത്ത് കൂട്ടം കൂടി ഇടത്തു കൈയിൽ കണ്ണാടി പിടിച്ച് ഗോപി തൊടുന്നു.

കിഴക്കൻ ബംഗാളിലെ വൈഷ്ണവിമാർ, കിഴവിമാരും ചെറുപ്പക്കാരികളുമെല്ലാം ഒന്നുചേർന്ന് ജപസ്സഞ്ചിയും കൈയിലേന്തി വേഗം വേഗം നടന്നുപോകുന്നു.

ഒരൂടുവഴിയിലൂടെയാണ് വണ്ടി പോകുന്നത്. വീട്ടിൻെറ മുമ്പിലുള്ള ചെറിയ മുററത്ത് പററം പററമായി മയിലും പ്രാവും കാക്കയും കിളിയും തത്തയും ഒന്നിച്ചു ചേർന്ന് ധാന്യങ്ങൾ കൊത്തിതിന്നുന്നു. സിമൻറിട്ട തിണ്ണമേലിരുന്നുകൊണ്ട് മുത്തശ്ശനും പേരക്കിടാവും കൈ നിറയെ ധാന്യം വാരിയെറിയുന്നു.

രാമകൃഷ്ണ സേവാശ്രമത്തിലെത്തുമ്പോഴേക്കും നേരം സന്ധ്യയായി. ഇവിടേയും കൻഖലത്തെന്നപോലെ ആസ്പത്രിയെ ചുററിയും കൊണ്ടാണ് ഇവരുടെ പ്രവർത്തനങ്ങൾ; രോഗിമാരെ ശുശ്രൂഷിക്കാനാണ് ഇവർ. ഇവരുടെ കൂവളമരം, പച്ചക്കറിത്തോട്ടം, കിണറുവെ

ള്ളം, അടുക്കള, കിടപ്പറ, പടിഞ്ഞാററ — എല്ലാംകൂടി വെടിപ്പുള്ള ഒരു വീടുപോലുണ്ട്.

വെളുത്ത വാവ് അടുത്തു. കറുത്ത കൂററൻ മരങ്ങളുടെ ചോടെ വെളുത്ത മണ്ണ് നിലാവുതട്ടി മിന്നിത്തിളങ്ങുന്നു. തിളങ്ങുന്ന ആ മണ്ണിൽ ഞാൻ ആ മരവും ഈ മരവും അടയാളംവച്ച് മതിമറന്ന് ചുററി നടക്കുകയാണ്.

അപൂർവ്വമായൊരു സുഗന്ധം കാററിൽ ഒഴുകി വന്നു. മനസ്സ് മത്തു പിടിച്ചു. പ്രാണൻ നിറയെ ഞാനതു വലിച്ചു ശ്വസിച്ചു. എന്തൊരു സൗരഭം! ആവേശംകൊണ്ട് കണ്ണടഞ്ഞു പോകുന്നു. ഏതു പൂവാണ്, പരിചയമുള്ളതുപോലെ തോന്നുന്നു, എന്നാലും തിരിച്ചറിയാൻ പററുന്നില്ല. വീണ്ടും ശ്വാസം വലിച്ചു—ഇതെൻെറ സ്വന്തമാണല്ലോ, തൊട്ടടുത്താണല്ലോ—പക്ഷെ, എവിടെ അത്? സ്വന്തം വീട്ടിലെ വധുവെപ്പോലെ, എന്നാലും നിത്യ സാധാരണമല്ലാത്തതുപോലെ. ഒരു സവിശേഷ വ്യക്തിത്വത്തിൻെറ ആവരണത്താൽ മൂടപ്പെട്ടതുപോലെ. ഞാൻ ഈ മരവും ആ മരവും അന്വേഷിച്ചു, ഈ മരച്ചുവട്ടിലും ആ മരച്ചുവട്ടിലും ചെന്നു., ഇരുണ്ട മരം ഇരുട്ട് കട്ടപിടിച്ച തൻെറ മടിത്തട്ടിൽ എന്നെ പൂണ്ടടക്കം പിടിക്കുന്നു, പക്ഷെ ഒന്നും കണ്ടെത്താൻ കഴിയുന്നില്ല.

എന്തിൻേറയോ ഒരു മധുര ശബ്ദം എൻെറ കാതിൽ വന്നലച്ചു; ജലപൂർണ്ണമായ മേഘത്തിൻെറ ഗുരുഗംഭീര ധ്വനിപോലെ, കര കവിഞ്ഞ് കുതിച്ചു പായുന്ന നദിയുടെ കളകളാരവംപോലെ, വെള്ളച്ചാട്ടത്തിൻെറ ഇരമ്പൽപോലെ, വജ്റനിനാദംപോലെ.

പേടിച്ച കാൽവെപ്പോടെ ഞാൻ മുന്നോട്ടു നീങ്ങി. നിലാവത്ത് ഇതെന്തൊരു കാഴ്ച! ദിഗന്തങ്ങളോളം വ്യാപിച്ചുകൊണ്ട് ജ്യോത്സ്നാശുഭ്രമായ യമുനയുടെ വിസ്തൃതമായ മണൽത്തിട്ട്., അതിന്മേൽ സന്യാസിമാരുടെ ഒരു മേള.

വിശാലമായ മണൽത്തിട്ട് പദ്മാ നദിയുടെ കലക്കു വെള്ളത്തിൻെറ സമുദ്രംപോലുണ്ട്, അററം കാണാനില്ല മുമ്പിൽ. അതിൻെറ മാർത്തട്ടിൽ, തീക്കുണ്ഡത്തിൻെറ മങ്ങിയ നാളത്തെ ആശ്രയിച്ച്, അസംഖ്യം സന്യാസിമാർ നിശ്ചിന്തമായ വിശ്വാസത്തോടെ നിർഭയം ഒഴുകി നീങ്ങുന്നു. മനസ്സ് സ്തംഭിച്ചുപോകുന്നു. എന്തിനാണീ യാത്ര? എവിടെച്ചെന്നണയും അവർ? കൊടുങ്കാററിനെ, കാളമേഘത്തെ, തീപ്പൊരി വെയിലിനെ, കൂട്ടാക്കുന്നില്ല അവർ. ആ കുതിച്ചൊഴു

ക്കിൽ പരമ വിശ്വാസത്തോടെ തോണി കെട്ടഴിച്ചു വിട്ടിരിക്കയാണ്. അമ്മയുടെ മടിത്തട്ടിൽ കിടന്ന്, അമ്മയുടെ മുഖത്തേയ്ക്ക് നോക്കിക്കൊണ്ട്, ഇളം കുഞ്ഞുങ്ങൾ പേടിയറിയാതെ മുലപ്പാല് കുടിക്കുംപോലെയുണ്ട്.

സന്യാസിമാരുടെ തീക്കുണ്ഡത്തിലെ നാളം ചെറുതായിച്ചെറുതായി എങ്ങോ—അതാ അവിടെ കണ്ണിൻ മറവിൽ ലയിച്ചുപോകുന്നു. നടന്നു നീങ്ങാൻ, അടുത്തുചെന്നു നോക്കാൻ — ഈ രാത്രി, ഈ സമയം, ഇപ്പോൾ, ഒരു തവണ — കൊതി തോന്നുന്നു.

വലിയേച്ചി പറഞ്ഞു: 'ഈ പാതിരയ്ക്ക് എവിടെ പോകാനാണ്? നാളെ കണ്ടാൽ മതി'.

നാളെ കാണുന്നത് പകൽ വെളിച്ചത്തായിരിക്കും — അതു കാര്യം വേറെ. ഇന്നത്തെ ഈ കണ്ടുകണ്ടില്ലെന്നതിന്റെ രഹസ്യം അപ്പോഴേക്കും നിലനിൽക്കില്ല. സ്പഷ്ടമായ ആ വെളിച്ചത്തിൽ എന്തെന്തു ലയിച്ചുപോകില്ല, അതു പിന്നെ അന്വേഷിച്ചു പിടിക്കാനാവുമോ?

'വലിയേച്ചി, അതൊരു വലിയ നഷ്ടമാണ്–'.

'ആട്ടെ, ആലോചിച്ചുനോക്കട്ടെ'.

ആശ്രമത്തിലെ രാത്രി വരേയ്ക്കുള്ള പണിയൊക്കെ തീർന്നപ്പോൾ, ആശ്രമത്തിന്റെ ഭാരവാഹി പറഞ്ഞു. 'പോയേ തീരൂ എന്നുണ്ടെങ്കിൽ, ഈ ബ്രഹ്മചാരിയേയും കൂട്ടീട്ടു പോവൂ. വഴി നിശ്ചയമുള്ള ഒരാൾ ഒന്നിച്ചുണ്ടായിരിക്കുന്നത് നന്ന്. പിന്നെ ആ ഭാഗത്ത് നാഗസന്യാസിമാരുടെ തിരക്കാണ്. അറിയാലോ, അവർ മഹാ മുൻകോപികളാണ്. പറഞ്ഞു പറഞ്ഞ് അടിപിടിയും കത്തിക്കുത്തും തുടങ്ങിക്കളയും; മൂർച്ചയുള്ള പല ആയുധങ്ങളും കാണും അവരുടെ കൈയിൽ. അതാണ് ഇത്തരം ഉത്സവ സമയത്ത് ഇവർക്ക് ഒരു ഭാഗത്ത് സ്ഥാനം കൊടുക്കുന്നത്. ആ ഭാഗത്ത് പോവരുത്. അവരെപ്പററി, കരുതിയിരിക്കണം'.

വൈകിച്ചുകൂടാ, നാഗസന്യാസിമാരെ പേടിച്ച് വെണ്ണീർ നിറത്തിലുള്ള പുതപ്പുകൊണ്ട് തലയും മുഖവും ദേഹവും നന്നായി മൂടി ആരെന്താണെന്ന് അറിയാൻ ഇപ്പോൾ ഒരു വഴിയുമില്ല.

മണൽപ്പുറത്ത് വെറുംകാലോടെ നടക്കുകയാണ് സൗകര്യം; അതുകൊണ്ട് ചെരുപ്പ് മുറിക്കുള്ളിൽത്തന്നെവെച്ച് വാതിൽ പൂട്ടി പു

റത്തിറങ്ങി. സ്വാമിജി 'ങ്ങ്ഹേ ങ്ങ്ഹേ' എന്നും പറഞ്ഞ് ഒരടി വന്നു., 'എന്താണീ ചെയ്യുന്നത്, കാലിൽ തണുപ്പു പിടിച്ച് സുഖക്കേടായിപ്പോകും. മണലിന്ന് ഇപ്പോൾ എന്തൊരു തണുപ്പായിരിക്കുമെന്ന് അറിഞ്ഞുകൂടാഞ്ഞിട്ടാണ്., തണുപ്പുകൊണ്ട് നിങ്ങൾ കിടുകിടേ വിറച്ചുപോകും. വെയിൽ പൊങ്ങുന്തോറും മണൽ ചൂടു പിടിക്കുംപോലെതന്നെ, വെയിലാറുന്തോറും അതു തണുക്കുകയും ചെയ്യും'.

ഗത്യന്തരമില്ലാഞ്ഞ് ഞങ്ങൾ മുറിക്കുള്ളിലേയ്ക്ക് തിരിച്ച് കാലിൽ ചെരുപ്പിട്ടു.

സേവാശ്രമത്തിന്റെ അതിരിന്ന് തൊട്ടപ്പുറത്താണ് യമുനയുടെ മണൽപ്പരപ്പ്. ഇതിലുടെയാണ് യമുന മുമ്പ് ഒഴുകിയിരുന്നത്, ഇപ്പോൾ നീങ്ങി നീങ്ങി ദൂരെയെങ്ങോ ചെന്ന് മണലിന്റെ മാറിൽ മുഖം ഒളിപ്പിച്ചിരിക്കയാണ്, നിലാവത്ത് എളുപ്പം കണ്ണിൽപ്പെടില്ല.

ഞങ്ങൾ കരയ്ക്കു നിന്ന് കീഴോട്ടിറങ്ങി മണലിൻ മുകളിലൂടെ, ഒരു കാൽ പൊക്കിയും മറേറ കാൽ മണലിലാണ്ടും, നടക്കാൻ തുടങ്ങി. വാസ്തവംതന്നെ, എന്തൊരു തണുപ്പ്! ചെരിപ്പിൻ മുകളിലൂടെ കേറി തൊലിക്കു തട്ടുന്ന ഇത്തിരി മണൽതന്നെ ശീതം തഴച്ച രാത്രിയിൽ ശരീരം വിറകൊള്ളിക്കുന്നു.

ആദ്യംതന്നെ നാഗസന്യാസിമാരുടെ താവളമാണ്. ഞാൻ പേടിച്ചു പേടിച്ച് അകലംവിടാതെ അതിന്റെ വശത്തൂടെ മുന്നോട്ടു നീങ്ങി, ഒളികണ്ണിട്ടു നോക്കുകയും ചെയ്തു.

വലിയൊരു സംഘം. ഓരോരുത്തനും അവനവന്റെ പണിയിൽ മുഴുകിയിരിക്കയാണ്. ചിലർ തീക്കുണ്ഡത്തിനു മീതെചപ്പാത്തി ചുട്ടെടുക്കുന്നു., ചിലർ പിച്ചളത്തളികയിൽ മാവു കുഴയ്ക്കുന്നു., ചിലർ ഈ തണുത്ത മണൽപ്പരപ്പിന്മീതെതന്നെ വെറും ശരീരത്തോടെ കൈയിൽ തല ചായ്ച്ച് ഉറങ്ങുന്നു; ചിലർ വട്ടംകൂടിയിരുന്ന് വെടി പറയുന്നു — ശാസ്ത്ര വ്യാഖ്യാനം നടക്കുകയാണ്., ചിലരാകട്ടെ ജപമാലയും കൈയിലേന്തി അടുത്തുതന്നെ ധ്യാനത്തിൽ മുഴുകിയിരിക്കയാണ്. ഇടയ്ക്കിടെ രണ്ടുമൂന്ന് ഉണങ്ങിയ ചെറു കമ്പുകൾ മണലിൽ കുഴിച്ചിട്ടിട്ടുണ്ട്. സന്യാസിമാർതന്നെ വല്ലവരും കൊണ്ടുവെച്ചതാവാം. കമ്പിൻമുകളിൽ അവരുടെ കമണ്ഡലുവും രുദ്രാക്ഷ മാലയും ചുവന്ന

ചട്ടയിട്ട ചെറിയ ഗീതാപുസ്തകവും തൂങ്ങുന്നു., 'ബുക്ക് ഷെൽഫ്', 'വാർഡ് റോബ്'' 'സ്റ്റിക്ക് സ്റ്റാൻഡ്', — എല്ലാം ഈയൊരു ഉണക്ക ക്കമ്പുതന്നെ. ഒരു ദിവസമല്ല, രണ്ടു ദിവസമല്ല, കൊല്ലം കൊല്ലമായി ഇങ്ങിനെയാണ് കഴിയുന്നത്. വീടും കുടിയും സംബന്ധിച്ച് ചി ന്തയില്ല, സുഖ നിദ്രക്ക് തടസ്സമില്ല, പാഥേയത്തിന് അഭാവമില്ല. പരമസുഖം.

വലിയേച്ചി പറഞ്ഞു. 'നമ്മാംക്കെന്താണ് മനസ്സിലാവുക! എ ത്ര നിസ്സാരമാണ് നമ്മുടെ അറിവ്? അല്ലെങ്കിൽ, പറയാമോ എന്തൊ രു ശക്തിയാലാണ്, ഏതൊരു മഹത്തായ ലക്ഷ്യംവെച്ചാണ്, ഇവർ ഈ കൃച്ഛ്രമസാധനകരം അനുഷ്ഠിക്കുന്നതെന്ന്! മഹാമഹാ പണ്ഡിതന്മാ രും ഇവരുടെ ഇടയ്ക്ക് വെണ്ണീറും പൂശി ഇരിക്കുന്നുണ്ടാവും—നമുക്ക് തിരിച്ചറിയാൻ കഴിയുമോ? അത്രയ്ക്കെങ്കിലും കഴിവുണ്ടോ നമുക്ക്?,

എണ്ണമററ എത്രയെത്ര സന്യാസിമാരും മഹാത്മാക്കളുമാണ് ഇവി ടെ തടിച്ചുകൂടിയിരിക്കുന്നത്. ഒരൊററ സ്ഥലത്ത് ഇവരെ ഇങ്ങിനെ കാണുകയെന്നത് സങ്കല്പത്തിൽപ്പോലുമുണ്ടായിരുന്നില്ല ഒരിക്കലും. ഇതുതന്നേയല്ലേ, സ്വന്തം കണ്ണുകൊണ്ടു കാണാഞ്ഞാൽ പറഞ്ഞു ധരി പ്പിക്കാൻ കഴിയാത്ത വിശിഷ്ടമായ കാഴ്ച. ഹരിദ്വാരത്ത്, പക്ഷെ ഇങ്ങി നെ കണ്ടിട്ടില്ല. പട്ടണത്തിൽ, കുന്നിൻപുറത്ത്, ഗംഗാതീരത്ത്, ചി തറിക്കിടക്കുകയാണ് എല്ലാവരും.

കൂടെ വന്നിരുന്ന ബ്രഹ്മചാരി പറഞ്ഞു. 'ഇപ്പോഠം പിന്നേ യും തിരക്കു കുറവാണ്. അഞ്ചാറു ദിവസം മുമ്പാണ് വന്നിരുന്നതെ ങ്കിൽ കാണാമായിരുന്നു തിരക്കെന്നു പറയുന്നത് എന്തിനേയാണെ ന്ന്. ഏകാദശി നാളിലെ തീർത്ഥഭ്രമണവും കഴിച്ച് നൂറു കണക്കി ന് സന്യാസിമാർ ഹരിദ്വാരത്തേയ്ക്ക് പോയിത്തുടങ്ങിയിരിക്കുന്നു'.

ഞങ്ങാം നാഗസമ്പ്രദായക്കാരെ കടന്ന് മറെറാരു സംഘത്തിനടു ത്തെത്തി. ഇവരും വസ്ത്രം അധികം ഉപയോഗിക്കാറില്ല; എന്നാൽ നാഗന്മാരേപ്പോലെ നഗ്നന്മാരല്ല. ഇവിടെ ഏതായാലും, നാഗന്മാരും, വൃന്ദാവനത്തിലെ നിയമമനുസരിച്ച്, ചെറിയൊരു തുണ്ടം കൗപീന മുടുാക്കറുണ്ട്. എവിടുന്ന്, എങ്ങിനെ, എപ്പോളാണ് ഈ നിയമമു ണ്ടായതെന്നറിഞ്ഞുകൂട.

മണൽത്തിട്ടിന് മുകളിൽ അല്പം അകലെയായിത്തന്നെ കുഴൽക്കി ണർ, വൈദ്യുത ദീപനിരകാം, റേഡിയോ, ഉച്ചഭാഷിണി — ഗവർമ്മെ ണ്ടിൻെറ ഏർപ്പാടാണ്! സ്ഥലം നിത്യവും വെടിപ്പാക്കുന്നുണ്ട്, ആഠം

ക്കാർ ബ്ളീച്ചിങ്ങ് പൗഡർ വിതറുന്നു, തൂപ്പുകാരൻ എച്ചിലിലയും കീറക്കടലാസും കടലക്കയുടെ പൊതിയും തൂത്തുവാരി കൊട്ടയിലിടുന്നു. ഒപ്പംതന്നെ ഉച്ചഭാഷിണിയിലൂടെ കീർത്തനവും ഗീതാപാരായണവും നടക്കുന്നുണ്ട്.

പലപല സമ്പ്രദായങ്ങളിലുംപെട്ട മഠാധിപന്മാർ മണൽപ്പരപ്പിൽ തങ്ങളുടെ ഇഷ്ടമനുസരിച്ച് അതിരിട്ട് വലിയ വലിയ കൂടാരങ്ങളും പർണ്ണശാലകളും കെട്ടി പീഠത്തിൽ വിഗ്രഹവും പ്രതിഷ്ഠിച്ചിരിക്കുന്നു. നടുക്ക്, മേൽക്കട്ടി പിടിപ്പിച്ച പന്തൽ.

ഇതിലൊരു പന്തലിലാണ് രാസലീല കളിക്കുന്നത്. നോക്കുമ്പോഴം, സദസ്യർ മുഴുവൻ ഭസ്മം പൂശി തലയിൽ കൂററൻ ജടക്കെട്ടുമായി ഇരിക്കുന്ന സന്യാസിമാരാണ്.

കൊച്ചുകുട്ടികഠം രാധാകൃഷ്ണന്മാരുടേയും അഷ്ടസഖിമാരുടേയും വേഷം ചമഞ്ഞിരിക്കുന്നു. വെള്ളിത്തൊങ്ങലും ഈയക്കടലാസ് പിടിപ്പിച്ച പാവാടയും ശിരോവസ്ത്രവും, കറുത്ത പട്ടിൻെറ നീണ്ട തലമുടിയും, മൂക്കിൽ മൂക്കുത്തിയും, തലയിൽ കിരീടവുമായി കസാലയിലിരിക്കുന്ന രാധയെ ചുഴന്നുകൊണ്ട് കൃഷ്ണ വിരഹംകൊണ്ട് ആകുലരായ അഷ്ടസഖിമാർ ഇരിക്കുന്നു. ഓരോരുത്തിയും മറെറാരുത്തിയുടെ ശരീരത്തിൽ കുഴഞ്ഞുവീണ് 'ഹാ കൃഷ്ണചന്ദ്രാ' 'ഹാ വ്രജമാധവാ', 'ഹാ ഗോപീരമണാ' 'ഹാ പ്രാണവല്ലഭാ' എന്നും മററും നിലവിളിച്ച് നെഞ്ഞുപൊട്ടുന്ന നെടുവീർപ്പ് വിടുകയും, നിർത്തി നിർത്തി വിലാപഗാനം പാടുകയുംതന്നെ.

എത്ര നേരം കരയാൻ കഴിയുമെന്നു കാണാനുള്ള കൗതുകംകൊണ്ട് ഞാൻ അവിടെത്തന്നെ നിന്നു. വിലാപം അവസാനിക്കുന്നേയില്ല. ഏകതാനമായ ദു:ഖത്തിൽനിന്ന് തലതിരിച്ച് ഞാൻ അങ്ങുമിങ്ങും നോക്കാൻ തുടങ്ങി. അകലെനിന്നുപോലും ഓരോരുത്തരും അവനവൻെറ സ്ഥാനത്ത് കിടക്കുകയോ ഇരിക്കുകയോ ചെയ്തുകൊണ്ട് രാസലീല കാണുകയാണ്. ആ വഴിക്ക് വരികയോ പോകയോ ചെയ്തിട്ട് വല്ലവരും രാസലീല കാണുന്നതിന് തടസ്സമുണ്ടാക്കിയാൽ, അതേ നിലയിൽ നിന്നുതന്നെ ഒച്ചയെടുക്കുകയും ശകാരിക്കുകയും ചെയ്ത് അവരെ അകററുന്നു.

പന്തലിൻെറ വലത്തു ഭാഗത്ത് അല്പം അകലെ മറെറാരാഠക്കൂട്ടം. അവിടെ, നെഞ്ഞത്ത് മെഡൽ തൂക്കി, കറുത്ത വെയിസ്റ്റ് കോട്ടുമിട്ട് ഒരു ജാലവിദ്യക്കാരൻ സന്യാസിമാരെ അമ്പെയ്ത്തു വിദ്യ കാട്ടുകയാ

ണ്. സദസ്യർക്കിടയിൽ നിന്നുതന്നെ രണ്ടു പേർ ചിരിച്ചുംകൊണ്ട് നടുവിലേയ്ക്കു് വന്നു. ഇന്ദ്രജാലക്കാരൻ പറഞ്ഞതനുസരിച്ച് അവർ രണ്ട് കല്ലിൻ തുണ്ടങ്ങളിന്മേൽ നൂലുകെട്ടി, രണ്ടുപേരും രണ്ടു വശങ്ങളിൽ നിന്ന്, വഴിയിലും മററും കൊച്ചു കുട്ടികൾ നൂലുകൊണ്ട് കളിക്കുമ്പോലെ, കൈമുഷ്ടിയിൽ മുറുക്കെപ്പിടിച്ച്, കെട്ടിയ കല്ല് ആട്ടാൻ തുടങ്ങി. ഇന്ദ്രജാലക്കാരൻ ദൂരെനിന്ന് ഒരൊററ അമ്പെയ്തു് നൂലു രണ്ടും മുറിച്ചിട്ടു.

ഹർഷധ്വനി മുഴക്കിക്കൊണ്ട് സന്യാസിമാർ കൈയടിച്ച് എഴുന്നേററു. അവിടെയെങ്ങും 'ഭേഷ്' 'ഭേഷ്' വിളികൾ മുഴങ്ങി.

ഇത്തവണ ഒരു കുടയുടെ നാലു ഭാഗത്തും നാലു നൂലിന്മേൽ നാലു കല്ല് കെട്ടിത്തൂക്കി. കുടക്കാല് പിടിച്ച ഒരാൾ തലയ്ക്കു മീതെ കുട ചുഴററും, അതിന്റെ കൂടെ നൂലിൽക്കെട്ടിയ കല്ലുകൾ ചുററും, ഇന്ദ്രജാലക്കാരൻ ഒററ അമ്പുകൊണ്ട് ആ നാല് നൂലും മുറിച്ചിടും.

ഗോപിമാരുടെ വിലാപം നിന്നിരിക്കുന്നു. എല്ലാവരും കഴുത്തിൽ കൈ ചുററി ആടിയിളകി പുറത്തുപോന്നു. വിരഹയാതനയിലുണ്ടോ വല്ലവർക്കും നിവർന്നുനിൽക്കാൻ പററുന്നു! ഗോപിമാർ പോയ ഉടനെ ഓടക്കുഴലുമായി കൃഷ്ണൻ അരങ്ങത്തുവന്നു.

മഥുരയിൽ രാജാവായിട്ട് കൃഷ്ണന് ഒരു സുഖവുമില്ല. എന്തോ ഒരു ദു:ഖം അദ്ദേഹത്തെ അലട്ടുകയാണ്. സിംഹാസനത്തിലിരുന്ന പാടെ കൃഷ്ണനങ്ങ് മുഖം കുനിച്ചു കളഞ്ഞു, പിന്നെ എന്തുവന്നാലും പൊന്തിക്കുന്നേയില്ല. സഭാവാസികളുടെ നൂറുകണക്കിനുള്ള അപേക്ഷകൾ വെറുതേയായി. വളരെനേരം ഇങ്ങിനേയിരുന്ന ശേഷം കൃഷ്ണൻ ഉദ്ധവനെ വിളിക്കാൻ കല്പന കൊടുത്തു.

വലിയേച്ചി പറഞ്ഞു. 'നടക്ക് നടക്ക്. ഇനിയെന്താണ് കാണാനുള്ളത്'.

ഞാൻ പറഞ്ഞു. 'ഉദ്ധവനെ എന്താവശ്യത്തിനാണ് വിളിച്ചതെന്ന് ഒന്ന് നോക്കിട്ടു പോകാം. ഒരു ലേശംകൂടി നിൽക്കൂ'.

'ഹേയ്, ഹേയ്' എന്ന ശബ്ദം മുഴക്കിക്കൊണ്ട് സഭയിൽ നിന്നുതന്നെ അനുചരന്മാർ ഉദ്ധവനെ വിളിക്കാൻ തുടങ്ങി. ശീതം പിടിച്ച രാത്രിയിൽ കാലും മടക്കി ഇരിക്കയാണവർ, കൂടെക്കൂടെ എഴുന്നേൽക്കാൻ പററുമോ?.

ഉദ്ധവൻ കോന്തല കൊണ്ട് മുഖം തുടച്ചുകൊണ്ട് ഹാജരായി. കൃഷ്ണൻ മുഖം താഴ്ത്തിയിരിക്കുന്നത് കണ്ട് അയാളുടെ താടി കുലുക്കി ഉദ്ധവൻ ചോദിക്കുന്നു. 'എന്തിനാ വിളിച്ചത്, എന്തുപററി?'

കൃഷ്ണൻ കരഞ്ഞുകൊണ്ട് പറയുന്നു. 'എനിക്ക് ഗോകുലത്തിൻെറ കഥ ഓർമ്മവരുന്നു'.

ഉദ്ധവൻ പറയുന്നു. 'ഹരിക്കു ഗോകുലത്തിൻെറ ഓർമ്മയാകുന്നു; വേറെ വല്ലതിൻേറയും ഓർമ്മയാകുന്നുണ്ടോ?'

കരച്ചിൽ നിൽക്കുന്നില്ല. കൃഷ്ണൻ പറയുന്നു. 'അമ്പാടിയിലെ കഥ ഓർമ്മയാകുന്നു.'

ഉദ്ധവൻ: 'അമ്പാടിയുടെ ഓർമ്മയാകുന്നു, വേറെ, വല്ലതിൻേറയും ഓർമ്മയാകുന്നുണ്ടോ?'

കൃഷ്ണൻെറ മുഖം ദു:ഖംകൊണ്ട് താണു താണ് നെഞ്ഞത്തു മുട്ടുന്നു. 'എനിക്ക് വെണ്ണയുടെ കഥ ഓർമ്മയാകുന്നു, തൈരിൻെറ കഥ ഓർമ്മയാകുന്നു, അമ്മ യശോദയുടെ കഥ ഓർമ്മയാകുന്നു, അച്ഛൻ നന്ദഘോഷൻെറ കഥ ഓർമ്മയാകുന്നു'. എന്നിങ്ങിനെ കൃഷ്ണൻ ഓരോന്നു പറയുമ്പോഴും ഉദ്ധവൻ പിന്നേയും ചോദിക്കും, 'ഇനി വല്ലതിൻേറയും ഓർമ്മയാകുന്നുണ്ടോ?'

ഇത്രയും കുത്തു കിട്ടിയപ്പോഠം കൃഷ്ണന് പിന്നെ സഹിക്കാൻ കഴിഞ്ഞില്ല. രണ്ടു കൈകൊണ്ടും ഉദ്ധവൻെറ കഴുത്തിൽ കെട്ടിപ്പിടിച്ച് 'ങ്ഹേ ങ്ഹേ' എന്നു കരയാൻ തുടങ്ങി. വാസ്തവത്തിൽ അദ്ദേഹത്തിന്ന് ഗോപികമാരുടെ ഓർമ്മവന്നിരിക്കയാണ്. അതെന്തൊരു കരച്ചിലാണ്? കണ്ണീർ ഒതുക്കാനേ ഒക്കുന്നില്ല. കാണികളുടെ ഇടയിൽനിന്നുതന്നെ ഒരാഠം ഒരു ചുകന്ന കൈലേസ് എറിഞ്ഞുകൊടുത്തു. ഉദ്ധവൻ അതുകൊണ്ട് കൃഷ്ണൻെറ കണ്ണീരൊപ്പി നെഞ്ഞത്തു തടവി ആശ്വസിപ്പിച്ചു. കൃഷ്ണൻ വിതുമ്പി വിതുമ്പി കരയുന്നു, ഇടയ്ക്ക് കരച്ചിൽ നിർത്തി പാടുന്നു—

ഉദ്ധവാ ചങ്ങാതീ, ഗോകുലത്തിൽ
പോക നീ; രാധയും ഗോപിമാരും
എന്നെപ്പിരിഞ്ഞു വസിക്കയല്ലേ,
അല്ലലവർക്കു നീ പോക്കിടേണം.
ഉദ്ധവാ ചങ്ങാതീ.......

ഞാൻ സാരിത്തലപ്പുകൊണ്ട് വായപൊത്തി ഹിഹി എന്നു ചി രിക്കാൻ ഭാവിച്ചിട്ട് എവിടുന്നോ മുഖത്തൊരു ചമ്മട്ടിയേററതുപോലെ, പെട്ടെന്നു നിന്നു.

അല്പം അകലെ, മങ്ങിക്കാണുന്ന വെളിച്ചത്തിൽ, തൂണിന്മേൽ ചാരിയിരുന്ന്, നുരച്ചു ചുളിഞ്ഞ വൃദ്ധനായൊരു തീർത്ഥാടകൻ, കീറിയൊരു കമ്പിളി പുതച്ച് രണ്ടു കാൽമുട്ടിന്മേലും മുഖമാഴ്ത്തി, കണ്ണിമയ്ക്കാതെ രാസലീല കാണുന്നു, അയാളുടെ കുഴിഞ്ഞു തൂങ്ങിയ കവിളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകുന്നു.

ഞാൻ പറഞ്ഞു. 'പോകാം വലിയേച്ചി, ഇനി വീട്ടിലേയ്ക്ക് മട ങ്ങാം'.

'ഇനിയും ഒരുപാട് കാണാൻ ബാക്കിയുണ്ടല്ലോ'.

'ഇരിക്കട്ടെ, നാളെ കാണാം'.

വീണ്ടും മണൽപ്പരപ്പ് താണ്ടി നിരങ്ങിയും വഴുതിയും നദീതീര ത്തു നിന്ന് മേല്പോട്ടു കേറി. സേവാശ്രമത്തിന്റെ വാതിൽ തുറന്നു കിടന്നിരുന്നു. മുഖം കുനിച്ചുംകൊണ്ടാണ് ഞാൻ നടന്നിരുന്നത്. കിണററിന്റെ അടുത്തുള്ള ഇഷ്ടിക പടുത്ത വഴിയിൽ കാലുവച്ചപ്പോ ഴേയ്ക്കും തലേ രാത്രിയിലെ ആ സൗരഭം എല്ലാ ചിന്തകളേയും മൂടിക്ക ളഞ്ഞു. മുഖമുയർത്തി നോക്കിയപ്പോഠം കണ്ടു, ചെറിയൊരു പച്ചി മൂസ് നാരകം പൂക്കളെക്കൊണ്ട് വെൺമുത്തിന്റെ ജലധാര ചമച്ചും കൊണ്ട് നിൽക്കുന്നു.

ക്യാ—ഒ, ക്യാ—ഒ, ക്യാ—ഒ. രാത്രിയുടെ അന്തിമ യാമത്തിൽത്തന്നെ തുടങ്ങിയ വിളിയാണ്, നേരെ ചെവിയുടെ അടുത്തുനിന്ന് കൂവും പോലെ. ഉറങ്ങാനൊക്കുമോ! കനത്ത കൂരിരുട്ടാണ്, എന്നാലും എ ഴുന്നേററു. തലക്കൂത്തെ ജനലിന്റെ വാതിൽ തുറന്നു നോക്കി. അ വിടം മുഴുവൻ മരവും കുററിക്കാടും കൊണ്ട് മൂടിയിരിക്കുന്നു; അ വയുടെ കൊമ്പുകളിൽ ഒരു പററം മയിലുകഠം, പൂവനും പിടയും, അങ്ങോട്ടുമിങ്ങോട്ടും ചാടുന്നു, ക്യാ—ഒ, ക്യാ—ഒ എന്നു കരയുന്നു. എന്തൊരു കർക്കശമായ കരച്ചിൽ! ഇത്ര അഴകുള്ള പക്ഷിക്ക് ഇതെ ന്തൊരു ശബ്ദം! ഈ ചേർച്ചക്കേടോർക്കുമ്പോഠം വലിയ കഷ്ടം തോ ന്നും. മനസ്സ് സമ്മതിക്കാൻ കൂട്ടാക്കുന്നില്ല. നല്ല പാട്ടുകാരുടെ മുഖ ത്തുനിന്ന് എത്ര തവണയാണ് കടുവാക്കുകഠം കേട്ട് വ്യസനം തോ

ന്നിട്ടുള്ളത്. ഇത്ര നല്ല കണ്ഠത്തിൻെറ ഉടമയിൽ, തേൻ പൊഴിയുന്ന ശബ്ദമുള്ള ആളിൽ, ഇത്രയും വിഷം നിറഞ്ഞുനിൽക്കുന്നതെങ്ങിനെ യെന്ന് ഞാനാലോചിച്ചിട്ടു മനസ്സിലായിട്ടില്ല. ഇതും സംഭാവ്യമാണോ? തീർച്ചയായും സംഭാവ്യം തന്നെ. അല്ലെങ്കിൽ ഈ കണ്ണുകൊണ്ടുതന്നെ അതു കാണാനിടയായതെങ്ങിനെ? വിശ്വ പ്രകൃതിയിൽ രണ്ടു വിപരീത ധർമ്മങ്ങൾ തൊട്ടുതൊട്ടിരിക്കുമെന്നു കേൾക്കുന്നുണ്ടല്ലോ. അവിടുത്തെ നിയമത്തിൻെറ മറെറാരു രഹസ്യമാണത്രെ ഇത്.

വലിയേച്ചി നേരത്തെ എഴുന്നേററിരുന്നു. എഴുനേൽക്കുക എന്നു പറയുന്നതെന്തിന്, എഴുനേൽക്കാൻ എപ്പോൾ കിടന്നിട്ടുണ്ട്! രാത്രി വശംതിരിഞ്ഞു കിടക്കാൻ നോക്കുമ്പോളൊക്കെ കണ്ടതാണ്, വലിയേച്ചി കട്ടിലിനോടു ചേർന്ന ജനലിൻെറ അഴിയും പിടിച്ചുകൊണ്ട് അനക്കമില്ലാതെ ഇരിക്കുന്നത്. ഇതുപോലെ മറെറത്ര രാത്രികളിൽ കണ്ടിരിക്കുന്നു, അവർ ഒററയ്ക്ക് ഉണർന്നിരിക്കുന്നത്. തെളിവുള്ള രാത്രികളിൽ മാനം നിറഞ്ഞുകിടക്കുന്ന നക്ഷത്രങ്ങൾക്കിടയിൽ ഏതൊരു കൈമോശംവന്നുപോയ ധനവും തേടിയാണ് അവർ തപ്പി നടക്കുന്നത്? വഞ്ചിച്ച് കടന്നുകളഞ്ഞവർ എളുപ്പം പിടികൊടുക്കുമോ?

രാത്രി മുഴുവൻ ഉറക്കമിളച്ചതിൻെറ ക്ഷീണമാണ് വലിയേച്ചിയുടെ കണ്ണിലും മുഖത്തും. അറിയാം, എന്നാലും ചോദിച്ചു: 'നിങ്ങൾക്കെന്തുപററി വലിയേച്ചി? പുതിയ സ്ഥലമായതുകൊണ്ട് ഉറങ്ങാൻ പ്രയാസമുണ്ടായോ?'

'അല്ലല്ല, അതല്ല. നിലാവിൽ കുളിച്ച മനോഹരമായ രാത്രി. ചന്ദ്രപ്രകാശമോ പകൽ വെളിച്ചമോ എന്നു സംശയം തോന്നും. അതു തന്നെ ഇരുന്നു നോക്കുകയായിരുന്നു'.

'ഇതു നോക്കിക്കൊണ്ടുതന്നേയാണോ രാത്രി മുഴുവൻ കഴിച്ചുകൂട്ടിയത്?'

വലിയേച്ചിയുടെ പുഞ്ചിരി പൊഴിക്കുന്ന മുഖം വാടി. 'എത്ര ശ്രമിച്ചുനോക്കുന്നുണ്ട് റാണി, ഉറക്കം വരുന്നതെവിടെ? രാത്രി എനിക്കിങ്ങിനെത്തന്നെയാണ്; കിടക്ക തീയാണെന്നു തോന്നും'.

വലിയേച്ചിയേയും വലിച്ചുകൊണ്ട് ഞാൻ പുറത്തിറങ്ങി നേരെ യമുനാ തീരത്തേയ്ക്ക് ചെന്നു. ഇന്നലെ രാത്രി ദിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഇന്നിനി തെററു പററില്ല. പൂർവ്വാകാശത്തെ ഇരുണ്ട ആവരണം ഭേദിച്ച് വെളിച്ചം പൊട്ടി വിടരുന്നുണ്ടായിരുന്നു.

വിസ്തൃതമായ മണൽപ്പരപ്പ് ആ വെളിച്ചത്തിൽ അല്പാല്പമായി തെളിഞ്ഞുവരുന്നു. അകലെ അസ്പഷ്ടമായി കാണുന്ന വൃക്ഷത്തലപ്പുകൾ നിരനിരയായി ക്രമേണ ക്രമേണ കട്ടി കുറഞ്ഞ മഷികൊണ്ടു വരഞ്ഞതുപോലെ കാണാകുന്നു. വെളുത്ത മൂടൽ മഞ്ഞിനുള്ളിൽ വെളുത്ത മണലിന്മേലെ കറുത്ത സന്യാസി സംഘം ചുററി നടക്കുന്നു— കട്ടുറുമ്പുകൾ മുട്ടയും കടിച്ചു പിടിച്ച് മുറിയിലെ ചുമരിന്മേൽ പരക്കം പായുംപോലെ.

സന്യാസിമാർ ചിലർ കാലും മുഖവും കഴുകുന്ന, പാട്ടയും ത്രിശൂലവും തേച്ചുമിനുക്കുന്നു, കുഴൽക്കിണററിലെ വെള്ളത്തിൽ കുളിക്കുന്നു, മാററത്തും പുററത്തും ഭസ്മം പൂശുന്നു. എല്ലാവരും തിരക്കിലാണ്. വന്നെത്തിയ ദിവസത്തിന് സ്വാഗതമരുളാൻ വേഗം വേഗം തയ്യാറാവുകയാണ്.

പൂർവ്വാകാശത്തിലെ പ്രകാശം ഇപ്പോൾ വർണ്ണാങ്കിതമായിരിക്കുന്നു. ആ നിറം യമുനാ ജലത്തിൽ, മണൽത്തിട്ടിനു മീതെ, സന്യാസിമാരുടെ ദേഹത്ത്, ഇക്കരയ്ക്കലെ പൊക്കമുള്ള മരങ്ങളുടെ തലപ്പത്ത്, അമ്പലത്തിന്റെ പൊൻതാഴികക്കുടത്തിന്മേൽ, ചിതറി വീഴുന്നു. നോക്കിക്കൊണ്ടിരിക്കേ ആ നിറപ്പകിട്ടിൽ ഒരു ഹോളിയുത്സവത്തിന്റെ കൂത്തും ബഹളവുംതന്നെ തുടങ്ങി കൺമുമ്പിൽ. ഞാൻ അമ്പരന്നുപോയി. ഈ നിറങ്ങൾ മുഴുവൻ എവിടേയാണ് ഒളിച്ചുകിടന്നിരുന്നത് ഇത്രയും നേരം?

വലിയേച്ചി പറഞ്ഞു. ''അതാ നോക്കു, ആ വർണ്ണപ്പൊടി നിറച്ച താലം''. നോക്കുമ്പോഴുണ്ട്, കിഴക്കു ദിക്കിൽ വർണ്ണാങ്കിതമായ വെളിച്ചത്തിൻ നടുക്ക് പൂർണ്ണ വൃത്താകൃതിയിൽ, തുടുതുടുത്ത സൂര്യൻ ഇതിലിടയ്ക്ക് തലപൊക്കിയിരിക്കുന്നു.

പ്രാതസ്നാനത്തിന് സമയമായി. വലിയേച്ചി ലക്ഷ്മീ വിലാസത്തിന്റെ കുപ്പിയും കയ്യിലെടുത്ത് ഒരു നേർത്ത മരക്കമ്പ് കിട്ടുമോ എന്നു നോക്കാൻ പുറത്തേക്കു പോയി. തണുപ്പിൽ ഉറച്ചു കട്ടിയായ എണ്ണ കുത്തിയിളക്കിയെടുക്കണം., അല്ലാതെ, ഇത്ര പുലർച്ചയ്ക്ക് ഉരുക്കിയെടുക്കാൻ മാത്രം വെയിലെവിടെ?

അന്നേരംതൊട്ട് ഞാൻ മുറിക്കുള്ളിൽ കടന്ന് കട്ടിലിന്മേൽ കയ്യും കാലും കേററിവെച്ച് ഇരിപ്പാണ്. വലിയേച്ചി പിടിച്ച പിടിതന്നെ, യമുനയിൽ കുളിച്ചേ തീരൂ എന്ന്. എന്നിരിക്കിലും ഇന്നലെ രാത്രി ഉറങ്ങുന്നതിനു മുമ്പ് കിടന്നുകൊണ്ടുതന്നെ കേട്ടതാണ് കഥ—

വ്രജരമണൻ മുറിയുടെ മറെറാരു മൂലയിൽ നിന്ന് പറയുകയായിരുന്നു. ,,പടു കൂററൻ ആമകളെക്കൊണ്ട് നിറഞ്ഞതാണത്രെ യമുന., അവ സർവ്വ സമയത്തും പരക്കം പാഞ്ഞുകൊണ്ടിരിക്കും. കൈകൊണ്ട് വകഞ്ഞു മാററി വേണം കുളിക്കാൻ. ആമയുടെ കടി — എൻറപ്പോ! കുട്ടിക്കാലത്ത് മുത്തശ്ശി പറഞ്ഞുകേട്ടിട്ടുണ്ട്, ആമ ഒരിക്കൽ കടിച്ചാൽ പിന്നെ, ആകാശത്ത് ഇടിവെട്ടുംവരെ കടിവിടില്ലെന്ന്. ആമയുടെ കഴുത്തറുത്തു കളഞ്ഞാലും പല്ലുകൾ തമ്മിൽ കൂട്ടിപ്പിടിച്ചുതന്നേയിരിക്കും, വായ പിളരില്ല അവസാന സമയത്തും. ഇവിടേയും ആരേയും ആമ കടിച്ചിട്ടില്ലെന്നുമില്ല. എന്നാൽ, പാപികളെ മാത്രമേ തിരഞ്ഞു പിടിച്ചു കടിക്കു. അതുമല്ല, ആമ ശവം തിന്നുമത്രെ. യമുനാ തീരത്ത് ചിത കൂട്ടിയാൽ ആമകൾ വായിൽ വെള്ളം നിറച്ചു ചെന്ന് അതു കെടുത്തിക്കളയുമെന്ന് കേട്ടിട്ടുണ്ട്. അത്രയ്ക്കുണ്ട് ശവം തിന്നാൻ കൊതി! ഇതൊക്കെ കേട്ടിട്ടും ആർക്കെങ്കിലും ധൈര്യം ബാക്കി നിൽക്കുമോ? എന്തായാലും വലിയേച്ചിക്ക് കൂസലില്ല, സാരിയും തോർത്തും കൈയിലെടുത്ത് പറകയാണ്, 'എണീക്ക്'.

ഞാനാലോചിക്കയാണ്, അക്കാലത്ത് ഒരുപക്ഷെ യമുനയിൽ ആമയേ ഉണ്ടായിട്ടുണ്ടാവില്ല. ഉണ്ടായിരുന്നെങ്കിൽ ജടില കുടിലമാർ* രാധയെ സന്തോഷപൂർവ്വംതന്നെ തിരിച്ചയക്കുമായിരുന്നു, രാധയുടെ യമുനയിലേക്കുള്ള പോക്കുവരവിനെച്ചൊല്ലി അത്രയൊക്കെ ബഹളം കൂട്ടുകയില്ലായിരുന്നു.

വലിയേച്ചി പറകയാണ്, 'ങ്ഹാ, എത്രയെത്ര ആളുകൾ കുളിക്കുന്നുണ്ട്, അവർക്കൊന്നും പററുന്നില്ലല്ലോ. എന്നിട്ട് നിൻെറ കാര്യം വരുമ്പോളാണ്.....'

ഞാൻ പറഞ്ഞു, അതും മറെറാരാപത്താണല്ലോ. ഒന്നും പററുന്നില്ല, ശരി പററുന്നില്ല; പററിയാൽ പറയും, പാപിയായിരുന്നതുകൊണ്ടാണെന്ന്.

വ്രജരമണൻ ധൈര്യം പകർന്നു. 'ഭീതി വേണ്ട. ജലത്തിൽ സ്ഥിരമായി നിൽക്കുകയാണെങ്കിൽ മാത്രമേ അവ വന്നിട്ടു കടിക്കുകയുള്ളു, അല്ലെങ്കിൽ ഒന്നുംതന്നെ ചെയ്യുന്നതല്ല, എന്നു കേൾപ്പാനുണ്ട്''. എന്തു ചെയ്യാനാണ്, ഗത്യന്തരമില്ലാഞ്ഞ് ഞാൻ തുണിക്കെട്ടും കൈയിലെടുത്ത് വലിയേച്ചിയുടെ പിന്നാലെ ചെന്നു.

---

* രാധയുടെ ശ്വശ്രുവും ഭർത്തൃ സഹോദരിയും.

ഇത്രകാലവും ഉാക്കണ്ണിൽ യമുനയുടെ രൂപമെന്തായിരുന്നോ, അതുമായി ഈ കാണുന്ന യമുനയ്ക്ക് ഒരു പൊരുത്തവും കണ്ടില്ല. ശ്രീരാധയുടെ മനമലിയിച്ച ആ നീലനിറപ്പൊലിമയില്ല, കുതിച്ചുപായുന്നതിനിടയ്ക്ക് മുമ്പിലുള്ള സകലതും വലിച്ചുകൊണ്ടോടുന്ന ഗംഗയുടെ ആ ഉദ്ദാമഗതിയുടെ കൂസലററ ഭാവമില്ല. ഇത് രിക്തയും വഞ്ചിതയും ഭീതയുമായ പ്രേയസിയേപ്പോലുണ്ട്. മലിനമായ മുഖത്തോടെ, ക്ഷീണിച്ച കണ്ണുത്തോടെ, തൻെറ പൊയ്പ്പോയ നാളുകളിലെ രൂപയൗവ്വനത്തിൻെറ ഗാഥ ചെവിയിൽ പതുക്കെപ്പതുക്കെ പാടികേരംപ്പിക്കുകയാണ്. സങ്കല്പത്തിൽ ചിലർ സന്തുഷ്ടരായിരിക്കും, ചിലർ സഹാനുഭൂതികൊണ്ട് മരിക്കും. അല്ലെങ്കിൽ ഇന്നത്തെ യമുനയുടെ ഇതെന്തൊരു മുഖമാണ്! രാധയുടെ തണ്ണീർക്കുടം അഗാധമായ ജലത്തിൽ ഒഴുകിപ്പോകുന്നു —— എവിടെ? നടു യമുനയിൽ മുട്ടോളം വെള്ളത്തിൽ മുങ്ങി ആളുകരം കരയ്ക്കു കേറുന്നു.

വരണ്ട മണൽത്തിട്ടിന്മേൽ തുണിക്കെട്ടിറക്കിവെച്ച് വലിയേച്ചി പറഞ്ഞതനുസരിച്ച് ഞാൻ യമുനയെ സ്പർശിച്ച് തലയിൽ തൊട്ട് വെള്ളത്തിലേയ്ക്ക് കാൽ നീട്ടി. മാരണം! ഇതൊന്നോ രണ്ടോ ആണോ? ഗംഗയിൽ കണ്ടത് മത്സ്യംകൊണ്ടുള്ള കല്ലിൻ കൂമ്പാരമാണെങ്കിൽ ഇവിടെ കാണുന്നത് ആമയെക്കൊണ്ടുള്ള കറുത്ത പർവ്വതമാണ്. തടിച്ച കഴുത്തു നീട്ടി അവ മുന്നോട്ടു നീങ്ങുന്നു. പിന്നോക്കംവെയ്ക്കുന്നു. കണ്ടതോടെ ഞാൻ മൂന്നു ചാട്ടത്തിന് പിന്നോക്കം വാങ്ങി.

ഇനിയെന്താ ചെയ്യുക? മുങ്ങൊന്ന് മുങ്ങിയേ തീരു; പക്ഷെ അവയുടെ ഇടയ്ക്ക് പോകുന്നതെങ്ങിനെ? വ്രജരമണൻ പറഞ്ഞിട്ടുണ്ടല്ലോ, അനങ്ങാതെ നിന്നാലേ കുഴപ്പമുള്ളൂവെന്ന്. ശിൽചരിലെ ആ ലോകബാാബയുടെ കഥ ഓർമ്മവന്നു, 'അലഖ നിരഞ്ജന' നായിരുന്നു, ആ പേരിലാണ് അദ്ദേഹത്തെ എല്ലാവരും വിളിച്ചിരുന്നത്. അദ്ദേഹം ഉടലെമ്പാടും ഝു മുർ—ഝ ാമുർ എന്ന് മണിയും ചിലമ്പും കിലുക്കിക്കൊണ്ടാണ് ഭിക്ഷക്കിറങ്ങാറ്., നിൽക്കാറില്ലാ ഒരിടത്തും.

വൈകിച്ചിട്ടു ലാഭമില്ല. 'അലകബാാബയേ ശരണം' എന്നും പറഞ്ഞ് ഞാൻ, ഝപഝപയെന്ന് വെള്ളം വകഞ്ഞു മാററി, മുട്ടു പൊന്തിച്ച് 'ലെഫ്ററ് റൈററ്' ന്ററുത്തം തത്തിക്കൊണ്ട് ഒരു മുഴം വെള്ളത്തിൽ എങ്ങിനേയോ ഒരു മുങ്ങും മുങ്ങി അപ്പോരംത്തന്നെ കര പററി. ഇന്നിനി ആരുടെ പേർക്കും മുങ്ങലില്ല, അവരുടെ കഥയേ മനസ്സിൽ വന്നില്ല.

സ്നാനാനന്തരം ദേവദർശനത്തിനു പുറപ്പെട്ടു. വഴിക്ക് ഒരു പണ്ഡ ഒപ്പം കൂടി., 'കൈനീട്ടിയാൽ തൊടാവുന്നേടമുള്ള അമ്പലവും വിട്ട് ദൂരെപ്പോവാൻ പാടില്ല. വരൂ, ഞാൻ ഓരോന്നായി എല്ലാം കാട്ടിത്തരാം' എന്നായി അയാൾ.

ആദ്യം ചെന്നത് രംഗനാഥക്ഷേത്രത്തിലേയ്ക്കാണ്. ദക്ഷിണദേശത്തെ അതിപ്രാചീനമായ പ്രധാന ക്ഷേത്രമായ ശ്രീരംഗത്തിന്റെ അനുകരണമാണ് ഈ ക്ഷേത്രം. കൂററൻ പടിവാതിൽ. അമ്പലത്തിനു മുമ്പിൽത്തന്നെ നല്ല പൊക്കമുള്ള ഒരു സ്വർണ്ണക്കൊടിമരം. പന്ത്രണ്ടര മന്ന് സ്വർണ്ണം ചെലവായിട്ടുണ്ട് ഇതു പണിചെയ്യാൻ എന്നു പണ്ഡ പറഞ്ഞു. ചെമ്പിന്മേൽ അടിമുടി സ്വർണ്ണംപൂശിയ 'ഗരുഡസ്തംഭം'. ആളുകൾ പക്ഷെ പറയുന്നത് സ്വർണ്ണപ്പനയെന്നാണ്. ഈ പന കാണാനാണ് ആളുകൾ ഇവിടെ തിങ്ങിക്കൂടാറ്. ഇന്നു രാവിലെപ്പോലും ദൽഹിയിൽ നിന്ന് ഒരുകൂട്ടം യാത്രക്കാർ പളപള മിന്നുന്ന പുതിയ മോട്ടോർകാറിൽ കേറി വന്നിട്ടുണ്ടായിരുന്നു. ഒരു ദിവസം മാത്രമേ താമസമുള്ളു. ഞാൻ ചോദിച്ചു. 'വൃന്ദാവനത്തിൽ ഒരു ദിവസം താമസിച്ചിട്ട് നിങ്ങൾ എന്താണു കാണുക? കണ്ടേടത്തോളംകൊണ്ട് ഒന്നോടിച്ചുനോക്കിയാലും എത്ര ദിവസംകൊണ്ട് മതിയാക്കാൻ കഴിയുമെന്ന് മനസ്സിലാവുന്നില്ല'.

അവർ പറഞ്ഞു. 'എല്ലാം പിന്നെ എന്ത് കാണാനാണ്'. ഈ മാനസിംഹക്ഷേത്രം, ശാഹ്ജിയുടെ അമ്പലം, പിന്നെ എന്താണ്, ഏതോ ഒരു അമ്പലത്തിൽ സ്വർണ്ണപ്പനയില്ലേ, അതും കണ്ടിട്ടു മടങ്ങും.

സൂര്യപ്രകാശം സ്വർണ്ണപ്പനയിൽ ചിതറി വീഴുന്നു. നോക്കിയാൽ കണ്ണഞ്ചിപ്പോവും. മുകളിൽ മൂന്ന് സ്വർണ്ണത്തട്ടുകളിൽ മണികൾ തൂങ്ങുന്നു—ഒന്ന് രണ്ട് മൂന്ന് നാല്..... എട്ട് പത്ത് — അതിലധികം എണ്ണാൻ കഴിയുന്നില്ല, കണ്ണുപൊത്തി വലിയേച്ചി പറഞ്ഞു. 'പതിനാറെണ്ണമുണ്ടെന്നു തോന്നുന്നു!' ഏട്ടൻ പറഞ്ഞു. 'പന്ത്രണ്ട്'.

ഒച്ചയും ബഹളവും കൂട്ടിക്കൊണ്ട് എല്ലാവരും അമ്പലത്തിലേയ്ക്ക് ഓട്ടമായി. വാതിൽ തുറക്കുകയാണ്. ഇപ്പോൾ ദേവനെ കാണാം. എൺപത്തിനാലു മണി കെട്ടിത്തൂക്കിയിട്ടുള്ള കൂററൻ വാതിൽ വലിച്ചുതുറക്കുമ്പോഴും അടയ്ക്കുമ്പോഴും ഉച്ചത്തിൽ മണി മുഴങ്ങും. ടൊങ്ങ് ടൊങ്ങ് ടൊങ്ങ്, ഠൊൺ, ഠൊൺ, ഠൊൺ. നൈവേദ്യ പൂജയ്ക്ക് ഇപ്പോൾത്തന്നെ വീണ്ടും അടയും. ദർശനം കൊതിക്കുന്നവരേക്കൊണ്ട്

നട നിറഞ്ഞു. ഉന്തും തള്ളും തിക്കും തിരക്കും തന്നെ. ഇതിനിട യിൽ രംഗനാഥനെ കണ്ണുകൊണ്ട് കാണാൻ തരമാവുക മഹാഭാഗ്യമാണ്.

രംഗനാഥനെ ദർശിച്ച് അമ്പലം വലത്തുവച്ചാൻ ഞങ്ങൾ തുറന്ന ആകാശത്തിനു കീഴിലേയ്ക്ക് വന്നു. പുറമെനിന്ന് അമ്പലത്തിന്റെ ആർക്കിടെക്ച്ചർ കണ്ടാൽ മുമ്പും പിമ്പും തലതിരിഞ്ഞപോലെ തോന്നും. പ്രവേശദ്വാരമാകേണ്ടിയിരുന്നത് വഴിയാണ് ആളുകൾ പുറത്തിറങ്ങുന്നത്; ഉള്ളിൽ കടക്കുന്നത് താരതമ്യേന ചെറുതായ ഒരു വാതിലിലൂടേയും. ഇതെന്ത് മറിമായമോ!

ഏട്ടൻ പറഞ്ഞു. കഥ കേട്ടോളു എന്നാൽ, നടക്കുന്നതിനിടയ്ക്ക് ഭക്തനാമദേവൻ നിത്യവും വന്ന് തന്റെ ഇഷ്ടദേവതയായ രംഗനാഥജിയെ പാട്ടു കേൾപ്പിക്കുമായിരുന്നു. ഒരു ദിവസം അമ്പലത്തിൽ ഭയങ്കര തിരക്ക്. ഈ തിരക്കിൽ ചെരിപ്പ് പുറത്തുവെച്ച് ചെന്നാൽ കളഞ്ഞുപോയേക്കും. അമ്പലത്തിൽ ചെരിപ്പിട്ടിട്ട് കടക്കുന്നത് നിരോധിച്ചിരിക്കയുമാണ്. നാമദേവൻ എന്തുചെയ്യും? കീറിയ ചെരിപ്പിനോടുള്ള കൂറ് കുറവാണോ! ഇപ്പുറത്ത് പാട്ടു കേൾപ്പിക്കാനുള്ള സമയവും കഴിയുകയാണ്. വളരെ മിനക്കെട്ടാലോചിച്ച് അദ്ദേഹം ചെരിപ്പ് രണ്ടും അരയിൽക്കെട്ടി അമ്പലത്തിൽ കടന്ന് പാട്ടു തുടങ്ങി. നാമദേവന് പിന്നെ നിങ്ങളെപ്പോലെ ഇത്രയേറെ കുപ്പായത്തിന്റേയും തുണിയുടേയും ഭാരമുണ്ടായിരുന്നില്ല. ഭിക്ഷ യാചിച്ച്, പാട്ടു പാടീട്ടാണ് അദ്ദേഹം കഴിഞ്ഞുപോന്നത്. അപ്പോൾ, കീറിയ മുണ്ടിന്റെ ഏതോ ഓട്ടയിലുടെ ചെരിപ്പിന്റെ ഇത്തിരി ഭാഗം പുറത്തായിപ്പോയിരുന്നു; ഒരുത്തന്റെ കണ്ണ് അവിടെ ചെന്നല്ലോ. ഇനിയെവിടെ പോകാനാണ്! എല്ലാരുംകൂടി ഓടിപ്പാഞ്ഞു വന്ന് നാമദേവനെ കഴുത്തിനു പിടിച്ചു തള്ളി അമ്പലത്തിൽ നിന്ന് പുറത്താക്കി. ഭയവിഹ്വലനായ നാമദേവന് ഇതിനെന്താണ് കാരണമെന്നു മനസ്സിലായില്ല., ഭഗവാനെ പാട്ടുകേൾപ്പിക്കുന്നത് തടസ്സംചെയ്യുന്നതെന്തിന്? പണ്ഡമാരോടും ശാന്തിക്കാരോടും അദ്ദേഹം താണുകെഞ്ചി, 'എന്റെ പാട്ട് തീർന്നിട്ടില്ലല്ലോ, ബാക്കിയും കേൾപ്പിക്കാൻ സമ്മതിക്കണേ, എന്ന്. ആരു കേൾക്കാനാണ് അദ്ദേഹത്തിന്റെ അപേക്ഷ. കടക്കാൻ ചെന്നാൽ കഴുത്തിൽ കൈവീഴും. മുൻവശത്തൂടെ കടക്കാനേ പററില്ല. എന്നിരിക്കിലും തമ്പുരാനെ പാട്ടുകേൾപ്പിക്കാതിരിക്കുക — അതു പററുമോ? തന്റെ ഒററക്കമ്പിവാദ്യവുമായി നാമദേവൻ അമ്പലത്തിനു പിന്നിലേയ്ക്ക് ചെന്നു. അവിടെ നിന്നുകൊണ്ട് അദ്ദേഹം തന്മയനായി പാട്ടു പാടാൻ തുടങ്ങി, രണ്ടു കണ്ണിൽനിന്നും വെള്ളമൊഴുകി അദ്ദേഹത്തിന്റെ മാറിടം നനഞ്ഞുപോയി. — തമ്പുരാന്ന് എന്താണ് ഇന്നൊരു

തിരുവുള്ളക്കോട്? പക്ഷെ, എന്തൊരാശ്ചര്യം! എല്ലാവരും കണ്ടു, വിഗ്രഹം പുറം തിരിഞ്ഞിരിക്കുന്നു. രംഗനാഥജി പിന്നോക്കം തിരിഞ്ഞുനിന്ന് നാമദേവൻെറ പാട്ട് കേൾക്കുകയാണ്. അന്നുതൊട്ട് രംഗനാഥ ക്ഷേത്രത്തിൻെറ മുൻവശം പിൻഭാഗമാണ്, പിൻഭാഗം അമ്പലത്തിലേയ്ക്ക് കടക്കാനുള്ള വഴിയുമാണ്.

രംഗനാഥക്ഷേത്രത്തിൻെറ മുററത്തിൻെറ ഇടത്തു ഭാഗം ചുററി ഭക്തരായ സ്വാമിജിമാരുടെ ഓർമ്മക്കായുള്ള അമ്പലങ്ങളാണ്. ഓരോ മുറിക്കു മുമ്പിലുമുണ്ട് ഓരോ പണ്ഡ. ഓരോരിടത്തും പൈസ ഇട്ടുകൊണ്ട് ദർശനം ചെയ്യാഞ്ഞാൽ യാത്രക്കാർക്ക് ബുദ്ധിമുട്ടാവും. കരിങ്കല്ലും വെണ്ണക്കല്ലും കൊണ്ടുമുള്ള ചെറിയ ചെറിയ വിഗ്രഹങ്ങൾ, വാതിലിനു മീതെ ഹിന്ദി അക്ഷരത്തിൽ പേരെഴുതി വെച്ചിട്ടുണ്ട്. പണ്ഡ മനസ്സിൽ തോന്നുന്ന പേരും പറഞ്ഞ് പണം പിടുങ്ങി ഭണ്ഡാരത്തിലിടും. ഒരമ്പലത്തിലുള്ളത് ശ്രീഭട്ടനാഥ സ്വാമിയും വിഷ്വക്സേന സ്വാമിയും ബർബരസ്വാമിയുമാണ്. പണ്ഡ കൈ ചൂണ്ടി പറഞ്ഞുതന്നു. 'ഈ മൂന്നു പ്രതിഷ്ഠകളുണ്ടല്ലോ—രാമനും സീതയും ലക്ഷ്മണനുമാണ്. മൂന്നുപേർക്കും കൂടി മൂന്ന് പൈസ കൊട്.

ഇതേപോലെ, ഭക്തിസാരമഹായോഗി–ഭൂതയോഗി–സരയോഗി സ്വാമിമാർ, ദശരഥനും കൗസല്യയും ഭരതനും ശത്രുഘ്നനുമായി, രാമനും സീതയുമായത് കുരേശ് സ്വാമിയും ലോകാചാരസ്വാമിയും.

വലിയേച്ചി ശാസിച്ചു. 'എഴുതിയത് കാണുന്നില്ലേ? വെറുതെ എന്തിനാണ് പിന്നേയും പിന്നേയും ചോദിച്ചു കുഴങ്ങുന്നത്—ഇതാരാണ്, അതാരാണ്? എടുത്തോ, നമസ്കരിക്ക്, ചരണാമൃതം കയ്യിലെടുത്ത് നെഞ്ഞത്തും തലയിലും തൊടു.'

മുമ്പിലെ മുററത്ത് ഒരു കെട്ടിയ കുണ്ഡം. വ്രജരമണൻ പറഞ്ഞു. 'ഇതിലത്രെ ഗജഗ്രാഹയുദ്ധമുണ്ടായത്'. 'എവിടെ, എവിടെ എന്നു പറഞ്ഞുകൊണ്ട് കാണാൻ ഓടിച്ചെന്നു. പച്ചപിടിച്ച കൊഴുകൊഴുത്ത വെള്ളം, അടിത്തട്ട് കാണാൻ പ്രയാസം., ഗജ–ഗ്രാഹമെവിടെ ഇവിടെ? പണ്ഡ പറഞ്ഞു. 'ഇപ്പോൾ എന്താണ്? ഓരോ കൊല്ലവും ആ വിശേഷ ദിവസം കടലാസുകൊണ്ടുള്ള ആനയും മുതലയും ഒരുങ്ങും. അതിനുശേഷം രണ്ടു തോണിയിൽ അവയെ കേററിക്കൊണ്ടുവന്ന് ഈ വെള്ളത്തിൻെറ മീതെവെച്ച് രണ്ടു സംഘം ആളുകൾ യുദ്ധം ചെയ്യും. യുദ്ധം ചെയ്ത് ചെയ്ത് ആർക്കും തോൽവി പററാത്തപ്പോൾ രംഗനാഥജി ഗരുഡൻെറ പുറത്ത് കേറിവന്ന്, മൂർച്ചയുള്ള

ചക്രംകൊണ്ട് ആ മുതലയുടെ തലയറുക്കും. ഒരുപാട് ആളുകൾ വരും, ഉത്സവച്ചന്തയുണ്ടാകും, സ്ഥലത്തെച്ചൊല്ലി കശപിശയുണ്ടാകും.

അമ്പലത്തിൻെറ പിൻഭാഗത്തെ വലിയ തോരണത്തിന് തൊട്ട്, മൂന്നുനിലക്കെട്ടിടം പോലുള്ള ഒരു ഉയർന്ന ഗാരേജ്; മുൻഭാഗം മുഴുവൻ മൺചുമര് കെട്ടീട്ടുണ്ട്.

എന്താണിത്? എന്തിനാണിങ്ങിനെ അടച്ചിട്ടിരിക്കുന്നതും?

പണ്ഡ പറഞ്ഞു. 'അതിനുള്ളിൽ രഥമുണ്ട്. കൊല്ലം മുഴുവൻ ഇങ്ങിനെ അടച്ചിട്ടിരിക്കും. രഥോവത്സത്തിൻെറ സമയത്ത് ചുമർ പൊളിച്ച് രഥം പുറത്തെടുത്തുകൊണ്ടുവരും. (അല്ലെങ്കിൽ 'തീർത്ഥ യാത്ര'ക്കാർ മുഴുവൻ കണ്ടുകളയും, ഉത്സവക്കാലം തിരക്കുണ്ടാവി ല്ല; അത് പണ്ടേ കണ്ടതല്ലേ എന്നു പറയും.

മാനസിംഹക്ഷേത്രം. കീഴെ നിന്നുകൊണ്ടുനോക്കുമ്പോൾ ചെങ്ക ല്ലുകൊണ്ടുള്ള ഒരു പഴയ കൊട്ടാരമാണെന്നു തോന്നും. പുറംതിണ്ണ യും ഇടനാഴിയും തൂണും നടുമുററവും എത്രയാണ് അവിടെ! നി ലത്തുനിന്നു് വീതിയേറിയ കോണിപ്പടികൾ മുകളിൽ കൂത്തമ്പല ത്തിലേയ്ക്ക് കേറിപ്പോവുന്നു. എല്ലാം ചേർന്ന് കല്ലിലുള്ള എന്തൊരു കോട്ടമററ കലാശില്പം.

രൂപഗോസ്വാമിയുടെ ഗോവിന്ദൻെറ ആ പഴയ അമ്പലമാണിത്. രൂപൻെറ ആഗ്രഹമനുസരിച്ച് മാനസിംഹൻ പണിചെയ്യിച്ചു കൊടു ത്തതാണ്. എത്ര സുന്ദരം, എത്ര ഉന്നതം.

പണ്ഡ പറഞ്ഞു. 'ഇത് ഇതിലും ഉയർന്നതായിരുന്നു. മുമ്പ് ഈ അമ്പലത്തിൻെറ താഴികമേൽ നിത്യവും സന്ധ്യയ്ക്ക് വിളക്കു കൊ ളുത്തുമായിരുന്നു. ഒരു കറുത്തവാവിൻ രാത്രി ഡൽഹിയിൽ തൻെറ കൊട്ടാരത്തിലിരുന്ന് അറംഗസീബ് ചക്രവർത്തി ഈ വെളിച്ചം കാ ണാനിടയായി. ചക്രവർത്തി ചോദിച്ചു. 'അതാരുടെ വെളിച്ചമാ ണ്? നമ്മുടെ അരമനയും കവച്ചുകൊണ്ട് വിളക്കുകൊളുത്താൻ മാ ത്രം ധൈര്യമോ?' അപ്പോൾത്തന്നെ സേനാപതിയെ വിളിച്ചു കല്പി ച്ചു — പോകു, പൊളിക്കു, കൊള്ളയിടു. ഇപ്പുറത്ത് ജയപ്പൂരിലെ രാജാവും അതേ രാത്രി സ്വപ്നം കണ്ടു. ഗോവിന്ദജി പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്കയാണ് — എന്നെ വേഗം എടുത്തുകൊണ്ടുവരു, അ വർ അമ്പലം പൊളിക്കാൻ വരുന്നുണ്ട്. രാജാവ് പിറേറന്നു തന്നെ

ആരംക്കാരെ അയച്ച്, ഗോവിന്ദൻ, ഗോപീനാഥൻ, മദനമോഹനൻ ഈ മൂന്നുപേരേയും കൊണ്ടുപോന്നു. ചക്രവർത്തിയുടെ സൈന്യംവന്ന് നോക്കുമ്പോഴുണ്ട്, അമ്പലം ശൂന്യം. അവർ അമ്പലത്തിന്റെ മോന്തായം തല്ലിത്തകർത്ത് തരിപ്പണമാക്കി തിരിച്ചുപോയി.'

പൊളിഞ്ഞ നിലയിൽത്തന്നെ ഈ അമ്പലം എത്ര വലുതായി തോന്നുന്നു. എന്നിരിക്കെ മുമ്പ് എന്തായിരുന്നുവെന്ന് അറിഞ്ഞുകൂട.

ഏട്ടൻ പറഞ്ഞു. 'പണ്ട് ഇതിന്റെ മുകളിൽ ഇനിയുമൊരു നാലു നില ഉയരത്തിലായിരുന്നു താഴികയെന്നാണ് കേരംവി.'

കൂത്തമ്പലത്തിൽ കടന്നു മേൽപ്പോട്ടു നോക്കിയപ്പോരം, അർദ്ധഗോളാകൃതിയിലുള്ള മച്ചു നിറയെ കല്ലിൽ കൊത്തിയ ഒരു താമരപ്പൂ. അതിന്മേൽ തൂങ്ങിക്കൊണ്ട് കൂട്ടംകൂട്ടമായി — ഞാൻ വലിയേച്ചിയെ വിളിച്ചു പറഞ്ഞു. 'നോക്കൂ, നോക്കൂ തേനീച്ചക്കൂട്''. കഴുത്തു തിരിച്ചു നോക്കി അവർ പറഞ്ഞു. 'ശരിതന്നെ, എത്ര കൂടാണ്, ആപത്തില്ലാത്ത സ്ഥലം കണ്ടിട്ട് കൂട് കെട്ടിയിരിക്കയാണ്''.

തേനീച്ചയല്ല, വാസ്തവത്തിൽ വാവലുകളായിരുന്നു. പകൽ വെളിച്ചത്തിൽ ജഡപ്രായമായി അങ്ങിനെ തൂങ്ങുകയാണ്. ഇത്രയും ഉയരത്തിൽ വാവലുകളെ തേനീച്ചയെന്നേ തോന്നിയുള്ളു. പെട്ടെന്ന് എല്ലാവർക്കും അതുതന്നേയാണോ തോന്നുക എന്ന് പരീക്ഷിച്ചുനോക്കിയതാണ് വലിയേച്ചിയെക്കൊണ്ട്.

അമ്പലത്തിനുള്ളിൽ ഗോവിന്ദന്റെ വിഗ്രഹം. ഇത് പകർപ്പാണ്. മന്ദിരം ശൂന്യമാക്കിയിടരുത്.. അതുകൊണ്ട് പിന്നീട് പ്രതിനിധിയെ പ്രതിഷ്ഠിച്ചതാണ്. സാക്ഷാൽ ഗോവിന്ദൻ ജയ്പ്പൂരിലാണല്ലോ. ഗോവിന്ദ ദർശനം കഴിഞ്ഞപ്പോരം വ്രജരമണൻ പുറത്ത് അമ്പലത്തിനു തൊട്ടുകൊണ്ടുള്ള വീതി കുറഞ്ഞ കോണിപ്പടി ചുററി ചെറിയൊരു വാതിലിനടുത്തേയ്ക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. വിശേഷപ്പെട്ട എന്തോ ഒന്ന് കാണിക്കാനുണ്ടത്രെ ഇവിടെ. കടന്നപ്പോരംതന്നെ മനസ്സിലായി, ഇവിടെ യാത്രക്കാർ ഏറെയൊന്നും വരാറില്ലാ എന്ന്. ശരിക്കറിയില്ലെങ്കിൽ കണ്ണിൽത്തന്നെ പെടില്ലാ ഈ സ്ഥലം. ഒന്നു രണ്ട് വൈഷ്ണവന്മാർ അവിടെയിരുന്ന് ചപ്പാത്തി പരത്തുന്നു, ഒരാരം അടുപ്പത്ത് ഉരുളി കേററി കറിയുണ്ടാക്കുന്നു — നൈവേദ്യത്തിന്നാവാം. ഞങ്ങരം കടന്നപ്പോരം അവർക്ക് അല്പം മുഷിച്ചിലാണ് ഉണ്ടായതെന്നു

തോന്നി. വ്രജരമണൻെറ കാതരഭാവത്തിലുള്ള ആഗ്രഹം കണ്ടിട്ട് ഒരാൾ ഗോതമ്പുമാവോടുകൂടെ വലിയ മരപ്പാത്രം നീക്കി വഴിയൊഴിച്ചുതന്നു. അവിടെ ഇടുങ്ങിയ തുരങ്കംപോലുള്ള ഇരുട്ടു പിടിച്ച ഒരു കോണിയുണ്ട്. മൺചിരാത് കയ്യിലെടുത്ത് അതിൻെറ വെളിച്ചത്തിൽ പതുക്കെപ്പതുക്കെ കാലടിവെച്ച് ഇറങ്ങിയിറങ്ങി അവസാനിക്കുന്നേടത്ത് ചെന്നുനിന്നു. ചെറിയൊരു വെള്ളത്തൊട്ടി പോലെ നാലു കോണോടു കൂടിയ ഇത്തിരി സ്ഥലം. പതുപതുത്ത മണ്ണ്, നനവുതട്ടിയതുപോലുണ്ട്. ഒരു വിളക്കു മാത്രം മുനിഞ്ഞു കത്തുന്നുണ്ട്; കറുത്ത മണ്ണിനു മീതെ മൂന്നു നാലു വെള്ളപ്പൂക്കൾ ചിതറിക്കിടക്കുന്നുണ്ട്, എപ്പോഴോ ഒരിക്കൽ ആരോ പൂജചെയ്ത്പോയിട്ടുണ്ടാവാം.

വ്രജരമണൻ പറഞ്ഞു. 'ഇതാണ് ഗോമാട്ടില. ഈ സ്ഥലത്താണ് ഗോവിന്ദജി പ്രത്യക്ഷീഭൂതനായത്''.

വലിയേച്ചി പറഞ്ഞു 'അറിയാമോ, എന്തൊരൽഭുത മഹിമയാണ്! ആർക്കുമറിയില്ലായിരുന്നു ഇവിടെ എന്താണെന്ന്. ഒരു കാമധേനു നിത്യവും രാവിലെ ഇവിടെ ഇറങ്ങിവന്ന് നേരെ ഗോവിന്ദൻെറ തലക്കു മുകളിൽ നിൽക്കുമായിരുന്നു, അകിട് ചുരന്ന് തന്നത്താൻ പാൽ ഇററി വീഴുമായിരുന്നു. സ്വപ്നത്തിൽ കണ്ടിട്ട് രൂപഗോസ്വാമി ഗോവിന്ദജിയോട്, 'നീ അവിടെയാണല്ലൊ ഇരിപ്പ്, എന്നാൽ എന്താണ് ആഹാരം കഴിക്കുന്നത്?' എന്നു ചോദിച്ചപ്പോൾ, ഗോവിന്ദൻ പറഞ്ഞു. 'കാമധേനുവിൻെറ പാലാണ് നിത്യവും കഴിക്കുന്നത്''. ആ കാമധേനുവിൻെറ പാലുകൊണ്ടു നനഞ്ഞ നിലമാണല്ലോ അവിടുന്ന് രൂപന്ന് അടയാളമായി കാട്ടിക്കൊടുത്തത്''. ഇതും പറഞ്ഞ് വലിയേച്ചി നനഞ്ഞ മണ്ണിൽ കൈയോടിച്ചു തുടങ്ങി.

ഗോമാട്ടിലയിൽ നിന്ന് കയറി പുറത്തേക്ക് വരികയാണ്, ഗോവിന്ദക്ഷേത്രത്തിൻെറ തെക്കു ഭാഗത്തെ വീതി കുറഞ്ഞ വാതിൽ തുറന്ന് ഒരു വൈഷ്ണവൻ ചിരിച്ചുകൊണ്ട് കൈയാട്ടി പാടി....

കൃഷ്ണനാമങ്ങളും കൃഷ്ണഗുണങ്ങളും
കൃഷ്ണൻെറയോരോരോ ലീലകളും
കൃഷ്ണസ്വരൂപം പോലെല്ലാം ചിദാനന്ദം'

'ശ്രീ ഭഗവാനെപ്പോലെ അവിടുത്തെ നാമവും ലീലയും ലീലാസ്ഥലിയും നിത്യങ്ങളത്രെ'.

'ഇവ്വണ്ണമുള്ളൊരു ലീലകൾക്കെന്നുമേ
ഇല്ലൊരറുതിയു മോർത്തു കണ്ടാൽ
ഒന്നു തെളിഞ്ഞീടും പിന്നെ മറഞ്ഞീടും
എന്നല്ലൊ ചൊല്ലുന്നു വേദങ്ങളും'.

'ചിലപ്പോൾ ആവിർഭാവം, ചിലപ്പോൾ തിരോഭാവം; നാശമില്ല. ലോകലോചനത്തിന്ന് ഗോചരീഭൂതമാവുക, ആവാതിരിക്കുക, ഇതു മാത്രം പ്രഭേദം.'

പറഞ്ഞുകൊണ്ടിരിക്കെ—വാതിൽപ്പടിമേൽ താടി ചേർത്തുവച്ച് ഒന്നുരണ്ടു നാൾ പ്രായമായ ഒരു വെളുത്ത പശുക്കിടാവ് കിടക്കുന്നുണ്ടായിരുന്നു—അതിനെ വാരിയെടുത്ത് മാററിക്കിടത്തി അദ്ദേഹം ഞങ്ങളുടെ അടുത്തേക്ക് വന്നു. എന്നിട്ട് പറഞ്ഞു: 'മൂന്ന് ശിലാമൂർത്തി തീർത്തിരുന്നു വ്രജനാഭൻ. ഉഷ—വ്രജനാഭൻെറ അമ്മ—പറഞ്ഞു, മോനേ, എനിക്ക് കൃഷ്ണമൂർത്തി ഉണ്ടാക്കിത്തരു. വ്രജനാഭൻ കൃഷ്ണമൂർത്തി ഉണ്ടാക്കി കൊണ്ടുവന്നു; അമ്മ അതു കണ്ടിട്ട് പറഞ്ഞു, ഇതിൻെറ മുഖം ശരിയിയിട്ടുണ്ട്, മറെറാന്നും നേരെയായിട്ടില്ല. ആ മൂർത്തിയാണ്—ഗോവിന്ദൻ. വ്രജനാഭൻ വീണ്ടും ഒരു മൂർത്തി പണിതുകൊണ്ടുവന്നു; 'നോക്കിയാട്ടെ അമ്മെ, ഇത് ശരിയായിട്ടുണ്ടോ എന്ന്'. അമ്മ പറഞ്ഞു, 'മോനേ, ഇതിൻെറ കാല് ശരിയായിട്ടുണ്ട്, മററവയവങ്ങളൊന്നും ശരിപ്പെട്ടിട്ടില്ല.' ആ മൂർത്തിയാണ്—മദനമോഹനൻ. വ്രജനാഭൻ വീണ്ടുമൊരു മൂർത്തി പണിതു കൊണ്ടുവന്നു; നോക്കിയാട്ടെ അമ്മേ, ഇത്തവണ അമ്മയുടെ ഇഷ്ടം പോലെ ആയിട്ടുണ്ടോ എന്ന്. അമ്മ പറഞ്ഞു; 'ങ്ഹാ മോനേ, ഇതിൻെറ മാറിടം ശരിയായിട്ടുണ്ട്'. ഇതാണ്—ഗോപീനാഥൻ. ആ ഗോവിന്ദൻെറ അമ്പലമാണിത്. 'ഹാ കൃഷ്ണാ' എന്ന് കേഴുകയാണ് രൂപഗോസ്വാമി. ശ്രീകൃഷ്ണൻ സ്വപ്നത്തിൽ രൂപന്ന് വെളിപ്പെട്ട് അരുളിച്ചെയ്തു: 'രൂപ, വ്രജനാഭകർത്തൃകനായ ഞാൻ ഗോവിന്ദൻ വൃന്ദാവനത്തിൽ പ്രതിഷ്ഠിതനായിരുന്നു; നിൻെറ അടുത്തുതന്നെ ഗോമാട്ടിലയിൽ മൃത്തികാമദ്ധ്യത്തിലാണ് അവ സ്ഥാനം ചെയ്യുന്നത്. നീ എന്നെ ഉദ്ധരിക്കുക; നിൻെറ കൈകൊണ്ടുള്ള പൂജ ലഭിക്കാൻവേണ്ടി ഞാൻ അനേകനാളുകളായി കാത്തിരിക്കുന്നു. അപ്പോൾ രൂപൻ ഗോവിന്ദജിയെ എടുത്തുകൊണ്ടുപോന്ന് ഇവിടെ പ്രതിഷ്ഠിച്ചു. പിന്നീടാണ് മാനസിംഹൻ ജയ്പൂരിൽനിന്ന് ചെങ്കല്ല് കൊണ്ടുവരീച്ച് ഈ വലിയ ക്ഷേത്രം പണി ചെയ്യിച്ചത്'.

ഏട്ടൻ പറഞ്ഞു: 'വരണം, വല്ലേടത്തും ഇരുന്നിട്ട് അങ്ങയുടെ അടുത്തുനിന്ന് അൽപം കഥ കേൾക്കട്ടെ'.

വൈഷ്ണവൻ ഞങ്ങളെ കൂട്ടിക്കൊണ്ടുപോയത് അമ്പലത്തിനുള്ളിൽ, നേരെ വിഗ്രഹത്തിന്നു മുമ്പിലേക്കാണ്. അദ്ദേഹം ഒരു കമ്പിളി വിരിച്ചു തന്നു; ഞങ്ങൾ ഇരുന്നു.

വൈഷ്ണവൻെറ പേര് ഭഗവാൻ ദാസ് എന്നാണ്. അദ്ദേഹം പറഞ്ഞു: 'ശ്രീകൃഷ്ണലീലാനന്തരം കാലത്തിൻെറ കരാളദംഷ്ട്രയിൽ പെട്ട് സമസ്തവും നിശ്ചിഹ്നമായി; വൃന്ദാവനമഹിമയുടെ ഉല്ലേഖം ശാസ്ത്രത്തിൽമാത്രമായി. അക്കാലത്ത് വ്രജേന്ദ്രനന്ദനൻതന്നെയാണ് നദിയയിൽ ശചീനന്ദനരൂപത്തിൽ അവതരിച്ച് വൃന്ദാവനത്തെ പ്രകാശിപ്പിച്ചത്. അവിടുന്ന് ഭക്തന്മാരായ ഗോസായിമാരെ ഓരോരുത്തരായി ഇവിടേക്ക്, ലീലാസ്ഥലി അന്വേഷിക്കാൻ, അയച്ചു. താനും എഴുന്നള്ളും; പക്ഷെ അധികം ദിവസം താമസിക്കുവാനാവില്ല. രൂപസനാതനന്മാരെ ഭാരമേൽപിച്ച് അവിടുന്ന് നീലാചലത്തിലേക്ക് എഴുന്നള്ളി.

'അക്കാലത്ത് മനുഷ്യവാസശൂന്യമായ അരണ്യസമൂഹമായിരുന്നു വൃന്ദാവനം. രൂപസനാതനന്മാർ വൃക്ഷവല്ലികൾക്ക് കീഴെ ഇരുന്ന് ഭജനംചെയ്ത് വൃന്ദാജിയോട് ഇപ്രകാരം പ്രാർത്ഥിച്ചു: വൃന്ദാവനത്തെ നീയാണല്ലൊ സ്വന്തം കൈകൊണ്ട് ചമച്ചൊരുക്കിയിരുന്നത്, അതിനെ വീണ്ടും മടക്കിത്തരണേ.

'രാജകുമാരി സത്യവതി—ഇവർതന്നെയാണ് വൃന്ദ. വൃന്ദ കൃഷ്ണ കൃപാ ലാഭത്തിനു വേണ്ടി തപസ്സനുഷ്ഠിച്ചു പോന്നു. കൃഷ്ണൻ സന്തുഷ്ടനായി വരംകൊടുക്കാൻ പ്രത്യക്ഷപ്പെട്ടു. വൃന്ദ പറഞ്ഞു: 'നിൻെറ പൂജക്കുവേണ്ടി എനിക്കൊരു വനമൊരുക്കണം; അതിൽ ഒരേ കാലത്ത് ആറ് ഋതുക്കളും ഒന്നിച്ചു വരണം, നാനാ പുഷ്പഫലസംഭാരം, പക്ഷീസമൂഹത്തിൻെറ സുമധുരമായ കാകളി, കൽപവൃക്ഷം, കൽപലത, കാമധേനു, മണിമാണിക്യഖചിതമായ പ്രാസാദം മുതലായവയെക്കൊണ്ട് വനം പരിപൂർണ്ണമായിരിക്കണം. നീ നിത്യവും നിൻെറ പരമകാന്തയോടുംകൂടെ ആ വനത്തിൽ കേളിയാടുമെന്ന് വരംതരിക'.

ഭക്തവശ്യനായ കൃഷ്ണൻ അരുളിച്ചെയ്തു: 'തഥാസ്തു, തഥാസ്തു, തഥാസ്തു. പക്ഷെ എടോ വൃന്ദേ, ഒരുകാര്യം ചോദിച്ചോട്ടെ, ഞാൻ നിത്യവും എൻെറ കാന്തയോടുകൂടെ കേളിയാടീട്ട് നിനക്കെന്തു ലാഭമാണ്?'

വൃന്ദ പറഞ്ഞു: 'പ്രഭോ, എനിക്ക് നിത്യവും യുഗളരൂപം ദർശിക്കാം'.

'നിജദേഹസുഖം നോക്കാറില്ലല്ലോ ഗോപനാരിമാർ
കൃഷ്ണസൗഖ്യം കൊതിച്ചല്ലോ ചെയ്‌വു കാര്യം സമസ്തവും'.

'നിങ്ങൾക്ക് ഒരേടത്ത് കേളിയാടുന്നതുകൊണ്ട് എത്ര ആനന്ദം ലഭിക്കുമോ, എനിക്ക് അതിന്റെ നൂറു മടങ്ങ് ആനന്ദം കിട്ടും നിങ്ങളുടെ യുഗളമൂർത്തി ദർശിച്ചിട്ട്. ഒരു വരം കൂടി വേണം പ്രഭോ; പറയു, നീ ഈ വനംവിട്ട് ഒരിടത്തും പോവില്ലെന്ന്'.

കൃഷ്ണൻ അരുളി: 'ശരി, തഥാസ്തു. വൃന്ദാവനം പരിത്യജ്യ പാദമേകം ന ഗച്ഛാമി'.

ഭക്തന്റെ ഇച്ഛഹേതുവായിട്ടാണല്ലൊ കൃഷ്ണന്റെ അവതാരമെല്ലാം തന്നെ. വൃന്ദക്കുവേണ്ടി പരമമധുരമായ ലീലകൾ പ്രകടിപ്പിക്കാൻ കൃഷ്ണൻ വന്നു. അന്നുമുതൽ നിത്യലീലയാണ് വൃന്ദയുടെ ഈ വൃന്ദാവനത്തിൽ. ചൈതന്യഭാഗവതം പറയുന്നു,

ഇന്നും നിത്യം കേളിയാടി
ഗൌരാംഗൻ വാഴ്‌വതുണ്ടിഹ
സുകൃതം ചെയ്ത വല്ലോർക്കും
അതു കാണാൻ കഴിഞ്ഞിടും

'ഞാൻ നിർഭാഗ്യവാനാണ്. പതിനൊന്നാം വയസ്സിൽ വൃന്ദാവനത്തിൽ വന്നതാണ്; ഈ അറുപത്തഞ്ചാം വയസ്സുവരെ അവിടുത്തെ കരുണയും കാത്തിരിക്കയായിരുന്നു. എപ്പോഴാണ് കരുണയുണ്ടാവുക, എപ്പോഴാണ് ദർശനം ലഭിക്കുക'. പറയുന്നതിലിടക്ക് ഭഗവാൻ ദാസ് ധാരധാരയായി കണ്ണീരൊഴുക്കി. കരഞ്ഞുകൊണ്ടുതന്നെ പറയാൻ തുടങ്ങി—

വിഷയക്കൊതി കൈവിട്ടു
തെളിയുന്നെന്നിതെൻ മനം
എന്നു കാണാൻ കഴിഞ്ഞീടും
ശ്രീ വൃന്ദാവനമായതും.

'ബ്രഹ്മസംഹിത പറയുന്നു, ഏതു വൃന്ദാവനത്തിലാണോ സാക്ഷാൽ മഹാലക്ഷ്മി കാന്തയായിട്ടുള്ളത്, കാന്തനെവിടെ പരമപുരുഷനായ ശ്രീകൃഷ്ണൻ, വൃക്ഷവല്ലി എവിടെ കൽപതരു, എവിടത്തെ ഭൂമി ചിന്താമണിമയം, വെള്ളമെവിടെ അമൃതം, വാക്കു

തന്നെ എവിടെ ഗാനം, വെറും നടത്തം തന്നെ എവിടെ നൃത്യം, ഓടക്കുഴൽ—കൃഷ്ണന്റെ മോഹന മുരളി—തന്നെ എവിടെ പ്രിയ തോഴി—ആ വൃന്ദാവനം പ്രേമചക്ഷു കൂടാതെ കാണാനൊക്കുമോ?

പ്രേമനേത്രമതേ കാണൂ
തത്സ്വരൂപ പ്രകാശവും.

'ഹായ്, എനിക്കാ പ്രേമചക്ഷുസ്സ് ഇന്നേവരെ കിട്ടിയില്ലല്ലോ'.

ഭഗവാൻ ദാസ് കണ്ണീർ തുടച്ച് ദൃഷ്ടി കീഴ്പോട്ടാക്കി മനസ്സ് ശാന്തമാക്കി.

ഏട്ടൻ എളുപ്പം ആരേയും കാൽതൊട്ടു വണങ്ങാറില്ല. വലിയേച്ചിയെ എത്ര തവണ അധിക്ഷേപിച്ചിരിക്കുന്നു, 'വഴിക്ക് കാണുന്നവരുടെ മുഴുവൻ കാല് തൊടാൻ പോകുന്നതെന്തിന്? കാല് തൊടാതെയെന്താ ഭക്തി പ്രകടിപ്പിക്കാനാവില്ലേ?' ആ ഏട്ടൻ രണ്ടു കൈകൊണ്ടും ഭഗവാൻ ദാസിന്റെ പാദരേണുക്കളെടുത്ത് തലയിൽ തൊട്ടു; എന്നിട്ട് പറഞ്ഞു: 'ഇന്ന് വരട്ടെ. ഇനിയുമൊരു ദിവസം അങ്ങയുടെ അടുത്ത് വന്നിരിക്കാൻ ആഗ്രഹമുണ്ട്'.

വഴിയിലിറങ്ങിയപ്പോൾ ഞാൻ പറഞ്ഞു: 'എല്ലാം നല്ലതുതന്നെ; പക്ഷെ അങ്ങനെ ങ്ഹേ ങ്ഹേ എന്നു കരയുന്നതെന്തിനാണ്?'

ഏട്ടൻ പറഞ്ഞു: 'ശ്രീമദ് ഭാഗവതത്തിലുണ്ട്, ഭഗവാന്റെ നാമം കേട്ടിട്ട് ആർക്കെങ്കിലും കണ്ണിൽ വെള്ളം വരുന്നുണ്ടെങ്കിൽ അതയാളുടെ അനേകം പുണ്യങ്ങളുടെ ഫലമാണ്, മറിച്ച് അങ്ങനെയുണ്ടാവില്ല എന്ന്'.

ബ്രജരമണൻ പറഞ്ഞു: 'ശ്രീ വൃന്ദാവനധാമത്തിൽവെച്ച് ശ്രീ രാധാഗോവിന്ദന്മാരുടെ ഭജനപരായണനായ ഭാഗവതന്റെ മുഖത്തു നിന്ന് ശ്രീ രാധാഗോവിന്ദന്മാരുടെ മഹിമ ശ്രവിക്കുക എന്നത് മഹാ ഭാഗ്യമത്രേ. പ്രഭുവിന്റെ ആശിസ്സും അനുകമ്പയും കൂടാതെ ഇത് സംഭവ്യമല്ലതന്നെ'.

വലിയേച്ചി പറഞ്ഞു: 'തുളസീദാസരുടെ രാമചരിതമാനസം വായിച്ചിട്ടില്ലേ? വിഭീഷണൻ ഹനുമാനോട് പറയുന്നതായി തുളസീ ദാസർ എഴുതിയിരിക്കുന്നു—

അഖമോഹി ദരോസ് ദാ ഹനുമന്ത്
വിനു ഹരി കൃപാ മിലഹി നഹി സന്താ'

'അല്ലയോ ഹനുമാനേ, ഇപ്പോഠം എനിയ്ക്ക് വിശ്വാസമായിരിക്കുന്നു, എന്റെ സദ്ഗതിയെച്ചൊല്ലി എനിയ്ക്കിനി ഒരു സംശയവുമില്ല. എന്തെന്നാൽ, നിന്നെപ്പോലുള്ള ഒരു ഭാഗവതനുമായി എനിക്ക് ചേരുവാൻ കഴിഞ്ഞല്ലൊ.

'ഹരിയുടെ കൃപ കൂടാതെ ഹരിഭക്തിമിലനം അസംഭാവ്യം. ഈ തുളസീദാസർ തന്നെ മററൊരേടത്ത് സാധനയെപ്പററി എഴുതിയിരിക്കുന്നു—

'വിൻ സത്സംഗ് ന ഹരികഥാ
തേഹി വിൻ മോഹ് ന ഭാഗ്
മോഹ് ഗയേ വിനു രാമ്പദ് ഹോഇ ന ദൃഢ് അനുരാഗ്'

'സത്സംഗമില്ലാതെ ഹരികഥയില്ല, ഹരികഥ കേഠക്കാതെ മോഹവും നീങ്ങില്ല, മോഹം നീങ്ങാതെ ശ്രീരാമ പദാരവിന്ദത്തിൽ മനമധുകരം മത്തമാവുകയുമില്ല'.

രൂപനെന്നും സനാതനനെന്നും രണ്ട് സഹോദരന്മാർ. ഗൗഡദേശത്തെ നവാബായ ഹോശേൻ ശായുടെ ദർബാറിൽ പ്രധാനമന്ത്രിയാണ് സനാതനൻ, രൂപൻ ധനകാര്യമന്ത്രിയും.

ഒരേസമയം ഇരുസഹോദരന്മാരുടെ മനസ്സിലും പ്രബലമായ ഉത്കണ്ഠ ഉണർന്നുവശായി. അവസരംകണ്ട് രൂപൻ സംസാരം വെടിഞ്ഞ് വൃന്ദാവനത്തിലേക്ക് പോയി; സനാതനന്ന് പോവാനൊത്തില്ല.

രാജകാര്യങ്ങളിൽ സനാതനന്ന് മനസ്സ് ചെല്ലാതായി. നവാബാണെങ്കിൽ അദ്ദേഹത്തെയൊട്ട് വിടുന്നുമില്ല. സുഖക്കേടെന്നും പറഞ്ഞ് സനാതനൻ വീട്ടിലിരുന്ന് പണ്ഡിതന്മാരുമായി ഭാഗവത തത്വരസാസ്വാദനത്തിൽ മുഴുകാൻ തുടങ്ങി. നവാബ് വൈദ്യനെ അയച്ചു. വൈദ്യൻ പരിശോധിച്ചിട്ട് സനാതനന്റെ ശരീരത്തിൽ സുഖക്കേടൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

നവാബിന് സംശയമായി; ഒരുദിവസം പെട്ടെന്ന് സനാതനന്റെ അടുത്തു ചെന്നു. അദ്ദേഹം പറഞ്ഞു: 'താങ്കളെന്റെ വലത്തുകൈയാണ്. താങ്കളെ കൂടാതെ രാജകാര്യം നോക്കി നടത്തുക അസംഭാവ്യം. സുഖക്കേടെന്ന് നടിച്ച് മാറിനിൽക്കാൻ കൊതിക്കുകയാണോ—എന്താണ് താങ്കളുടെ ആഗ്രഹം?'

സനാതനൻ മനസ്സിലെ കഥയെല്ലാം തുറന്നു പറഞ്ഞു. നവാബ് രാജിയായില്ല. അദ്ദേഹം പറഞ്ഞു: 'താങ്കളെ എനിക്ക് വേണംതന്നെ'.

സനാതനൻ കാതരനായി താണുവണങ്ങി: 'എന്നെക്കൊണ്ട് ഇനി ആ കാര്യം നടത്താനാവില്ല'.

നവാബിന്ന് വാശി കൂടി. സനാതനനെ തടവിലാക്കി; വാതിൽക്കൽ കർശനമായ കാവലേർപ്പെടുത്തി.

ഇങ്ങിനെയിരിക്കെ പ്രതാപരുദ്രരാജാവുമായി നവാബിന് യുദ്ധം ചെയ്യേണ്ടിവന്നു. നവാബ് യുദ്ധംചെയ്യാൻ ഒറീസ്സയിലേക്ക് പോയി. ഈ തക്കത്തിന് സനാതനൻ കനത്ത കൈക്കൂലി കൊടുത്ത് തടവിൽനിന്ന് പുറത്തുചാടി. ഒരു ഭൃത്യനെ മാത്രം കൂടെ കൂട്ടി, ഒരൊററ കാശും കൈയിലില്ലാതെ, പർവ്വതമാർഗ്ഗത്തിലൂടെ കാൽനടയായി കാശിയിലേക്ക് യാത്രയായി. പകൽ മുഴുവൻ നടന്ന് രാത്രിയായപ്പോൾ വഴിക്കൊരു ഭൂവുടമയുടെ വീട്ടിൽ തങ്ങി. ഭൂവുടമ തന്നെ അത്രയേറെ ആദരപൂർവ്വം പരിചര്യ ചെയ്യുന്നതു കണ്ടപ്പോൾ സനാതനന്ന് സംശയമായി. അദ്ദേഹം ഭൃത്യനെ വിളിച്ചു ചോദിച്ചു: 'നിൻെറ കൈയിൽ പണം വല്ലതുമുണ്ടോ?'

ഭൃത്യൻ പറഞ്ഞു: 'ഠാൻ, വഴിക്ക് വല്ല ആവശ്യവും ഉണ്ടായാലോന്ന് വെച്ച് ദാ ഈ ഏഴ് മോഹർ ഒളിപ്പിച്ച് കൊണ്ടുവന്നിട്ടുണ്ട്',

അത് കേട്ട് സനാതനൻ ക്രുദ്ധനായി; അദ്ദേഹം പറഞ്ഞു: 'നിന്നോട് ഞാൻ വീണ്ടും വീണ്ടും പറഞ്ഞതാണ്——കൂടെ ഒന്നുമെടുക്കരുതെന്ന്. എന്നിട്ടുമെന്തിന് നീ ഈ ആളെക്കൊല്ലിയെ കൊണ്ടുവരാൻപോയി? കൊണ്ടാ എല്ലാം എൻെറ കൈയിൽ'.

സനാതനൻ ആ ഏഴ് മോഹറും എടുത്ത് ഭൂവുടമയോട് പറഞ്ഞു: 'ഇതേ ഉള്ളു എൻെറ കൈയിൽ. ഇത് താങ്കളെടുത്തോ: എടുത്തിട്ട് എന്നെ ഈ പർവ്വതം കടത്തിത്തരണം. താങ്കൾക്ക് പുണ്യവും പണവും രണ്ടും കിട്ടും'.

ഭൂവുടമ അപ്പോൾ ചിരിച്ചുകൊണ്ട് പറഞ്ഞു: 'എൻെറ അടുത്ത് ഒരു ജ്യോത്സ്യരുണ്ട്; അയാൾവഴി എനിക്ക് മുമ്പേ അറിയാൻകഴിഞ്ഞിരുന്നു, താങ്കളുടെ കൈയിൽ ഏഴ് മോഹറുണ്ടെന്ന്. ഇന്ന് രാത്രി നിങ്ങളെ കൊന്ന് അവ സ്വന്തമാക്കണമെന്നായിരുന്നു എൻെറ വിചാരം. പക്ഷെ താങ്കൾ ബുദ്ധിമാനാണ്, നേരത്തെതന്നെ തന്നുകളഞ്ഞു. ഈ മോഹർ ഞാനിനി എടുക്കില്ല. പണം വിട്ടുകളഞ്ഞ് പുണ്യം മാത്രമെടുത്ത് താങ്കളെ പർവ്വതം കടത്തിത്തരാം'.

സനാതനൻ പറഞ്ഞു: 'താങ്കൾ ഈ മോഹർ എടുത്തില്ലെങ്കിൽ മററു വല്ലവരും എന്നെ കൊന്ന് അത് കൈക്കലാക്കും. അതുകൊണ്ട് താങ്കൾതന്നെ ഇവ കൈക്കൊണ്ട് എന്റെ ജീവൻ രക്ഷിക്കണം'.

സനാതനൻ പർവ്വതം കടന്ന് ഹാജിപൂരിലെത്തി ഒരേയൊരു കൂട്ടാളിയായ ഭൃത്യനേയും പറഞ്ഞയച്ച് നിശ്ചിന്തനായി ഗംഗാതീരത്ത് ചെന്നിരുന്നു. അവിടെ പെട്ടെന്ന് തന്റെ സഹോദരീഭർത്താവിനെ കാണാനിടയായി. സനാതനനെ കണ്ടിട്ട് അദ്ദേഹത്തിന് വളരെ സന്തോഷമായി. അദ്ദേഹം സനാതനനെ വീട്ടിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിച്ചു. പക്ഷെ സനാതനൻ പറഞ്ഞു: 'ഇല്ല, ഇനി ഒരിടത്തും പോവില്ല. താങ്കൾ എന്നെ ഗംഗ കടത്തിത്തരു, ഞാൻ കാശിക്ക് പോവട്ടെ'.

സഹോദരീഭർത്താവ് അപ്പോൾ സനാതനന്ന് ഒരു കമ്പിളി നൽകി ഗംഗ കടത്തിക്കൊടുത്തു. കമ്പിളിയും പുതച്ച് ഗംഗ കടന്ന് നടന്നു നടന്ന് സനാതനൻ കാശിയിലെത്തി.

ചൈതന്യ മഹാപ്രഭു അപ്പോൾ കാശിയിൽ ഉണ്ടായിരുന്നു. അവിടുന്ന് സനാതനനെ കണ്ടിട്ട് ഓടിവന്ന് കെട്ടിപ്പിടിച്ച് കുശല പ്രശ്നം ചെയ്തു. സനാതനൻ അവിടുത്തെ തൃക്കാൽക്കൽവീണു പറഞ്ഞു: 'പ്രഭുവിന്റെ തൃപ്പാദങ്ങൾ ദർശിക്കാൻ സാധിച്ചല്ലൊ, ഇനി എനിക്ക് കുശലം എന്തുണ്ട് ബാക്കി?'

സനാതനൻ പ്രഭുവിന്നടുത്താണ്, പരമാനന്ദത്തിലാണ്. ഒരു ദിവസം പ്രഭു തന്റെ കമ്പിളിയുടെ നേർക്ക് ഒന്ന് കണ്ണയച്ചതായി സനാതനന്ന് തോന്നി. അന്നുതന്നെ അദ്ദേഹം ഗംഗയുടെ കടവിൽ ഒരു പിച്ചക്കാരന് ആ കമ്പിളി കൊടുത്ത് അയാളുടെ കീറപ്പുതപ്പ് വാങ്ങിപ്പുതച്ച് തിരിച്ചുവന്നു. അതു കണ്ടിട്ട് മഹാപ്രഭു ചിരിച്ചു കൊണ്ട് അരുളിച്ചെയ്തു:

നിന്നുടെ ഭവരോഗം മാററിയ കൃഷ്ണൻ നിന്റെ
യന്ത്യമാം വിഷയഭോഗത്തെയോ പുലർത്തുന്നൂ;
നല്ല കമ്പിളി പുതച്ചിറങ്ങി മാധുകരി
തെല്ലുമേ ചിതമല്ലാ, ചിരിക്കും ലോകർ കണ്ടാൽ.

സനാതനന്ന് ഇംഗിതം മനസ്സിലായി; അദ്ദേഹം അപ്പോൾ തപൻമിശ്രയുടെ ഒരു പഴയ മുണ്ട് ചോദിച്ചു വാങ്ങി. തല ആദ്യമേ

മൊട്ടയടിച്ചിരുന്നു. ഇപ്പോഴം ആ മുണ്ട് കീറി കൌപീനവും മേൽമുണ്ടുമാക്കി ഗൌഡദേശത്തെ പ്രധാനമന്ത്രിയായ സനാതനൻ തികച്ചും വൈഷ്ണവവേഷം ധരിച്ചു.

ഒരു ബ്രാഹ്മണന്ന് ദയതോന്നി; ആഹാ, എവിടെയെല്ലാം ചുററിത്തിരിഞ്ഞുവേണം സനാതനന്ന് ഭിക്ഷയെടുക്കാൻ! അദ്ദേഹം സനാതനനെ ക്ഷണിച്ചിട്ടു പറഞ്ഞു:

'അല്ലയോ സനാതന, കാശിയിൽ വസിപ്പോളം
എൻെറയില്ലത്തിൽ വന്നു ഭിക്ഷയേററാലും ഭവാൻ.'

അതു പററുമോ! സനാതനന്ന് സമ്മതമായില്ല.

'ചൊററിതു സനാതനൻ, ചെയ്യും ഞാൻ മാധുകരി
എന്തിനായ് ഭിക്ഷയേൽക്കും അന്തണഗൃഹമൊന്നിൽ-'

മാധുകരിയെന്നുവെച്ചാൽ മധുകരവൃത്തി. മധുകരം (വണ്ട്) ഒററ പൂവിൽനിന്ന് വേണ്ടത്ര തേനെടുക്കാതെ ഓരൊ പൂവിൽനിന്നും ഇത്തിരിയിത്തിരി തേൻ എടുത്ത് കൂട്ടുംപോലെ, ഈ മാധുകരിവൃത്തി സ്വീകരിക്കുന്ന വിരാഗിയും ഒരാളുടെ വീട്ടിൽനിന്നുതന്നെ വയററ് നിറക്കാൻ വേണ്ടത്ര ആഹാരം കൈക്കൊള്ളുകയില്ല, ഓരോ വീട്ടിൽനിന്നും അൽപാൽപം ആഹാരം സമ്പാദിച്ച് വിശപ്പടക്കും. അതാണ് സനാതനൻ പറഞ്ഞത്—'എന്തിനായ് ഭിക്ഷയേൽക്കും അന്തണ ഗൃഹമൊന്നിൽ.' സനാതനൻ ജീവിതാവസാനംവരെ ഇതുപോലെ കഠോരമായ വൈരാഗ്യം പാലിച്ചിരുന്നു.

കാശിയിൽ കുറച്ചുകാലം താമസിച്ചതിന്നുശേഷം മഹാപ്രഭുവിൻെറ നിർദ്ദേശമനുസരിച്ച് സനാതനൻ വൃന്ദാവനത്തിലേക്ക്ചെന്നു. അന്നുമുതൽ അദ്ദേഹം വൃന്ദാവനത്തിൽതന്നെ ആയിരുന്നു. ഒരിടത്ത് ഏറെ നാഠം തങ്ങിയാൽ മമത്വം വന്നുപെടുമെന്ന് വിചാരിച്ച്, ഓരോ രാത്രി ഓരോ മരത്തിൻെറ ചോടെയാണ് ആശ്രയം പ്രാപിക്കുക. രാവും പകലും ഭജനം ചെയ്യും.

രാപ്പകലമ്പത്താറു നാഴിക മുടങ്ങാതെ
പാടുന്നു രാധാകൃഷ്ണഗുണകീർത്തനം തന്നെ;
നാലു നാഴിക പിന്നെ കിടന്നാൽ കിനാവിലും
കാൺമു കൃഷ്ണനെ, നേരമെള്ളോളം പാഴായ്പോകാ.

സനാതനൻെറ കഥ കേട്ട് മുഗ്ധരായി ഞങ്ങഠം ഒരു മൺതിട്ടിന്നുമുകളിൽ ചെന്നുചേർന്നു. സനാതനൻെറ ഭജനസ്ഥലമാണ് ഇത്.

ഈ വിജനപ്രദേശത്ത് സനാതനൻ സാധനയും ഭജനവും ചെയ്തു പോന്നു; ദിവസത്തിൽ ഒരിക്കൽ മാത്രം ഭിക്ഷക്കുവേണ്ടി പുറത്തിറങ്ങും—ആ മഥുരയിലേക്കുതന്നെ. ഓരൊ ദിവസവും കിട്ടുന്ന വല്ലതുംകൊണ്ട്, പകലറുതിയിൽ ആഹാരം നിവർത്തിക്കും. മദനമോഹനൻ ഒരു നുള്ള് ഉപ്പ് ചോദിക്കാൻ ചെന്നിട്ട് അദ്ദേഹത്തെ ശകാരിച്ചു വിട്ട ആ വൈഷ്ണവനാണിത്.

ഒരു ദിവസം സനാതനൻ ഭിക്ഷയെടുത്തു തിരിച്ചുവന്നിരിക്കയാണ്; അന്ന് അൽപം ഗോതമ്പുമാവ് മാത്രമേ കിട്ടിയിരുന്നുള്ളു. അത് വെള്ളത്തിൽ കുഴച്ച് ഉണ്ടകളാക്കി—ഇവിടത്തുകാർ ഇതിന് പറയുന്നത് 'ആംഗാകഡി' എന്നാണ്—ആ ആംഗാകഡി വരടിയടുപ്പിൽ ചുട്ടെടുത്ത് മദനമോഹനന്ന് കഴിക്കാൻ കൊടുത്തു. മദനമോഹനൻെറ ആഹാരം കഴിഞ്ഞാൽ അദ്ദേഹത്തിന്ന് പ്രസാദം കിട്ടും. മദനമോഹനൻ ആംഗാകഡി വായിലിട്ടിട്ട് പറഞ്ഞു: 'ഇത്തിരി ഉപ്പു കൂട്ടാതെ ഈ സാധനം തിന്നുന്നതെങ്ങിനെ? ലേശം ഉപ്പു തരൂന്നേ.'

സനാതനൻ പറഞ്ഞു: 'ഉപ്പെവിടുന്ന് കിട്ടാനാണ് എനിക്ക്? കിട്ടിയതാണ് തന്നത്; തിന്നണമെങ്കിൽ ഇത് തിന്നോ. ഇന്ന് നീ ഉപ്പ് ചോദിച്ചാൽ നാളെ ചോറു ചോദിക്കും മററന്നാരം പറയും പരിപ്പ് താ; ഞാൻ വൈരാഗിയാണ്, മാധുകരികൊണ്ടാണ് നാരം കഴിക്കുന്നത്, നിൻെറ ഇഷ്ടത്തിനൊത്ത സാധനം എവിടുന്ന് കിട്ടും? നിനക്ക് വേണമെങ്കിൽ നീ തന്നെ സമ്പാദിച്ചോ.'

ഒരു ദിവസം, രണ്ടു ദിവസം, മൂന്നു ദിവസം കഴിഞ്ഞു—മൺതിട്ടിനെ ചുററിക്കൊണ്ട്, ഇന്ന് പൂഴി കാണുന്നേടത്ത്, അന്നിതിലൂടെ യമുന ഒഴുകിയിരുന്നു. വണിഗ്വരന്മാർ തോണിയിൽ കേറി വ്യവസായ വാണിജ്യങ്ങരംക്കുവേണ്ടി ഈ വഴി ഗതാഗതം ചെയ്തിരുന്നു—ഒരു ദിവസം ഒരു ഉപ്പുകച്ചവടക്കാരൻെറ തോണി ഈ തിട്ടിൻെറ നേരെ ചുവടെ വന്ന് തടഞ്ഞു നിൽപായി. ഉന്തും തള്ളും, പിടിയും വലിയും—തോണി അനങ്ങുന്നില്ല എന്തുചെയ്തിട്ടും. ആളുകരം അപ്പോരം ഒരുപായവും കാണാഞ്ഞ് തിട്ടിൻമുകളിലുള്ള സന്യാസിയെ ചൂണ്ടിക്കാട്ടി വർത്തകപ്രമാണിയോടു പറഞ്ഞു: ഞങ്ങരംക്കോ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല; അദ്ദേഹത്തിൻെറ അടുത്തുചെന്നു നോക്കു. അദ്ദേഹം ദയ വിചാരിച്ചു വല്ല വഴിയും പറഞ്ഞുതരുമോ എന്ന്.'

വർത്തകപ്രമാണി പോയി സനാതനൻെറ കാൽക്കൽ വീണു. 'സ്വാമി, അങ്ങയ്ക്കെന്തുവേണമെന്നു പറയു, ഞാനത് തരാം; എൻെറ തോണി വിട്ടുതരണേ.'

സനാതനൻ പറഞ്ഞു: 'എനിയെ്ക്കാന്നും ആവശ്യമില്ല; എന്നാൽ ആ കുടീരത്തിൽ ഒരു കുട്ടിയുണ്ട്; അവനോട് ചെന്നു ചോദിക്കു, അവന്ന് വല്ലതും വേണമോ എന്ന്.'

വർത്തകപ്രമാണി കുടീരത്തിൽ ചെന്നു നോക്കി, കുട്ടിയെവിടെ! കുട്ടിയുടെ സ്ഥാനത്ത് അവിടെയുള്ളത് ഓടക്കുഴലും പിടിച്ചുകൊണ്ടുള്ള ഒരു വിഗ്രഹമാണ്. കച്ചവടക്കാരൻ ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഓ, മനസ്സിലായി. കുട്ടിയായിരുന്നു, മുരളീധരനായി. അപ്പോഠം ഈ പ്രതിഷ്ഠയാണോ നിനക്ക് വേണ്ടത്? അതുതന്നെയാവട്ടെ. ഈ യാത്രയിൽ കിട്ടുന്ന ലാഭം മുഴുവനെടുത്ത് നിനക്ക് അമ്പലം പണിചെയ്യിക്കാം'—ഇതും പറഞ്ഞു വർത്തകൻ തോണിയിൽ കേറി. തോണി മണൽത്തിട്ട് വിട്ട് ത്വരിതഗതിയിൽ ഒഴുക്കിന്നഭിമുഖമായി മുന്നോട്ടു നീങ്ങി.

ആ യാത്രയിൽ ആ വണിക്കിന്ന് ഉപ്പു വ്യവസായത്തിൽ നൂറു ശതമാനം ലാഭമായിരുന്നു. മടങ്ങുന്ന വഴിക്ക് അദ്ദേഹം അതു മുഴുവൻ ചെലവാക്കി മദനമോഹനൻെറ അമ്പലം പണിചെയ്യിച്ച് പൂജയ്ക്കുള്ള ഏർപ്പാടും ചെയ്തുവെച്ചു. വണിക്കിൻെറ പേര് രാംദാസ് കപൂറെന്നായിരുന്നു, വീട് പഞ്ചാബിലെ മുൽത്താൻ ജില്ലയിലും.

ഇതുതന്നെയാണ് ആ വ്രജനാഭൻെറ മദനമോഹനൻ, സനാതനൻെറ കൈയിൽ വന്നണഞ്ഞതാണ്.

പഴയ അമ്പലത്തിൻെറ പൊളിഞ്ഞ താഴികമേൽ ഇപ്പോഠം പുല്ലിൻ കൂട്ടവും ആലിൻവേടുകളും കൂടിപ്പിണഞ്ഞ് തൂങ്ങുകയാണ്. അടുത്തുതന്നെ മാനസിംഹൻ പണിചെയ്യിച്ച മറെറാരമ്പലത്തിലേക്ക് മദനമോഹനനെ എടുത്തുമാററിയിരിക്കുന്നു. ഗോവിന്ദൻ, ഗോപീനാഥൻ, മദനമോഹനൻ—മൂന്നുപേർക്കും മാനസിംഹൻ അമ്പലം പണിചെയ്യിച്ചിരുന്നു. അവയ്ക്കിടയിൽ രൂപൻെറ ഇഷ്ടദേവതയായ ഗോവിന്ദൻെറ അമ്പലമാണ് ഏററവും വലുത്. മാനസിംഹൻ രൂപൻെറ ഭക്തനായിരന്നു.

ഭക്തന്മാർ പിൽകാലത്ത് ഇഷ്ടിക കെട്ടിപ്പടുത്ത് സനാതനൻെറ ഭജനസ്ഥലത്തിന്നുമീതെ ചെറിയൊരു താഴികപോലെ ഒന്നുണ്ടാക്കീട്ടുണ്ടു. ഉള്ളിൽ മണ്ണുകൊണ്ടുള്ള തറ, അതിൻെറ മൂലക്ക് ഒരു ചെമ്മണ്ണു വിളക്കിൻെറ അനക്കമററ് മങ്ങിയ നാളത്തിനടുത്ത് ഏതാനും മുല്ലപ്പൂക്കളും പിച്ചകപ്പൂക്കളും നിലത്തു വീണുകിടന്ന് സനാതനനോടുള്ള ഭക്തിയറിയിക്കുന്നു.

വിളക്ക് തൊട്ടു ആ വീണുകിടക്കുന്ന പിച്ചകപ്പൂവെടുത്ത് മുടിക്കെട്ടിൽ തിരുകാൻ വീണ്ടുംവീണ്ടും കൊതിതോന്നിയിരുന്നു.

ഈ തിട്ടിനടുത്തുതന്നെ മറ്റൊരു തിട്ടുണ്ട്. ഇതിന് ദ്വാദശാദിത്യത്തറയെന്നാണ് പേര്. ഇതിന്നടിയിലായിരുന്നു ഒരുകാലത്ത് കാളിയൻ. കാടും പടലവും കൊണ്ടു മൂടിയിരുന്ന ഈ സ്ഥലത്തെ സനാതനനാണ് വെട്ടിത്തെളിയിച്ച് വെടിപ്പാക്കിയത്. ഇപ്പോഴും ഇവിടെ ആൾപ്പാർപ്പ് കുറവാണ്. നാലുഭാഗവും തിങ്ങിവളർന്ന കുററിക്കാടുകളും പഴക്കംചെന്ന് ഉണങ്ങിയ മരങ്ങളും.

വ്രജരമണൻ പറഞ്ഞു: 'ശ്രീകൃഷ്ണൻ കാളിയമർദ്ദനം ചെയ്തതിൻ ശേഷം ശ്രീയമുനാജിയിലെ ജലം അത്യന്തം ശീതളമെന്നു തോന്നുക ഹേതുവായിട്ട് ശീതനിവാരണാർത്ഥം ഈ തിട്ടിൻെറ മുകളിലേക്ക് കയറിച്ചെല്ലുകയുണ്ടായി എന്നാണ് ശ്രുതി. ആ സമയത്ത് ദ്വാദശാദിത്യന്മാരും ഒന്നിച്ച് പ്രകാശിച്ച് അവിടുത്തെ ശീതം നിവാരണംചെയ്തു് അതുഹേതുവായിട്ടാണ് ഇതിന്ന് ദ്വദശാദിത്യത്തറ എന്ന് പേരു വന്നത്.'

ഈ തിട്ടിന് വേറെയും ഒരു വിശേഷമുണ്ടു്. ജഗദാനന്ദപണ്ഡിതൻ വഴി മഹാപ്രഭു സനാതനന്ന് വിവരം കൊടുത്തിരുന്നു: 'സനാതനാ, നീ വൃന്ദാവനത്തിൽ എനിക്കുവേണ്ടി അൽപം സ്ഥലം തിരഞ്ഞെടുത്തു വെക്കണം.'

വിവരം കിട്ടി സനാതനൻ യമുനാതീരത്തു് നിർജ്ജനമായ ഈ തിട്ടിന്നു മുകളിലാണു് മഹാപ്രഭുവിന്ന് സ്ഥലം ഒരുക്കിവെച്ചത്.

മഹാപ്രഭു അതിന്നുശേഷം വൃന്ദാവനത്തിൽ വന്നിരുന്നോ ഇല്ലയോ, അവിടുന്ന് ഇവിടെ ഇരുന്നോ ഇല്ലയോ, എന്നതിനെ ച്ചൊല്ലി ഭക്തന്മാർ ചരിത്രപരമായ തെളിവുകൾ അന്വേഷിക്കാറില്ല. അവർ വിശ്വസിക്കുന്നത്, മഹാപ്രഭു താൻ വരുമെന്ന് പറഞ്ഞിരിക്കെ, സനാതനൻ സ്ഥലം തിരഞ്ഞെടുത്തു വെച്ചിരിക്കെ, അവിടുന്ന് തീർച്ചയായും എഴുന്നള്ളിട്ടുണ്ടാവും, ഇവിടെ കുടികൊള്ളുന്നുമുണ്ടാവും എന്നാണ്. അതുകൊണ്ട് മഹാപ്രഭുവിന്നുവേണ്ടി ഇന്നും ഇവിടെ ഇരിപ്പിടമൊരുക്കി വെച്ചിട്ടുണ്ട്.

ദ്വാദശാദിത്യത്തറയ്ക്കു ചുവടെയാണ് സനാതനൻെറ സമാധിസ്ഥാനം. ഗുരുപൂർണ്ണിമ ദിവസമാണ് അദ്ദേഹം തിരോധാനം ചെയ്തത്. ആ ആഷാഢപൂർണ്ണിമയ്ക്ക് ഇവിടെ അദ്ദേഹത്തിൻെറ തിരോധാനം പ്രമാണിച്ച് വമ്പിച്ച ഉൽസവമുണ്ടാവും.

അടുത്തുതന്നെ ഒരു ഗ്രന്ഥസമാധിയുണ്ട്. ഗോസ്വാമിമാർ എഴുതിവെച്ചിരുന്ന ഗ്രന്ഥങ്ങളെല്ലാം തന്നെ പനയോലയിലാണ്. അന്നത്തെ കാലത്ത് അവർക്കു തന്നെ താമസിക്കാൻ സ്ഥലമുണ്ടായി രുന്നില്ല. പിന്നെ ഗ്രന്ഥങ്ങളും മററും എവിടെ സൂക്ഷിക്കാനാണ് ? ചിലപ്പോൾ മരപ്പൊത്തിലും ചിലപ്പോൾ കല്ലിന്നടിയിലും ചിലപ്പോൾ ഗുഹാഗഹ്വരങ്ങളിലുമായിരുന്നു വെക്കുക. തൽഫലമായി അനേകം ഗ്രന്ഥങ്ങൾ വെള്ളവും വെയിലുമേററും ചിതൽ തിന്നും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. വായിക്കാൻ കഴിയാത്തമട്ടിലായ, വൈഷ്ണവന്മാരുടെ ഭാഷയിൽ 'പാഠോദ്ധാരം ചെയ്ക അസംഭവ്യമായി ഭവിച്ച' ഗ്രന്ഥങ്ങളെ ഒന്നിച്ചുചേർത്ത് ഇതുപോലെ സമാധിയടക്കി. ശാസ്ത്രഗ്രന്ഥം സ്വന്തം കൈകൊണ്ട് നഷ്ടപ്പെടുത്തുക എന്നത് പ്രാണിഹത്യയ്ക്ക് തുല്യമാണ്.

വലിയേച്ചി സമാധിയുടെമീതെ കൈ നടത്തി പ്രദിക്ഷണം വെച്ചുകൊണ്ട് പറഞ്ഞു : 'അയ്യോ, ഇവ എത്ര വിലയേറിയതായിരിക്കണം. ആർക്കുമൊന്ന് അറിയാൻപോലും കഴിഞ്ഞില്ലല്ലോ.'

യമുനയുടെ തീരത്തൂടെതന്നെയാണ് ഞങ്ങൾ നടക്കുന്നത്. തീരമാകെ ഭഗവൽലീലകൾതന്നെ. എത്രകാലം മുമ്പത്തെ കഥയാണ്; എന്നാലും നടന്നുകൊണ്ട് ഇവരുടെ മുഖത്തുനിന്ന് വർണ്ണന കേൾക്കുമ്പോൾ തോന്നും, തലേന്ന് രാത്രി നടന്ന സംഭവങ്ങളാണ് എല്ലാമെന്ന്. സ്ഥലവും കഥയും ചേർന്ന് അത്രയും സ്പഷ്ടമായ അനുഭവമുളവാകുന്നു.

കൃഷ്ണൻ കേറി കാളിന്ദിയിലേക്ക് ചാടിയ ആ കേളീകദംബമാണിത്. മരത്തിൻെറ കൊമ്പുകളെല്ലാം യമുനയിലേക്ക് ചാഞ്ഞു വീണിരിക്കുന്നു. ഈ കേളീകദംബത്തിൻെറ ഓരോ കൊമ്പിലും രാധാകൃഷ്ണന്മാരുടെ നാമം സ്വയം പൊട്ടിവിടർന്നിട്ടുണ്ട്; ജ്ഞാനചക്ഷുസ്സ് തുറന്നവർക്കേ അതു കാണാൻ കിട്ടു. എന്നാൽ, വളഞ്ഞു പിരിഞ്ഞുള്ള കൊമ്പിൽ രാധാകൃഷ്ണാക്ഷരം ഭാവനയിൽ നമുക്കും കാണാൻ കഴിയുന്നില്ലെന്നു തുറന്നു പറയാൻ എന്തു ധൈര്യം വേണം! രാമകൃഷ്ണദേവൻ അതു കണ്ടിരുന്നു. വിജയകൃഷ്ണഗോസ്വാമിയും അതു കണ്ടിരുന്നു.

വലിയേച്ചി പറഞ്ഞു: 'വരും, വേര് കിളർന്നുവരും. മരക്കൊമ്പ് സാധാരണം മാത്രം, വിജയകൃഷ്ണൻെറ ശരീരത്തിൽത്തന്നെ രാധാകൃഷ്ണനാമം പൊട്ടി വിടർന്നിരുന്നെന്ന് കേട്ടിട്ടുണ്ട്''.

ഞാൻ കേളീകദംബത്തിന്റെ ചെറിയ ചെറിയ കായകൾ കുറ ച്ചെണ്ണം പറിച്ചെടുത്ത് സഞ്ചിയിലിട്ടു; വീട്ടിൽച്ചെന്ന് അഭിജിത്തിനെ കാണിക്കണം.

വ്രജരമണൻ മേലോട്ട് നോക്കി ആ കൊമ്പും ഈ കൊമ്പും പരിശോധിക്കുകതന്നെ. അദ്ദേഹം പറഞ്ഞു: 'സ്ഥാനം സാധന ഭജന കൾക്ക് അത്യന്തം അനുകൂലം തന്നെ. വലിയ വലിയ വൃക്ഷസമൂഹം ചതുർദ്ദിക്കിലും ശാഖാപ്രശാഖകൾ വിടർത്തിക്കൊണ്ട് ഈ സ്ഥലത്തെ സംസാരത്തിന്റെ ഭീഷണമായ തപനതാപത്തിൽനിന്ന് രക്ഷിച്ചിട്ട് സുശീതളമായ ഛായകൊണ്ട് ഭഗവന്നിഷ്ഠരായ ജനഗണത്തെ ആവാ ഹനം ചെയ്യുകയാണെന്നുതോന്നും'.

ഞങ്ങൾ സൂര്യഘട്ടത്തിലേക്ക് വന്നു, ആ പ്രാചീനമായ സൂര്യഘട്ടം തന്നെ ഇത്. ഈ കടവിലാണ് രാജകുമാരി രാധ സൂര്യപൂജയെന്ന പേരും പറഞ്ഞ് നിത്യവും രാവിലെ വരാറുണ്ടായിരുന്നത്; പുരോ ഹിത വേഷം കെട്ടി, പൈക്കളേയും ഓടക്കുഴലും മൈതാനത്തിൽ വിട്ട്, വരുമായിരുന്നു കൃഷ്ണനും.

ആ ചിരപുരാതനമായ ഛലചാതുരി! ഇന്നും അത് തുടരുന്നു മാനവലീലകളിലൂടെ. അതാണ് ഇവരുടെ ലീല നമുക്ക് വളരെ എളുപ്പം ആനുഭവിച്ചറിയാൻ കഴിയുന്നത്.

ലീല നിറഞ്ഞ വൃന്ദാവനം, ഇതാ ആ യമുനാ പുളിനം. പട്ടണ ത്തിന്നുള്ളിലൊരു മണൽമുററം. മുററം ചുററി ഇരുനില കെട്ടിടങ്ങൾ. മഴകൊണ്ട് വെള്ളംകേറുന്ന കൊല്ലങ്ങളിൽ ഇവിടെ വലിയ ഒച്ചയും ബഹളവുമാണ്. വ്രജവാസികൾ മുഴുവൻ വന്ന് യമുനാപുളിനത്തിൽ സ്നാനംചെയ്യും. ശരിക്ക് ഈ സമയത്താണ് കൃഷ്ണൻ പുളിന വിഹാരം ചെയ്യതെന്ന് പറയും. അനേകം മുഹൂർത്തങ്ങളും കാലവും കടന്നിട്ടാണ് അപ്പോൾ ഈ ശുഭയോഗം വരുന്നത്

ഒരുപററം പൈക്കൾ മണൽത്തിട്ടിൽ അലയുന്നു; ആലയിൽ നിന്ന് ഇപ്പോൾ പുറത്തിറങ്ങീട്ടേ ഉള്ളു, യമുനാതീരത്തേക്ക് ഇളം പുല്ല് കൊതിച്ച് പോവുകയാണ്, എന്ന് തോന്നുന്നു.

ഒന്നാമത് യമുനാപുളിനം, അതിനും പുറമെ അവിടത്തെ കുളമ്പടിപ്പൊടി,—വലിയേച്ചി ഒരുപിടി പൂഴി വാരിയെടുത്തു. എ ന്നിട്ട് പറഞ്ഞു: 'കളിയല്ലാ—

പൊടിയല്ലിതുഹേ പൊടിയല്ലിതുഹേ
ഗോപീജനപദരേണുക്കൾ
ഇപ്പൊടിയുടലിൽ പൂശീട്ടുണ്ടേ
നന്ദകുമാരകനക്കണ്ണൻ!'

ഞങ്ങൾ ജ്ഞാനഗുധ്റിയിലെത്തി. ഈ ജ്ഞാനഗുധ്റിയിലാണ് കൃഷ്ണനെ പിരിഞ്ഞ് ദുഃഖം പൂണ്ടിരിക്കുന്ന ഗോപിമാരെ സാന്ത്വനം ചെയ്യാൻ ഉദ്ധവൻ വന്നിരുന്നത്. വന്നിട്ട് സാന്ത്വനം ചെയ്യുന്ന കാര്യം പറയാനില്ല, ഗോപിമാരുടെ കൃഷ്ണപ്രേമം കണ്ടിട്ട് ഉദ്ധവൻ അവരുടെ പാദധൂളി ശിരസ്സിലണിഞ്ഞ് തിരിച്ചുപോവുകയാണുണ്ടായത്.

ഇതാ ആ ചീരഘട്ടം. ഇവിടെയാണ് കൃഷ്ണൻ വസ്ത്രാപഹരണം ചെയ്തിരുന്നത്. ഗോപിമാർ വിവസ്ത്രകളായി യമുനയിൽ കുളിക്കാനിറങ്ങിയപ്പോൾ കൃഷ്ണൻ അവരുടെ ചേലകൾ മുഴുവനെടുത്ത് മരത്തിൽകേറി ഒളിപ്പിച്ചുവെച്ചു. ഇതാ ഈ മരത്തിലാണ് കൃഷ്ണൻ കയറിയിരുന്നത്. നാനാനിറങ്ങളിലുള്ള തുണിത്തുണ്ടങ്ങൾ ഓരോ കൊമ്പിന്മേലും കാററത്ത് പാറുന്നു—യാത്രക്കാർ ഇച്ഛാനുസാരം അവിടെ തുണികൾ കെട്ടി പോവും; അതുകണ്ടിട്ട് അവരുടെ മനസ്സിൽ അന്നത്തെ ആ ലീല ഉദ്ദീപനം ചെയ്യും.

വലിയേച്ചി പറഞ്ഞു: 'ലീലകൾ ഇങ്ങിനെ ഓരോന്നായി എത്രയാണ് കാണുക. ഇവിടത്തെ ഓരോ മൺതരിയും അവിടുത്തെ ലീലാസ്മൃതി പൂണ്ടതാണ്. പോകാം, ആദ്യം അമ്പലങ്ങൾ കണ്ടുതീർക്കുകയാണ് ഇതിലും നല്ലത്. ഈ ദിവസം എത്ര രത്നാലങ്കാരങ്ങൾ അണിഞ്ഞിരിക്കും അമ്പാടിയിലെ ഗോപാലൻ. ഈ രൂപം എല്ലാ ദിവസവും കാണാൻ കഴിയുന്നതല്ലല്ലൊ'.

വൃന്ദാവനത്തിലെ മുക്കിലും മൂലയിലും ഈശ്വരന്മാരാണ്—അയ്യായിരത്തഞ്ഞൂറ് അമ്പലങ്ങൾ. ഇവരുടെ ഇടയിൽനിന്ന് വിശേഷപ്പെട്ട ചിലരെ അന്വേഷിച്ചു പിടിക്കണമെങ്കിൽത്തന്നെ, ഞങ്ങളുടെ ഒപ്പം നടന്ന് വഴിയിലെ നൂലാമാല കടത്തിത്തരാൻ പരിചയമുള്ള ഒരാൾ വേണം. പണ്ഡമാരെ വിശ്വാസമില്ല.

വ്രജരമണൻ പറഞ്ഞു: 'നിങ്ങൾ സദയം അൽപം കഷ്ടം സഹിക്കുകയാണെങ്കിൽ, ദിവംഗതനായ എന്റെ ഗുരുദേവൻ മനോമോഹനദാസവൈഷ്ണവന്റെ കുഞ്ജത്തിങ്കൽച്ചെന്ന് ഇപ്പോഴത്തെ മഠാധിപനായ നിത്യഗോപാലദാസജിയെ ഞാൻ ഒന്നിച്ചു കൊണ്ടുപോരാം'.

'അത് നല്ലൊരു കാര്യമാണല്ലൊ'.

വ്രജരമണൻ പറഞ്ഞു: 'പക്ഷെ മാർഗ്ഗം അൽപം ദുർഗ്ഗമമാണ്; അനേകം ഊടുവഴികൾ അതിക്രമിക്കേണ്ടതായി വരും'.

ഞാൻ പറഞ്ഞു: 'എന്താ തരക്കേട്! വൃന്ദാവനത്തിൻെറ മറെറാരു ഭാഗവും കാണാമല്ലൊ'.

ഞങ്ങൾ പട്ടണത്തിലൂടെ യാത്രയായി. ഇരുവശത്തും പിച്ചളയും ചെമ്പും ഇരുമ്പും മരവും പുസ്തകവും ആഹാരസാധനങ്ങളും വസ്ത്രങ്ങളും കലവും വിൽക്കുന്ന പീടികകളെക്കൊണ്ടു നിറഞ്ഞ വഴി. ഒന്നോടൊന്ന് മുട്ടിമുട്ടിക്കൊണ്ട്; ഇത്തിരിപോലും ഒഴിവില്ല ഇടയ്ക്ക്. നടുക്ക് വീതികുറഞ്ഞ് കെട്ടിപ്പടുത്ത വഴി, ആളുകളുടെ പ്രവാഹംകൊണ്ട് വേലിയേററവും വേലിയിറക്കവുമാണ് അതിൽ. വഴിമുഴുക്കെ കനത്ത വർണ്ണപ്പൊടികൊണ്ട് ചുകന്ന പരവതാനി വിരിച്ചതുപോലുണ്ട് ഓരോ തെരുവിലും. അതിന്മുകളിലൂടെ ആളുകൾ ഓരോ കാൽവെപ്പിലും ചെമ്പൊടി പറപ്പിച്ചുംകൊണ്ട് നീങ്ങുന്നു; ഗോധൂളിലഗ്നം മുഖമുയർത്തി ചിരിക്കുംപോലെ. തലയ്ക്കുമുകളിൽ വർണ്ണപ്പൊടിയുടെ മേഘം ആകാശനീലിമയെ മറച്ചിരിക്കുന്നു ഇന്ന്. മുകളിലും താഴെയും ചുകപ്പിൻെറ കളിതന്നെ; അതിൻെറ ഇടയിലൂടെ തപ്പും തകിലും തകർത്തുകൊണ്ട് ആനന്ദത്തിലാറാടി ആടിപ്പാടി പോവുകയാണ് ചായം ചുകപ്പുകേററിയ അമ്പാടിനാട്ടുകാർ. എവിടെ നോക്കിയാലും ചുകന്ന ചിരി വീണുരുണ്ടു കളിക്കുംപോലെ; ഇരുവശത്തേയും ഓവുചാലിലൂടെ ചുകന്ന വെള്ളമാണ് ഒഴുകുന്നത്.

ഇടുങ്ങിയ തെരുവിൽനിന്ന് അതിലുമിടുങ്ങിയ തെരുവ് ചുററിക്കറങ്ങി ഞങ്ങൾ മനോമോഹനദാസൻെറ കുഞ്ജത്തിലെത്തി, വെറുതെ ചാരിവെച്ചിരുന്ന വാതിൽ തള്ളിയപ്പോൾത്തന്നെ തുറന്നു. ഉള്ളിൽ കടന്ന് ചെറിയ മുററത്തെത്തി നിന്നു. ഏതാനും കൊച്ചു കൊച്ചു മുറികൾ; അതിലൊന്നിൻെറ ഇറയത്ത് കമ്പിളി വിരിച്ച് വ്രജരമണൻ ഞങ്ങളെ ഇരുത്തി. നാലുപാടും ഇരുട്ടുമൂടിയതുപോലെ. നഗരപ്രാന്തത്തിലെ വാടകവീടുകളുടെ വർണ്ണന വായിച്ചിട്ടുണ്ട്—അതുപോലെതോന്നും ഇവിടത്തെ ഇമ്മാതിരി വീടുകൾ. വെളിച്ചം കടക്കില്ല ഒരിടത്തും. നഗരത്തിലുമുണ്ടാവാം ഇടുങ്ങിയ തെരുവുകളിൽ ഇത്തരം എത്രയോ പാർപ്പിടങ്ങൾ. ഇതിനേക്കാൾ എത്ര ഭേദമാണ് നമ്മുടെ നാട്ടിൻപുറത്തെ മുളവേലി കെട്ടിയ മൺകുടിലുകൾ, എന്ത് കാററും വെളിച്ചവുമുണ്ട് അവിടെ, ഓർമ്മയാവുകയാണ് കുട്ടിക്കാലത്തെ അമ്മാമൻെറ വീ

ട്ടിലെ ആ വിശാലമായ മുററം, ലക്ഷ്മീപൂർണ്ണിമരാത്രിയിൽ മുററം നിറഞ്ഞുള്ള ആ കളം; എന്തൊരദ്ഭുതശോഭയായിരുന്നു അതിന്! പൂപോലത്തെ നിലാവിൽ പെൺകിടാങ്ങളേയും കൂട്ടി ഈ ഭാഗത്തെ തറവാട്ടമ്മമാർ ആ ഭാഗത്തേയ്ക്ക് പോവും, ആ ഭാഗത്തെ തറവാട്ടമ്മമാർ ഈ ഭാഗത്ത് വരും, കളം കാണാൻ. ശംഖുലതയുടേയും പദ്മലതയുടേയും മോടി കണ്ടിട്ട് ഒരുത്തി മററൊരുത്തിയെ പ്രശംസിക്കുമായിരുന്നു. എവിടെപ്പോയി എൻെറ അന്നത്തെ ആ കളം നിറഞ്ഞ മുററം!

മുമ്പിൽത്തന്നെ ഇരുട്ടുമൂടിയ കുളക്കരയിൽനിന്ന് ഉയർന്ന് തടിച്ച് വിശാലമായ ദേഹത്തോടുകൂടിയുള്ള ഒരു വൈഷ്ണവൻ കുളിക്കുന്നുണ്ടായിരുന്നു. അദ്ദേഹം കുളികഴിഞ്ഞ് നീണ്ട ഈറൻമുടി തോർത്തിക്കൊണ്ട് മുമ്പിൽ വന്നുനിന്നു. ഇദ്ദേഹമാണ് ഗൃഹനാഥനായ നിത്യഗോപാലദാസൻ, കുഞ്ജത്തിലെ ഗോവർദ്ധനവിഗ്രഹത്തിൻെറ ശാന്തിക്കാരൻ. ശാന്തികഴിഞ്ഞ് ബാക്കിയുള്ള സമയം ഏതോ സ്കൂളിൽ പഠിപ്പിക്കുകയാണ്. അദ്ദേഹം കുപ്പായവുമിട്ട് തയ്യാറായി, ഞങ്ങളുടെ കൂടെ വരാൻ. ഞങ്ങളെഴുന്നേററു; മുററംകടന്ന് വാതിലിന്നടുത്തേക്ക് നടന്നു.

തടിച്ച ശിരോവസ്ത്രം ഒതുക്കിക്കൊണ്ട് കറുത്തൊരു പെൺകിടാവ് പാഞ്ഞുവന്ന് അകത്തുകടന്നു; അവളുടെ കണ്ഠത്തിൽ ഒരു പററം പൈങ്കിളികളുടെ കളകളംപോലെ. എന്തൊരുന്മേഷം! പറകയാണ്, 'വിഹാരിജി ഇന്ന് വിഹാരിജി തന്നെ. കാണേണ്ട കാഴ്ച; എല്ലാം പൊന്നാ, പൊന്ന്''. രണ്ടുകൈയും പൊക്കി അവശ ബിംബത്തിൻെറ പളപള മിന്നുന്ന സൗന്ദര്യത്തെ അഭിനയിച്ചു കാണിച്ചു.

നിത്യഗോപാലദാസൻ ചോദിച്ചു: 'നട തുറന്നോ?

പെൺകുട്ടി പറഞ്ഞു: ങ്ഹാ, ഞാനിതാ ഇപ്പോ കണ്ടുവന്നതേള്ളു, കണ്ടപാടെ ഓടിവരികയാ വിവരം പറയാൻ. ഇപ്പോത്തന്നെ പോയ്ക്കോളു, കാലുനീട്ടിവച്ചു നടന്നാ കാണാൻ തരാവും. വേഗാക്കണേ.' ഇതും പറഞ്ഞ് അവശ ഞങ്ങളെ ഉന്തിക്കൊണ്ടെന്നപോലെ വാതിൽ കടത്തിത്തന്നു. ആഹ്ളാദംകൊണ്ട് അടങ്ങിനിൽക്കാൻവയ്യ അവശക്ക്.

എന്തൊരു തിരക്ക്! എല്ലാരും ബദ്ധപ്പെട്ട് കുതിക്കുകയാണ്, എന്തോ സാധനം ഇപ്പോശ കൈമോശം വന്നുപോകുമെന്ന് പേടിയുള്ള മട്ടിൽ. തിരക്കിൽകൂടെ നടക്കുന്നതിലും ഒരു ലഹരിയുണ്ടുതന്നെ.

മററുള്ളവരുടെ കൂട്ടത്തിൽ തന്നെത്താൻ ചേർത്തുകൊണ്ട് ഞാൻ ഉന്തിത്തള്ളി നടക്കുകയാണ്, എന്നെ ഉന്തിത്തള്ളിക്കൊണ്ട് മററുള്ളവരും നടക്കുന്നു, മുഷിച്ചിലും വിരോധവുമില്ല. ഇതുതന്നെയാണ് നിയമമെന്നമട്ടാണ്.

ആൾക്കൂട്ടത്തിന്നിടയിലൂടെ ഒരേയൊരു വാതിലിലൂടെ വേണം ഉള്ളിൽ കടക്കുക; അതുംകടന്നു, മററുള്ളവർ കടക്കുംപോലെ. വിഹാരിയെ ദർശിച്ചേതീരുവല്ലൊ. അമ്പലത്തിന്നുമുമ്പിൽ വലിയൊരു മുററം; തള്ളലേററുകൊണ്ട് ആവുന്നേടത്തോളം മുന്നോട്ടു നീങ്ങി സ്ഥലം പിടിച്ചു. നിത്യഗോപാലൻ പറഞ്ഞു: 'ഇവിടെ ഇനി അനങ്ങാതെ നിൽക്കു, നടയടച്ചിരിക്കയാണ്.

മുമ്പിൽ മാറോളം പൊക്കത്തിൽ ഒരു വരാന്ത, അത് നിറപ്പകിട്ടുള്ള പട്ടുതിരശ്ശീലകൊണ്ട് മൂടിയിരിക്കുന്നു; ഉള്ളിലാണ് വിഹാരിജി. പൊടുന്നനെ ഒരിക്കൽ ക്ഷണനേരത്തേക്ക് തിരശ്ശീല നീക്കും, വീണ്ടും മൂടും, നാടകത്തിലെപ്പോലെ. ഇതിനാണ് പറയുക 'കമ്പിത ദർശന' മെന്ന്. കണ്ണടച്ചു മിഴിക്കുന്ന നേരത്തേക്ക് ഒരു നോക്ക് കാണാൻ കാത്തുനിൽക്കുന്നതിലെ ആകാംക്ഷ—ഭക്തിരസം തനിയെ വന്നുചേരും. ദർശനത്തിൻെറ ഈ ഒളിച്ചുകളിക്ക് എന്താണ് താൽപര്യമെന്ന് ഭക്തനും ഭഗവാനുമേ മനസ്സിലാവു. വെറുതെയാണ് ആലോചിച്ച് തലപുണ്ണാക്കുന്നത്. അല്ലെങ്കിൽ ആയിരമായിരം ആളുകൾ ഇത്ര കഷ്ടപ്പെട്ട് ഇങ്ങിനെ കാത്തുനിൽക്കുമോ ? ഇന്ന് ഹോളിയുത്സവമാണ്, വ്രജവാസികൾ മുഴുവൻ ഇന്ന് വിഹാരിജിയെ ദർശിക്കുംതന്നെ, അറിയുന്ന കാര്യം; എന്നാലും എത്ര നിശ്ചിന്തനാണ് അവിടുന്ന്.

ഇനി സഹിക്കവയ്യ. നിന്നുനിന്ന് കാൽ കടയുന്നു. ഒരു യാത്രക്കാരൻ അടുത്തുനിൽക്കുന്ന ശൂലപാണിയായ ഒരു സ്വാമിയോട് കരുണഭാവത്തിൽ ചോദിക്കയാണ്, 'നട തുറക്കാൻ ഇനിയെത്ര വൈകും?'

സ്വാമി ഉദാസീനമായ നേത്രത്തോടെ ചിരിച്ചുകൊണ്ടു പറഞ്ഞു: 'എടോ, കുറച്ച് തപസ്സ് ചെയ്യണം ഹേ. ദർശനത്തിനുള്ള കൊതി കൂടുന്നതിനനുസരിച്ച് ദർശനത്തിലുള്ള ആനന്ദവും കൂടും'.

വലിയേച്ചി പറഞ്ഞു: 'അതാ കേൾക്കു, നമ്മൾ സംസാരികളാണ്, പലപല ചുഴികളിൽപെട്ട് നട്ടംതിരിയുകയാണ് ഇടതടവില്ലാതെ. പക്ഷെ അവിടുന്ന് വിടില്ല, തക്കംനോക്കി നമ്മേക്കൊണ്ടും

ഇത്തിരി തപസ്സ് ചെയ്യിക്കും. ഇതാ ഇന്ന് നോക്കു, നമ്മൾ ഇങ്ങിനെ തിരക്കിലമർന്ന് അവിടുത്തെ കാണും കാണുമെന്ന് വെച്ച് കാത്തിരിക്കുന്നു. അവിടുത്തെ കഥ തന്നെ ചിന്തിക്കുന്നു—ഇതും തപസ്സുചെയ്യലാണെന്നുതന്നെ പറയണം.'

ആൾക്കൂട്ടത്തിൻെറ തള്ളലിൽ കുറച്ചുകൂടി മുന്നോട്ട് നീങ്ങുകയാണ്; ഞാൻ കാലുറപ്പിച്ചുനിന്നു. പക്ഷെ മനസ്സടങ്ങുന്നില്ല. മനസ്സിനെ പാട്ടിലാക്കാൻ ചുമലിൽ തൂക്കിയിട്ടിരുന്ന സഞ്ചിയിൽനിന്ന് നോട്ടു ബുക്കും പെൻസിലും പുറത്തെടുത്ത് നെഞ്ഞോടു ചേർത്തു പിടിച്ചു. സമയം ഇനി വേഗം നീങ്ങുമെന്നാണ് കരുതിയത്. പക്ഷെ എന്താണ് വരക്കേണ്ടത്? ഒന്നും മനസ്സിലുറക്കുന്നില്ലല്ലൊ. ഇങ്ങുമങ്ങും നോക്കി; പെട്ടെന്ന് കണ്ണു രണ്ടും ഇടത്തുവശത്തെ ആൾക്കൂട്ടത്തിൻെറ ആ ഭാഗത്ത് പാറിപ്പറന്ന തലമുടിയോടുകൂടിയ ഒരു കറുത്ത കൊച്ചുമുഖത്ത് ചെന്ന് തടഞ്ഞു നിന്നു. ഈറൻ തലമുടിയുമായി കറുത്ത ചേലത്തുമ്പ് തലയിൽ ചുററി വന്നുനിൽക്കയാണ്. കരുണമായ മഖം, ഏകാഗ്രതയോടെ മുമ്പിലേക്കുതന്നെ നോക്കുകയാണ്, പുരികക്കൊടിപോലും അനങ്ങുന്നില്ല.

ഞാൻ നോട്ട് ബുക്ക് തുറന്ന് സെ്കച്ച് വരക്കാൻ നോക്കി—വീണ്ടും മുഖമുയർത്തി നോക്കി; കണ്ണടച്ചു, കണ്ണുതുറന്നു, വീണ്ടും നോക്കി, നല്ല പരിചയം തോന്നിക്കുന്ന മുഖം. മുമ്പെവിടെയോ കണ്ടതുപോലെ ! പുസ്തകമടച്ചു—വീണ്ടുംതുറന്നു, പോകട്ടെന്നേ പോകട്ട്; അറിയുന്ന മുഖം അന്വേഷിച്ചിട്ട് എന്തുകാര്യം. ഈ ശ്യാമളസ്നിഗ്ദ്ധമായ കൊച്ചുമുഖം തന്നെ മനസ്സിൽ നിൽക്കട്ടെ. കറുത്ത പെൻസിൽ കൊണ്ട് കറുത്ത കണ്ണ് വരക്കാൻ ഭാവിക്കവെ, പെട്ടെന്ന് ഓർമ്മവന്നു—അല്ലാ, ഇത് ഹരിദ്വാരത്തിൽ ബ്രഹ്മകുണ്ഡത്തിൻെറ കരയ്ക്ക്വെച്ച് കണ്ട് ഞങ്ങൾ, നവ്യസാധികമാരെ ആകർഷിച്ചുകളഞ്ഞ അന്നത്തെ ആ പെൺകിടാവല്ലേ !

കണ്ണിന് എന്താകർഷണമാണെന്നറിയില്ല. ആരൊ അവളുടെ ഓമനമുഖം എൻെറ നേർക്കു തിരിച്ചുവെച്ചതുപോലെ. കണ്ണുകൾ തമ്മിലിടഞ്ഞ ഉടൻ മുഖം നിറയെ ചിരിച്ചുകൊണ്ട് അവൾ ആൾത്തിരക്കിലൂടെ ഉന്തിത്തള്ളി എൻെറ അടുത്തേക്കു് വന്നു. അവൾ പറഞ്ഞു: 'ഹരിദ്വാരത്ത് അധികദിവസം താമസിക്കാൻ കഴിഞ്ഞില്ല, ഭർത്താവ് വന്നു കൂട്ടിക്കൊണ്ടുപോയി. വീണ്ടും ഇറങ്ങിവന്നു ഇവിടേക്ക്, ഇത്തവണയും ഇല്ല എന്നു പറഞ്ഞുംകൊണ്ട്. പറഞ്ഞാൽ തടസ്സം ചെയ്യും, എന്നാലും മനസ്സ് പിടിച്ചു വലിക്കയാണ്, ഞാനെന്തു ചെയ്യും? '

മാറോട്ട് ചേർന്ന് മുഖമുയർത്തി നിൽക്കുകയാണ് അവരം; അവരം ഉററ ബന്ധുവാണെന്നു തോന്നി. ഞാൻ ചോദിച്ചു: 'എവിടെയാണിപ്പോരം ?'

'ഒരു ധർമ്മശാലയിലാണ്. വന്ന ആദ്യം പക്ഷെ താമസിച്ചിരുന്നത് ആനന്ദമയിമാതാവിൻെറ ആശ്രമത്തിൽത്തന്നെയായിരുന്നു. കൂടെ താമസിച്ചോളു എന്ന് അവർ പറഞ്ഞതാണ്. പക്ഷെ എനിക്ക് താമസിക്കാൻ കഴിഞ്ഞില്ല. അവരുടെ സാധന—എൻറപ്പോ ! ആശ്ചര്യമെന്താണെന്നറിയുമോ, എത്ര ആളാണ് എനിക്ക് ദീക്ഷതരാൻ ആഗ്രഹിക്കുന്നത് ; കാണുന്നവരെല്ലാം പറയും, ഞാൻ നിനക്ക് മന്ത്രോപദേശം തരാമെന്ന്. എനിക്കാണ് ഒരു തീരുമാനമെടുക്കാൻ കഴിയാത്തത്. ഈ ആനന്ദമയിമാതാവുതന്നെ എന്നോട് പറഞ്ഞിരുന്നു—വീട്ടിലെ പെണ്ണായിട്ട് നല്ല സുഖമായിരുന്നു, ഏതുനിമിഷത്തിലാണാവോ അവരെ കാണാനിടയായത്—അവർ പറഞ്ഞിരുന്നു, നിൻെറ ഉള്ളിൽ സാധനയുണ്ട്, നീ എൻെറ അടുത്ത് വന്ന് താമസിക്കു. അന്നുതൊട്ട് എൻെറ മനസ്സ് എന്തോമാതിരിയാണ്—വീട്ടിൽ ഉറച്ചു നിൽക്കാൻ കഴിയുന്നില്ല. പക്ഷെ, എന്തോ, ഇവരുടെ സാധനാപദ്ധതിയുമായി എനിക്ക് ഒത്തുപോവാൻ കഴിയുന്നില്ല. ഇതാ ഇപ്പോഴല്ലേ പോയത്, ഒരു ദിവസത്തിലധികം താമസിക്കാൻ കഴിഞ്ഞോ ? '

എന്താണ് ഇത്രയ്ക്കുള്ള ഈ സാധനാപദ്ധതി ? അറിയാൻ കൊതി തോന്നി. പക്ഷെ ഞങ്ങരം 'നവ്യസാധികമാരാ'ണല്ലോ ; ഞങ്ങരംക്ക് അറിയാത്തതായി ഒന്നുമുണ്ടാവാൻ പാടില്ല. സ്വന്തം മാനം കാരണം, സ്വയം ചതി പിണയുന്നു; മാനം നിലനിർത്താൻ ഔത്സുക്യം അടക്കിനിർത്തി. എന്നാലും വലിയേച്ചി പരുങ്ങിപ്പരുങ്ങി ഒടുക്കം തുറന്നുചോദിച്ചു, ആട്ടെ, ആനന്ദമയിമാതാവിൻെറയും കൂട്ടരുടേയും സാധന എങ്ങിനെയാണ് ?'

'അവരുടെ സാധന—! ' ആരോ പെണ്ണിനെ പിടിക്കാൻ പോകുന്നതുപോലെ—രണ്ടു കൈകൊണ്ടും തന്നത്താൻ മറച്ചുകൊണ്ട് അവരം പറഞ്ഞു, 'ഭയങ്കരം. സഹിക്കാൻ കഴിയാഞ്ഞതുകൊണ്ടല്ലേ അവിടംവിട്ടു പോന്നതുതന്നെ.'

വലിയേച്ചി ചോദിച്ചു: 'ഭക്തന്മാർ മാതാവിനെ പൂജിക്കുന്നത് എന്ത് ഭാവത്തിലാണ് ? '

'ഇല്ല, അതെനിക്ക് പറയാൻ കഴിയില്ല. ഭയംകൊണ്ട് നെഞ്ഞ് പിടക്കും. പാറിപറക്കുന്ന തലമുടിയോടെ, കൈ രണ്ടും പൊക്കി,

ചുററിച്ചുററി താണ്ഡവനൃത്തം—നന്ദിഭൃംഗിമാരുടെ പടപോലെ. ഉഗ്രമായ സാധന—വിശ്വഗ്രാസിയായ ഭാവം—ഇതാ, ഇതാ, ഇപ്പോൾ നിങ്ങളുടെ കണ്ണിലെ ഭാവമില്ലേ,—ഇതുപോലത്തെ കണ്ണാണ് എല്ലാവർക്കും; എൻറപ്പോ !'

പെണ്ണ് പേടിച്ച് പിൻവാങ്ങി നിന്നു.

എനിയ്ക്കൊരു വലിയ ദോഷമുണ്ട്. കഥകേട്ടുകൊണ്ടിരിക്കെ ഞാൻ കഥയിലെ ആളുകളാവും. അവരുടെ ഭാവം എൻെറ മുഖത്ത് പ്രകടമാവും. പെണ്ണിൻെറ വർണ്ണനയ്ക്കൊപ്പം അതുകൊണ്ട്, 'താണ്ഡവനൃത്തം', ഉഗ്രസാധന', വിശ്വഗ്രാസി' മുതലായ വാക്കുകൾ കേൾക്കെ എൻെറ കണ്ണു രണ്ടും ക്ഷണനേരത്തേക്ക് വട്ടം മിഴിഞ്ഞിരുന്നു.

തികഞ്ഞ വിശ്വാസത്തോടെ ആരുടെ അടുത്തു ചെന്നുനിന്നുവോ, അയാളുടെ കണ്ണിലും ഈ നോട്ടമോ? യാതൊന്നുകണ്ട് പേടിച്ചിട്ട് അവൾ സ്ഥിരമായ പാർപ്പിടം വിട്ട് ഊണുമുറക്കവുമില്ലാതെ അറിയാത്ത ധർമ്മശാലയിലേക്ക് വന്നുവോ ആ നോട്ടം !

മുഹൂർത്തനേരത്തേക്കുള്ള വിഹ്വലതയായിരുന്നു; അടുത്ത മുഹൂർത്തത്തിൽത്തന്നെ ഞാൻ നോട്ടം മൃദുവാക്കി, മുഖത്ത് ചിരി കൊണ്ടുവന്നു; പക്ഷെ പെണ്ണിൻെറ പേടി തീരുന്നില്ല. വരണ്ട മുഖത്തോടെ രണ്ടുകൈയും മടക്കി നെഞ്ഞോടു ചേർത്ത്പിടിച്ച് അവൾ എൻെറ കണ്ണിൻെറ നേർക്കുതന്നെ എന്തോ അന്വേഷിക്കുംപോലെ നോക്കിക്കൊണ്ടിരിക്കയാണ്. ഒടുക്കം വയ്യാഞ്ഞ് ആളുകളുടെ ഉന്തും തള്ളുമെന്ന ഒഴികഴിവും പറഞ്ഞ് കുണ്ഠിതയായ എന്നെ വിട്ട് അകലേയ്ക്ക് നീങ്ങി അവൾ ആൾക്കൂട്ടത്തിൽ ലയിച്ചു.

ഠൻ ഠൻ മണിയടി മുഴങ്ങിയതോടെ ആളുകൾ ഇളകി വശായി. ജയ ജയ ശബ്ദംകൊണ്ട് നാലുദിക്കും വിറകൊണ്ടു. മുമ്പിലെ തിരശ്ശീല നീങ്ങി,

'എല്ലാം പൊന്നാ, പൊന്ന്.' മണിമാണിക്യഖചിതമായ വസ്ത്രാഭരണങ്ങൾ അണിഞ്ഞ് രാജോചിതമായ വേഷത്തിൽ രത്നസിംഹാസനത്തിൽ പുഷ്പത്തൊട്ടിലിൽ, കൺമുമ്പിൽ, വിഹാരിജി ഊഞ്ഞാലാടുന്നു,

രത്നത്തിൻെറ തിളക്കത്തിൽ കണ്ണഞ്ചിപ്പോകുന്നു, ശാന്തിക്കാരും ഇന്ന് വിശേഷപ്പെട്ട വേഷമണിഞ്ഞിരിക്കുന്നു—ഉടുക്കാൻ നിറപ്പകിട്ടുള്ള

പട്ടുവസ്ത്രം, കഴുത്തിൽ നിറപ്പകിട്ടുള്ള ഉത്തരീയം, ദേഹത്ത് സിൽക്കു കുപ്പായം, നെററിയിൽ ചന്ദനപ്പൊട്ട്—വെളുത്ത മുഖത്തിൽ അതിനു നല്ലശോഭയുണ്ട്.

വിഹാരിജിയെ കണ്ടുകണ്ടില്ലെന്നായപ്പോഴേക്കും തിരശ്ശീല മൂടി. കുറച്ചു കഴിഞ്ഞിട്ട് വീണ്ടും നീങ്ങും, വീണ്ടും മൂടും. കൂടക്കൂടെ ഇതുപോലെ മൂടിയും നീക്കിയും കളിക്കും. മുമ്പൊരിക്കൽ ചെയ്തതു പോലെ മഥുരയിലേക്ക് ഓടിപ്പോയാലോ എന്നുവെച്ച് വിഹാരിജിയെ അധികനേരം തുറന്നുവെക്കില്ല. അതിനുപുറമേ, ഭക്തന്മാരുടെ ഭാഗത്തുനിന്നും ഒരു സാർത്ഥകതയുണ്ട്; ദർശനത്തിനു ഇങ്ങിനെ തടസ്സം നേരിടുന്നതുകൊണ്ട് അവരുടെ മനസ്സിൽ ദർശനത്തിനുള്ള ആകാംക്ഷ വർദ്ധിച്ചുവരും. വ്യാഘാതമേററ ആകാംക്ഷയ്ക്കാണ് തീവ്രത കൂടുക. ആനന്ദം തൃപ്തിയിലല്ലാ പ്രബലമായ ആകാംക്ഷയിലത്രെ. അതാണ് വൈഷ്ണവന്മാർ ആകാംക്ഷ വർദ്ധിപ്പിക്കുന്നേടത്ത് വിശേഷിച്ച് ഊന്നുന്നത്.

ഞാൻ കണ്ണോടിച്ച് ആ ശ്യാമളമുഖം അന്വേഷിച്ചുകൊണ്ട് പുറത്തിറങ്ങി, നെഞ്ഞകത്ത് വേദന ചുളുചുളെ കുത്തുന്നു. പെണ്ണിനെ എനിക്ക് ഇഷ്ടപ്പെട്ടിരുന്നു; ഞൊടിയിടകൊണ്ട് എന്തായിപ്പോയി—വളരെ അടുത്തുണ്ടായിരുന്ന സാധനം അകലേയ്ക്ക്തെന്നിമാറിപ്പോയി. അറിയിക്കാൻ കഴിഞ്ഞില്ല—ആ ഞാൻ ഞാനല്ലെന്ന്. അവളുടെ അകാരണമായ പേടികൊണ്ട് അരണ്ട ഓമനമുഖം മനസ്സിന്ന് വേദനയേൽപിച്ചുകൊണ്ട് നിലയായി—ചിരകാലത്തേക്ക്.

ബാങ്കേവിഹാരി, രാധാരമണൻ, ശ്യാമസുന്ദരൻ, രാധാമാധവശ്യാമൻ, രാധാവല്ലഭൻ എല്ലാം ഒന്നുതന്നെ; രാധയില്ല അടുത്ത്. വൈഷ്ണവന്മാർ ആദ്യകാലത്ത് ഒരു ഭഗവാനെയേ പൂജിച്ചിരുന്നുള്ളു. ഒരേയൊരു ഭഗവാനെയൊഴിച്ച് മറെറാന്നും അവർക്കറിയില്ലായിരുന്നു; രാധയെ അവർക്ക് കണ്ടുകൂടായിരുന്നു.

ശശിമഹാരാജ് പറഞ്ഞിരുന്നു; 'സനാതനൻ ആഹാരം പാകംചെയ്യുന്നതിലിടക്ക് സാധനയിൽ മുഴുകിപ്പോകുമായിരന്നു; തീ കെട്ടുപോകമായിരന്നു. രാധ ഒരു പെൺകുട്ടിയുടെ രൂപത്തിൽ വന്ന് തീയൂതി കത്തിക്കും ; പുകകൊണ്ട് കണ്ണിൽ വെള്ളം വരും. സനാതനൻ മുഷിഞ്ഞ് രാധയെ അകററിക്കളയും. തീ കെട്ട് ചോറ് വേവാതിരിക്കയാണെങ്കിൽ അങ്ങിനെയിരിക്കട്ടെ, ദേവൻ അതുതന്നെ കഴിച്ചോട്ടെ, നീ പോയ്ക്കോ എന്നുപറയുമായിരുന്നു. അതാണ് പറ

ഞ്ഞത്, രാധയെക്കൊണ്ട് കണ്ണീരൊലിപ്പിച്ച അത്തരം ഭക്തന്മാരായിരുന്നു അവരെല്ലാം.'

നിത്യാനന്ദഗൃഹേശിയായ ജാഹ്നവീ മാതാവാണ് ശ്രീകൃഷ്ണന്നടുത്ത് ആദ്യമായി രാധയക്ക് സ്ഥാനം കൊടുത്തത്. ആദ്യമാദ്യം വലിയ പ്രതിഷേധമായിരുന്നു; പക്ഷെ ജാഹ്നവിയുടെ മുമ്പിൽ ശാസ്ത്രത്തിലും യുക്തിയിലും പരാജയപ്പെട്ട് എല്ലാവരും പ്രതിഷേധം പിൻവലിച്ചു. അവർ പണ്ഡിതയെന്നപോലെ ശക്തിശാലിനിയുമായിരുന്നു. അന്നത്തെ വൈഷ്ണവന്മാരിൽ സർവ്വപ്രധാനനായിരുന്ന പണ്ഡിതജീവ ഗോസ്വാമി സകല വൈഷ്ണവന്മാരേയുംകൂട്ടി ജാഹ്നവിയുടെ അടുത്തുനിന്ന് ഭാഗവതം കേട്ടിരുന്നു.

പുത്രൻ വീരചന്ദ്രപ്രഭു—'ചൈതന്യ ഭക്തിസംഘത്തിൻ മൂലസ്തംഭമേതാരുവാൻ'—അദ്ദേഹം ദീക്ഷ സ്വീകരിക്കുവാൻ അദ്വൈതപ്രഭുവിന്നടുത്തേക്ക് പുറപ്പെട്ടപ്പോൾ, അമ്മ വിവരം കേട്ട് മടക്കിവിളിച്ചു. അവർ പറഞ്ഞു: മോനേ, നീ ദീക്ഷാഗ്രഹണത്തിന്ന് ആചാര്യ പ്രഭുവിന്നടുത്തേയ്ക്ക് പോകുന്നതെന്തിന് ? ഞാൻ തരാം നിനക്ക് ദീക്ഷ. തയ്യാറായി വരൂ.'

ഒരു കഥയോ ഗാഥയോ ഉണ്ട്, ജാഹ്നവി വിളിച്ചിട്ട് പുത്രൻ അമ്മയുടെ അടുത്തേക്ക് ചെന്നപ്പോൾ അവൾ ജപിക്കുകയായിരുന്നു; യുവാവായ പുത്രനെ മുമ്പിൽ കണ്ടിട്ട് അവർ ചേലത്തുമ്പുകൊണ്ട് തലമറച്ചു. പക്ഷെ, ആശ്ചര്യപൂർവ്വം വീരചന്ദ്രൻ കണ്ടു, രണ്ടുകൈകൊണ്ടും ജപമാല പിടിച്ചുംകൊണ്ടിരുന്ന അതേ നിലയിലാണ് അമ്മ അപ്പോഴുമെന്ന്. അപ്പോൾ യോഗൈശ്വര്യസമ്പന്നയായ അമ്മയുടെ കാൽക്കൽ വീരചന്ദ്രൻ സാഷ്ടാംഗം വീണു.

ആ ജാഹ്നവീമാതാവിന്റെ ദയകൊണ്ടാണ് കൃഷ്ണനിന്ന് രാധയുമൊന്നിച്ച് സിംഹാസനത്തിലിരുന്ന്—

നവമേഘശ്യാമവർണ്ണൻ
രാധികാ ശശിരൂപിണി
മുകിലും മിന്നലുംപോലെ
മോദമേകുന്നു മാനസേ.

വൃന്ദാവനത്തിൽ ഇന്ന് അവിടുന്ന് എവിടെയെല്ലാം വാണരുളുന്നുണ്ടോ, അവിടെയെല്ലാം രാജൈശ്വര്യം വ്യാപിപ്പിച്ചിരിക്കുന്നു. ചിലേടത്ത് വൈരക്കല്ലുകൊണ്ടുള്ള കണ്ണ്, ചിലേടത്ത് വൈരക്കിരീടം,

ചിലേടത്ത് വൈരമാല, വള, കുണ്ഡലം, ഓടക്കുഴൽ, എന്തെല്ലാമെന്തെല്ലാം. മാണിക്യവും മുത്തും വാരിവിതറിയിരിക്കയാണ്.

ഞങ്ങൾ ഓരോന്നങ്ങിനെ നോക്കിക്കൊണ്ട് നടക്കുകയാണ്.

മട്ടുപ്പാവുകളിൽ പാത്രംനിറയെ വർണ്ണപ്പൊടികലക്കിയ വെള്ളവും പീച്ചാങ്കുഴലുമായി ഇരിക്കുകയാണ് കുട്ടികളും കിഴവന്മാരും ചെറുപ്പക്കാരും മദ്ധ്യവയസ്കന്മാരും. പരിചയമുള്ളവരോ ഇല്ലാത്തവരോ എന്ന നോട്ടമില്ല—വഴിയലൂടെ ആര് പോയാലും, പെട്ടെന്ന് എവിടെനിന്നോ വർണ്ണശബളമായ ഒരു വെള്ളച്ചാട്ടം വന്നുവീഴും ശരീരത്തിൽ.

അരികത്തൂടെ കടന്നുപോകുന്ന പെൺകിടാങ്ങളുടെ മൂടുപടം കൊണ്ട് മൂടിയ മുഖത്തും മാറത്തും കൈപ്പിടി നിറയെ വർണ്ണപ്പൊടിയെടുത്ത് മഹാകൌതുകത്തോടെ വലിച്ചെറിയുകയാണ് വ്രജവാസികൾ.

വഴിക്കുണ്ട്, ഭഗവാൻദാസ് ആഹ്ളാദസൂചകമായി ചിരിച്ചുംകൊണ്ട് വേഗംവേഗം നടന്നുവരുന്നു. അദ്ദേഹം പറഞ്ഞു: 'മുന്നോട്ടു പോവു. വ്രജാമാതാക്കളുടെ കളി തുടങ്ങിയിരിക്കുന്നു; കണ്ടുവരു.'

ഇന്നുച്ചക്ക് ഗോവിന്ദജിയുടെ അമ്പലത്തിൽ ഊട്ടുണ്ടായിരുന്നു. ഇത്രയും ആളുകൾക്ക് ഭക്ഷണത്തിനുവേണ്ടുന്ന ഏർപ്പാടുകളുടെ വമ്പിച്ചഭാരം മുഴുവൻ ഭഗവാൻദാസിന്റെ ചുമലിലാണ്. ഉച്ചക്ക് ആ വഴി വരുമ്പോൾ അദ്ദേഹം മേൽനോട്ടത്തിന്നുവേണ്ടി ഒരൊഴിവുമില്ലാതെ അങ്ങുമിങ്ങും ഓടുന്നത് ഞങ്ങൾ കണ്ടിരുന്നു. ഇതിന്നിടയ്ക്കുതന്നെ ഒരു തക്കത്തിന് പുറത്തുപോയി വ്രജമാതാക്കളുടെ കളി കണ്ടു വരികയാണ്.

ഈ കളിയെപ്പററി ഞാനാദ്യം കേട്ടത് മണി ബഹാദൂരിൽനിന്നാണ്. അദ്ദേഹം പറഞ്ഞിരുന്നു, 'അത് കണ്ടിട്ടില്ലെങ്കിൽ പിന്നെ കണ്ടതെന്താണ്? ഹോളി നാളിൽ വർഷാൻ ഗ്രാമത്തിൽനിന്ന് പെണ്ണുങ്ങൾ വടിയുമായി നന്ദ ഗ്രാമത്തിലേക്ക് വരും, ആൺകുട്ടികളെ തല്ലാൻ. ആൺകുട്ടികൾ പക്ഷെ തിരിച്ചുതല്ലില്ല. തല്ലുകൊള്ളുകയാണ് ചെയ്യുക. അതുമല്ല, തല്ലുകൊണ്ടിട്ട് തച്ചവരെ മധുരപലാരമൂട്ടുകയുംചെയ്യും.

ഞാൻ വലിയേച്ചിക്ക് സൂചനകൊടുത്തു: 'വളരെക്കാലമായല്ലൊ കുടുംബം പുലർത്തുന്നു. ഏതെങ്കിലും ദിവസത്തെ വല്ലൊരു ശല്യവും മനസ്സിൽ തറച്ചുകിടപ്പുണ്ടെങ്കിൽ പകരംവീട്ടാനുള്ള ഒന്നാന്തരം അവസരമാണിത്. ഇന്നത്തെ ഈ കളിയുടെ സമ്പ്രദായംകൊണ്ട് ഒററയടിക്ക് രണ്ടുകാര്യവുമാവും'.

'കേറ് കേറ്, വേഗം ഈ ഇറയത്തേക്ക് കേറിനിൽക്കു' എന്നു പറഞ്ഞ് ഏട്ടൻ ഞങ്ങളെ നടുവഴിയിൽനിന്ന് ഉന്തിനീക്കി. ഹൂശ് ശബ്ദത്തോടെ രണ്ടുമുഴം നീളത്തിലുള്ള ഒരു ലാത്തി വന്നുവീണു അവിടെ—വ്രജമാതാക്കളുടെ കൈയിലെ ലാത്തി.

ഏട്ടൻ പറഞ്ഞു: 'നടുവഴിക്ക് നിന്നിട്ടാണ് സല്ലാപം—വീരാംഗനമാരല്ലേ എല്ലാവരും! അൽപം അമാന്തിച്ചിരുന്നെങ്കിൽ ഇന്നീ ലാത്തി നിങ്ങളുടെ പുറത്താണ് വീണിട്ടുണ്ടാവുക.'

വഴിയുടെ ഇരുവശത്തും ആളുകൾ നിരന്നുനിൽക്കുന്നു—പെണ്ണുങ്ങളും കുട്ടികളുമടക്കം, ഡാക്കായിലെ എഴുന്നള്ളത്ത് കാണാൻ കൂടിയതുപോലുണ്ട് എല്ലാവരും. ഈ ആൾക്കൂട്ടത്തിൻെറ നടുക്കുള്ള ഇടുങ്ങിയ ഒഴിവിലൂടെ വഴിയുടെ ഇങ്ങേത്തലതൊട്ട് അങ്ങേത്തലവരെ വ്രജമാതാക്കൾ ലാത്തിയും വീശിക്കൊണ്ട് അങ്ങുമിങ്ങും പായുന്നു. പളപളമിന്നുന്ന തടിച്ച പാവാട കനത്ത താളത്തിൽ പാദസരത്തിനു മുകളിൽ അലയടിക്കുന്നു; ഓടുന്ന താളത്തിനൊത്ത് കനത്ത അരഞ്ഞാൺ പൊങ്ങിത്താഴുന്നു, വളയും കാപ്പുമായി യോജിച്ചുകൊണ്ട് രുനുഝുനുവെന്ന് വാദ്യം മുഴക്കുന്നു. വർണ്ണപ്പകിട്ടുള്ള ശിരോവസ്ത്രത്തിൻെറ നീണ്ട മൂടുപടം ഇടത്തുകൈകൊണ്ട് അൽപം നീക്കി, മോതിരവും മൈലാഞ്ചിക്കുറിയുംകൊണ്ട് മൂടിയ കൈകളിൽ ലാത്തിയുംപിടിച്ച് ഓടുകയാണ് അമ്മമാർ. പണ്ടങ്ങളുടെ പളപളപ്പ്കൊണ്ട് വഴിയാകെ മിന്നൽപിണരിൻെറ ഒരു കളി. എല്ലാംചേർന്ന്, നേർത്ത ശിരോവസ്ത്രംകൊണ്ട് മൂടിയ അടക്കിപ്പിടിച്ച ആനന്ദത്തിൻെറ കൊടുംകാററുപോലെ.

കുട്ടികളുണ്ട് കൊതിവഴിയുംമാറ് ചമഞ്ഞൊരുങ്ങിയിരിക്കുന്നു—സിൽക്കു കുപ്പായമിട്ട് തലക്കെട്ടും കെട്ടി, അവരുടെ കൈയിൽ, തല്ല് തടുക്കാൻ, ആറു മുഴം വരുന്ന നീണ്ട ലാത്തി. മനസ്സിൽ പക്ഷെ അവരിന്ന് തോൽവി സമ്മതിച്ചുംകൊണ്ടാണു, ആ ആനന്ദത്തിൽ മതിമറന്നിരിക്കയാണ്. ചിരിച്ചുംകൊണ്ട് ലാത്തിവീശി തല്ലുതടുത്തുംകൊണ്ട് അവർ പിൻവാങ്ങുന്നു—ചിലർ വേഗത്തിൽ, ചിലർ പതുക്കെ അതുകൊണ്ടും തൃപ്തിയടയുന്നില്ല വ്രജമാതാക്കൾ; കൈയെത്താത്തവരുടെ നേർക്ക് ലാത്തി വീശിയെറിയുകയാണ്. തെക്കുവടക്കു നോക്കുന്നുകൂടിയില്ല, കാണികൾ അതുകണ്ട് കിലുകിലെ ചിരിക്കുന്നു; നന്ദഗ്രാമത്തിലെ കുട്ടികൾ ചിരിക്കുന്നു.

വർഷാനിലെ രാജകുമാരി രാധയെ നന്ദഗ്രാമത്തിലെ ഇടയച്ചെറുക്കൻ കൃഷ്ണൻ കരയിക്കുന്നു; ഗോപിമാർക്കു സഹിക്കാനാവുന്നില്ല.

ദ്വേഷ്യംപിടിച്ച് നന്ദഗ്രാമത്തിലെ ആൺകുട്ടികളെ മുഴുവൻ തല്ലാൻ വരുന്നു. ആ ചടങ്ങാണ് ഇത്രയുംകാലം ഇവ്വണ്ണം നടന്നുവരുന്നത്. എല്ലാവരിലും ആനന്ദോല്ലാസത്തിൻെറ ഒരു ജലധാരയാണ്; ആ കളി അവർ കണ്ണുകൊണ്ട് കാണുകയാണ്.

യമുനാതീരം അടുത്തുതന്നെയാണ്. കളി കണ്ടിട്ട് ഞങ്ങൾ തുറന്ന സ്ഥലത്തു വന്നുനിന്നു കുറച്ചുനേരം. സന്യാസിമാരുടെ ഭസ്മം പൂശിയ നെററിത്തടം ഇന്ന് ചായംകൊണ്ട് ചുകന്നിരിക്കുന്നു. വെളള മണൽത്തിട്ടിൻെറ മാറിൽ നൂറുനൂറ് ഉഷസ്സുകളിലെ അരുണ ന്മാർ ഓടിപ്പാഞ്ഞുകളിക്കുംപോലെയുണ്ട്.

നാല് വടവൃക്ഷങ്ങൾ ഇവിടെയാണ്.

വംശിവടം. ഇതിൻെറ ചുവട്ടിൽനിന്നുകൊണ്ടാണ് കൃഷ്ണൻ ഓട ക്കുഴലൂതി രാധയെ വിളിച്ചിരുന്നത്, പിന്നീട് ഇവിടെഗോപിമാരു മായുളള രാസക്രീഡ നടന്നിരുന്നു. രാസക്രീഡ കാണാൻ മററാർക്കും അനുവാദമുണ്ടായിരുന്നില്ല. ശിവന്ന് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. ഗോപീവേഷത്തിൽ ഒളിച്ചു വന്നു. അന്നുതൊട്ടു അവിടന്ന് ഗോപീ ശ്വരശിവനെന്ന പേരിൽ അടുത്തുതന്നെ കുടികൊളളുകയാണ്.

വിശ്രമവടം. ഇവിടെ കൃഷ്ണൻ പൈക്കളെ പറമ്പിൽ വിട്ട് രാധയുമായി വിശ്രമിച്ചുപോന്നു.

ശൃംഗാരവടം. ഇതിൻെറ ചുവട്ടിൽവെച്ച് കൃഷ്ണൻ രാധയെ സ്വന്തം കൈകൊണ്ട് ചന്ദനവും കുങ്കുമവും ചാർത്തി ചമയിച്ചു പോന്നു. ശൃംഗാരവടത്തിൻെറ തറമേൽ രണ്ടു് ഇലഞ്ഞിമരങ്ങളുണ്ട്; ഒന്ന് നേരെയും മറെറാന്ന് അതിന്മേൽ ചാഞ്ഞുവീണിട്ടും. പൂവ് രണ്ടിലും വിരിയും; പക്ഷെ കായ ഒന്നിലേ ഉണ്ടാവു. മരക്കൊമ്പു കൊണ്ട് അമ്പലം മറയുന്നുവെന്ന്കണ്ട് മരം രണ്ടും വെട്ടിക്കളയാൻ തീരുമാനിച്ചിരുന്നു ദേവസ്വക്കാർ. അന്നുരാത്രി അവർക്ക് സ്വപ്ന ത്തിൽ ഒരു വെളിപാടുണ്ടായി: 'ഞങ്ങളെ വെട്ടരുത്, ഞങ്ങൾ ഭർത്താ വും ഭാര്യയുമാണ്, വൃക്ഷരൂപത്തിൽ ഇവിടെ തപസ്സ് ചെയ്യു കയാണ്.'

അടുത്തത് അദ്വൈതവടം. അദ്വൈതമഹാപ്രഭുവിൻെറ ഭജന സ്ഥലം. പൂജാരി പറഞ്ഞു—

അബലയാണ് ഞാൻ, വിമലമെന്നുള്ളം,
അറിയുന്നില്ല ഞാൻ ഹിതാഹിതങ്ങളും,
തനിച്ചിരിക്കവേ വിശാഖ നിശ്ശബ്ദം
വരച്ചൊരു ചിത്രമെനിക്കു കാട്ടിനാൾ.

ഇപ്പോഴും സ്ഥലം വളരെ വിജനമാണ്, മനോരമമാണ്. മണ്ണിന്റെ ഈറയും, വെള്ളമണലിന്റെ മുററം, ജീർണ്ണിച്ച വേപ്പിന്റെ നേർത്ത നിഴൽ — എല്ലാം ചേർന്ന് ശാന്തശീതളമായ ഒരു ചുററുപാട്.

ഞങ്ങൾ മണ്ണുകൊണ്ടുള്ള ആ ചെറിയ ഉമ്മറത്തിരുന്നു. ഞാൻ 'ഇത്തിരി വെള്ളം കുടിക്കണ'മെന്നു പറഞ്ഞു. വെള്ളം കുടിക്കണമെന്ന് അൽപം മുമ്പുകൂടി തോന്നിയിരുന്നില്ല. പെട്ടെന്നാണ് തോന്നിയത്, ദാഹിക്കുന്നു, വെള്ളം കുടിക്കണം, ശരീരമൊന്ന് തണുപ്പിക്കണമെന്ന്. ഇങ്ങനെയുള്ള സ്ഥലത്തുവെച്ചുതന്നെയാണ് ദാഹിക്കുന്ന വെള്ളം കുടിക്കേണ്ടതും.

പൂജാരി പിച്ചളക്കിണ്ടി നിറയെ വെള്ളം കൊണ്ടു തന്നു. ഞാൻ കുടുകുടായെന്ന് മുഴുവൻ കുടിച്ചിട്ട് എഴുന്നേററു.

മഹാവൃദ്ധനായ ഒരു വെളുത്ത ബ്രാഹ്മണൻ, ശുഷ്കിച്ച കൈ രണ്ടും മുമ്പോട്ടു നീട്ടി തൊണ്ണകാട്ടി ചിരിച്ചുകൊണ്ട് വഴിയിലൂടെ പാട്ടുംപാടി കടന്നുപോയി—

അമ്പാടിമണ്ണിലുമിമ്പമുണ്ടായീലാ
അയ്യയ്യോ കഷ്ടമിതെന്നേവേണ്ടൂ.

രാധാദാസി, മനോമോഹനദാസന്റെ കുഞ്ജത്തിൽ കണ്ട കറുത്ത പെൺകുട്ടി, വന്ന് ഞങ്ങളുടെ കൂടെ കൂടി. അവൾ പറഞ്ഞു: നിധുവനം, നികുഞ്ജവനം. രാധാകൃഷ്ണന്മാരുടെ നിത്യലീലാസ്ഥലം. ആ നികുഞ്ജവനത്തിലേക്കാ ഞാൻ പോണത്. വരണുണ്ടോ? ദാ ഇവിടെ അടുത്താ'.

പകൽ തീരാറായി. വെയിൽ മങ്ങിത്തുടങ്ങി. ഞങ്ങൾ നികുഞ്ജവനത്തിൽ കടന്നു. വനമെന്നു വെച്ചാൽ വനംതന്നെ. പിന്നേയും പിന്നേയും കുററിക്കാടുതന്നെ; അതിന്റെ വശത്തൂടെ ചുവട്ടിൽ വെള്ളമണലിന്റെ ഇടുങ്ങിയ കാൽനടവഴി മിനുമിനെ മിന്നിക്കൊണ്ട് വളഞ്ഞുപുളഞ്ഞു പോകുന്നു — ചിലേടത്ത് ശരീരം വളച്ചുകൊണ്ടും ചിലേടത്ത് ചുമൽ കുനിച്ചും ഞങ്ങൾ കാടുമൂടിയ ഒരു ചെറിയ മുറിയിൽ എത്തിച്ചേർന്നു. മുമ്പിൽ, മറച്ചുകെട്ടിയ ഒരു ചെറിയ വരാന്ത.

ഇത്ര ചെറിയ ഈ സ്ഥലത്ത് എത്ര ആളുകളാണ് തിക്കിത്തിരക്കി ഇരിക്കുന്നത് — ഭൂരിഭാഗവും പലപല നാട്ടിലെ പെണ്ണുങ്ങളാണ്. അവരുടെ ആധിപത്യമാണെന്നുതോന്നും ഇവിടെ; ആൺകുട്ടികൾ പിന്നിൽ നിൽക്കയാണ്. ഇവിടെയും 'കമ്പിതദർശന'മാണ്. പൂജാരി എല്ലാവരേയും ആകാംക്ഷാഭരിതരാക്കി, തിരശ്ശീലയുടെ മുമ്പി ലിരുന്ന് വളരെ സാവധാനത്തിൽ മരക്കമ്പുകളിൽ നെയ്യിൽ മുക്കിയ പഞ്ഞി ചുററി ചെറിയ പന്തങ്ങളുണ്ടാക്കുന്നു. പെണ്ണുങ്ങൾക്ക് എത്ര നേരം വായ മൂടിയിരിക്കാൻ കഴിയും? അവർ തപ്പുകൊട്ടി വിചിത്ര മായ ഈണത്തിൽ പാടാൻ തുടങ്ങി.

ജയ ജയ രാധേ ശരണം നീയേ
ഹരി ഹരി യാരതി തരുവേനിപ്പോൾ

മുമ്പിൽ മാർവാറിപ്പെൺകിടാവിന്റെ വിരലിൽ എന്തൊരു പകിട്ടുകൂടിയ മൈലാഞ്ചിപ്പണിയാണ്. ഇവർ മൈലാഞ്ചിച്ചാറു കൊണ്ടുതന്നെയാണോ ഇത്തരം ചിത്രപ്പണി ചെയ്യുന്നത്, അതോ വല്ല ചായവും തേക്കുന്നുണ്ടോ? എനിയ്ക്ക് ഓർമ്മ വന്നു, ഹാനിഫിന്റെ അമ്മ ഒരുദിവസം ഈദിന്റെ തലേന്ന് മൈലാഞ്ചിയില കൊണ്ടുപോ കാൻ വന്നിരുന്നു. പറകയാണ്, 'ഈ സമയത്ത് കുഞ്ഞളായാലും വയസ്സരായാലും മയിലാഞ്ചി തേക്കണന്നാ ഞങ്ങള മതത്തില് നെയമം'.

ഞാൻ ചോദിച്ചു: 'എങ്ങനെയാ നിങ്ങൾ തേക്കുന്നത്?'

എങ്ങനെയെന്നറിഞ്ഞില്ല, കുട്ടിക്കാലത്തൊരിക്കൽ മയിലാഞ്ചി തേക്കാൻ കൊതി തോന്നിയിരുന്നു. രണ്ടു സഹോദരിമാരും കൂടി മയിലാഞ്ചിയില പറിച്ച് കല്ലുകൊണ്ട് ചതച്ച് ചതച്ച് ഇറയത്ത് തേ ച്ചരച്ച് കയ്യിലും കാലിലും പുരട്ടി; എന്തുവന്നിട്ടും നിറം പിടിച്ചില്ല. അമ്മയുടെ കൈയിൽനിന്ന് നല്ല തല്ലും കിഴുക്കും കിട്ടിയതു ലാഭം; കരഞ്ഞുകൊണ്ട് ഇറയം വെള്ളമൊഴിച്ചു കഴുകി വൃത്തിയാക്കി. അതു കൊണ്ടാണ് ഹാനിഫിന്റെ അമ്മയോട് പറഞ്ഞത്, 'എനിക്കൊന്നു പഠിപ്പിച്ചുതന്നാട്ടെ, എനിക്കും തേക്കണം കൈയിലും കാലിലും'.

അവർ പറഞ്ഞു: 'നിനിക്ക് കയ്യൂലാ, അത് നിങ്ങളെക്കൊണ്ടാ വൂലാ, ഞാനൊരു ദെവസം ബന്നിററ് സൊന്തം കയ്യോണ്ട് മയി ലാഞ്ചി അരച്ച് നിന്റെ കയ്യില് തേച്ചുതരാ. ഏത് ഞങ്ങക്ക് ബരം കിട്ടീററില്ലേ ഫാത്തിമാബീബീൻെറടുക്ക്ന്ന്? ന്ങ്ങള് ശെയ്താ നെറം തന്ന പുടിക്കൂലാ. പറീമ്പം പിന്ന ഇത് തന്ന്യാ മയിലാഞ്ചി തേക്കണ്ട സമയും. അത് കയ്ഞ്ഞാപ്പിന്ന ഫാത്തിമ ഉപ്പാന്റെ കുടീലേക്ക്

പോവും, പിന്ന മയിലാഞ്ചിക്ക് നെറം പുടിക്കൂലാ. ഓറ് പുയ്യാപ്പ്ളേൻറട്ത്തേക്ക് മടങ്ങിവന്നാപ്പിന്നെ ആദീം നെറൂം പുടിക്കും. ഞങ്ങള മതെന്താ എള്പ്പാ? വല്ല്യ നെയമൂം കാര്യൂം അല്ലേർന്നും?'

നികുഞ്ജവനത്തിൽ ഇപ്പോഴും പാട്ട് തുടരുകയാണ്—

മണിയും മാണിക്യ പവിഴം മുത്തുക—
ളണിയും ഭൂഷകാം തെളുതെളെയൊളി—
യണക്കുന്നൂ തിരുവുടലിലെമ്പാടും;
നവം നവം സ്തവം വ്രജത്തിലെത്തോഴ—
രവിരതം പാടുന്നതീവ മംഗളം,
അരുമത്തോഴിമാരവരും വീശുന്നി—
തരിയ ചാമരമിരുവശങ്ങളിൽ.

പാട്ടിൻെറ ബഹളത്തിൽ കുഞ്ജത്തിലെ നിശ്ശബ്ദത എങ്ങോ ആവിയായി പൊങ്ങിപ്പോയി. ഭയങ്കര കോലാഹലത്തിനിടയ്ക്ക് 'കമ്പിത ദർശനം' സമാപ്തമായി.

കുഞ്ജത്തെ ചുററിയുള്ള വഴിയിലൂടെ ഞങ്ങാം കറങ്ങിത്തിരിഞ്ഞ് പുറത്തു വരികയാണ്—രാധാദാസി സംസാരിച്ചുംകൊണ്ട് നടക്കുന്നു: 'ഇതാണ് ലളിതാകുണ്ഡം; നൃത്തം വെച്ച് വെച്ച് ലളിതയ്ക്ക് ദാഹം തോന്നീട്ട് കൃഷ്ണനോട് പറഞ്ഞു. വേഗം ഇത്തിരി വെള്ളം കൊണ്ടു തരൂന്നേ. കൃഷ്ണനപ്പോ എവിടുന്നാ വെള്ളം കിട്ട്ആ? വേഗം തന്നെ തൻെറ കൈയിലെ ഓടക്കുഴൽകൊണ്ട് കുഴിച്ചിട്ട് ഒരു കുണ്ഡമുണ്ടാക്കി; ലളിത വെള്ളം കുടിച്ച് ദാഹം തീർത്തു.

'ഇതാണ് മുക്താലത. കൃഷ്ണൻ അമ്മ യശോദയുടെ കാതിലെ മുത്ത് മണ്ണിൽ പൂഴ്ത്തിവച്ചിരുന്നൂല്ലൊ. അതിൽനിന്നാണ് ഈ വള്ളി മുളച്ചത്. അമ്പാടിയിൽ കാണുന്നത് മുഴുവൻ വള്ളിയാ; മരം അത്രയ്ക്കൊന്നും കാണില്യ. എല്ലാം തോഴിമാരുടെ മട്ടാ. വൃന്ദാവനത്തിലെ വള്ളിമൂടിയ കുടില് കാണാൻ നല്ല ചന്താ.

'ഇത് പിന്നെ തമാലവൃക്ഷം. കൃഷ്ണൻ വെണ്ണ തിന്നിട്ട് ഈ മരത്തിന്മേൽ കൈ തുടച്ചിരുന്നു. ദാ നോക്കു, മരത്തിൻെറ തടിയിന്മേൽ കുഴിഞ്ഞിരിക്കുന്നത് കണ്ടോ? പിന്നെ മരത്തിന്മേൽ മുട്ടകാംപോലെ ഇങ്ങിനെ പൊന്തിക്കാണുന്നില്ലേ, അതൊക്കെ സാളഗ്രാമശിലകളാണ്.

'അറിയോ്വാ. സന്ധ്യ കഴിഞ്ഞാ ആർക്കും നിൽക്കാൻവയ്യ ഇവിടെ. സേവാകുഞ്ജല്ലേ. കൃഷ്ണൻ നിത്യവും രാത്രി ഇവിടെ കുളിക്കാൻ വരൂലോ. രാധ അപ്പോ ആരേം നിൽക്കാൻ വിടില്യ; സ്വന്തം കൈ കൊണ്ട് ഉള്ളിൽനിന്ന് കുഞ്ജത്തിൻെറ വാതിലങ്ങട് മൂടും. ദാ, വരു മ്പോഠം കണ്ടില്ലേ ഒരു കൂട്ടം. കുരങ്ങന്മാര്, അവററയൊന്നും നിൽ ക്കില്യ; ഒരു കിളി പോലൂണ്ടാവില്യ. വല്ലോരും ഒളിച്ചുനിന്നാ പിന്നെ പ്രാണനുംകൊണ്ട് പോവില്യ. ഒരിക്കൽ ഒരു സ്വാമിയാർക്ക് വല്യ കൊതിയായി, കുളി കാണാൻ. ഒളിച്ചു നിന്നൂലോ ഇവിടെ. എന്നിട്ട് ഇത്തിരി രാത്ര്യായേയുള്ളു, ആരോ അയാളെ പിടിച്ചു തള്ളി എടുത്തു പൊക്കി മതിലിന്നപ്പുറത്തേയ്ക്ക് ഒരേറ്. ആരാന്നൊന്നും ഒരു നിശ്ചയൂല്യ. എൻെറ ദേഹത്ത് എന്തോ തടഞ്ഞു, ഒക്കെ പൊള്ളുന്നൂ, വേവുന്നൂ എന്നു മാത്രമുണ്ട് പറയുന്നു. അതും പറഞ്ഞിട്ട് പ്രാന്തനെപ്പോലെ തുള്ളിപ്പിടിച്ചുംകൊണ്ടങ്ങ് മരിച്ചു.

'മറെറാരിക്കൽ ഒരു ഭക്തൻ ഇതുപോലെത്തന്നെ ഒളിച്ചുനിന്നു കളികാണാൻ; രാധ പറഞ്ഞു: ശരി, നീയൊരു ഭക്തനല്ലേ, കാണ ണെങ്കിൽ കണ്ടോളൂ; പക്ഷെ ആരോടും ഒന്നും പറയരുത്, കേട്ടോ. പിറേറന്ന് കാലത്ത് എല്ലാരും വന്ന് ആളെ പിടികൂടി, എന്താ ഹേ, എന്താ കണ്ടതെന്ന് പറയൂന്നേ, എന്നായല്ലൊ. ഭക്തൻ പറയാൻ ഭാവിച്ചു, നാവ് പൊങ്ങണില്യ പറയാൻ; എഴുതിക്കാണിക്കാൻ ഭാവിച്ചു., കൈ ഒടിഞ്ഞു കിടക്കുന്നു. കണ്ണോണ്ട് ആംഗ്യം കാട്ടാൻ നോക്കി, കണ്ണ് പൊട്ടിപ്പോയി. ഓരോന്നായി എല്ലാം പോയിപ്പോയി ഒടുക്കം ആളങ്ങ് മരിച്ചു'.

ലീലാഗോവിന്ദനേയും രാധാദാമോദരനേയും നീലമാധവനേയും വംശീ വദനനേയും കണ്ടിട്ട് ശ്യാമസുന്ദരൻെറ അടുത്തേക്ക് ചെന്നു. ഓരോ അമ്പലത്തിലും സചലവും അചലവുമായി വിഗ്രഹങ്ങളുണ്ട്. അചലം അമ്പലത്തിനുള്ളിൽ അനങ്ങാതെ നിൽക്കും. പ്രതിനിധി യായ സചലമാകട്ടെ, ഇത്തരം ഉത്സവസമയത്ത് പുറത്തുവന്ന് ആളു കഠംക്ക് ദർശനം കൊടുക്കും. തുറന്ന വരാന്തയിൽ സചലവിഗ്രഹത്തെ ആവുന്ന സമയം മുഴുവൻ കൺകുളിർക്കെ കണ്ട് യാത്രക്കാർ കൊതി തീർക്കും. ഇവിടെയും അതുപോലെത്തന്നെ, അമ്പലത്തിൻെറ മുന്നി ലുള്ള കമ്പിവേലി കെട്ടിവളച്ച വരാന്തയിൽ സചലനായ ശ്യാമസുന്ദരൻ. ഇന്നെല്ലാവരും അവിടുത്തെ നേർക്ക് വർണ്ണപ്പൊടി വലിച്ചെറിഞ്ഞിരി ക്കുന്നു. വർണ്ണപ്പൊടിയുടെ ചുകപ്പുനിറം വരാന്തമുഴുവൻ മൂടിയിരി

ക്കുന്നു. ഞങ്ങൾ തൊഴുത് മടങ്ങുകയാണ്, കമ്പിവേലി ചാരി നിൽക്കുന്നു പ്രൗഢയായ ഒരു വിധവ. ഇടത്തെ ഉള്ളംകൈയിൽ വെച്ചിരുന്ന ഒരുതുണ്ടം കടലാസ്സിൻെറ പൊതിയിൽനിന്ന് ഒരു നുള്ളു വർണ്ണപ്പൊടി എടുത്ത് അവർ ശ്യാമസുന്ദരനോട് പറകയാണ്, 'നിൻെറ രണ്ടു കാലിലും ഇത്തിരി വർണ്ണപ്പൊടി ചാർത്തിക്കോട്ടെ?'

ഗോവിന്ദജിയുടെ അടുത്താണ് രാധാഗോവിന്ദൻെറ അമ്പലം. ഞങ്ങൾ പ്രധാന വീഥിവിട്ട് ചെറിയ തെരുവുവഴിയിൽ കടന്നു—വേഗമെത്താം. പെണ്ണുങ്ങൾ തിടുക്കം പൂണ്ട് പായുന്നു; എൻെറടോ, ശ്രീരാധയ്ക്ക് ജടിലകുടിലമാരെപ്പോലെത്തന്നെയാണ് എനിയ്ക്കും; പറേറാ എളുപ്പം പുറത്തിറങ്ങാൻ? എന്നു കൂട്ടുകാരിയോട് പറഞ്ഞുകൊണ്ട്, ചെമ്പട്ടുടുത്ത ഒരു വധു ഞങ്ങളെ ഉന്തിത്തള്ളിക്കൊണ്ട് കടന്നുപോയി.

അമ്പലത്തിൻെറ രണ്ടുഭാഗത്തും കോണിപ്പടികളുണ്ട്, ഒന്ന് ഉള്ളിൽ കടക്കാനും ഒന്ന് പുറത്തിറങ്ങാനും. തിരക്കൊതുക്കാൻ വേറെ വഴിയില്ല. വഴിക്കുവെച്ച് ഒരു വൈഷ്ണവി നടക്കുന്നതിനിടക്ക് മറെറാരുത്തിയോട് പറയുന്നത് കേട്ടിരുന്നു, 'എന്താ ശ്രീരാധയുടെ ലീലാവിലാസം! ഇന്ന് അവിടുന്ന് സുബലവേഷമാണ് അണിഞ്ഞിരിക്കുന്നത്; ഇന്ന് ചരണ ദർശനമാണ്, കണ്ട് മനംകുളിർത്തു'.

എന്നിട്ട് എവിടെ സുബലവേഷം? ഇത് നല്ല ഒന്നാംതരം സാരിയുടുത്ത രാധ. മററു ദിവസങ്ങളിൽ കാലടിവരെ പാവാട വീണു കിടക്കുന്നുണ്ടാവുമെന്നു തോന്നുന്നു. ഞാൻ ഒരടി മുന്നോട്ടുനീങ്ങി ഇത്തിരികൂടെ മുമ്പിൽ ചെന്നുനിൽക്കാൻ നോക്കുകയാണ്. മറക്കാത്ത പുറവുമായി ഒരു കറുത്ത പെണ്ണുണ്ട് തെറിപറഞ്ഞുംകൊണ്ട് പിന്നോക്കം നടന്നുവരുന്നു — 'എടീ എമ്പോക്കി, നിനക്കെത്ര നായരുണ്ടെന്നാടീ ചോദിക്കുന്നത്''.

സംഗതിയെന്തെന്നറിഞ്ഞില്ല. ഏത് വിധവയെ ഉദ്ദേശിച്ചാണോ ഈ വിധവയുടെ ശകാരം, അവൾ അപ്പോൾ രാധാഗോവിന്ദൻെറ മുമ്പിൽ കൂപ്പുകൈയുമായി നിൽക്കുകയാണ്. ശകാരം കേട്ടിട്ട് അവൾ ചിരിച്ചുകൊണ്ട് മററവളെ വിളിച്ചു: 'ഇങ്ങട് വാ, എത്രയാണെന്ന് കണ്ടിട്ട് പൊയ്ക്കോളു'.

ഞങ്ങൾ മാനസിംഹൻെറ അമ്പലം ചുററി വീതിയുള്ള കോണിപ്പടിയിലൂടെ കീഴെ വലിയ വഴിയിലേക്ക് ഇറങ്ങിവരികയാണ്; തെളിഞ്ഞ അകാശത്ത് വെളുത്ത വാവിലെ വട്ടമൊത്ത ചന്ദ്രൻ നേരെ

മുഖത്തോടുമുഖം. നീലച്ചേലയുടെ തുമ്പ് ചുററിയ ശ്രീരാധയുടെ മുഖംപോലെ.

നിലാവ് പരന്നുവീണ ഓരോരോ വഴികടന്ന് വീട്ടിലേക്ക് മടങ്ങുകയാണ്. ഉടുത്തിരുന്ന ഖദർസാരി ആ നിലാവത്ത് വെട്ടിത്തിളങ്ങുന്നു, കൈ തിരിച്ചും മറിച്ചും നോക്കി, കാല് നോക്കി, മുഖത്ത് സാരി തുടച്ചുനോക്കി, ചായം പററീട്ടില്ല ഒരിടത്തും ഒട്ടും. നല്ല വെടിപ്പുണ്ട് പുറമെ.

വീട്ടിൽ തിരിച്ചുചെന്ന് ചെമ്പൊടിപുരണ്ട പരുത്ത സിൽക്കിന്റെ ജവഹർ കോട്ട് അഴിച്ചുകൊണ്ട് ഏട്ടൻ പറഞ്ഞു: 'വഴിക്ക് എങ്ങിനെ പുരികം ചുളിച്ചുകൊണ്ടാണ് നടന്നിരുന്നതെന്നോ, എല്ലാരും വിചാരിച്ചത് നീയൊരു ബ്രഹ്മ സമാജക്കാരിയാണെന്നാണ്'.

കുളിമുറിയിൽ ചെന്നപ്പോളുണ്ട്, നെഞ്ഞത്തുനിന്ന് തുരുതുരെ വർണ്ണപ്പൊടി വീഴുന്നു. ആരെപ്പോഴ് എറിഞ്ഞതാണെന്ന് അറിഞ്ഞതേയില്ല.

കുംഭം നാലിടത്താണെന്നറിയാം; പക്ഷെ വൃന്ദാവനത്തിലും കുംഭമുണ്ടെന്ന് അറിയില്ലായിരുന്നു. ഇത്തവണയാണ് കേട്ടത്.

രൂപഗോസ്വാമിയാണത്രെ ഇത് തുടങ്ങിവെച്ചത്. അദ്ദേഹം കുംഭമേളയുടെ പ്രമാണികളുടെ അടുത്ത് അപേക്ഷിച്ചു: ശ്രീധാമമായ വൃന്ദാവനം ശ്രീരാധാഗോവിന്ദന്മാരുടെ നിത്യ വിഹാരസ്ഥലമാണ്; പദ്മപുരാണം ഭാഗവതം ഇത്യാദി ഗ്രന്ഥങ്ങളിൽ ഇതിന്റെ മാഹാത്മ്യം വർണ്ണിക്കപ്പെട്ടിട്ടുണ്ട്. വിശേഷിച്ച് മഹാപ്രഭുവിന്റെ പരമാദരത്തിന്ന് പാത്രമായ സ്ഥലമാണിത്. അതിനാൽ വൃന്ദാവനത്തിലും കുംഭമേള അനുഷ്ഠിച്ചു പോരട്ടെ.

ആദ്യം അവർ വിരോധം പറഞ്ഞു: പണ്ടുപണ്ടേ നടന്നുവരുന്ന ഒന്നിനെ മാററുകയോ കൂട്ടുകയോ നടപ്പില്ലാത്ത കാര്യമാണ്.

രൂപൻ അപ്പോഴ് ശാസ്ത്രവും യുക്തിയും കൊണ്ട് ഇതിന്റെ പ്രയോജനീയത സമർത്ഥിച്ചു. ആചാര്യന്മാർക്ക് പിന്നെ സമ്മതിക്കാതിരിക്കാൻ കഴിഞ്ഞില്ല. കുംഭം പതിവുപോലെ മുമ്മൂന്നുകൊല്ലം കൂടുമ്പോഴ് നാലിടത്തുണ്ടാകുംപോലെത്തന്നെ നടക്കട്ടെ, ഇതിന് മാററംപാടില്ല; എന്നാൽ ഹരിദ്വാരത്ത് പൂർണ്ണകുംഭം ഉണ്ടാവുന്ന കൊല്ലം വൃന്ദാവനത്തിലും കുംഭസ്നാനയോഗം ഉണ്ടാവട്ടെ, എന്ന് തീരുമാനമായി. ഒരുമാസം മുമ്പ് വൃന്ദാവനത്തിൽ സന്യാസിമാർ

വന്നുചേരും. അവർ ഒത്തുചേർന്ന് വ്രജപഞ്ചകോശം പരിക്രമണം ചെയ്യും; ശ്രീപഞ്ചമി, ഏകാദശി, വസന്തപൂർണ്ണിമ എന്നീ വിശേഷ യോഗങ്ങളിൽ യമുനയിൽ സ്നാനംചെയ്യും. ആ വ്യവസ്ഥയാണ് ഇന്നേവരെ നടന്നുപോരുന്നത്. എല്ലാ സമ്പ്രദായത്തിലുംപെട്ട സന്യാസിമാരും മഹാത്മാക്കളും പന്ത്രണ്ടുകൊല്ലം കൂടുമ്പോഴ് ഇവിടെ ഒന്നിച്ചുചേർന്ന് വസന്തപൂർണ്ണിമദിവസം അവസാനത്തെ സ്നാനം കഴിച്ച് ഹരിദ്വാരത്തേയ്ക്കുപോവും.

രൂപൻ കാരണമായിട്ടുമാത്രമാണ് ഈ നടപ്പില്ലാത്ത കാര്യം നടപ്പായത്. എന്നിരിക്കിലും വിനയത്തിൻെറ അവതാരമായിരുന്നു അദ്ദേഹം. മഹാപണ്ഡിതനായ രൂപൻ സ്വന്തം പേരിനോട് 'ഗോസായി' എന്ന വാക്കുപോലും ഉപയോഗിച്ചിരുന്നില്ല ഒരിക്കലും. 'ഭക്തി രസാമൃതസിന്ധു' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം തൻെറ പേരെഴുതിയിരിക്കുന്നത് ''വരാകരൂപൻ'' എന്നാണത്രെ—''ക്ഷുദ്രനായ രൂപൻ'' എന്നർത്ഥം.

ഇതുതന്നെയല്ലേ വനമഹാരാജിൻെറ കുടീരം?

വലിയേച്ചി പറഞ്ഞു: 'പോകാം, ഉള്ളിൽ കടന്ന് അദ്ദേഹത്തെ ദർശിച്ചു വരാം. അറിയാമോ, ഇവിടത്തുകാരുടെ ഇടയിൽ ഇദ്ദേഹം വലിയൊരു ജനനിഷ്ഠനായ മഹാത്മാവാണ്. ഇത്തവണ ഇദ്ദേഹത്തിൻെറ പരിശ്രമംകൊണ്ടാണ് ഇവിടെ ഇത്രയേറെ സന്യാസിമാർ ഒന്നിച്ചുകൂടിയത്. ഇദ്ദേഹം വിചാരിച്ചിരുന്നില്ലെങ്കിൽ ഇത് നടക്കില്ലായിരുന്നു. സ്വതന്ത്ര ഭാരതത്തിലെ ഗവർമ്മെണ്ട് വിളംബരം ചെയ്തു, ഉത്സവത്തിന് ആനയെ കൊണ്ടുവരാൻ പാടില്ല, കഞ്ചാവ് വലിക്കാൻ പാടില്ല, കോളറയ്ക്കും വസൂരിക്കും കുത്തിവെക്കാതെ വരാൻ പാടില്ല. കേട്ടിട്ട് സന്യാസിമാർ ശുണ്ഠിയെടുത്തു ചാടി. ആനയും കുത്തിവെപ്പുമൊക്കെ മനസ്സിലാക്കാം; പക്ഷെ കഞ്ചാവില്ലാതെ ഇവർ കഴിഞ്ഞുകൂടുന്നതെങ്ങിനെ? ഇതാ ഇങ്ങിനത്തെ തണുപ്പ്, പ്രകൃതിയുടെ ഇത്രയേറെ ദുരുപയോഗം, ഇതിനോട് പടവെട്ടാൻ നിരാശ്രയരായ സന്യാസിമാർക്ക് ഈ കഞ്ചാവൊന്നുമാത്രമാണ് ഒരു സഹായം. വനമഹാരാജാണ് ഒടുക്കം സന്യാസിമാർക്കും ഭരണകർത്താക്കൾക്കും ഇടയിൽ ചാടി ഒരു ഒത്തുതീർപ്പുണ്ടാക്കിയത്. ആനയേയും കൊണ്ടുവരാൻ കഴിഞ്ഞു, കഞ്ചാവും തരപ്പെട്ടു; കുത്തിവെപ്പാകട്ടെ ഓരോ വഴിത്തിരിവിലും കാണുന്നുണ്ടല്ലൊ. സർട്ടിഫിക്കററ് കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരാളെത്തന്നെ എത്ര തവണയാണ് കുത്തിവെക്കുന്നത്!'

വനമഹാരാജ് കുടീരത്തിലില്ല, യമുനാതീരത്ത് സന്യാസിമാരുടെ ഇടയിലേക്ക് പോയിരിക്കയാണ്. ഇപ്പോഴാണ് ഞങ്ങൾ യമുനാതീരത്ത് ചുററിനടന്ന് വന്നത്; ഇനിയും അത്രയും ദൂരം പോവാമോ?

വലിയേച്ചി പറഞ്ഞു: 'എന്നാൽ നിൽക്കട്ടെ. ദർശനഭാഗ്യം നമ്മുടെ തലയിലെഴുതീട്ടില്ല. വിധിയെ മാനിക്കുകയാണ് നല്ലത്''.

വലിയ പടിവാതിൽ. കല്ലിൽ കൊത്തുവേല ചെയ്തിട്ടുള്ള ലാലാബാബുവിൻെറ അമ്പലത്തിൻെറ താഴിക വളരെ ദൂരെ നിന്നുതന്നെ കാണാം. ഒരു കഥയുണ്ട്, ലാലാബാബു ഒരു ദിവസം സന്ധ്യാസമയത്ത് തൻെറ ജമിദാരിയിൽ നടക്കാനിറങ്ങിയതായിരുന്നു; ഒരു മൺകുടിലിൽ ഒരു വണ്ണാൻെറ മകൾ അച്ഛനോട് പറയുന്നത് അദ്ദേഹം കേൾക്കാനിടയായി: 'അച്ഛാ, വാസനയ്ക്ക് തീ പൂട്ടരുതോ, പകല് കഴിയുകയാണല്ലൊ'. അന്നാട്ടിൽ വണ്ണാന്മാർ വെള്ളം തിളപ്പിക്കുന്ന പാത്രത്തിന് 'വാസന'യെന്നാണ് പറയുക. ഇപ്പറഞ്ഞത് ചെവിയിൽ വീണപ്പോൾ ലാലാബാബു നടുങ്ങിപ്പോയി: 'ശരിയാണല്ലൊ! വണ്ണാൻെറ മകൾ നേരാണ് പറഞ്ഞത്. എൻെറ ജീവിതസൂര്യനും അസ്തമിക്കുകയാണ്; എവിടെ, ഇന്നേവരെ വാസനയ്ക്ക് തീ കൊളുത്തിയില്ലല്ലൊ! എന്താണ് ചെയ്യുക?' ആലോചിച്ചാലോചിച്ച് മനസ്സമാധാനമില്ലാതെ അദ്ദേഹം വൃന്ദാവനത്തിലേയ്ക്ക് ഓടിവന്നു. സദ്ഗുരുവെ വേണം.

അനേകം പരീക്ഷകൾക്കുശേഷം സമസ്ത ഗർവ്വും പൊടിപൊടിയാക്കി മൺതരിയോട് ചേർത്തിട്ട് ഗുരു ലാലാബാബുവിനോട് കൃപ കാട്ടി. അത് മറെറാരു അദ്ഭുതകഥയാണ്.

ഈ അമ്പലത്തിൽ നിത്യവും ഒന്നാന്തരം ഊട്ടുണ്ടാവും. ഓരോ സന്ധ്യയ്ക്കും ഇരുപത്തഞ്ച് പാവങ്ങൾ ഉണ്ണും. എന്നെന്നേയ്ക്കുമുള്ള ഏർപ്പാടാണ്.

വഴിക്കുതന്നെയായിരുന്നു ലാലാബാബുവിൻെറ കുഞ്ജം. മാതൃദേവി വൃന്ദാവനത്തിലുണ്ടായിരുന്ന ഏതാനും ദിവസങ്ങളിൽ ഇവിടെയാണ് താമസിച്ചിരുന്നത്.

ജഗദാനന്ദസ്വാമി പറഞ്ഞുതന്നിരുന്നു, ''മുറി അടച്ചിട്ടാണെപ്പോഴും: ആളുകൾ അധികമൊന്നും കടക്കാറില്ല; അങ്ങിനെയാർക്കും അറിയുകയുമില്ല. പൂജാരിയോട് പറഞ്ഞ് പൂട്ട് തുറന്ന് മുറി കണ്ടുവരു''.

മുററം നിറയെ വള്ളികാം. ഇരു നിലക്കെട്ടിടം. ഞങ്ങാം ആ മുറി അന്വേഷിച്ച് പിടിച്ച് ഉള്ളിൽ കടന്നു. രണ്ടാം നിലയിൽ ഒരു ഭാഗത്തായി നീണ്ടൊരു മുറി, ഒരു ചുമരിന്മേൽ ഒരു വാതിൽ മാത്ര മുണ്ട്; നിരത്തിന്റെ ഭാഗത്തുള്ള ചുമരിന്മേൽ മരപ്പൊളികൊണ്ട് മറച്ച രണ്ടുമൂന്ന് ജനലുകാം; മററു രണ്ടു ചുമരും ആദ്യന്തം കെട്ടിയുറപ്പിച്ചി രിക്കുന്നു. ആ ഭാഗത്ത് വിശേഷിച്ച് മുറിയൊന്നുമില്ലെന്ന് തോന്നു ന്നു: അതാണ് വാതിലോ ജനലോ ഒന്നും വെച്ചിട്ടില്ലാത്തത്. ചുമരി ന്മേൽ മാതൃദേവിയുടെ ഒരു ചെറിയ ഫോട്ടോ ഫ്രെയിംചെയ്ത് ആണിയ ടിച്ച് തൂക്കീട്ടുണ്ട്. വസന്തപൂർണ്ണിമയായിട്ട് ആരോ ഒരാം അകത്തു കടന്ന് കണ്ണാടിച്ചില്ലിന്മുകളിലൂടെ അമ്മയുടെ സീമന്തരേഖയിലും കാൽ ക്കലും അൽപം വർണ്ണപ്പൊടി ചാർത്തീട്ടുണ്ട്. മനസ്സോർമ്മിച്ച് ചെയ്ത ഈ ചെറിയ കാര്യം എനിയ്ക്ക് ഉള്ളിൽ തട്ടി. പൊടി പുരണ്ട് വൃത്തി കേടായി കിടക്കുന്ന അടച്ചിട്ട മുറിയിലെ ദുർഗ്ഗന്ധത്തിനിടയ്ക്ക് മൃദുലമായ ഒരു പരിമളം പരത്തിയതുപോലെ. പൊടി മൂടിയ സിമൻറുതറയിൽ കാൽപ്പാടുകാം പതിപ്പിച്ചുംകൊണ്ട് ഞങ്ങാം വാതിൽ കടന്ന് പുറത്തിറങ്ങി. വളരെ പതുക്കെ വാതിൽ ചാരി. നേർത്തൊരു വള്ളിത്തലപ്പ് കീഴെനിന്ന് വളഞ്ഞ് വളഞ്ഞ് മേൽപോട്ട് കേറി പൊളിഞ്ഞ വാതിലിൻെറ പഴുതിലൂടെ മുറിക്കുള്ളിൽ കടന്നിരിക്കുന്നു; അററത്തുണ്ട് രണ്ട് കുരുക്കുത്തിമുല്ലപ്പൂക്കാം വിരിഞ്ഞു നിൽക്കുന്നു.

ഓരോരിടത്തു ചെന്നാൽ മനസ്സ് സ്തംഭിച്ചു നിൽക്കുകയാണ്, ക്ഷണനേരത്തെ സമ്പാദ്യം ആാംക്കൂട്ടത്തിനിടയിൽപെട്ട് നഷ്ടപ്പെട്ടു പോകുമെന്ന് പേടിച്ച് മുന്നോട്ടു നീങ്ങാൻ കൂട്ടാക്കുന്നില്ല. പക്ഷെ നീങ്ങിയേ തീരു. സമ്പാദ്യത്തിനുള്ള ലോഭം തന്നെ ഉള്ളിൽനിന്ന് തള്ളിക്കൊണ്ടിരിക്കുന്നു,

ഈ വ്രജത്തിലെ ഓരോ മൺതരിയിലും അലിഞ്ഞുകിടപ്പുണ്ട് ഭക്തപ്രാണന്മാരുടെ മഹിമ. അവസാനം കണ്ടെത്തുക വയ്യ. മഹാ പ്രഭു ഉടലെമ്പാടും പൂശിയിട്ടുണ്ടായിരുന്നു ഈ പൊടി; ഞങ്ങളോ രണ്ടു കൈകൊണ്ടും വസ്ത്രം പൊക്കി ഈ പൊടിയിൽനിന്ന് രക്ഷ പ്പെടാൻ കാല് കവച്ചുവെച്ച് നടക്കുകയാണ്. മനസ്സിൽ കുത്തലേൽ ക്കുന്നുണ്ട്, പക്ഷെ പോംവഴിയില്ലല്ലൊ.

മനസ്സിൽ പലപല അളക്കലും ചൊരിയലും നടക്കുന്നു. ശ്രീനി വാസാചാര്യൻെറ കുഞ്ജത്തിൽ ചെന്നെത്തി. മൺതിട്ടിന്നുമുകളിൽ അടുത്തടുത്തായി അതിപുരാതനമായ വേപ്പും പുളിയും; തിട്ടിലെ മണ്ണിലാകെ വേരുകാം ഉറപ്പിൽ കെട്ടിപ്പിണഞ്ഞു കിടക്കുന്നു, അതിൻെറ

ചുവട്ടിൽ ശ്രീനിവാസക്ഷേത്രം. ഒരുതവണ ഈ മരം മുറിക്കാൻ ഭാവി ച്ചപ്പോൾ കണ്ടു, മരത്തിന്മേൽ കോടാലി വീണപ്പോഴേക്കും ധാരധാര യായി രക്തം ഒഴുകുന്നത്. മരം പിന്നീട് മുറിച്ചില്ല.

ശാന്തിക്കാരൻ പറഞ്ഞു; 'വനവിഷ്ണുപുരത്തെ രാജാവ് വഴി മദ്ധ്യേ കൊള്ളയടിച്ച് വളരെ വിലപിടിച്ച ഗോസ്വാമിഗ്രന്ഥം മുഴു വൻ തട്ടിക്കൊണ്ടുപോവുകയുണ്ടായല്ലൊ; തിരുമേനി മൂന്നുനാാം മണൽപിണ്ഡം കഴിച്ച് പ്രായശ്ചിത്തം ചെയ്തു. അക്കഥയൊക്കെ അറി യാമല്ലൊ. ഇവിടുന്നാണ് ആ ശ്രീനിവാസപ്രഭു ജീവഗോസ്വാമി ഇവിടുത്തെ രണ്ടുപെട്ടി ധർമ്മഗ്രന്ഥങ്ങളുടെ കെട്ടുമായി ധർമ്മപ്രച രണത്തിന് ഗൌഡദേശത്തേയ്ക്ക് അയച്ചു. ഒടുക്കം പക്ഷെ ആ രാജാവ്തന്നെ ശ്രീനിവാസപ്രഭുവിൻെറ ഭക്തനായി മാറി; അദ്ദേഹം ചോദിച്ചു, പ്രഭോ അങ്ങയ്ക്ക്വേണ്ടി ഞാൻ എന്തു ചെയ്യട്ടെ? പ്രഭു പറഞ്ഞു, ഈ നാട്ടിലേക്ക് വരുംവഴി ഗ്രന്ഥം നിറച്ച രണ്ടു പെട്ടി കൊള്ളയടിക്കപ്പെട്ടു പോയിട്ടുണ്ട്. രാജൻ· അങ്ങ് വിചാരിച്ചാൽ അങ്ങയുടെ ആാക്കാരെ അയച്ച് അത് വീണ്ടെടുക്കാൻ കഴിയും. അങ്ങ യിൽനിന്ന് അതാണ് ഞാൻ പ്രതീക്ഷിക്കുന്നത്. രാജാവ് പറഞ്ഞു, പ്രഭോ, രണ്ടു പെട്ടിയോ? ഒരു ദിവസം രാജ ജ്യോതിഷി പ്രശ്നം വെച്ച് എന്നോട് പറയുകയുണ്ടായി.

വളരെ വിലപിടിച്ച രത്നങ്ങളും മററും നിറച്ച രണ്ടു പെട്ടികൾ വണ്ടിയിൽ കേററി ഈ രാജ്യത്തിലൂടെ വരുന്നുണ്ടെന്ന്. അതുകേട്ട് ഞാൻ എൻെറ ആാക്കാരെ അയച്ച് അത് തട്ടിയെടുത്ത് ഭണ്ഡാരപ്പുര യിൽ തള്ളി. ഇന്നേവരെ തുറന്നുനോക്കാൻ സമയം കിട്ടിയില്ല. ഇതു തന്നെയാണോ ആ പെട്ടിയെന്ന് അങ്ങ് വന്ന് നോക്കുമാറാകണം.

പ്രഭു അതുകണ്ടിട്ട് ആനന്ദംകൊണ്ട് നൃത്തംവെക്കാൻ തുടങ്ങി. അവിടുന്ന് പറഞ്ഞു: 'മഹാരാജാവേ, ജ്യോതിഷി പറഞ്ഞത് കളവല്ല. അമൂല്യമായ രത്നമാണ് ഇതിനുള്ളിൽ. യാതൊന്നുകൊണ്ട് മനു ഷ്യജീവിതത്തിൻെറ പരമസാർത്ഥകത പ്രാപിക്കാമോ, എല്ലാ ഇല്ലായ്മ യും നിറവേററാവുന്നത് യാതൊന്നുകൊണ്ടോ, അതാണല്ലൊ രത്നം. അർത്ഥത്തിന്നർത്ഥം—അഭാവപൂരണം; പക്ഷെ, രാജൻെറ അർത്ഥ ത്തിന്ന് വാസ്തവത്തിൽ അഭാവം പൂരിപ്പിക്കാൻ കഴിയുമോ? അത് അഭാവം വർദ്ധിപ്പിക്കുകയാണ് ചെയ്യുക. എത്രകണ്ട് അർത്ഥം ലഭി ക്കുന്നുവോ അതിലും എത്രയോ മടങ്ങ് അഭാവം വന്ന് മനുഷ്യനെ ആക്രമിക്കുന്നു. രാജൻ, ഈ ഗ്രന്ഥങ്ങൾ അങ്ങയുടെ അരമനയിൽ വിരാജിച്ചുവല്ലൊ, അങ്ങ് ധന്യനാണ്''.

'രാജാവ് മനസ്സിളകി കടപുഴങ്ങിയ മരം പോലെ പ്രഭുവിന്റെ കാൽക്കൽ വീണു. അദ്ദേഹം പറഞ്ഞു, ഞാൻ രാജാവാണെങ്കിലും ആചരണംകൊണ്ട് കൊള്ളക്കാരനാണ്. എനിയ്ക്ക് ഈ തൃക്കാലിന്റെ ആശ്രയം ഇല്ലാതാക്കരുതേ'.

ശാന്തിക്കാരൻ നിർത്തി. വളരെ നേരം നിശ്ശബ്ദമായി കടന്നു പോയി.

ഏട്ടൻ പറഞ്ഞു: 'ഞങ്ങളെന്നാൽ വരട്ടെ. സംസാരിപ്പിച്ചിട്ട് അങ്ങയ്ക്ക് വലിയ ബുദ്ധിമുട്ടാക്കി, അല്ലേ'.

ശാന്തിക്കാരൻ പറഞ്ഞു: 'ബുദ്ധിമുട്ടോ! നിങ്ങളെ കേൾപ്പിച്ചിട്ട് എനിയ്ക്കും ഒരിക്കൽകൂടി ഭഗവാന്റെ കഥ കേൾക്കാൻ കഴിയുകയാണുണ്ടായത്. നിങ്ങളുടെ ദയ കൊണ്ടാണ് അത് തരപ്പെട്ടത്. ഒരു സുഹൃത്തിന്റെ കാര്യമാണ് നിങ്ങൾ ഈ ചെയ്തത്. അതുകൊണ്ട് എന്റെ നമസ്കാരം അറിയിച്ചുകൊള്ളട്ടെ, സ്വീകരിക്കുമാറാകണം'. ഇങ്ങനെ പറഞ്ഞ് അദ്ദേഹം കൂപ്പിയ കൈ നെററിയിൽ മുട്ടിച്ചുകൊണ്ട് തലകുനിച്ചു; ഏട്ടൻ 'അയ്യോ എന്താണ് ചെയ്യുന്നത്?' എന്നുപറഞ്ഞ് തല അതിലുമധികം കുനിച്ചു.

മാനസിംഹന്റെ മൂന്നമ്പലങ്ങളിൽ ഒന്ന് ഇപ്പോഴും കാണാൻ ബാക്കിയാണ്—ഗോപീനാഥക്ഷേത്രം. മാനസിംഹന്ന് മുമ്പ് ഗോപീനാഥൻ വാണരുളിയിരുന്ന അമ്പലം പഴയതും ജീർണ്ണിച്ചതുമാണ്. അതിൽ ഇപ്പോഴുള്ളത് ശ്രീഗൌരാംഗനാണ്. കറുത്ത് വയസ്സുചെന്ന ശാന്തിക്കാരൻ പല്ലില്ലാത്ത വായകൊണ്ട് 'ഫ ഫ' യെന്നാണ് വർത്തമാനം പറയുന്നത്. അദ്ദേഹം പറഞ്ഞു: 'ആദ്യം ഇവിടുത്തെ ദർശിച്ചിട്ട് പോകു. ചൈതന്യന്റെ രൂപം ചിന്തിച്ച് ചിന്തിച്ച് ഗോവിന്ദൻ ഗൌരാംഗനായിപ്പോയി',

തൊട്ടടുത്ത അമ്പലത്തിലാണ് ഗോപീനാഥൻ. ഗോപീനാഥൻ, അവ്ടുത്തെ വക്ഷഃസ്ഥലമാണ് പ്രധാനം—ഗോപിമാരുടെ ആശ്രയസ്ഥാനം. പക്ഷെ ആ വക്ഷസ്സുണ്ട് ആകെ കുപ്പായവും ഉത്തരീയവും കൊണ്ട് മൂടിയിരിക്കുന്നു!

വലിയേച്ചി പറഞ്ഞു: 'ഇത് വാസ്തവത്തിലുള്ള മൂർത്തിയല്ല, അവിടുന്ന് ജയപൂരിലാണല്ലൊ. അവിടെച്ചെന്ന് ആ വ്രജനാഥഗോപീനാഥനെ നന്നായി കണ്ടോളൂ. മധുപണ്ഡിതനാണ് ഗോപീനാഥനെ സ്വപ്നത്തിൽ വംശീവടതലത്തിൽ കണ്ടെത്തിയത്''

രാധാരമണക്ഷേത്രം അടച്ചിരിക്കയാണ്. ഉള്ളിൽ നൈവേദ്യപൂജ നടക്കുകയാണ്, പത്തുപതിനഞ്ച് മിനിട്ട് കാത്തുനിൽക്കണം. ഞങ്ങൾ കല്ലുപതിച്ച മുററത്തിൻെറ ഓരത്തുള്ള തണുത്ത തിണ്ണമേൽ കാലുംതൂക്കിയിരിപ്പായി. പരമസുന്ദരനായ ഒരു വൈഷ്ണവൻ കുളി കഴിഞ്ഞ് ചന്ദനംതൊട്ട് അമ്പലത്തിന്നു മുമ്പിൽ കൂപ്പിയ കൈകൾ തലയ്ക്കു മുകളിൽ നീട്ടിച്ചേർത്തുപിടിച്ചുംകൊണ്ട് സാഷ്ടാംഗം വീണു. എത്രയോ നമസ്കാരം കണ്ടിരിക്കുന്നു, എത്രയോ നമസ്കാരം ചെയ്തിരിക്കുന്നു, പക്ഷെ നമസ്കാരത്തിൻെറ ഭംഗി മുഴുവൻ ഇങ്ങിനെ ഇതിനുമുമ്പ് തെളിഞ്ഞുകാണുകയുണ്ടായിട്ടില്ല. മിന്നൽ പിണരുപോലെ ഗൌരാംഗൻെറ രൂപം കൺമുമ്പിൽ കളിയാടി. ഈ പ്രായത്തിൽ അവിടുന്നും തൻെറ സൌന്ദര്യഭണ്ഡാരവുമായി ഇദ്ദത പോലെ വ്രജാങ്കണത്തിൽ വന്നു നിന്നിരുന്നല്ലോ.

മഹാപ്രഭുവിൻെറ പ്രിയ പാർഷദന്മാർ—

ശ്രീരൂപ, ശ്രീജീവ, ഗോപാലഭട്ടനും
ഭട്ടരഘുനാഥ, ദാസരഘുനാഥൻ,
പിന്നെസ്സനാതന, നീയാദ ഗോസായി–
വൃന്ദമാ വൃന്ദാവനത്തിൽ വാഴ്കെ
അന്നങ്ങു നിത്യവും കേളിയാടീടിനാർ
ഒന്നിച്ചു് രാധയും രാധാരമണനും.

ഈ ആറു ഗോസായിമാരിൽ ഒരാളാണ് ഗോപാലഭട്ടൻ—ദാക്ഷിണാത്യനായ ഒരു ബ്രാഹ്മണൻ; അദ്ദേഹത്തിൻെറ ഇഷ്ടദേവതയാണ് ഈ ശ്രീ രാധാരമണൻ.

ഈ രാധാരമണൻ ആദ്യം ഒരു സാളഗ്രാമശിലയായിരുന്നെന്നാണ് കേൾവി. ഒരിക്കൽ ഒരു ധനികൻ വൃന്ദാവനത്തിൽ വന്ന് എല്ലാ അമ്പലങ്ങളിലേയും ബിംബങ്ങളെ ആടയാഭരണങ്ങൾ ചാർത്തി അലങ്കരിച്ചു. അദ്ദേഹം ഗോപാലഭട്ടൻെറ അടുത്തും വന്ന് അദ്ദേഹത്തിൻെറ ദേവനും ആടയാഭരണങ്ങൾ ചാർത്താൻ ആഗ്രഹം പ്രകടിപ്പിച്ചു. ഗോപാലഭട്ടൻ പറഞ്ഞു; 'എൻെറ ദേവൻ സാളഗ്രാമമാണല്ലൊ, അവിടത്തെ തിരുവുടലിൽ പണ്ടങ്ങളണിയിക്കാൻ ഇടമെവിടെ?'

രാത്രി പൂജക്കുശേഷം ഗോപാലഭട്ടൻ സാളഗ്രാമശില ഒരു ചെപ്പിനുള്ളിൽവെച്ചു സൂക്ഷിക്കുമായിരുന്നു. അന്ന് അദ്ദേഹം അങ്ങിനെ വെക്കുമ്പോൾ വിചാരിച്ചു: 'ആഹാ, എൻെറ ദേവന്ന് മൂക്കും വായും കൈയും കാലും കണ്ണും ചെവിയുമുണ്ടായിരുന്നെങ്കിൽ

മററുള്ളവരെപ്പോലെ എങ്ങിനെയെല്ലാം പലപല പണ്ടങ്ങളും പുടവകളും ചാർത്താമായിരുന്നു.

ഭക്തൻെറ ആഗ്രഹം ദേവൻ സഫലമാക്കാതിരിക്കില്ലത്രെ. രാവിലെ ഗോപാലഭട്ടൻ ചെപ്പ് തുറന്നു നോക്കുമ്പോഴുണ്ട്, ചെപ്പ് നിറയെ ഒരു കരിങ്കൽ വിഗ്രഹം. ആഹ്ളാദം കൊണ്ട് അടക്കമററ ഗോപാലഭട്ടൻ അപ്പോൾത്തന്നെ ആ ദാനശീലനെ വിളിച്ചുവരുത്തി— 'നിങ്ങളുടെ പണ്ടങ്ങളും പുടവയും അണിയാൻ തന്നെയോ എൻെറ പ്രാണദേവത രൂപം കൈക്കൊണ്ടത്?'

വ്രജരമണൻ പറഞ്ഞു: 'ഇതിൻെറ സത്യം പ്രമാണീകരിയ്ക്കാനായിക്കൊണ്ട് വിഗ്രഹത്തിൻെറ പശ്ചാദ്ഭാഗത്ത് സാളഗ്രാമശിലയുടെ അൽപാംശം ഇന്നും ദൃഷ്ടമത്രെ. ജന്മാഷ്ടമിയിലെ അഭിഷേകസമയത്തിങ്കൽ സാധാരണ ജനഗണത്തിന്നും ആയത് ദർശിക്കാവുന്നതാണ്'.

വാതിൽ തുറക്കുകയായി; മണിയടി മുഴങ്ങി. ഞങ്ങൾ എഴുന്നേററ് മുമ്പിൽ ചെന്നുനിന്നു. മണിമുഴക്കം കാതിലേൽക്കേ എല്ലാവരും ചുററുപാടുംനിന്ന് ഓടിവരാൻ തുടങ്ങി. ജാലവിദ്യകൊണ്ടെന്നോണം അമ്പലമുററം സ്ത്രീപുരുഷന്മാരെക്കൊണ്ട് നിറഞ്ഞു. ഉയർന്നൊരു വരാന്തക്കുമുകളിലാണ് ശ്രീകോവിൽ. കൊച്ചുവിഗ്രഹം, ഉടയാടയും പണ്ടങ്ങളുംകൊണ്ട് തെളുതെളെ തിളങ്ങുന്നു. എല്ലാരും പൂവും വില്വപത്രവും എറിഞ്ഞുകൊണ്ട് അഞ്ജലിയർപ്പിക്കുന്നു, സ്തോത്രവും കീർത്തനവും പാടുന്നു, ഇമവെട്ടാതെ മുന്നോട്ടുതന്നെ നോക്കി ദേവനെ ആവുന്നേടത്തോളം ദർശിക്കുന്നു; ഇതാ ഇപ്പോൾ കൺമുമ്പിൽനിന്ന് മറയുമെന്നതുകൊണ്ട്.

ഓടിക്കിതച്ചുകൊണ്ട് രണ്ട് വൃദ്ധന്മാർ — ഒരാൾ കൂനിക്കൊണ്ടാണ് — വന്ന് ഉള്ളിൽ കടന്നു. ഒന്ന് കണ്ട് തൊഴുകയേ വേണ്ടു അവർക്ക്, എന്തൊരാഗ്രഹമാണ് കണ്ണിലും മുഖത്തും. ഏതിലൂടെയാണ് മുന്നോട്ട് നീങ്ങുക—ഒഴിവുള്ളേടത്തുകൂടിയൊക്കെ കഴുത്തു നീട്ടി എത്തിനോക്കുകയാണ്, സമയം ഏറെയില്ല. ഒരാൾ മറേറയാളെ മുന്നോട്ടു കടത്തുന്നു, 'ആഹാ, നീതന്നെ കണ്ടോ'. ഞാൻ അവർക്ക് സ്ഥലം വിട്ടുകൊടുത്ത് ഒരു ഭാഗത്തേക്ക് മാറിനിന്നു. കവിളൊട്ടി പല്ല്കൊഴിഞ്ഞ അവരുടെ മുഖത്ത് എന്തൊരു പരിതൃപ്തിയുടെ ചിരിയാണ് വിരിഞ്ഞുകാണായത്; ദർശനം ലഭിച്ചതിൻെറ ആനന്ദം കൊണ്ട് രണ്ടു കണ്ണും തെളുതെളെ തിളങ്ങുന്നു. ദാഹത്തിൽ ആകണ്ഠം മുഴികിയ അവരുടെ പ്രാണന്ന് ശാന്തി കിട്ടി. നരച്ച തലമുടി പാറുന്ന

കഷണ്ടിത്തല ഇളക്കിക്കൊണ്ട് ദേവനെ ദർശിക്കുകയാണ്. കണ്ടിട്ട് നന്നെ പിടിച്ചതുപോലെ; ശരിക്കിങ്ങനെത്തന്നെയാണ് കാണാൻ കൊതിച്ചിരുന്നതെന്ന മട്ടിൽ.

വലിയേച്ചി ചോദിച്ചു: 'എന്താ ചെയ്യത്? അമ്പലനട അടച്ചു വല്ലൊ, തൊഴുതില്ലേ?'

അമ്പലം തുറക്കുന്നതോടൊപ്പംതന്നെ വലിയേച്ചി പൂവും വില്വപത്രവും കൈയിൽ തന്നിരുന്നു. പക്ഷെ—മുഷ്ടിയിലെ പൂവും വില്വപത്രവും ആരും കാണാതെ സോപാനത്തിൻെറ ഒരു ഭാഗത്തിട്ട് കളഞ്ഞ് ഞാൻ പുറത്തേക്കു പോന്നു.

വയസ്സുചെന്ന ഒരു വിധവ സ്വയം മുന്നോട്ടുവന്ന് പറഞ്ഞു: 'ങ്ഹാ മക്കളേ, ദൂരനാട്ടിൽനിന്ന് വന്നിട്ട് ഗിരിധാരിയെ കാണാതിരുന്നാൽ പററുമോ? ഗിരിധാരിയെ കണ്ടിട്ട് പോവു, അടുത്തുതന്നെയാണല്ലൊ'.

വലിയേച്ചി ചോദിച്ചു: 'നിങ്ങഠം പോകുന്നുണ്ടോ?'

'ഞാനിതാ ഇപ്പോഠം അവിടെനിന്ന് വന്നതേയുള്ളു; എനി പോകുന്നില്ല. പക്ഷെ വഴി ഇതുതന്നെയാണ്, നേരെ പോയി വലത്തോട്ട് തിരിഞ്ഞ് രണ്ടടി നടന്നാലായി'.

അമ്പലം ചെന്നുകണ്ടു—ഗോകുലാനന്ദരാധാവിനോദൻ. ഗിരിധാരിയെവിടെ?

ഒറീസ്സക്കാരനായ ശാന്തിക്കാരൻ പറഞ്ഞു: 'ഉണ്ട്, ഉണ്ട്; അഞ്ച് കാലുറുപ്പിക ദക്ഷിണയാവും'.

അഞ്ച് കാലുറുപ്പിക എണ്ണിനോക്കി എടുത്ത് ശാന്തിക്കാരൻ ബിംബത്തിൻെറ തിരശ്ശീല നീക്കി ഇരുട്ടുപിടിച്ച മൂലയിലേക്കുമാറി. അൽപം കഴിഞ്ഞിട്ട് ചെറിയൊരു പിച്ചളപ്പെട്ടിയുമായി വാതിൽക്കൽ വന്നുനിന്നു.

ഞങ്ങഠം കൌതൂഹലത്തോടെ മുന്നോട്ട് കുനിഞ്ഞു; എന്തായിരിക്കും ഇതിൽനിന്നു പുറത്തുവരിക! കാണാനെങ്ങിനെയിരിക്കും!

ശാന്തിക്കാരൻ മുമ്പിലും പിമ്പിലും നോക്കി വളരെ പതുക്കെ പെട്ടി തുറന്ന് ചതുരാകൃതിയിലുള്ള ചെറിയൊരു കല്ല് കയ്യിലെടുത്ത് പറഞ്ഞു, 'കണ്ടോളു'.

മഹാപ്രഭു കൈയിലെടുത്ത് കണ്ണിൽ, നെഞ്ഞത്ത് വെച്ചുകൊണ്ട് ജപിച്ചുപോന്ന, മൂക്കിന്നു മുന്നിൽ പിടിച്ച് മണത്തുപോന്ന, ആ ഗിരിഗോവർദ്ധനശിലാഖണ്ഡമാണിത്. കുന്നിമാലയും കഴുത്തിലണിഞ്ഞ് അവിടുന്ന് പുരിധാമത്തിൽ ഗംഭീരാനദിക്കടവിൽ, മൂന്ന് കൊല്ലക്കാലം ഇങ്ങിനെ ജപിച്ചിരുന്നു.

തള്ളവിരലും ചൂണ്ടുവിരലും കൊണ്ട് പിടിച്ച് പിടിച്ച് കല്ലിന്മേൽ ഒരിടത്ത് തള്ളവിരലിന്റെ പാട് സ്പഷ്ടമായി വീണിട്ടുണ്ട്, കുഴമണ്ണിൽ ആരോ വിരലമർത്തിയതുപോലെ.

ശാന്തിക്കാരൻ തന്റെ തള്ളവിരൽ ആ അടയാളത്തിന്മേൽ അമർത്തിപ്പിടിച്ചുകൊണ്ട് പറഞ്ഞു: 'നോക്കു, ഇതാ ഇങ്ങിനെയാണ് ഇതിന്മേൽ അടയാളം വീണത്''.

പിൽക്കാലത്ത് മഹാപ്രഭു ഈ ശിലയും ജപിയ്ക്കാനുള്ള കുന്നിമാലയും രഘുനാഥദാസഗോസ്വാമിയ്ക്ക് സ്വന്തം കൈകൊണ്ട് ദാനംചെയ്തു.

രഘുനാഥന്റെ ആനന്ദത്തിന്നതിരില്ല. അദ്ദേഹം വിചാരിക്കുകയാണ്, പ്രഭു—

''ഈയുള്ളേടാനു കൊടുത്തല്ലോ ഗിരിഗോവർദ്ധനം ശില
രാധികാവരണം കുന്നിമാലയും നൽകിയിന്നുമേ''.

മഹാപ്രഭു പറഞ്ഞിരുന്നു, 'ഈ ശിലയെ സാക്ഷാൽ വ്രജേന്ദ്രനന്ദനനെന്ന് കരുതി ഇതിന് സാത്വികപൂജ ചെയ്യണം—

'ഒരു കൂജ ജലം പിന്നെ തുളസിക്കുലയോടെയും
സാത്വികം പൂജ ചെയ്യേണം ശുദ്ധമാം ഭാവമോടെ താൻ
രണ്ടു ഭാഗം രണ്ടു പത്രം മദ്ധ്യേ മഞ്ജരി കോമളം
ഇമ്മട്ടു കുലയെട്ടെണ്ണം ശ്രദ്ധയോടെ കൊടുക്കണം'.

രഘുനാഥൻ അവസാന നാളംവരെ ഈ ശിലയും മാലയും സൂക്ഷിച്ചിരുന്നു. അതിനുശേഷം ഗോകുലാനന്ദക്ഷേത്രത്തിൽ ഈ ശില പൂജിക്കപ്പെട്ടു വരികയാണ്.

വലിയേച്ചി പറഞ്ഞു: 'ജപമാല, ബാങ്കിൽ സൂക്ഷിച്ച പണം പോലെ. നോക്കു, എല്ലാം ചുട്ടുകളയും, പക്ഷെ മാല ചുടില്ല. തക്കതായ അധികാരിക്ക് കൊടുക്കുകയാണ് ചെയ്യുക; ബാങ്കിലെ ക്രെഡിററ് ബാലൻസുമായിട്ടാണ് അയാൾ ജപം ആരംഭിക്കുന്നത്.

ആ ജപമാല രാമകൃഷ്ണദേവൻ മാതൃദേവിയുടെ കാൽക്കൽ അർപ്പിച്ചിരുന്നു. അപ്പോഠം ആലോചിച്ചുനോക്കു, അവർ എന്തൊരു മഹാശക്തി ശാലിനിയായിരുന്നെന്ന്''.

നികുഞ്ജവനം കണ്ടുകഴിഞ്ഞു; നിധുവനം ബാക്കിയാണ്. ഒരു വനം കണ്ടത് രാത്രിയിലെ ഇരുട്ടത്താണ്; മറേറ വനം കാണുന്നത് പകൽ വെളിച്ചത്തും.

നികുഞ്ജവനംപോലെത്തന്നെ ഉയർന്ന മതിൽ ചുററിയതാണ് നിധുവനവും, വഴിയുടെ അപ്പുറം. ഒരു ഗുജറാത്തി ഭാര്യയോടുകൂടി അവിടെനിന്ന് സഞ്ചിയിൽനിന്ന് പഴുത്ത പേരക്ക പുറത്തെടുത്ത് കുരങ്ങന്മാരെ തീററുന്നു. ശശിമഹാരാജിൻെറ കരുതൽ ഓർമ്മവന്നു. ചുമലിൽ തൂക്കിയിട്ട സഞ്ചി വ്രജരമണൻെറ കൈയിൽ കൊടുത്തു. സഞ്ചിയിൽ ആഹാരസാധനമാണെന്നു കരുതി എന്നെ കടന്നുപിടിച്ചാലോ. വ്രജരമണൻ വൈഷ്ണവനാണ്, കുരങ്ങന്മാർക്ക് അത് മനസ്സിലാക്കാൻ ബുദ്ധിയുണ്ട്.

കുരുക്കുത്തിമുല്ലവള്ളികൊണ്ട് നിറഞ്ഞ വനം. തികച്ചും നാം സാധാരണ കാണുന്ന പോലെയല്ല ഈ വള്ളി. മുരട് വണ്ണമുള്ള മരത്തിൻെറ തടിപോലെയുണ്ട്, കൊമ്പുകളും നല്ല വണ്ണമുണ്ട്; പക്ഷെ എല്ലാം ചാഞ്ഞുവളഞ്ഞ് ഒന്ന് മറെറാന്നുമായി കൂട്ടിപ്പിണഞ്ഞ് തൂങ്ങുകയാണ്—പെൺകിടാങ്ങഠം കഴുത്തിൽ കൈ പിണച്ച് വട്ടത്തിൽ നൃത്തം വെക്കുന്നതിനിടയ്ക്ക് മുമ്പോട്ട് കുനിയുന്നതുപോലെ. ഓരോ ചെടികൊണ്ടും ഓരോ കുററിക്കാടുണ്ടായിരിക്കുന്നു. വനം മുഴുവൻ ഇമ്മാതിരി കുററിക്കാട് നിറഞ്ഞിരിക്കുന്നു. നടന്നുപോവാൻ നല്ല വെടിപ്പുള്ള വഴി, ആരോ അടിച്ചുവാരി വൃത്തിയാക്കിവെച്ചതുപോലുണ്ട്. ഒരുതുണ്ടം കരിയിലയില്ല ഒരിടത്തും. പച്ചക്കുററിക്കാടുകഠംക്കിടയിൽ വെളുത്തു നേർത്ത വഴികഠം ഒളിച്ചുകളിക്കുംപോലെയുണ്ട്. എല്ലാം ചേർന്ന് അത്യന്തം സുന്ദരമായ ഒരു കുസൃതിഭാവം.

വ്രജരമണൻ പറഞ്ഞു: 'ഇതൊരു മഹാശ്ചര്യപ്രദമായ മഹിമ തന്നെ! വൃക്ഷസമൂഹം ലതാരൂപം ധരിച്ച് വ്രജരജസ്സിങ്കൽ പ്രണമിയ്ക്കുകയത്രെ ചെയ്യുന്നത്''.

സിൽക്കു കുപ്പായവും പനിനീർപ്പൂ നിറത്തിലുള്ള തലക്കെട്ടു മണിഞ്ഞ ഒരു പണ്ഡ, പല പ്രായക്കാരായ ഒരുകൂട്ടം തീർത്ഥയാത്ര

ക്കാരികളുടെ നടുക്കുനിന്ന് കൈവീശിക്കൊണ്ട് പറകയാണ്, 'ഇതാണ് മുക്താലത. ശ്രാവണമാസം ചുകന്ന നിറത്തിലുള്ള മുക്തകൾ ഇതിൽ മിന്നും. അത് കണ്ടിട്ട് യാത്രക്കാരുടെ ജീവിതം സാർത്ഥകമാവും'.

അത് കേട്ടിട്ട് പെണ്ണുങ്ങൾ ആശ്ചര്യത്തോടെ കണ്ണുമിഴിച്ച് നാലുപാടുമുള്ള കുററിക്കാടിനുനേർക്ക് നോക്കുന്നു.

പച്ചനിറത്തിൽ കുലകുലയായുള്ള കായകൾ ശ്രാവണമാസത്തിൽ പഴുക്കുമായിരിക്കും.

ഞങ്ങൾ പിന്നേയും പിന്നേയും ചെടിക്കൂട്ടത്തിന്ന് ചുവട്ടിലൂടെ നടക്കുകയാണ്. ഭാവാവിഷ്ടനായ വ്രജരമണൻ പറഞ്ഞു: 'വൃന്ദാവനത്തിലെ വൃക്ഷാവലി ഊർദ്ധ്വമുഖിയല്ലെന്ന് ശ്രുതിയുണ്ട്, ആയതിന്റെ സത്യമാകട്ടെ ഇവിടെവെച്ചാണ് ബോദ്ധ്യമാകുന്നത്'.

സന്യാസിമാരും മഹാപുരുഷന്മാരും പറയുന്നത്, 'വൃന്ദാവനത്തിലെ രജസ്സിന്നുവേണ്ടി വൃക്ഷഗുൽമങ്ങൾ ലാലായിതങ്ങളാണെ' ന്നാണ്. ഉദ്ധവനും പറഞ്ഞിട്ടുണ്ട്, 'ഞാൻ ഈ വ്രജധാമത്തിൽ തൃണഗുൽമരൂപത്തിൽ ജന്മമെടുത്തോട്ടെ. കൃഷ്ണപ്രേമഭ്രാന്തകളായ വ്രജഗോപിമാരുടെ ചരണരേണു കലർന്നിട്ടുണ്ടല്ലൊ ഇവിടത്തെ മൺതരികളിൽ' എന്ന്.

ആൾക്കാരുടെ പടയുമായി ആ പണ്ഡയും ഞങ്ങളുടെ മുമ്പേ നടക്കുന്നുണ്ട്. പഴക്കംചെന്ന മരങ്ങളുടെ കുനിഞ്ഞ് നിലത്തുമുട്ടിയ തടിച്ച കൊമ്പുകളിലൊന്ന് രണ്ടു കൈകൊണ്ടും പിടിച്ച് പണ്ഡ യാത്രക്കാരോട് പറയുകയാണ്, 'ഇതാ ഈ കാണുന്ന മരക്കൊമ്പുകളുണ്ടല്ലൊ, ഇവ മരക്കൊമ്പുകളല്ല'.

ഞാൻ നടത്തം നിർത്തി ചെവി വട്ടം പിടിച്ചു.

പണ്ഡ പറകയാണ്: 'കൃഷ്ണൻ ഇവിടെ കളിക്കാൻ വന്നു; അപ്പോൾ ദേവന്മാർ പറഞ്ഞു, ഞങ്ങളും വരുന്നുണ്ട് കാണാൻ. കൃഷ്ണൻ പറഞ്ഞു, പക്ഷെ ഈ വേഷത്തിൽ വരാൻ പററില്ല. ആളുകൾ മനസ്സിലാക്കിക്കളയും. ദേവന്മാർ പറഞ്ഞു, ശരി, തിരിച്ചറിയാൻ പററാത്ത വിധത്തിൽ വേഷം മാറി പോകാം. അപ്പോൾ ദേവന്മാർ ഈ മരക്കൊമ്പുകളായി ഇവിടെ വന്നു. കാണുന്നില്ലേ, ഇല മണ്ണിൽ വീഴുമെന്ന് എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്; പക്ഷെ കൊമ്പ് വല്ലപ്പോഴും മണ്ണിൽ വീഴാറുണ്ടോ? എന്നാൽ ഇവിടെ നോക്കു, കൊമ്പുകളും നിലത്ത് കുമ്പിടുന്നു. വ്രജധാമത്തിൽ ദേവന്മാർ

ഇങ്ങിനെ പാദരേണുക്കാം നേടുകയാണ്. ഇവിടെ തൊഴണം, തൊഴു താൽ എത്രയോ ദേവന്മാരെ തൊഴുത ഫലമാവും'.

ഈ നിധുവനത്തിൽവെച്ചാണ് ഹരിദാസസ്വാമികാംക്ക് 'ബാങ്കേ വിഹാരി' യെ കിട്ടിയത്. ഹരിദാസസ്വാമികാം ഇവിടെ ഭജനം ചെയ്യു കയായിരുന്നു; ഒരു ദിവസം സ്വപ്നം കണ്ടു, കൃഷ്ണൻ പറയുക യാണ്, ''ഞാൻ ഈ സ്ഥലത്ത് മണ്ണിനടിയിലുണ്ട്, നീ എന്നെ പുറത്തെടുക്കണം''. പിറേറന്ന് ആ സ്ഥലം കുഴിച്ച് മണ്ണ് നീക്കി യതോടെ അവിടുന്ന് ആവിർഭവിച്ചു. അതാണ് അന്ന് ബാങ്കേ വിഹാരിയെ ദർശിക്കുന്ന സമയം വൈഷ്ണവന്മാർ പാടിയിരുന്നത്—

'ജയ ജയ രാധാ ബങ്കബിഹാരീ,
രാധാ ബങ്കബിഹാരീ രാധേ,
ഹരിദാസ് സ്വാമീർ പ്രാണധൻ ഹേ'.

ഈ ഹരിദാസസ്വാമികാം തന്നെയാണ് അക്ബറുടെ ദർബാറിലെ പ്രധാനഗായകനായ താൻസേനിൻെറ ഗുരു.

ഒരിക്കൽ അക്ബർ താൻസേനിനോട് ചോദിച്ചു: 'താങ്കളുടെ ഗുരു ആരാണ്? ശിഷ്യൻ ഇങ്ങിനെയുളള പാട്ടുകാരനാകുമ്പോാം ഗുരു എങ്ങിനെയിരിക്കണം!'

ഗുണഗ്രാഹിയായ സമ്രാട്ട് അദ്ദേഹത്തെ കാണാൻ ഉത്സുകനാ യി. താൻസേൻ അക്ബറെ വൃന്ദാവനത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. ഹരിദാസൻ ആദരവോടെ രണ്ടുപേരോടും ഇരിയ്ക്കാൻ പറഞ്ഞു.

താൻസേൻ തംബുരു മീട്ടി ഒരു പാട്ട് പാടി. പാട്ട് തീർന്ന പ്പോാം ഗുരു തൻെറ തംബുരുവിൽ താളം പിടിച്ച് വിഹാരിജിയുടെ മുമ്പിലിരുന്ന് അതേ പാട്ട് പാടി. പാട്ടുകേട്ട് അക്ബർ മുഗ്ദ്ധ നായി.

യോജിച്ച ശിഷ്യന്ന് യോജിച്ച ഗുരു. ആനന്ദവിഹ്വലമായ ചിത്തത്തോടെ സമ്രാട്ട് മടങ്ങി. ദർബാറിൽച്ചെന്ന് വീണ്ടും അതേ പാട്ട് താൻസേനിൻെറ കണ്ഠത്തിൽനിന്ന് കേട്ടു. അക്ബർപറഞ്ഞു: 'ഒരേ പാട്ട്തന്നെയാണ് താങ്കളുടെ ഗുരുവിൻെറ കണ്ഠത്തിൽനിന്നും കേട്ടത്, അതിൽനിന്ന് മറെറാരു രസമാണല്ലൊ ആസ്വദിച്ചത്. താങ്ക ളുടെ കണ്ഠത്തിൽ ആ രസമില്ലല്ലൊ'.

താൻസേൻ പറഞ്ഞു: 'തിരുമേനി, അടിയൻ പാടുന്നത് ദില്ലീശ്വരനെ പ്രീതിപ്പെടുത്താനാണ്; ഗുരു പാടുന്നതോ ജഗദീശ്വരന്ന് ആനന്ദം നൽകാനും'.

നിധുവനത്തിൽത്തന്നെയാണ് ഹരിദാസസ്വാമികളുടെ സമാധി. ചെറിയൊരു മൺകുടീരം. അദ്ദേഹത്തിന്റെ സ്വന്തം കൈയിലെ തംബുരു ചുമരിൽ തൂങ്ങുന്നുണ്ട്; വളഞ്ഞുപുളഞ്ഞ ഒരു വടിയും— നടക്കുമ്പോൾ ഇത് കൈയിൽ എടുക്കുമായിരുന്നു.

കുമുകുമെ സൗരഭ്യം മൂക്കിൽ കേറി.

ഒരു ഭക്ത വൈഷ്ണവൻ ശ്രദ്ധയോടെ മണ്ണിൽ സമാധിയിൽ, നിലത്തും ചുമരിന്മേലും, തേപ്പ് നടത്തുകയാണ്—പാത്രം നിറയെ മണ്ണ് കലക്കി ചന്ദനവും ചേർത്ത വെള്ളംകൊണ്ട്.

ഗുരുഭൂതർ ഹരിദാസസ്വാമികൾ ഏകാഗ്രമായ മധുരഭാവത്തിന്റെ സേവകനായിരുന്നു; തന്നെ രാധയുടെ സഖീരൂപത്തിലാണ് ഭാവന ചെയ്തുപോന്നത്. അദ്ദേഹത്തിന്റെ ഈ ഭാവത്തിന്റെ ഗംഭീരതയെപ്പററിയാണ് ഞാൻ ആലോചിച്ചുകൊണ്ടിരുന്നത്.

ഒരു കഥ കേട്ടിട്ടുണ്ട്, ഒരു ദിവസം ഹരിദാസൻ യമുനയിൽ കുളിച്ച് കരയ്ക്കിരുന്ന് ഭജിക്കുകയായിരുന്നു; അങ്ങിനെയിരിക്കെ ഒരു പഞ്ചാബി ശിഷ്യൻ അദ്ദേഹത്തെ അന്വേഷിച്ചന്വേഷിച്ച് അവിടെയെത്തി. ഗുരു ധ്യാനത്തിൽ മുഴുകിയിരിക്കയാണ്. ശിഷ്യന് ക്ഷമയുണ്ടായില്ല; വളരെ പണിപ്പെട്ട് ഒരു കുപ്പി വിലപിടിച്ച അത്തർ സമ്പാദിച്ച് കൊണ്ടുവന്നിരിക്കയാണ്, അത് മടിയിൽ വിടർത്തിപ്പിടിച്ചിരുന്ന ഗുരുവിന്റെ കൈകളിൽ വെച്ചുകൊടുത്തു. ഗുരു ഇത് കിട്ടീട്ട് എത്ര സന്തോഷിക്കും, ഇതിനെക്കൊണ്ട് വിഹാരിജിയെ പൂജിക്കും എന്നൊക്കെ മനോരാജ്യം വിചാരിച്ചുംകൊണ്ടാണ് അയാൾ വന്നിരുന്നത്. പക്ഷെ ഗുരുവിന്റെ കൈയിൽ അത്തറിന്റെ കുപ്പി വീണ ഉടൻ അദ്ദേഹം അതിന്റെ അടപ്പ് തുറന്ന് എല്ലാം പൂഴിയിലൊഴിച്ചുകളഞ്ഞു.

ഭക്തന് വളരെ ദു:ഖം തോന്നി. ഇതെന്ത് കഥയാണ്! വിലാസ സാമഗ്രി കൊണ്ടുവന്നെന്നുവെച്ച് ഗുരു ഇങ്ങിനെ എറിഞ്ഞുകളഞ്ഞു? എത്ര വിലകൊടുത്തിട്ടാണ് ഇത് സമ്പാദിച്ചതെന്ന് അദ്ദേഹത്തിന് അറിയാൻപോലും തരമായില്ലല്ലൊ. സാധാരണ സാധനമാണെന്നു വെച്ചാണോ ഇങ്ങിനെ അവഗണിച്ചുകളഞ്ഞത്?

ഹരിദാസൻ ധ്യാനം ഭഞ്ജിച്ച് എഴുന്നേററ് നിന്നു; മുമ്പിൽ ശിഷ്യനെക്കണ്ട് ചിരിച്ചുകൊണ്ട് കുശലപ്രശ്നംചെയ്തു.

ശിഷ്യൻെറ മുഖം വാടിയിരിക്കുന്നു.

ഹരിദാസൻ ചോദിച്ചു: 'നിനക്കെന്താണിത്ര വിഷാദം?'

ശിഷ്യൻ കാതരനായി അത്തറിൻെറ കഥ തുറന്നുപറഞ്ഞു.

അത്കേട്ട് ഹരിദാസൻ ഹോ ഹോ എന്ന് പൊട്ടിച്ചിരിച്ചു— 'ഇതാണോ കാര്യം! ഞാൻ മറെറാന്നാണ് വിചാരിച്ചത്. ഞാൻ കണ്ടു: യമുനാതീരത്ത് വിഹാരിജി ഹോളി കളിക്കുന്നു—ഒരുഭാഗത്ത് കൂട്ടുകാരുമായി വിഹാരീലാൽ, മറേറഭാഗത്ത് തോഴിമാർ ചൂഴുന്ന എൻെറ രാധ. ഞാൻ രാധയുടെ സംഘത്തിലായിരുന്നു. വിഹാരീലാൽ പീച്ചാങ്കുഴലുമായി രാധയെ ആക്രമിച്ചപ്പോൾ ഞാൻ കൈക്കൽ ഒന്നും കാണാഞ്ഞ് വിചാരിക്കുകയാണ്, എന്തുചെയ്യും! ഇങ്ങിനെയിരിക്കെ ഒരു തോഴി എൻെറ കൈയിൽ ഒരുകുപ്പി അത്തർ തന്നു. ഞാൻ വേഗം അടപ്പ് തുറന്ന് ആ അത്തർ വിഹാരീലാലിൻെറ തലയിൽ കമിഴ്ത്തി ഒഴിച്ചു കളഞ്ഞു. വിഹാരിജി ആപാദചൂഡം അത്തറിൽ കുളിച്ചു; അദ്ദേഹം പീച്ചാങ്കുഴലുമായി പിന്നോക്കം നടന്നു. കളിയിൽ രാധ ജയം നേടി; ഞങ്ങൾ ആനന്ദംകൊണ്ട് അടക്കമെററ് കൈകൊട്ടിയാർത്തു.

'ഇപ്പോഴാണ് മനസ്സിലായത് അത്തർ തന്നത് നീയാണെന്ന്. അതേതായാലും തന്നത് തക്കസമയത്തുതന്നെ. നീ ദു:ഖിക്കേണ്ട കാര്യമേയില്ല. അത്തർ മുഴുവൻ വിഹാരിയുടെ ദേഹത്തിൽത്തന്നെയാണ് കൊടുത്തിരിക്കുന്നത്; നിൻെറ പരിശ്രമവും പണച്ചെലവും സാർത്ഥകമായിട്ടുണ്ട്'.

എന്നിട്ടും ശിഷ്യൻെറ മുഖം തെളിയുന്നില്ല. ഗുരു തന്നെ ആശ്വസിപ്പിക്കുകയായിരിക്കുമെന്നാണ് അയാൾ വിചാരിച്ചത്.

ഹരിദാസൻ പറഞ്ഞു; 'പോകു, വേഗം അമ്പലത്തിൽച്ചെന്ന് വിഹാരിജിയെ ദർശിക്കു; അപ്പോൾ മനസ്സിലാവും'.

ശിഷ്യൻ അമ്പലത്തിൽ ഓടിച്ചെന്ന് നോക്കുമ്പോഴുണ്ട്, വിഹാരിജിയുടെ സർവ്വാംഗവും താൻ കൊണ്ടുവന്ന അത്തറിൽ കുളിച്ചിരിക്കുന്നു.

മനസ്സിൽ സംശയമുദിക്കുകയാണ്. ഈ കേൾക്കുന്ന കഥയൊക്കെ സത്യമാണോ?

ജഗദാനന്ദസ്വാമി—അദ്ദേഹത്തെപ്പററി ശശിമഹാരാജ് പറഞ്ഞിരുന്നു. 'ജ്ഞാനത്തിൻേറയും ഭക്തിയുടേയും സമന്വയമായി വല്ലവരുമുണ്ടെങ്കിൽ അതദ്ദേഹമാണ്. മനസ്സിൽ വല്ല സംശയവും തോന്നിയാൽ തുറന്ന് ചോദിച്ച് അറിയാം' എന്ന്. സ്വാമിജി വൃദ്ധനാണ്; മിന്നുന്ന ശരീരവർണ്ണം, വൈഷ്ണവസുലഭമായ മുഖഭാവം, കണ്ണിൽ ജ്ഞാനദീപ്തി. അദ്ദേഹം പറഞ്ഞു: 'ഭക്തികൊണ്ട് സാധിക്കാവുന്നതിൻെറ അടുത്തെത്താൻപോലും കഴിയില്ല ജ്ഞാനവിചാരംകൊണ്ട് ആർക്കും. നമ്മളൊക്കെ എന്ത് നിസ്സാരന്മാർ, എത്ര മഹാമഹാഗുണികളും ജ്ഞാനികളും വിചാരം ചെയ്ത് ചെയ്ത് ഒരിടത്തെത്തി തോററമ്പിയിരിക്കുന്നു; അടിത്തട്ടു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല അവർക്ക്. ഈ വസ്തു ഭാവനയ്ക്കും അപ്പുറത്താണ്. ഉള്ളിൽ അനുഭൂതി ഉണരുകയാണ്. എള്ളിടപോലും സംശത്തിന്നിടമില്ല.

'അവിടത്തെ ആർ ഏതുഭാവത്തിൽ ഇച്ഛരിക്കുന്നുവോ, ആ ഭാവത്തിലാണ് അവിടുന്ന് പിടികൊടുക്കുക. ഒരു സംഭവം പറയാം: ഒരാം അവിടുത്തെ പുത്രശിശുരൂപത്തിലാണ് കിട്ടാൻ കൊതിച്ചത്; ശിശുവായിത്തന്നെ അവിടുന്ന് വന്നു. കട്ടിലിന്മേലുണ്ട് ശിശുഗോപാലൻ കിടക്കുന്നു; ഈ സമയത്ത് കട്ടിലിനു ചോടെ ഒരു പൂച്ച കരഞ്ഞു, പൂച്ചയുടെ ശബ്ദം കേട്ട് കുട്ടി കരഞ്ഞുപോയപ്പോൾ ഭക്തൻ ചിരിച്ചുകൊണ്ട് ചോദിച്ചു, ത്രിഭുവനേശ്വരനാണല്ലൊ നീ, എന്നിട്ട് പൂച്ചയുടെ കരച്ചിൽ കേട്ട് പേടിക്കുന്നോ—ഇതെന്താണ്? അതേ നിമിഷം കാണായി, കുട്ടി അവിടെയില്ലെന്ന്. ശിശുഭാവത്തിൽ കൊതിച്ചിട്ട് അവിടുത്തെ ത്രിഭുവനേശ്വരനായി കാണുക; മനസ്സിൽ അത്രയെങ്കിലും സംശയമുണ്ടായിരുന്നു അയാൾക്ക്.

ഉച്ചയ്ക്ക് എല്ലാവരും ഒന്ന് വിശ്രമിക്കുകയാണ്. ഈ തഞ്ചത്തിന് ഞാൻ സഞ്ചിയും ചുമലിൽ തൂക്കി പുറത്തിറങ്ങി യമുനയുടെ മണൽത്തിട്ടിലേക്ക് ചെന്നു. ചുട്ടുപഴുത്ത മണൽ; തുള്ളിത്തുള്ളിക്കൊണ്ടാണ് ഞാൻ നടന്നത്. കാലടി പൊള്ളക്കുന്നു.

ഇതിനകം തലയ്ക്കു മുകളിൽ മദ്ധ്യാഹ്നസൂര്യനും നാലു ഭാഗവും വരടി കത്തിച്ച തീയുമായി ചുട്ടുപൊള്ളുന്ന മണലിൽ 'പഞ്ചാഗ്നിമദ്ധ്യതപസ്സി'ലിരുന്നിരിക്കുന്നു അനേകം സന്യാസിമാർ, കഠോരമായ തപസ്സ്. അല്ലെങ്കിൽത്തന്നെ ചൂടുകാററ് ആഞ്ഞടിക്കുകയാണ്, അതിനുംമേലെ തീകൂട്ടി ഒററയിരുപ്പിൽ മണിക്കൂറുകളോളം ജപിക്കുക!

ഞാൻ ഉടൻതന്നെ കൈകൊണ്ട് കാൽച്ചുവട്ടിൽനിന്ന് ഒരുമുഴം നീളത്തിൽ മണൽ നീക്കി അവിടെ ഇരുന്നു. അടിയിലെ മണൽ പിന്നേയും സഹിക്കാം.

നോട്ടുബുക്കും പെൻസിലും മടിയിൽവെച്ച് അവരുടെ സ്കെച്ച് വരയ്ക്കാൻ തുടങ്ങി.

സഹജമായ സാധനയ്ക്കുള്ള മാർഗ്ഗങ്ങൾ വളരെയുണ്ട്; എന്നിട്ടും എന്തിനാണ് ഇവർ നിർബ്ബന്ധപൂർവ്വം ഇത്തരം വഴികൾതന്നെ തിരഞ്ഞെടുക്കുന്നതെന്ന് അവരേ അറിയൂ.

ഒരുതുണ്ടം കീറത്തുണികൊണ്ട് മാറും മുഖവും മൂടി അതിൻെറ മറവിൽവെച്ചാണ് ജപിച്ചുകൊണ്ടിരിക്കുന്നത്. ജപിക്കുന്ന കൈ ആരേയും കാണിക്കാൻ പാടില്ലത്രെ. മൂടിയ തുണിക്കുള്ളിൽനിന്ന് വയററത്തും പുറത്തും ധാരധാരയായി വിയർപ്പൊഴുകുന്നു; ആ വിയർപ്പ് ശരീരത്തിൽത്തന്നെ ഉണങ്ങി പാടുണ്ടാക്കുന്നു.

പ്രയാഗദാസൻെറ അടുത്തുനിന്ന് ഇവരുടെ തപസ്സിൻെറ നിയമം കേട്ടിരുന്നു. അദ്ദേഹം പറഞ്ഞതാണ്: 'എല്ലാം വെടിഞ്ഞ് വല്ല കാട്ടിലും പോയി താമസിക്കും. ഉടലെടുത്തവർക്കൊക്കെ സുഖക്കേടുമുണ്ടാവും. പക്ഷെ ഞങ്ങൾക്കിങ്ങിനെ തണുപ്പുതട്ടി ന്യൂമോണിയ പിടിപെടാൻ തുടങ്ങിയാൽ കാര്യം നടക്കുന്നതെങ്ങിനെ? അതുകൊണ്ട് എല്ലാററിനും മുമ്പ് ശരീരത്തെ എന്തും സഹിക്കാൻ പരിശീലിപ്പിച്ച് തയ്യാറാക്കണം'.

'മഴക്കാലത്ത് നാലുമാസം ശതധാരയിൽ കുളിക്കും; രാവിലെ രണ്ടുമണിമുതൽ ആറുമണിവരെ നൂററെട്ടുകുടം വെള്ളം തലയിലൊഴിക്കും. പലപ്പോഴും ചെമ്പും കുടവും കിട്ടാൻ പണിയായിരിക്കും; വല്ല വെള്ളച്ചാട്ടത്തിനു ചോടെയോ ഗംഗാജലത്തിൽ കഴുത്തററം മുങ്ങിയോ നിന്നാലും മതി'.

'ചൂടുകാലത്ത് അഞ്ഞൂറ് വരടിയുടെ രണ്ടുവരി മുമ്പിലും മൂന്നുവരി പിമ്പിലും നിരത്തിവച്ച് തീകൂട്ടും. തലയും കടന്നുകൊണ്ട് ആ തീ ഉയർന്നുപൊങ്ങും. നാലുമാസം അതിനുള്ളിലിരുന്ന് ജപിക്കും. കാടുമുഴുവൻ ചുററിനടന്ന് അവനവൻ തന്നെയാണ് ചാണകം പെറുക്കി വരടിയുണ്ടാക്കുക.

'തണുപ്പുകാലത്ത് നാലുമാസം ചരൽവിരിപ്പിൽ കിടക്കും; വെറുമൊരു ലങ്കോട്ടി കെട്ടി കല്ലിൻമുകളിൽ കിടക്കും. തുടർച്ചയായി

കുറേ കൊല്ലം ഇങ്ങിനെ കഴിയണം. ശരീരത്തിന്ന് കരുത്ത് കിട്ടും. ചില സന്ന്യാസിമാരുടെ ശരീരം കണ്ടാൽ ഇരുമ്പുപോലെ ഉറപ്പുള്ളതായിരിക്കും; വിരലമർത്താൻ പററില്ല, കരിങ്കൽ വിഗ്രഹത്തിലെന്നപോലെ. ശരീരത്ത് വെണ്ണീർ പൂശുന്നതും ഒരു ആത്മരക്ഷോപായമാണ്''.

പുറത്ത് കൂനുള്ള ഒരു നാഗസന്ന്യാസി — ഇദ്ദേഹത്തെ വഴികളിലും യമുനാതീരത്തും പലപ്പോഴും കണ്ടിട്ടുണ്ട് — എന്നിൽ നിന്ന് പത്തിരുപത് മുഴം അകലെ പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സിരിക്കുന്നുണ്ട്: അദ്ദേഹത്തെ വിട്ട് ഞാൻ അടുത്തുള്ള ആളുടെ സ്കെച്ച് വരക്കുകയാണ്; പെട്ടെന്നുണ്ട് അദ്ദേഹം ശക്തിയായി ശ്വാസം വലിച്ച് നിവർന്നിരിക്കുന്നു. ആശ്ചര്യം, അദ്ദേഹത്തിൻെറ പുറത്തെ കൂന് ലയിച്ചുചേർന്നപോലുണ്ട്! ഇതെൻെറ കണ്ണിൻെറ ഭ്രമമാണോ?

വലിയേച്ചി പറഞ്ഞിരുന്നു, 'പഞ്ചാഗ്നിമദ്ധ്യതപസ്സിൻെറ രജസ്സ് വളരെ പവിത്രമാണ്. ചെറിയ കുട്ടികാക്ക് വല്ല സുഖക്കേടും പിടിച്ചാൽ അൽപം നെററിയിൽ തൊട്ടാൽ ഭേദമാകും; ഇത്തിരി സമ്പാദിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ— '

ഒരിരിപ്പിടം അടുത്തുതന്നെ ഒഴിഞ്ഞുകിടപ്പുണ്ട്; ഇന്നലെ ഇവിടെ ഒരാളിരുന്ന് പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സ് ചെയ്യുന്നത് കണ്ടിരുന്നു. ആ ആൾ പോയ്ക്കളഞ്ഞുവോ?

ഞാൻ എഴുന്നേററ് അവിടത്തെ ഭസ്മവും പൂഴിയും യവവും ഗോതമ്പുമെല്ലാമടക്കം ഒരുപിടി മണ്ണ് വാരി സഞ്ചിയിലിട്ട് ശങ്കിച്ച് പതുക്കെ അടിവെച്ചടിവെച്ച് നാഗസമ്പ്രദായക്കാരുടെ സംഘത്തിനടുത്തേക്ക് നീങ്ങി.

ആരു പറഞ്ഞു, നാഗന്മാർ മുൻകോപികളാണ്, നാഗന്മാർ ഭയങ്കരന്മാരാണെന്ന്? ഞാൻ പേടിച്ച് പേടിച്ച് അകലം നിലനിർത്തി ചുററിനടക്കുകയും വളരെ കരുതലോടെ നോട്ടുബുക്കിൽ സ്കെച്ച് കുറിക്കുകയുമായിരുന്നു. അവർ അത് കണ്ടെത്തി ഓരോരുത്തരായി സംഘംചേർന്ന് വളഞ്ഞുനിന്നു. അവർക്ക് ബഹുരസം. ഇയാൾ പറയുന്നു, 'എന്നെ വരക്കു'; അയാൾ പറയുന്നു, 'എന്നെ വരക്കു'. എല്ലാവർക്കും മഹാസന്തോഷം. ഞാൻ അവരുടെ താവളത്തിൽ കടന്നിരുന്നു. കൊച്ചു കിടാങ്ങളെപ്പോലെ വല്ലാത്ത ആഗ്രഹത്തോടെ അവർ മുട്ടു മടക്കി കുനിഞ്ഞുനിന്ന് ചിത്രംവരക്കുന്നത് നോക്കിക്കൊണ്ടിരിക്കയാണ്. അവരുടെ കുട്ടിത്തരം കണ്ടിട്ട് ഞാൻ ചിരിക്കു

ന്നു. എന്റെ ചിരി കണ്ടിട്ട് അവർ ചിരിക്കുന്നു. ക്ഷണനേരംകൊണ്ട് സ്ഥലവും കാലവും വയസ്സും മറന്നുപോവുന്നു. അടുത്തുനിന്ന് രണ്ട് സന്യാസിമാർ തമ്മിൽ വർത്തമാനം പറയുകയായിരുന്നു; ഒരാരം മററൊരാളോട് പറകയാണ്, 'ഇതെന്റെ നേപ്പാരം നാട്ടിലെ പെൺകുട്ടി തന്നെ ആയിരിക്കണം; തുടുത്തുരുണ്ട് കാഴ്ചക്ക് എത്ര അഴകായിരിക്കുന്നു.

ഒരുപാടാളുകരം ചേർന്ന് ബഹളംകൂട്ടി വിളിച്ചു പറഞ്ഞു— 'മദം പൊട്ടിയ ആന', 'മദം പൊട്ടിയ ആന'. ആനയെ പാപ്പാൻ യമുനയിൽ കുളിപ്പിക്കുകയായിരുന്നു; വെള്ളം കിട്ടിയപ്പോരം ആനയ്ക്ക് വമ്പിച്ച ആഹ്ളാദം; അത് ഇങ്ങോട്ടു പായുന്നു, അങ്ങോട്ടു പായുന്നു, തുമ്പിക്കൈയിൽ വെള്ളമെടുത്ത് ജലധാര ചമയ്ക്കുന്നു. അതുകണ്ടിട്ട് പേടിച്ചുവശായ ആളുകരം അങ്ങുമിങ്ങും ഓടുന്നു; അവർ വിളിച്ചു കൂവുകയാണ്. 'ഓടിക്കോളു എല്ലാരും. കഴിഞ്ഞ കൊല്ലം ഭ്രാന്തൻ ആന കുത്തീട്ട് രണ്ടാളാണ് ചത്തത്'. ആളുകളുടെ ഓട്ടവും ചാട്ടവും കൊണ്ട് സർവ്വത്ര ബഹളമായി.

ഞാൻ വൈകിക്കുന്നത് കണ്ടിട്ട് വലിയേച്ചി വിചാരപ്പെട്ടിരിക്കുകയായിരുന്നു. അവർ പറഞ്ഞു: 'പോകാം, വേഗം തയ്യാറാവു. ആനന്ദമയി മാതാവുണ്ട് ഇവിടെ, കണ്ടുവരാം'.

ഞാൻ പറഞ്ഞു: 'അതിനുമുമ്പേ മൗനി സാധുവെ കാണാൻ പോകരുതേ, അടുത്തുതന്നെയാണല്ലൊ'.

ഇന്നു രാവിലെയാണ് ഇദ്ദേഹത്തെപ്പററി കേരംക്കാനിടയായത്. ഇവിടത്തെതന്നെ ഒരു സ്വാമി പറഞ്ഞതാണ് — 'കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലമായി കാണുന്നുണ്ട്, യമുനാതീരത്ത് ഒരു മരച്ചുവട്ടിൽ ഒരേയൊരു സ്ഥലത്ത് ഒരേയൊരു ഭാവത്തിൽ ഇരിക്കുകയാണ്. എന്താണ് ആഹാരം കഴിക്കുന്നത്, വല്ലതും കഴിക്കാറുണ്ടോ എന്നൊന്നും നിശ്ചയമില്ല. ഇത്രയും കാലം മിണ്ടുകയേ ചെയ്തിരുന്നില്ല, ഇപ്പോരം മൂന്ന് നാല് വാക്ക് പറയും, അതും ഞങ്ങരം ചിലരോട് മാത്രം. ഒരിക്കൽ വെള്ളപ്പൊക്കം വന്നു; ഈ സേവാശ്രമം കാണുന്നില്ലേ, ഇത്രയും ഉയരത്തിൽ, ഒക്കെ മുങ്ങിപ്പോയി. ഞങ്ങരം കുറച്ചുകാലത്തേക്ക് പട്ടണത്തിലേക്ക് മാറി. ആ സ്വാമിയാകട്ടെ അപ്പോഴും ആ സ്ഥലം വിട്ടില്ല; ആ മരത്തിന്റെ മുകളിൽ കയറിയിരുന്നു. ദുരിതാശ്വാസ പ്രവർത്തകർ തോണിയിൽ കേറി ആഹാരം വിതരണംചെയ്യാൻ പോ

കററുണ്ടായിരുന്നു. അതും എട്ടുപത്തു ദിവസത്തിനുശേഷം അവർ ചെന്നപ്പോഠം അദ്ദേഹത്തെ അതേ അവസ്ഥയിൽ മരത്തിൻമുകളിൽ കാണുകയുണ്ടായി. കൈയിലുണ്ടായിരുന്ന കുറച്ചു ബിസ്ക്കററ് അവർ അദ്ദേഹത്തിന് കൊടുത്തു. സ്വാമി അതെടുത്തു. പക്ഷെ തിന്നുവോ ഇല്ലയോ എന്ന് ആർക്കറിയാം'.

ഞങ്ങഠം യമുനാതീരത്തെ ഉയർന്ന വഴി പിടിച്ചുകൊണ്ട് യാത്രയായി. ഇവിടേയുമുണ്ട് ഒട്ടേറെ സന്യാസിമാരുടെ തിരക്ക്. ഇതിന്നിടയ്ക്കുനിന്ന് തിരഞ്ഞുപിടിക്കുന്നതെങ്ങിനെ? മുന്നോട്ടു ചെന്നിട്ട് വിചാരിക്കും, പിന്നിൽ വിട്ടേച്ച് വന്നിട്ടുണ്ടാകുമെന്ന്; പിന്നോക്കം ചെന്നിട്ട് വിചാരിക്കും, ഒരുപക്ഷെ മുന്നോട്ടു പോയാൽ കണ്ടേക്കുമെന്ന്. 'സേവാശ്രമത്തിനടുത്ത്' എന്നു പറഞ്ഞപ്പോഠം എത്ര വഴികളാണ് അവരുടെ മനസ്സിലുണ്ടായിരുന്നതെന്ന് കണക്കെടുത്തിട്ടില്ലല്ലൊ!

വലിയേച്ചി പറഞ്ഞു: 'വഴിക്കൊരു അവസാനമുണ്ടാവുമല്ലൊ എന്തായാലും? നടക്കു, പോയിനോക്കാം'.

ഞങ്ങഠം നടന്ന് നടന്ന് ആഠക്കൂട്ടം കടന്ന് ഒരു തുറന്ന സ്ഥലത്തെത്തി. വഴിവക്കത്ത് ഒന്നുരണ്ട് വീടുകളും കാണാനുണ്ട്, ഇവിടത്തെ കൃഷിക്കാരുടേതായിരിക്കാം. അതും പിന്നിട്ടു. നിർജ്ജനമായ മണൽപ്പരപ്പിൽ ഇതാ ഒരു മരം!

അടുത്തുചെന്നപ്പോഠം കണ്ടു, ചാക്കുകൊണ്ട് മൂടി ഉള്ളിൽനിന്ന് ആരോ ദേഷ്യംമൂത്ത് ചീത്തപറയുകയാണ് മുമ്പിൽ നിൽക്കുന്ന ഒരു ഗുജറാത്തി വൃദ്ധനേയും വൃദ്ധയേയും — 'എന്താ? ഇവിടെ നിന്നിട്ട് എന്താ തമാശ കാണുകയാണോ? ഞാനിവിടെ പീടികയും തുറന്ന് ഇരിക്കുകയല്ല. പീടിക തുറന്നിരിക്കുന്നവരുടെ അടുത്തേക്കു പോ. എന്നെ അലോസരപ്പെടുത്തുന്നത് നല്ലതിനല്ലേ. എനിയ്ക്ക് ദേഷ്യം പിടിച്ചിട്ട് ആർക്കും ഒരു ലാഭവുമില്ല. ഇവിടെ നിന്നുനിന്ന് എനിയ്ക്ക് നഷ്ടം പററിച്ചാൽ എനിയ്ക്കും നഷ്ടം പററിക്കാനറിയാം'.

ശകാരം കേട്ടിട്ട് അവർ വായപൊത്തി ചിരിക്കുകയാണ്. സ്വാമിയെ അറിയാമെന്നു തോന്നുന്നു. ഇദ്ദേഹം തന്നെയാണോ എന്നാൽ ആ മൌനിസാധു, ഇപ്പോഠം മൗനം ഭഞ്ജിച്ചിരിക്കുകയാണോ? പക്ഷെ കാണാനെങ്ങിനെ?

ഞങ്ങഠം അദ്ദേഹത്തിൻെറ മുമ്പിൽ പൂഴിയിൽ ഇരുന്നു. മരത്തിന്മേൽ അണ്ണാനും തത്തയും കിളിയും ചാടിക്കളിക്കുന്നു; പഴുത്ത ഫല

ങ്ങൾ പടപടയെന്ന് താഴത്ത് വീഴ്ത്തുന്നു—ചിലത് മുഴുവനുമുണ്ട്, ചിലത് പകുതി തിന്നതാണ്.

എല്ലാ ദിക്കിൽനിന്നുംതന്നെ മറച്ചുപൊത്തി ആട്ടവുമനക്കവുമില്ലാതെ ഭാണ്ഡംപോലെ കൂനിക്കൂടിയിരിക്കയാണ് മൌനിസാധു. മുമ്പിൽ ഒരുകൂട്ടം പൊട്ടിയ ചെറിയ ചട്ടികൾ. വല്ലവരും അതിൽ ആഹാരം കൊണ്ടുക്കൊടുക്കുന്നുണ്ടാവാം. വെള്ളം നിറക്കുന്ന ഒരു പൊളിഞ്ഞ കൂജ. ഈ വഴിക്കു പോകുമ്പോൾ ഒരുപിടി അരിയും പരിപ്പും ചാക്കിൻ മുകളിലിട്ട് യാത്രക്കാർ പുണ്യം നേടും. കുറച്ച് അണ്ണാന്മാർ നിശ്ചിന്തമനസ്സോടെ കുറേ അരിയും പരിപ്പും കുടുകുടെ തിന്ന് സ്വാമിയുടെ ശരീരത്തിൽ കൂടെത്തന്നെ പാഞ്ഞുപോയി.

കീറിയ ചാക്കിന്റെ ദ്വാരത്തിലൂടെ മൌനിസാധുവിന്റെ വലത്തുകണ്ണുമാത്രം കാണാം. ആ ഒരു കണ്ണുകൊണ്ട് സ്വാമി ഞങ്ങളെ കണ്ടിട്ട് മുഖത്തെ മറവുനീക്കി. ജഡയും താടിയും കൊണ്ട് കാടുപിടിച്ചതാണ് ആ മുഖം. അതിന്നിടയിൽ അൽപം കാണാം — ഗരുഡക്കൊക്കുപോലെയുള്ള മൂക്ക്, വിശാലമായ കണ്ണുകൾ, നിറം ഒരുകാലത്ത് വെളുപ്പുതന്നെയായിരുന്നെന്ന് തോന്നുന്നു. കാഴ്ചയിൽ യോഗ്യൻ തന്നെ, സംശയമില്ല. വയസ്സെത്രയായിട്ടുണ്ടാവും — മദ്ധ്യവയസ്ക്കൻ, ഒരുപക്ഷെ അതിലും കുറവ്. ബംഗാളിയും ഹിന്ദിയും കൂടിക്കലർന്ന സംസാരം. ബംഗാളി തന്നെയാണെന്നു തോന്നുന്നു. സ്വന്തം നാട്ടുകാരെ കണ്ടതുകൊണ്ടാണോ മനസ്സ് മൃദുവായത്?

ഉററവർ ചോദിക്കുംപോലെ അദ്ദേഹം ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. എവിടെയാണ് താമസം, എന്താണ് ചെയ്യുന്നത്, എത്രദിവസം താമസമുണ്ട് എന്നിങ്ങനെയുള്ള സാധാരണ ചോദ്യങ്ങളാണ് അധികവും. വൃന്ദാവനം പരിക്രമണം ചെയ്യാനുള്ള വഴിയാണ് ഇത്. രാവിലേയും വൈകുന്നേരവും അനേകം യാത്രക്കാർ ഈ വഴിക്ക് ചുററി നടക്കാൻ പോകാറുണ്ട്. ഞങ്ങളെകണ്ടിട്ട് പലരും അവിടെ വന്നിരുന്നു. ആളുകൾ കൂട്ടംകൂടുന്നതു കണ്ടിട്ട് സ്വാമിയ്ക്ക് വീണ്ടും ദേഷ്യം വന്നു. സംസാരം നിർത്തി.

ഏട്ടൻ എഴുന്നേററ് നിന്ന് പറഞ്ഞു: 'ഞങ്ങൾ പോകട്ടെ',

സ്വാമി തലയാട്ടി: 'ഇരിക്കു കുറച്ചുകൂടി; പ്രസാദം തരാം'.

ഒരു പഞ്ചാബി സ്ത്രീ വളരെ നേരമായി വാശിപിടിച്ചിരിക്കുന്നു—അവരുടെ ഒരേയൊരു പെൺകുട്ടിക്ക് സുഖക്കേടാണ്, മരുന്ന് വേണം. ചോദിച്ച് ചോദിച്ച് ഉത്തരം കിട്ടാഞ്ഞ് ഒടുക്കം അവർ എഴു

ന്നേററു. സ്വാമി വായ തുറന്നു: 'മരുന്നുകൊണ്ട് നിയതി മാറുമോ? ഗുരുവിൽ വിശ്വസിക്കുക, മന്ത്രം ജപിക്കുക എന്നൊക്കെ പറഞ്ഞാൽ അതല്ല. വന്നിട്ട് മരുന്നു വേണമെന്നു പറയുക മാത്രം'.

വ്രജരമണൻ ഭഗവത്തത്ത്വം സംബന്ധിച്ച ജടിലമായൊരു പ്രശ്നം സമർപ്പിച്ചു.

സ്വാമി വളരെ നേരം മിണ്ടാതിരുന്നു. ഒടുക്കം പറഞ്ഞു: 'ഇന്നേയ്ക്ക് എത്ര കൊല്ലമായി ഇങ്ങിനെത്തന്നെ ഇവിടെയിരിക്കുന്നു; വെള്ളവും കാററും ചൂടുമെല്ലാം കടന്നുപോയിട്ടുണ്ട് ഈ ശരീരത്തിൻ മുകളിലൂടെ. ഒരു കല്ലിനു കഴിയില്ല ഇങ്ങിനെ സഹിക്കാൻ. സ്വന്തം ശരീരത്തെ അങ്ങിനെ കല്ലാക്കി മാററിയിരിക്കുന്നു. ബോധശക്തി പുലർത്തീട്ടില്ല. നീ ചോദിച്ചപോലുള്ള കനത്ത കാര്യങ്ങൾ പറയാൻ പുറപ്പെട്ടാൽ എനിയ്ക്ക് തലവേദനയാവും, കഷ്ടമാവും. ദേഹത്തിൽ ഇപ്പോഴും അത്രയ്ക്ക് ശക്തി വീണ്ടുകിട്ടീട്ടില്ല'.

ഇത്തരം സരളമായ ഉത്തരം കേട്ടിട്ട് എനിയ്ക്ക് വളരെ പിടിച്ചു. സ്വാമി ചാക്കിന്നുള്ളിൽനിന്ന് ഇടത്തുകൈ പുറത്തു നീട്ടി പറഞ്ഞു: 'ഇതാ പ്രസാദം വാങ്ങിക്കോളു'.

ഏതാനും ലഡ്ഡുണ്ടകളാണ്. കൈനീട്ടി വാങ്ങി; പക്ഷെ വായിൽ കൊണ്ടുചെല്ലാൻ കഴിഞ്ഞില്ല. ഈ ചാക്കിന്നുള്ളിൽ മാലിന്യങ്ങളുടെ നടുക്ക് എങ്ങിനെയാണ് ലഡ്ഡു കിടപ്പുണ്ടായിരുന്നതെന്ന് അറിയില്ലല്ലൊ.

പ്രസാദം വിതരണം ചെയ്യുന്നുണ്ടെന്നുകണ്ടിട്ട് മററു യാത്രക്കാരും വന്ന് കൈനീട്ടി.

സ്വാമിക്ക് ദേഷ്യം പിടിച്ചു: 'പിന്നേയും പിന്നേയും കൈ പുറത്തെടുക്കാൻ എനിയ്ക്ക് വിഷമമാണ്; ഈ പ്രസാദം തന്നെ പങ്കിട്ടു തിന്നോളു' എന്നുംപറഞ്ഞ് വീണ്ടും മുഖം മറച്ചു.

ഞാൻ എന്റെ കൈയിലെ പ്രസാദം വേഗം യാത്രക്കാരുടെ കൈയിൽ ഇട്ടുകൊടുത്തു.

മാറിന്നടുത്തായി ചാക്കിൻമുകളിലെ വിറകണ്ടപ്പോൾ മനസ്സിലായി, സ്വാമിയുടെ വലത്തുകൈവിരൽ അനങ്ങുന്നതോടൊപ്പം കൈയിൽ മാലയും ചുററുന്നുവെന്ന്. അതാണ് പ്രസാദം തന്നപ്പോഴും വലത്തുകൈ പുറത്തു വരാഞ്ഞത്.

ബ്രജരമണൻ പറഞ്ഞു: 'വംശീദാസബാബാജിയുടെ കഥയറിയാം, അവിടുന്നും ഒരാഹാരവും കഴിക്കാറുണ്ടായിരുന്നില്ല. ഗംഗയുടെ കടവത്ത് ഇരുന്നുകൊണ്ട് പുകയില മാത്രം ഭക്ഷിച്ചുപോന്നു; ഓരോരുത്തർ കൊണ്ടുക്കൊടുക്കുന്നത് അതേപോലെ മുൻഭാഗത്ത്കിടക്കും, ജീർണ്ണിച്ചുപോകും. ചിലരാകട്ടെ ആഹാര്യദ്രവ്യം എടുത്തുകൊണ്ടു പോവുകയും പതിവുണ്ടായിരുന്നു'.

കുറച്ചുടി മുന്നോട്ടുനീങ്ങിയപ്പോഠം വലിയേച്ചി നന്നായി പഴുത്ത രണ്ടുപഴം പുറത്തെടുത്ത് ഒന്നെനിക്കുതന്നു, ഒന്ന് തൻെറ വായിലുമിട്ടു. അവർ പറഞ്ഞു: 'അണ്ണാൻ മടിത്തട്ടിനടുത്തുതന്നെയാണ് എറിഞ്ഞത്; ഞാനത് പെറുക്കിയെടുത്ത് കൈയിൽ വെച്ചിരുന്നു'.

ഞാൻ ആലോചിച്ചുകൊണ്ട് നടക്കുകയാണ്, ഇവരിങ്ങിനെ എല്ലാം വെടിഞ്ഞ് അനുഷ്ഠിച്ചുപോരുന്ന ഈ സാധനയുണ്ടല്ലൊ, അതുകൊണ്ട് മനുഷ്യന്ന് വല്ല ഉപകാരവുമുണ്ടോ?'

വലിയേച്ചി പറഞ്ഞു: 'ആദ്ധ്യാത്മിക ശക്തിയിൽ വിശ്വാസമുണ്ടെങ്കിൽ ഉപകാരമുണ്ടുതന്നെ. ചിലർ പണം കൊണ്ട് സഹായിക്കുന്നു, ചിലർ ബലം കൊണ്ട്, ചിലർ സാധന കൊണ്ട്. ശിപായിലഹളയ്ക്കു ശേഷം സൈന്യത്തിൽ നിന്ന് പിരിഞ്ഞവരിൽ പലരും യോഗികളായിട്ട് നാട്ടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി സാധനയനുഷ്ഠിക്കാൻ ഹിമാലയത്തിലേക്ക് ചെന്നിട്ടുണ്ട്. അവർ പിൽക്കാലത്ത് പേരെടുത്ത സന്യാസിമാരായിട്ടുണ്ട്. സത്യാനന്ദജി, മഹാനന്ദജി, വിശുദ്ധാനന്ദഗിരി, ഹൃഷികേശ് കാഞ്ജിലാൽ, ബാലാനന്ദൻെറ ഗുരു ബ്രഹ്മാനന്ദസ്വാമി, ഇനിയും എത്രയെത്ര ആളുകഠം! ഇവരിൽ ചിലർ ''അനാർക്കിസ്റ്റുകളാ''യിരുന്നു, ചിലർ ശിപായിലഹളയിൽ പങ്കെടുത്തിരുന്നു. അങ്ങിനേയും ഇങ്ങിനേയും ഉള്ള ആളുകളല്ലേ്ലാ ഇവർ. ഇവർ യോഗശക്തി ''അപ്ളൈ'' ചെയ്തിരുന്നു. പുറത്തെ സേവനമേ നമുക്ക് കാണാൻ കഴിയു! ഇന്നത്തെ വലിയ വലിയ രാഷ്ട്രീയ നേതാക്കന്മാരുടേതിനേക്കാഠം ഒരംശത്തിലും കുറവല്ല ഇവരുടെ ദാനവും.'

വൃന്ദാവനത്തിൻെറ മറ്റൊരററത്താണ് ഒറിയ ബാബയുടെ മഠം; അവിടെയാണ് ആനന്ദമയി മാതാവുള്ളത്. നടന്നുനടന്ന് ഞങ്ങഠം നിന്നുപോയി. കുറച്ചു കുതിരവണ്ടികളുള്ളത് മഥുരയിലേക്കും വൃന്ദാവനത്തിലേക്കും മാത്രമാണ്. പട്ടണത്തിൽ പോക്കു വലിയ പ്രയാസം. പിന്നെ കുതിരവണ്ടി ഓടുന്നതുമെങ്ങിനെ? അധികഭാഗവും ഇടുങ്ങിയ

തെരുവുകളാണ്. വണ്ടിയ്ക്കും കുതിരയ്ക്കും കടക്കാനാവില്ല. എന്നാലും ഞങ്ങൾ വണ്ടിക്കാരെ പ്രീതിപ്പെടുത്തുവാൻ ആവുന്നതും പണിപ്പെട്ടു; കുറച്ചു വഴിയെങ്കിലും കടത്തിത്തന്നാലായല്ലൊ. വളരെ പ്രയാസപ്പെട്ട് ഒടുക്കം ഒന്നു തരമായി. ഒന്നു സുഖമായി ഇരുന്നു ഇരുന്നില്ലന്നായപ്പോഴേക്കും ബ്രഹ്മചാരി ക്ഷേത്രത്തിൻെറ മുന്നിലിറക്കി; ഇനി പോവില്ല.

ഗ്വാളിയോറിലെ രാജാവ് പണിചെയ്യിച്ച് ബ്രഹ്മചാരി ബാബയ്ക്ക് സമർപ്പണം ചെയ്ത അമ്പലമാണിത്.

നിംബാർക്ക സമ്പ്രദായത്തിൽ പെട്ട വലിയ അമ്പലം. ഈ സമ്പ്രദായത്തിൻെറ ആചാര്യദേവൻ നാരദമഹർഷിയുടെ ശിഷ്യനായിരുന്നു.

കഥയുണ്ട്; ഒരിക്കൽ ചില ജൈന സന്യാസിമാർ പകലറുതിയിൽ ആശ്രമത്തിൽ വന്നുചേർന്നു. ജൈനന്മാർ സൂര്യാസ്തമയത്തിനു ശേഷം ആഹാരം കഴിക്കുകയില്ല. വേപ്പുമരത്തിൻെറ വിടവിലൂടെ അപ്പോൾ ദിനാന്തസൂര്യൻ ഏതാണ്ട് മറഞ്ഞുകഴിഞ്ഞിരിന്നു. അതിഥിമാർക്ക് ആഹാരം കഴിക്കാതെയിരിക്കേണ്ടി വരുമെന്ന് കണ്ട് ആചാര്യദേവൻ സുദർശന ചക്രത്തെ ആഹ്വാനം ചെയ്ത് അസ്തമാനനായ സൂര്യനെ തടവുകാരനാക്കി വേപ്പുമരത്തിൽ തടഞ്ഞുനിർത്തി. അതിഥിമാരുടെ ഭക്ഷണം കഴിഞ്ഞതിനുശേഷമേ സൂര്യന് മോചനം കിട്ടിയുള്ളു. എല്ലാവരും ആശ്ചര്യം പൂണ്ട് കണ്ടു, അപ്പോൾ രാത്രി രണ്ടു യാമം ചെന്നിരിക്കുന്നെന്ന്. നിംബവൃക്ഷത്തിൽ സൂര്യനെ തടഞ്ഞുനിർത്തിയതുകൊണ്ട് അന്നുമുതൽ അദ്ദേഹം നിംബാർക്കനെന്നും നിംബാദിത്യനെന്നും അറിയപ്പെടാൻതുടങ്ങി.

രംഗമണ്ഡപത്തിൽ രാസലീല നടക്കുകയാണ്. വസന്തോത്സവത്തിൽ മിലനം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു; ഇനി വിരഹമില്ല. രാധാകൃഷ്ണന്മാർ ഒരേ സിംഹാസനത്തിൽ ചുണ്ടിൽ ഓടക്കുഴലുമായി കഴുത്തിൽ കൈചേർത്തു പിടിച്ച് ഇരിക്കുകയാണ്. ഭക്തന്മാരുടെ കണ്ണിൽ യുഗളരൂപ ദർശനത്തിൻെറ ആവേശം സ്ഫുരിക്കുന്നു. ആ കണ്ണിൽ കുറച്ചു നേരത്തേക്ക് ഭഗവാൻ തടഞ്ഞു നിൽക്കുന്നു.

ശാന്തിക്കാരൻ പറഞ്ഞു: 'ഇപ്പോൾ വംശീവടത്തിലാണ് പതിവ്, മുമ്പ് ഇവിടെയായിരുന്നു എന്നും രാസലീല അഭിനയിക്കുക. ഒരു ദിവസം രാത്രി കഴിഞ്ഞ് അഭിനയം അവസാനിച്ചപ്പോൾ ആരോ ഒരാൾ സഭ വിട്ട് ഓടിച്ചെന്ന് അമ്പലത്തിനുള്ളിൽ കടന്നത് എല്ലാവരും കണ്ടു. ഒരു ഞൊടിയിട നേരത്തേക്കുള്ള കാഴ്ച മാത്രമായിരുന്നു: എല്ലാവരും

പരിഭ്രമിച്ചുവശായി. ''ഇതാ ഈ വഴിക്കാണ് പോയത്''—എന്ന് ചൂണ്ടിക്കാട്ടി എല്ലാവരും കണ്ണോടിച്ചു. രംഗമണ്ഡപത്തിലെ തടിച്ച പരവതാനി അമ്പലത്തിനടുത്ത് അവസാനിയ്ക്കുന്നേടത്ത്, വെണ്ണക്കല്ലു കൊണ്ടുള്ള തറയിൽ ഓടിപ്പോയ രണ്ട് കാലടിയുടെ അടയാളം തെളിഞ്ഞുകണ്ടു'

ഇന്നും അത് അതേപോലെയുണ്ട്, പൂവും വില്വപത്രവും കൊണ്ട് മറഞ്ഞിരിക്കുകയാണ്. ഞാൻ കൈകൊണ്ട് നീക്കി നോക്കി. നേരായിരിക്കാം; കല്ലിന്മേലെ സ്വാഭാവികമായ രേഖയുമാവാം—വെളുപ്പിന്മീതെ ഇളം കറുപ്പു നിറത്തിൽ കാലത്തിന്റെ വയസ്സ് എഴുതീട്ടുണ്ട്.

വ്രജരമണൻ മുട്ടുകുത്തിയിരുന്ന് കാലടിപ്പാട് രണ്ടും പതുത്ത കൈകൊണ്ട് തടവി സർവ്വാംഗങ്ങളിലും തേച്ചു. പാദരേണുക്കളുടെ കരുണയിലുള്ള ലോഭം കൊണ്ട് ആത്മവിസ്മൃതനായി.

ഭക്തന്റെ കൈകൊണ്ടുള്ള ഈ മൃദുസ്പർശമുണ്ടല്ലോ, ഈ മധുര സത്യത്തെ ഞാൻ മനസ്സിൽ പ്രതിഷ്ഠിച്ചു.

തേടിത്തേടി ആനന്ദമയി മാതാവിന്റെ ആശ്രമത്തിൽ എത്തി, ഞങ്ങൾ വാതിൽ തുറന്ന അതേ നിമിഷത്തിൽ ഒരു കൂട്ടം സ്ത്രീകൾ അതേ വാതിലിലൂടെ തിടുക്കപ്പെട്ട് പുറത്തേക്കിറങ്ങി. അവർ കടന്നു പോയപ്പോൾ ഞാൻ പറഞ്ഞു: 'പോകാം, ഉള്ളിലേക്ക് കടക്കാം.'

വലിയേച്ചി പറഞ്ഞു: 'ഇനി ഉള്ളിൽ കടന്നിട്ട് എന്തു ചെയ്യാനാണ്? ആനന്ദമയി മാതാവ് പുറത്ത് പോയിരിക്കയാണല്ലൊ?'

'ആനന്ദമയി മാതാവ്! അവരുടെഇടയിൽ? ആരായിരുന്നു? ആ തൂവെള്ളച്ചേലയുടുത്ത ലാവണ്യവതിയായ പ്രായംചെന്ന സ്ത്രീയാണോ?

വലിയേച്ചി തലകുലുക്കി; എന്നിട്ട് പറഞ്ഞു: 'ഫോട്ടോ ധാരാളം കണ്ടിട്ടുണ്ട്, അതിൽനിന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്''.

അത്ഭുതം! ഉടുപ്പിലും വേഷത്തിലും ഒരു വ്യത്യാസവുമില്ല. വെറും മുഖം തന്നെ നൂറാളുടെ കൂട്ടത്തിൽനിന്നും ആകർഷിക്കുന്നു. ഞാൻ പറഞ്ഞു, 'നടക്കു വലിയേച്ചി, ഇത്രയധികം പരിവാരങ്ങളുമായി എവിടേയ്ക്കാണ് പോയതെന്ന് ചെന്നുനോക്കാം'.

മനസ്സിൽ തോന്നിയതോടെ ഞങ്ങൾ ആ ആൾക്കാരുടെ പിന്നാലെ പാഞ്ഞു. അടുത്തുതന്നെയാണ് ഹരിബാബയുടെ ആശ്രമം. ഇടു

ങ്ങിയ കോണിപ്പടികൾ കടന്ന് രണ്ടാം നിലയിലെ ഒരു മുറിയുടെ മുമ്പിലുള്ള ചെറിയൊരു വരാന്തയിൽ കൂട്ടം കൂടി നിന്നു. ഇത്തിരി പോന്ന ഈ സ്ഥലത്ത് എത്ര ആൾക്കാരെ കൊള്ളും—ബാക്കിയുള്ളവരിൽ ചിലർ കോണിപ്പടികളിൽ പിടിച്ചു തൂങ്ങി; ചിലർ മുഖമുയർത്തിക്കൊണ്ട് താഴെ നിന്നു. തിരക്കിന്നു മുമ്പിൽ സ്ഥലം പിടിക്കാനുള്ള സൂത്രം തിരിഞ്ഞാൽ എന്ത് സൌകര്യമുണ്ട്!

മുമ്പിലെ മുറിയിൽനിന്ന് ഋഷിതുല്യനായ ഹരിബാബ പുറത്തേക്ക് വന്നു. ദേഹത്ത് കാവിയുടുപ്പ്; എന്തൊരു തേജസ്സ്, അവിടെയൊരു വെളിച്ചം വീശിയതുപോലെ. ആനന്ദമയി മാതാവ് ഒരു തളികയിൽ ഉപഹാരങ്ങൾ ഒരുക്കിക്കൊണ്ടുവന്നിട്ടുണ്ട്—കാവിമുണ്ട്, പഴക്കുല, പൂക്കുല. ഇന്ന് ഹരിബാബയുടെ പിറന്നാളാണ്. ഹരിബാബ പുഞ്ചിരിതൂകിക്കൊണ്ട് മുണ്ടും പഴവും പൂവുമെടുത്ത് ആൾക്കൂട്ടത്തിന്നുനേർക്ക് നോക്കി. എന്നിട്ട് പറഞ്ഞു: 'ഇവിടെ എല്ലാവർക്കും സ്ഥലം മതിയാവില്ലല്ലോ; താഴെ ചെന്ന് കാത്തിരിക്കു, ഞാൻ ഇപ്പോൾ വരാം. കീർത്തനമുണ്ടാകും'.

ഹരിബാബയുടെ കീർത്തനത്തെപ്പററി പലരും പറഞ്ഞുകേട്ടിട്ടുണ്ട്: 'അങ്ങോട്ട് പോവുകയാണല്ലൊ, പററുമെങ്കിൽ ഹരിബാബയുടെ കീർത്തനം കേട്ട് വരു. കേൾക്കേണ്ടതാണ്'. ഭാഗ്യം തെളിഞ്ഞിരിക്കയാണ്; പെട്ടെന്ന് എങ്ങനെയോ എല്ലാം ഒത്തുവന്ന് സുവർണ്ണാവസരം ലഭിച്ചു.

ഹരിബാബ താഴേക്കിറങ്ങിവന്നു. മററുള്ളവർ മുമ്പേതന്നെ തപ്പും തകിലുമായി തയ്യാറായിരുന്നു. ഹരിബാബ നടുക്കുനിന്ന് കണ്ണടച്ച് കൈകൂപ്പി ശ്വാസം പിടിച്ച് ആരംഭിച്ചു, 'രാ—ാ—ാ—ാ—'. ഈ 'രാ' യിൽനിന്ന് മറെറാരു ശ്വാസത്തിൽ 'ധാ' മുഴുമിക്കുന്നതിലിടയ്ക്കുതന്നെ കഴിഞ്ഞു ശരിക്ക് പത്ത് മിനുട്ട്. ഓരോരിക്കൽ ഇങ്ങിനെ ദീർഘസ്വരത്തിൽ 'രാ—ധാ' നാമം മുഴുമിക്കും, ഓരോ മാത്ര സ്വരം കൂട്ടും. കൂട്ടിക്കൂട്ടി ഉച്ചസ്ഥായിയിലെത്തിയപ്പോൾ വീണ്ടും താഴ്ത്തിത്താഴ്ത്തിക്കൊണ്ടുവന്ന് അതിമൃദുവിലെത്തിച്ചു. സ്വരത്തിൻെറ ദൈർഘ്യം ചുരുക്കി ദ്രുതതാളത്തിൽ നാമം പിടിച്ചു. ശിങ്കിടിമാർ തപ്പും തകിലും മുഴക്കാൻ തുടങ്ങി. ഹരിബാബ ഒരു ഓട്ടുമണി കൈയിലെടുത്തു; പതുക്കെപ്പതുക്കെ വീണ്ടും സ്വരം ഉയരാൻ തുടങ്ങി, താളം ദ്രുതതരമായി. ആ താളത്തിനൊത്ത് വട്ടംചുററി ഹരിബാബ താളത്തിൽ താളത്തിൽ മണിയടിച്ചുകൊണ്ടിരുന്നു. കാണേണ്ടതാണ് ഈ നൃത്തം, അതിൻെറ ഭംഗി. ശക്തി മുഴുവൻ ഒഴുക്കിക്കൊ

ണ്ട് നാമം പാടുന്നു; അതേ ശക്തി മുഴുവൻ അടക്കിപ്പിടിച്ച് സമസ്ത ശരീരവും ചുററിച്ചുകൊണ്ട് മണിയടിക്കുന്നു. ഭ്രാന്തൻെറ മതിമറന്ന ഉന്മത്തതപോലെ. പാട്ടും നൃത്തവുംകൊണ്ട് തുമുലമായ താണ്ഡവം; എന്നാലും എല്ലാം സ്ഥിരം, നൂലിൽ കോർത്ത വടിവൊത്ത ഒരുകൂട്ടം മാലപോലെ.

വരുംവഴി വലിയേച്ചി പറഞ്ഞു: 'ഒരുകാര്യം സൂക്ഷിച്ചുവോ, ആദ്യമായി ''രാധ'' യെന്ന് ഉച്ചരിച്ചപ്പൊഴേ ഹരിബാബയുടെ തലമുടി എങ്ങിനെ നിവർന്നുനിന്നിരുന്നെന്ന്. എന്തൊരത്ഭുതാവഹമായ രോമാഞ്ചമാണ് നാമശ്രവണത്തിൽ!'

ഞങ്ങരം നിംബാർക്കാശ്രമത്തിനടുത്തൂടെ തിരിച്ചു വരികയാണ്. ഇലകൊഴിഞ്ഞ വേപ്പുമരത്തിൻെറ കൊമ്പുകളുടെ വിടവിലൂടെ വട്ടമൊത്ത ചന്ദ്രൻ ഉദിച്ചുപൊങ്ങുന്നു. വഴിയുടെ നടുക്ക് ഹിന്ദുസ്ഥാനിയായ ഒരു പുരുഷൻ വലിയൊരു തപ്പ് കൊട്ടുന്നു. രണ്ട് സ്ത്രീകരം പാട്ടുപാടുന്നു— യമുനാതീരത്ത് കൃഷ്ണൻ ഓടക്കുഴലൂതി രാധയെ വിളിക്കുകയാണ്, അമ്മായിയമ്മയുടേയും നാത്തൂൻേറയും കർശനമായ കാവൽ, രാധ മനംപൊട്ടി കരയുന്നു—'എങ്ങിനെ പോകും ഞാൻ'.

മററു വല്ലേടത്തുമാണെങ്കിൽ ആളുകരം കണ്ടാൽ പറയും ഭ്രാന്താണെന്ന്. ഇവിടെപിന്നെ ആർ ആരെ പറയാനാണ്.

നട്ടുച്ചനേരത്തെ പൊരിവെയിലത്ത് തലയും മുഖവും ചുട്ടുപൊള്ളുന്നു, ചുഴലിക്കാററിലെ പൊടിപടലം കണ്ണും മൂക്കും മൂടുന്നു: എന്നാലും പുറത്തിറങ്ങി. വീട്ടിൽ മനസ്സുറക്കുന്നില്ല. ഒരാരക്കുവേണ്ടി കൂട്ടത്തിലെ എല്ലാവർക്കും പുറത്തിറങ്ങേണ്ടിവരുന്നു, പക്ഷെ എവിടെയാണ് പോവുക? അമ്പലങ്ങരം മുഴുവൻ അടച്ചിരിക്കയാണ്. ദേവന്ന് ഒരുപക്ഷെ വിശ്രമം വേണ്ടായിരിക്കാം; പക്ഷെ പൂജാരിക്കോ? അമ്പലവാതിൽ തുറന്നുകിടന്നാൽ അയാരക്ക് വിശ്രമമെങ്ങിനെ കിട്ടും?

അവിടെയുമിവിടെയും ചുററിയലഞ്ഞു. തുറന്ന പടിവാതിലിലൂടെ വലിയൊരു മാളിക കാണായി; വല്ലതുമൊന്നായിരിക്കണം. കടന്നുകൂടി ഉള്ളിൽ. വലിയൊരു മാളികവീട്; മാളികവീടെന്ന് പറഞ്ഞുകൂട, അത് പ്രമാണികളുടേതാണല്ലൊ. ദേവന്മാർക്ക് അമ്പലമാണ്. ചൂടുകാലത്ത് രംഗനാഥജി നിത്യവും വൈകുന്നേരം ഇവിടെ കാററു കൊള്ളാൻ വരും. ഇരുവശത്തും പലപല പൂച്ചെടികളുടേ

യും ഫലവൃക്ഷങ്ങളുടേയും തോട്ടം, വലിയ കൂത്തമ്പലം, കുളം എന്തെല്ലാമെന്തെല്ലാം? കെട്ടിപ്പടുത്ത വഴി ഉയർന്നുയർന്ന് കൂത്തമ്പലം വരെ ചെന്നിട്ടുണ്ട്. രംഗനാഥജിയുടെ വണ്ടി ഗുഡുഗുഡാ നേരെ ഉള്ളിൽ കടന്നുചെല്ലും.

ഏതാനും നാളേയ്ക്ക് എന്തൊരു രാജകീയ വ്യവസ്ഥ! രംഗനാഥജിയുടെ വീട്ടിലും തോട്ടത്തിലുമായി കുറച്ചുനേരം കഴിച്ചുകൂട്ടി ഞങ്ങൾ വീണ്ടും മറ്റോരോന്ന് അന്വേഷിച്ചുകൊണ്ട് നടയായി. വലിയേച്ചി പറഞ്ഞു: 'കാത്യായനീക്ഷേത്രം ഇവിടെയെവിടെയോ ആണെന്ന് കേട്ടിട്ടുണ്ട്, ബംഗാളികൾ പ്രതിഷ്ഠിച്ചതാണ്. പലരും പറയുന്നത് പീഠസ്ഥാനമാണെന്നാണ്; സതിയുടെ കേശം വീണിരുന്നത്രെ. ഈയിടെയാണ് പീഠോദ്ധാരം കഴിഞ്ഞത്, ഒന്നന്വേഷിച്ച് കണ്ടുപിടിക്കൂ'. ഇതുംപറഞ്ഞ് വലിയേച്ചി താൻതന്നെ പുരികം ചുളുക്കി ആകാശത്തിന്നുനേർക്ക് വട്ടം ചുറ്റി നോക്കി.

ഏട്ടൻ പറഞ്ഞു: 'അതാ, അതു തന്നെയാണെന്നു തോന്നുന്നു; അതാ, ആ വേപ്പും കടന്ന് പൊങ്ങിക്കാണുന്നത്''. ഇതുംപറഞ്ഞിട്ട് ഏട്ടൻ അമ്പലത്തിന്റെ താഴികക്കുടം ചൂണ്ടിക്കാട്ടി.

കുലകുലയായി പഴുത്ത ഇലകൾ നിറഞ്ഞ വേപ്പ്; അമ്പാടിയിലെ ബാലകന്മാർ ചുവട്ടിലെ ഉണക്കിലകൾ അടിച്ചുകൂട്ടി കെട്ടുകളാക്കുന്നു. രണ്ടു പശുക്കൾ അവർ ആട്ടിയകറ്റീട്ടും പരമസന്തോഷത്തോടെ ആ ഇല തിന്നുന്നു.

വലിയേച്ചി പറഞ്ഞു: എന്തൊരു മണലാണ് ഇന്നാട്ടിൽ! അല്ലെങ്കിൽ പൈക്കൾ വേപ്പിലയും തിന്നുമെന്ന് കേട്ടിട്ടില്ല ഒരിക്കലും'.

കുട്ടികളിൽനിന്ന് കാത്യായനി ക്ഷേത്രത്തിലേയ്ക്കുള്ള വഴി മനസ്സിലാക്കി. പുതിയ അമ്പലമാണ്; ആരുമില്ല ഒരിടത്തും; നിശ്ശബ്ദമായ പ്രദേശം. അടഞ്ഞ വാതിലിന്നുള്ളിൽ ദേവി കാത്യായനി.

ബംബ്ളിമൂസ് നാരകത്തിന്റെ മറവിൽ നല്ല തടിമിടുക്കുള്ള ഒരു വാലിയക്കാരൻ കൂററൻ കലങ്ങളും ഉരുളികളും തേക്കുന്നു. തീർച്ചയായും ഇന്നുച്ചയ്ക്ക് എന്തോ വിശേഷപ്പെട്ട സദ്യയുണ്ടായിരുന്നിരിക്കണം; അതാണ് എല്ലാവരും പകലുറക്കത്തിൽ ഇപ്പോഴും അദൃശ്യരായിരിക്കുന്നത്.

ദേവീദർശനം എപ്പോൾ ലഭിക്കുമെന്ന് നോക്കുകതന്നെ. വരാന്തയിലെ ശീതളമായ നിലത്ത് കാലും നീട്ടി ഇരിപ്പായി. രാധാദാസിയുണ്ട് കൂടെ, അവളുമായി കഥകൾ പറയാൻതുടങ്ങി.

രാധാദാസി പറഞ്ഞു: 'എനിയ്ക്ക് ആദ്യം ഹരിദാസി എന്നായിരുന്നു പേര്. ആ നിത്യഗോപാല മഠാധിപൻെറ പേരും ഹരിദാസിയെന്നാണ്. അയാറം പറഞ്ഞു, ആ പേരിൽ നിന്നെ എങ്ങിനെയാ വിളിയ്ക്ക്യാ? ഇന്നുമുതൽ നീ രാധാദാസിയാണ്. അന്നുതൊട്ട് ഇതാണ് എനിയ്ക്ക് പേര്. ഇവിടെ വന്നിട്ട് എത്ര കൊല്ലമായീന്നോ. മൂർശിദാബാദ് ജില്ലയിലാണ് എൻെറ വീട്. വിധവയായിട്ട് ഗ്രാമത്തിലെ ആളുകളുടെ കൂടെ തീർത്ഥയാത്രയ്ക്ക് വൃന്ദാവനത്തിലേയ്ക്ക് വന്നതാണ്. പണ്ഡ ഞങ്ങളെ മഠാധിപൻെറ വീട്ടിലാക്കി. രണ്ടുമാസത്തേയ്ക്കായിരുന്നു വന്നത്, എല്ലാരും. മഠാധിപൻെറ അമ്മ പറഞ്ഞു, നീ എന്തിനേ തിരിച്ചുപോണേ; എൻെറ മകനെ ശുശ്രൂഷിച്ചുകൊണ്ട് ഇവിടെത്തന്നെ താമസിച്ചോളു. ഗ്രാമത്തിലെ ആളുകറം ഗ്രാമത്തിലേയ്ക്ക് തിരിച്ചുപോയി; ഞാനിവിടെ കൂടി. മഠാധിപൻെറ അമ്മ മരിച്ചുപോയി; അതും ഇന്നേക്ക് അഞ്ചാറു കൊല്ലമായി'.

'ഞാൻ ചോദിച്ചു: നീ ബംഗാളിയാണല്ലൊ; പിന്നെയെന്തിനേ ഹിന്ദുസ്ഥാനികളേപ്പോലെ വേഷം ധരിക്കുന്നത്?

അവറം പറഞ്ഞു: 'മഠാധിപൻെറ നാട്ടിലെ ആളുകളാണ് ആ ഭാഗം നിറയെ. അതിൻെറ കൂട്ടത്തിൽ ഞാനൊരുത്തിമാത്രം മറെറാരു വേഷത്തിൽനിന്നാൽ എന്തോ തോന്നും; അയലത്തുകാർ വല്ലതും പറയും. ഇതാ ഇപ്പോറം കൈയിൽ രണ്ടു സ്വർണ്ണവള ഇട്ടിട്ടില്ലേ; മററു സമയത്താണെങ്കിൽ ഇതും ഇടില്ല. കൈനിറയെ കുപ്പിവളയാണ് ഇടുക. അതാണ് അവരുടെ സമ്പ്രദായം. പക്ഷെ കുറച്ചു ദിവസമായി നാട്ടിൽനിന്ന് എൻെറ നാത്തൂൻ തീർത്ഥയാത്രയ്ക്ക് വന്നിട്ട്; താമസിക്കുന്നത് മറെറാരു സ്ഥലത്താണ്. അതാണ് കുപ്പിവള ഊരി വേഗം സ്വർണ്ണവള എടുത്തിട്ടത്''.

'എന്തിന്?'

'ഇടയ്ക്കിടെ വഴിയ്ക്കുവെച്ച് നാത്തൂനെ കാണാറുണ്ട് — നാണം തോന്നും'. എന്ന് പറഞ്ഞ് രാധാദാസി ചിരിച്ചുകൊണ്ട് മുഖം താഴ്ത്തി.

ഇത്രയുമായപ്പോറം ശാന്തിക്കാരൻ വന്ന് അമ്പലവാതിൽ തുറന്നു. അഷ്ടഭുജയും സിംഹവാഹിനിയുമായ അസുരമർദ്ദിനിയുടെ മൂർത്തി.

വലിയേച്ചി പറഞ്ഞു: 'കാത്യായനി മഹാശക്തിയാണ്. ഗോപിമാർക്ക് കൃഷ്ണനെ ആരാധിക്കാനുള്ള ശക്തി കിട്ടിയതെവിടുന്നാണ്? കാത്യായനിയുടെ അടുത്തുനിന്നുതന്നെ. രാധയും ഗോപി

മാരും ആദ്യം കാത്യായനിയെ ആരാധിച്ച് ശക്തി സമ്പാദിച്ചതിൽ പിന്നെയാണ് കൃഷ്ണാരാധനചെയ്ത് കൃഷ്ണനെ നേടിയത്. ഭാഗവതത്തിലുണ്ട് ഗോപിമാരുടെ മന്ത്രം—

'കാത്യായനീ മഹാമായേ മഹാ യോഗിന്യധീശ്വരീ
നന്ദഗോപ സുതം ദേവീ പതിം മേ കുരുതേ നമഃ'

മുമ്പും പിമ്പുമാണ് സമയം ചെലവാകുന്നത്; ദർശനത്തിന്ന് എത്ര നിമിഷം വേണം? ഞങ്ങൾ വീണ്ടും നടയായി.

വഴിക്കാണ് അറുപത്തിനാല് മഠാധിപന്മാരുടെ സമാജം. ഗുരുവർഗ്ഗം അഷ്ടമഠാധിപന്മാർ, ദ്വാദശഗോപാലന്മാർ, ഷഷ്ഠചക്രവർത്തിമാർ, അഷ്ടഗോസ്വാമിമാർ, അഷ്ടവൈദ്യന്മാർ. ആചാര്യൻ, പ്രഭു എന്നിങ്ങിനെ അറുപത്തിനാല് മഠാധിപന്മാർ സമാധിയടഞ്ഞേടത്തു നിന്നെല്ലാം അതാതിടത്തെ പൊടി ഒരിടത്ത് കൊണ്ടുവന്നിട്ടാണ് ഈ സമാധി സമാജം ഉളവായത്. കെട്ടിപ്പടുത്ത വഴികളെക്കൊണ്ട് ചുററപ്പെട്ട മുററത്തിൽ ചെറിയ ചെറിയ സ്മാരകഫലകങ്ങളിന്മേൽ പേരും മററു വിവരങ്ങളും എഴുതിയിരിക്കുന്നു—ജയദേവ–പദ്മാവതി, വില്വമംഗല–ചിന്താമണി, ജഗായി–മാധായി, നരോത്തമ ഠാക്കുർ, കർണ്ണപുരൻ, ശ്രീവാസൻ, രൂപ–സനാതനൻ, കേശവ–ഭാരതി. വലിയേച്ചി പേര് വായിക്കുന്നു, എന്നിട്ട് 'ആഹാ, ഒന്നു തൊടട്ടെ' എന്നു പറഞ്ഞ് കൈനീട്ടുന്നു.

അവിടെ ചില വൈഷ്ണവന്മാർ ഇരിക്കുന്നുണ്ടായിരുന്നു, പൂജാരികളാണെന്നു തോന്നുന്നു; അവർ പറഞ്ഞു: 'അരുതേ; കെട്ടിയ വഴിവിട്ട് മണ്ണിൽ കാല് കുത്തരുത്; അവിടെ കാലുകുത്തുകയെന്നു വെച്ചാൽ, അവരുടെ ശരീരത്തിൽ പാദധൂളി എൽപിക്കുക എന്നർത്ഥമാണ്'.

കാഷായവസ്ത്രമുടുത്ത ഒരു വൈഷ്ണവനും വൈഷ്ണവിയും പറയുന്നതിനുമുമ്പുതന്നെ ഇറങ്ങിക്കഴിഞ്ഞിരുന്നു. പൂജാരികൾ അവരെ വിളിച്ച് പറഞ്ഞു: 'ഒന്നു കേൾക്കു; നിങ്ങൾ കണ്ടിട്ട് വൈഷ്ണവരാണല്ലൊ. അവനവൻ തന്നെ കാവി കൈക്കൊണ്ടതാണോ, നിയമം അറിയാതിരിക്കാൻ?'

അവർ പരുങ്ങിക്കളിച്ചു.

'ആപാപനഘ്ധികളായിരിക്കണം തീർച്ച!'

ഏട്ടൻ ചോദിച്ചു: 'എന്നുവെച്ചാൽ?'

ഞാൻ പറഞ്ഞു: 'രാമമയമഹാരാജ് പറഞ്ഞത് ഓർമ്മയില്ലേ? അദ്ദേഹം പറഞ്ഞിരുന്നു, സ്വാമിയാകണമെങ്കിൽ ഏതെങ്കിലുമൊരു സമ്പ്രദായത്തിൽപ്പെടണം; പേരിന്റെ ഒടുക്കം അത് ചേർക്കും. ആരെങ്കിലും താങ്കളുടെ പേരെന്താണ് എന്നു ചോദിച്ചാൽ, സ്വാമി വിശുദ്ധാനന്ദനെന്നുമാത്രം പറഞ്ഞാൽ പോരാ, സ്വാമി വിശുദ്ധാനന്ദപുരിയെന്നോ ഗിരിയെന്നോ വനമെന്നോ ഭാരതിയെന്നോ എതെങ്കിലുമൊന്ന് പറയണം. അതില്ലെങ്കിൽ അവർ പരിഹസിക്കും—''പയ്യൻ ആപാപന്ഥിയാണ്''; എന്നുവെച്ചാൽ അവനവൻതന്നെ അങ്ങ് സ്വാമിയായതാണെന്ന്. നമ്മളുടെ സ്വാമിമാർക്കിടയിൽ വലിയ നിയമവും കാര്യവുമാണ്. ഇതാ ഞങ്ങളുടെ ഈ മുടിയും താടിയുമുണ്ടല്ലൊ, മുടി നിർത്തി താടി വടിച്ചുകളഞ്ഞാൽ സ്വാമിയാന്മാർ നിന്ദിയ്ക്കും. പൂർണ്ണിമനാളിൽ, എന്നുവെച്ചാൽ മാസത്തിലൊരിക്കൽ, മുടിയും താടിയും ഒരുമിച്ച് കളയും. മററിടങ്ങളിൽ ഇത്രയൊന്നും നോക്കാറില്ല; ഇവിടെ പക്ഷെ ഇതൊക്കെ നോക്കാതെ നിവൃത്തിയില്ല'.

അതാ, അൽപം മുമ്പെ കണ്ടിരുന്നില്ലെ, നാലും കൂടുന്ന വഴിത്തലയ്ക്കൽ ഒരു സന്യാസി ദേഹം മുഴുവൻ വർണ്ണപ്പൊടി പൂശി നട്ടുച്ചവെയിലത്ത് കാലുരണ്ടും ഒന്നിച്ചുചേർത്ത് ആകാശത്തേയ്ക്കുയർത്തി അനക്കമില്ലാതെ നിൽക്കുന്നത്? ഏട്ടൻ പറഞ്ഞിരുന്നു; 'ഇതാണ് ശീർഷാസനം'. ഇപ്പോളുണ്ട്, തലയിൽ ഭാരമുറപ്പിച്ച് മുമ്പിൽ കക്ഷത്തിന്നടിയിലൂടെ കാല് കടത്തി പിന്നിലൂടെ കൊണ്ടുവന്ന് മൂർദ്ധാവിൽ ചേർത്തുവെച്ചിരിക്കുന്നു.

'ഇതെന്താണ്?'

'ഇതാണ് പാദസ്കന്ധാസനം'.

വഴിപോക്കർ പോകുമ്പോഴും വരുമ്പോഴും ഒന്നോ രണ്ടോ പൈസ മുമ്പിൽ വിരിച്ചിരിക്കുന്ന തോർത്തിലേയ്ക്ക് എറിഞ്ഞു കൊടുക്കുന്നുണ്ട്. ഒരു കിഴവി ഒരു രണ്ടണ ഇട്ട് എട്ട് പൈസയുടെ ചില്ലറ അവിടെനിന്ന് എടുത്തു.

ജപമാലസ്സഞ്ചിയിൽ വിരൽ കടത്തി 'രാധേ ഗോപാൽ നിധായി ഗൌർ' എന്ന് പാടിയുംകൊണ്ട് വൈഷ്ണവന്മാർ നടന്നുനീങ്ങുന്നു. ഇവിടെ എല്ലാവരുടെ ചുണ്ടിലും 'രാധാശ്യാമ' നാമമാണ്. കുതിരവണ്ടിക്കാരൻ കുതിരയെ തെളിക്കുന്നു—'രാധേ രാധേ'; കൂലി കൈയിൽ വാങ്ങി സലാം പറയുന്നു—'ജയ രാധേ'; വഴിപോക്കൻ കുശ

ലം ചോദിക്കുന്നു—'രാധേ കൃഷ്ണ'; പീടികക്കാരൻ സാമാനം എടുത്തുതന്ന് പറയുന്നു—'രാധാ റാണി'; പിച്ച കിട്ടാഞ്ഞ് പിച്ചക്കാരൻ ചീത്ത പറയുന്നു—'രാധാശ്യാം ശ്രീഹരി'.

നാനാദേവിമാരുടെ വർണ്ണചിത്രങ്ങളുടെ പീടികയുടെ മുമ്പിൽ ചെന്നുനിന്നു വലിയേച്ചി. ഗംഗാമാതാവിന്റെ ഒരു പടം ഹരിദ്വാരത്തുനിന്ന് വാങ്ങീട്ടുണ്ട്. സിനിമയിലെ ശിവൻ കണ്ണുംചിമ്മിയിരിക്കുന്നു; ഉഷാബാലയെപ്പോലെ ഗംഗ ചിരിച്ചുംകൊണ്ട് ശിവന്റെ തലയിൽ വന്നുവീഴുന്നു. ഇതുപോലെ രാധാകൃഷ്ണന്റെ ഇഷ്ടപ്പെട്ട ഒരു പടം കിട്ടുകയാണെങ്കിൽ ചില്ലിട്ട് മുറിയിൽ തൂക്കാമായിരുന്നു. രാവിലെ ഉണർന്നെണീററാൽ സകല ദേവീദേവന്മാരേയും കണ്ടിട്ട് ദിവസം ആരംഭിക്കാം. പറകയാണ്, 'അല്ലാതെ പിന്നെ വല്ലപ്പോഴും സമയം കിട്ടുമോ?'

ദേവീദേവന്മാടെ ചിത്രങ്ങൾക്കിടയിൽ നേഹ്റു പട്ടേൽ ഗാന്ധി സുഭാഷുമാരുടെ പടങ്ങൾ. ഞാൻ ചോദിച്ചു: 'ഇവയെന്തിനാണ് ഇവിടെ?' പീടികക്കാരൻ ഏതാണ്ട് ശാസനപോലെത്തന്നെ പറഞ്ഞു: 'അതൊക്കെ നേതാക്കന്മാരാണ്.'

വഴിക്ക് മണിബാഹദൂരിനെ കണ്ടു. ഇന്ന് രാവിലെത്തന്നെ എത്ര അന്വേഷിച്ചതാണ് അദ്ദേഹത്തെ. അവരും ഇവിടെ വന്നിട്ടുണ്ടെന്ന് കേട്ടിരുന്നു; പക്ഷെ എവിടെയാണെന്നറിയില്ലായിരുന്നു. പണ്ഡമാരോട് ഒരുപാട് അന്വേഷിച്ചിട്ട് അവരുടെ വീട് കണ്ടെത്തിയിരുന്നെങ്കിലും, അവർ അപ്പോൾ പുറത്തുപോയിരിക്കയായിരുന്നു.

വലിയേച്ചി പറഞ്ഞു: 'കപ്ററ് ഇന്ത്യ ചെയ്തിട്ടെന്താണ്! ഇന്ന് നിങ്ങളെ വിവരിച്ചു കൊടുത്തു—കാഴ്ചയ്ക്ക് സായ്പിനെപ്പോലെയാണെന്ന്, അപ്പോഴാണ് പണ്ഡയ്ക്ക് മനസ്സിലായത്: വീട് കാട്ടിത്തന്നു.

മണിബാഹാദൂറിന്റെ കൈയിൽ ഇലകൊണ്ട് വായ കെട്ടിയ ഒരു മൺകുടുക്കയിൽ പാൽപ്പാട. അദ്ദേഹം പറഞ്ഞു; 'പാലല്ല, സന്ദേശല്ല, യമുനാപുളിനത്തിലെ പുല്ല് തിന്നുന്ന പശുവിന്റെ പാൽപ്പാട. ഇതുപോലൊരു സാധനം ഭൂമിയിൽ വേറെയില്ല. കഴിച്ചിട്ടില്ലേ? കഴിച്ചു നോക്കു. വൃന്ദാവനത്തിൽ വന്നാൽ ആദ്യം പാൽപ്പാട തിന്നണം. ഭക്തിരസം മാത്രം പോരാ, ഭൌതികരസവും വേണം. അർജ്ജുനനില്ലായിരുന്നെങ്കിൽ കൃഷ്ണന്ന് ഒററയ്ക്ക് എന്ത് ചെയ്യാമായിരുന്നു. ഗീത തന്നെ ഉണ്ടാവുമായിരുന്നില്ല—പിന്നെ, നിങ്ങൾ എങ്ങോട്ടാണ്.

ഞാൻ പറഞ്ഞു; 'ഫൌജദാർ കുഞ്ജത്തിലോളം. രാമകൃഷ്ണ ദേവൻ വന്നിരുന്നു അവിടെ എന്നു കേട്ടിട്ടുണ്ട്''.

'നടക്കു, ഞാനുമുണ്ട്. അവിടത്തെ മഠാധിപനുമായി എനിയ്ക്ക് പരിചയമുണ്ട്; പക്ഷെ രാമകൃഷ്ണൻ അവിടെ ഉണ്ടായിരുന്നു എന്ന് ആരും പറഞ്ഞില്ലല്ലോ.' എന്ന് പറഞ്ഞ് മണിബാഹാദൂർ ഒന്നിച്ചു പോന്നു. അദ്ദേഹം തുടർന്നു: 'പണ്ഡമാർക്ക് ഇത്തവണ വലിയ ദു:ഖമായിപ്പോയി. യാത്രക്കാരുടെ തിരക്കേ ഇല്ല. അവർ പറയുന്നത്, അധികപക്ഷം യാത്രക്കാരും വരാറുണ്ടായിരുന്നത് കിഴക്കൻ ബംഗാളിൽ നിന്നാണെന്നാണ്; മതം പുലർത്തിക്കൊണ്ട് പോരുന്നത് അവരാണ്. നമ്മളാകട്ടെ, മുകളിലെ പോളിഷ് മാത്രം!'

മണിബാഹാദൂറിൻെറ കൂടെ വഴിനടക്കാൻ നല്ല സുഖമാണ്. കഥകളോരോന്നങ്ങിനെ പറഞ്ഞുകൊണ്ട് മനസ്സ് മുഴുകിക്കും. പറകയാണ്, 'ഭർത്തൃഹരിയുടെ കഥ കേട്ടിട്ടില്ലേ? ഒരു സന്യാസി ഒരു പഴം കൊടുത്തിട്ട് പറഞ്ഞു, താങ്കൾക്ക് ഏററവും ഇഷ്ടപ്പെട്ട ആൾക്ക് കൊടുക്കു എന്ന്. ആ പഴം കൈമാറിക്കൊണ്ടേയിരുന്നു—ഒരാൾ തൻെറ പ്രിയജനത്തിന് കൊടുക്കും, അയാൾ തൻെറ പ്രിയജനത്തിന്ന്; ഇങ്ങിനെ പോയി. ആരും കൊടുത്ത ആൾക്ക് തിരുച്ചു കൊടുത്തില്ല. സ്നേഹം ദാനം ചെയ്യാനേ ഒക്കൂ, തിരിച്ചു കിട്ടലില്ല. വൈഷ്ണവന്മാർ രാധാഭാവത്തിലാണ് സാധന ചെയ്യാറ്; പ്രേമത്തിലെ ആത്മത്യാഗം അവർ സ്ത്രീകളിൽ നിന്നാണ് പഠിച്ചത്.'

ഞാൻ പറഞ്ഞു; 'ഞങ്ങൾ വീണ്ടും ഹരിദ്വാരത്തേയ്ക്ക് മടങ്ങും; നിങ്ങൾ വരുന്നില്ലേ?.

'ഇല്ല, മതിയാക്കി; ജ്ഞാനം കൊണ്ട് അഴുക്ക് കളഞ്ഞ് ഭക്തി ജലത്തിൽ മുങ്ങിയിരിക്കുന്നു. ഹരിദ്വാരത്തിൽ നിന്ന് വൃന്ദാവനത്തിലേയ്ക്ക് വന്നിട്ട് അങ്ങോട്ട് വീണ്ടും തിരിച്ചുചെന്നിട്ട് അത് നഷ്ടപ്പെടുത്തുന്നതെന്തിന്?' എന്ന് പറഞ്ഞ് അദ്ദേഹം ചിരിക്കാൻ തുടങ്ങി. അദ്ദേഹം തുടർന്നു: 'എൻെറ സ്നേഹിതൻ ബാക്കേ ബിഹാരി പഞ്ചാബിയാണ്, വൈഷ്ണവനായിട്ട് ഈ പേർ സ്വീകരിച്ചതാണ്. മീരാബായിയുടെ ജീവിതത്തെക്കുറിച്ചും ഭർത്തൃഹരിയുടെ ഗാനത്തെക്കുറിച്ചും രണ്ട് പ്രസിദ്ധ ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. ആറ് കൊല്ലക്കാലം മൌനിയായിരുന്നിട്ട് ഇപ്പോൾ മൌനം ഭഞ്ജിച്ച് കീർത്തനം കൊണ്ട് മത്ത് പിടിച്ചിരിക്കയാണ്. അയാൾ പറയാറുണ്ട്, ആനന്ദമയിമാതാവിൻെറ അടുത്ത് പോകരുത്, ദൂരെ നിന്ന് നമസ്കരിച്ചാൽ മതി.

ശക്തി വളരെ പ്രബലമാണ്, ഭക്തി മൃദുവാണ്. അധികം അടുത്തു ചെന്നാൽ ശക്തി നിങ്ങളുടെ ഉള്ളിൽ കടന്നുകൂടിക്കളയും.

ഞങ്ങൾ ഫൌജദാർ—കുഞ്ജത്തിലെത്തിയിരിക്കുന്നു. രാമകൃഷ്ണദേവൻ പാർത്തിരുന്ന രണ്ടാം നിലയിലെ മുറി പൂട്ടിയിട്ടിരിക്കയാണ്. വാതിൽപ്പഴുതിലൂടെ നോക്കിയപ്പോൾ, നിലം മുഴുവൻ പെട്ടിയും കിടക്കയും കൊണ്ട് നിറഞ്ഞിരിക്കുന്നു: ഏതോ യാത്രക്കാരന്ന് വാടകയ്ക്ക് കൊടുത്തിരിക്കയാണെന്നു തോന്നുന്നു.

ഏട്ടൻ മാധിപനോട് പറഞ്ഞു: 'അവിടുന്ന് ഇവിടെ ഉണ്ടായിരുന്നു എന്ന വിവരം അധികം പേർക്കും അറിയില്ല. അവിടുത്തെ ഒരു പടം ഈ മുറിയിൽ വെച്ച് പുറത്തെ പടിവാതിൽക്കൽ ഒരു സൈൻ ബോർഡും തൂക്കിയിട്ടു നോക്കൂ; നിങ്ങൾക്ക് യാത്രക്കാരുടെ വാടകയിലേറെ ദക്ഷിണ കിട്ടുമെന്ന് കാണാം.'

മാധിപൻ പറഞ്ഞു: 'ശരിയാണ് പറഞ്ഞത്, അങ്ങിനെത്തന്നെ ചെയ്യാം. ഇതാ, കുറച്ചുനാൾ മുമ്പാണ് രണ്ട് മദാമ്മമാർ തിരഞ്ഞ് തിരഞ്ഞ് ഇവിടെ വന്ന് വാതിൽക്കൽ തല മുട്ടിച്ച് നമസ്കരിച്ചിട്ട് പോയത്.'

വലിയേച്ചി പറഞ്ഞു: 'ഇതിനാണ് പറയുക വക്കീലിന്റെ ബുദ്ധിയെന്ന്''

അവിടെ നിന്ന് പോയത് ഒന്നേകാൽ മന്ന് ഭാരമുള്ള സാളഗ്രാമത്തിന്റെ അമ്പലത്തിലേക്കാണ്. ഇത്ര വലിയ സാളഗ്രാമശില സാധാരണയായി കാണുകയില്ല. നേപ്പാൾനാട്ടിലെ ഗണ്ഡകിനദിയിലേ ഈ ശില കിട്ടൂ, സന്യാസിമാർ അവിടെനിന്നാണ് കൊണ്ടുവരിക. ഒരു പ്രത്യേകതരം കല്ലാണ്; കല്ലിൽ വജ്രകീടമുണ്ടായിരിക്കും, ചന്ദ്രാദേവിയുടെ ശാപം കാരണം.

അതു കഴിഞ്ഞ് ആമലിതലത്തിലെത്തി, വളരെ പഴക്കം ചെന്ന ഒരു കൂററൻ പുളിമരം. ഈ മരത്തിന്ന് ചുവടെ ഇരുന്ന് മഹാപ്രഭു ജപിച്ചുപോന്നിരുന്നു. അവിടുന്ന് മഥുരയിൽ താമസിക്കുകയായിരുന്നു; ആൾക്കാരുടെ തിരക്കിൽ സ്വച്ഛന്ദമായി നാമസങ്കീർത്തനം ചെയ്യാൻ വയ്യാഞ്ഞ് ഇവിടേക്ക് വരുമായിരുന്നു. ഉച്ചവരെ നാമഗാനം പാടി അക്രൂരഘട്ടത്തിൽ ചെന്ന് ഭിക്ഷയെടുത്തുപോന്നു. ഇവിടെ ഉണ്ടായിരുന്ന കാലം മുഴുവൻ ഇങ്ങിനെയാണ് നാൾ കഴിച്ചിരുന്നത്.

ഒരു ദിവസം മഹാപ്രഭു ഇരുന്ന് നാമസങ്കീർത്തനം ചെയ്യുകയാണ്. യുവാവായ രാജപുത്രൻ കൃഷ്ണദാസൻ യമുനയുടെ തീരത്ത് നടക്കുകയായിരുന്നു. അദ്ദേഹം മഹാപ്രഭുവെ കണ്ടിട്ട് പെട്ടെന്നു നിന്നു. ഇവിടുത്തെയാണല്ലോ താൻ തലേ രാത്രി സ്വപ്നത്തിൽ കണ്ടിട്ട് പുറത്തിറങ്ങിയത്!

ഞാൻ മരത്തിന്മേൽ കൈയോടിച്ച് ആ ദൃശ്യം തന്നെ മനസ്സിൽ കാണുകയാണ്. എത്ര ധനികന്മാരും ദരിദ്രന്മാരുമാണ് അവിടുത്തെ കരുണ കൊണ്ട് ഉദ്ധരിയ്ക്കപ്പെട്ടിട്ടുള്ളത്.

അതിന്നുശേഷം ചെന്നത് രാധാദാമോദരന്നടുത്തേയ്ക്കാണ്. രൂപന്റെ ഗിരിഗോവർദ്ധനൻ ഇവിടെയാണുള്ളത്.

രൂപൻ നിത്യവും രാവിലെ പതിനാലു നാഴിക ഗോവർദ്ധനഗിരി രാജനെ പ്രദക്ഷിണം ചെയ്തിട്ടേ ജലപാനം ചെയ്തിരുന്നുള്ളു. വൃദ്ധനായിട്ടും രൂപൻ പതിവ് വെടിഞ്ഞില്ല. ഒരു രാത്രി ഗോവിന്ദൻ അദ്ദേഹത്തോട് അരുളിച്ചെയ്തു: 'രൂപ, നീ ഇത്ര കഷ്ടപ്പെടേണ്ട, എന്റെ പദചിഹ്നമെടുത്തോളു. അതിനെ നാലുവട്ടം വലത്തുവെച്ചാൽ നിനക്ക് ഗോവർദ്ധനഗിരിയെ പ്രദക്ഷിണം ചെയ്ത ഫലമാവും.' ഇതും പറഞ്ഞ് അവിടുന്ന് ഒരു കല്ലിനെ നിർദ്ദേശിച്ചു. പിറേറന്ന് രൂപൻ അവിടെച്ചെന്ന് ആ പദചിഹ്നം എടുത്തുകൊണ്ടുവന്നു. കാർത്തിക മാസം പദചിഹ്നത്തെ ആളുകളെ കാട്ടാറുണ്ട്; മററ് സമയങ്ങളിൽ വഴിപാട് കൊടുക്കണം.

വഴിപാട് കൊടുത്തപ്പോഠം ശാന്തിക്കാരൻ യമുനാജലത്തിൽ സോപാനം കഴുകി പദചിഹ്ന സമേതം ചെറിയൊരു പീഠം അവിടെ കൊണ്ടുവന്നു വെച്ചു.

കരിങ്കല്ലിന്മേൽ അളവിലും വലിയ ഒരു വലത്തു കാൽപ്പാട്; അടുത്ത് പശുവിൻ കുളമ്പിന്റെ അടയാളം.

'ഇതാണ് ധവളിയുടെ കാല്; ധവളിയുടെ ദേഹത്ത് ചാരിനിന്ന് കൃഷ്ണൻ ഇങ്ങിനെ ഓടക്കുഴൽ വിളിച്ചിരുന്നു.' എന്ന് പറഞ്ഞ് ശാന്തിക്കാരൽ വലത്തു കാലിൽ ഭാരമൂന്നി അഭിനയിച്ചു കാട്ടിത്തന്നു.

നല്ല ആഴത്തിലുള്ള കുഴി, മടമ്പിന്റെ അടുത്ത് അധികം കുഴിഞ്ഞിട്ടുണ്ട്—സ്പഷ്ടമാണ് ആ പാട്.

കേട്ടിട്ടുണ്ട്, കൃഷ്ണന്റെ മുരളീപാനത്തിൽ കല്ല് അലിഞ്ഞു പോയിട്ടുണ്ടെന്ന്. അങ്ങിനെയാണെങ്കിൽ ആ അലിഞ്ഞ കല്ലിൽ കാൽ

പാട് വീഴുക എന്നത് ആശ്ചര്യമാണോ? അഥവാ ചളിമണ്ണിൽ കാലടിപ്പാട് കാലം കൊണ്ട് ഫോസിലായി മാറിയതാവാം. അതെന്തോ ആകട്ടെ, പരമഭക്തനായ രൂപൻ 'കൃഷ്ണപദം' നേടിയ, അദ്ദേഹത്തെപ്പോലുള്ള ഒരു ഭക്തൻെറ പൂജ നേടിയ, ഈ പദചിഹ്നം നഖം കൊണ്ട് കോറിയതാണെങ്കിലും ദർശിച്ചാലും സ്പർശിച്ചാലും പുണ്യമാണ്.

ശാന്തിക്കാരൻ വലിയേച്ചിയുടെ മുഖത്തേയ്ക്കുതന്നെ നോക്കുകയായിരുന്നു; അദ്ദേഹം പറഞ്ഞു: 'നിങ്ങൾ തന്നെ ഭാഗ്യവാന്മാർ. ഞാൻ നിർഭാഗ്യവാനാണ്, ഇത്ര അടുത്തുണ്ടായിട്ടും ഇന്നവരെ രസാസ്വാദം ലഭിച്ചിട്ടില്ല.

വലിയേച്ചി ചോദിച്ചു; 'എന്താണ്, വലത്തു വെക്കണമെന്നുണ്ടോ?,

'തീർച്ചയായും. ഇത്ര എളുപ്പത്തിൽ ഗോവർദ്ധനഗിരി പ്രദക്ഷിണം ചെയ്താലത്തെ ഫലം വിടാൻ പാടുണ്ടോ?'

ശാന്തിക്കാരൻ പറഞ്ഞു; 'ആ വശത്തെ വേപ്പുമരത്തിൻെറ ചുവട്ടിലൂടെ വരാന്ത വഴി അമ്പലത്തെ ഇടത്തുഭാഗമാക്കി പ്രദക്ഷിണം വെക്കു.'

നേരം ഇരുട്ടിയിരിക്കുന്നു. ടോർച്ചടിച്ച് ആ വെളിച്ചത്തിൽ വഴി നോക്കി ഞങ്ങൾ നടന്നു. അമ്പലത്തിൻെറ ഒരു ഭാഗത്ത് ജീവഗോസ്വാമിയുടേയും മററു ചില ഭക്തന്മാരുടേയും സമാധിയാണ്; മറേറ ഭാഗത്ത് രൂപൻെറ ഭജനകുടീരവും സമാധിമന്ദിരവും. വൈഷ്ണവന്മാർ വന്ന് രൂപൻെറ ഭജനകുടീരത്തിനു മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുന്നു.

ഞങ്ങൾ നാലുവട്ടം വലത്തുവെച്ച് മുററത്തിൻെറ നടുക്ക് വന്നു നിന്നു. കത്തിജ്വലിക്കുന്ന ശുക്രനക്ഷത്രത്തിൻെറ പ്രകാശം വൃക്ഷത്തിൻെറ ഒഴിവിലൂടെ ചൊരിഞ്ഞു വീഴുന്നു.

ഇനി നന്ദയശോദാക്ഷേത്രമാണ്. ഗോകുലത്തിലെ സ്ത്രീകൾ കുടം നിറയെ പാലുകൊണ്ടുവന്ന് ഒഴിക്കുന്നു. പറയുന്നു, 'ഗോപാലൻ പൈക്കളെമേച്ച് വയലിൽനിന്ന്തിരിച്ചുവന്നാൽ കുടിക്കുമല്ലോ.'

ഒരു മൂലക്ക് ആയിരമായിരം ചൂരൽ വടി കൂടിക്കിടക്കുന്നു.

ഞാൻ ചോദിച്ചു: 'ഇതെന്താണ്?'

ശാന്തിക്കാരൻ നീണ്ടൊരു കെട്ടിയ നോട്ട്ബുക്കിൽ കണക്കെഴുതു

കയായിരുന്നു; യശോദമാതാവിന്റെ കുടുംബച്ചിലവിന്റെ കണക്കാണെന്നു തോന്നുന്നു. അദ്ദേഹം പറഞ്ഞു: 'ജഗന്നാഥത്തിൽ നിന്ന് തിരിച്ചുവരുന്ന യാത്രക്കാർ ഓരോ കെട്ട് ചൂരൽ വടി കൊണ്ടുവന്ന് ഇവിടെ യശോദാമാതാവിന്റെ അടുത്ത് നിക്ഷേപിക്കും. ഇതാണ് സാക്ഷി. അല്ലെങ്കിൽ തീർത്ഥയാത്ര പൂർണ്ണമാവില്ല. കേദാരബദരിയിൽ നിന്ന് മടങ്ങിവരുന്ന തീർത്ഥയാത്രക്കാർ ഇരുമ്പുവളയാണ് നിക്ഷേപിക്കുക.'

യശോദയുടെ മുമ്പിൽ ലക്ഷം ലക്ഷം ഇരുമ്പുവളകൾ വീണുകിടക്കുന്നത് കണ്ടു. ഓരോ കൊല്ലവും വൈശാഖമാസം ഇവ യമുനയിലൊഴുക്കും.

വലിയേച്ചി പറഞ്ഞു: 'ആലോചിച്ചുനോക്കൂ, ഇക്കണക്കിന് എത്ര ആളുകളാണ് ഓരോ കൊല്ലവും പോയിവരുന്നതെന്ന്'

ഇനി ആരെയാണ് കാണാൻ ബാക്കി? ശാഹ്ജിയുടെ അമ്പലം. ഈ അമ്പലം കാണാനല്ലേ ആളുകൾ ഓടിവരുന്നത്. ഒരുതവണ കണ്ണുകൊണ്ട് കണ്ടില്ലെങ്കിൽ പാശ്ചാത്താപം ബാക്കിയാവും. 'ശാഹ്ജിയുടെ അമ്പലം' 'ശാഹ്ജിയുടെ അമ്പലം' എന്ന് വന്നതുമുതൽ കേൾക്കുന്നതാണ്.

വലിയേച്ചി പറഞ്ഞു; 'എന്നാൽ കാല് നീട്ടി നടന്നോളൂ. മുഴുമിച്ചേക്കാം. അൽപമൊന്നിനുവേണ്ടി കുറക്കുന്നതെന്തിന്?'

അടിമുടി വെണ്ണക്കല്ലുകൊണ്ടുള്ള വലിയ അമ്പലം. ഡൽഹിയിലെ ഫാഷനനുസരിച്ച് തോട്ടവും ജലധാരയും. മട്ടുപ്പാവിന്മേൽ അങ്ങുമിങ്ങും വെണ്ണക്കൽ പ്രതിമകൾ. സുഖിയന്മാരായ പ്രമാണികളുടെ മണിമാളികയുടേയും പണം കോരിച്ചൊരിഞ്ഞ അമ്പലത്തിന്റേയും വിചിത്രമായ സമാവേശം.

ഒരു ഭാഗത്ത് ഒരു കൂട്ടം പയ്യന്മാർ ഹാർമ്മോണിയം മൂളിച്ച് ഭജനം പാടുന്നു. കോണിപ്പടിയുടെ അററത്ത് വെണ്ണക്കല്ലുകൊണ്ടുള്ള വിസ്തൃതമായ മട്ടുപ്പാവ്; പേരെഴുതിയ മൂർത്തികൾ എംബോസ്ചെയ്തുവെച്ചിട്ടുണ്ട്. വഴിപോക്കർ തൊഴാൻ പോവുകയും വരികയും ചെയ്യുമ്പോൾ അവയുടെ മുകളിലൂടെ കടന്നുപോകുന്നു. സകലരുടേയും കാൽപ്പൊടി ഉടലിൽ പൂശിക്കൊണ്ട് കുന്ദലാൽ സാഹ പുത്രകളത്രസമേതം വീണുകിടക്കുന്നു.

വിശാലമായ ഹാൾ. നാലുവശത്തെ ചുമരിന്മേലും വർണ്ണക്കല്ലു

കൊണ്ട് എംബോസ് ചെയ്ത സ്ത്രീപുരുഷന്മാരുടെ മൂർത്തികൾ പല പല നിറങ്ങളുടെ പകിട്ട് കാട്ടുന്നു. ചുററിനടന്ന് അവ കണ്ടു, കുല കുലയായി തൂങ്ങിക്കിടക്കുന്ന വിളക്കുകളുടെ പ്രകാശധോരണി കണ്ടു, വൈദ്യുത ദീപങ്ങളുടെ ജ്യോതിസ്സ് കണ്ടു. എല്ലാററിൻേറയും ഒടുക്കം ഒരു വശത്ത് ഇരുമ്പ് വളച്ച് കുടുക്കിലാക്കിയിരിക്കുന്ന രാധാകൃഷ്ണൻെറ ചെറിയ വിഗ്രഹവും ചെന്നുകണ്ടു.

സ്തംഭിച്ചുപോയി. ഇത്രയും വിചിത്രമായ ഐശ്വര്യത്തിൻെറ നടുക്ക് ആരാണത് അവിടെ കീറിയ തുണിയുമുടുത്ത് നിൽക്കുന്നത്?

ഞാൻ പതുക്കെ പതുക്കെ അടുത്തുചെന്നു. പതിനാറ് പതിനേഴ് വയസ്സായ ഒരു കുട്ടി, വളരെ ശ്രദ്ധിച്ച് ഒരു കൊച്ചു ടിൻകണ്ണാടി കൈയിൽ പിടിച്ച് മറുപുറത്ത് ചേർത്തു പിടിച്ചിരിക്കുന്ന കടലാസിലെ രാധാകൃഷ്ണൻെറ ചിത്രവുമായി വിഗ്രഹം ഒത്തുനോക്കുകയാണ്.

ഞാൻ ചോദിച്ചു: 'ചേർച്ചയായോ രണ്ടും തമ്മിൽ?'

തൃപ്തിയുടെ ചിരി ചിരിച്ചും കൊണ്ട് അവൻ മുഖമുയർത്തി തലയാട്ടി—ങ്ഹാ.

മടക്കവഴി ഒരു സന്യാസിയെ കണ്ടുമുട്ടി. കണ്ട ഉടൻ തിരിച്ചറിഞ്ഞു. അടുത്തുവന്ന് അദ്ദേഹം ചോദിച്ചു. 'ഇനിയെത്ര ദിവസമുണ്ട് ഇവിടെ?'

'ഞാൻ പറഞ്ഞു: പോകാനുള്ള സമയമായി ഇനി'.

വലിയേച്ചി ചോദിച്ചു: 'ആരാണ് ഇവർ? പലരേയും കണ്ടല്ലോ, നേരെ വന്ന് വർത്തമാനം പറഞ്ഞല്ലോ. പരിചയമുണ്ടോ?

ഞാൻ നടക്കുന്നതിനിടയിൽ പറഞ്ഞു: 'ഇവർ എൻെറ യമുനാതീരത്തെ നാഗസുഹൃത്തുക്കളാണ്. ആ ഒരു ദിവസത്തെ പരിചയമാണ്.

കയ്യാല നിറയെയുള്ള മുരിക്കച്ചെടിയുടെ പൂക്കൾ ഇന്ന് സേവാശ്രമത്തിലേക്കുള്ള തെരുവിൽ ദീപം കൊളുത്തിവെച്ചിരിക്കുന്നു. ഇളം മഞ്ഞ നിറത്തിലുള്ള പൂക്കൾ, നേർത്തു മിനുത്ത ഇതളുകൾ—കോശത്തിൽനിന്ന് ഇപ്പോൾ പുറത്തു വന്ന് ചിറക് പടപടെ പിടക്കുന്ന ഒരു പററം പൂമ്പാററകളെപ്പോലെ.

മഥുരയിൽ എത്തിയിരിക്കുന്നു.

ചാററൽ മഴ നിൽക്കുന്നില്ല.

യമുനയുടെ തീരത്താണ് ബംഗാളിഘട്ടം. കെട്ടിപ്പടുത്ത ഉയർന്ന കൽപ്പടികളുടെ ഇരുവശവും തൂണിന്മേൽ മട്ടുപ്പാവോടുകൂടിയ നാലു ഭാഗവും തുറന്ന മുറി, വെള്ളത്തിലേക്ക് വളരെയധികം ഇറങ്ങി നിൽക്കുന്നു. അതിലൊന്നിൽ തീരത്തോട് ചേർന്നുകൊണ്ട് ഇരിക്കുകയാണ് ഞാൻ. ഇന്നിനി എവിടേയും പോകുന്നില്ല. വളരെ നാളുകൾക്ക് ശേഷം വിശ്രമം ലഭിച്ചതുപോലെ അൽപം നിൽപുറച്ചതുപോലെ. കഴിഞ്ഞ കുറേ നാളായി നടത്തം തന്നെയായിരുന്നു. കാഴ്ച കാണൽ തന്നെയായിരുന്നു. അധികം കാണുന്നതിലുമുണ്ട് ഒരു തളർച്ച.

താഴത്തെ വെള്ളത്തിലേക്ക് നോക്കി പലതും ആലോചിക്കുകയാണ്.

മൂടിക്കെട്ടിയ ആകാശത്തിലെ വർഷധാര പർദ്ദയിട്ട് മൂടി എന്നെ എല്ലാററിൽനിന്നും ഒളിപ്പിച്ചു വെച്ചതുപോലെയുണ്ട്. നിശ്ചിന്തയായി ഇപ്പോൾ അവനവനെ മുമ്പിൽ പിടിച്ചു നിർത്താൻ കഴിയും. നാനാവ്യഗ്രതകൾക്കിടയിൽ അമർത്തപ്പെട്ട മനസ്സ് വല്ലപ്പോഴും കിട്ടുന്ന ഈ ഒരിററ് അവസരത്തെ കാത്തിരിക്കും.

യമുനാജലത്തിൽ എമ്പാടും എത്രമാത്രം ആമകളാണ്! പായൽ പററിപ്പിടിച്ചിട്ടുണ്ട് ഓരോന്നിൻെറ പുറത്ത്, രണ്ടു ജാതി ആമയുണ്ടെന്നു തോന്നും. ഒരു കൂട്ടത്തിൻെറ നിറം മഞ്ഞച്ച പച്ചയാണെന്നതുപോലെ.

കടവിൽ കരയ്ക്ക് പണ്ഡമാരുടെ താവളമാണ്. വാതിൽക്കൽ സൈൻബോർഡ് തൂങ്ങുന്നു — കാതിൽ ലഡ്ഡു എട്ടര സഹോദരന്മാർ — 'Ladoo in ear 8½ Brothers'. തടിച്ചുരുണ്ട കുറേ മല്ലൻ പണ്ഡമാർ ഉമ്മറക്കോലായിൽ വലിയ തലയണയിൽ ചാരി ഇരിക്കുന്നുണ്ട്. അടുത്ത് വടകൃഷ്ണപാലൻെറ ധർമ്മശാല. ഒരു കൂട്ടം ബംഗാളി തീർത്ഥയാത്രക്കാരികളെ അവിടെ കൊണ്ടുചെന്ന് വിട്ട് ഒരു പണ്ഡ കടവത്തിരിക്കുന്ന ക്ഷുരകൻെറ മുമ്പിൽ പൈസയെറിഞ്ഞ് കഴുത്ത് നീട്ടി ഇരുപ്പുറപ്പിച്ചു—പൈക്കളെ പറമ്പിൽ വിട്ട് നിശ്ചിന്തനായി ഇരിക്കുംപോലെ.

ആലിന്നു ചുവട്ടിൽ യാത്രക്കാരികൾ അവരവരുടെ കെട്ടും ഭാണ്ഡവും തുറന്ന് പിച്ചളപ്പാത്രങ്ങളിൽ അൽപം അരിയും പരിപ്പും

ഉരുളക്കിഴങ്ങും വേവിച്ചെടുക്കാനുള്ള വട്ടമാണ്; പൊട്ടിയ കുറേ കല്ലുകളെക്കൊണ്ട് അടുപ്പ് കൂട്ടി, നാല് പൈസയുടെ വിറകിൻകൊള്ളി കത്തിച്ച്, ചിലർ പങ്കുവെച്ചും ചിലർ വെവ്വേറെയും. ചെറുപ്പക്കാരിയായ ഒരു വധു കുമില്ലയിൽനിന്ന് ഭർത്താവിൻെറ ഇളയമ്മയുടെ കൂടെ വന്നിട്ടുണ്ട്. ഭാണ്ഡക്കെട്ടും ചാരി അവരം വായ നിറയെ വെററില ചവയ്ക്കുകയാണ്. എണ്ണയിൽ പൊരിച്ച പലഹാരങ്ങരം വയറു നിറയെ തിന്നിരിക്കുന്നു; ചോറിൻെറ സൊല്ലയില്ല ഇന്നൊരു ദിവസത്തേയ്ക്ക്. അടുത്ത്, അതേ പ്രായത്തിലുള്ള ശോഷിച്ച ഒരു വിധവ വീണ്ടും വീണ്ടും തൻെറ കീറത്തുണിയുടെ ഭാണ്ഡം അഴിക്കുകയും കെട്ടുകയും ചെയ്തുകൊണ്ടിരിക്കുന്നു; മനസ്സിൽ എന്തോ അസന്തുഷ്ടിയുള്ളതുപോലെ.

ഒന്നര മാസമായി ഇവർ ഗ്രാമത്തിൽനിന്ന് പുറപ്പെട്ടിട്ട്. ഒരു പാട് ചുററിസ്സഞ്ചരിച്ചിരിക്കുന്നു, ഇനിയും ചുററിസ്സഞ്ചരിക്കും—ഗോവർദ്ധനഗിരിയിലേക്കാണ് ഇപ്പോരം പോകുന്നത്. ഇന്നത്തെ ഈ വൈകുന്നേരത്തേക്കേ ഉള്ളു വിശ്രമം, നാളെ വീണ്ടും കെട്ടും ഭാണ്ഡവും തൂക്കി നടത്തം തുടങ്ങും. സംഘത്തിൽ ചുറുചുറുക്കുള്ള കിഴവികരം എത്രയാണ്. എന്തിൻെറ തള്ളലിൽ നിന്നാണ് ഇവർക്ക് ഈ കരുത്തത്രയും കിട്ടുന്നത്? ഊണില്ല, ഉറക്കമില്ല; മൂന്ന് നാല് ദിവസത്തിന്നിടയ്ക്ക് ഒരിക്കൽ ആഹാരം പാചകംചെയ്യാൻ സമയം കിട്ടിയാലായി. അല്ലെങ്കിൽ തുണിക്കെട്ടിൽനിന്ന് മുട്ടപ്പൊരിയും അവിലും പുറത്തെടുത്ത് വെള്ളത്തിൽ കുതിർത്ത് തിന്ന് നാരം കഴിക്കും. കൊണ്ടുവരുന്ന പണം ഓരോ സൂത്രം പറഞ്ഞ് പണ്ഡമാർ തന്നെ ഭണ്ഡാരപ്പെട്ടിയിൽ നിക്ഷേപിക്കും.

ഒരു മൊട്ടത്തലച്ചി കിഴവി കടവിൽനിന്ന് പാത്രം കഴുകുന്നുണ്ടായിരുന്നു; ഇരുമ്പുതവികൊണ്ട് ഒരടി വച്ചുകൊടുത്തു ആമയുടെ കഴുത്തിൽ. പാത്രം കഴുകാൻ പോവുകയാണ്, കഴുത്തും നീട്ടി വീണ്ടും വീണ്ടും വരുന്നു. അടിക്കാതെന്തു നിവൃത്തി?

അക്കരയിൽ ചിത കത്തുന്നു—ഒന്ന് രണ്ട് മൂന്ന് നാല്. അങ്ങകലെ രണ്ടെണ്ണംകൂടി.

വലിയേച്ചി വന്ന് നിശ്ശബ്ദയായി അടുത്തിരുന്നു.

മററു സമയത്താണെങ്കിൽ ഞങ്ങളുടെ വർത്തമാനത്തിന്ന് അവസാനമുണ്ടാവില്ല. ഇന്ന് ഒന്നുമില്ല പറയാൻ. രണ്ടുപേരും അടുത്തടുത്തിരിക്കയാണ്; രണ്ടുപേരുടേയും ചിന്ത ഒന്നായിച്ചേർന്ന് അങ്ങകലെ മ

ങ്ങിക്കാണുന്ന ചിതയും കടന്ന് ചക്രവാളരേഖ ധൂസരവർണ്ണത്തിലുള്ള ഒരാവരണത്തിൽ ലയിച്ചു ചേർന്നേടത്ത് ചെന്നണഞ്ഞപോലെ.

പച്ച നിറത്തിലുള്ള ഒരാമ ഇത്രയും നേരം മൂന്നുകാലിൽ നീന്തുകയായിരുന്നു; മറെറാരാമ താഴെനിന്ന് അതിനെ കുത്തിമറിച്ചിട്ടു. വാസ്തവം തന്നെ, വലത്തുഭാഗത്തെ പിൻകാലില്ല അതിന്. കുട്ടിക്കാലത്ത് വല്ലതുകൊണ്ടും മുറിഞ്ഞുപോയതാവാം.

ഏട്ടൻ പണ്ഡയേയും കൂട്ടി വന്ന് പറഞ്ഞു. 'മഴ അൽപം തോർന്നിട്ടുണ്ടെന്ന് തോന്നുന്നു; പോകാം, മഥുരനാഥനെ ദർശിച്ചുവരാം'.

യമുനാതീരത്തൂടെ കെട്ടിപ്പടുത്ത വഴി—പീടികയും മഠവും ചന്തയും വീടും. കാണുമ്പോഴം അതു വാങ്ങണം, ഇതു വാങ്ങണം എന്നു തോന്നും. കൈകൊണ്ട് വരച്ച ദേവീദേവന്മാരുടെ ചിത്രം തന്നെ എത്രയാണ്! കൂടാതെ, കത്രിച്ചെടുത്ത വെള്ളക്കടലാസ്സിന്റെ പാൽക്കാരി പാലും തലയിലേററി പോകുന്നു, മാൻ പുറം ചൊറിയുന്നു, മയിൽ പീലി വിടർത്തി അഴക് കാണിക്കുന്നു –– രണ്ടണ, നാലണ, എട്ടണ മാത്രം.

കൊഴുത്ത പാലും തൈരും. സേറ് കണക്കിനെടുക്കാം, പാവ് കണക്കിനെടുക്കാം—എത്ര സഹായം!

ഉരുളി കരണ്ടി ചട്ടുകം കോപ്പ അടുപ്പു നിറച്ച തൊട്ടി; ഈയൊരു തൊട്ടി കൂടെയുണ്ടെങ്കിൽ പുറത്തുചെന്നാൽ പാചകത്തിന്നു വേണ്ട ഏർപ്പാടിനെപ്പററി ചിന്ത വേണ്ട. എന്ത് സൗകര്യം!

ഐസ്കട്ടമേൽ നിരത്തിവച്ചിരിക്കുന്ന വെററില പീടികക്കാരൻ അപ്പപ്പോഴം തയ്യാറാക്കി കൊടുക്കുന്നു. ആ തണുത്ത വെററിലയുടെ സ്വാദുതന്നെ ഒന്നു വേറെയാണ്.

പണ്ഡ വിളിച്ചു കൂവുന്നു, 'മഴ വീണ്ടും വരുന്നുണ്ട്, വേഗം നടക്കണം'.

പണ്ഡയുടെ പണി അമ്പലം കാട്ടി വിടുകയാണ്. രണ്ടടി നടന്നാൽ അയാഴം തിരിഞ്ഞു നിൽക്കും; പുള്ളിക്ക് തീരെ പിടിക്കുന്നില്ല.

മഥുരാനാഥന്റെ വാതിൽ അടച്ചിരിക്കുന്നു; ഇപ്പോഴം തുറക്കും. എല്ലാരും ഉന്തിത്തള്ളി കൂത്തമ്പലത്തിന്നുള്ളിൽ കയറിനിന്നു.

അൽപം കഴിഞ്ഞപ്പോഴേക്കും നട തുറന്നു.

അമ്പലത്തിന്റെ വാതിൽ തുറന്നതോടൊപ്പംതന്നെ നാലു ഭാഗത്തു നിന്നും ഒരു തള്ളൽ അനുഭവപ്പെട്ടു. വലിയേച്ചിയെക്കുറിച്ചാണ് പേടി, മെലിഞ്ഞ ആളാണ്. വലത്തുകൈകൊണ്ട് അവരുടെ അരയിൽ കെട്ടിപ്പിടിച്ചപ്പോഴേക്കും അവർ നിലത്തുനിന്ന് പൊങ്ങി ശൂന്യതയിൽ നിൽക്കുംപോലെയായി. കാല്കുത്താൻ ഇടമില്ല. വേറെ കാല് വന്ന് സ്ഥലം പിടിച്ചിരിക്കുന്നു. അതിനുശേഷം ക്ഷണനേരംകൊണ്ട് എന്തുണ്ടായി എന്തോ, ഞങ്ങൾ എല്ലാവരും ചേർന്നുണ്ട് വട്ടം കറങ്ങുന്നു. ഒരു തവണ കാലുറക്കാതെ മുമ്പോട്ട് നീങ്ങുന്നു, അടുത്ത നിമിഷം തന്നെ ഒററ തള്ളിന് താഴെ ചെന്ന് കോണിപ്പടിക്കൽ ചെന്നുരുളുന്നു; അങ്ങിനെ ഉരുണ്ടുരുണ്ട് വീണ നിലയിൽ നിന്നുതന്നെ ആരോ എല്ലാവരേയും പൊക്കിയെടുത്ത് വീണ്ടും വലത്തോട്ട് മറിച്ചിട്ടു; വലത്തുനിന്ന് വടക്കുകിഴക്കേ മൂലയിൽ; വടക്കുകിഴക്കുനിന്ന് ഒരു തള്ള് കിട്ടി തെക്കുപടിഞ്ഞാറ് വന്നു; അവിടെനിന്ന് വടക്കുപടിഞ്ഞാറ്, വടക്കുപടിഞ്ഞാറുനിന്ന് തെക്കുകിഴക്ക്. ഭൂമികമ്പത്തിൽപെട്ട് ഉരുണ്ടുമറിയുംപോലെയുണ്ട് എല്ലാം. ശരീരം ചായ്ച് അവനവനെ അങ്ങ് വിട്ടിരിക്കയാണ്. ബഹുരസം. തള്ളുകൊണ്ടുകൊണ്ട് ഞാൻ, വലിയേച്ചി, രണ്ടു കൈകൊണ്ടും എന്റെ കഴുത്തിൽ മുറുക്കിപ്പിടിച്ചിട്ടുള്ള ദാക്ഷിണാത്യവധു, എല്ലാരും ചിരിച്ച് ചിരിച്ച് മണ്ണു കപ്പുന്നു. തീർത്ഥയാത്രക്ക് പുറപ്പെട്ടതുമുതൽ പലമാതിരി ആരംത്തിക്കിനെപ്പററി അറിവ് കിട്ടീട്ടുണ്ട്, പക്ഷെ ഇത് തികച്ചും പുത്തനാണ്. ചിരിച്ചുചിരിച്ചുകൊണ്ടുതന്നെ ഒരിക്കൽ പുറത്ത് തെറിച്ചുവീണു. ഞാൻ വേഗം രണ്ടുകൈകൊണ്ടും തടിച്ച തൂണ് കെട്ടിപ്പിടിച്ചു. വലിയേച്ചി എന്നേയും പിടിച്ചു. ചിരി അടങ്ങിയപ്പോൾ കണ്ണുനീർ തുടച്ച് ശ്വാസം വിട്ട് നേരെ നിന്നു.

വലിയേച്ചി പറഞ്ഞു: 'രാജദർശനം തന്നെ. ഇങ്ങിനെയാവാതിരിക്കുമോ? കാലിച്ചെക്കൻ രാജാവായതാണ്—നടപ്പുതന്നെ ഒന്നു വേറെയാണ്'',

'പക്ഷെ വലിയേച്ചി, എവിടെ. മഥുരാനാഥനെ കണ്ടില്ലല്ലൊ നമ്മൾ'.

'ഓ മതി; വന്നു, മുമ്പിൽ നിന്നു, ഇനിയെന്ത്! ദർശനം കഴിഞ്ഞിരിക്കുന്നു'. എന്നു പറഞ്ഞ് വലിയേച്ചി പുറത്തു പോകാനുള്ള വഴി നോക്കാൻ തുടങ്ങി.

മഥുരാ പട്ടണം വിട്ട് അൽപം ദൂരെയാണ് കേശവദേവന്റെ പ്രാചീന

മായ ക്ഷേത്രം; അറംഗസീബ് അത് പള്ളിയാക്കി മാററി. ആതിന്നടുത്ത് പിൽക്കാലത്ത് ഒരു ചെറിയ അമ്പലത്തിൽ കേശവദേവൻ പ്രതിഷ്ഠിതനായി.

അടുത്തുതന്നെയാണ് കംസൻെറ കാരാഗൃഹം, ശ്രീകൃഷ്ണൻെറ ജന്മസ്ഥലം. ഇരുമ്പുവേലി ചുററിയ ഒരു ചെറിയ മുറി; തടവുകാരായ മാതാപിതാക്കളുടെ ജാജ്വല്യ പ്രമാണം. വാതിലിന്മേലും ചുമരിന്മേലും അസംഖ്യം ചാണകപ്പൊട്ടുകൾ, പാർവ്വണ പൂജയ്ക്ക് സിന്ദൂരപ്പൊട്ട് നൽകാറുള്ളത് അറിയാം; പക്ഷെ ചാണകപ്പൊട്ട് തൊടുന്നത് കണ്ടിട്ടില്ല ഒരിക്കലും. പണ്ഡ പറഞ്ഞു: 'മക്കളില്ലാത്തവർ ഇവിടെ പ്രാർത്ഥിച്ചാൽ മക്കളുണ്ടാകും; കുട്ടിയെ മടിയിലെടുത്ത് വന്ന് പൂജ ചെയ്ത് പോകും, ചാണകപ്പൊട്ട് തൊടീക്കും. കണ്ടില്ലേ, എത്ര സ്ത്രീകൾക്ക് ഇവിടെ പൂജ ചെയ്തിട്ട് കുട്ടികളുണ്ടായിരിക്കുന്നു. പൊട്ട് എണ്ണിത്തീർക്കാനാവില്ല'.

കാരാഗൃഹത്തിന്നടുത്തുതന്നെയാണ് പുത്രകുണ്ഡം. വലിയേച്ചി വിളിച്ചു പറഞ്ഞു: 'കേൾക്കു കേൾക്കു, വേഗം വാ. ഇതാ പിടിച്ചോ, ഇത്തവണ കൈയോടെയുള്ള തെളിവ്. അതിൽ ഒന്നും വിശ്വസിക്കാറില്ലല്ലൊ, കൃഷ്ണനെന്ന് പേരായിട്ട് ഒരുകാലത്ത് ഒരാളുണ്ടായിരുന്നെന്നു സമ്മതിക്കാൻപോലും കൂട്ടാക്കില്ല. അന്നെന്നെ എത്രയാണ് പരിഹസിച്ചത്. മടങ്ങിച്ചെന്നിട്ട് പറയാമല്ലൊ, കൃഷ്ണൻെറ അമ്മ തുണിയലക്കിയിരുന്ന കുളം കണ്ടിട്ടാണ് ഇത്തവണ വരുന്നതെന്ന്. എന്താ പണ്ഡത്തിരുമേനി, അങ്ങിനെയല്ലേ പറഞ്ഞത്?

പണ്ഡ ഉത്സാഹത്തോടെ ചുമൽ കുലുക്കി. 'ങ്ഹാ, ങ്ഹാ— കൃഷ്ണൻെറ അഴുക്കുതുണി അലക്കിയിരുന്നത് ഇവിടെയാണ്. ചെറിയ കുട്ടിയല്ലേ, ഓരോ മിനുട്ടിലും വൃത്തികേടാക്കും'.

ധ്രുവഘട്ടത്തിൽ ചെന്നു. രാമകൃഷ്ണദേവൻ മഥുരയിൽ വന്നിട്ട് ഈ കടവിലിരുന്ന്, വസുദേവർ കൃഷ്ണനെ എടുത്തുകൊണ്ട് യമുന കടക്കുന്നത് കണ്ടിരുന്നു.

യമുനയിലെ മററു കടവുകളെ അപേക്ഷിച്ച് ഈ കടവ് വളരെ നിർജ്ജനമാണ്, ശാന്തിമയമാണ്. വന്നപാടെ തിടുക്കപ്പെട്ട് കയറിപ്പോവാൻ മനസ്സ് സമ്മതിക്കില്ല.

വിശ്രമഘട്ടം. കൃഷ്ണനും ബലരാമനും അസുരവധത്തിന്നുശേഷം ഇവിടെയിരുന്ന് വിശ്രമിച്ചിരുന്നു.

യമുനാഘട്ടത്തിൽ നിത്യവും സന്ധ്യയ്ക്ക് ദീപാരാധനയുണ്ടാവും. ഗംഗയിലെ ദീപാരാധന കണ്ടിട്ടുണ്ട്; യമുനയിലേതും കാണുകതന്നെ വന്ന സ്ഥിതിക്ക്.

ഓടിവന്നു, വൈകിപ്പോകുമെന്ന് വിചാരിച്ച്. കടവത്ത് ഇത്രയധികം ആളുകളുടെ കൂട്ടത്തിൽ നിന്നിട്ട് എന്ത് കാണാനാണ്? ആളുകളെ കേററി തോണികൾ നടുപ്പുഴയിലേക്ക് പോകുന്നു. പണ്ഡ പറഞ്ഞു: 'അവിടെ നിന്ന് അവർ ദീപാരാധന കാണും'.

എന്നാൽപ്പിന്നെ ഞങ്ങളെന്തിന് പോവാതിരിക്കണം?

എല്ലാരും ചേർന്ന് തോണിയിൽ കയറിയിരുന്നു. തോണി തീരം വിട്ടു.

ഇപ്പോൾ യമുനാഘട്ടത്തിൻെറ, മഥുരാപട്ടണത്തിൻെറ, സൗന്ദര്യം വെളിവായി. ഉയർന്നും താണുമുളള മാളികകൾ, വീടുകൾ; അമ്പലങ്ങളുടെ താഴികക്കുടങ്ങൾ, കുളക്കടവുകൾ. ചിലതിന്മേൽ സൂര്യാസ്തമയത്തിൻെറ ആഭ വന്നു വീണിരിക്കുന്നു, ചിലതിന്മേൽ പകലറുതിയുടെ കനത്ത നിഴലും. എല്ലാം ചേർന്ന് സ്വപ്നപുരിയുടെ മായ പോലെ.

യമുനാഘട്ടത്തിൻെറ മീതെ ഉയർന്ന തറ, അതിന്മേൽ നീലവർണ്ണത്തിലുളള ബനാറസിപ്പട്ടുടുത്ത ഒരു വെളുത്ത് സുമുഖനായ യുവപൂജാരി കയറി നിന്നു. വിശാലമായ മുഖം, ഇടുങ്ങിയ അരക്കെട്ട്— വടിവൊത്ത ആകൃതി.

താഴെനിന്ന് രണ്ടുപേർ ചേർന്ന് ഭാരിച്ച ഒരു ഓട്ടുവിളക്ക് അയാളുടെ കയ്യിൽ പൊക്കിക്കൊടുത്തു. നെയ്യിൽ നനച്ച തിരികൾ കാററുതട്ടി ആളിപ്പൊങ്ങുന്നു, വിളക്കിന്മേൽ ചെന്നു തട്ടുന്നു. പൂജാരി പതുക്കെ തുടങ്ങി വേഗം പെരുക്കി ആകാശത്തിൽ കൈ വൃത്താകൃതിയിൽ ചുഴററുന്നു. സന്ധ്യയുടെ അന്ധകാരത്തിൽ ദീപാരാധനയുടെ വെളിച്ചം ഉദ്ദാമമായി നൃത്തം തുളളുന്നു.

അസാധാരണസുന്ദരമായ ദൃശ്യം.

വലിയേച്ചി പറഞ്ഞു: 'പോകാം, വേഗം കരയിലേക്ക് ചെല്ലാം. ദീപാരാധനയുടെ അഗ്നി സ്പർശിക്കണം'.

എനിയ്ക്കു തോന്നി, സ്പർശിക്കണമെങ്കിൽ അത് ആ പൂജാരിയുടെ കൈയിൽനിന്നുതന്നെ വേണം.

ഉന്തിത്തള്ളി വലിയേച്ചിയേയുംകൊണ്ട് അവിടെ ചെന്നു നിന്നു. പൂജാരി വിളക്കുമായി മണ്ഡപത്തിൽനിന്ന് താഴത്തിറങ്ങി നിന്നിട്ടേയുള്ളു; ഞാൻ കൈനീട്ടി ആ അഗ്നി സ്പർശിച്ചു. അയാൾ ആ കൂററൻ വിളക്ക് രണ്ടുകൈകൊണ്ടും പിടിച്ച് പതുക്കെ മണ്ഡപത്തിന്മേൽ ഇറക്കിവച്ചു; ആൾക്കൂട്ടം മുഴുവൻ അതിന്മേൽ ചെന്നു വീണു. പൂജാരി അമ്പലത്തിന്നു നേർക്ക് നടയായി; അയാളുടെ മാറിലൂടെയും പുറത്തുകൂടെയും ധാരധാരയായി വിയർപ്പൊഴുകുന്നു.

സൗന്ദര്യം മനസ്സിൻെറ ആനന്ദത്തിന്നുവേണ്ടി മാത്രമാണോ? അല്ലാ, ഗാംഭീര്യവും എത്രമാത്രം ഉളവാക്കുന്നുണ്ട്!

ഞങ്ങൾ ആഗ്ര ഹോട്ടലിൽ തിരിച്ചുവന്നു. ബംഗാളിഘട്ടത്തിൽ ആ യാത്രക്കാരികൾ താന്താങ്ങളുടെ ഭാണ്ഡങ്ങളിന്മേൽ തല ചായ്ച്ച് ഉറങ്ങുന്നു. 'കാതിൽ ലഡ്ഡു എട്ടര സഹോദരന്മാരു'ടെ ഉമ്മറത്തിന്നു മുമ്പിൽ വച്ചിരിക്കുന്ന വലിയ ചീനച്ചട്ടിയിൽ പലഹാരങ്ങൾ പൊരിയുന്നു. ഗുണ്ടയെപ്പോലുള്ള ഒരു പണ്ഡ ഓട്ടുപാത്രം മുമ്പിൽ വെച്ച് 'രാം ഹനുമാൻെറ' പാട്ടിന്നുശേഷം, നാടു കുലുക്കിക്കൊണ്ട് ഓരോ 'ഹോ' ശബ്ദം വിടുന്നു, ഊക്കോടെ പലഹാരമിളക്കുന്നു. കുമില്ലയിലെ വധു വലിയ ആദരവ് കാണിക്കുന്ന ഭാവത്തോടെ മുമ്പിൽ നിന്ന് ആടിക്കുഴഞ്ഞ് സംസാരിക്കുന്നു.

ആലിൻചുവട്ടിൽ ഒരു മൂലക്ക് മങ്ങിയ വെളിച്ചത്തിൽ ഒററക്കിരുന്ന് ആ ശുഷ്കിച്ച വിധവപ്പെൺകിടാവ് തുണിക്കെട്ട് തുറന്ന് എന്തോ മതിമറന്ന് നോക്കുന്നു. ഒരു ജോടി റോസ് നിറത്തിലുള്ള സാററിൻ ട്രൗസറും കുപ്പായവുമാണ്. നാട്ടിൽ വിട്ടു വന്നിരിക്കുന്ന അനുജൻെറ രണ്ടു വയസ്സുള്ള കുട്ടിയ്ക്ക് വേണ്ടി ഇന്നുച്ചയ്ക്ക് ചന്തയിൽനിന്ന് വാങ്ങിയതാവാം.

ഗോവർദ്ധനഗിരിയിലേക്ക് കുതിരവണ്ടിയിൽ കയറി പോവുകയാണ്. നല്ല ദൂരമുണ്ട്. വഴിക്കിരുവശവും പൊന്ന് വിളയുന്ന ഗോതമ്പുവയലുകൾ. പച്ചത്തത്തകൾ പററം പററമായി വന്ന് ചാടുന്നു, പറന്നുയരുന്നു. മരപ്പൊത്തിൽ തത്ത കൂട് കെട്ടിയിരിക്കുന്നു; ഒരു തത്ത ചുകന്ന കൊക്ക് പുറത്താക്കിക്കൊണ്ട് ഇരിക്കുന്നു—തള്ളയായിരിക്കാം. നനഞ്ഞ മണ്ണിൻെറ നടുക്ക് താറിട്ട വഴി; വലിയ വലിയ മരങ്ങളുടെ നിഴൽ വീണിട്ടുണ്ട്.

വലിയേച്ചി പറഞ്ഞു: 'നോക്കു, ഭഗവാൻെറ ദയ. മഴയില്ല, മേഘമില്ല; എത്ര സൌകര്യമായിട്ടാണ് നമ്മൾ പോകുന്നത്''.

വലിയേച്ചിയുടെ ഭഗവാൻെറ ദയക്ക് ഒരതിരുമില്ല, ഇരിക്കുമ്പോഴും നടക്കുമ്പോഴും അവിടുത്തെ കരുണയുടെ മഹിമ കേൾക്കാം. ഇപ്പോൾ മഴയില്ലാത്തതുകൊണ്ട് പറകയാണ് 'എന്ത് ദയ'; ഇനി മഴ പെയ്താലും പറയും, 'ഇതാ മഴ തന്നു, ഈ വെയിലിൻെറ ചൂടിൽ കഷ്ടപ്പെടേണ്ട; ഇതവിടുത്തെ ചുരുങ്ങിയ ദയയോ മററോ ആണോ:',

ഒരു കൂട്ടം പണ്ഡമാരുണ്ട് വണ്ടിയുടെ ചക്രവും പിടിച്ചുകൊണ്ട് പിന്നാലെ ഓടിവരുന്നു. ഒരാൾ പറയുന്നു, 'ഞാൻ ഇന്നാളാണ്, ഗോവർദ്ധനഗിരിയിൽ എന്നെ പണ്ഡയാക്കണം.'; ഒരാൾ പറയുന്നു, 'എൻെറ പേര് എല്ലാവർക്കുമറിയാം, എന്നെപ്പോലെ ഒററ പണ്ഡയേയും കിട്ടില്ല.'; ഒരാൾ പറയുന്നു, 'ഞനാണ് നാലര സഹോദരന്മാർ; എല്ലാവരും ഒന്നിച്ചു സമ്മതിക്കും—ങ്ഹാ, അയാളൊരു പണ്ഡതന്നെയാണ്.'

ഞാൻ ചോദിച്ചു: 'നാലര സഹോരന്മാരെന്നു വെച്ചാൽ എന്താണ്? ബംഗാളി ഘട്ടത്തിലും എഴുതിക്കണ്ടിട്ടുണ്ട്, എട്ടര സഹോദരന്മാർ എന്ന്.'

ഒന്ന് മിണ്ടിപ്പോയ സ്ഥിതിയ്ക്ക് അയാളെ സ്വീകരിക്കാതെ പററുമോ? പണ്ഡ ഉത്സാഹത്തോടെ മററെല്ലാവരേയും മുട്ടുകൊണ്ട് തള്ളിമാററി വണ്ടിക്കുള്ളിലേക്ക് തല നീട്ടി പറഞ്ഞു: 'നാലര സഹോദരന്മാർ എന്നുവെച്ചാൽ—ഞങ്ങൾ അഞ്ചു സഹോദരന്മാരിൽ നാലു പേർ കല്യാണം കഴിച്ചവരാണ്, ഒരാൾ ഇപ്പോഴും ബാക്കിയാണ്. കല്യാണം കഴിയുന്നതുവരെ ആരും ''മുഴുവൻ'' ആവില്ല, ''അര''യായി നിൽക്കും.

ആളുകൾ കൂട്ടം കൂട്ടമായി കുറവന്മാരുടെ സംഘം പോലെ ഭാര്യയും മൂരിയും കുടുംബവുമായി നീങ്ങുന്നു. കാളവണ്ടിയുടെ മീതെ വില്ല് വളച്ചുകെട്ടി പുല്ല്മേഞ്ഞ മേൽപ്പുര, ഉള്ളിൽ ചെറിയ ചെറിയ ബഞ്ചുകൾ. പകൽ വഴിയ്ക്ക് തങ്ങി ആഹാരം പാകം ചെയ്യും. മരത്തണലിൽ ബഞ്ചിട്ട് കുട്ടികളെ കിടത്തും. രാത്രി കാളവണ്ടിയുടെ ചുവടെ ആ ബഞ്ചിൽ തങ്ങളും കിടക്കും. നൂററുപതോളം നാഴിക താണ്ടാനൊരുങ്ങിട്ടാണ് യാത്രക്കാർ പുറപ്പെട്ടിരിക്കുന്നത്. വണ്ടിയിൽ സാമാനങ്ങൾ കേററി തങ്ങൾ നടക്കും, മാസം കഴിയുന്നതുവരെ ഇങ്ങിനെ നടക്കും, മഴയും കാററും എററുകൊണ്ട്,

കുതിരവണ്ടിക്കാരൻ വയസ്സനാണ്, ഭക്തനാണ്; അയാൾ പറഞ്ഞു: എവിടെ ഏത് ലീലാസ്ഥലി ആയിരുന്നെന്ന് ആർക്കറിയാം? മൂന്നെണ്ണമാണ് പ്രധാനം—യമുന, ഗോവർദ്ധനഗിരി, വ്രജരജസ്സ്. ബാക്കിയെല്ലാം ഈ നൂററുപത് നാഴികയ്ക്കിടയിലാണ്.

വഴിക്കാണ് ആദ്ധ്യം ഗ്രാമം. ഇവിടെ കൃഷ്ണൻ 'ദാനി'യായി ഇരുന്നിരുന്നു, തലയിൽ തൈർക്കുടവുമായി രാധയെ കടവു കടത്താൻ. അരിഷ്ടാസുരനെ കൊന്നതും ഇവിടെവെച്ചാണ്, അതാണ് ഗ്രാമത്തിന് ഈ പേര്.

ഗോവർദ്ധനഗിരിയിലെത്തി വണ്ടിയിൽനിന്ന് ഇറങ്ങി ഞങ്ങൾ പട്ടണത്തിനുളളിൽ കടന്നു. പണ്ഡ ഞങ്ങളെ കെട്ടിപ്പടുത്ത ഒരു പൊയ്കക്കരികെ കൊണ്ടുചെന്ന് പറഞ്ഞു: 'ഒരു ഗംഗ കണ്ടിട്ടാണല്ലോ വരുന്നത്', 'ഇതാ മറെറാന്നുകൂടി കാണു. ഇതാണ് മാനസഗംഗ'. കൃഷ്ണൻ പശുക്കിടാവിന്റെ രൂപത്തിൽ വന്ന ഒരസുരനെ കൊന്നിരുന്നു; രാധ പറഞ്ഞു, അസുരനെങ്കിൽ അസുരൻ, പശുക്കുട്ടിയുടെ രൂപത്തിലായിരുന്നില്ലേ? അതിനെ കൊന്നിട്ട് നിനക്ക് ഗോവധത്തിന്റെ പാപം പററിയിരിക്കുന്നു, ആദ്യം ഗംഗയിൽ കുളിച്ച് പ്രായശ്ചിത്തം ചെയ്യു, എന്നിട്ടേ എന്നെ തൊടാവു.'

എന്റെ പാദോദകത്തിൽ നിന്നാണ് ഗംഗയുടെ ജന്മം; ആ ഗംഗയിൽ ഞാനെങ്ങിനെ കുളിക്കും! ആട്ടെ, എന്നാലും ഞാൻ നീ പറയുന്നത് കേൾക്കാം' എന്ന് പറഞ്ഞ് കൃഷ്ണൻ മനസ്സിൽനിന്ന് ഈ മാനസഗംഗയെ സൃഷ്ടിച്ചു. എന്നിട്ട് പറഞ്ഞു, ഇതാണ് ശ്രേഷ്ഠമായ ഗംഗയെന്ന്.

രാധ പറഞ്ഞു: അതിന് പ്രമാണമെന്ത്? മററു ദേവന്മാരും സമ്മതിക്കണം, എന്നാലല്ലേ?

കൃഷ്ണൻ അപ്പോൾത്തന്നെ ദേവന്മാരെ ആഹ്വാനം ചെയ്തു. ദേവന്മാർ മുഴുവൻ മാനസഗംഗയിലേക്ക് ഓടിവന്നു. ദേവന്മാർ ഓരോരുത്തരായി വരുന്നു, രാധ ചോദിയ്ക്കുന്നു—

നീ ആരാണ്?

ഞാൻ ബ്രഹ്മാവാണ്.

നീ ആരാണ്?

ഞാൻ ശിവനാണ്.

നീ?

'ഞാൻ മനസ്', 'ഞാൻ ലക്ഷ്മി', 'ഞാൻ വരാഹം', 'ഹിരണ്യ കശിപു', 'സരസ്വതി', 'യമുന', 'ഇന്ദ്രൻ'—എന്നിങ്ങിനെ ഓരോരുത്തരും പരിചയപ്പെടുത്തി താന്താങ്ങളുടെ സ്ഥലത്തുനിന്ന് വന്നുചേർന്നു. അപ്പോൾ രാധയ്ക്ക് വിശ്വാസമായി; കൃഷ്ണനോട് പറഞ്ഞു, ഒഹ്ഹാ, ഇനി നിനക്ക് കുളിക്കാം,

അറുപത്തിനാല് തീർത്ഥങ്ങളുടെ ഫലം കിട്ടും ഈ ഒരു മാനസ ഗംഗയിൽ കുളിച്ചാൽ. കാർത്തികമാസം അമാവാസി നാളിൽ പതിനൊന്ന് മന്ന് നെയ്യിൻെറ തിരി കത്തും. മാനസഗംഗയിലൂടെ ഇത്ര വണ്ണത്തിൽ മഴവില്ലുപോലെ പാലൊഴുകും—ചിലപ്പോൾ ഇവിടുന്നങ്ങോട്ട്, ചിലപ്പോൾ അവിടുന്നിങ്ങോട്ട്; ഓരോരിക്കലും ഭഗവാന്ന് തോന്നുംപോലെ. എവിടുന്നാണ് ഇത്രയും പാലൊഴുകി വരുന്നതെന്ന് ആർക്കും പറയാൻ വയ്യ. പാലുകൊണ്ട് വെള്ളം വെള്ള നിറമാകും.

ഞാൻ പറഞ്ഞു: 'അറുപത്തിനാല് തീർത്ഥത്തിൻെറ ഫലം കിട്ടും, ഒന്നു മുങ്ങിക്കോളു വലിയേച്ചി'.

വെള്ളം കണ്ടാൽ വലിയേച്ചിയെപ്പോലുള്ള ഭക്തിമതിയ്ക്കും ആഗ്രഹം തോന്നുകയില്ല. കനത്ത പച്ചപ്പായൽ കൊണ്ട് മൂടുയിരിക്കയാണ് വെള്ളം മുഴുവൻ. വെള്ളത്തിൽ കുമില് പൊന്തിയിരിക്കുന്നു—മുത്തശ്ശിയുടെ ഭാഷയിൽ.

പണ്ഡമാർക്ക് സൌകര്യവും അസൌകര്യവും നോക്കി, പണ്ഡിത ബ്രാഹ്മണന്മാരെപ്പോലെ ശാസ്ത്രസമ്മതമായ എല്ലാ തരം വിധിയും നൽകാനറിയാം. അവർ പറകയാണ്, 'അതുപിന്നെ കുളിച്ചില്ലെങ്കിലും വിരോധമില്ല, പക്ഷെ തൊട്ടു തലയിൽ വെച്ചേ കഴിയൂ'.

വലിയേച്ചിയേയും കൂട്ടി പണ്ഡ പടവുകളിലൂടെ താഴേക്കിറങ്ങി. ഞാനും ചെന്നു. പണ്ഡ ഒരു കുടന്ന ജലം കോരി വലിയേച്ചിയുടെ കൈയിൽ കൊടുത്ത്, 'എടുക്കു, ഇനി മന്ത്രം ചൊല്ലു'. എന്നു പറഞ്ഞ് ഉറക്കെ പകുതി മന്ത്രം ചൊല്ലി ബാക്കി ചൊല്ലാൻ നിൽക്കാതെ പൊടുന്നനെ വലിയേച്ചിയുടെ കൈ കടന്നു പിടിച്ചു: 'എത്ര ദക്ഷിണ തരുമെന്ന് ആദ്യം പറയു'.

ഇപ്പുറത്ത് കൈവിരൽപ്പഴുതിലൂടെ ഗംഗ ഊർന്നിറങ്ങുകയാണ്. ഗംഗാജലത്തിലാണ് ആളുകൾ ഗംഗാതർപ്പണം ചെയ്യുക. വലിയേച്ചി വേഗം കനത്തൊരു ദക്ഷിണ തന്നെ വാഗ്ദാനം ചെയ്തു. പണ്ഡ അപ്പോൾ സന്തുഷ്ടനായി കൈ വിട്ടു; 'ശരി, ഇനി ചൊല്ലു—നമോ

മാനസ ഗംഗായ നമഃ'. കൈയിലെ വെള്ളം ഇനി ഗംഗയിൽ ഒഴിക്കു'.

വലിയേച്ചി ഉണങ്ങിയ അഞ്ജലി വിടർത്തി മാനസഗംഗയിൽ മാനസഗംഗ തന്നെ തർപ്പണം ചെയ്ത് വേഗം കരയ്ക്കു കേറി: 'എന്താ തട്ടിപ്പ്! വെറുതെയാണോ ഭക്തി ആവിയായിപ്പോകുന്നത്?'

ഗിരിഗോവർദ്ധനന്റെ അമ്പലത്തിൽ കടന്നിട്ടും പണ്ഡയുടെ കൈയിൽ പെട്ടിട്ടേ പൂജ കഴിയ്ക്കാനൊത്തുള്ളു. ഇവർ തമ്മിൽ എന്തോ ധാരണയുണ്ടെന്നു തോന്നുന്നു: ഒരുത്തൻ കൊണ്ടുപോയി മറ്റൊരുത്തന്റെ കൈയിൽ വിടും. അവരെ ഒഴിഞ്ഞുമാറി പുറത്തു കടക്കുക പ്രയാസം.

ഏട്ടൻ ഒരു കുഴപ്പത്തിനുമില്ല. അദ്ദേഹം പറകയാണ്, 'വെറുതെ വാക്ക് പറഞ്ഞിട്ടെന്തു കാര്യം? കഷ്ടപ്പെട്ടു വന്ന സ്ഥിതിക്ക് കുറച്ചുകൂടി കഷ്ടപ്പെടുകതന്നെ. ഇവർ പറയുന്നത് സമ്മതിച്ചേക്കു'.

യാത്രക്കാരനെ നോക്കിയാണ് വഴിപാടിന്ന് വ്യവസ്ഥ ചെയ്യുക. പണ്ഡ പറഞ്ഞു: ഗിരിഗോവർദ്ധനന്ന് പൂവും ചന്ദനവും നൈവേദ്യവും പട്ടും പഞ്ചരത്നവും ഒപ്പിക്കണം.

കേട്ടിട്ട് നടുങ്ങിപ്പോയി. പഞ്ചരത്നമോ! എത്ര പണമാണ് പിടുങ്ങുകയെന്ന് നിശ്ചയമില്ലല്ലൊ.

ഞാൻ ചോദിച്ചു: 'പഞ്ചരത്നം എതൊക്കെയാണ്?'

'സ്വർണ്ണം, വെള്ളി, ചെമ്പ്, വൈരം, മാണിക്യം ഇങ്ങിനെയഞ്ച്. ഞങ്ങളുടെ കൈയിൽത്തന്നെയുണ്ട്, വാങ്ങാൻ എവിടേയും പോകേണ്ടതില്ല'.

'വില?'

'ആളൊന്നുക്കു അഞ്ച് കാലുറുപ്പിക വരും'.

കേട്ടിട്ട് ആശ്വാസത്തോടെ ശ്വാസം വിട്ടു. പണ്ഡ പൂജാസാമഗ്രികളുമായി വന്നു. വലിയേച്ചിയും ഞാനും പൂജയ്ക്കിരുന്നു. ഗിരിഗോവർദ്ധനൻ ഒരു കഷണം കല്ലാണ്; കുറേയൊക്കെ ശിവനെപ്പോലെ. പക്ഷെ, ഇത് മണ്ണിൽനിന്ന് മുളച്ചുവന്നതുപോലെ, വാരിത്തേച്ച് പരപ്പായിട്ട്. അതിന്മേൽ ഉണക്കത്തേങ്ങ മുട്ടി നിവേദിച്ചു; വാടിയ ചെമ്പരത്തിപ്പൂവെറിഞ്ഞിട്ട് ഈ ഗന്ധപുഷ്പം കൊണ്ട് നിന്നെ പൂജിക്കുന്നു എന്നു പറഞ്ഞു. വെള്ളരിക്കയും പഴവും കൊണ്ട്

അമൃതേത്ത് നൽകി; എണ്ണ പുരണ്ട തോർത്തിൻതുണ്ടംകൊണ്ട് പട്ടൊപ്പിക്കലും കഴിഞ്ഞു. പഞ്ചരത്നമോ? പൂഴിക്കടലാസ്സിന്റെ ചെറിയൊരു പൊതി കയ്യിൽ തന്ന് പണ്ഡ നിലവിളിക്കാൻ തുടങ്ങി: 'ഹേ ഹേ, തുറക്കരുത്, തുറക്കരുത്; വീണുപോവും, കളഞ്ഞുപോവും'. ഇതും പറഞ്ഞ് വേഗം മന്ത്രം ചൊല്ലിച്ച് കൈയിൽ നിന്ന് പിടിച്ചു വാങ്ങി. സർവ്വോപചാരസമേതം ഞങ്ങളുടെ പൂജ നിറവേറി.

അത് കഴിഞ്ഞിട്ട് ഏട്ടനും പ്രവ്രജരമണനും അടുത്തടുത്തിരുന്നു. പണ്ഡ ആ ഒരു പൂവുതന്നെ ഗിരിഗോവർദ്ധനന്റെ ദേഹത്തുനിന്ന് പെറുക്കിയെടുത്തു കൊണ്ടുവന്നു. ദക്ഷിണകൊടുത്താൽ മതി. എല്ലാം ശുദ്ധമാകും. ആ ഒരൊററ തോർത്തിൻതുണ്ടം ആയിരമാളുകൾ കയ്യിലെടുത്ത് പറയും, 'ഈ കോടിവസ്ത്രം കൊണ്ട്, ഹേ നാരായണാ,നിന്നെ ഞാൻ അലങ്കരിക്കുന്നു'.

പണ്ഡമാരെ മുഴുവൻ പറഞ്ഞുവിട്ട് ഒന്ന് തടിയൊഴിച്ചിട്ട് വഴി നടന്നാൽ കൊള്ളാമെന്നുണ്ട്. ദക്ഷിണ വാങ്ങി ഓരോരുത്തനും അവനവന്റെ വഴിക്കു പോയി; പക്ഷെ 'നാലരസ്സഹോദരൻ എന്ത് വന്നാലും വിടാൻ ഭാവമില്ല. ഏട്ടൻ പിന്നേയും പിന്നേയും പിന്നോക്കം തിരിഞ്ഞ് പറയും, 'ആരാ തന്നോട് കൂടെ വരാൻ പറഞ്ഞത്?'

വെററിലക്കറ പുരണ്ട രണ്ടു വരി പല്ല് മുഴുവൻ പുറത്താക്കി ചിരിച്ച് കൈ തിരുമ്മിക്കൊണ്ട് അയാൾ പറകയാണ്, 'പണ്ഡയെ ആര് വിളിക്കും സാറേ, പണ്ഡ തന്നത്താൻ വരും'.

ഇവിടെയുമുണ്ട് നാനാദേവദേവിമാരുടെ ക്ഷേത്രങ്ങൾ, ഭക്തന്മാർ സ്ഥാപിച്ചതായിട്ട്. നിർജനപ്രദേശമായതുകൊണ്ട് ഇവിടേയും വന്ന് സാധനഭജനകൾ ചെയ്തിരുന്നു രൂപസനാതനനും അദ്വൈതമഹാപ്രഭുവും.

ഇടത്തദ്വൈതപ്രഭുവും വലത്തായി നിതായിയും*
മദ്ധ്യാസനത്തിൽ ചൈതന്യ ഗോസായിയുമിരുന്നിത്.

മാനസഗംഗയ്ക്ക് രണ്ടര നാഴികയോളം വഴി പ്രദക്ഷിണമാണ്; തീരത്തൂടെ വീതി കുറഞ്ഞ കാൽനടവഴി, രണ്ടടി വിട്ട് ഓരോ അമ്പലം. ചുററിനടന്ന് എല്ലാം കണ്ടു. മണിപ്പൂരിലെ യാത്രക്കാരും പൂജാരികളുമാണ് ഇവിടെ അധികവും. വലിയേച്ചിക്ക് അവരെ കണ്ടിട്ട് സന്തോഷമായി; അടുത്തുചെന്ന് നാട്ടിലെ ഭാഷയിൽ സംസാരി

---

* ചൈതന്യശിഷ്യന്മാർ, വൈഷ്ണവാചാര്യന്മാർ

ക്കും. അവരും ചിരിക്കും, വലിയേച്ചിയും ചിരിക്കും. അച്ഛ ന്റെ വീട്ടിലെ അടുത്ത ബന്ധുക്കളാണ് എല്ലാരുമെന്നപോലെ; വളരെ നാളുക്കുശേഷം അപരിചിതമായ നാട്ടിൽവെച്ചു കണ്ടുമുട്ടിയതുപോ ലെ. ചിലർ സന്ദേശ്—പ്രസാദം ഒളിച്ചുവന്ന് കൊണ്ടുക്കൊടുക്കുന്നു, ചിലർ ആദരവോടെ ഇരിപ്പിടം ഇട്ടു കൊടുക്കുന്നു, ചിലർ വിളിച്ചു കൊണ്ടുപോകുന്നു; സ്വകാര്യമായി പറയുന്നു, 'മുഖ്യമായ സാധനം കണ്ടിട്ട് പോവു, പലർക്കും അറിയുക തന്നെയില്ല; ഇതാണ് ഗിരി രാജന്റെ നാവ്'.

മഞ്ഞ നിറത്തിലുള്ള കല്ലിന്മേൽ വലിയൊരു മഞ്ഞ നാവിന്റെ അടയാളം. രഘുനാഥസ്വാമികൾ സ്ഥാപിച്ചതാണ്. നിത്യവും പൂജയുണ്ടാകും.

നടക്കുന്നതിനിടയിൽ ഏട്ടൻ വലിയേച്ചിയോട് ചോദിച്ചു: 'ഇവിടെ യെങ്ങാണ്ടല്ലെ ആ അമ്പലം, തരാശിലെ ജമീന്ദാരുടെ?' പറയുന്നതി ലിടക്ക് അതിന്റെ മുമ്പിൽ എത്തിപ്പെട്ടു.

മുററത്തെ കിണററിൽ നിന്ന് ഒരു കിഴവി പരപരെ വെള്ളം വലി ക്കുന്നുണ്ടായിരുന്നു; ഒപ്പം തന്നെ പിറുപിറുക്കുന്നുമുണ്ട് — 'ഇനി കയ്യില്ലപ്പാ. തമ്പ്രാന്റെ മരുമോനല്ലേ, അവിടുത്തെ തിരൂള്ളം തന്നെ ഒന്ന് വേറ്യാ. ആർക്കാ കയ്യാ താളത്തിനൊത്ത് തുള്ളാൻ? കൈ പോ യി, തേര് പോയി, എന്നാലും രക്ഷീല്ല—'.

തൊട്ടിയിലെ വെള്ളം ചെറിയ പിച്ചളക്കുടത്തിൽ നിറച്ച് കിഴ വി അര വളച്ച് ചുമലിൽ കേററി.

ഇത്രയും കഴിഞ്ഞപ്പോൾ അവളുടെ കണ്ണ് ഞങ്ങളുടെ നേർക്ക് വീണു.

ഞാൻ ചോദിച്ചു: 'ആരാണ് തമ്പുരാന്റെ മരുമകൻ?'

കിഴവി ഞെളിഞ്ഞ് പിരിഞ്ഞ് അടുത്തുവന്ന്, അങ്ങുമിങ്ങും നോക്കി, ഒച്ച താഴ്ത്തി പറഞ്ഞു: 'തമ്പ്രാന്റെ മരുമോൻ തന്ന്യല്ലേ, കൊച്ചുതമ്പ്രാട്ടി വെററില കൊടുക്കാൻ പോയതാ — തമ്പ്രാട്ടിയെ കൊണ്ടേവായില്ലേ?' ഇത്രയും പറഞ്ഞ് കിഴവി പുരികം ചുളിച്ച് കൈകൊണ്ടും മുഖംകൊണ്ടും പല പല ആംഗ്യങ്ങളും കാട്ടി ബാക്കി സംഭവങ്ങൾ സൂചിപ്പിച്ചു.

വഴിക്കിറങ്ങിയപ്പോഠം ഞാൻ മുഷിഞ്ഞ മനസ്സോടെ വലിയേച്ചിയോട് ചോദിച്ചു: 'കൊച്ചുതമ്പുരാട്ടി വെററില കൊടുക്കാൻ പോയി, തമ്പുരാട്ടിയെ കൊണ്ടുപോയി—ഇതെന്ത് വഷളൻ കഥയാണ് അമ്പലത്തിന്നുളളിൽവെച്ച്? '

വലിയേച്ചി പൊട്ടിച്ചിരിച്ച് പറഞ്ഞു: 'അതറിയില്ലേ? അതുകൊണ്ടല്ലേ രാധാവിനോദന്റെ പേര് ''മരുമകൻ തിരുമേനി'' എന്നായതുതന്നെ. തരാശിലെ ജമിദാർ വലിയ ജമിദാരാണ്, സകലരും തമ്പുരാനെന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ മകഠം രാധാവിനോദനെ പൂജിച്ചിരുന്നു; അവിടുത്തെ കുളിപ്പിക്കും. ഉടുപ്പിക്കും, ഊട്ടും—ഇതേ ഉളളു ജോലി. ഒരു ദിവസം അമൃതേത്തിന്ശേഷം വെററിലയൊരുക്കി പെൺകിടാവ് രാധാവിനോദന്ന് മുറുക്കാൻ കൊണ്ടുചെന്നു. രാധാവിനോദൻ വെററിലയുടെ കൂടെ പെണ്ണിനേയും വലിച്ചുകൊണ്ടുപോയി. അന്നുമുതൽ ആ പെൺകുട്ടിയെ ആരും കണ്ടിട്ടില്ല. അന്നുതൊട്ട് രാധാവിനോദന്ന് ഇവിടെ മരുമകന്നുളള ബഹുമാനമാണ്. കുമാരിയായ മകളെ കൈക്കൊണ്ട ആഠം മരുമകൻ തന്നെയാണല്ലൊ. ജാമായിഷഷ്ഠി*ദിവസം ഇവിടെ കെങ്കേമമായ ഉത്സവമാണ്. ശരിയായ ഉത്സവം വൃന്ദാവനത്തിലാണ്. ഇവിടെ ഉളളത് പ്രതിനിധിയാണ്.

ശ്യാമകുണ്ഡത്തിൽ, രാധാകുണ്ഡത്തിൽ, എത്തിച്ചേർന്നു. മുട്ടിമുട്ടി രണ്ട് കുണ്ഡം, നടുക്ക് വീതി കുറഞ്ഞ കെട്ടിപ്പടുത്ത വഴി കൊണ്ട് ഭാഗിച്ചിട്ടുണ്ട്

കാടും പടലവും കൊണ്ട് മൂടിയ സ്ഥലം; ചൈതന്യ മഹാപ്രഭു ലീലാസ്ഥലി ഉദ്ധാരണം ചെയ്യാൻ വന്നു. അന്വേഷിച്ചന്വേഷിച്ച് ഇവിടെ വന്നെത്തിയപ്പോഠം അടുത്തടുത്തായി രണ്ട് വയലുകഠം കണ്ടു. മഹാപ്രഭു കൈകൊണ്ട് കുമ്പിഠം കോട്ടി വയലിലെ വെളളം തലയിൽ ഒഴിച്ചു. അവിടത്തെ മണ്ണ് കൊണ്ട് നെററിയിൽ പൊട്ടുതൊട്ടു.

സർവ്വജ്ഞനാകും ഭഗവാനും കണ്ടല്ലോ
സർവ്വ തീർത്ഥങ്ങളും ലുപ്തമെന്നേ.
എന്നതുകൊണ്ടിന്നു രണ്ടു വയലിലെ
തെല്ലു ജലത്തിൽ കഴിച്ചു സ്നാനം.

മഹാപ്രഭു പറഞ്ഞു; 'ഈ വയൽ ശ്യാമകുണ്ഡമാണ്, ഇത് രാധാകുണ്ഡവും'.

പിൽക്കാലത്ത് ഭക്തന്മാർ കെട്ടിപ്പടുത്ത് കുണ്ഡം വെടിപ്പാക്കി. ഈ കുണ്ഡത്തിന്റെ മഹിമ അളവററതാണ്—

കുണ്ഡത്തിൻ മാധുരി രാധാമധുരിമ
ഉണ്ടായിട്ടില്ലാരും കാണാൻ സീമ.

കുണ്ഡത്തിന്റെ കരയ്ക്ക് തുംഗവിദ്യാകുഞ്ജം, സുദേവീകുഞ്ജം, ചമ്പകലതാകുഞ്ജം, രസമഞ്ജരി, കസ്തൂരിമഞ്ജരി ഇങ്ങിനെ ഇനിയും എത്രയെത്ര കുഞ്ജങ്ങൾ, എത്രയെത്ര മഞ്ജരികൾ! രാധാകൃഷ്ണന്മാർ സഖിമാരുമായി കുണ്ഡത്തിൽ ജലക്രീഡ ചെയ്ത് ഓരോരോ കുഞ്ജത്തിൽ ഊഞ്ഞാലാടുമായിരുന്നു, ചിലേടത്ത് ചമഞ്ഞൊരുങ്ങുമായിരുന്നു, ചിലേടത്ത് വിശ്രമിക്കുമായിരുന്നു. വൈഷ്ണവന്മാർ നൈവേദ്യപൂജയ്ക്ക് പാടാറുണ്ട്—

സൂര്യപൂജയ്ക്കെന്ന വ്യാജേന റായിയും*
നേരെ വന്നെത്തിപോൽ രാധാകുണ്ഡേ.
ആളിമാരൊത്തങ്ങു കാർമുകിൽവർണ്ണനും
കേളികളാടി മനോജ്ഞമായി.
കേളി കഴിഞ്ഞാറേ തീരത്തു കേറീട്ട്
നീളെയണിഞ്ഞിതേ ഭൂഷകളും.
ഭോജനം ചെയ്യാനിരുന്നിതനന്തരം
ആമോദപൂർവ്വം വിളമ്പി റായി.

വലിയേച്ചി പറഞ്ഞു: 'ലീല രസാസ്വാദനത്തിന്നുവേണ്ടി മാത്രമാണ്'.

യാത്രക്കാർ ആദ്യം ശ്യാമകുണ്ഡത്തിലെ ജലം തലയിലൊഴിച്ച് പിന്നീടാണ് രാധാകുണ്ഡത്തിലിറങ്ങുക. വീണ്ടും വീണ്ടും നന്നായി മുങ്ങും. രാധാകുണ്ഡത്തിനാണ് പ്രാധാന്യം അധികമെന്നു തോന്നും.

ശ്യാമന്റെ കുണ്ഡം കണ്ടിട്ട് രാധയ്ക്ക് വലിയ അഭിമാനം. 'നിന്റെ കുളത്തിൽ ഞാൻ കുളിയ്ക്കില്ല, സ്വന്തം കുളത്തിൽ കുളിക്കും'. എന്ന് പറഞ്ഞ് അവൾ കൈയിലെ വളയൂരി നിലം കുഴിക്കാൻ തുടങ്ങി. ശ്യാമകുണ്ഡത്തിലെ ജലം കുടുകുടെ ഒഴുകി രാധാകുണ്ഡം നി

* ശ്രീചൈതന്യൻ

റച്ചു. കൃഷ്ണൻ ചിരിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ കുളത്തേക്കാളും എനിയ്ക്കിഷ്ടം നിന്റെ കുളമാണ്. എന്റെ കുളത്തിൽ കുളിച്ചാൽ ആളുകൾ സർവ്വപാപങ്ങളിൽനിന്നും മുക്തരാവും; നിന്റെ കുളത്തിൽ കുളിച്ചാലാകട്ടെ, എന്റെ പ്രേമം ലഭിക്കും'.

കെട്ടിപ്പടുത്ത വഴിയുടെ ഒരു വശത്തിരുന്ന് ആളുകൾ കൊട്ട കൊട്ടയായി ഗോപിമണ്ണ് വിൽക്കുന്നു. രാധാകുണ്ഡത്തിലെ ഗോപിമണ്ണ് മഞ്ഞനിറമാണ്, ശ്യാമകുണ്ഡത്തിലേത് കറുപ്പും. ഒരുപൈസക്ക് രണ്ട്. ആർക്കെല്ലാം കൊടുക്കണമെന്ന് വിരലിൽ എണ്ണി വലിയേച്ചി ഗോപിമണ്ണ് വാങ്ങുന്നു.

മണിബാഹാദുറിനെ കണ്ടുമുട്ടി. അദ്ദേഹവും ഇന്ന് വൃന്ദാവനത്തിൽനിന്ന് രേവേച്ചിയേയും കൂട്ടി ശ്യാമകുണ്ഡത്തിലും രാധാകുണ്ഡത്തിലും സ്നാനം ചെയ്യാൻ വന്നതാണ്. കണ്ട ഉടൻ രണ്ടുകൂട്ടർക്കും സന്തോഷമായി. മണിബാഹാദുർ പറഞ്ഞു: 'ഇനി പേടിയ്ക്കേണ്ട; രണ്ട് കുണ്ഡത്തിന്ന് നടുക്കുവെച്ച് വീണ്ടും കണ്ടുമുട്ടാനിടയായ സ്ഥിതിയ്ക്ക് ഗോലോകത്ത് ചെന്ന് വീണ്ടും കാണാം തീർച്ച'.

ഇപ്പോഴാണ് തോന്നുന്നത്, വളരെ നേരം നടന്നിരിക്കുന്നെന്ന്; വിശപ്പും തോന്നുന്നതുപോലെ. മുമ്പിൽത്തന്നെ ലുചിയും പൂരിയും വിൽക്കുന്ന പീടികയുണ്ട്; യാത്രക്കാർ പീടികയ്ക്കുചുററും കൂട്ടം കൂടിയിരിക്കുന്നു. പീടികക്കാർ ചീനച്ചട്ടി നിറയെ നെയ്യിൽ ലുചി പൊരിച്ചെടുത്തിട്ടും മതിയാകാതെ കുഴങ്ങുന്നു; വീണ്ടും നെയ്യൊഴിക്കുന്നു, തീ കൂട്ടുന്നു, മൂന്നുനാലുപേർ ഒന്നിച്ച് ചീനച്ചട്ടിയിൽ ലുചിയിടുന്നു.

ചൂടുള്ള കുറച്ച് പൂരി വാങ്ങിത്തിന്ന് മരച്ചോട്ടിൽ നിർത്തിയിരിക്കുന്ന കുതിരവണ്ടിയിൽ കയറിയിരുന്നു. കുളിർകാററത്ത് കണ്ണടയുന്നു.

ഒരുകൂട്ടം കുട്ടികൾ നാലുഭാഗവും വളഞ്ഞുനിന്ന് നിലവിളിക്കുന്നു.

'ഏ മൈയാ, ആഡ് കാഡേകേ, പാഡ് കാഡേകേ,
ആനാ, ആനാ, ആനാ'.

'അണ' വേണം എല്ലാവർക്കുമെന്ന് മനസ്സിലായി. പക്ഷെ ഇത് ഒരു പാട്ടുണ്ടല്ലൊ. മുഖത്തേക്ക് നോക്കി അവർ വീണ്ടും ഈണം കൂട്ടി—

'സാമ കുണ്ഡാ, രാദാ കുണ്ഡാ, ഗിരിഗോവരദനാ—
മാദുര മാദുര വംശീ ബാജേ ഏയി ഛേ വൃന്ദാവനാ'.

വലിയേച്ചി വന്ന് വണ്ടിയിൽ കയറി. ഞാൻ ചോദിച്ചു: 'ഇവരെന്താണ് ചിലക്കുന്നത്? ഏതാണ് പദം?'

വലിയേച്ചി പറഞ്ഞു: 'അല്ലാ, ഇത് ആ പാട്ടല്ലേ. ശീതകാലത്ത് മണിപ്പുരിയിലെ പെണ്ണുങ്ങൾ ഇതേ പാട്ടുപാടി ഞങ്ങളുടെ വീട്ടിൽ ഭിക്ഷയ്ക്കു വരുമായിരുന്നു—

'ശ്യാമകുണ്ഡ രാധാകുണ്ഡ ഗിരിഗോവർദ്ധൻ,
മധുര മധുര വംശീ ബാജേ സേയി വൃന്ദാവൻ'.

വൈകുന്നേരം മറെറാരു വഴിക്ക് പുറപ്പെട്ടു. വഴിയുടെ ഇടത്തുഭാഗം മൈലുകളോളം കല്ലിൻ സ്തൂപങ്ങളാണ്. ഈ കല്ലിൻെറ നിറത്തിന് ഒരു പ്രത്യേകതയുണ്ട്. മറെറാരിടത്തും ഇങ്ങിനെ കണ്ടിട്ടില്ല. മിക്കവാറും സ്ളേററിൻെറ നിറംതന്നെ. അമ്മയുടെ പൂജാവിഗ്രഹത്തിൻെറ ആസനത്തിന്നടുത്ത് അലങ്കരിച്ചുവെക്കാൻ ഒരു കഷണം കല്ലെടുത്തുകൊണ്ടുപോകാൻ തോന്നി.

കുതിരവണ്ടിക്കാരൻ പറഞ്ഞു: 'അങ്ങിനെ ചെയ്യല്ലേ അമ്മേ. ഇവിടത്തെ ഈ ഗോവർദ്ധനഗിരിയുടെ കല്ലെടുത്താൽ ആർക്കും സഹിക്കാൻ പററില്ല. ഒരിക്കൽ ഒരു ഗുജറാത്തി ഒരു തുണ്ടം കല്ലെടുത്തുകൊണ്ടുപോയിരുന്നു. എന്തെല്ലാം അത്യാപത്താണ് അയാൾക്ക് പററിയത്. മകൻ മരിച്ചു, മകൾ മരിച്ചു, അമ്മയും ഭാര്യയുമെല്ലാം മരിച്ചു; കച്ചവടത്തിൽ നഷ്ടം പററി, പണം മുഴുവൻ പോയി; ഒടുക്കം എങ്ങിനെയോ ഓടിയെത്തി അയാൾ കല്ല് തിരിച്ചുകൊടുത്തു; എന്നിട്ടാണ് പ്രാണനുംകൊണ്ട് രക്ഷപ്പെട്ടത്''.

വ്രജരമണൻ പറഞ്ഞു: 'വിജയകൃഷ്ണഗോസ്വാമിയും ആരോടോ അരുളിച്ചെയ്യുകയുണ്ടായിട്ടുണ്ട്—''എടാ മൂർഖാ, നീ എന്താണ് ചെയ്തത്? ശീഘ്രം പോ, ഈ കല്ല് തിരിച്ചു കൊടുത്തുവാ''.

വലിയേച്ചി പറഞ്ഞു: 'പോട്ടെ, എടുക്കണ്ട. ഭർത്താവും കുട്ടിയുമുള്ള കുടുംബം — ഒടുക്കം എന്തുകൊണ്ട് എന്തുപററുമെന്ന് എന്തറിയാം'.

നടക്കുന്ന വഴിക്ക് മുഴുവൻ, കുട്ടിക്കാലത്ത് മാടോടുകൊണ്ട് ഉണ്ടാക്കാറുണ്ടായിരുന്ന കളിവീട്പോലെ, ഉണക്കപ്പുല്ലിന്മേൽ ചരൽക്കല്ലുകൊണ്ടുണ്ടാക്കിയ എണ്ണമററ കളിവീടുകൾ കണ്ടു. ഭക്തന്മാർ വഴിനടക്കുമ്പോൾ താന്താങ്ങളുടെ പേർക്ക് ഉണ്ടാക്കിവെക്കുന്നതാണ്.

മനസ്സിൽ ഇങ്ങിനെ പ്രാർത്ഥിക്കും—ഇതാ വീടെടുത്തുവെച്ച് പോകുന്നു, മരിച്ചാൽ നിൻെറ അടുത്ത് വീട് കിട്ടാൻ.

'ഇതാര്! രേവതിയല്ലേ?' വലിയേച്ചി പെട്ടെന്ന് വണ്ടി നിർത്തി വഴിയിൽ ഇറങ്ങി. മണിപ്പുരി യാത്രക്കാരുടെ കൂട്ടത്തിൽ ഇരുപതിരുപത്തിരണ്ട് വയസ്സായ ഒരു യുവതി; അരഞ്ഞാണും വെള്ള ശിരോവസ്ത്രവും ധരിച്ചിട്ടുണ്ട്. വലിയേച്ചി ചെന്ന് അവളെ കെട്ടിപ്പിടിച്ചു. 'നീ ഇവിടെ?'

'ങ്ഹാ, സഞ്ചരിക്കാൻ വന്നതാ'. യുവതി ശിരോവസ്ത്രത്തിൻെറ തുമ്പ് പല്ലുകൊണ്ട് അമർത്തിപ്പിടിച്ചു. സ്ഫടികം പോലുള്ള കണ്ണ് രണ്ടിലും വെള്ളം തളംകെട്ടി. വലിയേച്ചിയുടെ നേർക്കുതന്നെ ഇമവെട്ടാതെ നോക്കി നിൽക്കുകയാണ്. ആരും ഒന്നും മിണ്ടുന്നില്ല.

മുഖത്തോടു മുഖമായി നിൽക്കുന്ന രണ്ട് കൽപ്രതിമകളെപ്പോലെ.

സമയം പതുക്കെ നീങ്ങുന്നു.

വലിയേച്ചി രേവതിയുടെ ചുമലിൽനിന്ന് കൈയെടുത്ത് തിരിച്ചുവന്നു. ചേലത്തുമ്പുകൊണ്ട് കണ്ണ് തുടച്ച് വണ്ടിയിൽ കയറി. ചക്രം ഉയർത്തിയ വെള്ളപ്പൊടിപടലത്തിൽ രേവതി ദൂരെയെങ്ങോ അലിഞ്ഞുചേർന്നു. നെടുവീർപ്പ് വിട്ടുകൊണ്ട് വലിയേച്ചി പറഞ്ഞു: 'വിധവയായിട്ട് കൊച്ചുകുട്ടിയേയും മാറോട് ചേർത്ത് ശിൽചരിൽ വന്നതാണ്. സ്കൂളിൽ ടീച്ചറായിരുന്നു. അഞ്ചുമാസം മുമ്പ് ആ ഒര് താങ്ങും പാവത്തിന് നഷ്ടപ്പെട്ടു'.

ആഗ്രയിൽ ചെല്ലാതെ ഏതു വഴിക്കാണ് ജയപൂരിലേക്ക് പോവുക? നേരെയാണെങ്കിലും, സൗകര്യമുള്ള ഒരേയൊരു വഴി ആ ആഗ്രയിലൂടെ തന്നെയാണ്. വളരെ ഗവേഷണംചെയ്ത് ഒടുക്കം കണ്ടെത്തി, മഥുരയിൽനിന്ന് രണ്ടുമണിക്കുള്ള വണ്ടിയ്ക്ക് പോയി ചെറിയൊരു സ്റേറഷനിൽ വണ്ടി മാറിയാൽ പോകാൻ പററുമെന്ന്. പക്ഷെ കേറിയിറങ്ങുകയെന്ന തൊന്തരവുണ്ട്. വൈകിയെത്തുന്ന വണ്ടിയ്ക്ക് കാത്തിരിക്കേണ്ടിയും വരാം. ഇരിക്കട്ടെ, എന്നാലും അതുതന്നെ മതിയെന്നുവെച്ചു.

ഇത്തിരി ദൂരമേയുള്ളു; ഉച്ചയ്ക്ക് പുറപ്പെട്ട് രാത്രി എട്ടരക്ക് 'അഥർനേരാ' സ്റേറഷനിൽ വണ്ടി ചെന്നുനിന്നു.

പ്ളാററ്ഫോറത്തിൽ വിളക്ക് മങ്ങിക്കത്തുന്നു. രണ്ടര മണിക്കൂർ കാത്തിരിക്കണം ഇവിടെ. സമയമെങ്ങിനെ പോക്കും? ഒരു ലൈററ്പോസ്ററിന്റെ കീഴിൽ സാമാനങ്ങൾ കൂട്ടിവെച്ച്, നാലുപൈസക്ക് വറുത്തുപ്പേരി വാങ്ങി ഇരുട്ടത്ത് ഒരു മൂലക്ക് ഒളിച്ചിരുന്നു. ഏട്ടൻ കണ്ടാൽ ദേഷ്യപ്പെടും; കണ്ട വഴിയിൽനിന്നൊക്കെ ഇങ്ങിനെയോരോന്ന് വാങ്ങിത്തിന്നുന്നത് അദ്ദേഹത്തിന്ന് തീരെ കണ്ടുകൂട.

കഴുത്ത് നീട്ടി ഈ മൂലയും ആ മൂലയും പരതി ഒരാളുണ്ട് മുമ്പിൽ വന്നു നിൽക്കുന്നു. അയാൾ ചോദിച്ചു: 'പെങ്ങളേ, നിങ്ങൾ തന്നെയല്ലേ മഥുരാ സ്റേറഷനിൽവെച്ച് നോട്ടുബുക്കിൽ ചിത്രം വരഞ്ഞുകൊണ്ടിരുന്നത്?'

'ങ്ഹും.'

'ഞാൻ ഇയാളോട് ആ കാര്യം പറയുകയായിരുന്നു, ബംഗാളികൾ ഇന്ദ്രജാലക്കാരാണെന്ന്', എന്ന് പറഞ്ഞ് അയാൾ തന്റെ കൂട്ടുകാരനെ പിടിച്ച് മുമ്പിൽ നീർത്തി.

മഥുരാ സ്റേറഷനിൽ ഒരുപാടുനേരം ഇരിക്കേണ്ടിവന്നിരുന്നു. ട്രെയിൻ ലെയ്ററാണ്. പാവാടയുടുത്ത് തട്ടം കൊണ്ട് മൂടിയ യോധപുരിയിലെ പെണ്ണുങ്ങൾ ഇരിക്കുന്നുണ്ടായിരുന്നു അവിടെ; അവരുടെ സ്കെച്ച് വരക്കുകയായിരുന്നു. ഒരു പെണ്ണ് എഴുന്നേററ് വന്ന് 'എന്റെ ഈ മോൻ മനോഹരന്റെ ഒരുചിത്രം വരഞ്ഞുതരുമോ?' എന്ന് ചോദിച്ചു. 'വരക്കാം; പക്ഷെ നോട്ടുബുക്കിലെ കടലാസ്സു കീറി നിനക്ക് തരാൻ പററില്ല' എന്ന് ഞാൻ മറുപടി പറഞ്ഞു.

അവൾ തെല്ലിട എന്തോ ആലോചിച്ചിട്ട് 'ആട്ടെ, എനിയ്ക്ക് തരില്ലെങ്കിൽ വേണ്ട, എന്നാലും വരയ്ക്കുമല്ലൊ' എന്ന് പറഞ്ഞ് മടിയിലെ കുട്ടിയെ കാലിന്മേൽ ഇരുത്തി ഓരോന്ന് പറഞ്ഞുകൊണ്ട് മയക്കാൻ തുടങ്ങി. ഞാൻ വരച്ചുതുടങ്ങി. വരച്ചു കഴിഞ്ഞപ്പോൾ എന്തൊരു സന്തോഷമാണ് അമ്മയ്ക്ക്. പിന്നേയും പിന്നേയും കുട്ടിയുടെ കൊച്ചു മുഖത്തേയ്ക്കും നോട്ടുബുക്കിലെ ചിത്രത്തിലേക്കും മാറിമാറി നോക്കുന്നു. മാതൃത്വത്തിന്റെ എന്തൊരു മേന്മയാണ് അവളുടെ മുഖത്ത് വിരിയുന്നത്. എട്ടുപത്ത് വയസ്സായ ഒരു മകളുമു

ണ്ടായിരുന്നു അവൾക്ക്. അവളേയും കൊണ്ടുവന്ന് മുമ്പിൽ ഇരുത്തി, 'ഇവളേയും വരക്കണം' എന്നു പറഞ്ഞു.

തുടുതുടുത്ത് അഴക് വഴിയുന്ന പെൺകുട്ടി; നാണം കുണുങ്ങുന്നു. അവളേയുംവരച്ചു. ഞങ്ങളുടെ ചുററും ആളുകൾ കൂട്ടം കൂടുകയാണ്. അമ്മ ചിരിക്കുന്നു. മകൾ ചിരിക്കുന്നു. മകളുടെ അച്ഛൻ ചിരിക്കുന്നു. കാണുന്നവരും സന്തോഷംകൊണ്ട് ചിരിക്കുന്നു. ഉന്തിത്തള്ളി വേറെയും പെണ്ണുങ്ങൾ മുമ്പിൽ വന്ന് നിൽപായി. 'എന്നെ വരക്കു', 'ആദ്യം എന്നെ'—എന്നിങ്ങിനെ കെഞ്ചി.

ഹുസ് ഹുസ് ശബ്ദത്തോടെ വണ്ടി വന്നുനിന്നു. ഞാൻ നോട്ട്ബുക്ക് അടച്ച് എഴുന്നേററു.

ആ ആൾ പറഞ്ഞു: പെങ്ങളേ, ചിത്രങ്ങൾ ഇയാളെ ഒന്നു കാണിക്കാമോ? കാണിച്ചുകൊടുത്തില്ലെങ്കിൽ ഞാൻ പറയുന്നത് തിരിയില്ല'.

വളരെ സാധാരണനായ ഒരു മനുഷ്യൻ, കീറിയൊരു കാക്കി ഷർട്ടാണ് ഇട്ടിരിക്കുന്നത്. പക്ഷെ എന്ത് സരളമായ അടുപ്പം. ആ ഒരു 'പെങ്ങളേ' വിളിയിൽത്തന്നെ മനസ്സലിഞ്ഞുപോകും.

വറുത്തുപ്പേരി വായിൽ നിറച്ചുകൊണ്ട് ഇടതു കൈകൊണ്ട് തൂക്കുസഞ്ചിയിൽനിന്ന് പുസ്തകം പുറത്തെടുത്ത് അയാൾക്ക് കൊടുത്തു. വിളക്കിൻചോട്ടിൽ ചെന്ന് രണ്ട് ചങ്ങാതിമാരും പേജ് മറിക്കുന്നു, അന്യോന്യം മുഖത്തു നോക്കുന്നു.

ഹോൾഡോളിൽ ചാരി ഉറങ്ങിപ്പോയിരുന്നെന്നു തോന്നുന്നു. ഏട്ടൻെറ വിളികേട്ട് ഞാൻ എഴുന്നേററിരുന്നു. വണ്ടി വരാനുള്ള മണിയടിച്ചു കഴിഞ്ഞു.

പ്ളാററ്ഫോറത്തിൽ ഒരു ഗുഡ്സ് വണ്ടി കിടപ്പുണ്ട്. ഞങ്ങളുടെ വണ്ടി മറേറ വശത്തു വന്നു നിന്നു. ഫസ്ററ് ക്ളാസ്സിലേയും സെക്കൻററ് ക്ളാസ്സിലേയും യാത്രക്കാർ തങ്ങളുടെ അധികാരമനുസരിച്ച് വാതിൽ ഉള്ളിൽനിന്ന് കുററിയിട്ടിരിക്കുന്നു. ജനലിന്നുള്ളിലൂടെ കഴുത്ത് നീട്ടി നോക്കുകയാണ് — ഞങ്ങൾ കുറച്ചുപേർ കൂലിക്കാരുമായി വണ്ടിയുടെ ഒരററത്തുനിന്ന് മറേറ അററം വരെ പരക്കം പായുകയാണ്. ഏത് മുറിയുടെ അടുത്ത് ചെന്നുനിന്നാലും, അവർ വേറെ മുറി കാണിച്ചുകൊണ്ട് പറയും, അവിടെ ഒരുപാട്സ്ഥലം ഒ

ഴിഞ്ഞു കിടപ്പാണെന്ന്. ആ മുറിക്കടുത്ത് ചെല്ലുമ്പോഴേക്കും അവർ പറയും, 'ആറാളുണ്ട്, മുറി നിറഞ്ഞിരിക്കുന്നു; വേറെ വല്ലേടത്തും നോക്കണം'. തേർഡ്ക്ളാസ്സിലും ഇൻററിലും ആളുകൾ തൂങ്ങുകയാണ്; സൂചിമുനക്ക് പഴുതില്ല അവിടെയെങ്ങും. വണ്ടി വിടാനുള്ള സമയമാവുകയാണ്; ഓടിച്ചെന്ന് സ്റേറഷൻ മാസ്ററരെ, ടിക്കററ് കലക്ടരെ, ഗാർഡിനെ കണ്ണിൽക്കണ്ടവരെയൊക്കെ പിടികൂടുന്നു — ഇത്ര വലിയ വണ്ടിയല്ലേ, എങ്ങിനെയെങ്കിലും, എവിടെയായാലും, ഞങ്ങളെ വല്ലപാടും ഒന്ന് കടത്തിത്തരണേ. അവർക്കൊരു ഭാവഭേദവുമില്ല. വണ്ടിയുടേയും ഗുഡ്സ് വണ്ടിയുടേയും ഇടക്കുള്ള ഇടുങ്ങിയ വഴിയിലൂടെ ഒരുതവണ കൂടി പരക്കംപാഞ്ഞു. വണ്ടി പോയി, ഗുഡ്സും പോയി; നോക്കിക്കൊണ്ട് ഞങ്ങൾ നാല് ജീവികൾ വായും പൊളിച്ച് ലൈനിന്മേൽ നിൽക്കുകയാണ്.

ദേഷ്യവും ദു:ഖവും കൊണ്ട് എരിപൊരി കൊള്ളുകയാണ്.

ദേഹത്ത് കറുത്ത കോട്ടുമായി കാണുന്നവരോട് മുഴുവൻ പാഞ്ഞുകേറാൻ തുടങ്ങി. ഏട്ടനോട് പറഞ്ഞു — 'പോകണ്ട ജയപൂരിലും ഉദയപൂരിലും ചിത്തോറിലും; എവിടെയും വേണ്ട. ഇപ്പോൾ തിരിച്ചു പോകണം ഡൽഹിയിലേക്ക്; ഡൽഹിയിൽ നിന്ന് ഹരിദ്വാരത്തേക്ക്, അവിടെനിന്ന് നേരെ വീട്ടിലേക്ക്. എന്തു പറയുന്നു വലിയേച്ചി?

വലിയേച്ചി പറഞ്ഞു: 'മുടക്കം വന്നതുകൊണ്ട് മനസ്സിലും വിഷമമായി. വഴിയിൽ ഇങ്ങനെയോരോ കുഴപ്പത്തിൽ നിൻെറ ഏട്ടനെ ബുദ്ധിമുട്ടിക്കുക; കുട്ടികൾ കേട്ടാൽ എന്തു പറയും? പോകേണ്ടെന്നു തന്നെ വെക്കാം. എനിയ്ക്കും ഉത്സാഹം തോന്നുന്നില്ല'.

ഏട്ടൻ ശാന്തപ്രകൃതനാണ്. ഇതിനിടയിൽത്തന്നെ ദേഷ്യവും മുഷിച്ചിലുമൊക്കെ ഒതുങ്ങിയിരിക്കുന്നു. അദ്ദേഹം പറഞ്ഞു: 'ആട്ടെ, ഇപ്പോൾത്തന്നെ ഒന്ന് തീർച്ചയാക്കിയില്ലെങ്കിൽ എന്താ. രാത്രി മുഴുവൻ സമയം കിട്ടീട്ടുണ്ടല്ലൊ, നാളെ രാവിലെ ആലോചിച്ച് തീർച്ചപ്പെടുത്താം.

'വേണ്ട വേണ്ട, നാളെ രാവിലെ വരെ എന്താലോചിക്കാനാണ്? എന്തുവന്നാലും പോകണ്ട. നല്ല തീർച്ച. ജയ്പൂരിലേക്കുള്ള ടിക്കററ് മാററി ഡൽഹിയിലേക്കുള്ള ടിക്കററ് വാങ്ങു'.

അദ്ദേഹത്തെ അടങ്ങിയിരിക്കാൻ വിടുന്നില്ല.

ഏട്ടൻ പറഞ്ഞു: ടിക്കററ് വാങ്ങിയിരിക്കുന്നത് മഥുരയിൽനിന്നാണ്; ഇവരെന്തിന് റിഫണ്ട് ചെയ്യണം? പിന്നെ എഴുത്തുകുത്തും ഓരോരോ സൊല്ലകളുമാവും; ഈ കുറച്ചുറുപ്പികയ്ക്കുവേണ്ടി വീണ്ടും വരാൻ പറഞ്ഞെന്നും വരും'.

ഞാൻ പറഞ്ഞു: 'ഇനി പണം നഷ്ടപ്പെട്ടാലും വിരോധമില്ല, എന്നാലും ഇപ്പോഴത്തന്നെ വേഗം ഡൽഹിയിലേക്ക് ടിക്കററ് വാങ്ങണം; ബാക്കിയെല്ലാം പിന്നെ'.

ഏട്ടൻ അവസാനമായി ഒന്നുകൂടി വലിയേച്ചിയെ മനസ്സിലാക്കാൻ ശ്രമിച്ചു: 'ഇന്നുതന്നെ പോയില്ലെങ്കിലെന്താ, നാളെ പോയാൽ പോരേ? ജയ്പൂരെന്ത് പിഴച്ചു?'

വലിയേച്ചി തല കുലുക്കി ആ ഒരേയൊരു 'ങ്ഹു—ഹു' തന്നെ. ഗത്യന്തരമില്ലാതെ ഏട്ടന് എഴുന്നേററ്ചെന്ന് ഡൽഹിയ്ക്ക് മടങ്ങാൻ ടിക്കററ് വാങ്ങേണ്ടിവന്നു.

ദേഷ്യമൊന്ന് തണുത്തു. വെയിററിംഗ് റൂമിൽ കടന്നുകൂടി. ജയ്പൂരിൽ പോയില്ല, ബഹുവാശി തന്നെ! ആരുടെ നേർക്കാണെന്ന് നിശ്ചയമില്ല. ആശ്വാസത്തോടെ ഒന്ന് നെടുവീർപ്പിട്ട് നിലത്ത് ഹോൾഡോൾ വിരിച്ച് കമ്പിളി പുതച്ച് കിടപ്പായി.

കണ്ണിൽ ഉറക്കം വന്നില്ല.

രാത്രി മുഴുവൻ മനസ്സിൽ ചുളുചുളെ കുത്തുക തന്നെയായിരുന്നു, ആഹാ, നോട്ടുബുക്കിലെ കടലാസ് കീറിയെടുത്ത് മനോഹരന്റെ അമ്മയ്ക്ക് മകന്റെ ചിത്രം കൊടുക്കാമായിരുന്നു.

വളരെ കാലത്തെ പരിചയം കൊണ്ട് ഏട്ടന് പെണ്ണുങ്ങളുടെ മനസ്സ് നന്നായറിയാമെന്ന് തോന്നുന്നു. പിറേറന്ന് രാവിലെ ഞാൻ വെയിററിംഗ് റൂമിലെ ബാത്ത്റൂമിൽ കുളി കഴിച്ച് തണുത്ത്, അലക്കിത്തേച്ച സാരിയും ബ്ളൗസുമണിഞ്ഞ്, കുപ്പിഗ്ളാസിൽ രണ്ട് ഗ്ളാസ് ചായ അകത്താക്കി, നടന്നുവിൽപനക്കാരന്റെ കൈയിൽനിന്ന് വാങ്ങിയ ചൂടുള്ള പൂരി കടിച്ചുകൊണ്ടിരിക്കെ, ഏട്ടൻ പറഞ്ഞു: 'ഞാൻ പിന്നെ ഒന്നും പറയുന്നില്ല, എല്ലാം നിങ്ങളുടെ ഇഷ്ടം പോലെ, എന്നാലും ഒരു കാര്യം ആലോചിച്ചുനോക്കു—ഇത്ര ദൂരം വന്നിട്ട് തിരിച്ചു പോകുന്നത് നല്ലതാണോ എന്ന്. ശരിയായ ഗോപീനാഥനേയും ഗോവിന്ദനേയും കാണാൻ എത്ര കൊതിച്ചതാണ്! അത് പിന്നെ ഒന്നാലോചിച്ചുനോക്കു, പോയേ കഴിയു എന്ന് ഞാൻ പറയുന്നില്ല. ഡൽഹിക്കുള്ള ടിക്കററ് ഏതായാലും വാങ്ങീട്ടുമുണ്ടല്ലൊ'.

കറിയിലെ ഉരുളക്കിഴങ്ങുകഷണം പൂരിയിൽ അമർത്തിക്കൊണ്ട് ഞാൻ വലിയേച്ചിയുടെ നേർക്ക് നോക്കി; അവരുമുണ്ട് എന്റെ നേർക്കുതന്നെ നോക്കിയിരിക്കുന്നു.

ഞാൻ കണ്ണ് രണ്ടും ചലിപ്പിച്ചു; എന്തു പറയുന്നു വലിയേച്ചി, എന്ന്.

വലിയേച്ചി കണ്ണ് കീഴ്പോട്ടാക്കി ഓരോ പൂരിയെടുത്ത് എല്ലാവർക്കും കൊടുത്തു.

ഞാൻ പറഞ്ഞു: 'എന്നാൽപിന്നെ ജയ്പൂർ ഒന്നു കാണുകതന്നെ. വഴിക്ക് പല ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയല്ലേ പുറപ്പെട്ടത്; എന്നിട്ടൊടുക്കം ഇത്ര നിസ്സാരമായ സംഗതിയ്ക്ക് മടങ്ങിച്ചെന്നാൽ ആളുകളെ മുഖം കാണിക്കുന്നതെങ്ങിനെ?

വലിയേച്ചി പറഞ്ഞു: 'അതും ശരിതന്നെ. ഇതും ശരിതന്നെ. ഗോപീനാഥൻ ഇത്രയും ദൂരം കൊണ്ടുവന്നത് നടുവഴിക്കുവെച്ച് തിരിച്ചയക്കാനാണോ? എനിയ്ക്ക് തോന്നുന്നത് ഇതല്ല അവിടുത്തെ ഇച്ഛയെന്നാണ്'.

'എന്നാൽ ടിക്കററ് വാങ്ങു ഇപ്പോഠംത്തന്നെ. ഈ വരുന്ന ട്രെയിനിൽത്തന്നെ ജയ്പൂരിലേക്ക് പോകാം'.

ഏട്ടൻ ചോദിച്ചു: 'ഡൽഹിക്കുള്ള ടിക്കറേറാ?'

'ഏററിവന്നാൽ ഒന്നുകൂടി നഷ്ടം സഹിക്കുകതന്നെ'. എന്നും പറഞ്ഞ് ഞാൻ വേഗം കൈയും മുഖവും തുടച്ച് കൊട്ടയും പെട്ടിയും പൂട്ടി തയ്യാറായി നിന്നു.

വണ്ടിയിൽ കയറിയപ്പോഠം തുടങ്ങി ഞങ്ങളുടെചിരി—ഹുഹുഹുഹു, ഹിഹിഹിഹി, ഹാഹാഹാഹാ. വീണുരുണ്ടു തുടങ്ങി ഞാനും വലിയേച്ചിയും. പാവം ഏട്ടൻ! അദ്ദേഹത്തിന്റെ മുഖത്ത് നോക്കുംതോറും ചിരി കൂടും. ഇന്നലെ ഞങ്ങഠംക്ക് ഇത്രയും ദേഷ്യം വന്നത് എന്തിനാണെന്ന്, ആരോടാണെന്ന്, ആലോചിച്ചിട്ട് മനസ്സിലാവുന്നുതന്നെയില്ല. വണ്ടിയിൽ കേറാൻ കഴിഞ്ഞില്ലെങ്കിൽ, ആരുടെകുററമാണ്? വാശിപിടിച്ച് ചെറിയ സ്റേറഷനിലൂടെയുള്ള വഴിതിരഞ്ഞുപിടിച്ചത് ആരാണ്? ഒരു കാരണവുമില്ലാതെ ഏട്ടനോട് എന്ത് നിർബന്ധമാണ് പിടിച്ചത്! അദ്ദേഹം എല്ലാം ചിരിച്ചുകൊണ്ട് സഹിച്ചു; ഈ വയസ്സുകാലത്ത് പിന്നേയും പിന്നേയും ടിക്കററ് വിൽക്കുന്ന മുറിയിലേക്ക് നടന്നു, ടിക്കററ് വാങ്ങി, മാറി, ഇത്ര രാത്രിയിൽ.

ഏട്ടൻ പറഞ്ഞു: എന്ത് ചെയ്യാനാണ്? നിങ്ങളുടെ അപ്പോഴത്തെ സ്ഥിതിയ്ക്ക്, ''ഇല്ല'' എന്നു പറഞ്ഞാൽ നിങ്ങളെന്നെ പിച്ചിച്ചീന്തി തിന്നുമായിരുന്നു. അറിയില്ലേ, പിറേറന്നുതന്നെ എല്ലാം തണുക്കുമെന്ന്. എത്ര കാലമായി എന്തെല്ലാം കണ്ടിരിക്കുന്നു, എന്തുകൊണ്ട് എന്താവുമെന്നെങ്കിലും മനസ്സിലാവാതെയോ?'

മുറിയിൽ വേറെയുള്ളത് കുറച്ച് പഞ്ചാബി സ്ത്രീകളാണ്. ഇവരിൽ രണ്ടുപേർ ജയ്പൂരിൽ ഇറങ്ങും, ഒരാരം കുറച്ച് പ്രായം ചെന്നവരാണ്. മറേറത് നാലു വയസ്സുവരുന്ന ഒരു കുട്ടിയുടെ അമ്മയാണ്, ഭർത്താവിന്റെ അടുത്തേയ്ക്ക് പോവുകയാണ്; മുഖത്ത് വല്ലാത്ത നാണം. അമ്മയും മകനും മുഖത്തോടുമുഖം നോക്കിയിരുന്ന് വർത്തമാനം പറയുകയാണ്——തങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ അച്ഛൻ വരുമോ, അതോ ഇളയച്ഛനെ അയയ്ക്കുമോ? അദ്ദേഹത്തിന് ഒരു പക്ഷെ ആപ്പീസിൽ പണിയുണ്ടെന്നുവരാം.

എല്ലാവരോടും അടുപ്പമായി; വെടി പറഞ്ഞുകൊണ്ട് സമയം പോയി. വണ്ടി ജയ്പൂരിൽ വന്നുനിന്നു. പ്രായംചെന്ന സ്ത്രീ രണ്ടു സ്റേറഷൻ മുമ്പുതന്നെ ചമഞ്ഞൊരുങ്ങാൻ തുടങ്ങിയിരുന്നു: തലമുടി വെടിപ്പായി കെട്ടിവച്ചു, ജനാലയിലൂടെ മുഖം നീട്ടി കൂജയിലെ വെള്ളംകൊണ്ട് മുഖം സോപ്പിട്ടു കഴുകി, കൈ വൃത്തിയാക്കി, രണ്ടു കാലും പൊക്കി വെള്ളമൊഴിച്ചു, ബാത്ത്റൂമിൽച്ചെന്ന് വെള്ള സിൽക്കിന്റെ പൈജാമയും കുപ്പായവും മാറി വന്നു; അതുകഴിഞ്ഞ് കണ്ണാടി പുറത്തെടുത്ത് മുഖത്ത് പൗഡർ തേച്ചുപിടിപ്പിക്കാൻ തുടങ്ങി. ഇവിടെ വണ്ടി കുറേയധികം നേരം നിൽക്കും, അതാണ് പരിഭ്രമമില്ലാത്തതെന്ന് തോന്നുന്നു.

ഞങ്ങരം ഇറങ്ങി സാമാനങ്ങരം കൂട്ടിവെച്ച് ഒരുഭാഗത്ത് മാറിനിൽക്കുകയായിരുന്നു. പണ്ഡകരം കുറച്ചുപേർ വന്നുകൂടീട്ടുണ്ട്. പുതിയ സ്ഥലമാണ്, കരുതിക്കൂട്ടിത്തന്നെ പരിചയമുള്ള ആർക്കും വിവരം കൊടുത്തിട്ടില്ല. ഏതുവഴിക്ക് എങ്ങനെ പോകണം, എവിടെ താമസിക്കും! ഏട്ടൻ പറഞ്ഞു; 'ഒരു പണ്ഡയെ കൂട്ടുകയാണ് നല്ലത്; എന്തു പറയുന്നു?'

പക്ഷെ ആരെയാണ്കൂട്ടേണ്ടത്? ഞങ്ങരം പണ്ഡയെ തിരഞ്ഞെടുക്കുന്ന തിരക്കിലായിരുന്നു. മുമ്പിലൂടെ ആ പ്രായം ചെന്ന സുഖിച്ചി സ്ത്രീ അണിഞ്ഞൊരുങ്ങി ചിരിച്ചുംകൊണ്ട് നമസ്കാരമറിയി

ച്ച് കടന്നുപോയി. അസ്സലായിട്ടുണ്ട്; ഇപ്പോഠം കുറേക്കൂടി സുന്ദരിയായതുപോലെയുണ്ട്.

മെലിഞ്ഞു നീണ്ട പണ്ഡയെത്തന്നെ ഇഷ്ടപ്പെട്ട് ഞങ്ങഠം ചെന്ന് കുതിരവണ്ടിയിൽ കയറിയിരുന്നു. കണ്ണിൽ വെയിലിൻെറ ചൂടടിക്കുന്നു. ചുമലിലെ തൂക്കുസഞ്ചിയിൽ കണ്ണടയ്ക്കുവേണ്ടി കൈയിട്ടു. സഞ്ചി ശൂന്യം. എപ്പോഴുമുള്ള പതിവാണ്, സഞ്ചരിക്കുമ്പോഠം സഞ്ചി കൂടെയുണ്ടാകും. വളരെ കാലത്തെ ചങ്ങാതിയായ ആ കണ്ണടയില്ല; പെന്നില്ല; ഒരു കെട്ട് ഫ്രഞ്ച് പെൻസിലുണ്ടായിരുന്നതില്ല; വളരെ പണിപ്പെട്ടിട്ട് വിദേശത്തുനിന്ന് സമ്പാദിച്ചതായിരുന്നു! എന്തുപററി? വണ്ടിയിൽ കേറിയതിന്നുശേഷവും ഞാൻ ഉപയോഗിച്ചിരുന്നല്ലൊ; അവിടെ വീണുപോയോ? വണ്ടി അപ്പോഴും പ്ളാററ്ഫോറത്തിൽ നിൽക്കുന്നുണ്ട്. വേഗം ഓടിച്ചെന്ന് മുറിക്കുള്ളിൽ കടന്നു. ജനലിന്നടുത്തുള്ള ഇരിപ്പിടം നോക്കി, മുട്ടുകുത്തി ബഞ്ചിനടിയിൽ നോക്കി, തട്ടിനു മുകളിൽ കൈയോടിച്ചു നോക്കി, ഇല്ല—ഒരിടത്തുമില്ല. ഞങ്ങളുടെ കൂടെ മറെറാരു മദ്ധ്യവയസ്കയായ സ്ത്രീയുമുണ്ടായിരുന്നു; ഒരു മൂലയ്ക്കാണ് ഇരുന്നിരുന്നത്: കുറേക്കൂടി ദൂരേയ്ക്കാണ് പോകുന്നത്; അവർ പറഞ്ഞു: 'അതൊക്കെ നിങ്ങളുടെതായിരുന്നോ? നിങ്ങഠം ഇറങ്ങിയപ്പോഠം ഞാൻ കണ്ടല്ലൊ ആ തടിച്ച പെണ്ണുങ്ങഠം അതൊക്കെ തൻെറ സഞ്ചിയിൽ നിറക്കുന്നത്''.

ആ പ്രായം ചെന്ന സുന്ദരിയായ സ്ത്രീ!

മനസ്സിന് സുഖമില്ലാതായി. കണ്ണും വായയും അടച്ച് മടങ്ങിച്ചെന്നു.

കോച്ച്ബോക്സിൽനിന്ന് പണ്ഡ വിളിച്ചു ചോദിച്ചു: 'സാർ ധർമ്മശാലയിൽ പോകുന്നോ, അതോ ഹോട്ടലിലോ? എനിയ്ക്കറിയുന്ന നല്ല ഹോട്ടലുണ്ട്''.

പകൽ തീരാറായിരിക്കുന്നു. എവിടെയെങ്കിലും ഒന്നു ചെന്നുകൂടിയാൽ മതി ഇപ്പോഠം. ഏട്ടൻ പറഞ്ഞു: 'തനിയ്ക്ക് അറിയാവുന്ന ഹോട്ടലിലേയ്ക്ക് തന്നെ പോ'.

വഴിവക്കത്തെ വലിയൊരു ഹോട്ടലിന്നു മുമ്പിൽ വണ്ടി നിന്നു. പുറമെനിന്ന് ഹോട്ടൽ കണ്ടപ്പോഠംത്തന്നെ സന്തോഷമായി. കോണിപ്പടി കേറി രണ്ടാംനിലയിലേക്ക് ചെന്നു. നടുമുററം, നാലുഭാഗവും

ചുററി വരാന്ത, ഓരോ വരാന്തയിലും നന്നാല് മുറി. കട്ടിലും കാർ പ്പെററും കർട്ടനും സോഫയുമെല്ലാമായി ചടങ്ങൊപ്പിച്ച് ചമച്ചൊരു ക്കീട്ടുണ്ട്.

മാർവാറി യാത്രക്കാരുടെ തിരക്കാണ് ഹോട്ടൽ മുഴുവൻ. മൂന്നു മുറിയേ ഒഴിവുള്ളു. മൂന്നിൽ ഏതിൽ ചെന്നാലും ബാത്ത്റൂമിൽ നിന്ന് വല്ലാത്തൊരു നാററമടിക്കുന്നു. സാരിത്തുമ്പുകൊണ്ട് മൂക്ക് പൊത്തി വരാന്ത മുഴുവൻ ചുററി — എങ്ങും ആ ഒരു നാററം തന്നെ. വേഗം അവിടെനിന്ന് പുറത്തേയ്ക്ക് കടന്നു; ഇങ്ങിനെയുള്ള സ്ഥലത്ത് രാവും പകലും കഴിച്ചു കൂട്ടുക അസാദ്ധ്യം.

പണ്ഡ പറഞ്ഞു; 'എന്നാൽ ഒരു ധർമ്മശാലയുണ്ട്, പുതുതായി പണിചെയ്തതാണ്'.

'ശരി, എന്നാൽ അങ്ങോട്ടു തന്നെ പോ'.

പ്രധാനവീഥി വിട്ട് കുതിരവണ്ടി ഇടുങ്ങിയ തെരുവുകളിലൂടെ നീങ്ങി; ധർമ്മശാല കാണാനേയില്ല.

പണ്ഡ പരുങ്ങിക്കളിച്ചു: 'ഇവിടെ എവിടെയോ ആണ്; എൻെറ അളിയൻെറ അനിയൻ അന്ന് പറഞ്ഞിരുന്നല്ലൊ'.

തേടിയലയുന്നതിന്നിടയ്ക്ക് നേരം ഇരുട്ടി. അയാാം ഒടുക്കം ഇഷ്ടികകൊണ്ട് കെട്ടിയ ഒരു ധർമ്മശാലയുടെ മുമ്പിൽ ഞങ്ങളെ കൊണ്ടുചെന്നാക്കി. താഴത്തെ നില ഇപ്പോാം കെട്ടിക്കഴിഞ്ഞിട്ടേ ഉള്ളു. അതിൽത്തന്നെ ഇഷ്ടികകൊണ്ട് കെട്ടിയ ഒരു മുറിയിൽ ഒരു കുടുംബം ഇന്നുതന്നെ പാർപ്പാക്കിയിരിക്കുന്നു. കുടുംബിനി ചപ്പാത്തി ചുട്ടെടുത്ത് ഭർത്താവിനേയും ഭർത്താവിൻെറ അനുജനേയും ഊട്ടുന്നു. ഞങ്ങളെ കണ്ട ഉടൻ മധുരപലഹാരങ്ങാം നിറച്ച ഈയംപൂശിയ പിച്ചള ത്തളിക നിലത്തിറക്കിവെച്ച് ഒരുമുഴം മൂടുപടം വലിച്ചിട്ടു.

പ്രാവിൻകൂടു പോലുള്ള മുറികാം — ജനലില്ല, ഒന്നുമില്ല. വരാനും പോകാനും ഒരു വാതിൽ മാത്രമുണ്ട്. കണ്ട ഉടൻ വലിയേച്ചി വേഗം വഴിയ്ക്കിറങ്ങി. 'രാത്രി മുഴുവൻ ഇങ്ങിനെ ചുററിക്കുന്ന ഒരു പണ്ഡയുടെ കൈയിലായിപ്പോയല്ലൊ വന്നുപെട്ടത്. ജയ്പൂർ പട്ടണത്തിൽ വേറെ ഹോട്ടലില്ലെന്നോ? പോ ഏതെങ്കിലും ഹോട്ടലിലേക്ക്' എന്നും പറഞ്ഞ് പണ്ഡയെ ഭീഷണിപ്പെടുത്തി.

ഭീഷണി കേട്ടപ്പോാം പണ്ഡയ്ക്ക് ഉഷാറായി. 'നേരെ പോ', 'ഇടത്തോട്ട് തിരിയു', വലത്തോട്ട് കടക്ക്' എന്നൊക്കെ ഉറക്കെ വി

ളിച്ചുപറഞ്ഞുംകൊണ്ട് വണ്ടിക്കാരനോട് തിടുക്കം കൂട്ടി.

വന്ന വഴി തന്നെ തിരിച്ചുചെന്ന് പട്ടണത്തിന്ന് നടുവിലുളള മറെറാരു ഹോട്ടലിൻെറ മുമ്പിൽ ചെന്നുനിന്നു.

'ഞാനിവിടത്തെ ആളാണ്', എനിയ്ക്കറിയാവുന്നതായി ഇതിലും നല്ല ഹോട്ടലേയില്ല' എന്നും പറഞ്ഞ് പണ്ഡ നിസ്പൃഹമായ ഭാവത്തോടെ നിലയായി.

നല്ലതായാലും മോശമായാലും, ഇവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടണന്നെ് മനസ്സിലുറപ്പിച്ചുകൊണ്ടാണ് വണ്ടിയിൽനിന്ന് ഇറങ്ങിയത്.

അസാധാരണവും വിചിത്രവുമായ ഹോട്ടൽ. വഴിയിൽനിന്ന് രണ്ടാം നിലയിലേയ്ക്ക് ഇടുങ്ങി ഇരുട്ടുമൂടിയ ഒരു കോണിപ്പടി പോകുന്നുണ്ട്. ഇരുവശത്തേയും എണ്ണ മിനുങ്ങുന്ന ചുമര് ദേഹത്ത് തട്ടും. ഒരാൾ കേറുന്നു, ഒരാൾ ഇറങ്ങുന്നു. എതിർവശത്തുനിന്ന് വരുന്ന രണ്ടുപേർ നടുക്കുവെച്ച് മുഖത്തോടുമുഖമായാൽ ഒരാൾക്ക് പിന്നോക്കം നടക്കേണ്ടിവരും. മുകളിലെ ആൾ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കും, 'ആരും വരല്ലെ, ഞാനിറങ്ങുകയാണ്'' എന്ന്. ഞങ്ങളുടെ പഴയ വീടിൻെറ കാര്യമാണ് ഓർമ്മവന്നത്. നീണ്ട കിടപ്പുമുറിയുടെ ഒരുഭാഗത്തോട് തൊട്ടുകൊണ്ട് കുളിമുറി 'ഹാഫ് ഡോർ' കൊണ്ട് വേർതിരിച്ചിട്ടാണ്. ഒഴിവുകാലം ബന്ധുക്കളുടെ തിരക്കുണ്ടായാൽ ഒരു നിയമമുണ്ടായിരുന്നു, കുളിമുറിയിൽ കടക്കുന്ന ആൾ പാട്ടുപാടിക്കൊണ്ടിരിക്കണമെന്ന്. അല്ലെങ്കിൽ മററു വല്ലവരും അബദ്ധത്തിൽ കടന്നുകൂടിയേക്കും. മരുമകൻ 'എനിയ്ക്ക് പാടാൻ വയ്യ, ഞാനെന്തുചെയ്യും?' എന്നു പറഞ്ഞുകൊണ്ട് ഓടിച്ചെന്ന് കൊച്ചുമോൻെറ കൈയിൽനിന്ന് മൌത്ത് ഓർഗൻ എടുത്തുകൊണ്ട് പോയിട്ടുണ്ട്.

ഹോട്ടലിൻെറ രണ്ടാംനിലയിൽ ഇടുങ്ങിയ കോറിഡോർ; ഇരുവശത്തും അതേ അളവിൽ രണ്ടുവരി ചെറിയ മുറികൾ. കോണിപ്പടിക്കടുത്ത് ഒരൊററ പൈപ്പ് മാത്രം; ചുമർ തുളച്ച് കറുത്ത റബ്ബർകുഴൽ വഴിയാണ് കുളിമുറിയിലേക്ക് വെളളം കൊണ്ടുപോകുന്നത്. അവിടത്തെ തൊട്ടി നിറഞ്ഞാൽ അത് മൂന്നാംനിലയിലേക്ക് കേറും; അടുക്കളയിലെ കുടങ്ങളിലും പാത്രങ്ങളിലും വെളളം നിറച്ചു കഴിഞ്ഞാൽ കുഴലിൻെറ തല മട്ടുപ്പാവിൻെറ മൂലയ്ക്ക് പാത്രം കഴുകാൻ വച്ചിരിക്കുന്ന ടിന്നിലേക്ക് കൊണ്ടുപോകും. അപ്പോഴേക്കും താഴത്തെ ആളുകളുടെ നിലവിളി കേൾക്കാം—'പൈപ്പ് തുറക്ക്, പല്ല്തേച്ച് നിൽ

ക്കുകയാണ്, വായ് കഴുകണം'. കുളിമുറിയിലെ ആം വാതിൽ തുറന്ന് എത്തിനോക്കുന്നു—രണ്ടുകുടം വെള്ളം കൂടി വേണം അയാൾക്ക്. കുട്ടിപ്പട്ടർ മുറുമുറുക്കുന്നു: 'ഇങ്ങിനത്തെ പണി വിടും ഞാൻ. പരിപ്പ് കഴുകാൻ തുടങ്ങുമ്പോഴേക്കും വെള്ളം തീരും, പിന്നെ എന്തു കുന്തമാണ് വെക്കേണ്ടത്? കൃത്യസമയത്തിന്ന് ശാപ്പാട് കൊടുക്കാൻ കഴിയാഞ്ഞാലോ, തിരിഞ്ഞുനിന്ന് ചീത്തപറയും കുരുടൻ മാനേജർ'. ഉന്തലും ഉരസലും പിടിയും വലിയും തന്നെ ഓരോ നിമിഷവും. തക്കം കിട്ടുമ്പോൾ തടിമിടുക്കനുസരിച്ച് ഓരോരുത്തരും വെള്ളം കൊണ്ടുപോകുന്നു.

'ഇരിക്കട്ടെ. ഇരിക്കട്ടെ, ഇതുതന്നെ നല്ലത്' എന്നും പറഞ്ഞുകൊണ്ട്, നിലത്തു വിരിച്ചിട്ടുള്ള കീറിയ പരവതാനിമേൽ സ്വന്തം കിടക്ക വിരിച്ച് കാലും കൈയും വിടർത്തി കിടപ്പായി. പട്ടിണിയിട്ട് വലയുന്ന മൂട്ടപ്പട ബംഗാളിയുടെ ചോര പുലരും വരെ ആവോളം വലിച്ചു കുടിച്ചു.

ജയ്പൂർ പട്ടണം സുന്ദരമാണെന്നാണ് ആളുകൾ പറയുന്നത്. വിശാലമായ വഴിയുടെ ഇരുവശവും ചെങ്കല്ലുകൊണ്ടുള്ള കൊട്ടാരങ്ങളും മാളികകളും; വൃത്തിയോടെയും വെടിപ്പോടെയും അളവൊപ്പിച്ചു പണിതതാണ്. എല്ലാം ചേർന്ന് സുന്ദരം തന്നെ. പക്ഷെ എന്നോട് വല്ലവരും താമസിക്കാൻ പറഞ്ഞാൽ, പട്ടണം കടന്ന് അങ്ങകലെ പുലരിയിലെ പൊൻവെയിൽ കുന്നിനെ കെട്ടിപ്പിടിച്ചുനിൽക്കുന്ന ആ ഒരിടമുണ്ടല്ലോ, അതിൻെറ ചുവടെയാണ് സന്തോഷപൂർവ്വം കുടി കെട്ടി പാർക്കുക. നോക്കുന്നേടമെല്ലാം മനപ്പൈതൽ തുറന്ന മുററത്ത് ഓടിപ്പാഞ്ഞു കളിക്കുംപോലെ; ചിലപ്പോൾ ഗോതമ്പുവയലിൻെറ മറവിൽ ചെന്നൊളിക്കുന്നു, ചിലപ്പോൾ പോയി 'ധോക്' മരത്തിൻെറ തടിമേൽ ചാരി കാലും നീട്ടിയിരിക്കുന്നു, ചിലപ്പോൾ രണ്ടു കുന്നിന്നിടയ്ക്കുള്ള പച്ചച്ചേലത്തുമ്പിൽ മുഖമമർത്തിക്കൊണ്ട് കിടക്കുന്നു. ഈയൊരു ഉള്ളിണക്കം പട്ടണത്തിൻെറ ചുട്ട മാറിടത്തിൽ എവിടെ അന്വേഷിച്ചാൽ കിട്ടും?

കുതിരവണ്ടിയിൽ സഞ്ചരിച്ച് സഞ്ചരിച്ച് മാനസിംഹൻെറ കോട്ടയിൽ ചെന്നെത്തി. നാട് ചുററി ഇരുവശത്തേയും കുന്നുകളുടെ നിര നടുവിലെ ഗതാഗതത്തിനുള്ള ചെറിയ വഴി വിട്ടുകൊണ്ട് ഇവിടെ വന്ന് കൂട്ടിമുട്ടിയിരിക്കുന്നു. ആകാശം മുട്ടുന്ന ഒരു കൂററൻ പടിവാതിൽ പോലെ. അതിന്നിടയിലൂടെ, ദൂരെ പച്ചയണിഞ്ഞ ചക്രവാള

മടിത്തട്ടിലിരിക്കുന്ന വിശാലമായ നഗരം കാണാകുന്നു.

കുന്നിൻമുകളിലെ കോട്ടയിലിരുന്നുകൊണ്ട് മാനസിംഹൻ ഈ അസാധാരണശോഭ ദർശിച്ചുപോന്നു; ബഹുദൂരെ ആകാശത്തിൽ പൊടിപടലം കൊണ്ടുള്ള മേഘത്തിൽനിന്ന് ശത്രുക്കളുടെ വരവും കണ്ടു പോന്നു.

ഉദ്യാനവും സരസ്സും ജലധാരയും ചൂഴുന്ന ദുർഗ്ഗം. കല്ലുകെട്ടിയ വീതിയേറിയ വഴി വളഞ്ഞുതിരിഞ്ഞ് മുകളിൽ കുന്നിൻ കൊടുമുടിയിലെ കൊട്ടാരമുററത്തേക്ക് പോയിട്ടുണ്ട്. ഈ വഴിയിലൂടെയാണ് മാനസിംഹൻ ആനപ്പുറത്തേറി കയറുകയും ഇറങ്ങുകയും ചെയ്തിരുന്നത്. ഈ വഴിയിലൂടെ തന്നെയാണ് പ്രതാപാദിത്യരാജാവിനെ യുദ്ധത്തിൽ തോൽപിച്ച് യശോരിൽനിന്ന് യശോരേശ്വരിയെ ദുർഗ്ഗാന്തഃപുരത്തിലേക്ക് കൊണ്ടുപോന്നത്, ഒപ്പം കൊണ്ടുപോന്നിരുന്നു, യശോരിലെ യുവതിയും രൂപവതിയുമായ രാജകുമാരിയെ.

പണ്ഡ പറഞ്ഞു: 'പണ്ടിവിടെ ദേവിയുടെ മുമ്പിൽ നരബലി കൊടുത്തിരുന്നു. നരബലി എടുത്തു കളഞ്ഞപ്പോൾ ദേവി കോപിച്ചു. അന്നുമുതൽ ദേവി കോപംകൊണ്ട് ചുമൽ തിരിച്ചിരിക്കയാണ്!'

വെണ്ണക്കല്ലിന്റെ കോണിപ്പടികൾ, വെണ്ണക്കല്ലിന്റെ തൂണ്, വെണ്ണക്കല്ലിന്റെ ഇടനാഴി ചുമര് — എല്ലാം കടന്ന് വെണ്ണക്കല്ലിന്റെ മുററത്ത് ചെന്നുനിന്നു; നാലുദിക്കും വെൺമകൊണ്ട് തിളങ്ങുന്നു, കുടമുല്ലകൊണ്ട് ചമച്ചൊരുക്കിയ മാളിക പോലെ; അതിന്റെ നടുക്ക് യശോരേശ്വരിമാതാവ് ഇരുന്നരുളുന്നു. ചെമ്പട്ടാണ് ഉടുത്തിരിക്കുന്നത്; കറുത്ത പെൺകിടാവിനെപ്പോലെ. ലജ്ജയെ ദ്യോതിപ്പിക്കുന്ന കഴുത്തിന്റെ നില! കറുത്ത് വടിവൊത്ത മൂക്കിന്മേൽ വൈരക്കല്ലിന്റെ മൂക്കുകുത്തി മിന്നിത്തിളങ്ങുന്നു. അതിമനോഹരമായ മൂർത്തി, ഇത്തരം ദേവീവിഗ്രഹം എവിടെയും കണ്ടിട്ടില്ല. എന്തൊരഴകാർന്ന നില! എന്നിട്ട് ഇതിനെയാണ് പണ്ഡ പറയുന്നത് ദേവി കോപിച്ച് ചുമൽ തിരിച്ചിരിക്കുകയാണെന്ന്! ഇതാണോ കോപം വന്നാലത്തെ നിൽപ്?

രക്തപട്ടാംബരമണിഞ്ഞ പൂജാരിമാർ, രണ്ട് സഹോദരന്മാർ, വന്ന് മുമ്പിൽ നിന്നു. ദേവീപൂജയ്ക്കുവേണ്ടി ഒപ്പംതന്നെ മാനസിംഹൻ ഒരു ബംഗാളി പൂജാരി കുടുംബത്തേയും കൊണ്ടുവന്നിരുന്നു.

രണ്ട് പൂജാരി സഹോദരന്മാരും കാഴ്ചയ്ക്ക് നല്ല യോഗ്യത തോന്നിക്കുന്നവരാണ്; ബംഗാളി യാത്രക്കാരെ കണ്ടിട്ട് അവർ സന്തോ

ഷത്തോടെ ചിരിച്ച് പണ്ഡയോട് വിവരങ്ങൾ ചോദിച്ചു. ഇവർക്ക് ഇപ്പോൾ ബംഗാളി പറയാൻ കഴിയില്ല. തലമുറകളായി ഇന്നാട്ടിലെ പെൺകുട്ടികളെ വേളികഴിച്ച് ആമൂലം മാറിയിരിക്കുന്നു. എന്നാലും, ഇപ്പോൾ രണ്ട് ആൺമക്കളെ പഠിക്കാൻ കൽക്കത്തയിലേക്ക് അയച്ചിട്ടുണ്ട്? ഒരു മകൻെറ ഭാര്യ ബീഹാറിൽ നിന്നാണ്. മടങ്ങിച്ചെന്ന് ബംഗാളിൽ ക്രിയാകർമ്മങ്ങൾ ആരംഭിച്ചിരിക്കുന്നു.

ഈ രാജാവിന് മുമ്പിലത്തെ രാജാവ് ഗോവിന്ദോപാസകനായിരുന്നു. 'ശക്തി' അവഗണിക്കപ്പെട്ട് കിടക്കുകയായിരുന്നു. ഇപ്പോഴത്തെ രാജാവ് ശക്ത്യുപാസകനാണ്; അദ്ദേഹം പട്ടം കെട്ടിയ ഉടൻ അമ്പലം പുതുക്കിപ്പണിയിച്ച്, ജയപൂരിലെ കൊത്തുവേല കൊണ്ട് മോടി കൂട്ടി. വെണ്ണക്കല്ലു കൊണ്ടുള്ള വാഴകൾ ഇരുവശവും സ്ഥാപിച്ചു. പ്രവേശദ്വാരത്തിലെ പിച്ചളവാതിലിന്മേൽ പ്രാർത്ഥന കൊത്തിച്ചു—

'ശ്രീമാൻ' തൻ ധ്യാനമാനം.
    മമ ഭടരിതുരണ്ടോർക്ക, ഹേ ദേവി നിത്യം
വാഴേണം സ്ഥാവരാശ്രയൻ
    ഹിമഗിരിയതുപോൽ നിശ്ചലം ദാർഢ്യമോടും;
പ്രാർത്ഥിപ്പൂ നിൻ 'കിശോരൻ',
    ജഗജനനി ശ്രവിയ്ക്കൂ ജയപ്പൂർ പതിയ്ക്കായ്
തേജസ്സും വൻപ്രതാപം
    തപവുമിഹ ഭവിക്കട്ടെ ചണ്ഡാർക്കതുല്യം.

ഗുംഗും ശബ്ദത്തോടെ ബലിസമയത്തെ പെരുമ്പറ മുഴങ്ങി. ഞങ്ങൾ അമ്പലത്തിൽ നിന്ന് പുറത്തു കടന്നു.

ഇനി മാനസിംഹൻെറ കൊട്ടാരം ചുററിക്കാണാൻ ബാക്കിയാണ്. പന്ത്രണ്ട് രാജ്ഞിമാരുണ്ടായിരുന്നു മാനസിംഹന്ന്. താഴെ ഒന്നാം നിലയിൽ നടുമുററം ചുററിയുള്ള നാലുകെട്ടിലാണ് രാജ്ഞിമാരുടെ കൊട്ടാരം. ഉയർന്ന മതിൽ കെട്ടിപ്പൊക്കി വളരെ സുരക്ഷിതം. ഓരോ രാജ്ഞിമാർക്കും ഈരണ്ടു മുറി, അടുക്കള, മുൻവശത്ത് ഒരു വരി തുറന്ന വരാന്ത; തൊട്ടുതൊട്ട് ഒരേ മാതിരി ഭാഗിച്ചു വെച്ചിരിക്കുന്നു; രാജ്ഞിമാരുടെ തടവുമുറിയെന്നപോലെ. ഓരോ കൊട്ടാരത്തിനും മുകളിലേക്ക് കേറാനോ മുകളിൽനിന്ന് ഇറങ്ങാനോ ഉള്ള ഓരോ കോണിപ്പടിയുണ്ട്. വളരെ സാധാരണമായ പരുപരുത്ത നിലവും ചുമരും.

നടുമുററത്തിന്ന് നടുക്ക് കെട്ടിപ്പടുത്ത മട്ടുപ്പാവ്. ഒരേ സുഖദു:ഖങ്ങളിൽ നാളുകളും മാസങ്ങളും കഴിച്ചുകൂട്ടുക, ഒരേ ആശയിൽ കാത്തിരിക്കുക — ആ പതിനൊന്ന് രാജ്ഞിമാരുടെ പൊതുമുറിയാണ് മട്ടുപ്പാവ്.

പന്ത്രണ്ട് രാജ്ഞിമാരിൽ ഊഴമിട്ടുകൊണ്ട് കൊല്ലത്തിൽ ഒരു മാസം ഒരാൾ വീതം മുകളിൽ രാജാവിന്റെ കൂടെ പാർത്തുപോന്നു. ആ ഒരു മാസത്തെ രാജ്ഞിയുടെ കുളിമുറി കാണാനാണ് ആദ്യം ചെന്നത്. പനിനീരിന്റെ ജലധാരയിൽ മുങ്ങിക്കൊണ്ടാണ് രാജാവിന്റെ അങ്കവിലാസിനി സ്നാനം ചെയ്തുപോന്നിരുന്നത്. തിണ്ണയിലിരുന്ന് തലമുടി ഉണക്കുമായിരുന്നു. കണ്ണാടിമാളികയിൽ ചായ്ഞ്ഞിരുന്നുകൊണ്ട് മഴപെയ്യുന്നത് നോക്കും. സഭ കഴിഞ്ഞ് അന്ത:പുരത്തിലേക്ക് വരുംവഴി വാതിൽക്കൽ നിന്ന് രാജാവിന്റെ തലയിൽ പൂക്കൾ എറിയുമായിരുന്നു: തീർത്ഥസ്നാനത്തിന്റെ ദൃശ്യങ്ങൾ നിറഞ്ഞ ചുമർച്ചിത്രം വരഞ്ഞിരിക്കുന്ന ചുമര് — അത് കണ്ടിട്ട് സർവ്വതീർത്ഥദർശനത്തിന്റെ ഫലം ലഭിച്ച് രാജാവും രാജ്ഞിയും അമൃതേത്തിന് അടുത്തടുത്തിരിക്കും. അനന്തരം അന്ത:പുരത്തിൽ ചെന്ന് ഒരു രാജ്ഞി ലക്ഷം രാജ്ഞിമാരായി രാജാവിന്റെ മടിയിൽ വിശ്രമിക്കും.

ഒരുമാസത്തെ ശയ്യാരാജ്ഞിയുടെ വിലാസത്തിലെ ദു:ഖമോർത്ത് മനസ്സ് അനുകമ്പകൊണ്ട് നിറയുകയാണ്.

ഞാനും വലിയേച്ചിയും നിത്യവും ഒരേ മാതിരി വസ്ത്രമാണ് അണിയാറ്, ചുകന്ന കരയുള്ള പരുക്കൻ സിൽക്കുകുപ്പായം. എല്ലാവരും വിചാരിക്കുന്നത് ഞങ്ങൾ അമ്മയും മകളുമാണെന്നാണ്, രണ്ടു പെങ്ങന്മാരാണെന്നല്ല. ഭർത്തൃസഹോദരിയും ഭ്രാതൃപത്നിയുമാണെന്ന് പറയില്ല ആരും.

ഞങ്ങൾ കൈകോർത്ത് പിടിച്ചുകൊണ്ട് പുറത്തിറങ്ങി വരികയാണ് — വലിയേച്ചി കിലുകിലെ പൊട്ടിച്ചിരിച്ചുപോയി. ഞാൻ നടത്തം നിർത്തി തിരിഞ്ഞുനോക്കി; മാനസിംഹന്റെ പന്ത്രണ്ട് റാണിമാരുടെ പ്രഭാവം കാരണം ഉദ്ഭ്രാന്തനായ പണ്ഡയുണ്ട് ഏട്ടനെ തടഞ്ഞുവെച്ചിരിക്കുന്നു; അയാൾ പറകയാണ്, 'ഇത് പോര സർ. നിങ്ങളുടെ രണ്ട് റാണിമാരുടെ പേരിൽ എനിയ്ക്ക് ഡബിൾ ദക്ഷിണ തരണം'.

ഗോവിന്ദജി പട്ടണത്തിന്നുള്ളിൽ, അരമനയിലാണ്. ഗോപീനാഥ നും പട്ടണത്തിൽത്തന്നെയാണ്, മറെറാരിടത്ത്. മദനമോഹനൻ കരോ ളിയിലും.

വിവാഹാനന്തരം രാജകുമാരി ഭർത്തൃഗൃഹത്തിലേക്ക് പോവുക യാണ്, കൂടെ മദനമോഹനനും വേണമെന്ന് അവരം ദുശ്ശാഠ്യം പിടിച്ചു.

രാജാവ് പറഞ്ഞു: 'മദനമോഹനനെ എനിയ്ക്കും വേണം. നീ ഗോവിന്ദനെ എടുത്തോളു, അല്ലെങ്കിൽ ഗോപീനാഥനെ'.

രാജകുമാരിയുടെ കണ്ണു മുഴുവൻ ആ മദനമോഹനനിൽത്തന്നെ.

രാജാവ് പറഞ്ഞു: 'എന്നാൽ ഞാൻ നിൻെറ കണ്ണുകെട്ടാം; നീ കൈനീട്ടി തൊടുന്ന ആരം നിനക്കാണ്''.

കണ്ണുകെട്ടിക്കളിയിലെപ്പോലെ ഗോവിന്ദനേയും ഗോപീനാഥനേ യും മദനമോഹനനേയും സ്ഥാനംമാററി മറിച്ചുതിരിച്ചു വെച്ചു. രാജ കുമാരി തപ്പിത്തപ്പിച്ചെന്ന് മദനമോഹനൻെറ കൈപിടിച്ചു. ആ കൈ യും പിടിച്ചുകൊണ്ടാണ് അവരം പിതൃഗൃഹത്തിൽനിന്ന് ശ്വശുരഗൃ ഹത്തിലേയ്ക്ക് ചെന്നത്. അന്നുതൊട്ട് അവിടുന്ന് ജാമാതാവിൻെറ നിലയിൽ കരോളിയിൽത്തന്നെയാണ്. അവിടുത്തെ കാണാൻ പററി യില്ല; പക്ഷെ ഗോവിന്ദൻെറ മുഖമണ്ഡലം കണ്ടു, ഗോപീനാഥൻെറ വക്ഷസ്ഥലം കണ്ടു. അർദ്ധമനുഷ്യൻെറ ഉയരത്തിൽ കരിങ്കല്ലിൽ കൊത്തിയ വടിവൊത്ത രണ്ടു വിഗ്രഹങ്ങരം.

രാജഭോഗവുമായി രാജസുഖത്തിലാണ് ഇവർ. സുഗന്ധിയായ പുഷ്പചന്ദനങ്ങരം അണിയുന്നു, അത്തറിൻേറയും പനിനീരിൻേറ യും ധാരാജലത്തിൽ കുളിക്കുന്നു, നാനാവസ്ത്രാലങ്കാരങ്ങളെക്കൊണ്ട് നിത്യവും നവ നവ രൂപം ധരിക്കുന്നു.

വാതിൽക്കൽ കുമ്പിട്ട് തല മുട്ടിച്ചു. കാണണം കാണണമെന്ന കൊതിയായിരുന്നു, കണ്ടിട്ട് ശാന്തിയായി.

വലിയേച്ചി പറഞ്ഞു: 'ഗോവിന്ദന് ദീപാരാധനയുണ്ട്, അത് കണ്ടിട്ട് പോകാം'.

വലിയേച്ചി വാതിലിൻെറ ഒരു വശത്തോട് തൊട്ട് ഇരിപ്പായി. ഞാനും ഇരുന്നു അവരുടെ പിന്നിൽ. ദീപാരാധന കാണാൻ അനേ കം സ്ത്രീപുരുഷന്മാർ തിങ്ങിക്കൂടിയിരിക്കുന്നു. മുമ്പിൽ രണ്ട് മണി പ്പൂർ നാട്ടുകാർ മൃദംഗം കൊട്ടി കീർത്തനം പാടാൻ തുടങ്ങി. പാട്ടി

ൻെറ ഈണത്തിനൊത്ത് ഉടൽ മുഴുവൻ ചലിപ്പിച്ചുകൊണ്ട്, നൃത്തം വെക്കുന്ന രീതിയിൽ കൈയും കാലും ഇളക്കുന്നു—വായുവിൽ കാലടി വെച്ച് നടക്കും പോലെ.

രണ്ട് മാർവാറി സ്ത്രീകൾ അപ്പോഴേ ഉണ്ട് രണ്ടു കൈകൊണ്ടും അമ്പലത്തിലെ വെണ്ണക്കല്ലിൻെറ പീഠം തടവുന്നു, ഗോവിന്ദൻെറ കാല് തന്നെ തിരുമ്മി ധന്യരാവുകയാണെന്ന ഭാവത്തിൽ.

ഒരു മൂലക്ക് ഒരു വൃദ്ധൻ ആയിരം മരത്തുണ്ടങ്ങൾ കോർത്ത് വലിയൊരു ജപമാല നിലത്തിഴച്ചുംകൊണ്ട് ജപിച്ചുകൊണ്ടിരിക്കുന്നു.

പട്ടണത്തിലെ പ്രമാണികൾ ചിലർ വെള്ളിക്കസവു പിടിപ്പിച്ച വേഷ്ടിയും കഴുത്തിൽ തൂക്കി കൈ കൂപ്പി നിൽക്കുന്നു. ദീപാരാധനയ്ക്കുശേഷം തുളസിയും ചന്ദനവും വാങ്ങി അവർ പോയി.

ശാന്തിക്കാരൻ എല്ലാവരുടെ മേലും തീർത്ഥം തളിച്ചു. ഓരോരുത്തർക്കും പ്രസാദം കൊടുത്തു.

അനന്തരം ഇരുവശത്തേയും കനത്ത തിരശ്ശീല വലിച്ച് ഗോവിന്ദനെ മറച്ചു.

ഞങ്ങൾ എഴുന്നേററു.

അമ്പലം പിന്നിട്ട് പകുതി വെളിച്ചം പൂണ്ടതും പകുതി നിഴൽ മൂടിയതുമായ വേപ്പിൻ മരത്തിൻെറ ചുവട്ടിലൂടെ നടക്കവെ, ആവേശംകൊണ്ട് മതിമറന്ന വലിയേച്ചി രണ്ടു കൈപ്പിടികൊണ്ടും അമർത്തിപ്പിടിച്ചിരുന്ന ചേലത്തുമ്പ് മുമ്പോട്ടു കൊണ്ടുവന്ന് എൻെറ തലയിൽ സ്പർശിച്ചു, 'എനിയ്ക്കെന്താണ് ഈ കിട്ടിയത്! ഇതും നടക്കുമോ?' എന്നു പറഞ്ഞ് ചേലത്തുമ്പിന്നുള്ളിൽ പിടിച്ച മുഷ്ടി രണ്ടും നെഞ്ഞത്തമർത്തി.

എന്താണ് കിട്ടിയതെന്ന് എനിയ്ക്കറിയാം. തിരശ്ശീല വലിക്കുന്ന സമയത്ത് ശാന്തിക്കാരന് എന്തു തോന്നിയെന്നറിഞ്ഞില്ല, ഗോവിന്ദൻെറ തൃക്കഴുത്തിൽ ചാർത്തിയിരുന്ന ഒരു മുല്ലമാല അഴിച്ചെടുത്ത് ഒരു തക്കത്തിൽ, കണ്ണടച്ചിരിക്കുന്ന വലിയേച്ചിയുടെ, മടിയിൽ വിരിച്ചിരിക്കുന്ന ചേലത്തുമ്പിലേക്ക് ഇട്ടു കൊടുത്തിരുന്നു. ഒപ്പംതന്നെ പ്രസാദമായ അത്തറും കൊടുത്തിരുന്നു.

തീർത്ഥജലം

ഞങ്ങൾ ഡൽഹിയിൽനിന്ന് വീണ്ടും ഹരിദ്വാരത്തിൽ തിരിച്ചു വന്നു. ഇത്തവണ മറ്റൊന്നും പറയാനില്ല; പഞ്ചാംഗവും ഗ്രന്ഥവും നോക്കി നാളും മുഹൂർത്തവും ഉറപ്പിച്ച, പിശകുപററാത്ത, പൂർണ്ണകുംഭസ്നാനയോഗം.

ഈ കുറച്ച് ദിവസംകൊണ്ട് ഹരിദ്വാരകൻഖലങ്ങളുടെ ആകൃതി തന്നെ മാറിപ്പോയിരിക്കുന്നു. നാലുപാടും ആർഭാടവും ബഹളവും, തീർത്ഥാടകരുടേയും സന്യാസിമാരുടേയും തിക്കും തിരക്കും, ആനന്ദത്തിൻേറയും ഉത്തേജനത്തിൻേറയും അലയടി — വിവാഹത്തലേന്നത്തെ കല്യാണവീടുപോലെ, ഉത്സവനാളിലെ പുലരിപോലെ.

മരംതോറും തളിര്, മാവിന്മേൽ പുത്തൻ പൂന്തൊത്തുകൾ; വഴിയുടെ ഇരുവശവും ഇലകൾ തൂങ്ങിക്കളിക്കുന്ന മരങ്ങൾ ചുകന്ന പൂക്കളെക്കൊണ്ട് മൂടിയിരിക്കുന്നു.

ഞങ്ങൾ പിറേറന്ന് പുലർച്ചയ്ക്കു മുമ്പുതന്നെ ഹരിദ്വാരത്തിലേയ്ക്ക് പോന്നു.

പദ്മിനീനായകേ മേഷേ കുംഭരാശി ഗതേ ഗുരൌ
ഗംഗാദ്വാരേ ഭവേദ്യോഗ: കുംഭനാമ തദോത്തമ:

ആ പുണ്യസ്നാനത്തിൻെറ കുംഭയോഗമാണിന്ന്; സൂര്യൻ മേടരാശിയിലും വ്യാഴം കുംഭരാശിയിലും നിൽക്കുകയാണ്.

കാലേക്കൂട്ടി ഗംഗാസ്നാനം കഴിച്ച് ഹർകീ പൌഡിയിൽ വന്നിരുന്നു. ശിവരാത്രി നാളിലെപ്പോലെ നേരെ മുന്നിലിരുന്ന് സന്യാസിമാരുടെ കുളി കാണണമെന്നാണ് ആഗ്രഹം. അന്നും ഇവിടെ ഇരുന്നിട്ടാണല്ലൊ കണ്ടിരുന്നത്; പക്ഷെ കടന്നുകൂടാൻ എന്തുമാത്രം പണിപ്പെടേണ്ടി വന്നു. അതുകൊണ്ടാണ് ഇന്ന് പ്ളാനിട്ട് മുൻകൂട്ടിത്തന്നെ കടന്നിരുന്നത്. ഇനിയാരുണ്ട് ഞങ്ങളെ തടയാൻ? ഇത്തവണ ഞങ്ങൾ വലിയൊരു സംഘം തന്നെയായിരുന്നു. മണിബഹാദൂർ വീണ്ടും തിരിച്ചുവന്നിട്ടുണ്ട്, രേവേച്ചിയുടെ നിർബന്ധം കൊണ്ടാണെന്നു തോന്നുന്നു. അമ്മായിയമ്മയും കൂടെയുണ്ട്. കൂടാതെ രേവേച്ചിയുടെ അനിയനും അനിയത്തിയുമുണ്ട്. സേവാശ്രമത്തിലെ രണ്ടു സംഘം തീർത്ഥാടകന്മാരും ഞങ്ങളുടെ ഒപ്പം പോന്നിട്ടുണ്ട്. എല്ലാരും ചേർന്ന് വലിയൊരു കൂട്ടമായി ഇരിക്കയാണ്; ഇനി ഞങ്ങൾക്ക് ആലോചിക്കാൻ എന്തുള്ളു? നാലോ ആറോ മണിക്കൂർ കഴിച്ചുകൂട്ടാൻ അത്രയൊക്കെ മിനക്കേടുണ്ടോ? അതൊന്ന് കഴിഞ്ഞാൽ മതി, സന്യാസിമാരുടെ സ്നാനം ആരംഭിക്കും. കൺമുമ്പിൽ നിമിഷംതോ

റും ദൃശ്യപടം മാറിക്കൊണ്ടിരിക്കും, തന്മയമായി കണ്ടുകൊണ്ടുതന്നെ സന്ധ്യയാവും. പക്ഷെ ആകപ്പാടെ ഒരു വിശപ്പിന്റെ പുറപ്പാടുണ്ട ല്ലൊ. വല്ലതുമൊന്ന് തിന്നാൻ. ചുരുങ്ങിയത് കുറച്ച് പഴവും പല ഹാരവും, കൊണ്ടുവന്നിരുന്നുവെങ്കിൽ എന്തായിരുന്നു തരക്കേട്?

തൊട്ടടുത്ത് രണ്ട് പഞ്ചാബി പെണ്ണുങ്ങളിരുന്ന് പൂരിയും കറി യും കഴിക്കുന്നു.

വലിയേച്ചി പറഞ്ഞു: 'അങ്ങോട്ട് നോക്കൊല്ല. അത് കണ്ട് കണ്ടാണ് നിനക്ക് വിശപ്പു തോന്നുന്നത്'.

ഞാനെഴുന്നേററുനിന്ന് പറഞ്ഞു: 'എന്നാൽ എന്റെ സ്ഥലമൊ ന്നു നോക്കു. ഞാൻ അൽപം നടന്നു വരാം'.

എള്ളിട സ്ഥലമില്ല കടവത്ത്. ഇന്ന് ഇങ്ങിനത്തെ ദിവസം എത്ര എത്ര ആളുകളുടെ പ്രാണസ്പർശിയായ ആകാംക്ഷയാണ്——ഇ വിടെ ഒന്ന് കുളിക്കാൻ. എന്തൊരു പരമവിശ്വാസം! വെള്ളത്തിലി റങ്ങി ഒന്നു മുങ്ങിയതുകൊണ്ട് ഇത്രയ്ക്കൊക്കെ പുണ്യമോ! ഹംസ ദേവൻ പറഞ്ഞിരുന്നു, 'വിശ്വാസമുണ്ടെങ്കിൽ എല്ലാമാവും'. പണ ക്കാരനും പാവപ്പെട്ടവനും ഇന്ന് തൊട്ടുതൊട്ട് ഒരേ കടവിൽ ഇറങ്ങും, പണ്ഡയുടെ കീറപ്പായയിൽ ഒന്നിച്ചിരിക്കും, കുളി കഴിഞ്ഞാൽ ഒരേ കൊട്ടയിൽനിന്ന് അവനവന്റെ വസ്ത്രം തിരഞ്ഞെടുത്ത് കുടഞ്ഞ് ദേ ഹത്തിടും.

ആളുകൾ സംഘം സംഘമായി കുടം നിറയെ ഗംഗയ്ക്ക് പാല് കൊടുക്കുന്നു, കിഴവിയായ അമ്മയെ പുറത്തേററി കൊണ്ടുവന്ന് കരു ത്തനായ മകൻ തർപ്പണം ചെയ്യിക്കുന്നു, കുളികഴിഞ്ഞ് കൈക്കുടന്ന നിറയെ വെള്ളമെടുത്ത് അമ്മ തന്റെ മൂന്നു മാസം മാത്രം പ്രായമുള്ള കൈക്കുഞ്ഞിന്റെ തലയിൽ കുടയുന്നു. ഇന്നത്തെ ഈ മംഗളമുഹൂർ ത്തത്തിൽ എല്ലാവർക്കും മംഗളം ഭവിപ്പൂതാക. മംഗളാശംസ ചെയ്യു മ്പോൾ ഉള്ളം നിറയുന്നു, ഉററപ്പെട്ടവർ മനസ്സിൽ പൊന്തിവരുന്നു; പൊന്തിവരുന്നു ഒരു കൊച്ചുമുഖം.

ഞാൻ സ്വന്തം സ്ഥലത്തേയ്ക്ക് തിരിച്ചുപോന്നു.

വലിയേച്ചി പറഞ്ഞു: 'നീ കണ്ടില്ലല്ലൊ, ഒരു ഭർത്താവും ഭാര്യ യും അടുത്തടുത്ത് മാറോളം വെള്ളത്തിൽ നിന്ന് ഒരുമിച്ച് കൈക്കുട ന്ന നിറയെ വെള്ളംകോരി തർപ്പണം ചെയ്യു. തർപ്പണത്തിനുശേഷം ആലിംഗനബദ്ധരായി രണ്ടുപേരും അന്യോന്യം അന്തരംഗത്തിലെ കൃത

ജ്ഞത നിവേദനം ചെയ്ത് കരയ്ക്കു കേറി. എന്തൊരു അഭൌമമായ തൃപ്തിയുടെ ചിരിയാണ് അവരുടെ മുഖത്തുണ്ടായിരുന്നത്. എത്ര മധുരം!'

'മാറ് മാറ്', 'എണീക്ക് എണീക്ക്' എന്ന ശബ്ദം നാലുപാടും മുഴങ്ങി. പരിഭ്രമിച്ചുവശായ ആളുകൾ ബഹളത്തിനിടയിൽ തടഞ്ഞു തട്ടി ഒരാൾ മററൊരാളുടെ ദേഹത്ത് വീഴാൻ തുടങ്ങി. ഇരിക്കാൻ സമ്മതിക്കില്ല ആരെയും. ആരാണ് എഴുന്നേൽക്കാൻ പറയുന്നത്? എന്തിനെഴുന്നേൽക്കണം? കഴിഞ്ഞ തവണ എല്ലാവരും ഇരുന്നിരുന്നല്ലൊ ഇതേ സ്ഥലത്ത്.

കഴിഞ്ഞ തവണയും ഇത്തവണയും തമ്മിൽ വ്യത്യാസം വളരെയുണ്ട്. ഇക്കടവിലോ അക്കടവിലോ ഒരു മനുഷ്യപ്രാണിക്കുപോലും നിൽക്കാൻ പററില്ല. സന്യാസിമാർ വരാറായി. കടവ് ഒഴിച്ചു കൊടുക്കണം. പോലീസും സർജ്ജൻറും തിടുക്കപ്പെടുന്നു.

പക്ഷെ എവിടെയാണ് പോകുക?

ആൾക്കൂട്ടം ഒരു ഭാഗത്തേക്ക് തള്ളുന്നു.

ആ തള്ളലിൽ നീങ്ങി നീങ്ങി, നോക്കുമ്പോഴുണ്ട് ഞങ്ങൾ പാലം കടന്ന് ഗംഗയുടെ അക്കരയിലെത്തിയിരിക്കുന്നു. വന്നതു വന്നതുതന്നെ, ഇനി മടങ്ങാൻ നിവൃത്തിയില്ല. അങ്ങോട്ട് പോകാനുള്ള വഴിതന്നെ അടഞ്ഞിരിക്കുന്നു.

ഗതികെട്ട ഞങ്ങൾ വീണ്ടും വീണ്ടും മിഴിച്ചുനോക്കി. ഇതറിഞ്ഞിരുന്നെങ്കിൽ ഹർകി പൌഡിയിലല്ലെങ്കിൽ അടുത്തു വല്ലേടവും സ്ഥലം കണ്ടുപിടിക്കാമായിരുന്നു.

ഗംഗയുടെ ഇക്കരെ ആസകലം വമ്പിച്ച ഉത്സവച്ചന്ത—അങ്ങാടി, പീടിക, സർക്കസ്സ്, ചികിത്സാലയം, സേവാവിഭാഗം, എക്സിബിഷൻ, പോലീസ് സ്റേറഷൻ, ലൌഡ്സ്പീക്കറിൽ ഗാന്ധിജിയുടെ പ്രഭാഷണം—എന്തെല്ലാമെന്തെല്ലാം. കൻഖലത്ത് ഗംഗ കടന്ന് സന്യാസിമാരുടെ എഴുന്നള്ളത്ത്. ബ്രഹ്മകുണ്ഡത്തിലേക്ക് പോവുക ഈ വഴിയാണ്.

വാദ്യവിശേഷങ്ങളുടെ തൂര്യനാദത്തിൽ ലക്ഷം ആളുകളുടെ കോലാഹലവും മുങ്ങിപ്പോവുന്നു. സന്യാസിമാർ വന്നെത്തുന്നു. വഴിയിൽ രണ്ടു നാഴിക നീളത്തിൽ എഴുന്നള്ളത്ത്. പടനീക്കം പോലെ.

ആന കുതിര ഒട്ടകം കാറ് സിംഹാസനം പതാക മാല കുട ചാമരം—വമ്പിച്ച ആർഭാടം. കൽപനാതീതമായ ഒരു ദൃശ്യം. ഇത്രയേറെ സന്യാസിമാരുടെ ഒരിടത്തുള്ള സമാവേശം — ഇവർ മുഴുവൻ ഈ ഹരിദ്വാരത്ത് അങ്ങിങ്ങായി എവിടെയായിരുന്നു?

നാഗന്മാർ — നാഗന്മാർ തന്നെ എത്രയാണ്, അവസാനമില്ല. കറുത്ത ശരീരത്തിൽ മഞ്ഞച്ചെണ്ടുമല്ലികമാല, പുറത്ത് അഴിച്ചിട്ട ജട, അരിച്ചരിച്ചു നീങ്ങുകയാണ് എല്ലാവരും. കാണാനെന്ത് ചന്തം. കാവിയണിഞ്ഞ സന്യാസിമാർ, സന്യാസിനിമാർ, മഹാന്തന്മാർ, മണ്ഡലേശ്വരന്മാർ, ദേവതാ വിഗ്രഹങ്ങൾ — എന്തൊരത്ഭുതാവഹമായ പൊലിമയാണ് എഴുന്നള്ളത്തിന്ന്. നടക്കുകതന്നെ, നടക്കുകതന്നെ, അവസാനമില്ല. ഉണങ്ങിയ മണൽപ്പരപ്പിൽ നിന്നുകൊണ്ട് ഞങ്ങൾ ലക്ഷം സ്ത്രീപുരുഷന്മാർ അടക്കാനാവാത്ത ആഗ്രഹത്തോടെ അവരെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു.

പെട്ടെന്ന് ഓർമ്മവന്നു, നിൽക്കുന്നേടം നീലധാരയുടെ വററിയ ചാലാണെന്ന്. മരപ്പലകകൾ ചങ്ങലകൊണ്ട് കെട്ടി ഗംഗയുടെ മുഖം അടച്ചിരിക്കയാണ് ഇവിടെ. ഞാനത് നോക്കിക്കൊണ്ട് വിചാരിച്ചുപോയി, വല്ല കാരണവശാലും ഒരു മരപ്പലക തുറന്നുപോയാലോ — എന്തൊരു കുഴപ്പമായിരിക്കും എന്നാൽ. ഞാനെന്തു ചെയ്യും? അതാ മുമ്പിൽ മരത്തടികൾ കൂട്ടിവെച്ചിട്ടില്ലേ, ഓടിച്ചെന്ന് അതിന്റെ മുകളിൽ കയറും. പക്ഷെ മരം ആദ്യംതന്നെ ഒഴുകിപ്പോകുമല്ലൊ. പിന്നെയോ? ആ പാറകൾക്കു മീതെ. ഉങ്ഹു, അതും മുങ്ങിപ്പോകും. എന്നാൽ എല്ലാവർക്കും മുമ്പെ അങ്ങകലെ, മണൽ അവസാനിച്ച് പച്ചപ്പുല്ലിന്റെ രേഖ കാണാവുന്നിടത്തേക്ക്, ഓടിപ്പോകും — മനസ്സിൽ കിലുകിലെ ചിരിച്ചുപോയി. ഹായ്, കണ്ണടച്ചു തുറക്കുംമുമ്പെ സകലരും ഒലിച്ചുപോകും, എവിടെയുണ്ട് സമയം?

വലിയേച്ചി പറഞ്ഞു: അതാ നോക്കു. ആരുടേയോ കാറ് മണലിൽ പൂണ്ടുപോയെന്നു തോന്നുന്നു. ആരാണ് ഇറങ്ങിയത്—മഹാനന്ദജിയല്ലേ? നടക്കുകയാണോ? ആഹാ, വയസ്സുകാലത്ത് ഇത്രയും ദൂരം നടക്കാൻ കഴിയുമോ—'

ഉള്ള പാലങ്ങൾ മുഴുവൻ തിക്കിത്തിരക്കി കടന്ന് ഒടുക്കം വൈകുന്നേരം ഇക്കരെ എത്തിപ്പററി.

സന്യാസിമാരുടെ കുളി അപ്പോഴും നടക്കുന്നുണ്ട്. ഒരു സംഘം പോകും, മറെറാരു സംഘം വരും. പോലീസുകാർ വിയർത്തൊലിക്കുന്നു. സ്നാനാനന്തരം സന്യാസിസംഘം ഗംഗയ്ക്കു മുകളി

ലൂടെ കെട്ടിയിരിക്കുന്ന തറയിലൂടെയാണ് തിരിച്ചുപോകുന്നത്; നടുക്ക് നീളത്തിൽ വഴിയൊഴിച്ചിട്ട് തീർത്ഥാടകന്മാർ സന്യാസിദർശനത്തിന്നുള്ള ആകാംക്ഷ കാരണം രാവിലെ മുതൽ ഇടതിങ്ങി ഇരിക്കുകയാണ്.

തിക്കിത്തിരക്കി സ്ഥലംപിടിച്ച് ഒരുവശത്തിരുന്നു. കുറച്ചു ഗുജറാത്തി സ്ത്രീകൾ—രാവിലെ മുതൽ ഇരിക്കുന്നതാണെന്നു തോന്നുന്നു; കണ്ണും മുഖവും വെയിലിന്റെ ചൂടുകൊണ്ട് കരിവാളിച്ചുപോയിട്ടുണ്ട്. വിശാലമായ കണ്ണുകളും ഉന്തിയ പല്ലുമുള്ള ആ സ്ത്രീ മുമ്പോട്ട് കുനിഞ്ഞ് ആടുകയായിരുന്നു. സന്യാസിസംഘം വന്നണഞ്ഞപ്പോൾ അടുത്തിരിക്കുന്ന കൂട്ടുകാരി അവരെ കുലുക്കിയുണർത്തി. അവർ ഉടനെ കൈയിൽ പിടിച്ചിരുന്ന പൂക്കൾ വഴിയിലേക്ക് എറിഞ്ഞു. സന്യാസിമാർ പോയിക്കഴിഞ്ഞപ്പോൾ അവരുടെ കാൽച്ചവിട്ടേററ് ചിതറിയ പൂക്കൾ കോന്തലക്കൽ കെട്ടി വീണ്ടും ഒരുപിടി പൂക്കളെടുത്ത് മറെറാരു സംഘം വരുന്നതും കാത്തിരിപ്പായി.

സന്യാസിമാരുടെ സ്നാനത്തിനുശേഷം പവിത്രമായ ഗംഗയിൽ കുളിക്കാൻ വലിയേച്ചിക്ക് കൊതിയുണ്ടായിരുന്നു, പക്ഷെ ആശയുണ്ടായിരുന്നില്ല. 'ആശ' യുണ്ടായിരുന്നെങ്കിൽ നിറവേറുമായിരുന്നെന്നും തോന്നുന്നില്ല, 'കൊതി' യായതുകൊണ്ടാണ് തരപ്പെട്ടത്. ഉന്തും തള്ളും കൊണ്ട് ബ്രഹ്മകുണ്ഡത്തിന്റെ പടവിൽ ചെന്നെത്തിയതെങ്ങിനെയോ — അവനവനു തന്നെ അത്ഭുതം തോന്നുന്നു. ഞാൻ വലിയേച്ചിയോട് പറഞ്ഞു: 'ഉള്ളപോലെ അങ്ങിറങ്ങിക്കോളു. വസ്ത്രം മാററാൻ മിനക്കെടേണ്ട'. പറയുന്നതിന്നിടയിൽ ഞാനും വെള്ളത്തിലേക്ക് ചാടി.

മുഴുവൻ ദിവസത്തേയും പൊടിയും വെയിലും തളർച്ചയും ദാഹവും, എല്ലാം കഴുകിപ്പോയി. കുളിർത്ത ജലം — എത്ര സുമധുരം. തല വീണ്ടും വീണ്ടും മുക്കി കുളിച്ചു. പകുതി വിരിഞ്ഞ ഒരു മുല്ലമൊട്ട് ഒഴുകിവന്ന് സാരിത്തുമ്പിൽ തടഞ്ഞു. കരയ്ക്കു കേറി. സ്നിഗ്ദ്ധമായ ദേഹവും മനസ്സും.

മുമ്പിലെ ഉയർന്ന കുന്നിൻ കൊടുമുടിയിലെ മനസാദേവീക്ഷേത്രത്തിന്റെ താഴികയ്ക്കു പിന്നിൽ മേഘങ്ങളിന്മേൽ സൂര്യാസ്തമയത്തിന്റെ വർണ്ണശോഭ പുരളുന്നു.

ഞങ്ങൾ ഗംഗാതീരത്തൂടെ മെല്ലെ തിരിച്ചുനടന്നു. ഭോലാഗിരിയുടെ ആശ്രമം കടന്ന് നാട്ടുവഴിയുടെ നടുക്ക് വററിയൊരു ഓവുചാൽ

വന്നു മുട്ടീട്ടുണ്ട്;   ശ്രദ്ധിച്ചുകൊണ്ടാണ് കാലടി വയ്ക്കുന്നത് —— 'പോയി, പോയി, ആരുടെ വസ്ത്രമാണ് പോയത്'' എന്നും പറഞ്ഞ് വലിയേച്ചി തിരിഞ്ഞ് വെള്ളത്തിന്റെ നേർക്ക് നടന്നു.

പൂപ്പണിയോടുകൂടിയ ഒരു തടിച്ച പാവാട ഒഴുക്കിൽ ഒലിച്ചു പോകുന്നു.

മൂന്നുനാല് പുരുഷന്മാർ കുപ്പായമില്ലാതെ മുട്ടോളം വെള്ളത്തിൽ നിൽക്കുന്നുണ്ടായിരുന്നു.   വലിയേച്ചി കൈചൂണ്ടി പാവാട കാണിക്കാനോങ്ങി തരിച്ചു നിന്നുപോയി. മരിച്ചുപോയവളുടെ പാവാട ആദ്യമേ ഒഴുക്കിയതാണ്, ഇപ്പോഠ അവർ നിശ്ചലമായ ദൃഷ്ടിയോടെ വലിയേച്ചിയുടെ മുഖത്തേയ്ക്ക് നോക്കി ഒരു കിഴി ചിതാഭസ്മവുമെടുത്ത് ഗംഗയിലൊഴുക്കി.

കാവിമണ്ണും കളിമണ്ണും സിന്ദൂരവും മുമ്പിൽ വെച്ച് കൂടാരത്തിന്നുള്ളിലിരുന്ന് മരപ്പടിമേൽ കളം വരക്കുകയാണ്. അന്ന് രാമകൃഷ്ണദേവന്റെ ജന്മോത്സവം കഴിഞ്ഞു; നാനാപുഷ്പങ്ങളെക്കൊണ്ട് ആസനം അലങ്കരിയ്ക്കപ്പെട്ടിരുന്നു. എന്നാലും കണ്ടപ്പോഠ തോന്നിയിരുന്നു, മുമ്പിൽ കളവും കൂടി ഉണ്ടായിരുന്നെങ്കിൽ സർവ്വാംഗസുന്ദരമായേനെ എന്ന്. നോക്കും, അതോടൊപ്പം വിചാരിക്കും, വലിയേച്ചിയും ഞാനും ചേർന്ന് കളം വരക്കാം, പക്ഷെ സ്ത്രീകളാൽ ഉപേക്ഷിക്കപ്പെട്ട ഈ സ്ഥലത്ത് പുരുഷന്റെ പരുക്കൻ കൈകഠ ഗൗരവത്തോടും സാമർത്ഥ്യത്തോടും പെൺകൈയുടെ വിരുതിനെ ജയിക്കുന്നുണ്ട്. ഉള്ളിൽ തോൽവി സമ്മതിക്കും, അസൂയപ്പെടുകയും ചെയ്യും. അന്ന് നൈവേദ്യത്തിന്ന് ഉരുളക്കിഴങ്ങ് വറുത്തതുണ്ടായിരുന്നു; നേർത്ത നൂലിനോട് തുല്യം. ഒന്നല്ല, രണ്ടല്ല, നൂറോളം ആഠക്കാരുടെ ഇലയിലാണ് വറുത്തുപ്പേരി വിളമ്പിയത്. കനത്ത കൈയിൽ എവിടുന്ന് വരുന്നു ഈ സൂക്ഷ്മത? ചേർച്ചയുള്ള നിറത്തിൽ കോമളമായ പൂക്കളെക്കൊണ്ട് മാലകോർത്ത് രണ്ടു നേരവും രാമകൃഷ്ണദേവന്റെ കഴുത്തിൽ ചാർത്തും. ഒരു പണിക്കും വിളിക്കാറില്ല —— പിണക്കം തോന്നും. വളരെ ശങ്കിച്ചു പരുങ്ങി കളത്തിന്റെ കാര്യം അറിയിച്ചു. ആശ്ചര്യം, ഒരു വിരോധവും പറഞ്ഞില്ല. അത്യന്തം ഉത്സാഹത്തോടെ വലിയേച്ചി ഉണക്കലരി പൊടിച്ച് കുഴച്ചു കൊണ്ടുവന്നു; 'ഇതാ ഇനി ഇഷ്ടംപോലെ ചുകന്ന നിലത്ത് വെള്ള അരിമാവുണ്ട കൊണ്ട് കളം വരഞ്ഞോളു'. വരച്ചിരുന്നു. അത് ആറേഴു ദിവസം ഉണ്ടായിരുന്നു താനും; മായ്ചിരുന്നില്ല ആരും. ഇപ്പോഠ പോകാറായപ്പോഠ ശശിമ

ഹാരാജിനു തോന്നി, സ്ഥായിയായി വല്ലതും ചെയ്തുവെക്കണമെന്ന്. മേസ്ത്രിയെ വിളിച്ച് പൈൻ തടിയും പിലാവിൻ തടിയും ചേർത്ത് അൽപം മുമ്പെ വലിയൊരു പീഠം പണിയിച്ചു തന്നിരുന്നു—

രണ്ടു ദിവസമേ സമയമുള്ളു കൈയിൽ; തീർക്കണം തന്നെ. ചുമലും കുനിച്ച് പണിയ്ക്കിരിപ്പാണ്. ഇന്ന് രാവിലെ തൊട്ട് ആകാശം കാർ കൊണ്ടിരിക്കയാണ്. നല്ലത്; എന്നെ ഒററയ്ക്ക് വിട്ട് ആരും പുറത്തിറങ്ങില്ല. അല്ലെങ്കിൽ മനസ്സിന് വിഷമമാകുമായിരുന്നു.

ഇന്നലെ ഋഷികുമാരൻെറ അടുത്ത് പോയിരുന്നു, ഗംഗയ്ക്കക്കരെ. അഭ്യസ്തവിദ്യനായ ഒരു പണ്ഡിതസന്യാസി. ഗുജറാത്തി പാററ്നാ യൂനിവേർസിററിയിലെ ബിരുദധാരിയായ ആ യുവാവ് സംസാരം വെടിഞ്ഞ് ഹിമാലയത്തിൽ തപസ്സ്ചെയ്യാൻ ഇറങ്ങിത്തിരിച്ചു. അതെത്ര കാലം മുമ്പത്തെ കഥയാണ്. വെണ്ണീർ പൂശി, തല നിറയെ ജടാജൂടവുമായി ഇപ്പോഠം മണൽത്തിട്ടിൽ തീയും കൂട്ടി ഇരിക്കുകയാണ്. കണ്ടിട്ട് ആർക്കു പറയാം ഇദ്ദേഹത്തിൻെറ വ്യത്യാസം എവിടെയാണെന്ന്? ഇവിടെവച്ചുതന്നെയാണ് ഒരു ദിവസം പരിചയമായത്. പ്രഭയേച്ചിയ്ക്ക് വല്ലാത്ത ശ്വാസംമുട്ടൽ. വിവരം കേട്ട് ആരോ പോയി ഋഷികുമാരനെ കൊണ്ടുവന്നു. ഇദ്ദേഹം കാട്ടിൽനിന്ന് ഇലയും വേരും സംഗ്രഹിച്ച് രോഗികഠംക്ക് മരുന്നു കൊടുക്കാറുമുണ്ട്; 'ഇതും ഒരുതരം ജീവസേവനമാണ്'', എന്നാണ് അദ്ദേഹം പറയാറ്.

ഋഷികുമാരൻെറ സംഭാഷണങ്ങഠം കേഠംക്കാൻ സുഖമാണ് — അത് സഹജവും ബോധഗമ്യവുമാണ്. അദ്ദേഹം പറകയാണ്, 'ഈശ്വരൻ ആരാണ്?' ശങ്കരാചാര്യർ. നിതായി, രാമകൃഷ്ണൻ, വിവേകാനന്ദൻ, രവീന്ദ്രനാഥൻ — എല്ലാവരുടെ മനസ്സിലും ഈയൊരു പ്രശ്നംതന്നെയാണ് ഉയർന്നിരുന്നത്: ഞാനാരാണ്? മായയെന്താണ്? ബ്രഹ്മമാരാണ്? ഉപനിഷത്ത് പറയുന്നു, സർവ്വം ഖല്വിദം ബ്രഹ്മ. എങ്ങും ഒരേയൊരു ബ്രഹ്മം വ്യാപിച്ചിരിക്കുന്നു. പക്ഷെ അവിടുത്തെപ്പററി പറയുംപോലെ എളുപ്പമല്ല ആനുഭവിയ്ക്കാൻ. കാരണം, ഈശ്വരനെ അറിയണമെങ്കിൽ ആദ്യം അവനവനെ അറിയണം. ശങ്കരാചാര്യർ സംസാരം വെടിഞ്ഞ് ഗുരുവെ അന്വേഷിച്ച് പുറത്തിറങ്ങി. ഗുരു മുറിയ്ക്കുള്ളിലായിരുന്നു. ശങ്കരാചാര്യർ വാതിലിന്നു മുട്ടി. ഗുരു വിളിച്ചുചോദിച്ചു, 'കോൻ ഹൈ' — നീ ആരാണ്? ശങ്കരാചാര്യർ പറഞ്ഞു: ഞാനാരെന്ന് എനിയ്ക്കറിയാമെങ്കിൽ അങ്ങയുടെ

അടുത്ത് വന്നതെന്തിനാണ്? അതുകേട്ട് ഗുരു ചിരിച്ച് പുറത്തു വന്ന് ശങ്കരാചാര്യരെ ആലിംഗനം ചെയ്ത് ഉള്ളിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി.

'ആത്മജ്ഞാനം ലഭിച്ചാൽ ഭഗവദ്ജ്ഞാനം ലഭിയ്ക്കും. ഭഗവാൻ ആത്മാവിന്റെ ആത്മാവാണ് — പരമാത്മാവ്. ഭഗവദ്ജ്ഞാനം ലഭിച്ചവന്റെ ആചരണം അസാധാരണമായിരിക്കും'.

'നാമദേവൻ ഒരുനാൾ പകൽ മുഴുവൻ ഭിക്ഷയെടുത്തിട്ട് കുറച്ചു ചപ്പാത്തിയുണ്ടാക്കി· ഭഗവാന് നിവേദിച്ച് പ്രസാദം കഴിക്കാൻ. ചപ്പാത്തി പരത്തി അൽപം നെയ്യ് കൊണ്ടുവരുവാൻ അകത്തേയ്ക്ക് പോയി. ഈ തഞ്ചത്തിന് ഒരു പട്ടി വന്ന് ചപ്പാത്തി തിന്നുകളഞ്ഞു. നാമദേവൻ നെയ്യ് കൊണ്ടുവന്നപ്പോൾ ഇത് കണ്ടിട്ട് ഹോ ഹോ എന്ന് പൊട്ടിച്ചിരിച്ചുകൊണ്ട് ചോദിച്ചു: അല്ലാ പ്രഭോ, നിനക്കിന്ന് ഇത്രയും വിശപ്പാണോ, ചപ്പാത്തിയിൽ നെയ്യ് പുരട്ടുന്നതുവരെ പോലും കാത്തുനിൽക്കാൻ കഴിയാതിരിക്കാൻ?

ഋഷികുമാരൻ പറഞ്ഞു: 'കലികാലത്ത് നാമജപം മാത്രമാണ് ഒരവലംബനം.

കലികാലത്തില്ല ധർമ്മവിവേകങ്ങൾ
ഹരിനാമമേയുള്ളൊരു താങ്ങായി

'നാമം ജപിക്കു എല്ലാവരും. അറിയില്ലേ, ഈ നാമത്തോട് ''നാമി'' ക്ക് വളരെ പ്രീതിയാണ്. നാമമുള്ളേടത്ത് ''നാമി'' ചെല്ലും തന്നെ, ചെല്ലും. ചെല്ലാതെ കഴിയില്ല.

'നോക്കുക, ഇവിടെയിതാ ഇത്രയും ആളുകൾ, പക്ഷെ ഞാൻ ''ദത്തജി'' എന്നു വിളിച്ചാൽ നിങ്ങൾ അപ്പോൾത്തന്നെ വിളികേൾക്കില്ലേ? ഇതുപോലെ, ഭഗവാനെ പേരുചൊല്ലി വിളിച്ചാൽ അവിടുന്നും വിളികേൾക്കും. രവീന്ദ്രനാഥൻ തന്റെ ''സാധന'' യിലും ഇതുതന്നെ പറഞ്ഞിട്ടുണ്ട്'', പറഞ്ഞുകൊണ്ടിരിക്കെ ഋഷികുമാരന്റെ കണ്ഠസ്വരം ദൃഢമായി. അദ്ദേഹം തുടർന്നു: 'ഈ ലോകത്ത് ജനിച്ചാൽ ഒരിക്കലെല്ലെങ്കിൽ മറ്റൊരിക്കൽ എല്ലാവർക്കും ഭഗവദ്ദർശനം ലഭിക്കും. പക്ഷെ അത് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നുവരാം. ഇത് മനസ്സിലാക്കാൻ കലികാലത്തുള്ള സഹജമായ മാർഗ്ഗമാണ് നാമജപവും സജ്ജനസംസർഗ്ഗവും. മഹാത്മാക്കളെ ദർശിക്കുന്നതിലുമുണ്ട് പുണ്യം. പുണ്യത്തിനാകട്ടെ ഫലലാഭമുണ്ട് തന്നെ'.

എനിയ്ക്ക് ഉദാസിബാബ പറഞ്ഞത് ഓർമ്മവന്നു. ഈ ഹരിദ്വാരത്തുതന്നെയാണ് അദ്ദേഹം താമസിച്ചിരുന്നത്; നാനക്പന്ഥിയായ ഒരു വൃദ്ധസന്യാസി. വലിയ വലിയ മഹാത്മാക്കൾ അദ്ദേഹത്തെ സാമാന്യത്തിലധികം ആദരിച്ചുപോന്നിരുന്നു. വിശിഷ്ടനായ ഒരു സന്യാസിയായിട്ട് ഗണിച്ചുപോന്നിരുന്നു.

ഉദാസിബാബ ബഹുരൂപിയെപ്പോലെ ഓരോ ദിവസം ഓരോ അത്ഭുതവേഷങ്ങളണിഞ്ഞ് ഗംഗാതീരത്തെ വീഥിയിലൂടെ നടക്കുമായിരുന്നു. ചില ദിവസം വളരെ വിലപിടിച്ച കമ്പിളികൊണ്ടുള്ള വർണ്ണക്കുപ്പായവും കാലുറയും ചെരുപ്പുമിട്ട് കാലിൽ ചിലങ്ക കെട്ടി തലയിൽ ഒന്നര മുഴം നീളത്തിൽ മയിൽപ്പീലികൊണ്ടുള്ള തലപ്പാവും അണിഞ്ഞിട്ടുണ്ടായിരിക്കും; ചില ദിവസം ആപാദമസ്തകം കറുത്ത കുപ്പായത്താൽ മൂടിക്കൊണ്ടായിരിക്കും. വൃദ്ധസന്യാസിയുടെ ഈ അസാധാരണ വേഷങ്ങൾ കണ്ടിട്ട് ആകൃഷ്ടരായി വളരെ ആളുകൾ അദ്ദേഹത്തിൻെറ പിന്നാലെ പോകുമായിരുന്നു. അവർക്ക് തമാശയും തോന്നിയിരുന്നു. ലജ്ജയ്ക്കതീതനല്ലെങ്കിൽ വല്ലവർക്കും രാജപഥത്തിലൂടെ ഈ വേഷത്തിൽ ചിരിച്ചുംകൊണ്ട് പോകാനൊക്കുമോ? ഒരാൾ ചോദിച്ചു: 'സ്വാമി, നിങ്ങൾ ഇങ്ങിനത്തെ വികടവേഷം കെട്ടുന്നതെന്തിനാണ്?' അദ്ദേഹം ഉത്തരം നൽകി: 'ഈ തിരക്കിന്നിടയിൽ യഥാർത്ഥ സജ്ജനങ്ങളെ എല്ലാവർക്കും കാണാൻ തരപ്പെടാറില്ല. സജ്ജനങ്ങളെ തിരിച്ചറിയുക വളരെ പ്രയാസമാണ്. ഞാൻ അതാണ് എല്ലാവരുടേയും നോട്ടം ചെല്ലുന്ന മട്ടിൽ ഇങ്ങിനെ ചുററിയടിക്കുന്നത്; അവർക്ക് അതിൻെറ കൂടെ സജ്ജനദർശനത്തിൻെറ പുണ്യവും കിട്ടും'.

കഥകൾ കേട്ടുകൊണ്ടിരിക്കെ ഞാൻ ഋഷികുമാരൻെറ ഒരു സ്കെച്ച് വരച്ചുകൊണ്ടിരുന്നു. അതിൽ ഒന്ന് ഒപ്പിടാൻ ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. എൻെറ കൈയിൽ പേന ഉണ്ടായിരുന്നില്ല. ഋഷികുമാരൻ പുലിത്തോലിന്നടിയിൻനിന്ന് ഒരു ഭാണ്ഡമെടുത്ത് ഒരു പെന്ന് പുറത്തെടുത്തു. ഇത് ഒരുകാലത്ത് ഫൌണ്ടൻപെന്നുതന്നെയായിരുന്നു; ഇപ്പോൾ മഷിയിൽ മുക്കി എഴുതണം. എഴുതുമ്പോൾ നീബ്ബിൻ തലപ്പത്തുനിന്ന് പൂഴി കിരുകിരുത്തു.

മുമ്പിൽ തെളുതെളെ തിളങ്ങുന്ന ഒരു വെൺമഴു കിടപ്പുണ്ടായിരുന്നു. വൈരാഗിയായ സന്യാസിക്ക് ഇതിൻെറയൊക്കെ ആവശ്യമെന്ത്? കാഴ്ചയ്ക്ക് അശോഭനീയമായി തോന്നി. അത് തിരിച്ചും മറിച്ചും നോക്കുന്നതിന്നിടയിൽ ഞാൻ അതുതന്നെ ആലോചിക്കുകയായിരുന്നു. ഋഷികുമാരൻ അതു മനസ്സിലാക്കി ചിരിച്ചുകൊണ്ട് പറ

ഞ്ഞു: 'കാട്ടിലാണ് താമസം; ശാസ്ത്രംകൊണ്ട് പ്രയോജനമില്ലാത്തപ്പോഗം ശുഭകർമ്മങ്ങഗംക്ക് ശസ്ത്രം പററും'. വെള്ളനിറം എത്ര ചേർത്തിട്ടും തൃപ്തിയാവുന്നില്ല. പൈൻ മരത്തിൻെറ എണ്ണയിൽ ചോക്കുമണ്ണിൻെറ പകിട്ട് അലിഞ്ഞുചേർന്നുപോകുന്നു. വെൺതാമരയിതഗം വിടരാഞ്ഞാൽ പിന്നെ എന്തു ചന്തം? കൂടാരത്തിന്നു മുമ്പിലൂടെ മാണിക്ക് പോകുന്നുണ്ടായിരുന്നു. അയാളെ വിളിച്ചിട്ട് പറഞ്ഞു: 'ആസ്പത്രിയിൽ മരുന്നിൽ ചേർക്കാൻ സിങ്ക് ഓക്സൈഡ് വെച്ചിട്ടുണ്ടാകും. അതൽപം കൊണ്ടുവന്നു തരുമോ, പശയിൽ കലർത്തി മരത്തിൽ പിടിപ്പിക്കാൻ പററുമോ എന്ന് നോക്കട്ടെ.

മാണിക്ക് കടലാസ്സിൽ പൊതിഞ്ഞ് കൊണ്ടുവന്നു തന്നു; അയാഗം പറഞ്ഞു: 'വെള്ളത്തിൽ ഇത് അലിയില്ല. എണ്ണയിലേ അലിയു എന്നാണ് അവർ പറഞ്ഞത്''.

കൈയിലെ എണ്ണയിൽ അൽപം ഇട്ട് പശ ചേർത്ത് ചാലിച്ചു നോക്കി; അല്ലാ ഇതലിയുന്നുണ്ടല്ലൊ — അസ്സലാണ് പണിക്ക്. സന്തോഷമായി പീഠത്തിന്മേൽ വെള്ളച്ചായം പുരട്ടി. ഋഷികുമാരൻെറ വാക്കുകഗം ചെവിയിൽ മുഴങ്ങുകയാണ്: 'നിൻെറ ആലോചന വളരെ വിചിത്രം തന്നെ. ഭഗവാൻ ഉള്ളിലുണ്ട്, മേഘം സൂര്യനെ മറച്ചിരിക്കയാണ്.

ഞങ്ങളുടെ കൂടാരത്തിൻെറ നേരെ മുൻവശത്ത് വസുമതിയമ്മയുടെ ചെറിയ കൂടാരമാണ്. നോക്കിയാൽ നേരെകാണാം അവരെ. ജീർണ്ണിച്ച ഒരു പരുത്തിപ്പുടവയാണ് ഉടുക്കുന്നത്; പുതക്കാൻ സാധാരണ പരുത്തിത്തോർത്തും. ചെറിയൊരു നെരിപ്പോടും അടുപ്പിച്ചുവെച്ച് ഒരേ സ്ഥലത്ത് ഒരേ ഭാവത്തിൽ ഇരിക്കും എല്ലാ സമയത്തും. പുലർച്ചയ്ക്ക് മൂന്നുമണിക്ക് എഴുന്നേററ് നോക്കുമ്പോഴുണ്ട് അതേ മാതിരി; രാത്രി പന്ത്രണ്ടുമണിക്ക് വല്ലപ്പോഴും നോക്കുകയാണെങ്കിൽ, അപ്പോഴും ആ ഒരിരിപ്പുതന്നെ. ഉറങ്ങാറില്ലെന്നുണ്ടോ ഒരിക്കലും? നിലത്ത് വിരിച്ചിരിക്കുന്ന പായയിൽ കീറിയൊരു കമ്പിളി വിരിച്ചിട്ടുണ്ട്, കിടക്കയെന്നുപറയാൻ അതൊന്നേ ഉള്ളു. വേറെ ഒരു ഭാരവുമില്ല. രാവും പകലും ഇരുപത്തിനാല് മണിക്കൂറിൽ ഇരുപത്തിരണ്ട് മണിക്കൂറും ഒരൊററ മനസ്സോടെ ജപവും ധ്യാനവും ചെയ്ത് രണ്ട് മണിക്കൂർ ആ വിരിപ്പിൽ കിടക്കും — എപ്പോഴെന്ന് ആർക്കും അറിയാൻ തന്നെ വയ്യ.

വലിയേച്ചി പറഞ്ഞു: 'ഒരു തവണ ശ്രദ്ധിച്ചുനോക്കൂ; ഇതുമാതിരി നമസ്കാരം കണ്ടിട്ടില്ല ഒരിക്കലും. പൊതിരെ മണ്ണിൽ കമിഴ്ന്നുവീണുകൊണ്ടാണ് വസുമതിയമ്മ നമസ്കരിക്കുന്നത്—അന്നു രാത്രി ആ വഴിക്കുകൂടെ പോകുമ്പോഴാ കൂടാരത്തിന്റെ വിളളലിലൂടെ കണ്ടതാണ്''.

ശശിമഹാരാജ് വലിയേച്ചിയോട് പറഞ്ഞു: 'ഇതാ നോക്കൂ വസുമതിയമ്മയുടെ സ്ഥിതി. വസുമതി പത്രത്തിന്റെ ഉടമയായ ഉപേന്ദ്രമുഖോപാദ്ധ്യായന്റെ ഭാര്യയാണ് ഇവർ. കോടി കോടി ഉറുപ്പികയുടെ സ്വത്താണ്. മകൻ സതീശ് മുഖോപാദ്ധ്യായൻ, മകന്റെ മകൻ രാമചന്ദ്രമുഖോപാദ്ധ്യായൻ, കുലച്ചു നിൽക്കുന്ന തറവാട്. പക്ഷെ എന്തൊരു തലയിലെഴുത്ത്! ഭർത്താവ് മരിച്ചു, ഒരേയൊരു മകന്റെ ഒരേയൊരു മകൻ മരിച്ചു, മകൻ മരിച്ചു, മകന്റെ ഭാര്യ മരിച്ചു. എല്ലാം നശിച്ച വൃദ്ധവിധവ ഈശ്വരനാമം മാത്രം അവലംബമാക്കിക്കൊണ്ട് പ്രാണൻ പുലർത്തി. ഭർത്താവ് മരിച്ചന്നുതൊട്ട് ആഹാരം ഉപേക്ഷിച്ചിരിക്കുന്നു.പകൽ മുഴുവൻ കഴിഞ്ഞാൽ രാത്രി പന്ത്രണ്ടു മണിക്കോ ഒരു മണിക്കോ ഒരു കോപ്പ പാലും രണ്ടു പഴവും മാത്രം കഴിക്കും. ഇവർക്കെന്താണ് ഇല്ലാത്തത്? വാരി വിതറിയ സമ്പത്ത്. എന്നിട്ടും ഇവർ വഴിയിലെ ഭിക്ഷക്കാരിയാണ്. ഇതാണ്സംസാരം, കൺമുമ്പിൽ ഇത്ര വലിയ പാഠം, നിങ്ങൾക്കിതുകൊണ്ട് ഫലമുണ്ടാവട്ടെ'.

യശോറിലെ ഏച്ചിക്ക് വസുമതിയമ്മയെ നന്നായറിയാം; അവർ പറഞ്ഞു: 'മോന്റെ മോന്റെ ഭാര്യ വിലപിടിച്ച കമ്പിളി വാങ്ങിക്കൊടുത്തിരുന്നു മുത്തശ്ശിക്ക്; അത് വീട്ടിലെ കാവൽക്കാരന് കൊടുത്തിട്ടാ അവര് വന്നത്. ഇപ്പോ കണ്ടോ, കീറിപ്പറിഞ്ഞ കമ്പിളീം ആയി പാവപ്പെട്ടവരെപ്പോലെ നെരിപ്പോടും കത്തിച്ച് ഇരിക്ക്വാ'.

'യശോറിലെ ഏച്ചി' എന്നു പറഞ്ഞാണ് ഞങ്ങൾ അവരെ വിളിയ്ക്കാറ്. കറുത്ത മുഖം എപ്പോഴും ചിരിയും സന്തോഷവുംകൊണ്ട് നിറഞ്ഞിരിക്കും. നെററിയിൽ ചുകന്ന സിന്ദൂരപ്പൊട്ട് വെട്ടിത്തിളങ്ങുന്നു. മദ്ധ്യവയസ്ക, നീണ്ട് നന്നെത്തടിച്ചിട്ടോ മെലിഞ്ഞിട്ടോ അല്ലാത്ത ശരീരം. ഞങ്ങൾക്ക് അവരെ വലിയ ഇഷ്ടമാണ്. ഭർത്താവിന്റെ കൂടെ തീർത്ഥാടനത്തിന് വന്നതാണ്. ശരിക്ക് ഭർത്താവിന്റെ കൂടെ വന്നതല്ല; അവർ പറകയാണ്, 'മൂപ്പര് എന്നീം കൂട്ടി എവിടെയെങ്കിലും പോവ്വോ? അവനോൻ എല്ലാ തീർത്ഥത്തിനും പോകും. എന്നോട് പറയും. നീ പിന്നെ പൊയ്ക്കോ, കുട്ടികള് കൊ

ണ്ടാവും എന്ന്. അല്ലാ, ചോയ്ക്കട്ടെ, അവനോൻ വേറ്യെന്നെ നാട് ചുററാ, എന്ന കുട്ട്യളെ തലേലാക്കാ—അതെന്തിന്? ഇത്തവണ ഞാൻ തന്നെ സ്വാമ്യാന്മാരോട് പറഞ്ഞ് വരുന്ന കാര്യം തീർച്ച്യാക്കി; എന്നിട്ട് പുള്ളേല്യാട് പറഞ്ഞു: പോവാം, എന്നീം കൂട്ടി നിങ്ങള് ഏതായാലും പോവൂല്ല, എന്നാപ്പിന്നെ ഞാൻ നിങ്ങളീം കൂട്ടി പോകാം. നടക്ക്, തീർത്ഥത്തിന് കൊണ്ടുപോയി വരട്ട്''.

യശോറിലെ ചേച്ചി മിക്കപ്പോഴും വസുമതിയമ്മയുടെ അടുത്ത് ചെന്ന് ഇരിക്കും; പല പല കഥകളും കേൾക്കും. പറകയാണ്, 'പണ്ഡ എത്ര്യാ പറീന്നെന്നോ, ഒരു തവണ തൊടട്ടെ അമ്മേ, ഒരു തവണ നമസ്കരിച്ചോട്ട്. കെഴവിക്ക് അല്ലേങ്കിത്തന്നെ വല്ല്യ അയിത്തൂം ചുത്തൂം ആണ്, കാല് വേഗം വലിച്ച് മൂടും. കുളിക്കാൻ പോമ്പം തൊട്ടോന്ന് പറയും. കെഴവിതന്നെ പറയാറുണ്ട്, പിന്നീണ്ടല്ലേ, നാൽപത്തൊമ്പത് വായൂനും മരുന്നുണ്ട്; പക്ഷെ രണ്ടെണ്ണത്തിനുമാത്രം മര്ന്നില്ല—ശങ്കവായൂനും ചുത്തവായൂനും.

ഞാനും അന്ന് കേട്ടതാണ്, വസുമതിയമ്മ പറയുകയായിരുന്നു, 'ഈ ശുചിവായു കാരണം ഞാൻ കുറച്ചോ മറേറാ ആണോ ശല്യപ്പെടുത്തീട്ടുള്ളത്! ഒരു ദിവസം അദ്ദേഹം ഉണ്ണുകയായിരുന്നു; ഒന്നു തുമ്മിപ്പോയതുകൊണ്ട് വായിൽനിന്ന് ഒരു വററ് എവിടെയോ വീണു പോയി. മൂന്നു ദിവസം മുഴുവൻ ആ ഒരു വററിനുവേണ്ടി ഞാൻ മുറിയിലെ സാമാനം മുഴുവൻ മാററി മറിച്ചിട്ടു; കിട്ടിയില്ല. മറെറാരിക്കൽ വണ്ണാന് തുണിയലക്കാൻ കൊടുക്കുകയായിരുന്നു; സ്ററാൻഡിൽ നിന്ന് അദ്ദേഹത്തിൻെറ കോട്ടെടുത്ത് നോക്കുമ്പോഴുണ്ട്, അതിന്മേൽ മഞ്ഞനിറത്തിൽ ഒരടയാളം, കുറച്ച് ദിവസം മുമ്പ് ഈ കോട്ടുമിട്ട് ഒരിടത്ത് സദ്യയ്ക്ക് പോയിരുന്നു; വല്ല കൂട്ടാനും വീണതാവും. അയ്യയ്യോ, ഈ കോട്ടാണ് ഞാൻ സ്ററാൻഡിൽ തൂക്കിയിട്ടത്; എല്ലാം എച്ചിൽമയമായി. ഒക്കെ വലിച്ചുകൊണ്ടുപോയി കഴുകി, എന്നാലും മനസ്സിലെ അസ്ഖിത പോകുന്നില്ല. എൻെറ ഈ ''വായു'' വെപ്പാററി ആരെങ്കിലും വല്ലതും പറഞ്ഞാൽ അദ്ദേഹം പറയും, പോകട്ടെ, അവളോട് ഒന്നും പറയണ്ട. അവളെക്കൊണ്ടല്ലേ എൻെറ വീട്ടിൽ ലക്ഷ്മിവിളയാട്ടം; എന്നിട്ട് അവളുടെ ആ ഒരു വായു നമ്മൾക്ക് സഹിച്ചുകൂടെ?

ഞാൻ ചോദിച്ചു: 'ശങ്കവായു എന്നുവെച്ചാൽ എന്താണ്?'

വസുമതിയമ്മ പറഞ്ഞു: 'അതും ഒരു ഭയങ്കര വായുവാണ്. ഒരിക്കൽ പിടിച്ചാൽ പിന്നെ വിടില്ല. ശങ്കവായു എന്നുവെച്ചാൽ, ഭാര്യ

യെ സംശയിക്കുക: ''അവരം അങ്ങോട്ട് നോക്കിയെന്ന് തോന്നുന്ന ല്ലോ'', ''അവരം ആരെയോ നോക്കി ചിരിച്ചുവെന്ന് തോന്നുന്നല്ലോ'' —ഇങ്ങിനെയോരോന്ന്, അല്ലാതെന്ത്. അതാണ് പറഞ്ഞത്, ഇത് രണ്ടിനും മരുന്നില്ലെന്ന്''.

യശോദറിലെ ചേച്ചി വന്ന് അടുത്തിരുന്നു. എന്നിട്ട് പറഞ്ഞു: 'രാവി ലത്തെ സമയം തന്നെ പറയാണ്—പതിനിന്ദയാവൂലല്ലൊ'.

ഞാൻ പറഞ്ഞു: 'പതിനിന്ദയെന്താണ്? പതികീർത്തനം ചെയ്യു, എന്നാൽ ദോഷം തീരും'.

തുറന്ന ചിരിയോടെ യശോദറിലെ ചേച്ചി സമ്മതം സൂചിപ്പിച്ചു: 'ശരി ശരി, പതികീർത്തനം തന്നെ ചെയ്യാം ലേശം; തീർത്ഥസ്ഥല ത്ത് വന്നിട്ട് പുണ്യാവല്ലൊ. എന്ത് പറയാനാണ് മൂപ്പരുടെ കഥ! പൊലച്ചക്ക് ഞാൻ ദക്ഷഘട്ടത്തിൽനിന്ന് കുളിച്ചുവന്നു. വെള്ളത്തി ന് നല്ല തണുപ്പ്; മൂപ്പർക്ക് ഇറങ്ങേണ്ട കൂട്ടമേ ഇല്ല. ഞാൻ പറഞ്ഞു, എന്റെ കൈ മുറുക്കെ പിടിച്ചോ, വെഷമുണ്ടെങ്കില് ഞാൻ പിടിച്ച് കേററിക്കോളാന്ന്. ഒരുപാട് പ്രയാസപ്പെട്ടിട്ട് ആളെ ഒന്ന്കുളിപ്പിച്ചു. ഇവിടെ വന്നിട്ട് പുള്ളി വേഗം തുണീം തോരാനിട്ട് നേരെ ഒരു നട അമ്പലത്തിലേക്ക്. ഞാൻ പറഞ്ഞു, 'ഒരു ലേശം നിക്ക്, ഞാനും നിങ്ങള കൂട വരുന്നൂ'ന്ന്. അപ്പോ മൂപ്പര് പറയാണ്, 'വേണ്ട, നീ പിന്നെ വന്നോ. സ്വാമിയാന്മാര മുമ്പില് നിന്നീംകൊണ്ട് നടക്കാൻ എനക്ക് നാണാണെന്ന്. ചോയ്ക്കട്ടെ, എന്ന കൂട്ടാൻ നിങ്ങക്ക് നാ ണോ? സ്വാമിയാന്മാർക്ക് ഒന്നും തിരീല്ലാന്നാ വിചാരം? ഞാൻ ആ സ്വാമിയാന്മാരെ വിളിച്ച് പറീന്ന്ണ്ട്—ആ മുതുക്കനെ കണ്ടോ,ഞാൻ അയാള ഭാര്യാ; ഞങ്ങക്ക് പന്ത്രണ്ട് മക്കളാ. ഇതാ പിടിച്ചോ, എനി സ്വാമിയാന്മാരെ മുമ്പില് നിന്റെ സന്ന്യാസിത്തം കാട്ടിക്കോ'.

കാർമേഘംകൊണ്ട് ഇരുട്ടടച്ചിരിക്കുന്നു നാലുദിക്കും. കൂടാരത്തിനു ള്ളിൽ വെളിച്ചം കുറഞ്ഞു വരുന്നു. ഞാൻ പീഠം ഉന്തി വാതിലിന്ന ടുത്തേക്ക് കൊണ്ടുചെന്നു. അതുകൊണ്ടും സൗകര്യമില്ല. മഴത്തുള്ളി കരം മരത്തിന്മേൽ തെറിച്ചുവീഴുന്നു. അല്ലെങ്കിൽത്തന്നെ തണുപ്പ്, അതിനുപുറമെ ഈറൻകാററും. തണുപ്പുകൊണ്ട് കൈവിരലുകരം മര വിച്ചുപോകുന്നു. തടിച്ച ഷാരം ദേഹത്ത് ചുററി തടിച്ച കമ്പിളി കൊണ്ട് ഇരിപ്പിടം വിരിച്ച് മൂടിപ്പുതച്ചിരുന്നു; ഗംഗയുടെ അക്കരെ

തുറന്ന സ്ഥലത്ത് വെറുംശരീരത്തോടെ ഇരിക്കുന്ന സന്യാസിമാർ എന്തു ചെയ്യുകയായിരിക്കുമെന്ന് വീണ്ടും വീണ്ടും ഓർത്തുപോയി.

അവർ ദേഹത്ത് വെണ്ണീർപൂശുന്നതുകൊണ്ട് ശീതം കുറച്ചൊക്കെ കുറയുമെന്ന് കേട്ടിട്ടുണ്ട്; പക്ഷെ മഴവെള്ളത്തിൽ അത് ഒലിച്ചുപോകുന്നുമുണ്ടല്ലൊ ഒപ്പംതന്നെ.

വലിയേച്ചി പറഞ്ഞു: നോക്കൂ, അന്ന് നമ്മളുടെ മുമ്പിൽവെച്ചല്ലേ ആ സ്വാമി കഞ്ചാവ് സേവിച്ചത്. അത് കണ്ടിട്ട് വല്ലാതെ തോന്നി, പക്ഷെ പിന്നീട് ആലോചിച്ചുനോക്കി, സേവിക്കാതെ എന്തു ചെയ്യുമെന്ന്? ഈ ദേഹത്തെക്കൊണ്ട് ഇത്രയൊക്കെ സഹിപ്പിക്കുമ്പോൾ, ശക്തിയുള്ള ഒരുപകരണം വേണ്ടേ?'

കേട്ടിട്ടുണ്ട്, കഞ്ചാവു മാത്രമല്ല പല ജാതി മരുന്നും സന്യാസിമാർ സേവിക്കാറുണ്ടെന്ന്. കേട്ട സംഗതിയാണ്, കണ്ടതല്ല. 'സംഖിയ' കഴിക്കാറുണ്ട് അവർ എന്നും കേൾവിയുണ്ട്. സംഖിയ കത്തിച്ച ഒരു നുള്ള് ഭസ്മം കഴിച്ചാൽ ഈ തണുപ്പത്തും വെള്ളത്തിൽ മുങ്ങി നിൽക്കാൻ തോന്നുമത്രെ. അത്രയ്ക്ക് ചൂടുപിടിക്കും ശരീരം.

വലിയേച്ചി പറഞ്ഞു: 'ഞാൻ വേറെയും ഒരു കാര്യം ആലോചിക്കയാണ്. നമ്മൾക്ക് നിസ്സാര കാരണങ്ങൾ കൊണ്ടുപോലും എത്ര മാത്രം മനസ്സിളകുന്നുവെന്ന് നോക്കൂ; കത്ത് കിട്ടാൻ ഒരു ദിവസം വൈകിയാൽ രാത്രി ഉറക്കം വരില്ല. നമുക്കെന്നപോലെ ഇവർക്കും ഒരുകാലത്ത് കുടുംബവുമായുള്ള കെട്ടുപാടുകളുണ്ടായിരുന്നു. അവർക്ക് അതൊക്കെ മറക്കേണ്ടിയിരിക്കുന്നു. മമതാബന്ധം അറുത്തു കളയുകയെന്നത് എളുപ്പമാണോ? മനസ്സിനെ സ്വാധീനമാക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്''.

ശശിമഹാരാജ് പറഞ്ഞതാണ്: 'മനസ്സിന്റെ കാര്യമൊന്നും പറയണ്ട. നോക്കൂ, ഇന്നേക്ക് മുപ്പത്താറു കൊല്ലമായി ഈ വഴിയിലാണ്; എന്നിട്ടെന്താ മനസ്സിനെ പാട്ടിലാക്കാൻ കഴിഞ്ഞോ? എന്തു പറയാനാണ്, കുട്ടിക്കാലത്ത് എപ്പോഴോ ഒരിക്കൽ, എട്ടൊമ്പത് വയസ്സുള്ളപ്പോൾ ആരുടേയോ തോട്ടത്തിൽനിന്ന് മാങ്ങ കട്ടിരുന്നു, ഈയിടെ പോലും ആ സംഭവം സ്വപ്നത്തിൽ കണ്ടിരുന്നു.

'മനസ്സൊരു ഭയങ്കര സാധനമാണ്. സന്യാസിയാണെന്നുവെച്ച് മനസ്സ് കൈപ്പിടിയിലാവണമെന്നില്ല. പലപ്പോഴും മനസ്സിനെ പാട്ടിലാക്കാൻ പററില്ല; നേരു് പറയട്ടെ, ജപവും തപവും ചെയ്യുമ്പോൾ ആലസ്യം തോന്നും. അപ്പോൾ എന്താണ് ചെയ്യുകയെന്നോ — ഗീത

മുഴുവൻ മന:പാഠമാക്കീട്ടുണ്ട്. അത് ചൊല്ലിക്കൊണ്ടിരിക്കും. ചൊല്ലിക്കൊണ്ടിരിക്കെ മനസ്സൊരിക്കൽ അടങ്ങിനിന്ന് പിടിതരും; അപ്പോൾ ജപിക്കാനിരിക്കും. അതാണ് പറഞ്ഞത് ഗീത മന:പാഠമാക്കിവെക്കു. എത്രമാത്രം പ്രയോജനപ്രദമാണെന്ന് കാണാം. മനസ്സിന് അനക്കം തട്ടുമ്പോഴൊക്കെ, ഗീത ചൊല്ലണം. നമ്മളുടെ പൂജയും അർച്ചനയും അതുതന്നെയാണ്—മനസ്സിനെ പാട്ടിലാക്കുക. പൂവ് കൊടുത്തു, വില്വപത്രം കൊടുത്തു, ചന്ദനമരച്ചു; അവനവനെ ശുദ്ധമാക്കി. ഇവയൊക്കെ മറ്റൊന്നുമല്ല, മനസ്സിനെ ഒരിടത്ത് സ്ഥിരമാക്കി നിർത്താനുള്ള വഴി മാത്രമാണ്''.

ഞാൻ വിചാരിച്ചിരുന്നു, ആളുകൾ സന്യാസിമാരാവാറുണ്ട്, എല്ലാം വെടിഞ്ഞുകളഞ്ഞാണ് വരിക, നമ്മളെപ്പോലെ അവർക്ക് ഓരോ നിമിഷവും മനസ്സിനെക്കൊണ്ടുള്ള അലട്ടുണ്ടാവില്ല എന്ന്.

അന്ന് സതീകുണ്ഡത്തിൽ അന്തിനേരത്ത് ആൾപ്പെരുമാററമില്ലാത്ത കാട്ടിൽ ഇരുട്ടിൻെറ തണലിൽ ഇരുന്നുകൊണ്ട് ഇതുതന്നെയാണ് ഓർത്തുകൊണ്ടിരുന്നത്. അതുകൊണ്ടാണ് ഗോപേശ്വർ മഹാരാജിനോട് പറഞ്ഞത്, 'മനസ്സ് തനിയേ സ്ഥിരമാകുന്നസ്ഥലങ്ങളിലാണ് നിങ്ങളൊക്കെ താമസിക്കുന്നത്; ഒരു ആലശീലയുമില്ല' എന്ന്.

അത് കേട്ട് അദ്ദേഹം ഒരു നെടുവീർപ്പിട്ട് പറഞ്ഞു: 'എൻെറമ്മോ, വിചാരിക്കുന്നത്ര എളുപ്പമല്ല. ഇത്രയും കൊല്ലം കഴിച്ചുകൂട്ടി, മനസ്സിൻെറ പിടിയും വലിയും എവിടെ ഒതുങ്ങിയിരുക്കുന്നു?'

മനസ്സിന്നുള്ളിൽ ഇന്ന് ഈണം ചുററിക്കറങ്ങി മൂളിക്കൊണ്ടിരിക്കുകയാണ്. ഒരേ പാട്ടിൻെറ ഏതാനും വരികൾ—

തൃക്കരമതു നീ നീട്ടിത്ത-
ന്നെന്നുടെ കൈയിലണച്ചാലും.
അതു ഞാനൊന്നു പിടിയ്ക്കട്ടെ,
എന്നിൽ ചേർത്തു നിറയ്ക്കട്ടെ;
എന്നെന്നും ഞാനതിനെത്താൻ
എന്നോടൊപ്പം നിർത്തട്ടെ;
ഏകാന്തം മമ ഗമനത്തിൽ
ചേതോഹാരിത ചേർക്കട്ടെ.

അന്നെപ്പോഴോ ഒരു ദിവസം കേട്ടതാണ് ഈ പാട്ട്.

പെട്ടെന്ന് പ്രാണൻ കിതക്കാൻ തുടങ്ങി. ഞാൻ തൂലിക താഴെയിട്ട് എഴുന്നേററു. ഇത്തിരി പാട്ട്—പാട്ട് കേൾക്കണം. ഇപ്പോൾ ഈ നിമിഷം. അത്യാവശ്യമാണ്.

ആശ്ചര്യം! ഇവിടെ എന്തുകൊണ്ട് ഇവർ മനസ്സ്തുറന്ന് പാട്ട് പാടുന്നില്ല? നാമകീർത്തനം ചെയ്യുമ്പോൾ എല്ലാവർക്കുമുണ്ടല്ലൊ പാട്ടിനു പററിയ കണ്ഠം. സാധകന്മാരാണിവർ. പാട്ടിലുമുണ്ടല്ലോ മഹത്തായ സാധന. എന്നിരിക്കെ, ചുററിനടക്കുമ്പോൾ സമയം പാട്ടിന്റെ ഈണം കൊണ്ട് നിറക്കാത്തതെന്താണ്?

മുമ്പിൽ ഒരു വൃദ്ധസന്യാസി വന്നുനിൽക്കുന്നു. ഇന്ന് രാവിലെയാണ് ഇദ്ദേഹം ഇവിടെ വന്നത്; സേവാശ്രമത്തിലെതന്നെ വല്ല ആളുമാണോ എന്നറിഞ്ഞുകൂട. എന്തോ, മറെറാരു മട്ടാണ്. എന്തുയരമാണ്—ആ മുഖത്തേക്കൊന്നു നോക്കണം! കഴുത്തിൽ രുദ്രാക്ഷമാല, അരയിൽ ഓടക്കുഴൽ. അദ്ദേഹം പറഞ്ഞു; 'അറിയാമോ അമ്മേ, ഈ മാലയും ഈ ഓടക്കുഴലുമാണ് എന്റെ ആശ്രയം. മാലയിൽ തളർച്ച തോന്നുമ്പോൾ കുഴലൂതും'. ഈണത്തിൽ മൂളിക്കൊണ്ട് അദ്ദേഹം കൂടാരത്തിന്നുള്ളിലേക്ക് വന്നു. ചായം നിറച്ച പാത്രം അദ്ദേഹത്തെ അകലെനിന്ന് വലിച്ചുകൊണ്ടുവന്നിരിക്കയാണ്.

'അങ്ങയുടെ മുഖത്തുനിന്ന് ഒരു കീർത്തനം കേട്ടാൽ കൊള്ളാ' മെന്ന് വലിയേച്ചി പറഞ്ഞു.

അദ്ദേഹം ചിരിച്ച് അരയിൽനിന്ന് ഓടക്കുഴലെടുത്ത് ഒന്നൂതിയ ഉടൻ നിർത്തി. പൊടുന്നനെ അദ്ദേഹത്തിന്റെ മുഖത്ത്, അടിച്ചമർത്തപ്പെട്ട അസഹ്യമായഏതോ ഒരു ദു:ഖത്തിന്റെ അടയാളം കാണായി. വലിയേച്ചിയുടെ നേർക്ക് നോക്കി അദ്ദേഹം ചോദിച്ചു: 'ഞാൻ കീർത്തനംപാടുകയാണെങ്കിൽ നിങ്ങൾക്ക് അത് സഹിക്കാൻ കഴിയുമോ?'

വലിയേച്ചി നിശ്ശബ്ദയായിരുന്നു.

സന്യാസി മെല്ലെ മെല്ലെ പുറത്തിറങ്ങി നടന്ന് മാവിൻചുവട്ടിൽ ചെന്നുനിന്നു. നിശ്ശബ്ദയായി ഞാനും പിറകെ ചെന്നു. അദ്ദേഹം ഓടക്കുഴലിൽ താളം പിടിച്ചുകൊണ്ട് പിന്നോക്കം തിരിഞ്ഞുനോക്കി പാട്ട് തുടങ്ങി—

കണ്ണനെ മാത്രം കാൺമൂ ഞാൻ
കണ്ണനെയോർത്തു വിളിപ്പൂ ഞാൻ
കണ്ണനിലുള്ളോരനുരാഗം
ഒന്നിൽ മുങ്ങിയിരിപ്പൂ ഞാൻ
എന്നാലും ഞാൻ കെട്ടവളെ—
ന്നല്ലീ ലോകരു ചൊല്ലുന്നൂ.

ജ്ഞാനമഹാരാജിന്ന് തീരെ സമാധാനമില്ല. നാട്ടിൽനിന്ന് കത്ത് വന്നിരിക്കുന്നു, അക്രമികറം വീടാക്രമിച്ച് അനുജൻേറയും ഇളയച്ഛൻേറയും ഏട്ടൻേറയും മകൻേറയും ഇളയമ്മയുടെ ഭർത്താവിൻേറയും, പതിനേഴാളുകളുടെ, പൂണുനൂൽ വലിച്ചു പൊട്ടിച്ചു മാർഗ്ഗം കൂട്ടിയിരിക്കുന്നു, സകലതും കൊള്ളയടിച്ചു കൊണ്ടുപോയിരിക്കുന്നു എന്ന്. കഴിവുള്ളവർ പെണ്ണുങ്ങളേയും കുട്ടികളേയും കൂട്ടി അകലേയുള്ള ഗ്രാമത്തിലേക്ക് ഓടിപ്പോയിരിക്കുന്നു; വയസ്സായ അച്ഛനും അമ്മയും തറവാട്ടിൽ ബാക്കിയായിരിക്കുന്നു. വാഹനങ്ങളൊന്നുമില്ല, നടക്കാൻ അവർക്ക് കഴിവില്ല. സഹോദരനും ഇളയച്ഛനും അതുകൊണ്ട് വേവലാതിപ്പെട്ട് സന്ന്യാസിയായ മകന് എഴുതിയിരിക്കയാണ്, 'നീ എങ്ങിനെയെങ്കിലും ചെന്ന് അവരെ രക്ഷപ്പെടുത്തണം' എന്ന്.

നാഡിയുടെ ബന്ധമാണ്, ഉള്ളിൽനിന്ന് പിടിച്ച് വലിക്കയാണ്. സന്ന്യാസത്തിന് അതിൻെറ മർമ്മമെന്തറിയാം?

ജ്ഞാനമഹാരാജ് ഏട്ടൻെറ അടുത്ത് ആലോചിക്കാൻ വന്നു. ഈ വക കാര്യങ്ങറംക്കുവേണ്ടി മുന്നിട്ടിറങ്ങിയ മിഷനിലെ സന്ന്യാസിമാരാണ് ജെയിലിന്നുള്ളിൽ തടവുകാരായി കഴിഞ്ഞുകൂടുന്നത്. ഇനിയെന്തുണ്ട് വഴി?

വസുമതിയമ്മയുടെ മുറിയിൽ പെണ്ണുങ്ങളുടെ തിരക്ക്. ആ വഴിയിലൂടെ പോകുമ്പോറം വസുമതിയമ്മ പറയുന്നതു കേട്ടു: 'എന്താ കുഞ്ഞിൻെറ ചന്തം! തുടുതുടുത്ത് ചോരയിററു വീഴുംപോലെ. അച്ഛൻെറ മുഖം തന്നെ; ശരിക്കുമൊരു രാജകുമാരൻ. ആദ്യത്തെ പേരക്കിടാവ്, വലിയ ആളുടെ മോൻ—എല്ലാവർക്കും തിടുക്കം, എന്താണ് പേര് വിളിക്കേണ്ടതെന്ന്, ഞാൻ പറഞ്ഞു, കാശിയെപ്പോലൊരു സ്ഥലമില്ല, രാമനെപ്പോലൊരു പേരുമില്ല; പേരക്കുട്ടിക്ക് പേരിട്ടു, രാമചന്ദ്രനെന്ന്''.

ഇന്നലെ രാത്രി മുതൽ മഴ തോർന്നിട്ടേ ഇല്ല. കൂടാരത്തിന്റെ നാലു ഭാഗത്തേയും തുണി നനഞ്ഞ് വെള്ളം ഇററുന്നു. ഇന്നും പുറത്തിറങ്ങാൻ നിവൃത്തിയില്ല; ഒരു കണക്കിന് നല്ലതുതന്നെ. പീഠം നിലത്തിട്ട് വരക്കാനിരുന്നു. എങ്ങിനെയെങ്കിലും ഇന്ന് തീർക്കണം തന്നെ. അല്ലെങ്കിൽപ്പിന്നെ സമയമെവിടെ! രാം മയ് മഹാരാജിനെ പിടികൂടിയിരിക്കുന്നു, 'ഇന്ന് എത്ര വേണമെങ്കിലും കഥ കേൾപ്പിച്ചോളു; കൈകൊണ്ട് പണിചെയ്യാം, കാതുകൊണ്ട് കഥ കേൾക്കാം'.

രാം മയ് മഹാരാജ് കട്ടിലിന്മേലിരുന്ന് മാതൃദേവിയുടെ കഥകളാരംഭിച്ചു. ഓരോരുത്തരായി കൂടാരത്തിനുള്ളിൽ ആളുകൾ വന്നു നിറഞ്ഞു. ചായത്തിന്റെ ആകർഷണം കൊണ്ട് വാതിൽക്കൽ വന്നു നിൽക്കും. കഥയുടെ ആകർഷണംകൊണ്ട് ഉള്ളിൽ കടന്നിരിക്കും.

രാം മയ് മഹാരാജ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ അമ്മയെ കണ്ടിട്ടുണ്ട് — അവിടുത്തേക്ക് ഓരോരുത്തരുടേയും മനസ്സിലെ വിചാരം അറിയാമായിരുന്നെന്ന് തോന്നും; ഓരോരുത്തർക്കും അവനവന് പററിയ വിധത്തിൽ ഉപദേശം കൊടുക്കും. ഒരിക്കൽ ഒരു പെൺകുട്ടിയുടെ അമ്മ അമ്മയ്ക്ക് എഴുതി — വക്കീലിന്റെ മകളാണെന്നു തോന്നുന്നു — എട്ടു പുറം നിറയെ മറുചോദ്യങ്ങളുമായുള്ള ഒരു കത്ത്. ഒരു ചെറുപ്പക്കാരൻ അവരുടെ മകളെ കല്യാണം കഴിക്കാമെന്ന് വാക്ക് കൊടുത്തിട്ട്, ഇപ്പോൾ കല്യാണം കഴിക്കില്ലെന്ന് പറകയാണ്, എന്നാൽ അമ്മ ഒരിക്കൽ പറഞ്ഞാൽ മതി, അവൻ കല്യാണം കഴിച്ചുകൊള്ളും എന്നും മററും. അമ്മ പറഞ്ഞു: ചെറുക്കൻ എനിയ്ക്ക് ഒന്നും എഴുതീട്ടില്ലല്ലൊ. അവന്റെ മനസ്സിലെ ഭാവം മനസ്സിലാക്കാതെ ഞാനെങ്ങിനെയാണ് അവനോട് വല്ലതും പറയുക?

'വല്ലവർക്കും കല്യാണം കഴിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അമ്മ പറയും, നല്ലതുതന്നെ; വിവാഹം എന്താ ചീത്തയാണോ? കഴിക്കണം, കഴിക്കണം. അവിടുന്ന് എന്നെ വിവാഹം കഴിച്ചിട്ടില്ലേ. നോക്കു, എല്ലാവരും ഈരണ്ടാണ്—രാമനും സീതയും രണ്ട്, ലക്ഷ്മിയും നാരായണനും രണ്ട്, ശിവനും സതിയും രണ്ട്.

'ഇനി വല്ലവർക്കും വിവാഹം കഴിക്കാൻ ഇഷ്ടമില്ലാതെയാണെങ്കിലും വലിയ സന്തോഷമാണ്—സുഖമായി ഉറങ്ങാം മോനേ, അല്ലെങ്കിൽ ഇന്ന് ആ കുട്ടിക്ക് സുഖക്കേട്, മകളുടെ കരച്ചിലും വിളിയും, തൊന്തരവുകൾക്ക് ഒരന്തവുമുണ്ടാവില്ല'.

വലിയേച്ചി പറഞ്ഞു: 'പിന്നെ, അമ്മ വിദേശീയരുടെ കൂടെയും

വർത്തമാനം പറഞ്ഞിരുന്നെന്ന് കേട്ടിട്ടുണ്ടല്ലൊ. അവിടുത്തേക്ക് ഇംഗ്ലീഷ് അറിയാമായാരുന്നില്ലല്ലൊ'.

യശോറിലെ ചേച്ചി അമ്മയുടെ ശിഷ്യയാണ്; അവരും പറഞ്ഞിരുന്നു. അമ്മ ഒരു മദാമ്മയുമായി സംസാരിക്കുന്നത് താൻ കണ്ടിട്ടുണ്ടെന്ന്.

രാം മയ് മഹാരാജ് പറഞ്ഞു: 'അത് മറെറാരു നേരമ്പോക്കാണ്. എങ്ങിനെയാണ് അവർ അന്യോന്യം പറയുന്നത് മനസ്സിലാക്കുന്നതെന്ന് അവർക്കേ അറിഞ്ഞുകൂടു. എത്രയെത്ര വിദേശീയരാണ് അമ്മയുടെ അടുത്ത് ഓരോ ചോദ്യവുമായി വരാറെന്നോ; കൂടെ ദ്വിഭാഷിയുണ്ടായിരിക്കുമെന്നത് നേരാണ്. ഒരു തവണ ഞാൻ തന്നെയാണ് ദ്വിഭാഷിയായിരുന്നത്; പക്ഷെ എതാനും നിമിഷങ്ങൾപോലും കഴിഞ്ഞിട്ടുണ്ടാവില്ല, അമ്മയുണ്ട് പ്രശ്നകർത്താവ് ചോദ്യം ചോദിയ്ക്കുന്നതോടൊപ്പംതന്നെ ഉത്തരം കൊടുത്തുകൊണ്ടേയിരിക്കുന്നു; അയാൾകട്ടെ മുഖം കുനിച്ച് കേൾക്കുന്നു. ദ്വിഭാഷിക്ക് പിന്നെ വായ തുറക്കാനേ അവസരമുണ്ടായില്ല. ഇതാ ഈ ഗുരുദാസ് മഹാരാജുണ്ടല്ലൊ—ഡച്ചുകാരനാണ്—അമ്മയുടെ മന്ത്രശിഷ്യനാണ്. അദ്ദേഹത്തോട് ഞാൻ ചോദിച്ചിട്ടുണ്ട്, മന്ത്രം സ്വീകരിച്ചുവല്ലൊ, അമ്മ പറഞ്ഞത് മനസ്സിലാക്കിയതെങ്ങിനെ എന്ന്. അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: I understood'.

ഗുരുദാസ് മഹാരാജിനെ നിത്യവും കാണാറുണ്ട്. കാവിവസ്ത്രം കൊണ്ട് മൂടിയ തുടുതുടുത്ത നിറത്തോടുകൂടിയ വൃദ്ധൻ; രണ്ടുനേരം മാന്തോട്ടത്തിലെ നീണ്ട വഴിയിലൂടെ ചുററിനടക്കും. വെയിലത്തിട്ടിരിക്കുന്ന ചൂരൽക്കസാലയിൽ അൽപനേരം ഇരിക്കും. മററു സ്വാമിമാരും വന്ന് അദ്ദേഹത്തിന് ചുററും ഇരിക്കും; അവർ തമ്മിൽ വർത്തമാനവും ചർച്ചയും നടക്കും. മുമ്പിൽ കണ്ടുമുട്ടിയാൽ ഞാൻ അടുത്തേക്ക് ചെല്ലും. ഗുരുദാസ് മഹാരാജ് വഴി നടക്കുന്നതിന്നിടക്ക് തെല്ലിട നിൽക്കും. ഞാൻ നമസ്കരിച്ച് തിരിച്ചുവരും. അദ്ദേഹവും കാൽനീട്ടി മുമ്പിൽ നടക്കും. നേരെയുള്ള വഴിയുടെ ഇങ്ങോ അങ്ങോ ആയിപ്പോവില്ല ഒരിക്കലും. ഒരു വാക്കുപോലും സംസാരിച്ചിട്ടില്ല അദ്ദേഹത്തോട് ഇന്നേവരെ.

അന്ന് എന്തുണ്ടായി എന്നറിയില്ല, അകലെനിന്ന് കണ്ടപ്പോൾ അദ്ദേഹം വഴിവിട്ട് പുല്ലിന്മേൽക്കൂടെ സ്വയം മുന്നോട്ടുവന്നു. തുറന്നു

ചിരിച്ചുകൊണ്ട് കണ്ണിനുനേർക്ക് നോക്കി ഉറക്കെ പറഞ്ഞു: 'ശിവോ ശിവോ'.

മിനിഞ്ഞാന്ന് ഞാൻ വർണ്ണപ്പൂക്കളെക്കൊണ്ട് രാമകൃഷ്ണദേവന്റെ വേദിയുടെ മുൻവശത്തെ നനഞ്ഞ മണ്ണിൽ കളമിട്ടിരുന്നു. ഗുരുദാസ് മഹാരാജിന് അത് കണ്ടിട്ട് വളരെ സന്തോഷമായെന്ന് കേട്ടു. അദ്ദേഹം പറഞ്ഞുവത്രെ, 'കൈയിൽ തന്ന പൂജാമന്ത്രം പൂവിതളിന്റെ നിരയിൽ പുതിയൊരു വസ്തു'.

അതുകൊണ്ട് തന്റെ സന്തോഷത്തെ അദ്ദേഹം ഇങ്ങിനെ അറിയിച്ചതാവാം.

ഉച്ചയൂണിനുമുമ്പായി വലിയേച്ചി രാമകൃഷ്ണദേവന്റെ അമ്പലത്തിൽ ചെന്നു. ഞാൻ പുറത്ത് നിൽക്കുകയാണ്. മഞ്ഞ്പോലെയാണ് മഴ പെയ്യുന്നത്; കണ്ണുകൊണ്ട് കാണാൻ വയ്യ, തലമുടി നനയുന്നുണ്ട്. അടുത്തുള്ള മരം നിറയെ പൊൻനിറത്തിലുള്ള മല്ലികപ്പൂക്കൾ വിരിഞ്ഞിരുക്കുന്നു.

സാർത്ഥകമായ പേര്; രൂപം പോലെത്തന്നെ ഗുണവും.

വലിയേച്ചി പറഞ്ഞു: 'മണിയടിച്ചിരിക്കുന്നു, കേട്ടില്ലേ? വേഗം നടക്കു'.

വേഗം മൂലയിലെ മരപ്പെട്ടിയിൽ പച്ചിലയിൽ വെച്ചിരിക്കുന്ന രക്ത ചന്ദനം കൊണ്ട് നെററിയിൽ ഗോപിതൊട്ട് അടുക്കളയുടെ വരാന്തയിലേക്ക് ചെന്നു.

കടലാസ്സിൽ പൊതിഞ്ഞ കുറച്ച് പഴുത്ത പുളിങ്ങയും പച്ചമുളകുമായി യശോറിലെ ചേച്ചി മുൻപന്തിയിൽ വന്നിരുന്നു. പുളിയും എരിവുമില്ലെങ്കിൽ സസ്യാഹാരം വായക്ക് പിടിക്കില്ല അവർക്ക്. എന്നോട് പറഞ്ഞതാണ്, 'എത്ര മീനുണ്ട് ഗംഗയിൽ നിറച്ച്. എണ്ണയും മുളകും ചേർത്ത് കൂട്ടാൻവെച്ചാൽ എങ്ങിനെയിരിക്കുമെന്ന് പറഞ്ഞാട്ടെ റാണി'. എന്നിട്ട് ഞൊട്ടയിട്ടുകൊണ്ട് കൊതികാണിച്ചു.

പദ്മാനദീതീരത്തെ പെണ്ണാണ്, ഇങ്ങിനെ കഴിഞ്ഞുകൂടുന്നതിനിടയ്ക്ക് അക്കാര്യം മനസ്സിൽ തോന്നാറില്ല എന്ന് ശപഥം ചെയ്യുന്നതെങ്ങിനെ?

വൈകുന്നേരമാവാറായപ്പോഴ് വസുമതിയമ്മ എഴുന്നേററ് ഈ കൂടാരത്തിലേക്ക് വന്നു. പുറത്ത് നിന്നുകൊണ്ടുതന്നെ പീഠം എത്തിനോക്കി. എന്നിട്ട് പറഞ്ഞു: 'മുഴുമിച്ചാൽ എന്നോട് പറയണം. നിന്നേയും കൂട്ടി ഒന്നിച്ചിരിക്കണം എനിക്ക്; രാമകൃഷ്ണദേവൻെറ തിരുമുമ്പിൽ ഈ പീഠം വെച്ച് രണ്ടു പാട്ട് പാടി കണ്ണുനീരുകൊണ്ട് ഒന്ന് പൂജിച്ചോട്ടെ'.

ദിവസത്തിൽ ഒരു തവണയേ വസുമതിയമ്മ എഴുന്നേൽക്കാറുള്ളു. കൈയും മുഖവും കഴുകും, കുളിക്കും; ചില ദിവസങ്ങളിൽ ഗംഗയിലേക്ക് പോകും. കൂടെ പോകുന്ന പണിക്കാരത്തി പറയാറുണ്ട്, 'അത് ഒന്നോ രണ്ടോ മുങ്ങലോ മറേറാ ആണോ? കുടും കുടും എന്ന് മുങ്ങലോടു മുങ്ങൽ തന്നെ; എന്നിട്ട് എന്നോട് പറയും, നോക്കിയാട്ടെ എൻെറ മുടി മുഴുവൻ നനഞ്ഞിട്ടില്ലേ, തല മുഴുവൻ മുങ്ങിയിട്ടില്ലേ, എന്ന്'.

സേവാശ്രമത്തിലെ സ്വാമിമാരെ ഊട്ടാൻ അവർക്ക് വലിയ ആഗ്രഹമാണ്. സൌകര്യം കിട്ടുമ്പോഴെല്ലാം ജിലേബി നിവേദിക്കും, നെയ്പ്പായസമുണ്ടാക്കിക്കും. 'നല്ലതോ മോശമോ വല്ലതും കഴിക്കാറുണ്ടോ ഇവർ? രണ്ടുനേരം രണ്ടുപിടി ചോറും കൂട്ടാനും; കൊതിയില്ല, ആഹ്ളാദമില്ല. ഇവരെ ഊട്ടിയില്ലെങ്കിൽ പിന്നെ ആരെയാണ് ഊട്ടുക?' എന്നാണ് പറയുക.

കുറച്ചുറുപ്പിക തനിക്കുവേണ്ടി കരുതിവെച്ചിട്ടുണ്ട്; അതിൽനിന്ന് എടുത്തിട്ടാണ് ഈ ചിലവൊക്കെ നടത്തുക. ബാക്കി സ്വത്ത് മുഴുവൻ ദാനം ചെയ്തു. മകളുടെ മകനും അവളുടെ ഭർത്താവിന്നും കൊടുത്തു തീർന്നിരുക്കുന്നു. രാമകൃഷ്ണ മിഷനിലെ ശിശുകേന്ദ്രത്തിന്നു കൊടുത്തിരിക്കുന്നു തികച്ചും ഒരുലക്ഷം ഉറുപ്പിക! ഇതാണ് അവരുടെ വലിയ ദു:ഖം. 'സ്വത്ത് മുഴുവൻ നിയമത്തിൻെറ കൈയിൽ പെട്ട് പോയി, മനസ്സിന് തൃപ്തിയാവോളം ഭഗവാന്ന് കൊടുക്കാൻ കഴിഞ്ഞില്ല' എന്നാണ് പറയുക.

മണ്ണെണ്ണവിളക്കിൻെറ വെളിച്ചത്തിൽ പണി നീങ്ങുന്നില്ല, നിറം കാണാനൊക്കുന്നില്ല. ഏട്ടൻ പറഞ്ഞു: 'ഇനി പണി മതിയാക്കു. കിടക്കു. നിൻെറ ചേച്ചി എവിടെപ്പോയി? വളരെ നേരമായി അവളെ കാണുന്നില്ലല്ലൊ'.

ഞാനും ശ്രദ്ധിച്ചിരുന്നില്ല. ചായം മുക്കിയ തൂലിക കഴുകി,

ചായം നിറച്ച പാത്രവും പീഠവും മൂടി എഴുന്നേററു. മുകളിലേക്ക് നോക്കിയപ്പോഠം, കൂടാരം നനഞ്ഞിരിക്കുന്നു. രാത്രി പീഠത്തിന്മേൽ വെള്ളത്തുള്ളികഠം ഇററു വീണാലോ? മൂന്നുനാല് ദിവസത്തെ വർത്തമാനക്കടലാസ്സെടുത്ത് മൂടി. കടലാസ്സ് നനഞ്ഞു പോയാലോ? നാലു മടക്കായി അതിന്മേൽ കമ്പിളി വിരിച്ചു. കമ്പിളിയും നനഞ്ഞു പോയാലോ? ക്യാൻവാസിൻെറ ഹോഠംഡോഠം അഴിച്ച് നീളത്തിൽ വിരിച്ചു. ഇനിവിഷമിക്കാനില്ല.

വാസ്തവം തന്നെ, ഈ പാതിരയ്ക്ക് എവിടെപ്പോയി വലിയേച്ചി? ഞാൻ കൂടാരത്തിൻെറ വാതിൽ തുറന്ന് പുറത്തിറങ്ങി. കൂടാരങ്ങഠം മുഴുവൻ നിശ്ശബ്ദം, അന്ധകാരാവൃതം. ഞാൻ ചെവി വട്ടം പിടിച്ചു. വസുമതിയമ്മയുടെ കൂടാരത്തിൽനിന്ന് ഒരു മൂളൽ കേഠക്കാനുണ്ടോ? ഞാൻ പഴുതിലൂടെ നോക്കി; ശരിതന്നെ. വലിയേച്ചി അവിടെ മുഖത്തോടുമുഖം ഇരിക്കുന്നുണ്ട്. ചളി ചവിട്ടാതെ ഞാനും ഉള്ളിൽ കടന്നു.

വസുമതിയമ്മ പാട്ടുപാടിക്കൊണ്ട് വലിയേച്ചിയെ ധരിപ്പിക്കുകയാണ്; പറകയാണ്, 'പാട്ട് പാടാതെ മനസ്സിൽ ഭാവമുദിക്കുമോ? പാടണം—

സങ്കടനാശിനി ശ്മശാന വാസിനി
എങ്ങമ്മേ, ഹൃദയശ്മശാനം?
ഹൃദയശ്മശാനം ആഴ്ത്തിയിരുട്ടിൽ
എങ്ങു നീ വാഴുന്നു ബ്രഹ്മമയി.

'ഇങ്ങിനെ ഈണത്തിലൂടെ ധ്യാനിക്കണം. സാധന നീരസമാണ്; സ്വാരസ്യം ഇതിലാണ്'.

വലിയേച്ചി ചോദിച്ചു: 'ഈ സ്വാരസ്യം വരുന്നതെങ്ങിനെയാണ്?'

'എങ്ങിനെയാണ് വരുന്നതെന്നോ?'

വസുമതിയമ്മയുടെ മുമ്പിൽ ഒരു തീപ്പെട്ടി കിടപ്പുണ്ടായിരുന്നു. അവർ അത് കൈയിലെടുത്ത് ഒരു കൊള്ളികൊണ്ട് പെട്ടെന്നുരസി കത്തിച്ചു പറഞ്ഞു: 'നോക്കു, ഇതാ ഒന്നുരസി, അതോടെ തീ കത്തി'. കത്തുന്ന കൊള്ളി ചുഴററിക്കൊണ്ട് അവർ തുടർന്നു: 'ഇപ്പോഠം ഇതിനെക്കൊണ്ട് കൻഖലം മുഴുവൻ വെണ്ണീറാക്കാം'.

തീ ഊതിക്കെടുത്തി അവർ തീപ്പെട്ടിക്കൊള്ളി ദൂരേയ്ക്ക് എറിഞ്ഞു. 'ഈ തീ, മോളേ, ആദ്യം കത്തിക്കണം. ആദ്യം മണ്ണ് തയ്യാറാക്കു, എന്നിട്ടല്ലേ ചെടി നടുക? മണ്ണ്തന്നെ തയ്യാറല്ലെങ്കിൽ ചെടി ബാക്കിയാവുന്നതെങ്ങിനെ? രാമകൃഷ്ണദേവൻ പറയാറുണ്ടായിരുന്നു—'

'രാമകൃഷ്ണദേവനെ നിങ്ങൾ കണ്ടിട്ടുണ്ടോ?' ഞാൻ ചോദിച്ചു.

കാണുക മാത്രമോ! സ്പർശിച്ചിട്ടുമുണ്ട്—സ്പർശമണിയുടെ സ്പർശം. അമ്മയുടെ അച്ഛൻെറ ഗ്രാമത്തിലെ പെണ്ണാണ് ഞാൻ. വലത്തുകൈയിൻെറ ഈ നടുവിരൽ അമ്മയുടെ കൈപ്പിടിയിൽ തിരുകി കൊച്ചുപെണ്ണായ ഞാൻ എത്ര തവണ അവിടുത്തെ അടുത്തേക്ക് പോയിട്ടുണ്ട്. അവിടുന്ന് പറയുമായിരുന്നു, ആഹാ, കൊച്ചുപെണ്ണ്, അവൾക്ക് ആദ്യം ആഹാരം കൊടുക്കു.

'അവിടുത്തെ അനുഗ്രഹത്തെപ്പററി പറഞ്ഞാലൊടുങ്ങുമോ? ഇത്രയും നിഗ്രഹത്തിന്നിടയ്ക്കും അവിടുത്തെ അനുഗ്രഹം എനിയ്ക്ക് കിട്ടുന്നുണ്ട്. ഞാൻ തറവാടും സന്തതിയും ഇല്ലാത്തവൾ തന്നെ; പക്ഷെ വാസ്തവത്തിൽ അങ്ങിനെയാണോ? അവിടുന്ന് പറയാറുണ്ടായിരുന്നു, ജീവിച്ചിരിക്കുന്ന പട്ടിയേക്കാൾ നല്ലത് മരിച്ച സിംഹമാണെന്ന്. എൻെറ അവർ മരിച്ച സിംഹങ്ങളായി ജീവിക്കുന്നുണ്ട്. എല്ലാം അവിടുത്തെ കൃപ; അവിടുന്നാണ് തന്നത്, നല്ലതുനോക്കി അവിടുന്നുതന്നെ തിരഞ്ഞെടുക്കുകയും ചെയ്തു.

'എന്നോട് വലിയ വാത്സല്യമായിരുന്നു അവിടേക്ക്. കല്യാണം നിശ്ചയിച്ചു, കറുത്ത പെണ്ണ്, ശ്വശ്രുവിന് പിടിച്ചില്ല. പറകയാണ്, എൻെറ മകൻ സുന്ദരനാണ്, കറുത്ത പെണ്ണിനെ കൊണ്ടുവരുന്നതെങ്ങിനെ? അവിടുന്ന് പറഞ്ഞു, നോക്കു, ആ കറുത്ത പെണ്ണിനെത്തന്നെ കൊണ്ടുവരു; സമ്പത്തും സന്തതിയും കൊണ്ട് നിങ്ങളുടെ വീട്ടിൽ ലക്ഷ്മി വിളയാടും'.

'എൻെറ അമ്മ പറഞ്ഞു: തറവാടിത്തവും തൻേറടവുമില്ല, അമ്മാവൻെറ വീട്ടിൽ വളർന്നതാണ്—ആ ചെറുക്കന്ന് പെണ്ണിനെ കല്യാണം കഴിച്ചു കൊടുക്കാനോ! എൻെറ മോളു് ഉണ്ണാനും ഉടുക്കാനുമില്ലാതെ കഷ്ടപ്പെടേണ്ടി വരും.

'അവിടുന്ന് പറഞ്ഞു: ഇളയമ്മേ, — അമ്മയെ അവിടുന്ന് അങ്ങിനെയാണ് വിളിക്കാറ്, ഒരു കണക്കിന് ഇളയമ്മയാണുതാനും— ആ വീട്ടിൽത്തന്നെ നിങ്ങളുടെ മകളെ കല്യാണം കഴിച്ചുകൊടുക്കു; നിങ്ങളുടെ മകൾ ഒരു രാജ്ഞിയാവും.

'രണ്ടു കൂട്ടരും അവിടുന്ന് പറഞ്ഞപ്പോൾ സമ്മതിച്ചു. കല്യാണം കഴിഞ്ഞു. ''കറുത്ത പെണ്ണ്''', ''കറുത്ത പെണ്ണ്''' — എനിയ്ക്ക് മനസ്സിൽ വല്ലാതെ പിണക്കം തോന്നിയിരുന്നു.

'ചെറുതായതുകൊണ്ടെന്ത്', എനിയ്ക്ക് വലിയ അഭിമാനമായിരുന്നു.വിവേകാനന്ദനും പറഞ്ഞിരുന്നു, ആ കറുത്തപെണ്ണിനെയാണോ കല്യാണം കഴിക്കുന്നത്? അവളുടെ വയററിൽ പുലയനെയാണ് ജനിപ്പിക്കുക. ആപറഞ്ഞത് എൻെറ ചെവിയിലും എത്തിയിരുന്നു. കല്യാണത്തിനുശേഷം എന്നോട്, നരൻ വന്നിട്ടുണ്ട്, അടക്ക കഷണിച്ചു കൊടുക്ക്, എന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞിരുന്നു, എന്നെക്കൊണ്ടാവില്ല, അയാൾ എന്നെ ''കറുത്ത പെണ്ണ്''' എന്ന് വിളിച്ചിരിക്കുന്നു എന്ന്. ചെറിയ പെണ്ണല്ലേ, കുരുത്തം കെട്ട മനസ്സായിരുന്നു; ആ ''കറുത്ത പെണ്ണ്''' എന്ന് പറഞ്ഞത് ശരിക്കും ഓർമ്മവെച്ചിരുന്നു. കുട്ടിക്കാലത്തെ കൂട്ടുകാരായിരുന്നു എല്ലാവരും; അദ്ദേഹവും ഞാനും കുട്ടിക്കാലത്ത് പൂജക്കുളള പൂക്കൾ എത്ര ഇറുത്തിരിക്കുന്നു. ഒരു സ്ഥലത്തുനിന്ന് പൂപറിച്ചു കഴിഞ്ഞാൽ മററൊരേടത്തേക്ക് പോകും. വിവേകാനന്ദൻെറ വീട്ടിൽ വലിയ വലിയ നിലത്താമരയുണ്ടായിരുന്നു. അദ്ദേഹം ഉറക്കമുണർന്നാൽ പൂപറിക്കാൻ വരുമായിരുന്നു; വിശാലമായ നയനം, ശരിക്കും വെൺതാമരയുടെ ദളം പോലെത്തന്നെ—എത്ര സുന്ദരം! രണ്ടുപേരും കൂടി എത്ര തവണ ശണ്ഠ കൂടീട്ടുണ്ടെന്നോ! കല്യാണത്തിനുശേഷം പുതിയ പെണ്ണിനെക്കാണാൻ വന്ന് എൻെറ മൂടുപടം നീക്കിയിട്ട് പറഞ്ഞു, 'അല്ലാ! ഒടുക്കം നീ ഇന്നാളുടെ വീട്ടിലെ തറവാട്ടമ്മയായിട്ടാണോ വന്നത്?'

'എൻെറ പേരും പരമഹംസൻ തന്നതുതന്നെയാണ്. മുമ്പ് എൻെറ പേര് 'ഹാബി' എന്നായിരുന്നു, അനിയൻെറ പേര് 'ഹേബോ' എന്നും. പരമഹംസർ പറഞ്ഞു, ഇതെന്ത് പേരാണ് പെണ്ണിന് കൊടുത്തിരിക്കുന്നത്, ഇളയമ്മേ?'

'എന്നാൽ നീ തന്നെ ഒരു പേരിടരുതോ' എന്നായി അമ്മ.

പരമഹംസർ പറഞ്ഞു, 'നിങ്ങളുടെ ആ കുസുമം, നളിനി, കാമിനി, മാലതി എന്നൊന്നും എന്നെക്കൊണ്ട് പേരിടാനാവില്ല. ഞാൻ പേരിടാം—ഭവതാരിണി. ദക്ഷിണേശ്വരത്തെ കാളിയുടെ പേരാണത്''. അന്നുതൊട്ട് ഭവതാരിണിയെന്നായി എൻെറ പേര്.

'അന്ന് എൻെറ ഭർത്താവിന് പ്രായം വളരെ കുറവായിരുന്നു—ഇപ്പോഴത്തെ കണക്കിന് കുട്ടിയാണെന്നു തന്നെ പറയാം. അച്ഛൻ

മരിച്ചപ്പോഠം അമ്മയും മകനും അമ്മാമന്റെ വീട്ടിൽ അഭയം തേടി. അന്നുമുതലെ അദ്ദേഹം പരമഹംസരുടെ വീട്ടിൽ പോക്കുവരവുണ്ടായിരുന്നു. അമ്മാമൻ അറിയാതെ വേണ്ടിയിരുന്നു പോകാൻ. അമ്മാമൻ അറിഞ്ഞിരുന്നെങ്കിൽ കൊന്നു കളഞ്ഞേനെ. പരമഹംസരെ അന്നാർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലായിരുന്നു; മറിച്ച് അപവാദം പറയുമായിരിന്നു, കണ്ട ചെറുപ്പക്കാരെയൊക്കെ ആ പ്രാന്തൻ ചീത്തയാക്കുകയാണെന്ന്. എന്റെ ഭർത്താവിനെ അമ്മാമൻ മുകളിലത്തെ മുറിയിലിട്ട് പൂട്ടുമായിരുന്നു. പക്ഷെ പരമഹംസരുടെ ആകർഷണം എത്രമാത്രമാണെന്നു നോക്കു, ഭർത്താവ് ജനലിന്റെ മരയഴി പൊട്ടിച്ച് ഉടുമുണ്ട് കയറുപോലെ തൂക്കിയിട്ട് പിടിച്ചിറങ്ങി പോകുമായിരുന്നു. അമ്മയും അമ്മായിയമ്മയും പേടിച്ച് ചിലപ്പോഠം സംഗതി മറച്ചുവെക്കും, ചിലപ്പോഠം അടിയും ബഹളവുമാവും. ഇതിനുവേണ്ടി എത്ര അടിയാണ് കൊണ്ടതെന്നതിന് ഒരു കണക്കുമില്ല. ഒരു ദിവസം എന്തുപററിയെന്നോ. അമ്മാമൻ മരുമകനെ പൂട്ടിയിട്ടു, മരുമകനാണെങ്കിൽ അഴിപൊളിച്ച് പുറത്തും ചാടി. അമ്മാമൻ വാതിൽ തുറന്നു നോക്കുമ്പോഠം, ചെറുക്കനില്ല. അന്ന് അങ്ങോർക്ക് ദേഷ്യംകൊണ്ട് മുഴുഭ്രാന്തുതന്നെയായിരുന്നു! — 'ഇനി ഒരു നിവൃത്തിയുമില്ല, ചെക്കൻ നശിച്ചു. അമ്മാമന്റെ വീട്ടിൽ കുട്ടി മനുഷ്യനാവില്ല, കുരങ്ങനാണ് ആവുക എന്നല്ലേആളുകഠം പറയുക? ഇത് കേഠംക്കാനാണോ എന്റെ തലയിലെഴുത്ത്?' ദേഷ്യവും വ്യസനവും മൂത്ത് അമ്മാമൻ അമ്മായിയെ പിരാകി: ''ഇന്ന് നീ ആ ചെക്കന് വെണ്ണീറും കൂട്ടി ചോറ് കൊടുത്തില്ലെങ്കിൽ നിന്റെ അച്ഛന്റെ വായിൽ — '' അഭക്ഷ്യമായ ഒരു സാധനത്തിന്റെ പേര് പറഞ്ഞു.

'എന്ത്, അച്ഛനേയും കൂട്ടി പിരാകുകയോ' അമ്മായിയമ്മ കരച്ചിലോട് കരച്ചിൽ. അമ്മയും കരയുന്നു; അവർക്ക് ദു:ഖം കുറച്ചൊന്നുമല്ലല്ലൊ. തന്റെ മകൻ കാരണമാണ് അനിയന്റെ വീട്ടിൽ ഈ അനർത്ഥം. അമ്മായി ഉണ്ണുന്നില്ല, ഉരിയാടുന്നില്ല. അമ്മ ചെന്ന് അയൽപക്കക്കാരോട് സങ്കടപ്പെട്ടു — നിങ്ങളൊന്ന് ചെന്ന് അവളോട് രണ്ട് വററ് കഴിക്കാൻ പറയണേ. ഓരോരുത്തരുടെ മുമ്പിലും താണുകേണു; ചെക്കൻ കാരണം തനിക്ക് നാവ് പൊന്തിക്കാൻ വയ്യായിരുന്നു.

'ഇപ്പുറത്ത് ചെറുക്കനേയും കാണുന്നില്ല. നേരം അന്തിയായി. ഈ സമയത്ത് ചെറുക്കൻ വന്ന് അമ്മായിയുടെ അടുത്ത് ചെന്ന് ഒരു കൽപന—എന്താ അമ്മായി, നേരം ഒരുപാട് വൈകിയല്ലൊ, വേഗം ചോറ് താ. ഞാൻ കുളിച്ചു വരാം.

'അമ്മായി എന്തുചെയ്യും? വിശക്കുന്ന ചെറുക്കന് ചോറ് കൊടുക്കാതിരിക്കാമോ? ഇങ്ങേ വശത്ത് അമ്മാമന്റെ ശാപവും.

'അമ്മായി പതിവുപോലെ തളികയിൽ ചോറും കറിയും വിളമ്പി ചെറിയൊരു വരടി നന്നായി കത്തിച്ച് ചോറിന്റെ ഒരു ഭാഗത്ത് കാണാൻ വയ്യാത്ത മട്ടിൽ വെച്ചു. എന്നിട്ട് തളിക വെച്ച് അടുപ്പിന് നേർക്ക് മുഖം ആക്കി പുറം തിരിഞ്ഞിരുന്നു.

'മരുമകൻ ഉണ്ണാനിരുന്നിട്ട് പറഞ്ഞു, ഏ അമ്മായി, കേൾക്കുന്നുണ്ടോ? ഇതെന്താ? തളികയിൽ എന്തിനാ വെണ്ണീറ്? കണ്ടില്ലെന്നുണ്ടോ? നല്ല ആള് തന്നെ നിങ്ങൾ. ഇതെന്താ! എന്തിനാ പുറം തിരിഞ്ഞിരിക്കുന്നത്? മിണ്ടൂലേ? നിങ്ങൾക്ക് ഇന്ന് എന്തുപററി? ഏ അമ്മായി—

അമ്മായിക്ക് ഉരിയാട്ടമില്ല. കല്ലുപോലെ അനങ്ങാതെ ഇരിക്കയാണ്.

മരുമകൻ കുറച്ചുനേരം പിറുപിറുത്ത് വെണ്ണീർ പെറുക്കിക്കളഞ്ഞ് ഊണ് തുടങ്ങി.

അപ്പോൾ അമ്മായി തിരിഞ്ഞിരുന്ന് പറഞ്ഞു: മോനേ, നീ കാരണം ഇന്നെന്റെ ആച്ഛന്റെ വായിൽ വരെ തിന്നാൻ കൊള്ളാത്ത സാധനം വീണു. എനിയും നീ എനിയ്ക്ക് എത്ര ശിക്ഷ തരും?

മരുമകൻ നടന്നത് മുഴുവൻ കേട്ടു; എന്നിട്ട് പറഞ്ഞു: ശരി അമ്മായി, നിങ്ങൾ ഊണ് കഴിക്കു. ഞാൻ വാക്കു തരുന്നു, നാളെ മുതൽ ഒരിക്കലും അവിടെ പോവില്ല.

അമ്മായി പറഞ്ഞു; അത് പററില്ല. ശാപം തന്നതാണ്; മൂന്ന് ദിവസം ഞാൻ വററ് തൊടില്ല.

മരുമകൻ ഊണുംകഴിച്ച് എഴുന്നേററു. മനസ്സിന് വലിയ വിഷമം. നാളെ മുതൽ അങ്ങോട്ട് പോവില്ലെന്ന് അമ്മായിക്ക് വാക്ക് കൊടുത്തിരിക്കുന്നു. ഇന്ന് അവസാനമായി ഒന്നു പോയി വരണമെന്ന് തോന്നി. ആലോചിച്ചുകൊണ്ട് അങ്ങോട്ട് ചെന്നു. മടങ്ങിവന്നപ്പോൾ അമ്മായി ചോദിച്ചു: ഇനി പോകില്ലല്ലോ?

മരുമകൻ പറഞ്ഞു: 'ഇല്ല, അമ്മായി'.

'അദ്ദേഹത്തോട് ഈ വിവരം പറഞ്ഞിട്ടുണ്ടോ?'

'ങ്ഹാ, എല്ലാം തുറന്നു പറഞ്ഞു'.

'അദ്ദേഹം എന്തു പറഞ്ഞു?'

'ഒന്നുമില്ല. വരുന്ന സമയം ഇത്രമാത്രം ചോദിച്ചു: പിന്നെ നിന്റെ വീട്ടിൽ വിഗ്രഹമുണ്ടോ? ഞാൻ പറഞ്ഞു, ങ്ഹാ, ഗോപീനാഥന്റെ വിഗ്രഹമുണ്ട്. അദ്ദേഹം സന്തോഷത്തോടെ ചോദിച്ചു: നൈവേദ്യം ഉണ്ടാകാറില്ലേ? ഞാൻ പറഞ്ഞു: ങ്ഹാ. അപ്പോൾ അദ്ദേഹം പറഞ്ഞു: എനിയ്ക്കൊരു ദിവസം നൈവേദ്യം കഴിക്കാൻ തരുമോ? വലിയ കൊതി കഴിക്കാൻ.

ഇത് കേട്ടപ്പോൾ അമ്മായിയുടെ പ്രാണനിൽ ഒരു വേലിയേററം.

നിങ്ങൾക്ക് തിരിഞ്ഞോ പരമഹംസരുടെ സൂത്രം? പെണ്ണുങ്ങൾക്ക് വല്ലവരേയും ഊട്ടാൻ കിട്ടിയാൽ മതി, പിന്നെയൊന്നും വേണ്ട.

അമ്മായി ചോദിച്ചു: എന്നിട്ട് നീ എന്തു പറഞ്ഞു?

'ഞാനൊന്നും പറഞ്ഞില്ല, തിരിച്ചു വന്നു'.

'അത് പററില്ല. നൈവേദ്യം കഴിക്കണമെന്നല്ലേ പറഞ്ഞത്; ഞാൻ നാളെ നന്നെ നേർത്തെതന്നെ വെച്ചുതരാം, നീ അദ്ദേഹത്തിന് നൈവേദ്യം കൊണ്ടുപോയി കൊടുക്കണം.

മരുമകൻ പറഞ്ഞു: 'ഞാൻ ഇനി പോവില്ലെന്ന് സത്യം ചെയ്തിട്ടുണ്ടല്ലൊ'.

അമ്മായി ഓമനിച്ചുകൊണ്ട് പറഞ്ഞു: എടാ കിറുക്കാ, നൈവേദ്യവും കൊണ്ട് പോയാൽ ദോഷമില്ല. ഞാൻ തന്നെയല്ലേ പോകാൻ പറയുന്നത്.

പിറേറന്ന് പുലരും മുമ്പെ അമ്മായി എഴുന്നേററ് പണികളൊക്കെ തീർത്ത് പാചകത്തിന്ന് ഒരുങ്ങി. ഉൾനാട്ടിലെ വെപ്പ് മറെറാരു മട്ടാണ്. കാളിയയും കോർമ്മയുമൊന്നുമല്ല. കൂമ്പുകൊണ്ടും കുമ്പളങ്ങകൊണ്ടും മുരിങ്ങാക്കായകൊണ്ടുമുളള ഓരോകൂട്ടം കറികൾ, വേപ്പുരസം, വറുത്തുപ്പേരി, പായസം ഇങ്ങിനെ എല്ലാത്തരവും. അമ്മായിക്ക് പാചകത്തിലുളള കൈപ്പുണ്യം ഗ്രാമമെങ്ങും പ്രസിദ്ധമായിരുന്നു. എല്ലാം വെടിപ്പായി പാചകം ചെയ്ത് അമ്മായി എമ്പ്രാനോട് തിടുക്കം കൂട്ടി—ഇന്ന് ഒന്ന് വേഗം തീർക്കണേ; ഗോപീനാഥന് നിവേദിക്കു.

ഒടുക്കം ആ നൈവേദ്യച്ചോറ് — അറിയാലോ, നാട്ടിൻപുറത്തെ ആളുകൾ ചോറ് നല്ലവണ്ണം കഴിക്കുമെന്ന് — പിച്ചള പാത്രത്തിൽ ധാരാളം അമർത്തി വിളമ്പി, അധികനേരം ചൂടോടെയിരിക്കാൻ, ചോറിന്നു മുകളിൽ കൊച്ചു കിണ്ണങ്ങൾ നിറയെ കറിയും പായസവും വച്ചു. എല്ലാം വച്ചശേഷം വാഴയില കൊണ്ട് മൂടി ഒരു തോർത്തുകൊണ്ട് പാത്രം മുറുക്കെ കെട്ടി മരുമകൻെറ കൈയിൽ കൊടുത്തിട്ട് പറഞ്ഞു: വേഗം നടക്കണം; അദ്ദേഹത്തിന് കൊടുത്തുവാ. ഇതാ ഈ കുറച്ച് പൈസയെടുത്തോളു, വണ്ടിക്കൂലിക്ക്. നോക്ക്, വഴിക്ക് വൈകിക്കല്ലേ.

തനിക്കാണ് അധികം അത്യാവശ്യം എന്ന മട്ടിൽ അമ്മായി മരുമകനെ ഉന്തിയയച്ചു. അയച്ചതിനു ശേഷം, എപ്പോഴാണ് തിരിച്ചു വരിക എന്നും നോക്കിക്കൊണ്ടിരിപ്പായി അമ്മായി.

അപ്പുറത്ത് പരമഹംസർ ഉണ്ണാനിരിക്കാറായപ്പോളുണ്ട്, ഭർത്താവ് നൈവേദ്യവുമായി വന്നുനിൽക്കുന്നു. അവിടുത്തേക്ക് എന്തൊരു സന്തോഷമായിരുന്നെന്നോ. അല്ലാ, തക്ക സമയത്താണല്ലൊ എത്തിയത്. നോക്കട്ടെ, നോക്കട്ടെ, എന്താ കൊണ്ടുവന്നിരിക്കുന്നതെന്ന്. ആ: എന്താ വെപ്പിൻെറ വിശേഷം! അടുത്തുണ്ടായിരുന്നവർക്ക് അവിടുന്ന് സ്വന്തം കൈകൊണ്ട് വിളമ്പിക്കൊടുത്തു; താനും കഴിച്ചു. ഓരോ സാധനവും കഴിക്കും, എന്നിട്ട് പറയും, നോക്ക് എന്തൊരു സ്വാദാണ് എന്ന്! ഇത്ര നല്ല സാധനങ്ങൾ ഒരിക്കലും കഴിച്ചിട്ടില്ല ഇതിനു മുമ്പ്. പായസം എത്ര വിശേഷമായിരിക്കുന്നു! ഇലയിലുള്ളത് മുഴുവൻ നക്കിത്തുടച്ച് കഴിച്ചു. അമൃത് കഴിച്ചതുപോലുണ്ട് എന്നു പറഞ്ഞുകൊണ്ടേയിരുന്നു. കേട്ടോ; ഗോപീനാഥന്ന് ശരിക്കൊരു നൈവേദ്യം തന്നെ. അതാണ് ഇത്ര സ്വാദ്.

ഇങ്ങേ വശത്ത് അമ്മാമൻ അന്വേഷിക്കയാണ്, ''ഇന്നാൾ'' എവിടെ എന്ന്. അമ്മായിയും അമ്മയും പറയും, ഇതാ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നല്ലോ, ഇപ്പോൾത്തന്നെ വരുമായിരിക്കും എന്ന്.

വൈകുന്നേരം മരുമകൻ തിരിച്ചു വന്നപ്പോൾ അമ്മായി ഓടിച്ചെന്നു ചോദിച്ചു: ങ്ഹാ പിന്നെ, കൊടുത്തുവന്നോ? എന്തു പറഞ്ഞു?

നിങ്ങളുടെ ഗോപീനാഥന്ന് ശരിക്കുമൊരു നൈവേദ്യം തന്നെ; അമൃതാണ് കഴിച്ചത് എന്നു പറഞ്ഞു. ഇത്ര നല്ല ആഹാരം ഇതിന് മുമ്പ് ഒരിക്കലും കഴിച്ചിട്ടില്ല എന്നും പറഞ്ഞു.

പിന്നെ ചോദിക്കാനുണ്ടോ! ആഹാരം നന്നായി എന്നു പറഞ്ഞില്ലേ. പെണ്ണുങ്ങളുടെ മനസ്സ് തികച്ചും അലിഞ്ഞുപോയി. അമ്മയും അമ്മായിയും കൂടി കുട്ടിയെക്കൊണ്ട് നൈവേദ്യം ഒളിച്ചു കൊണ്ടെത്തിക്കാൻ തുടങ്ങി. കടത്തുകൂലിക്കും വണ്ടിക്കൂലിക്കുമായി രണ്ടുനാല് പൈസയും കൊടുക്കും; പോകാനും വരാനും ബുദ്ധിമുട്ടുണ്ടായില്ല. ചെറുക്കൻ ചിലപ്പോൾ പിണക്കം പിടിച്ചിരിക്കും, ദിവസവും എനിക്ക് ഇതുമെടുത്ത് പോകാൻ കഴിയില്ല എന്ന്. അമ്മയും അമ്മായിയും താണുകൂടും—ഒന്ന് പോ എന്റെ പൊന്നിൻകട്ടേ, ഇന്ന് ചക്കരപ്പൊങ്ങലാണ് നിവേദിച്ചിരിക്കുന്നത്. ഇന്ന് പാലടയാണ്, ഇന്ന് അവിലടയാണ്. ഉരുളക്കിഴങ്ങ് ബോണ്ടയാണ്—ഇങ്ങിനെ നിത്യവും.

അവിടുത്തെ മാഹാത്മ്യം; ആഹാരം അയച്ചതുകൊണ്ടുമാത്രം തൃപ്തിയായില്ല, ഒടുക്കം ഞങ്ങൾ തന്നെ അവിടുത്തെ അടുത്തേക്ക് പോകാൻ തുടങ്ങി.

ഞാനന്ന് പുത്തൻ മണവാട്ടിയായിരുന്നു; മൂടുപടമിട്ടുകൊണ്ട് ഞാനും പോകുമായിരുന്നു കൂടെ. ഞാൻ അവിടുത്തെ പാൽപ്പാട ഊട്ടീട്ടുണ്ട്.

അവിടുന്ന് അപ്പോൾ സുഖമില്ലാതെ കാശീപൂരിൽ താമസിക്കുകയായിരുന്നു. കഴുത്തിൽ വ്രണമാണ്, ഒന്നും കഴിക്കാൻ വയ്യ.

ഒരു ദിവസം അവിടുന്ന് പാൽപ്പാട കഴിച്ചാൽ കൊള്ളാമെന്ന് പറഞ്ഞു. ഒരാൾ കൊണ്ടുവന്ന് കൊടുത്തു. അവിടുന്ന് അത് വിരൽകൊണ്ട് ഒന്നിളക്കി അവിടെത്തന്നെ വെച്ചു. കട്ടിയായ പാൽപ്പാട: കഴിക്കുമ്പോൾ തൊണ്ടയിൽ തടയും. ഞാനത് കണ്ടു. വീട്ടിൽ വന്ന് ശ്വശ്രുവിനോട് ചോദിച്ചു, ഒരു ദിവസം അവിടുത്തേക്ക്വേണ്ടി പാൽപ്പാട കൊണ്ടുചെല്ലട്ടെ എന്ന്. ശ്വശ്രു സമ്മതിച്ചു. പാവപ്പെട്ട തറവാട്; എത്ര പാലുണ്ടാവും, രണ്ട്മൂന്ന് പാവുണ്ടാവും. അത് തിളപ്പിച്ചു; ഞാൻ പാല് പതഞ്ഞുപൊങ്ങിയ ഉടൻ ഇറക്കിവെച്ച് പത എടുത്തു കളഞ്ഞു. ആഹാ, പാൽപ്പാട വല്ലാതെ പാകം വന്നതായിരുന്നതുകൊണ്ടാണ് അവിടുത്തേക്ക് കഴിക്കാൻ വയ്യാതെ പോയത് എന്ന് അന്ന് ശ്വശ്രു പറഞ്ഞത് എനിക്കോർമ്മയുണ്ടായിരുന്നു.

എനിക്കൊരു പച്ചപ്പളുങ്കുപാത്രമുണ്ടായിരുന്നു. നാലണക്ക്—''വളെ വള'' എന്നു വിളിച്ചുപറഞ്ഞുംകൊണ്ട് പോകുന്നവരില്ലേ—അവരിൽനിന്ന് വാങ്ങിയതാണ്. പാത്രം ഇപ്പോഴുമുണ്ട്. പിന്നെ, ആ പാത്രത്തിൽ പാൽപ്പാടയാക്കി, ആഹിരിട്ടോലയിലെ ശീതളഭഗവതി

യുടെ പ്രസാദമായ ചുകന്ന പഞ്ചസാര — ഇതാ ഇത്തിരിയോളം ഉണ്ടായിരുന്നു വീട്ടിൽ — അതും കടലാസ്സിൽ പൊതിഞ്ഞെടുത്തു. വലത്തെ ഉള്ളംകൈയിൽ പാത്രം വെച്ച് ഇടത്തെ കൈകൊണ്ട് ഇങ്ങിനെ പൊത്തി. ശ്വശ്രുവോടും മററും കൂടെ കുതിരവണ്ടിയിൽ കയറി പരമഹംസരുടെ അടുത്തേക്ക് പോയി.

'പരമഹംസർ കട്ടിലിന്മേൽ കിടക്കുകയായിരുന്നു. ആജാനബാഹു എന്ന് പറയാറില്ലേ, അദ്ദേഹത്തിൻെറ കൈ വാസ്തവമായും അങ്ങിനെയായിരുന്നു; വിശാലമായ വക്ഷസ്സ്. ചിത്രത്തിൽ കാണുന്നത് ഒന്നുമല്ല. തളർന്നിരുന്ന അവിടുന്ന് വെള്ള ഉറയിട്ട ഒരു തലയിണമേൽ ചാരി പാതി ഇരുന്നും പാതി കിടന്നും വിശ്രമിക്കുകയായിരുന്നു; അടുത്ത് മറെറാരു തലയണയുമുണ്ട്. ഞാൻ അവിടുത്തെ ഓമനയാണെന്ന മട്ടിൽ അടുത്തു ചെന്നിരുന്നു. നോക്കൂ, തീ തൊട്ടാൽ അറിഞ്ഞുകൊണ്ടായാലും പൊള്ളും. അറിയാതെയായാലും പൊള്ളും. കൈ പൊള്ളിച്ചു ഞാൻ. ഭക്തിയും മററും അറിയില്ലായിരുന്നു അന്ന്. ഓമന ആവാൻ കഴിഞ്ഞാൽമതി. അലിഞ്ഞുപോവും. അങ്ങിനെ അവിടുത്തെ അടുത്തിരുന്ന് മൂടുപടത്തിന്നുള്ളിൽനിന്ന് പറഞ്ഞു; അൽപം പാൽപ്പാട കൊണ്ടുവന്നിട്ടുണ്ട് അങ്ങയ്ക്കുവേണ്ടി. അത്കേട്ട് അവിടുന്ന് തലയണ നീക്കി എഴുന്നേററിരുന്നു. കഴുത്തിൽ വ്രണമാണ്, മിണ്ടാൻ വയ്യ, ഡോക്ടരും നിഷേധിച്ചിരുന്നു.

'ഞാൻ കൈ നീട്ടി പാത്രം അദ്ദേഹത്തിൻെറ മുമ്പിൽ പിടിച്ചു. പഞ്ചസാര കാണിച്ച്, ശീതളഭഗവതിയുടെ പ്രസാദമാണെന്ന് പറഞ്ഞു. എന്നിട്ട്, ചുണ്ട് കൂർപ്പിച്ച് പഞ്ചസാര കറുത്തതാണെന്നും പറഞ്ഞു. അവിടുന്ന് പഞ്ചസാര കൈയിലെടുത്ത് ഓരോ തരി പെറുക്കിയെടുത്ത് അവിടെ കൂടിയിരുന്നവർക്കെല്ലാം കൊടുത്തു. ഒടുക്കം കടലാസിൽ പററിയിട്ടുണ്ടായിരുന്നത് പാൽപ്പാടയിലിട്ട് രണ്ടു വിരൽ കൊണ്ട് എടുത്ത് പതുക്കെപ്പതുക്കെ മുഴുവൻ കഴിച്ചു. കഴിച്ചതിന്നുശേഷം അൽപം വെള്ളം വേണമെന്ന് ആംഗ്യം കാട്ടി. പാത്രത്തിൽ വെള്ളമൊഴിച്ച് അതും കുടിച്ചു.

ഇപ്പോഴാ തോന്നുകയാണ്, എന്തുകൊണ്ട് വീണ്ടും കൊണ്ടുപോയില്ല, എന്തുകൊണ്ട് വീണ്ടും ഊട്ടിയില്ല, എന്ന്. പുതിയ പെണ്ണല്ലേ, നാണംകൊണ്ട്വീട്ടിൽ പറയാൻ കഴിഞ്ഞിരുന്നില്ല. ആ ഒരു തവണയേ എൻെറ കൈയിൽനിന്ന് അദ്ദേഹം പാൽപ്പാട കഴിച്ചിട്ടുള്ളു. അപ്പോഴാ മറിച്ച് പിണക്കമാണ് തോന്നിയത് — പാൽപ്പാട കഴിച്ചിട്ട് നന്നായെന്നോ മോശമായെന്നോ ഒന്നും പറഞ്ഞില്ലല്ലോ എന്ന്.

എന്തിന് വിടുന്നു, യോഗ്യത കാണിക്കണ്ടേ? മുഖം നീട്ടി കുശുകുശു ത്തു, പാൽപ്പാട പാകം വരാത്തതാണെന്ന്. പാകം വന്നതും വരാത്ത തും എന്തറിയാം എനിക്ക്? പക്ഷെ ശ്വശ്രു പറഞ്ഞിരുന്നില്ലേ, ആഹാ, ''പാൽപ്പാട പാകം വന്നതായിരുന്നു'' എന്ന്, അതുകൊണ്ട് എന്റെ നേർത്ത പാൽപ്പാടക്ക് പേര് കൊടുത്തു, ''പാകം വരാത്തത്'' എന്ന്. അതാണ് എടുത്ത് പറഞ്ഞത്—പാൽപ്പാട പാകം വരാത്തതാണെന്ന്.

അവിടുന്ന് ചിരിച്ച് വലത്തുകൈ മെല്ലെ ഇങ്ങിനെ പൊക്കി എന്റെ പുറത്തുവെച്ച് പറഞ്ഞു. നീ പാകം വന്നവളാണല്ലോ എന്ന്.

'എന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല'.

ഞാൻ ചോദിച്ചു: 'പരമഹംസരുടെ അടുത്തുനിന്നുതന്നെയാണോ നിങ്ങൾ ദീക്ഷ സ്വീകരിച്ചത്?'

ദീക്ഷയും ടീക്ഷയും അറിയില്ലമ്മാ. ഒരു ദിവസം ഞാൻ ചെന്നു പറഞ്ഞു, മന്ത്രം വേണമെന്ന്. പരമഹംസർ പറഞ്ഞു: എന്റെ അടു ത്ത് ഇഡിം ബിഡിം സിഡിം ഒന്നുമില്ല; ഹരേ കൃഷ്ണ എന്ന് പറ ഞ്ഞോളൂ. എന്നിട്ട് എന്റെ ഭർത്താവിന്റെ പേര് പറഞ്ഞിട്ട് പറഞ്ഞു, ഇന്നാള് പറയുന്നത് കേട്ട് പഠിച്ചോ എന്ന്. അതാണ് എന്റെ ദീക്ഷ യെടുക്കൽ. ആ പേര് തന്നെയാണ് ജീവിതം മുഴുവൻ കാര്യമായെടു ത്തത്.

അവിടുത്തെക്കുറിച്ചുളള പുസ്തകത്തിൽ വായിച്ചിട്ടില്ലേ, എന്റെ ഭർത്താവിന്റെ കാലിൽ പാമ്പ് കടിച്ചിരുന്നെന്ന്? അവിടുത്തെ ശവ ദേഹം ചുമലിലേററി കൊണ്ടുപോയവരിൽ എന്റെ ഭർത്താവുമുണ്ടായി രുന്നു. പോകുംവഴി അദ്ദേഹത്തിന്റെ കാലിൽ പാമ്പ് കടിച്ചു. എ ല്ലാവരും നിലവിളിയായി. എന്റെ ഭർത്താവ് ദൈവവാണി കേട്ടു, സർപ്പത്തെ കൊല്ലരുത്, ഇന്നു മുതൽ നിനക്ക് ഭാഗ്യം തെളിയുകയാ ണ് എന്ന്. എല്ലാവരും അതുമിതും കൊണ്ട് കാല് കെട്ടാൻ പറ ഞ്ഞു; ഭർത്താവാകട്ടെ, ചുമലിൽനിന്ന് കട്ടിൽ മാററിയില്ല.

ഇപ്പുറത്ത് വീട്ടിൽ വലിയ ബഹളം. പാമ്പ് കടിച്ചെന്ന് വിവ രം കിട്ടിയിരുന്നു. അലയും മുറയും തുടങ്ങി. ഭർത്താവ് തിരിച്ചു വന്നു. കൂടെയുണ്ടായിരുന്നവർ പറഞ്ഞു, അയാൾക്ക് ഒന്നും കഴി ക്കാൻ കൊടുക്കരുത്, ഉറങ്ങാൻ സമ്മതിക്കരുത് എന്ന്. വിശപ്പുണ്ട്. ആദ്യം വല്ലതും കഴിക്കാൻ തരൂ എന്നായി അദ്ദേഹം. . അമ്മയും അമ്മായിയും നിലവിളിയോട് നിലവിളി. അന്ന് സത്യനാരായണ പൂജയുണ്ടായിരുന്നു; മുറിയിൽ ഒരു മൂലക്ക് പ്രസാദം അടച്ചുവെ

ച്ചിട്ടുണ്ട്. ഭർത്താവ് ചെന്ന് താൻ തന്നെ മൂടി തുറന്ന് ചക്കരപ്പൊങ്ങലും വടയും വയറു നിറയെ തിന്ന് വാതിൽ തഴുതിട്ട് നല്ലൊരുറക്കമുറങ്ങി. എന്തുപററും എന്തുപററും എന്ന് പേടിച്ച് ആർക്കും ഒരു സമാധാനവുമില്ല. നീണ്ടൊരു ഉറക്കവും കഴിഞ്ഞ് ഭർത്താവ് ചിരിച്ചുംകൊണ്ട് പുറത്തുവന്നു.

എടുത്തോളു മോളേ, ഒരുപാട് രാത്രിയായി; എഴുതിയ പാട്ടുകൾ ഒരു തവണ എൻെറ കൂടെ പാടി നോക്കു. ഹൃദയപദ്മാസനത്തിൽ അവിടുത്തെ പ്രതിഷ്ഠിക്കണം; ആദ്യം ആവാഹനം ചെയ്യണം—

അമ്മേ, എന്നുള്ളിലുണരൂ
ഉണരൂ ഹേ കുലകുണ്ഡലിനീ—
നിന്നെ വാഴിച്ചന്തരംഗേ
നിത്യവും ഞാൻ ദർശിച്ചീടും
അന്തരം വിനാ ദിനയാമിനീ
വരൂ മാനസമന്ദിരേ—

രണ്ടു തവണ പാടണം—വരൂ മാനസമന്ദിരേ ഹേ താരേ, പിന്നെ ചൊല്ലണം, ഹേ ശ്യാമേ;

'വരൂ മാനസമന്ദിരേ ഹേ കാളീ,
തവ പൂജയാൽ മമ ജന്മം
സഫലമാക്കട്ടെ ഹേ ജനനീ.

ഒന്നാന്തരം പാട്ടാണ്; എഴുതിയെടുക്കണമെന്ന് പറഞ്ഞതുകൊണ്ടാണ് ചൊല്ലിത്തന്നത്. ഞാനെൻെറ പൂജ നിറവേററുന്നത് പാട്ടിലൂടെയാണ്. പാട്ടിൻെറ ലയം കൊണ്ട് ഉള്ളിൽ സഹജമായിത്തന്നെ ഒരു ഭാവം ഉണരാറുണ്ടല്ലൊ, അത് മറെറാന്നിൽനിന്നും കിട്ടുകയില്ല. എത്ര പാട്ടാണ് എഴുതുക? പദം ഓർമ്മ തോന്നുന്നില്ല. മനസ്സിൽ ഭാവമുദിച്ചാൽ വാക്കുകൾ തനിയേ വരും. അതാണ് എഴുതിവെക്കേണ്ട ആവശ്യം തോന്നാഞ്ഞത്.

പേരമകൻെറ കല്യാണമാണ്, കവിതയിൽ ഒരു വിവാഹമംഗളം എഴുതണം. എല്ലാരും ചേർന്ന് സഭ കൂടി. അപ്പോൾ മകൻ പറഞ്ഞു, നിങ്ങളെന്തെഴുതാനാണ്? അമ്മയെ പിടിച്ചോ, അമ്മ എഴുതിത്തരും. അക്കഥയിരിക്കട്ടെ. പാടു—

വിളയാടുകമ്മേ സദാ രംഗേ,
ഷട്ചക്ര ശിവസംഗേ
യാചിക്കുന്നൂ നിൻ കരുണ
ഭവതാരിണി, എന്നുമെന്നും

ഭവതാരിണിയെന്ന് എന്റെ പേരാണല്ലോ. നീ പാടുമ്പോൾ, പാടു — ഈയധമാ എന്നുമെന്നും — ഉണരൂ ഉണരൂ എന്നമ്മേ.

പാട്ടുപോലെ മറ്റൊരു സാധനമില്ല. സമയം കിട്ടുമ്പോഴെല്ലാം മനസ്സിൽ പാട്ടു പാടണം. ഒടുക്കത്തെ വരി എന്താണ് എഴുതിയത്?

നിത്യശാന്തി കൊതിച്ചുകൊണ്ടേ
അശ്രുവാലേ ഭവതാരിണീ നനപ്പൂ—

ഇവിടെ എഴുതു ''തനയ'' എന്ന്. ''ഈ അധമ'' എന്നല്ലേ ആദ്യം എഴുതിയത്, ഒരേ വാക്ക് വീണ്ടും വീണ്ടും കേൾക്കാൻ സുഖമാവില്ല. ഇനി പാടു—

അശ്രുവാലേ തനയാ നനപ്പൂ,
ശ്യാമയെന്നമ്മ തൻ പാദുകാപ്രാന്തം—
സച്ചിദാനന്ദ സമുദ്രം.
ഉണരൂ, ഉണരൂ, എന്നമ്മേ.

ഇതും കൊണ്ടായിരുന്നു മോളേ, ഞാൻ കഴിഞ്ഞുപോന്നത്; ഇടക്കുവെച്ച് വലിയൊരു കൊടുങ്കാററ് വന്ന് മരക്കുററിയാക്കിക്കളഞ്ഞു'.

വസുമതിയമ്മയുടെ കൂടാരത്തിൽനിന്ന് പുറത്തിറങ്ങി ഞങ്ങളുടെ കൂടാരത്തിലേക്ക് തിരിച്ചുവരവെ നടുവഴിക്ക് എത്തിയതായിരുന്നു; നാലുദിക്കും കിടുകിടെ വിറപ്പിച്ചുംകൊണ്ട് ഒരിടി മുഴങ്ങി.

കാശിയിലെ ആദ്യത്തെ പ്രഭാതം. ഞങ്ങൾ സേവാശ്രമത്തിലെ പണ്ഡ 'ശ്രീ പണ്ഡ'യ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. അയാൾ വന്ന് ഞങ്ങളെ കൂട്ടിക്കൊണ്ടുപോകുമെന്നാണ് പറഞ്ഞിരുന്നത്. കാശിയിലെ ഗംഗയിൽ മുങ്ങി വിശ്വനാഥനെ ദർശിച്ചിട്ട് ബാക്കിയെല്ലാ പണിയും. വലിയേച്ചിയുടെ നിർബ്ബന്ധമാണ്, ഇത്രയും ആയ സ്ഥിതിയ്ക്ക് മടങ്ങുന്ന വഴി കാശിയിലിറങ്ങി ശിവന്റെ ശിരസ്സിൽ രണ്ട്

പൂവും വില്വപത്രവും അർപ്പിക്കണമെന്ന്. ആശുതോഷൻ, അവിടു ന്ന് എപ്പോഴും തുഷ്ടനാണ്; അവിടുത്തെ തൃപ്തിപ്പെടുത്താൻ അ ത്രയൊക്കെ എന്തുവേണം. ഒന്നോ രണ്ടോ പഴവും ഒരു കുടന്ന വെള്ള വും — മതി, തീർന്നു.

ഭോലയമ്മാമൻ പ്രഭാതമാകുന്നതിന്നുമുമ്പുതന്നെ വന്നെത്തീട്ടുണ്ട്. ആശ്രമം ഏതെടുപ്പ് എപ്പോഴാണ് വിലക്കെടുത്തത്; ഇപ്പോഴത്തെ പ്രസിഡൻറിനേക്കാളും നന്നായിരുന്നു മുമ്പത്തെ പ്രസിഡൻറ്; ഇടയ ന്മാരുടെ പൈക്കൾ എത്ര പാല് തരും; കറുത്ത് കൂററനായ ഒരു കാള യെ ഈയിടെ വാങ്ങീട്ടുണ്ട്, വഴിയുടെ ഓരത്തുതന്നെയാണ് കെട്ടീട്ടുള്ള ത്. ഞങ്ങളതിനെ കണ്ടിട്ടില്ലേ—ഇങ്ങിനെ ഒരുഭാഗത്തുനിന്ന് അവനവൻ തന്നെ ചോദിക്കുന്നു, അവനവൻ തന്നെ മറുപടിയും പറയുന്നു. ഒരു കാലത്ത് നല്ലൊരു തോട്ടക്കാരനായിരുന്നു ഭോലയമ്മാമൻ; ആസ്സാം അ ഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെൻറിൽ അദ്ദേഹത്തെപ്പോലെ പേനചെത്താൻ കഴിവുള്ളവർ വേറെയാരുമുണ്ടായിരുന്നില്ല. വലിയേച്ചി പറഞ്ഞു: 'ഇടക്കുവെച്ച് ഭോലയമ്മാമന് കലശലായ സുഖക്കേട് പിടിച്ചു. അ ച്ഛൻ ഒരുപാട് പണം ചിലവഴിച്ച് ചികിത്സ ചെയ്യിച്ചു; പെട്ടെ ന്നൊരു ദിവസം ഭോലയമ്മാമനെ കാണാനില്ലാതെയായി. വളരെ അ ന്വേഷിച്ചിട്ടും യാതൊരു വിവരവും കിട്ടിയില്ല. ഞങ്ങളെല്ലാം ആശ വെടിഞ്ഞു; ആള് ബാക്കിയില്ലെന്നുതന്നെ വിചാരിച്ചു. ഇത്രയും കാലം കഴിഞ്ഞിട്ട് ഇന്നലെയാണ് പെട്ടെന്ന് കണ്ടുമുട്ടിയത്''.

ഇന്നലെ ഞങ്ങൾ ഇവിടെവന്ന് ആപ്പീസ്മുറിയിലിരുന്ന് പ്ര സിഡൻറുമായി സംസാരിക്കുമ്പോൾ കണ്ടു, വലിയേച്ചി അന്യമനസ്ക യായി പുരികം ചുളിച്ചുകൊണ്ട്, ഒരു മൂലയിൽനിന്ന് പുസ്തകങ്ങൾ തട്ടിക്കുടഞ്ഞ് അലുമാറിയിൽ വെച്ചുകൊണ്ടിരുന്ന ആളെത്തന്നെ നോ ക്കുന്നതായി. നോക്കി നോക്കി വലിയേച്ചി എഴുന്നേററ് അയാളുടെ അടുത്തുചെന്ന് പറഞ്ഞു: 'ഭോലയമ്മാമാ, നിങ്ങൾ ഇവിടെയോ! എ ന്നെ മനസ്സിലായില്ലേ; ഞാൻ ഹിരൺ ആണ്—'

കിഴവൻ തലയാട്ടി: 'ഹോഹൊ, മനസ്സിലാവാതെയോ, അപ്പഴേ മനസ്സിലായി. നി എൻെറ അമ്മയല്ലേ'.

ഭോലയമ്മാമൻ ഏട്ടൻെറ ശ്വശുരൻെറ കാലത്തെ വീട്ടിലെ പണി ക്കാരത്തിയുടെ മകനാണ്. വലിയേച്ചിയോട് അയാൾക്ക് വലിയ ഇഷ്ടമായിരുന്നു—മകളെപ്പോലത്തെന്നെ. കല്യാണം കഴിച്ചിട്ടില്ല, വീ

ടും കുടിയുമൊന്നുമില്ല; വീട്ടിലെ കുട്ടികളുടെ ഇഷ്ടവുമായി അങ്ങിനെ കഴിച്ചുകൂട്ടി ജീവിതകാലം മുഴുവൻ.

വലിയേച്ചി ചോദിച്ചു: 'അല്ലാ ഭോലയമ്മാമാ. നിങ്ങാക്ക് ഞങ്ങളെ മറക്കാൻ കഴിഞ്ഞല്ലോ? ഇവിടെ എങ്ങിനെയെത്തി?'

ഭോലയമ്മാമൻ പറഞ്ഞു: 'ആസാമിൽനിന്ന് നേരെ ചട്ടഗ്രാമത്തിലേക്ക് പോയി രണ്ടുകൊല്ലം അവിടെ കൂടി. പിന്നീട് ഇവിടെ വന്നു. വണ്ടിയിൽവെച്ച് പനി പിടിച്ചു; ബോധം കെട്ടുപോയി. ബോധക്കേട് തീർന്നപ്പോാം, ഇവരുടെ ഈ ആശുപത്രിയിൽ കിടക്കുന്നു. സുഖക്കേട് മാറിയപ്പോാം ഞാൻ പറഞ്ഞു, എനി എവിടെ പോവാനാണ്, ഇവിടെത്തന്നെ താമസിച്ചാൽ കൊളളാമെന്ന്. ഇവർ ആപ്പീസിൽ പണി തന്നു. എഴുത്തു കൊണ്ടുപോവും, കൊണ്ടുവരും, ടെലഫോൺ നോക്കും. രണ്ടുനേരം ഊണ് കിട്ടുന്നുണ്ട്. കഴിഞ്ഞുകൂടാം'.

ഗഗൻ മഹാരാജ് പറഞ്ഞിരുന്നു: 'ഇയാാക്ക് വയസ്സായതുകൊണ്ടെന്ത്, ശരീരത്തിന്ന് എന്ത് ഊക്കാണ് ഇപ്പോഴും! വളരെ വിശ്വസ്തനുമാണ്''.

ഞങ്ങാം ആദ്യമേ തയ്യാറായിരുന്നു. പണ്ഡ വന്ന ഉടൻ പുറത്തിറങ്ങി.

'ദശാശ്വമേധഘട്ടം തൊട്ടടുത്തുതന്നെയാണ്; വേണ്ടപ്പോാം അവനവനു തന്നെ ചെന്ന് കുളിച്ചുവരാം. ഇന്ന് മണികർണ്ണികാഘട്ടത്തിലേക്ക് പോവാം—എന്തു പറയുന്നു?' എന്നു പറഞ്ഞുകൊണ്ട് ഏട്ടൻ വലിയേച്ചിയുടെ നേർക്ക് നോക്കി.

ഈ കടവല്ല, ആ കടവ് — ഇത്രയും നിസ്സാരമായ ഒരു സംഗതിയിൽ വലിയേച്ചി തൻെറ അഭിപ്രായത്തിൻെറ പ്രാധാന്യം കാട്ടാൻ മിനക്കെടുകയില്ല. ഒന്നും മിണ്ടാതെ അവർ ഏട്ടൻെറ പിന്നാലെ നടന്നു.

ഈ തെരുവും ആ തെരുവും, ഇരിക്കുന്ന കാളയും നിൽക്കുന്ന കാളയും, ചളിവെളളവും മുറുക്കാൻ ചണ്ടിയും, എല്ലാം കടന്ന് നടന്നുനീങ്ങുമ്പോാം ശ്വാസംമുട്ടുന്നു. ഓരോരിക്കലും തോന്നും, ഇതാണ് അവസാനമെന്ന്. അപ്പോഴേക്കും കാണും വേറൊന്ന്.

ഞാൻ പറഞ്ഞു; 'ഏ പണ്ഡയങ്ങുന്നേ, മടങ്ങുമ്പോാം പക്ഷെ ഈ വഴിക്കു വേണ്ട'.

പണ്ഡയ്ക്ക് മനസ്സിലായില്ല—'അതെന്താ?' എന്ന് ചോദിച്ച് തിരിഞ്ഞുനിന്നു.

ഞാൻ പറഞ്ഞു: 'കുളിച്ച് വിശ്വനാഥന്റെ അടുത്തേക്ക് പോകുന്നതല്ലേ. അൽപം വൃത്തിയുള്ള വഴിക്ക് പോകുന്നതല്ലേ നല്ലത്?'

പണ്ഡ പറഞ്ഞു: 'കാശിയിൽ ഇതിലും നല്ലവഴി എവിടെ കിട്ടാനാണ്?'

'എന്നാലങ്ങിനെ, എനിയ്ക്കെന്താ? അഴുക്ക് ചവിട്ടുകയാണെങ്കിൽ അതേ കാലോടെ അമ്പലത്തിനുള്ളിൽ കടക്കും'. എന്ന് മനസ്സിൽ മുറുമുറുത്തു.

വഴിയ്ക്കാണ് വിശാലാക്ഷി ക്ഷേത്രം. പണ്ഡ പറഞ്ഞു; 'കണ്ടോളു. ഇവിടെയാണ് സതീമാതാവിന്റെ കണ്ണ് വീണിരുന്നത്. അതുകൊണ്ടാണ് വിശാലാക്ഷി ക്ഷേത്രമെന്ന് പറയുന്നത്. പീഠസ്ഥാനമാണ്'.

ഞങ്ങൾ ചെറിയ വാതിലിലൂടെ ഉള്ളിൽ കടന്നു. തെരുവും വീടും അമ്പലവുമെല്ലാം ഇരുട്ടുമൂടിയ ഗുഹകൾ പോലുണ്ട്. ഇടത്തും വലത്തും നോക്കാൻ സമയമില്ല; തിടുക്കത്തിലൊന്ന് ഉള്ളിൽ കടന്നോളു, കൺമുമ്പിൽ പെടുന്നത് കണ്ടോളു. കഴിയുമെങ്കിൽ ചളിവെള്ളം തളംകെട്ടി വഴുവഴുക്കുന്ന നിലത്ത് കാല് വല്ലപാടും ഉറപ്പിച്ച് ഒരു നമസ്കാരവും ചെയ്തോളു.

വിശാലാക്ഷിയുടെ അടുത്ത് മഹാലക്ഷ്മി, അവരുടെ അടുത്ത് നവഗ്രഹം. ഒരുവട്ടം വല്ലപാടുമൊന്ന് വലംചുററി പുറത്തിറങ്ങി. നിൽക്കാൻ നിവൃത്തിയില്ല. പ്രാതസ്നാനത്തിനുശേഷം ബ്രാഹ്മണ പണ്ഡിതന്മാർ മന്ത്രം ഉരുവിട്ടുകൊണ്ട് ദേവിയെ പ്രദക്ഷിണം ചെയ്യുന്ന തിരക്കാണ്. ഞാൻ വിഗ്രഹത്തിന്നുമുമ്പിൽ ഒന്നു നിന്നതേയുള്ളു, അവർ കൈകൊട്ടി മാറിനിൽക്കാൻ ആംഗ്യം കാട്ടി. അല്ലെങ്കിൽ അവരുടെ പ്രദക്ഷിണവഴിയിൽ തടസ്സമാവും.

മനസ്സ് മുഷിഞ്ഞുംകൊണ്ട് പുറത്തുവന്നു. പണ്ഡ പറഞ്ഞു: 'എങ്ങിനെ, വിശാലാക്ഷിയെ കണ്ടില്ലേ? ഈ വഴിക്ക് വന്നില്ലായിരുന്നെങ്കിൽ ഈ അമ്പലം കാണാൻ തരപ്പെടുമായിരുന്നോ?'

മണികർണ്ണികാഘട്ടത്തിലെത്തി. ഒരു വല്ലാത്ത നാററം. ഉടനെ മനസ്സിലായി എന്തിന്േറതാണെന്ന്.

ഏട്ടൻ പറഞ്ഞു: 'നമുക്കാദ്യം മഹാശ്മശാനം കണ്ടുവരാം'.

ഏട്ടൻ മുന്നോട്ടുനടന്നു. കൈ കൂപ്പിയും കൊണ്ട് വലിയേച്ചിയും മുന്നോട്ട് നീങ്ങി; ഞാൻ ഒരടി മുന്നോട്ടുവെക്കും, രണ്ടടി പിന്നോട്ടുവെക്കും. അങ്ങുമിങ്ങും നോക്കി: പരുങ്ങിക്കളിച്ചു. എന്തു വേണമെന്ന് മനസ്സിലാവുന്നില്ല.

വലിയേച്ചിയും ഏട്ടനും അപ്പോഴേക്കും വേലികെട്ടി വളച്ച സ്ഥലത്തിന്നുമുമ്പിൽ എത്തിക്കഴിഞ്ഞിരുന്നു. താഴെനിന്ന് ചുരുളുചുരുളായി പുക പൊങ്ങുന്നു, വെയിലിന്നുനേർക്ക് തീ ആളിയാളിക്കത്തുന്നു; ആ പ്രചരമായ അഗ്നിശിഖയുടെ മാറ് തുളച്ചുകൊണ്ട് എന്തു കാണാനാണ് ആളുകൾ വേലിക്കൽ കുനിഞ്ഞുനിന്ന് നോക്കുന്നത്.

നഗ്നഗാത്രരായ ഒരു കൂട്ടം കുട്ടികൾ അവിടെയിരുന്ന് കളിക്കുന്നു; ഭ്രൂക്ഷേപമില്ല. മുട്ടിന്മേൽ താളം പിടിക്കുന്നു, കിലുകിലെ ചിരിക്കുന്നു.

'എന്താണ് കാണുക' 'എങ്ങിനെയാണ് കാണുക' എന്ന പേടി കൊണ്ട് ചൂളിപ്പിടിച്ചിരുന്ന മനസ്സ് സരളന്മാരായ ആ കുട്ടികളെക്കണ്ട് ലജ്ജിച്ച് നേരെ ചെന്ന് മുമ്പിൽ നിന്നു. കണ്ണ് മിഴിച്ച് സ്പഷ്ടമായി നോക്കിക്കണ്ടു—താഴെ ഗംഗയുടെ കരയിലെ മഹാശ്മശാനത്തിലെ തീ ആളിയാളിക്കത്തുന്നതുകണ്ടു. തലക്കൽ കരിഞ്ഞ വിറകും തീയും പുകയും ചേർന്ന് ഏകാകാരമായിരിക്കുന്നു. കാൽക്കൽ വിറകിൻപഴുതിലൂടെ ചുകപ്പും വെളുപ്പുമായി കാണുന്ന അതെന്താണ്? മൈലാഞ്ചിയണിഞ്ഞ കാലടിയോ? — അതെന്താണ്, അത്! വടി കൊണ്ട് ഒരു കുത്തുകുത്തിയപ്പോൾ നാലുപാടും തീപ്പൊരി പറന്നു; പുകയും മണവും കൊണ്ട് കണ്ണും മൂക്കും അടഞ്ഞുപോയി. ഞാൻ ചേലത്തുമ്പുകൊണ്ട് മുഖംപൊത്തി ഓടി തിരിച്ചുവന്നു.

രക്തതിലകം നെററിയിൽ ചാർത്തിയ ഒരു താന്ത്രികൻ മുന്നോട്ടുവന്ന് കൈനീട്ടി ശവത്തിൻെറ തലയോട് മുമ്പിൽ പിടിച്ചുകൊണ്ട് പറഞ്ഞു: 'ഈ സംസാരം മിഥ്യയാണ്, മായയുടെ ബന്ധനമാണ് മിഥ്യ, മിഥ്യയാണ് എല്ലാം; ശ്മശാനമൊന്നേ സത്യമായുള്ളു. പോകുമ്പോൾ ഒന്നും ഒപ്പമുണ്ടാവില്ല; തലയോട്ടിൽ ഭിക്ഷയിടു, ഈയൊരു പുണ്യമേ ഒപ്പം വരു'.

ശ്മശാനത്തിൻെറ ഇടത്തുവശത്താണ് കുളക്കടവ്. കടവിൻമുകളിൽ ഒരിടത്ത് വെണ്ണക്കല്ലുകൊണ്ടുള്ള രണ്ട് കൊച്ചുകാലടികൾ.

പണ്ഡ പറഞ്ഞു: അവിടെ വിഷ്ണു അമ്പതിനായിരം കൊല്ലം തപസ്സ് ചെയ്തിരുന്നു; പിന്നെ ഈ കാണുന്ന കുണ്ഡമുണ്ടല്ലൊ, ഇവിടെ വിഷ്ണുവിൻെറ കുണ്ഡലം വീണുപോയിരുന്നു. മഹാദേവൻ വിഷ്ണുവിൻെറ തപസ്സുകൊണ്ട് സന്തുഷ്ടനായി, 'പയ്യൻ കൊള്ളാമല്ലൊ, നന്നായി തപസ്സ് ചെയ്യുന്നുണ്ടല്ലൊ' എന്ന് പറഞ്ഞ് വിഷ്ണുവെ പിടിച്ചു കുലുക്കി. അപ്പോഴം വിഷ്ണുവിൻെറ കുണ്ഡലം കാതിൽനിന്ന് അവിടെ ഊർന്നുവീണു. അതുകൊണ്ടാണ് ഈ കടവിന് ''മണികർണ്ണിക'' എന്ന് പേര് വന്നത്. തപസ്സ് ചെയ്ത് ചെയ്ത് വിഷ്ണുവിൻെറ ശരീരത്തിൽനിന്ന് ഒഴുകിയ വിയർപ്പിൽ നിന്നാണ് ഈ കുണ്ഡലം ഉണ്ടായതുതന്നെ. — ഇരിക്കു ഇരിക്കു, ഇതാ ഇവിടെ ഈ മരത്തറമേൽ ഇരുന്നോളു; അതിനുശേഷം പറയാം,കേഠക്കു'.

കടവിൻമുകളിൽ മരപ്പലക പാവിയുണ്ടാക്കീട്ടുള്ള പണ്ഡമാരുടെ തറയുണ്ട്, തലയ്ക്കുമുകളിൽ വലിയ വലിയ ഓലക്കുടകളും. നാലു ഭാഗവും ഭയങ്കര വെയിലാണ്, തണൽ കണ്ടതുകൊണ്ട് അവിടെ ചെന്നിരുന്നു.

പണ്ഡ പറഞ്ഞു: 'കുപ്പായവും തുണിയുമൊക്കെ വെച്ചോളു, സുഖമായി ഇരിക്കു'.

പറഞ്ഞതുപോലെ സുഖമായിത്തന്നെ ഇരുന്നു. പണ്ഡയും അടുത്തുവന്നിരുന്നു. പിന്നേയും കഥ കേഠക്കാൻ അയാളുടെ മുഖത്തേയ്ക്കു നോക്കി. പണ്ഡ പറഞ്ഞു: 'അതിന്നുശേഷം, ഇതാ ഈ കുണ്ഡം കാണുന്നില്ലേ, ശിവനോട് വിഷ്ണു വരം വാങ്ങി — എന്തെന്നോ, ഇവിടെ സ്നാനം ചെയ്യുന്നവർക്ക് സകല തീർത്ഥങ്ങളിലും സ്നാനം ചെയ്ത ഫലം കിട്ടുമെന്ന്. ഈ കുണ്ഡത്തിൽ സ്നാനം ചെയ്തതിൽ പിന്നീട് വേണം ഗംഗയിൽ സ്നാനം ചെയ്യാൻ. എനി, ബ്രാഹ്മണന് പഞ്ചരത്നം ദാനം ചെയ്തിട്ട് ഈ കുണ്ഡത്തിൽ കുളിച്ചോളു — പോകു. അതാ കണ്ടോ, യാത്രക്കാർ മുഴുവൻ പഞ്ചരത്നം ദാനം ചെയ്യുന്നു.

പടവിന്മേൽ നിരനിരയായി യാത്രക്കാർ ഇരിക്കുന്നു; പണ്ഡമാർ ഓരോ തേങ്ങയും കടലാസുപൊതിയും — പഞ്ചരത്നത്തിൻേറതു തന്നെയായിരിക്കണം — യാത്രക്കാരുടെ കൈയിൽ തൊടീച്ച് മന്ത്രം ഉരുവിടീച്ച് പൈസ ഭണ്ഡാരത്തിൽ നിറക്കുന്നു

വലിയേച്ചി പറഞ്ഞു: 'കൊണ്ടുവന്ന് വിട്ട സ്ഥിതിയ്ക്ക്, ചെയ്യാനുള്ളതെല്ലാം വേഗം ചെയ്തുതീർത്തോ'.

'പൈസ എത്രയാകും?'

അഞ്ച് കാലുറുപ്പിക'.

ഏട്ടനും വലിയേച്ചിയും താഴേക്കിറങ്ങി. പൂവും വില്വപത്രവും വീണടിഞ്ഞ് പച്ചനിറമായ വെള്ളം കെട്ടിപ്പടുത്ത കുണ്ഡത്തിൽ വെള്ളം തളംകെട്ടി നിൽക്കുന്നു. ഞാൻ വിളിച്ചുപറഞ്ഞു: 'കുറച്ചു വെള്ളം കൊണ്ടുവന്ന് സ്വന്തം കൈകൊണ്ട് തലയിൽ തളിച്ചോളു, എനിയ്ക്കത് മതിയാവും'.

പഞ്ചരത്നം കൊടുക്കാതെ പുണ്യത്തെ കബളിപ്പിക്കാം, പക്ഷെ പണ്ഡയെ? കടവിലെ പണ്ഡ പറഞ്ഞു: 'കടവിലിരുന്നതിന്ന് ദക്ഷിണ കൊട്'.

പണ്ഡമാരുടെ ബഞ്ചുകൾകൊണ്ട് മറഞ്ഞിരിക്കുന്നു ഗംഗയിലെ കൽപ്പടവുകൾ. കുടകൾ തമ്മിൽ കൂട്ടിമുട്ടുന്നു. എല്ലാവരും വിളിച്ചുപറയുന്നു: 'ഇവിടെ വന്നോളു, ഇവിടെ വസ്ത്രം സൂക്ഷിക്കാം'.

ഇനി ആര് പറയുന്നതും കേൾക്കാൻ പോകുന്നില്ല. ഞാൻ വേഗം വേഗം മുന്നോട്ട് നടന്ന്, കടവ് അവസാനിക്കുന്നേടത്ത് ആളുകൾ നിയമം ലംഘിച്ച് സോപ്പിട്ട് തുണി നനച്ച് കുളിക്കുന്നേടത്തേക്ക് ചെന്ന് ഉണങ്ങിയൊരു കൽപ്പടവിന്മേൽ വസ്ത്രം സൂക്ഷിച്ച് കുടും കുടും എന്ന് രണ്ട് മുങ്ങും മുങ്ങി കരയ്ക്ക് കേറി.

വീരേശ്വരക്ഷേത്രത്തിലേക്കുള്ള കൽപ്പടവുകൾ കടവിൽനിന്ന് അങ്ങ് മേലോളം പോവുന്നു.

'അറിയാമോ, ഈ വീരേശ്വരനോട് പ്രാർത്ഥിച്ചിട്ടാണ് വിവേകാനന്ദന്റെ അമ്മയ്ക്ക് അദ്ദേഹത്തെ കിട്ടിയത്'. പടവുകൾ കടക്കുന്നതിന്നിടയിൽ വലിയേച്ചി പറഞ്ഞു.

ഇവിടേയും അതുതന്നെ; അമ്പലത്തിന്നുള്ളിലും കൊച്ചുകൊച്ചു ഇടനാഴികൾ, ഇടുങ്ങിയ വാതിൽ. അതിലൊന്നിലൂടെ ഉള്ളിൽ കടക്കുമ്പോഴേക്കും പിന്നിൽനിന്ന് പണ്ഡ പറഞ്ഞു: 'എനി നേരെ പോയി ഇടത്തോട്ട് തിരിഞ്ഞോളു, വീരേശ്വരനെ കാണാം'.

ഇരുട്ട് കട്ടപിടിച്ച് നിൽക്കുന്നു; തെല്ലിട ഒന്നും തിരിയാതെ നിന്നതിന്നുശേഷം ഒരു കൊച്ചുമുറിയിൽ നിലത്തുറപ്പിച്ചിട്ടുള്ള ഒരു വെള്ളത്തൊട്ടി കണ്ണിൽ പെട്ടു. കുളികഴിഞ്ഞ് ഗംഗാജലം കൊണ്ടുവന്ന് എല്ലാവരും കമണ്ഡലു കമഴ്ത്തി തൊട്ടിയിൽ ഒഴിക്കുന്നു. പൂവും

ഇലയും വെള്ളവും കൊണ്ട് തൊട്ടി നിറയുന്നു: ഇതിന്നിടയിൽ വീരേശ്വരനെവിടെ? ഞാൻ കൈ നീട്ടി വെള്ളത്തിൽ തപ്പിനോക്കി; കല്ലു പോലെ എന്തോ ഒന്ന് കൈയിൽ തടഞ്ഞു. ഇതുതന്നെയാണോ അപ്പോഠം വീരേശ്വരൻ? ഞാൻ നനഞ്ഞ കൈകൊണ്ട് തലയിൽ തൊട്ടു; വെള്ളത്തിൽനിന്ന് ഒരുപിടി പൂ വാരിയെടുത്തു. കാത്യായനിയേയും വീരഭദ്രനേയും പ്രദക്ഷിണം വെച്ച് പുറത്തുപോന്നു. കൈ തുറന്നു നോക്കിയപ്പോഠം, ഒരു കുല എരിക്കിൻ പൂവ്.

അടുത്തുതന്നെയാണ് സങ്കടാക്ഷേത്രം. വലിയേച്ചി മുൻകൂട്ടിത്തന്നെ കുശുകുശുത്തുകൊണ്ട് ഏട്ടനോട് പറഞ്ഞുവെച്ചു: 'സങ്കടാദേവിയുടെ അമ്പലത്തിൽ കുറച്ചധികം വഴിപാട് കൊടുക്കണം'.

ക്ഷേത്രത്തിൻെറ വാതിൽക്കൽ കാൽവെച്ചതോടെ ഗുരുഗംഭീരമായ മന്ത്രദ്ധ്വനി കാതിൽ മുഴങ്ങി. ദേവിയുടെ തിരുമുമ്പിൽ നിരനിരയായി ബ്രാഹ്മണപണ്ഡിതന്മാർ കുശാസനം വിരിച്ച് ഇരിക്കുന്നു; ഏടുകഠം മറിച്ചുകൊണ്ട് ദേവീമാഹാത്മ്യം പാരായണം ചെയ്യുന്നു.

വലിയേച്ചി പറഞ്ഞു: 'നോക്കു നോക്കു, ഓരോ ബ്രാഹ്മണന്നും എന്ത് നിറം, എന്ത് തേജസ്സ്!'

ഉടുക്കാൻ പട്ട്, നെററിയിൽ സിന്ദൂരപ്പൊട്ട്; കണ്ടാൽ ബഹുമാനം കൊണ്ട് തല തനിയെ താണുപോകും.

അമ്പലത്തിൽ കടന്നപ്പോഠം ആദ്യം കണ്ണിൽ പെട്ടത് സങ്കടാദേവിയുടെ പൊന്നുകൊണ്ടുള്ള ഇടത്തുകാലടിയാണ്. വലത്തുകാൽ പൂവും ഇലയും കൊണ്ട് മൂടിയിരിക്കുന്നു. മാറും കൈയുമെല്ലാം ചേലയും പൂവും കൊണ്ട് മൂടിയിരിക്കുന്നു. വിളക്കിൻെറ ഒളിയിൽ മിനുമിനെ മിന്നുന്ന മുഖത്തിൻെറ പൊൻകവിളിൽ മാണിക്യത്തിൻെറ നാസാഭരണം മാത്രം തെളുതെളെ തിളങ്ങുന്നുണ്ട്.

സുഗന്ധം വമിക്കുന്ന ധൂപവും പുഷ്പങ്ങളും മന്ത്രഗാനങ്ങളും കൊണ്ട് അവിടം നിറഞ്ഞിരിക്കുന്നു. മിണ്ടാതെ ഒരു മൂലക്ക് മന്ത്രപാഠത്തിൻെറ രാഗം കേട്ടുകൊണ്ടങ്ങിനെ ഇരിക്കാൻ കൊതി തോന്നും.

വിശ്വനാഥൻെറ നടയടച്ചുകളയും, സമയം ഏറെയില്ല. എല്ലാരും കാൽ നീട്ടിവെച്ച് നടന്നു. മടിത്തുമ്പ് നിറയെ പൂവും വില്വപത്രവും വാങ്ങീട്ടുണ്ട് വഴിക്കുവെച്ച്.

തെല്ലിട നടന്നപ്പോഴേക്കും എങ്ങിനെയോ ഒരാഠക്കൂട്ടത്തിൻെറ ഒഴുക്കിൽ പെട്ടുപോയി. വലിയേച്ചിയുടേയും എൻേറയും കൈ വേർ

പെട്ടു. ആൾക്കൂട്ടത്തിൻെറ തലയ്ക്കു മുകളിലൂടെ ഒരാൾ മറേറ ആളുടെ നേർക്ക് കൈ നീട്ടും, അടുത്ത നിമിഷം തന്നെ തിരക്കിൽ ലയിച്ചുപോവും. മുങ്ങുന്നതിന്നിടയ്ക്ക് തല പൊക്കുമ്പോലെ. ഒരുപാടുനേരത്തെ വെപ്രാളത്തിനുശേഷം രണ്ടുപേരും അന്യോന്യം പിടിച്ചു പൂട്ടി.

വലിയേച്ചി ചോദിച്ചു: 'അവരെവിടെ?'

ഞാൻ പറഞ്ഞു: 'ഞാനും വിചാരപ്പെടുകയാണ്, അവരെവിടെ?'

'എവിടെ എവിടെ' എന്ന് തേടിത്തിരിയുമ്പോൾ അവരും 'അവരെവിടെ' 'അവരെവിടെ' എന്ന് അന്വേഷിച്ചുകൊണ്ട് പെട്ടെന്ന് വന്ന് കൈ കടന്നു പിടിച്ചു.

പണ്ഡ തൻെറ കൂററൻ തടി അമ്പലത്തിന്നുള്ളിലേക്ക് തിക്കിക്കടത്തിക്കൊണ്ട് പറഞ്ഞു: 'എൻെറ അരയിൽ പിടിച്ചുകൊണ്ട് പിന്നാലെ പിന്നാലെ വരു'.

ഇത്തിരി മാത്രമുള്ള സ്ഥലം; എണ്ണമററ ആളുകൾ ഒന്നിച്ചു കടക്കാൻ കൊതിക്കുകയാണ്. പോകണമോ? മനുഷ്യരും മനുഷ്യരും തമ്മിൽ അടിയും പിടിയും, ഉന്തും തള്ളും, പിടിയും വലിയും, ചവിട്ടും കുത്തും, മുഖവും തലമുടിയും പിടിച്ചു പറിക്കലും—വിശ്വനാഥൻെറ മുമ്പിൽവെച്ചുതന്നെ. ഒരു ഹിന്ദുസ്ഥാനി പെണ്ണിൻെറ ചുകന്ന കുപ്പായക്കൈ അപ്പടി പറിഞ്ഞുപോന്നു ആൾക്കൂട്ടത്തിൻെറ തള്ളലിൽ. അത് കണ്ട് ദേഷ്യം മൂത്ത അവൾ ഗംഗാജലം നിറച്ച മുരുട കൊണ്ട് അടുത്തുള്ള ആളുടെ ചുമലിൽ ഒരിടി വെച്ചുകൊടുത്തു. പരമശിവൻെറ ശിരസ്സിൽ അഭിഷേകം ചെയ്യാൻ കൊണ്ടുവന്ന ജലംകൊണ്ട് ആരുടെ തലയിലാണ് അഭിഷേകം കഴിച്ചതെന്ന ബോധമേ അവൾക്കില്ല.

അമ്പലത്തിൽ കടക്കാൻ കഴിയാതെ പോയാൽ പണ്ഡയ്ക്കാണ് അധികം നഷ്ടപ്പെടുമെന്നു തോന്നും. സംഗതി കണ്ട് പുള്ളി തൻെറ കൂററൻ ശരീരം ഇടത്തോട്ടും വലത്തോട്ടും ആട്ടാൻ തുടങ്ങി. ആ ആട്ടത്തിൽ ക്ഷണനേരത്തേക്ക് അയാളുടെ പിന്നിൽ ഒരു ഗഹ്വരം ഉളവായി. വലിയേച്ചിയും ഏട്ടനും ഞാനും അതിനുള്ളിൽ കടന്നുകൂടി. കണ്ണടച്ചു തുറക്കുംമുമ്പെ ഗഹ്വരം അടഞ്ഞു.

വിശ്വനാഥൻെറ ശിരസ്സിൽ മടിക്കുത്തിലെ പൂക്കൾ അർപ്പിച്ച്

ഞങ്ങരം പുറത്തു പോന്നു. രണ്ടു കൈകൊണ്ടും പണ്ഡ ഞങ്ങളെ കാത്ത് മുററത്തു വന്നുനിന്നു; എന്നിട്ട് പറഞ്ഞു: 'അതാ നോക്കു തമ്പുരാൻെറ വെള്ളിവാതിൽ, അതാ മേലെ പൊൻതാഴിക'.

പരമശിവൻെറ അടുത്തുതന്നെയാണ് അന്നപൂർണ്ണേശ്വരിയുടെ അമ്പലം. ദേവീക്ഷേത്രം വലത്തുവെച്ച് വന്നവഴിതന്നെ വീട്ടിലേക്ക് തിരിച്ചു. കല്ല് പാകീട്ടുള്ള വഴി, ഇടയിൽ നേർത്ത വിടവുകരം. ആ വിടവുകളിലൊന്നിൽ ചിറകു മുളക്കാത്ത, നേർത്ത് മഞ്ഞച്ച തൊലിയാൽ മൂടിയ, ഒരു തത്തക്കുഞ്ഞ് വീണുകിടക്കുന്നു. വഴിപോക്കരുടെ കാൽച്ചവിട്ടുകരം കൊണ്ട് വിറ കൊള്ളുന്ന ശരീരത്തിൽ രണ്ട് പിഞ്ചുകാലുകരം ചുരുണ്ടുകൂടി നിൽക്കുന്നു — തൊഴുതു പിടിച്ച കൈകരം നെഞ്ഞോട് ചേർത്തുവെച്ചതുപോലെ.

രണ്ടാമത്തെ നിലയിലെ മുറി, സ്തബ്ധമായ മദ്ധ്യാഹ്നം. ഞാൻ ജനലിന്നടുത്ത് കട്ടിലിന്മേൽ കിടക്കുകയാണ്. പഴക്കം ചെന്ന പുളിയുടേയും വേപ്പിൻേറയും കറുത്ത കൊമ്പുകരം തളിരുകളെക്കൊണ്ട് ആകാശത്ത് വല മടഞ്ഞു വെച്ചിരിക്കുന്നു. ഇന്നാണ് ചോറിൻെറ കൂടെ വേപ്പും വഴുതിനങ്ങയും കഴിച്ചത്. ചൂടുകാലം തുടങ്ങീട്ടുണ്ടാവും എന്നാൽ.

വെയിലിൻെറ ചൂടിൽ കാക്ക കരയുന്നു — 'കാ കാ;' കേട്ടിട്ട് തൊണ്ട വരളുന്നു. കണ്ണു രണ്ടും പൊത്തിപ്പിടിച്ച് കിടക്കയിൽ അമർന്നു കിടന്നു. കൂവളത്തിൻെറ മറവിൽനിന്ന് അരിപ്പിറാവ് കുറുകുന്നു — 'ഘു ഘു;' എവിടെച്ചെല്ലുന്നതിനോ ഇത്രയും നിഷേധം, അവിടേക്ക് മനസ്സ് പാഞ്ഞു ചെല്ലുന്നു.

അടച്ച കണ്ണ് തുറന്നു പിടിച്ചു. പച്ചത്തളിരുകരംക്കുമീതെ വെയിൽ മിന്നിത്തിളങ്ങുന്നു — കണ്ണിനുമുമ്പിൽ ഒരു സ്വപ്നചിത്രം കാണുംപോലെ.

വലിയേച്ചി ഈറൻ തുണികരം വെയിലത്ത് തിരിച്ചും മറിച്ചും പിടിച്ച് ഉണക്കിയെടുത്ത് മടക്കി മുറിക്കുള്ളിൽ വെക്കുന്നു; മുരുടയിലും കൂജയിലും വെള്ളം പിടിച്ചുവെക്കുന്നു; നാനാ ദേവ–ദേവിമാരുടെ ആശീർവ്വാദരൂപത്തിലുള്ള പൂവും ഇലയും വർത്തമാനപത്രത്തിലിട്ട് വരാന്തയിൽ വീണിരിക്കുന്ന വൈകുന്നേരത്തെ വെയിലിൽ ചിക്കിപ്പരത്തുന്നു. നാട്ടിൽ തിരിച്ചെത്തിയാൽ എല്ലാവർക്കും കുറേശ്ശെക്കുറേശ്ശ കൊടുക്കണം. ഉണക്കിയെടുത്തില്ലെങ്കിൽ അപ്പോഴേക്കും ചീ

ഞ്ഞുപോവും. വലിയേച്ചിയുടെ പണിക്ക് അവസാനമില്ല; എന്തെങ്കിലും ചെയ്ത് പണിയുണ്ടാക്കിവെക്കും! 'അല്ലെങ്കിൽ എനിയ്ക്ക് സമയം പോവില്ല' എന്നാണ് പറയുക.

ഏട്ടൻ പറഞ്ഞു: 'പോകാം, ഒരുങ്ങു; നമുക്ക് കേദാരേശ്വരനെ ദർശിച്ച് വരാം',

ഘടികാരസൂചിക്കൊപ്പിച്ചാണ് ഏട്ടന്റെ പോക്ക്; ചുററിസ്സഞ്ചരിക്കാൻ ഇറങ്ങിയാലും ഇങ്ങോ അങ്ങോ ആയിപ്പോവില്ല. ഏഴുമണി പത്തുമിനിററിന് തിരിച്ചുവരാനാണ് നിശ്ചയമെങ്കിൽ, ഏഴുമണി എട്ടുമിനിററിനുതന്നെ തിരിച്ചെത്തും. 'രണ്ടുമിനുട്ട് മുൻകൂട്ടി വരുന്നതാണ്, വൈകിക്കുന്നതിനേക്കാൾ നല്ലത്'' എന്നാണ് പറയുക.

ജ്ഞാനമഹാരാജിന്റെ അമ്മ പറഞ്ഞിരുന്നു, 'രണ്ട് റിക്ഷ പിടിച്ച് പോയ്ക്കോളു; റിക്ഷയൊന്നിന് ആറണവീതം പന്ത്രണ്ടണയാവും' എന്ന്. അൽപം മുമ്പാണ് അവർ വന്നത്. പരിചയമില്ലാത്ത സ്ത്രീ, ഞങ്ങൾക്ക് ആദ്യം തിരിച്ചറിയാൻ കഴിഞ്ഞില്ല. 'കാശിയിലേക്കല്ലേ പോകുന്നത്, എന്റെ അമ്മയെ കാണണം' എന്ന് ജ്ഞാനമഹാരാജ് പറഞ്ഞിരുന്നു. രാവിലെ അവരുടെ വീട്ടിൽ ചെന്നപ്പോൾ കാണാൻ കഴിഞ്ഞില്ല. അവർ അമ്പലത്തിൽ പോയിരിക്കയായിരുന്നു. അതാണ് ഉച്ചയ്ക്ക് അവർ തന്നെ വന്നത്.

ഞാൻ പറഞ്ഞു: 'ജ്ഞാനമഹാരാജിന്റെ അമ്മയെന്നുവെച്ചാൽ മനസ്സിൽ കരുതിയിരുന്നത്, തല നിറയെ നരച്ച മുടിയോടെ സിന്ദൂരവും ചാർത്തി കൊഴുത്തുരുണ്ട ഒരു സ്ത്രീയെയാണ്''.

അവർ ചിരിച്ചുകൊണ്ട് ചോദിച്ചു: 'എന്നിട്ട് ഇപ്പോൾ എന്താണ് വിചാരിക്കുന്നത്?'

'ഇപ്പോഴോ, എന്റെ അനിയത്തിയെന്ന്''.

സുന്ദരിയും സ്മിതമുഖിയുമായ ഒരു അഭിജാത സ്ത്രീ. സേവാശ്രമത്തിന്നടുത്തുതന്നെയാണ് താനും ഭർത്താവും താമസിക്കുന്നത്. ജ്ഞാനമഹാരാജ് 'അമ്മ' യെന്നാണ് വിളിക്കാറ്. അവർ ഒരുപാടു നേരം ഇരുന്ന് ഞങ്ങളുടെ കൂടെ വെടി പറഞ്ഞു. 'കേദാരേശ്വരനെ ദർശിച്ചിട്ട് ഒരു തവണ തില — ഭാണ്ഡേശ്വരനേയും ദർശിച്ചിട്ട് വരണം: അടുത്തടുത്താണ്'' എന്ന് അവർ തന്നെയാണ് പറഞ്ഞത്.

പക്ഷെ റിക്ഷക്കാർക്ക് ഞങ്ങൾ സ്ഥലം പരിചയമില്ലാത്തവരാണെന്ന് മനസ്സിലായി. 'ഏ റിക്ഷാ, കേദാരേശ്വരക്ഷേത്രത്തിലേക്ക് പോ

കുമോ? എത്രയാകും?' എന്ന് കേറംക്കുമ്പോഴേക്കും അവർ പറയും, 'രണ്ടര ഉറുപ്പിക',

ഒടുക്കം വളരെ പ്രയാസപ്പെട്ടതിനുശേഷം കേദാരേശ്വരക്ഷേത്രത്തിലേക്ക് പോകുന്ന രണ്ട് റിക്ഷ തരപ്പെട്ടു. ഇവിടെ ഇത് വലിയൊരു ആശ്ചര്യമാണ്; ദൂരെനിന്ന് അമ്പലത്തിന്റെ താഴിക കാണാൻ പററില്ല. തെരുവുകളിലൂടെ കടന്നുപോയി റിക്ഷ പൊടുന്നനെ ഒരു വാതിൽക്കൽ ചെന്നുനിന്നു. 'അമ്പലം എത്തി' എന്ന് പറഞ്ഞു റിക്ഷക്കാരൻ.

ഞങ്ങറം തല കുനിച്ചുകൊണ്ട് ഉള്ളിൽ കടന്നു; ഇരുട്ടു മൂടിയ വഴിയിലൂടെ മുന്നോട്ടു നീങ്ങി, അതിലും ഇരുട്ടുപിടിച്ച സ്ഥലത്തെത്തി, പിന്നേയും തല കുനിച്ചു — എന്നിട്ടാണ് കേദാരേശ്വരനെ കാണാൻ കഴിഞ്ഞത്. അൽപം കെട്ടിപ്പടുത്തിട്ടുള്ള നിലത്ത് പൊങ്ങിയും താണുമുള്ള ഒരു ഉരുണ്ട കല്ല് — ഗിരിഗോവർദ്ധനനെപ്പോലെ. കല്ലിൽ കൊത്തിയ ശിവലിംഗം പോലെയല്ല ഇത്; സാധാരണ കല്ലാണ്.

പണ്ഡ കേദാരേശ്വരന്റെ മീതെനിന്ന് പൂവും വില്വപത്രവും നീക്കി പറഞ്ഞു: 'ഇതു കണ്ടോ, ഇതാ ഈ പൊങ്ങിയും താണുമുള്ള സ്ഥലം, ഇവിടെ ഗൌരിയുണ്ട്, ഹരനും ഗൌരിയും'. ഇതും പറഞ്ഞ് അയാറം എന്റെ കൈ പിടിച്ച് കേദാരേശ്വരന്റെ തലയിൽ ഉരസി. പായൽ പിടിച്ച് വഴുവഴുത്ത ശരീരം, വാലും തുമ്പും പിടികിട്ടിയില്ല.

പണ്ഡ പറഞ്ഞു: 'പതിനെട്ടുവട്ടം കേദാരബദരിയിൽ ചെന്നാലത്തെ ഫലം കിട്ടും ഈ കേദാരേശ്വരക്ഷേത്രത്തിൽ ഒരു തവണ വന്നാൽ'.

എട്ടൻ വേഗം കേദാരേശ്വരനെ തൊട്ടുകൊണ്ട് പറഞ്ഞു: ഒരു തവണ തന്നെ പോയെന്നും വരാം, ഇല്ലെന്നും വരാം. ഇരിക്കട്ടെ ഒററയടിക്ക് പതിനെട്ടു വട്ടം പോയാലത്തെ ഫലം'.

ഇതിലിടക്ക് പണ്ഡ വലിയേച്ചിയെ പിടികൂടിക്കഴിഞ്ഞിരുന്നു: 'അമ്മാ, സാറിനോട് പറയു, രണ്ടര ഉറുപ്പിക കേദാരേശ്വരന്ന് വഴിപാട് കൊടുക്കാൻ'. ഏട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു: 'എന്തൊരാശ്ചര്യമാണെന്ന് നോക്കു. ഞാൻ ഭാര്യയുടെ ചൊൽപ്പടിക്ക് നിൽക്കുന്നവനാണെന്ന് പണ്ഡ കൂടി ക്ഷണനേരം കൊണ്ട് മനസ്സിലാക്കിക്കളഞ്ഞു' എന്ന് പറഞ്ഞുകൊണ്ട് വലിയേച്ചിയുടെ കൈയിൽ പണം കൊടുത്ത് അവിടെനിന്ന് പുറത്തിറങ്ങി പോയി.

'ഓ സാറേ, സാറേ, അമ്മയുടെ ചമയം കണ്ടിട്ട് പോകു.' മററൊരു പണ്ഡ പിന്നാലെ പാഞ്ഞുവന്നു.

മനസ്സ് കുതൂഹലം പൂണ്ടു. മരവാതിലിൻെറ വിള്ളലിലൂടെ പണ്ഡ കാട്ടിത്തന്നു — 'അതാ കണ്ടോ'.

ശ്രീകോവിലിന്നുള്ളിൽ അകലെ ഒരു വശത്ത് ശാന്തിക്കാരൻ ഗൌരിയ്ക്ക് തിരുവാട ചാർത്തുകയാണ്. പനിനീർപ്പൂ നിറത്തിലുള്ള ചേല; ഞെറി വെച്ച് ചുററി ചേലാഞ്ചലം അമർത്തിപ്പിടിച്ച് അരയിൽ വെള്ളിയരഞ്ഞാൺ കെട്ടി. മാലയും ചന്ദനവും ചാർത്തി, സിന്ദൂരപ്പൊട്ട് കുത്തി, ധൂപവും തിരിയും കത്തിച്ചു, ദീപാരാധനക്ക് മുമ്പുള്ള ചമയിക്കൽ കഴിഞ്ഞു.

'അല്ലാ, എന്താ കഥ! പോവുകയാണോ? അമ്മയുടെ ചമയപ്പാട് എന്താ സംഗതി; അതല്ലേ ഞാൻ കാട്ടിത്തന്നത്; നല്ലൊരു ദക്ഷിണ കൊടുക്ക്''. എന്നായി പണ്ഡ.

തിലഭാണ്ഡേശ്വരന്ന് പക്ഷെ ഈവക സൊല്ലയൊന്നുമില്ല. കേദാരേശ്വരക്ഷേത്രത്തിൽനിന്ന് ഇവിടെ വന്നപ്പോഠം അതുകൊണ്ട് വലിയൊരാശ്വാസം തോന്നി.

വിപുലഗാത്രനാണ് തിലഭാണ്ഡേശ്വരൻ; ശ്രീകോവിലിലെ വെളുത്ത നിലം മറച്ചുകൊണ്ട് നിൽക്കുന്ന ഒരു കുംഭഗോപുരം പോലുണ്ട്. ഇവിടുത്തെ ചമയപ്പാട് കഴിഞ്ഞിരിക്കുന്നു. പോളീഷിട്ട് മിനുക്കിയ കരികൽ വിഗ്രഹം മൂടിക്കൊണ്ട് ചുകപ്പും മഞ്ഞയും വെള്ളയും നിറത്തിലുള്ള പൂക്കഠംക്കിടയിൽ വരിവരിയായി പച്ചനിറത്തിലുള്ള കൂവളയില മെടഞ്ഞു വെച്ചിരിക്കുന്നത് കാണാൻ എന്ത് ചന്തമാണ്. നടുക്ക് രുദ്രാക്ഷമാല അടുപ്പിച്ച് ചുററിവളച്ച് വെച്ചിരിക്കുന്നതുകണ്ടാൽ തലയ്ക്കുമുകളിലെ ജടാജടൂമാണെന്നേ തോന്നു.

ദീപാരാധനയ്ക്കുമുമ്പായി ശാന്തിക്കാരൻ വെണ്ണക്കല്ല് പാകിയ നിലം കഴുകിത്തുടച്ച് വെടിപ്പാക്കുന്നു. ഇപ്പോഠം ഉള്ളിൽ കടക്കുന്നത് നിഷേധിച്ചിരിക്കയാണ്. പോകാൻ തോന്നുന്നുമില്ല—അത്ര വൃത്തിയും വെടിപ്പുമുണ്ട്.

വാതിലിന്നു മുമ്പിൽ ഇരിക്കുമ്പോഠം ഓർത്തുകൊണ്ടേയിരുന്നു —അവനീന്ദ്രനാഥൻ ഒരിക്കൽ തങ്ങളുടെ പാഠകക്കാരനെ വർണ്ണിച്ചുകൊണ്ട് പറഞ്ഞിരുന്നു, 'കറുത്ത് മിനുമിനുത്ത ശരീരം; അയാഠം പാഠകം പറയാനിരിക്കുമ്പോഠം തിലഭാണ്ഡേശ്വരൻെറ വിഗ്രഹംപോലെ

തോന്നും' എന്ന്. അങ്ങിനെയാണ് പേര് കേട്ടിരുന്നത്, ഇപ്പോഠം സ്വന്തം കണ്ണുകൊണ്ട് കാണുകയും ചെയ്തു.

തിലഭാണ്ഡേശ്വരൻ എല്ലാരുടെ മനസ്സിലും പ്രസന്നത ഉളവാക്കിയിരിക്കുന്നു; അതുകൊണ്ട് വിശ്വനാഥന്റെ ദീപാരാധന കാണുന്നത് ഇന്നുതന്നെയാവട്ടെ. ഇനിയും സമയമുണ്ട്, ചെന്നെത്താം. വിശ്വനാഥന്റെ ദീപാരാധന കാണേണ്ടതാണത്രെ.

വലിയേച്ചി പറഞ്ഞു: 'കഴിഞ്ഞ തവണ വന്നപ്പോഠം ആളുകളുടെ തലയുടെ ഇടയിലൂടെ എത്തിയും പാളിയും നോക്കി ദീപാരാധനയുടെ പ്രകാശം ഒരു ലേശം കണ്ടതേയുള്ളു. പറയാൻ മാത്രമൊന്നും കാണാൻ തരമായില്ല — അതിന്നുതന്നെ എന്തു ഭംഗിയാണെന്നോ!'

ശ്രീപണ്ഡയാണ് ഞങ്ങളുടെ ശരിയായ പണ്ഡ. വലിയേച്ചി അയാളെ പിടിച്ചു: പണ്ഡത്തിരുമേനി, തമ്പുരാന്റെ ദീപാരാധന കാട്ടിത്തരണം ഞങ്ങഠംക്ക്'.

പണ്ഡ പറഞ്ഞു; 'ഒ്ഹാ ഒ്ഹാ, ഞാൻ തന്നെ കാട്ടിത്തരാം. ഞാൻ കാട്ടിത്തന്നില്ലെങ്കിൽ പിന്നെ ആരാ കാട്ടിത്തരിക? വരു എന്റെ കൂടെ'.

പണ്ഡ ഞങ്ങളെ കൊണ്ടുചെന്ന് വിശ്വനാഥന്റെ ശ്രീകോവിലിന്റെ നാലു വാതിലിൽ ഒന്നിന്റെ മുമ്പിൽ ഇരുത്തീട്ട് പറഞ്ഞു: 'ഇവിടെത്തന്നെയിരിക്കണം, എഴുന്നേററ് അങ്ങുമിങ്ങും പോവരുത്, സ്ഥലം മററു വല്ലവരും പിടിച്ചുകളയും.'

മുഴുവൻ ദിവസത്തേയും വെള്ളവും ചളിയും കൊണ്ട് വഴുവഴുക്കുന്നു വിശ്വനാഥന്റെ ശ്രീകോവിൽ. ആഠംക്കൂട്ടത്തെ തടഞ്ഞുനിർത്തിക്കൊണ്ട് രണ്ട് ശാന്തിക്കാർ നിലം വൃത്തിയാക്കുന്നു. കെട്ടുകെട്ടായി പൂവും ഇലയും ശിവകുണ്ഡത്തിൽനിന്ന് വാരിയെടുത്ത് കൊട്ടയിലിടുന്നു. നനഞ്ഞ സ്ഥലം തുണികൊണ്ട് തുടച്ച് ഉണക്കിയെടുക്കുന്നു.

വെള്ളികൊണ്ട് പടുത്ത ശിവകുണ്ഡത്തിന്റെ ഓവുചാൽ ഉള്ളിൽനിന്ന് തുറന്നുവെച്ചിട്ടുണ്ടെന്ന് തോന്നുന്നു. അതിലൂടെ പാലൊഴിച്ച വെള്ളം അൽപാൽപമായി പുറത്തുപോവുന്നു; ഉള്ളിൽനിന്ന് വിശ്വനാഥൻ പതുക്കപതുക്കെ തല പൊന്തിക്കുന്നു.

'ഹര ഹര മഹാദേവാ', 'ശിവശംഭോ' എന്ന് പറഞ്ഞുകൊണ്ട് കുള്ളനായ ഒരു വൃദ്ധബ്രാഹ്മണൻ മുമ്പിൽ മുട്ടുകുത്തിയിരുന്ന്

ശിവൻെറ തിരുവുടൽ വൃത്തിയാക്കിക്കൊണ്ടിരുന്നു.

വെള്ളം കുറഞ്ഞുകുറഞ്ഞ്, കെട്ടിപ്പടുത്ത ചെമ്പുതറ കാണായി. വൃദ്ധൻ രണ്ടു കൈയും തലയ്ക്കുമീതെ പൊക്കി വജ്രനിനാദത്തോടെ വിളിച്ചുപറഞ്ഞു — 'ദാതാ ശിവശംഭു കി ജയ് ഹോ'.

ആ വിളിയിൽ അമ്പലത്തിൻെറ അകവും പുറവും വിറകൊണ്ടു. വിളി നിൽക്കുന്നില്ല; കാർമേഘത്തിൻെറ ഗർജ്ജനം പോലെ, വജ്രപാതത്തിൻെറ പ്രഥമസൂചനപോലെ, ആ ഗുരുഗംഭീരധ്വനി മുഴങ്ങിക്കൊണ്ടേയിരുന്നു. ആ സൂചന മച്ചിന്മേലും ചുമരിന്മേലും വായുവിലും ആൾക്കൂട്ടത്തിലും ചെന്നലച്ച് തിരിച്ചുവന്നുകൊണ്ടിരുന്നു; വിരാമമില്ല.

ശാന്തിക്കാർ പുറത്തുപോയി. മുറിയിൽ ഇപ്പോൾ മുഗ്ദ്ധനായ ആ വൃദ്ധൻ തനിച്ചേയുള്ളു. ഒരു കൊച്ചുകുട്ടി ഉള്ളിൽ കടന്നു — കുടം നിറയെ പാല്, കൂട നിറയെ പൂമാല, തളിക നിറയെ നൈവേദ്യം, വിളക്കിൻതിരി മുതലായി പൂജയ്ക്കു വേണ്ടുന്ന നാനാസാമഗ്രികളുമായി. വൃദ്ധന്ന് ഒരിടത്തേക്കും നോട്ടമില്ല; തന്മയനായി വിശ്വനാഥനെത്തന്നെ നോക്കുകയും ശരീരം ആട്ടിക്കൊണ്ട് ചിരിക്കുകയുമാണ്.

കുട്ടി മുന്നോട്ട് ചെന്ന് പൂജയ്ക്കുള്ള ഉപചാരങ്ങൾ അടുത്തേക്ക് നീക്കി. കുടമെടുത്ത് വൃദ്ധൻെറ കൈയിൽ കൊടുത്തു; വൃദ്ധൻ കുടുകുടെ പാലൊഴിച്ച് വിശ്വനാഥനെ കുളിപ്പിച്ചു. പാല് കഴിഞ്ഞിട്ട് വെള്ളമൊഴിച്ചു, വെള്ളം കഴിഞ്ഞിട്ട് നെയ്യ് പുരട്ടി. സ്നാനപർവ്വം സമാപ്തമായപ്പോൾ പ്രസാധനം ആരംഭിച്ചു. വെള്ളിപ്പാത്രം നിറയെയുള്ള ചന്ദനവും കുങ്കുമവും കൈയിലൊഴിച്ച് ശിവൻെറ ശിരസ്സിൽ ചാർത്തി. കുതിർന്ന ഉണക്കലരി വിതറി ശരീരത്തിൽ കുറിതൊട്ടു. ചന്ദനം പൂശിയ ശിവൻെറ ശരീരത്തിൽ വെള്ള അരിമണികൾ മനോഹാരിതയോടെ ഒട്ടിപ്പിടിച്ച് കിടന്നു. തഴക്കവും പഴക്കവും വന്ന കൈയിൻെറ ചമയപ്പാടാണ്. കഴുത്ത് തിരിച്ചും ചെരിച്ചും കൊണ്ട് നോക്കുന്ന വൃദ്ധന്ന് എന്ത് തദ്ഗതഭാവമാണ്. കുട്ടി പൂജാസാമഗ്രികൾ ഓരോന്നായി കൈയിൽ കൊടുക്കുന്നു, വൃദ്ധൻ സ്വയം വിസ്മരിച്ചുകൊണ്ട് ഭോലാനാഥനെ പൂജിക്കുന്നു. ചന്ദനം പൂശിഅയാൾ കൂപ്പിയ കൈകൾ പിന്നേയും പിന്നേയും തലയിൽ മുട്ടിക്കുമ്പോൾ — ഭക്തിയുടെ ആ രൂപം കാണികളുടെ ഉള്ളും ഇളക്കുന്നു. കല്ലുകൊണ്ടുള്ള തേവരുടെ ദേഹത്ത് ആ രണ്ടു കൈകളുടെ എന്തൊരു

കോമളസ്പർശമാണ്! 'നോവിക്കുകയാണോ?' എന്നൊരു ഭാവമാണ് വിരൽത്തുമ്പുകളിൽ.

കുട്ടി വെള്ളയുമ്മത്തപ്പൂവിന്റെ ഒരു ചെണ്ട് വൃദ്ധന്റെ കൈയിൽ കൊടുത്തു; വൃദ്ധൻ അത് ശ്രദ്ധയോടെ ശിവന്റെ ശിരസ്സിൽ ഉറപ്പിച്ചു നിർത്തി. ശിവന്റെ ശിരസ്സിന്ന് ചുററും പൂവിതളുകൾ തൂങ്ങിനിൽക്കുന്നു. അതിന്നു മുകളിൽ ചെണ്ടുമല്ലിച്ചുരുൾ ഉറപ്പിച്ചു; അതിന്നുമുകളിൽ വീണ്ടും ഉമ്മത്തച്ചെണ്ട്; വീണ്ടും ചുരുൾ, വീണ്ടും ചെണ്ട്. ഇങ്ങിനെ മുകളിലോട്ട് പോകുന്തോറും വലിപ്പം ചുരുങ്ങി ച്ചുരുങ്ങി തലയ്ക്കുമുളകിൽ ഉമ്മത്തത്തിന്റെ ഒരുമുടി ഉയർന്നു. ഗൌരീശൃംഗത്തിന്റെ ശിഖരത്തിൽ മഞ്ഞ് വീണതുപോലെ.

എല്ലാം കഴിഞ്ഞ് നീണ്ടൊരു എരിക്കിൻ പൂമാല ശിവന്റെ ശിരസ്സ്ചുററി താഴോട്ട് വീണ് പാലും വെള്ളവും നിറഞ്ഞ കുണ്ഡത്തിൽ ഒഴുകാൻ തുടങ്ങി.

'ഹര ഹര ശങ്കര', 'ജയ ജയ ഹരേ' ശബ്ദത്തോടെ പൂജ അവസാനിച്ചു.

ചുമരും ചാരി നിന്നിരുന്ന രണ്ട് പണ്ഡമാർ പൂമാലകൾ വാരി വൃദ്ധാന്റെ കഴുത്തിലെറിഞ്ഞു; ശിവന്റെ തലയിലെ ചെണ്ടുമല്ലികപ്പൂവും ഉമ്മത്തപ്പൂവും വാരിവലിച്ചിട്ടു; ചന്ദനവും കുങ്കുമവും വടിച്ചെടുത്ത് പാത്രത്തിലാക്കി. പതിനൊന്ന് ശാന്തിക്കാർ തിടുക്കത്തിൽ ശ്രീകോവിലിന്നുള്ളിൽ കടന്നു.

ശരിയായ ദീപാരാധന ഇനിയാണ്. പതിനൊന്ന് ശാന്തിക്കാരുടെ പൂച്ചെണ്ടുകളും പാൽക്കുടങ്ങളും ജലകുംഭങ്ങളും പഞ്ചപ്രദീപങ്ങളും തയിരും പായസവും ഇരിപ്പിടങ്ങളും ഡമരുവും കൊണ്ട് സ്ഥലം നിറഞ്ഞു. പതിനൊന്ന് ശാന്തിക്കാർ വിശ്വനാഥനെ ചുഴന്നുകൊണ്ട് ഇരുന്നു. പതിനൊന്നു കുടം പാലൊഴിച്ചു, വെള്ളമൊഴിച്ചു. പതിനൊന്നു പാത്രം ചന്ദനവും നെയ്യും പുരട്ടി. പതിനൊന്ന് കുല വില്വപത്രവും തുളസിത്തൊത്തും തലയിൽ ചൂടിച്ചു. പതിനൊന്ന് കെട്ട് മാല ചാർത്തി. വെള്ളികൊണ്ടുള്ള പഞ്ചസർപ്പമുടി ശിവന്റെ ശിരസ്സിൽ അണിയിച്ചു; അഞ്ച് സർപ്പങ്ങളുടെ അഞ്ച് ഫണങ്ങൾ ശിവന്നു മുകളിൽ ശോഭിച്ചു. ഓരോ ഫണത്തിന്മേലും മാല തൂങ്ങുന്നു; ഒരോ മാലയും കുണ്ഡത്തെ മറക്കുന്നു.

പതിനൊന്ന് മണികൾ മുഴക്കി, പതിനൊന്ന് വിളക്കുകൾ കൊളുത്തി പതിനൊന്ന് ശാന്തിക്കാർ ദീപാരാധന ചെയ്യുന്നു. കർപ്പൂരം

ആളിയാളി കത്തുന്നു, കൈയിലേയും മാറത്തേയും മാംസപേശികൾ താളത്തിനൊത്ത് നൃത്തം വെക്കുന്നു. മന്ത്രഗാനത്തിൻെറ മുഴക്കത്തിൽ വായു വിറ കൊള്ളുന്നു; പെരുമ്പറ മുഴങ്ങുന്നു, ഡമരു മുഴങ്ങുന്നു, ചേങ്ങലയും കൊമ്പും മുഴങ്ങുന്നു. വെള്ളിത്തളികയിൽ പതിനൊന്ന് തുളസിയിലയോടെ നൈവേദ്യം നിവേദിക്കുന്നു; ഹുങ്കാരത്തോടെ ജയദ്ധ്വനി മുഴക്കിക്കൊണ്ട് എല്ലാരും സാഷ്ടാംഗം വീഴുന്നു. വിശ്വനാഥൻെറ ദീപാരാധന കഴിയുന്നു.

ഞങ്ങൾ പ്രസാദമായ കുങ്കുമവും മാലയും ചന്ദനവും പായസവും എടുത്ത് തുറന്ന വഴിക്ക് വന്നു. ഒരു പർവ്വം, ഒരു അഭിനയം, ഒരു താളവട്ടം കണ്ട് വന്നതുപോലെ തോന്നി. വ്രജരമണൻ പറഞ്ഞു: 'കേവലം അഭിനയം മാത്രമല്ല, അഭിനവാഭിനയം'.

വലിയേച്ചി പറഞ്ഞു: 'എത്ര ജന്മങ്ങളിലെ പുണ്യത്തിൻെറ ഫലമാണ്; ഇത്ര സർവ്വാംഗസുന്ദരമായ ദർശനം ലഭിച്ചത്, അതൊന്നു കൊണ്ടാണ്''.

ഞാൻ പണ്ഡയോട് ചോദിച്ചു: 'പിന്നെ ശാന്തിക്കാരാണല്ലൊ ദീപാരാധന നടത്തിയത്; പക്ഷെ ആദ്യം കണ്ട വൃദ്ധൻ ആരാണ്?'

'അയാൾ ഒരു ഭക്തനാണ്. പണ്ഡമാരുമായി ഒരു കരാറുണ്ട്, നിത്യവും എല്ലാവർക്കും മുമ്പേ അയാൾ വിശ്വനാഥന് പൂജ നൽകുമെന്ന്. ചെറിയ കുട്ടി പേരമകനാണ്.

'ആ പെണ്ണോ? പ്രായം ഏറെയൊന്നുമാവാത്ത ആ പെൺകിടാവ് — പത്തൊമ്പതിരുപത് വയസ്സായ ആ പെൺകുട്ടി — പാറിപ്പറക്കുന്ന തലമുടിയോടെ നെററിയിൽ ചിന്തൂരം തൊട്ട് ചുകന്ന കരയുള്ള സാരിയുമുടുത്ത് രണ്ട് പുരുഷന്മാരുടെ കൂടെ — അച്ഛനും ഏട്ടനുമായിരിക്കണം — വന്ന ആ പെണ്ണ്? ''സന്യാസിയമ്മ'' ''സന്യാസിയമ്മ'' എന്ന് പറഞ്ഞുകൊണ്ട് വളരെബഹുമാനത്തോടെ നിങ്ങളുടെ മച്ചുനൻ പണ്ഡ വാതിൽക്കൽനിന്ന് എതിരേററ് ഇരുത്തിയില്ലേ — അതാരാണ്?

'അതാർക്കുമറിയില്ല. തമ്പുരാൻെറ തിരുവുള്ളം, എന്തെല്ലാം രൂപത്തിലാണ് അവിടുന്ന് എഴുന്നള്ളുക എന്ന് നമുക്കെങ്ങിനെ പറയാം?'

കിടപ്പുമുറി തൊട്ടുകൊണ്ട് ഒന്നാന്തരം കുളിമുറി. കുഴൽവെള്ളം, മി

നുങ്ങുന്ന നിലം, തുടച്ചു മിനുക്കിയ ജനൽ — ഇങ്ങിനെ കുളിച്ചാൽ മനസ്സിന് നല്ല വിശ്രമം കിട്ടും.

പുലർകാലത്ത് സാരിയും സോപ്പുമായി ഞാൻ കടക്കാൻ ഭാവിക്കുമ്പോൾ വലിയേച്ചി വന്ന് ശാസിച്ചു: 'അവിടെയാണോ കുളിക്കാൻ ഭാവം? ഗംഗയിലേക്ക് പോ. ഞാൻ പറഞ്ഞു: 'ഇന്ന് പിന്നെ ഒരു ദിവസം — '

'പററില്ല, ഇന്ന് ഷഷ്ഠിയാണ്, വാസന്തിപൂജയുടെ ആദ്യത്തെ ദിവസം. ഗംഗയിൽ കുളിക്കില്ലെന്ന് പറയാൻ തന്നെ പാടില്ല.

അതിൻെറ പിറേറന്ന് സപ്തമിയാണ്. ആപത്ത്! സപ്തമി ദിവസം ഗംഗയിൽ കുളിക്കാഞ്ഞാൽ പററുമോ?'

'മഹാഷ്ടമിയിലാണെങ്കിൽ ഗംഗയിൽ മുങ്ങാതെ പററില്ല തന്നെ. തിഥിയെന്നുവെച്ചാൽ വെറും തിഥിയാണോ? മഹാഷ്ടമി എന്നു പറയുന്ന തിഥിയാ!'

'അഷ്ടമിക്കുശേഷം നവമി. ഇത് പിന്നെ അങ്ങിനെയും ഇങ്ങിനെയുമുള്ള നവമിയല്ല, രാമനവമിയാണ്, ശ്രീരാമചന്ദ്രൻെറ ജന്മനാൾ. ദിവസം കഴിയുന്തോറും ലോകം പാതാളത്തിൽ ആഴുകയാണ്; ഏത് പാപം കാരണമാണ് വീട് തോറും ഈ ദുർഗ്ഗതി എന്ന് ആർക്കറിയാം? നീ വീട്ടിലെ വധുവല്ലേ, എൻെറ ആങ്ങളക്ക് നല്ലത് വരട്ടെ: നടക്ക്, ഇങ്ങിനത്തെ ദിവസം മാതാഗംഗയിൽ രണ്ട് മുങ്ങ് മുങ്ങി വരാം'.

രക്ഷയില്ല.

വിന്ധ്യാചലത്തിലേക്ക് പോയാൽ കൊള്ളാമെന്നുണ്ട്. വഴിത്തിരിവിൽ നിരനിരയായി ടാക്സികൾ നിൽക്കുന്നുണ്ട്. കടവിലേക്കുള്ള വഴിക്കുവെച്ച് ഞാൻ കൂലി എത്രയാണെന്ന് അന്വേഷിച്ചു. പോകാനും വരാനും കൂടി എൺപതുറുപ്പിക വാടക വേണമത്രെ; രാവിലെ കൊണ്ടുചെന്ന് വൈകുന്നേരം ഇവിടെ എത്തിക്കും.

'ഒട്ടും കുറയില്ലേ' എന്ന് ഞാൻ ചോദിച്ചു.

ടാക്സിക്കാരൻ പറഞ്ഞു: 'പറഞ്ഞതുതന്നെ കുറച്ചിട്ടാണ് പറഞ്ഞത്. നിങ്ങൾ ബംഗാളികളാണ്; ഞാനുമതെ, അതുകൊണ്ട്. ഇപ്പോൾ നിത്യവും എത്രആളാണ് വിന്ധ്യാചലത്തിലേക്ക് പോകുന്നതെന്നോ; തിഥിയായല്ലെ. സ്റ്റാൻഡിൽവന്ന് നിൽക്കാൻ തന്നെ ആകുന്നില്ല. വിലപേശലിൻെറ കാര്യമേ പറയാനില്ല, ആളുകൾ കൊ

ണ്ടുചെല്ലാൻ ഇങ്ങോട്ട് സേവ പിടിക്കുകയാണ്. വരുന്ന രണ്ട് ദിവസത്തേയ്ക്ക് ''ബുക്ക്ഡ്'' ആണ്. മററന്നാൾ പോകാം. ഇപ്പോൾ പോയിട്ട് എന്ത് ചെയ്യാനാണ്? എന്താ തിരക്ക്! പോയാൽത്തന്നെ ദേവിയെ ദർശിക്കാൻ തരമാവില്ല; ഉള്ളിൽ കടക്കാൻ പോലും കഴിയില്ല'.

'കഴിയും കഴിയും' എന്ന് പറഞ്ഞുകൊണ്ട് അടുത്തുള്ള ടാക്സിയിൽനിന്ന് മററൊരു ടാക്സി ഡ്രൈവർ ഇറങ്ങിവന്നു. 'പണ്ഡയുണ്ട് അവിടെ. അയാളെ പിടിച്ചാൽ ദേവിയെ ശരിക്ക് കാട്ടിത്തരും. ഞാൻ എഴുപത്തഞ്ചുറുപ്പികക്ക് കൊണ്ടുപോകാൻ തയ്യാറാണ്; വരു' എന്നായി അയാൾ.

ആദ്യത്തെ ഡ്രൈവർക്ക് ശുണ്ഠി കയറി: 'ഞാൻ ഇന്നലെ പോയതാണ്. തിരക്കെന്നുവെച്ചാൽ എന്താണെന്ന് സ്വന്തം കണ്ണുകൊണ്ട് കണ്ടുവന്നതാ. കുപ്പായവും തുണിയുമൊക്കെ കീറി ശരീരം വിയർപ്പിൽ കുളിച്ചു. പോകണമെന്നാണെങ്കിൽ പൊയ്ക്കോളു; ദർശനം തരമാവുമോ ഇല്ലയോ എന്ന് പറയാൻ പററില്ലേ'.

വാടകയുടേയും തിരക്കിൻേറയും കഥ കേട്ടപ്പോൾ ഉത്സാഹം കെട്ടടങ്ങി. വലിയേച്ചി കൂപ്പുകൈയോടെ ഇത്രയും ദൂരെനിന്നു തന്നെ ദേവിയെ ഉദ്ദേശിച്ച് നമസ്കാരമർപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഭഗവതി, കോപിക്കൊല്ലെ. ഇത്തവണ നിന്നെ കാണാൻ തരമായില്ല. പക്ഷെ ആശ കൈവെടിഞ്ഞിട്ടില്ലേ. ഇനിയും വിളിച്ചുകൊണ്ടുപോകണേ'.

കാശിയിൽ ഇനി ഏതെല്ലാം ദേവന്മാരും ദേവിമാരുമാണ് ബാക്കിയുള്ളതെന്ന് വിരലിൽ എണ്ണുകയാണ് വലിയേച്ചി.

ഗഗനമഹാരാജ് പറഞ്ഞു: വൈകുന്നേരം എനിയ്ക്ക് ഒഴിവാണ്; കൊണ്ടുപോയി ദുർഗ്ഗാമന്ദിരം കാട്ടിത്തരാം. അങ്ങോട്ട് ചെന്നാൽ വേറെയും ഒരുപാട് അമ്പലങ്ങൾ കണ്ടുതീർക്കാം'.

ആദ്യം ചെന്നത് 'സങ്കടമോചന' ത്തിലാണ്. വീരഹനുമാൻെറ അമ്പലം. മുമ്പിവിടെ കാടായിരുന്നു; ഇടതൂർന്ന മരങ്ങൾ ഇപ്പോഴുമുണ്ട് നാലുപാടും. തുളസീദാസൻ ഇവിടെവെച്ചാണ് മഹാവീരനെ ദർശിച്ചത്; ഇവിടെവെച്ചുതന്നെയാണ് മഹാവീരന് വഴി പറഞ്ഞുകൊടുത്തതും — എവിടെ ചെന്ന് തപസ്സ് ചെയ്താലാണ് ശ്രീരാമചന്ദ്രൻെറ ദർശനം ലഭിക്കുക എന്ന്.

ഗഗനമഹാരാജ് പറഞ്ഞു: 'ഭൂതത്തിന്റെ മുഖത്ത് രാമനാമം എന്ന് പറയാറില്ലേ — ഒരു ഭൂതം തന്നെയാണ് തുളസീദാസന്ന് ഇഷ്ടദേവതാദർശനത്തിനുള്ള ഉപായം പറഞ്ഞുകൊടുത്തത്. ആഹാ, ഇത് ഒരു ഫിലിമാക്കീട്ടുണ്ട് — കണ്ടിട്ടുണ്ടോ? വളരെ മനോഹരമായിട്ടുണ്ട്.

'കഥയെന്തെന്നുവെച്ചാൽ, തുളസീദാസൻ പ്രാത:കർമ്മങ്ങൾ ചെയ്തതിന്നുശേഷം കുടത്തിൽ ബാക്കിയായ വെള്ളം ഒരു മരത്തിന്റെ ചുവട്ടിൽ ഒഴിക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹം സുഖക്കേട് പിടിച്ച് കിടപ്പിലായിപ്പോയി; മൂന്നുനാല് നാളേക്ക് മുറിയിൽനിന്ന് പുറത്തിറങ്ങിയില്ല. സുഖക്കേട് ഭേദമായി വീണ്ടും മരത്തിന് വെള്ളമൊഴിച്ചപ്പോൾ ഒരു ഭൂതം മരത്തിൻമുകളിൽനിന്ന് ഇറങ്ങിവന്ന് പറഞ്ഞു: ഈ വെള്ളം കുടിച്ചിട്ടാണ് ഞാൻ ഇവിടെ കഴിഞ്ഞുകൂടുന്നത്. കഴിഞ്ഞ മൂന്നുനാല് ദിവസം വെള്ളം കിട്ടിയില്ല; വലിയ കഷ്ടപ്പാടായിപ്പോയി. ഇന്ന് വെള്ളം കിട്ടീട്ട് എനിയ്ക്ക് നല്ല തൃപ്തി തോന്നുന്നു. പറയു, നിനക്കിഷ്ടപ്പെട്ട എന്തു കാര്യമാണ് ഞാൻ ചെയ്യുതരേണ്ടത്?

'തുളസീദാസൻ പറഞ്ഞു: 'എന്റെ ഒരേയൊരു ആഗ്രഹം ശ്രീരാമനെ ദർശിക്കുകയാണ്. അവിടുത്തെ നേടാനുള്ള വഴി പറഞ്ഞുതരു.

'ഭൂതം ചിരിച്ചുകൊണ്ട് പറഞ്ഞു: എനിയ്ക്ക് ആ അറിവുണ്ടായിരുന്നെങ്കിൽ ഞാനിങ്ങിനെ ഭൂതമായി ഇരിക്കുമോ? രാമഭക്തനായ മഹാവീരനെ ശരണം പ്രാപിക്കു; അദ്ദേഹത്തിന് പറഞ്ഞുതരാൻ കഴിയും. ആ അമ്പലത്തിൽ നിത്യവും രാമനാമജപം നടക്കാറുണ്ട്; എല്ലാവർക്കും മുമ്പേ വന്ന് എല്ലാവർക്കും ശേഷം പോകുന്ന ഒരു കുഷ്ഠരോഗിയുണ്ട് — അദ്ദേഹം തന്നെയാണ് മഹാവീരൻ.

'തുളസീദാസൻ ചെന്ന് ആ കുഷ്ഠരോഗിയുടെ കാല് പിടിച്ചു. ദേഹത്ത് ചോരയും ചലവും ഒലിച്ചുവീഴുന്നു; തുളസീദാസന്റെ പുരികത്തിനുപോലും അനക്കമില്ല. മഹാവീരൻ അപ്പോൾ കപടവേഷം വെടിഞ്ഞ് പ്രത്യക്ഷനായി പറഞ്ഞു: ചിത്രകൂടത്തിൽ ചെന്ന് സാധനയനുഷ്ഠിക്കു, രാമചന്ദ്രന്റെ ദർശനം ലഭിക്കും'.

തുളസീദാസൻ അപ്പോൾത്തന്നെ ചിത്രകൂടത്തിലേക്ക് പുറപ്പെട്ടു. പ്രസിദ്ധമായൊരു ഈരടിയുണ്ട് —

'ചിത്ര്കൂട്കേ ഘാട്പർ ഭഇ സന്തൻ കേ ഭീഡ്
തുളസീദാസ് ചന്ദൻ ഘിസൈ തിലക് കരൈ രഘുവീർ'

(ചിത്രകൂടത്തിലെ കടവിൽ സജ്ജനങ്ങളുടെ തിരക്കാണ് — തുളസീദാസൻ ചന്ദനമരക്കുന്നതും രഘുവീരൻ അതെടുത്ത് ഗോപി തൊടുന്നതും കാണാൻ)

'ഭക്തസാധകന്മാരുടെ വീട്ടുപണികൾ ഇഷ്ടദേവതയെ കൂട്ടിക്കൊണ്ടാണ്. നമ്മൾക്ക് ഇത് അത്ഭുതമായിത്തോന്നും. പക്ഷെ അവർക്ക് അതെത്ര സഹജമാണെന്നോ'.

ഇഷ്ടദേവതയെ നേടാനുള്ള സങ്കടത്തിൽനിന്ന് തുളസീദാസനെ മോചിപ്പിച്ചിരുന്നു എന്നതുകൊണ്ടാണ് മഹാവീരൻ ഇവിടെ 'സങ്കടമോചനൻ' എന്ന പേരിൽ പ്രതിഷ്ഠിതനായിരിക്കുന്നത്. മഹാഭക്തനായ തുളസീദാസൻ തപസ്സ് ചെയ്ത് പ്രഭുവെ നേടി.

അടുത്തുതന്നെ ഒരു ശ്രീരാമക്ഷേത്രം — ചെറുതാണ്. സങ്കടമോചനന്നാണ് പ്രാധാന്യം അധികം. ഗഗനമഹാരാജ് പറഞ്ഞു: 'നോക്കു, ഭക്തന്റെ അടുത്ത് ഇവിടെ പ്രഭു എത്ര ചെറുതായിരിക്കുന്നു'.

തുളസീദാസന്റെ സമാധി പ്രദക്ഷിണം വെച്ചുകൊണ്ട് ഏട്ടൻ പറഞ്ഞു: 'ബംഗാൾനാട് ഒന്നൊഴികെ ഭാരതത്തിൽ മുഴുവൻ തുളസീദാസന്റെ മാഹാത്മ്യം പ്രചരിച്ചിട്ടുണ്ട്. ബംഗാളിനെ നിമായി* തന്നെ അങ്ങ് മുക്കിക്കളഞ്ഞു

'എന്ത് പറയാനാണ്, ബംഗാൾ തുളസീദാസിന്റെ മാഹാത്മ്യം മനസ്സിലാക്കിയിരുന്നെങ്കിൽ അതിന്റെ ദശ ഇങ്ങിനെയാകുമായിരുന്നോ? നാട് ''ഹരേകൃഷ്ണ'' ''ഹരേകൃഷ്ണ'' എന്ന് പാടിക്കൊണ്ട് മുടിഞ്ഞു' എന്ന്പറഞ്ഞ് ഗഗനമഹാരാജ് മുന്നോട്ട് നടന്നു.

പറഞ്ഞത് വൈഷ്ണവനായ വ്രജരമണന്റെ മനസ്സിൽ കൊണ്ടു. അയാൾ പറഞ്ഞു: 'മഹാപ്രഭു —'

'മഹാപ്രഭുവിന്റെ കഥ അവിടെ വെക്കു ഹേ. അവിടുത്തെ കഥ വേറെ; അവിടുത്തെ അനുയായികളുടെ കഥയാണ് പറയുന്നത്'' എന്നു പറഞ്ഞുകൊണ്ട് ഗഗനമഹാരാജ് തിരിഞ്ഞുനിന്നു.

വലിയൊരു ആൽമരം; മരത്തിന്റെ ശരിയായ തടി പണ്ടേ്ത്തോ തന്നെ ക്ഷയിച്ചുപോയിരിക്കുന്നു. വേടുകൾ ഇറങ്ങിവന്ന് ഒരു തടിയുടെ സ്ഥാനത്ത് ഇപ്പോൾ മരച്ചുവട് നിറയെ ഒരുപാട് തടികളായിരിക്കുന്നു.

---

* ശ്രീചൈതന്യൻ

ഇതിന്നുചുവട്ടിൽ ഇരുന്നുകൊണ്ടാണ് തുളസീദാസൻ സാധന അനുഷ്ഠിച്ചുപോന്നത്. എല്ലാററിലും വെച്ച് വണ്ണം കൂടിയ വേടിൻെറ ചുവട്ടിൽനിന്ന് ഒരുപിടി മണ്ണ് മാന്തിയെടുത്ത് വലിയേച്ചി എൻെറ സഞ്ചിയിലിട്ട്, പവിത്രമായ മണ്ണാണ് ഓർമ്മയില്ലാതെ എറിഞ്ഞുകളയല്ലേ, എന്ന് പറഞ്ഞു.

അവിടെനിന്ന് കാൽനടയായി ദുർഗ്ഗാമന്ദരിത്തിലേക്ക് ചെന്നു. അമ്പലത്തിന്ന് മുട്ടിക്കൊണ്ട് അതിപുരാതനവും ജീർണ്ണിച്ചതുമായ വിശാലമായൊരു പുളിമരം. ഒരു കാലത്ത് ഇത് കാഴ്ചക്ക് എങ്ങിനെയായിരുന്നു എന്നറിയില്ല. ഇപ്പോൾ വളഞ്ഞുപിരിഞ്ഞ ചണച്ചരടുപോലെയുണ്ട്. വര വീണ് ചുളിഞ്ഞ തടി, ഉണങ്ങിവരണ്ട് ക്ഷുധാർത്തരായി ചുരുണ്ടുകൂടി നിൽക്കുന്ന കൊമ്പുകൾ. അമ്പലത്തിൻെറ ചെങ്കൽച്ചുമരോട് ഉരുമ്മിനിൽക്കുന്ന ആ മരത്തെ കാണുന്തോറും നന്ദേട്ടൻെറ * ആ ചിത്രമാണ് കൺമുമ്പിൽ പൊന്തിവരുന്നത് — അന്നപൂർണ്ണമാതാവിൻെറ വാതിൽക്കൽ കാത്തുനിൽക്കുന്ന ക്ഷുധാർത്തനായ മഹാകാലം. ശരിക്കും അതേചിത്രം. ആ രണ്ട് കരാളദംഷ്ട്രകൾ പോലും ഈ മരത്തിൻെറ തൊലിയിൽ കാണുംപോലെയുണ്ട്.

വരാന്തയിലും ചുമരിന്മേലും പററംപററമായി കുരങ്ങന്മാർ. ഗഗനമഹാരാജ് പറഞ്ഞു: 'കുരങ്ങന്മാർ വന്ന് പിടികൂടുകയാണെങ്കിൽ ഒന്നുമില്ല, കൈരണ്ടും തൂക്കിയിട്ട് മിണ്ടാതിരുന്നാൽ മതി. കൈ മടക്കിപ്പിടിച്ചാലെ അവർ തീററസ്സാമാനം വല്ലതുമുണ്ടെന്ന് ധരിക്കു'.

കൈ നിറയെ പൂവും വില്വപത്രവുമാണ്. ഞാൻ ചോദിച്ചു: 'കുരങ്ങന്മാർക്ക് പൂവ് തിരിച്ചറിയാമോ?'

'അതറിയാം' എന്ന് അദ്ദേഹം ആശ്വാസം പകർന്നു.

പൊന്നിൻ ദുർഗ്ഗ. ഈ പൊന്നിനാണ് പ്രശസ്തി അധികം. 'പൊന്നിൻ ദുർഗ്ഗ കണ്ടിട്ടുണ്ടോ? വരൂ, പൊന്നിൻ ദുർഗ്ഗ കണ്ടുവരാം'. എന്നാണ് എല്ലാവരും പറയുക.

പൊന്നിൻതലയിൽ പൊന്നിൻമുടി മിന്നിത്തിളങ്ങുന്നു. അന്തിവെയിൽ കവിളത്തും താടിക്കും തട്ടി പുഞ്ചിരി തൂകുന്ന ഒരു ഭാവം ഉളവായിരിക്കുന്നു. വെളിച്ചത്തിൻെറ ഈ കളി വലിയൊരു തമാശയാണ്. ഈ തമാശ നിമിത്തം വിഗ്രഹം ചിലപ്പോൾ ഗംഭീരമായി

---

* നന്ദലാൽ ബോസ്

തോന്നും, ചിലപ്പോൾ അതിന് ക്രോധം സ്ഫുരിക്കും, ചിലപ്പോഴാ കട്ടെ സന്തോഷംകൊണ്ട് വിളങ്ങും.

അന്ന് വൈകുന്നേരം 'കാലഭൈരവനെ' കാണാൻ പോയി. ഗോപേ ശ്വരമഹാരാജ് പറഞ്ഞിരുന്നു: 'കാശിയിൽ ആ പഹയന്റെ പ്രതാപ മാണ് അധികവും. വിശ്വനാഥന്നടുത്ത് ആർ നിൽക്കണം. ആർ നി ൽക്കണ്ട എന്ന് തീരുമാനിക്കുന്നത് അയാളാണ്. ഭയങ്കര മുൻകോപി. ആദ്യം അയാളുടെ അടുത്ത് ചെന്ന് മനസ്സിലെ ആഗ്രഹങ്ങളൊക്കെ അ റിയിക്കണം. അയാളെ പ്രീതിപ്പെടുത്തിയാലെ വിശ്വനാഥനുമായി കൂടിക്കാഴ്ച തരപ്പെടു'.

അന്ന് അതുകൊണ്ട് അങ്ങോട്ട് ചെന്നു. എന്തൊരു ഭയങ്കരമൂർ ത്തിയായിരിക്കുമെന്ന് ആലോചിച്ചുകൊണ്ടാണ് ചെന്നത് — കരിങ്ക ല്ലിലൊരു കിംഭൂതകിമാകാരം. ചെന്നപ്പോഴോ, അതൊന്നുമല്ല, നല്ല തങ്കം പോലെ തിളങ്ങുന്ന മുഖം, ആടയും പണ്ടങ്ങളും കൊണ്ട് മറച്ച ശരീരം; അതിസഹജവും നിർഭയവുമായ ചുററുപാട്. ദീപാരാധന തുടങ്ങി, വാതിൽക്കൽ നിന്ന് നോക്കുമ്പോൾ ശ്രീകോവിലിന്നുള്ളിൽ നിന്ന് പൂജാരിയുടെ കറുത്ത പുറത്തിന്റെ ആ ഭാഗത്ത് നെഞ്ചിന്ന ടുത്ത് കൈയിലെ പഞ്ചപ്രദീപം ഇളകിയുയർന്നതോടെ ആ പ്രകാശം ചെന്ന് കാലഭൈരവന്റെ മൂക്കത്തും നെററിയിലും കവിളത്തും മീശ യിലും കഴുത്തിലും പതിച്ചത് കണ്ടു. പഞ്ചപ്രദീപത്തിന്റെ പഞ്ച ശിഖാസ്പർശം ചെന്നുപററിട്ടെന്നോണം ആ മുഖം പ്രോജ്വലിച്ചു. ഇപ്പോൾ കാലഭൈരവന്റെ രൂപം തെളിഞ്ഞുവന്നു.

നോക്കിക്കൊണ്ടിരിക്കെ ഞാൻ ആലോചിച്ചുകൊണ്ടിരുന്നു, പേ ടിക്കണമോ വേണ്ടയോ എന്ന്.

ദീപാരാധന കഴിഞ്ഞപ്പോൾ എല്ലാവരും ഉള്ളിൽ കടന്നു — അടുത്തുള്ള വലിയ വിളക്ക് രാവും പകലും കത്തിക്കൊണ്ടിരിക്കും, മുകളിൽ വി ളക്കിന്റെ മൂടി തൂങ്ങുന്നുണ്ടാവും — ആ മൂടിയിൽനിന്ന് കൈവിരൽ കൊണ്ട് കൺമഷി ചുരണ്ടിയെടുത്തു. അതുകണ്ട് കൺമഷി എടു ക്കാൻ ചെന്നിട്ട് ഞാൻ കാലഭൈരവന്റെ നേരെ മുമ്പിൽ ചെന്നുപെട്ടു; നോക്കട്ടെ, അല്ലല്ലൊ, മുഖം അത്ര ഭയങ്കരമൊന്നുമല്ലല്ലൊ. ഇതിന്നിട യ്ക്കുതന്നെ നല്ലൊരു സന്തുഷ്ടഭാവം വന്നിരിക്കുന്നു. അടുത്തുള്ള

വിളക്കിൻെറ പ്രകാശം ഇപ്പോഠം കവിളത്ത് ചിരി വിരിയിച്ചിരിക്കുന്നു.

ദുർഗ്ഗാമന്ദിരത്തിൻെറ മുററം ചുററിക്കൊണ്ടുള്ള മറച്ചുകെട്ടിയ വരാന്ത കഴുത്തിൽ കയർ കെട്ടിയ കറുത്ത കോലാടുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ കുറച്ചു ദിവസമായിട്ട് ഇവിടെ എണ്ണമററ ബലി നടക്കുകയാണ്.

'ഒന്നും കിട്ടില്ല. പോ. കാല് പിടിക്കല്ലെ' എന്ന് പറഞ്ഞും കൊണ്ട് ഏട്ടൻ ദേഷ്യപ്പെട്ട് കാൽ കുടയാൻ ഭാവിച്ചിട്ട് ചിരിച്ചുകളഞ്ഞു. നോക്കുമ്പോഴുണ്ട്, സാറിനെക്കണ്ടിട്ട് ഒരു കുരങ്ങൻ കുഞ്ഞിനേയും നെഞ്ഞോടണച്ച് വന്ന് കാല് പിടിച്ചിരിക്കുന്നു — തീററ വേണം. ഏട്ടൻ വിചാരിച്ചത് വല്ല പിച്ചക്കാരൻ ചെക്കനുമായിരിക്കുമെന്നാണ്.

കറുത്തൊരു കോലാടിനെ യൂപസ്തംഭത്തിന്നുമുമ്പിൽ അമർത്തിപ്പിടിച്ചുംകൊണ്ട് പൂജാരി മന്ത്രം ജപിച്ച പൂവും സിന്ദൂരവും അതിൻെറ തലയിൽ ചാർത്തുന്നു. മറെറാരു ബലിയുണ്ടാകും ഇപ്പോഠം തന്നെ.

വേഗം പുറത്തേക്കുള്ള വാതിലിന്നടുത്തേക്ക് നടന്നു. ഗഗന മഹാരാജ് പറഞ്ഞു: 'പോയ്ക്കളഞ്ഞാൽ പററില്ല. ഇവിടെ വന്നിരുന്നു എന്നതിന്ന് സാക്ഷി ഗോപാലൻെറ അടുത്ത് സാക്ഷി ബോധിപ്പിച്ചുവേണം പോകാൻ'.

ഓരോ അമ്പലത്തിലും കാണാം ഓരോ സാക്ഷി. വിശ്വനാഥന്നും സാക്ഷിയായിട്ട് ഗണപതിയുണ്ട്. കണക്കിൽ വല്ല പിശകും പററിപ്പോയാൽ ഇവർ സാക്ഷി കൊടുക്കും, 'ങ്ഹാ, ഈ ആഠം അങ്ങയുടെ അടുത്ത് വന്നിരുന്നു'.

ഹാനിഫിൻെറ അമ്മയും പറയാറുണ്ട് — അന്ന് അവഠം വന്നപ്പോഴുണ്ട്, മുഖം വാടിയിരിക്കുന്നു. ഞാൻ ചോദിച്ചു: 'എന്തുപററി? ഒന്നും കഴിച്ചില്ലേ?'

അവഠം പറഞ്ഞു: 'എന്താ കഴിക്കുക. നോയ്മ്പല്ലേ!'

ഞാൻ ചോദിച്ചു: 'ഇതാ ഈയിടെയല്ലേ ഒരു മാസം നോയ്മ്പ് നോററത്. പെരുന്നാള് കഴിഞ്ഞല്ലോ, ഇനിയും നോയ്മ്പെന്തിനാ?'

'സാക്ഷീന ബെക്കണ്ടേന്നും? മയ്യത്തായാ അള്ളാ ആദ്യം തന്നെ കബൂല് ശെയ്യൂലാ; ങ്ഹാ ജജ് പിന്നെ നോയ്മ്പ് നോററിററില്ലാന്ന് പറയും. അപ്പോ, ഒരു മാസത്തെ നോയ്മ്പ് കയിഞ്ഞിററ് പിന്നീം ഇപ്പ ദാ ഈ ആറ് ദെവസം നോയ്മ്പ് നോററില്ലേ, ഓല് സാക്ഷി പറയും; ഓല് പറയും, അല്ലാ, ഞമ്മള്ക്ക് അറിയാ ഓള് നോയ്മ്പ് നോററിനീന്ന്. ഓല് സാക്ഷി കൊടുത്താ പിന്ന്യാന്ന് ശരിക്കുള്ള കബൂല്'.

നടന്ന് നടന്ന് ഞാൻ പിന്നിലായിപ്പോയിരുന്നു. ഗഗനമഹാരാജ് വിളിച്ചു പറഞ്ഞു: 'അന്ന് ത്രൈലംഗസ്വാമിയെ കണ്ടല്ലോ, ഇത്തവണ അദ്ദേഹത്തിന്റെ ജോഡിയായ ഭാസ്കരാനന്ദനെ കണ്ടോളൂ; വരൂ'.

അപ്പോഠം പകൽ കഴിഞ്ഞിരുന്നു. പശ്ചിമാകാശത്തെ സൂര്യന്റെ രശ്മികഠം നേരെ ഭാസ്കരാനന്ദന്റെ വെണ്ണക്കൽപ്രതിമയുടെ മുകളിൽ വന്നുവീഴുന്നു; മാണിക്യം പ്രഭ ചിതറുംപോലെയുണ്ട്.

മെലിഞ്ഞ ശരീരം; ത്രൈലംഗസ്വാമിയുടെ നേരെ വിപരീതം. ഉയർന്ന മൂക്ക്.

ഏട്ടൻ പറഞ്ഞു: 'ഇദ്ദേഹം പഞ്ചാബിയായിരുന്നെന്ന് തോന്നുന്നു'.

ആഠം ജീവിച്ചിരിപ്പില്ലെന്ന് ആയിരം വട്ടം അറിഞ്ഞാലും ഇതാ അദ്ദേഹം ഉണ്ട് എന്ന് എങ്ങിനെയോ തോന്നിപ്പോകും. അങ്ങിനെയൊരു പ്രഭാവമാണ് ഇവർക്കെല്ലാം.

വലിയേച്ചി ചോദിച്ചു: 'എന്തുപററി, നീ എന്തിനാ ചിരിക്കുന്നത്?'

ഞാൻ പറഞ്ഞു: 'ഒന്ന് സങ്കൽപിച്ചുനോക്കു. ഈ വെളുത്ത മനുഷ്യൻ ഒരു ദിവസം നടുവഴിൽവെച്ച് ആ കറുത്ത് തടിച്ച ത്രൈലംഗസ്വാമിയെ കെട്ടിപ്പിടിച്ചിരുന്നു. കൈയെത്തിയതെങ്ങിനെയാണാവോ?'

കഥ കേട്ടിരുന്നു: ഭാസ്കരാനന്ദനും ത്രൈലംഗസ്വാമിയും രണ്ടുപേർ രണ്ടററത്തായിരുന്നു. രണ്ടുപേരുടെ മനസ്സിലും ഒരേ സമയത്ത് എന്തോ ഒരു സംശയമുദിച്ചു. സംശയം തീർക്കാൻ രണ്ടുപേരും മററേ ആളുടെ അടുത്തേക്ക് പുറപ്പെട്ടു. നടുക്ക്വെച്ച് കണ്ടുമുട്ടി. ആവേശംകൊണ്ട് രണ്ടുപേരും തമ്മിൽ കെട്ടിപ്പിടിച്ചതോടേ, അന്യോന്യ

മുള്ള സ്പർശംകൊണ്ട് സംശയം നീങ്ങിപ്പോയി. പിന്നെയൊന്നും പറയേണ്ടിവന്നില്ല. രണ്ടുപേരും ചിരിച്ചുകൊണ്ട് താന്താങ്ങളുടെ വഴിക്ക് തിരിച്ചുപോയി.

ത്രൈലംഗസ്വാമിയേയും കണ്ണുകൊണ്ട് കണ്ടതല്ല; എന്നാലും മനസ്സിൽ ഉറപ്പുണ്ട്, അദ്ദേഹത്തെ കണ്ടിട്ടുണ്ടെന്ന്. കുട്ടിക്കാലം മുതൽക്കേ അമ്മയുടേയും ഇളയമ്മയുടേയും മുഖത്തുനിന്ന് എത്രയെത്ര കഥകൾ കേട്ടിരിക്കുന്നു. അദ്ദേഹം കാശിയിലെ കടവിൽ ഒരു മുങ്ങ് മുങ്ങിയാൽപ്പിന്നെ ആ ഒററ മുങ്ങലിൽത്തന്നെ ദൂരദേശത്തുള്ള മററൊരു കടവിൽച്ചെന്ന് നിവരുമായിരുന്നത്രെ. ശിവൻെറ തലയിൽ 'അപകർമ്മം' ചെയ്തിരുന്നു. കടുത്ത വേനൽക്കാലത്ത് മണൽത്തിട്ടിന്മേലെ ചുട്ടുപൊള്ളുന്ന പൂഴിമേൽ കിടക്കും. ശീതകാലത്ത് ഗംഗാജലത്തിൻെറ ഒഴുക്കിൽ പൊങ്ങിക്കിടക്കും.

ഗഗൻ മഹാരാജ് പറഞ്ഞു: 'അത് ഒന്നോ രണ്ടോ ദിവസമോ മററോ ആണോ? ആറ് മാസം അനക്കമില്ലാതെ വെള്ളത്തിൻമുകളിൽ ചത്ത പോത്ത് പോലെ കിടന്നിരുന്നു'.

മുന്നൂററുപത് കൊല്ലം ജീവിച്ചിരുന്നു അദ്ദേഹം. കാശിയിൽത്തന്നെയാണ് സമാധിയടഞ്ഞത്. ഞങ്ങൾ സന്ധ്യയ്ക്കുശേഷം കാണാൻ ചെന്നു. ഇരുട്ടുമൂടിയ തെരുവ്, ചന്ദ്രപ്രകാശത്തിന്ന് കടക്കാൻ പഴുതില്ല. വഴിയുടെ ഒരുവശത്തെ വീട്ടിൻെറ നീണ്ട നിഴൽ മറുവശത്തെ വീട്ടിൻെറ വരാന്ത മൂടുന്നു. ഞങ്ങൾ പുരികം ചുളിച്ച് കാലടി സൂക്ഷിച്ചുനോക്കി മുന്നോട്ടും പിന്നോട്ടും കാല് വെച്ചുകൊണ്ട് ഇടുങ്ങിയ തെരുവിൽനിന്ന് അതിലുമിടുങ്ങിയ തെരുവുകൾ കടന്നുകൊണ്ട് നടക്കുകയാണ്. പെട്ടെന്ന് ഗഗനമഹാരാജ് ഒരു ജനൽ കാട്ടിക്കൊണ്ട് പറഞ്ഞു: 'അതാ നോക്കു, ത്രൈലംഗസ്വാമി ഇരിക്കുന്നു'.

'എവിടെ' എന്നു ചോദിച്ചുകൊണ്ട് അന്യമനസ്കയായിരുന്ന ഞാൻ കഴുത്ത് തിരിച്ചു.

ഗഗനമഹാരാജ് പറഞ്ഞു: 'ഇതാ, പിന്നിട്ടാണ് വന്നത്. സാരമില്ല; കാണാം. പ്രധാനവാതിലിലൂടെതന്നെ കടക്കാം, ഇത്തിരി വളഞ്ഞ വഴിയായിരിക്കുമെന്നല്ലേയുള്ളു'.

പ്രധാന വാതിലിലൂടെ കടന്ന് രണ്ട് പടി കടന്നു, ഒരു പടി ഇറങ്ങി; നാലടി മുന്നോട്ടുനീങ്ങും രണ്ടുപടി ചാടിക്കടക്കും; ഇങ്ങിനെ ഒടുക്കം മട്ടുപ്പാവിലെത്തി. നിലത്ത് ഒരു കൂററൻ കരിങ്കൽ വിഗ്രഹം. ശരീരം മുഴുവൻ കാവിവസ്ത്രംകൊണ്ട് മൂടിയിരിക്കുന്നു. മൺവിള

ക്കിന്റെ മങ്ങിയ വെളിച്ചത്തിൽ സൂക്ഷിച്ചുനോക്കി. മൂക്കും മുഖവും നെററിയും ചുണ്ടും — കാഴ്ചയിൽ പരമയോഗ്യനായ ഒരു യുവാവ്. ചിരതരുണനേർറതായ ഭാവം. സുന്ദരമായ ആ മുഖത്ത് വെണ്ണക്കല്ലു കൊണ്ടുള്ള രണ്ടു കണ്ണുകൾ മിന്നിത്തിളങ്ങുന്നു. ഇത് കൽപ്രതിമ യാണെന്ന് തോന്നിയില്ല. അന്ധകാരത്തിൽ ശരീരം ചേർത്തുകൊണ്ട് വാസ്തവമായും ത്രൈലംഗസ്വാമി ഇരിക്കുകയാണെന്നേ തോന്നിയുള്ളു. എന്തൊരത്ഭുതാവഹമായ വ്യക്തിത്വം; എളിയ ഞാൻ അദ്ദേഹത്തി ന്റെ മുമ്പിൽ അതിലും എളിയതായി.

ഗഗനമഹാരാജ് കൈ നീട്ടി ഇരുട്ടിൽ തപ്പി വിഗ്രഹത്തിന്റെ കാല് തൊട്ടു. ഞാനും കൈ നീട്ടി; ഇരുത്തിയ വിഗ്രഹത്തിന്റെ തുടയിൽ കൈ തടഞ്ഞു. ഞാൻ വിറച്ചുപോയി. തപസ്സിന്റെ കാഠി ന്യം കാരണം മഹാത്മാക്കളുടെ ശരീരം കല്ലുപോലെ ഉറപ്പുള്ളതാകുമെ ന്ന് കേട്ടിട്ടുണ്ട്. ആ ഉറച്ച ശരീരമാണ് ഞാൻ സ്പർശിച്ചതെന്ന് തോന്നിപ്പോയി.

വിഗ്രഹത്തിന്ന് പിന്നിൽ കാളീമാതാവിന്റെ അമ്പലമാണ്. ഈ ദേവിയായിരുന്നു അദ്ദേഹത്തിന്റെ ഉപാസ്യ; ഒരുകാലത്ത് അദ്ദേഹ ത്തിന്റെ കൈകൊണ്ടുള്ള പൂജ ലഭിച്ചിരുന്നു ദേവിക്ക്. മുമ്പിലെ ചെറിയ മുററത്ത് വലിയൊരു ശിവലിംഗം — ഒരു മല്ലന്റെ രണ്ട് കൈയും കൂട്ടിയാൽ പിടിയെത്തില്ല. ഇത്ര വലിയ ശിവലിംഗം ഇ തിനുമുമ്പ് കണ്ടിട്ടില്ല.

ഗഗനമഹാരാജ് പറഞ്ഞു: 'ഈ ശിവലിംഗം ഒരുദിവസം ഗംഗ യിൽനിന്ന് എടുത്തുപൊക്കി ചുമലിലേററി ത്രൈലംഗസ്വാമി കൊ ണ്ടുവന്നുവെച്ചതാണ്. അന്നുമുതൽ അത് ഇവിടെത്തന്നെയാണ്''.

ഒരാൾ ഇത് എടുത്തുകൊണ്ടുവരിക എന്നത് എങ്ങിനെ സാദ്ധ്യ മാകും? ശിവൻ ദേവൻ തന്നെയെങ്കിലും കല്ലുമാണല്ലൊ. കല്ലിനൊ രു തൂക്കമുണ്ടാവില്ലേ എന്നാലും?

എന്തറിയാം, ചിന്തകൊണ്ട് ചിന്ത വർദ്ധിക്കുകയേയുള്ളു; സഹ ജമായ വിശ്വാസംകൊണ്ട് ഞാൻ സമാധാനിച്ചു.

സങ്കടമോചനത്തിൽനിന്ന് ദുർഗ്ഗാമന്ദിരം, ദുർഗ്ഗാമന്ദിരത്തിൽനിന്ന് ഭാസ്കരാനന്ദന്റെ സമാധി — കുറഞ്ഞ വഴിയൊന്നുമല്ല. തളർച്ച തോന്നുന്നു. കല്ല് പാകിയ തണുത്ത വരാന്തയിൽ ചെന്ന് ധീം എ ന്ന് വീണു.

ഏട്ടൻ പറഞ്ഞു: 'ഭാസ്കരാനന്ദൻേറയും ഒരുപാട് അദ്ഭുതകഥകളുണ്ട്; അദ്ദേഹത്തിൻെറ ജീവിതകഥയിൽ വായിച്ചിട്ടുണ്ട്. അദ്ദേഹവും ആളുകരംക്ക് മരുന്നും മററും കൊടുക്കുമായിരുന്നു'.

വലിയ വലിയ സ്വാമിമാർ പലപ്പോഴും രോഗികരംക്ക് മരുന്ന് വിതരണം ചെയ്യാറുണ്ടെന്ന് കേട്ടിട്ടുണ്ട്. അവർക്ക് സുഖക്കേട് മാറാറുണ്ടെന്നും കേട്ടിട്ടുണ്ട്, എത്രത്തോളം വേരിൻേറയും ഇലയുടേയും ഗുണമാണ്, എത്രത്തോളം യോഗബലത്തിൻെറ ഗുണമാണ് എന്നാണ് ചോദ്യം! യോഗബലം തീരെയില്ലെന്ന് പറഞ്ഞുകൂട. ആയിരം മരുന്നുകൊണ്ടും ഒരു ഫലവുമില്ലാത്തേടത്ത് തുച്ഛമായ ഒരു വേര് കഴുകിയ വെള്ളം കൊണ്ട് കാര്യം നിറവേററുന്നത് എത്ര കാണാനുണ്ട്. അതിനെ എന്താണ് പറയുക?

ഏട്ടൻ പറഞ്ഞു: 'ഭോലാഗിരിയുടെ അടുത്ത് ഇതുപോലെ ഒരാരം വന്ന് കരച്ചിലും പിഴിച്ചിലും തുടങ്ങിയതായി കേട്ടിട്ടുണ്ട്. അയാരംക്ക് ഒന്നും കാണാൻ വയ്യ. മരുന്ന് വേണം. ഭോലാഗിരിക്ക് ദയ തോന്നി; മുൻവശത്തെ വേലിമേൽ പടർന്നുകയററിട്ടുണ്ടായിരുന്ന ഒരു വള്ളിയുടെ ഇലയുടെ ചാറ് മൂന്നുദിവസം കണ്ണിൽ പുരട്ടാൻ പറഞ്ഞു. അയാരം വാസ്തവമായും സുഖപ്പെടുകയും ചെയ്തു. കുറച്ചു നാരംക്കുശേഷം ഇതേപോലെ കണ്ണുകാണാൻ വയ്യാത്ത മറെറാരാരം ഭോലാഗിരിയുടെ അടുത്തു വന്നു. അദ്ദേഹം അപ്പോരം ജപിക്കാൻ ഇരിക്കുകയായിരുന്നു. ശിഷ്യൻ വിചാരിച്ചു, എന്തിന് വെറുതെ കാത്തിരുത്തണം, വള്ളി ഇതൊന്നുതന്നെയല്ലേ? ആ വള്ളിയുടെ ചാറുതന്നെ പുരട്ടിക്കൊള്ളാൻ അയാരം പറഞ്ഞു. ആരം വേലിമേൽനിന്ന് ഇല നുള്ളുകയായിരുന്നു, ആ സമയത്ത് ഭോലാഗിരി പുറത്ത് വന്ന് അത് കണ്ടിട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു: വെറും ഇലയിൽ ഒന്നുമില്ല'.

ഗഗനമഹാരാജ് പറഞ്ഞു: 'സ്വാമിയാന്മാരേയും സന്യാസിമാരേയും കണ്ട ഉടൻ മരുന്നിന് ചോദിക്കുക എന്നത് ഒരു രോഗം പോലെയാണ്. അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിലും കാണാം അത്. ഒരിക്കലുണ്ടായത് പറയാം, എൻെറ സ്വന്തം അനുഭവമാണ്. സഹരൻപൂരിൽ എൻെറ ഒരു സുഹൃത്തിൻെറ വീടുണ്ട്, അയാരം ഉയർന്ന ഒരു ജോലിയിലാണ്. അയാളുടെ അമ്മ കൂടെക്കൂടെ എന്നെ ക്ഷണിക്കാറുണ്ടായിരുന്നു, സ്വാമി, നിങ്ങരം ഒരുതവണ ഞങ്ങളുടെ വീട്ടിൽ വരണമെന്ന്. പലപ്പോഴും പോയിരുന്നെങ്കിലും അവരെ കാണാൻ തരപ്പെട്ടിരുന്നില്ല. വല്ല പ്രവർത്തിയും പ്രമാണിച്ചാണ് പോവുക, പ്രവർത്തി തീർന്നാൽ തിരിച്ചു വരികയും ചെയ്യും. അത് കേട്ടിട്ട് അവർക്ക് വല്ലാത്ത

വ്യസനം. അത്തവണ ഒരു തീരുമാനമെടുത്ത് അവരെ കാണാൻ മാത്ര മായിട്ടുതന്നെ സഹരൻപൂരിൽ ചെന്നു. സുഹൃത്തിന്റെ അമ്മയ്ക്ക് വളരെ സന്തോഷമായി. ഞാൻ ഭക്ഷണപ്രിയനാണെന്ന് അവർക്കറിയാ മായിരുന്നു; എല്ലാത്തരം വിഭവങ്ങളും തയ്യാറാക്കി ഉണ്ണാനിരിക്കാൻ വിളിച്ചു. ഊണ് തുടങ്ങീട്ടില്ല; ചോറ് പരിപ്പും കൂട്ടി കുഴച്ചതേയു ള്ളു; ഒരു പഞ്ചാബിപ്പെണ്ണ്, ഇരുപത്തഞ്ചിരുപത്താറ് വയസ്സായിട്ടു ണ്ടാവും, അയൽപക്കത്തെയാണ് — അവൾ വന്ന് കൈയും തൊഴുതു പിടിച്ച് മുമ്പിൽനിന്ന് ഒ്ഹേ ഒ്ഹേ എന്ന് കരച്ചിൽ തുടങ്ങി. മനസ്സിന് വലിയ വിഷമമായി. ചോറും മുമ്പിൽവെച്ച് ഇരിക്കയാ ണ്, ഒരാളുണ്ട് ഇങ്ങിനെ കരയുന്നു; ഭാഷയൊട്ട് അറിഞ്ഞുംകൂട. സംഗതിയെന്താണ് എന്ന് ഞാൻ സുഹൃത്തിന്റെ അമ്മയോട് ചോദിച്ചു. അവർ പറഞ്ഞു: അവൾക്ക് ഒരു മരുന്ന് വേണം, നിങ്ങളുടെ, സ്വാമി യുടെ അടുത്തുനിന്ന്. സന്താനങ്ങളുണ്ടായിട്ടും ഒന്നും ശേഷിക്കുന്നില്ല അവൾക്ക്; ഈററില്ലത്തിൽ വെച്ചുതന്നെ എല്ലാം ചത്തുപോകുന്നു. സന്യാസി വന്നിട്ടുണ്ടെന്ന് കേട്ട് ഓടിവന്നതാണ്. ഞാൻ ആകപ്പാടെ കുഴപ്പത്തിലായി; എനിയ്ക്കുണ്ടോ മരുന്നിനെക്കുറിച്ച് വല്ല വിവര വും? പെണ്ണാണെങ്കിൽ അത് കേൾക്കുന്നില്ല, അതിലുമേറെ കരഞ്ഞ് കൈ കൂപ്പി ദയ യാചിക്കുകയാണ്. സുഹൃത്തിന്റെ അമ്മ പറഞ്ഞു: ആഹാ, പാവം എത്രയായി കരയുന്നു, വല്ലതുമൊന്ന് പറഞ്ഞുകൊടു ക്കരുതേ അവൾക്ക്. ഞാൻ പറഞ്ഞു: എന്ത് പറയാനാണ്? വല്ല ദോഷ്കും പറഞ്ഞിട്ട് ഒരു ലാഭവുമില്ല. എനിയ്ക്ക് ഒരു മരുന്നും അറിഞ്ഞുകൂട എന്ന് ഭഗവാന്നറിയാം, ഈ പെൺകുട്ടി സന്താനത്തിനു വേണ്ടി വളരെ സങ്കടപ്പെടുന്നുണ്ടെന്നും അറിയാം. എന്നാൽ ഇത്രമാത്രം ആശിക്കാം, ഭഗവാൻ ഇവളുടെ ആഗ്രഹം സാധിപ്പിച്ചു കൊടുക്കുമാറാ കട്ടെ.

'കുറച്ചുകാലം കഴിഞ്ഞപ്പോൾ സുഹൃത്തിന്റെ അമ്മ എനിക്കെ ഴുതി, ആ പെണ്ണിന് ഒരു സന്താനം ഉണ്ടായിട്ടുണ്ടെന്നും അത് ജീവി ച്ചിരിപ്പുണ്ടെന്നും. ഇതിന് നിങ്ങളെന്തു പറയും? എനിയ്ക്കറിയാ മല്ലൊ ഇതിൽ മരുന്നിന്റെയോ യോഗബലത്തിന്റെയോ ഒരു ഗുണവുമില്ലെന്ന്'.

ഏട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു: 'പക്ഷെ എന്തൊരു വാർത്ത യാണ് വെറുതെ പോയത്. പത്രത്തിൽ വന്നിരുന്നെങ്കിൽ അങ്ങയുടെ പേരിൽ വലിയ ഒച്ചപ്പാടുണ്ടായേനെ'.

വഴിക്ക് വിഷ്ണുക്ഷേത്രത്തിൽ തൊഴുത് ജഗന്നാഥമന്ദിരത്തിൽ

ചെന്നു. കാശിയിൽ ഇതൊന്നേയുള്ളു ജഗന്നാഥക്ഷേത്രം; രഥോത്സവ സമയത്ത് ഇവിടെ വലിയ ചന്തയുണ്ടാകും.

ഗഗനമഹാരാജ് പറഞ്ഞു: 'വരു, ഇനി കാണാൻ പോകുന്ന മൂർത്തിയെ കണ്ടാൽ ഭയം തോന്നും'.

ജഗന്നാഥക്ഷേത്രത്തിന്റെ പിന്നിൽത്തന്നെ മറെറാരമ്പലമുണ്ട്. അമ്പലത്തിൽ മുറി നിറച്ചുകൊണ്ട് മച്ചിന് മുട്ടുന്ന ബൃഹദാകാരമായ ഒരു നരസിംഹമൂർത്തി. പെട്ടെന്ന് കണ്ടാൽ സത്യമായും നടുങ്ങിപ്പോകും. കാൽക്കൽ പ്രഹ്ളാദകുമാരൻ വീണുകിടക്കുന്നു. നരസിംഹത്തിന്റെ വലത്തുകൈ പ്രഹ്ളാദന്റെ തലയിൽ സ്പർശിച്ചുംകൊണ്ടാണ്, ഈ ബാലനോട് അവിടുത്തേക്ക് വലിയ വാത്സല്യമാണെന്ന മട്ടിൽ; ഇടത്തുകൈയിൽ അഭയമുദ്രയും. ഇതൊഴിച്ചാൽ പിന്നെ ദയയുടേയോ സ്നേഹത്തിൻേറയോ ഒരു ചിഹ്നം പോലുമില്ല ശരീരത്തിൽ ഒരിടത്തും.

വ്രജരമണൻ പറഞ്ഞു: ശ്രീഭഗവാന്റെ ഈ രൂപത്തെ ദർശിച്ചിട്ട് മഹാലക്ഷ്മി വരെ ഭീതയായി ഭേിച്ചിരുന്നു, നികടത്തിങ്കൽ ചെല്ലുവാൻ ധൈര്യമുണ്ടായിരുന്നില്ല. ഈ പ്രഹ്ളാദൻ ഏകൻ മാത്രമാണ് നിർഭയമായി അടുത്തു ചെന്നു നിന്നിരുന്നത്''.

തത്ത്വാനന്ദസ്വാമിയുമുണ്ടായിരുന്നു ഞങ്ങളുടെ കൂടെ: അദ്ദേഹം പറഞ്ഞു: 'നരസിംഹത്തിന് രണ്ടു കണ്ണാണല്ലൊ വേണ്ടത്; ഇവിടെയാകട്ടെ നെററിമേലും ഒരു വെള്ളിക്കണ്ണ് കാണാനുണ്ട്. ത്രിനയനീ മൂർത്തി ഭഗവതിയമ്മയുടേതാണല്ലൊ. ഇത് പുരുഷവേഷത്തിൽ—'

പൂജാരിക്കും അറിയില്ല ഇതിന്റെ ഉത്തരം. പൂജ കഴിക്കുന്നു വെന്നു മാത്രം.

പോകട്ടെ, നരസിംഹം മൂന്നു കണ്ണുമായിത്തന്നെ ഇരിക്കട്ടെ: നമ്മൾക്കിപ്പോൾ പുറത്തുപോയി ശ്വാസം വിടുക.

കിഴക്കെ മൂലക്ക് അമ്പലത്തിന്റെ ചുമര് തൊട്ടുംകൊണ്ട് അതി മനോഹരമായ ഒരു ആൽമരമുണ്ട്. കൊമ്പുകൾ ചെന്തളിർ കൊണ്ട് മൂടിയിരിക്കുന്നു. നീണ്ട തണ്ടിൽ തൂങ്ങുന്ന ഇളം തളിരുകൾ കാററത്ത് ആടിക്കളിക്കുന്നു, കൊച്ചു പൈതങ്ങളുടെ പൂങ്കവിളിലെ ചിരി പോലെ.

അന്തിനേരത്തെ മങ്ങിയ വെളിച്ചത്തിൽ ഇഷ്ടിക പാകിയ ഇടുങ്ങിയ വഴിയിലൂടെ ഞാൻ എന്തെല്ലാമോ ആലോചിച്ചുംകൊണ്ട് നട

ന്നു. വഴിയുടെ ഇരുവശത്തേയും ചെങ്കുത്തായ ഭൂമിയിൽ ചെറുതും വലുതുമായ നാനാതരം മരങ്ങളുടെ തോട്ടം. രണ്ട് അമ്മമാർ കുട്ടികളെ കളിക്കാൻവിട്ട് മുഖത്തോടുമുഖമായി ഇരുന്ന് മൂടുപടം പൊക്കി വെടിപറയുന്നു. രണ്ട് കുട്ടികൾ കാലിൻെറ പെരുവിരലിൽ ഊന്നി നിന്ന്, കടലാസ് മടക്കി വായുവിൽ വലിച്ചെറിയുന്നു. കടലാസിൻെറ മടക്കിൽകാററ് തട്ടി 'ഫട്ട്'' എന്ന ശബ്ദമുണ്ടാകുന്നു, അവർ ഉല്ലാസത്തോടെ 'ഇതാ വീണു', 'ഇതാ വീണു' എന്ന് വിളിച്ചുപറഞ്ഞു കൊണ്ട് കിലുകിലെ ചിരിക്കുന്നു. ഭാവനയിൽ മുകളിൽനിന്ന് എന്തോ വീഴ്ത്തിയതുപോലെ, ശബ്ദം കൊണ്ടുതന്നെ സന്തുഷ്ടരാണ്.

ഞാൻ അടുത്ത് ചെന്ന് അവരുടെ കണ്ണോട് കണ്ണ് ചേർത്ത് മുകളിലോട്ട് നോക്കി; ഓരോ കൊച്ചു തളിരുമുണ്ട് പച്ചക്കണ്ണിമാങ്ങകളെക്കൊണ്ട് മൂടിയിരിക്കുന്നു. ഏത് സമയത്തോ മാവ് മൊട്ടിട്ടിരുന്നു.

കുഹു, കുഹു.

താറിട്ട വഴി. വഴിയുടെ ഇരുവശത്തും ഒന്നാംതരം കെട്ടിടങ്ങൾ. മുകളിലെ ആകാശം ഇലക്ട്രിക് കമ്പികൾ കൊണ്ട് കുത്തിക്കീറിയിരിക്കുന്നു. ഇതിൻെറ ഇടയിൽ കുയിൽ കൂവുന്നത് എവിടെ ഇരുന്നിട്ടാണ്.

നാലുപാടും തല തിരിച്ചു നോക്കി.

ഇതാ രണ്ടാം നിലയുടെ വരാന്തയിൽ കീറിയ തട്ടിയുടെ വിടവിലൂടെ ഇരുമ്പഴി കൊണ്ടുള്ള ഒരു കൂട് കാണുന്നു; അതിന്നുള്ളിൽ വാലും തൂക്കിയിട്ട് വളർത്തുകുയിൽ ഒററയ്ക്ക് കൂവുകയാണ്.

കാശിയിൽ വൈകുന്നേരം തോണിയിൽ കേറി ഗംഗയിലൂടെ ചുററിയടിക്കുക എന്നത് ഒരു പതിവാണ്. വരുന്നവരെല്ലാം തന്നെ ഒരു തവണ തോണിയിൽ കയറി ഗംഗയിലെ കാററ് കൊള്ളും; അർദ്ധചന്ദ്രാകൃതിയിൽ ഗംഗയെ ചുററിക്കൊണ്ടുള്ള കാശീനഗരിയുടെ ശോഭ ദർശിക്കും.

ഇന്ന് പോകാം, നാളെ പോകാം എന്നുവെച്ച് ഇത്ര ദിവസവും പോവുകയുണ്ടായില്ല. ഇപ്പോൾ സന്ദർഭം വന്നു, സൗകര്യവുമായി. ആനന്ദമയിമാതാവിൻെറ ആശ്രമം ഇവിടെയാണ്, ഏതാണ്ട് കാശിയുടെ മറേറ അററത്ത്. ഗംഗയുടെ മാർത്തട്ടിൽ കെട്ടിപ്പടുത്ത ഉയർന്ന തറമേൽ ഒരു രണ്ടുനിലക്കെട്ടിടം. ഒരു ഭാഗത്ത് ഒരു ക്ഷേത്രം. കുറച്ചു

ദിവസം മുമ്പെയാണ് ആനന്ദമയിമാതാവ് വലിയൊരു സാവിത്രീ യജ്ഞം അനുഷ്ഠിച്ചിരുന്നത്; ആ യജ്ഞകുണ്ഡത്തിലെ അഗ്നി പൂട്ടിയിട്ട അമ്പലത്തിൽ ഇപ്പോഴും ജ്വലിക്കുന്നുണ്ട്. യജ്ഞസാംഗം പ്രമാണിച്ച് കഴിഞ്ഞ കുറച്ച് കൊല്ലമായി തുടർച്ചയായി കത്തുകയാണത്രെ. അനുഷ്ഠാനവേളയിൽ ആനന്ദമയി അഞ്ച് മഹാത്മാക്കളെ സ്വീകരിച്ചിരുന്നു; ആ അഞ്ചുപേരിൽ ഒരാ‍ൾ 'ഹരിബാബ' ആയിരുന്നു.

മുററത്തിന്ന് മുമ്പിലുള്ള മണ്ഡപത്തിൽ വാസന്തിപ്രതിമ; അവിടെ ഒരുപാട് ആളുകൾ വന്നുകൂടിട്ടുണ്ട്.

ഗംഗയുടെ തീരംതൊട്ട് ഒരിടത്ത് തുരംഗം പോലെ ഒരു കോണി കീഴോട്ടിറങ്ങുന്നുണ്ട്. പുറത്ത് ജോടി ജോടിയായി അനേകം ചെരിപ്പുകൾ വീണു കിടക്കുന്നു. അവയെ അടയാളമാക്കി ഞാനും വലിയേച്ചിയും ഇറങ്ങിച്ചെന്നു.

വലിയൊരു ഹാൾ. ഗംഗയിൽനിന്ന് മുകളിലേക്കുള്ള തറക്കുള്ളിലാണ് ഈ നീണ്ട മുറി. ഇറങ്ങിച്ചെല്ലുമ്പോൾ ഗംഗയിൽത്തന്നെയാണ് ഇറങ്ങി വന്നതെന്ന് തോന്നി: ചുമരിൽ വന്നലച്ച് ഗംഗ ഛല ഛല ശബ്ദം പുറപ്പെടുവിക്കുന്നു.

വേനൽക്കാലം ഈ സ്ഥലം എത്രമാത്രം തണുത്തതായിരിക്കുമെന്ന് അറിഞ്ഞുകൂട. മുറിയുടെ നാലുഭാഗത്തെയും ചുമർ നിറയെ ആനന്ദമയിയുടെ ഫോട്ടോ. ചിലപ്പോൾ അവർ തലയിൽ പൂമാല ചുററി കൈയിൽ ഓടക്കുഴലുമായി കൃഷ്ണന്റെ വേഷത്തിലാണ്; ചിലപ്പോൾ നാനാലങ്കാരങ്ങളാൽ ഭൂഷിതയായി മഹാരാജ്ഞിയെപ്പോലെ സിംഹാസനത്തിലിരിക്കുന്നു; ചിലപ്പോൾ ഭാവാവിഷ്ടയായി ഇറയത്ത് കാലും നീട്ടിയിരിക്കുന്നു; ചിലപ്പോഴാകട്ടെ, പ്രസന്നദൃഷ്ടിയോടെ 'ഗുരുപ്രിയ'യുടെ നേർക്ക് നോക്കുന്നു. ഇവക്കിടയിൽ ഒരു ചിത്രമാണ് കാണാൻ വളരെ നന്നായി തോന്നിയത് — സമുദ്രതീരത്തിലൂടെ നടന്നു വരികയാണ് ആനന്ദമയി മാതാവ്; തിരമാലകളെക്കൊണ്ട് കാലടി നനയുന്നു, സാരിയുടെ ചുകന്ന കര നനയുന്നു, അഴിച്ചിട്ട തലമുടി പാറിപ്പറക്കുന്നു — സഹജമായ ഭാവം, സ്വാഭാവികമായ ചിരി; നാട്ടിൻപുറത്തെ പെണ്ണുങ്ങളെപ്പോലെ രണ്ടു മടക്കായി മുറുക്കി ചുററിയ സാരി.

വലിയേച്ചി പറഞ്ഞു: 'ഇവർ നമ്മുടെ നാട്ടിൻപുറത്തെ പെൺകിടാവുതന്നെയാണ്; സരളസ്വഭാവിയായ, പഠിപ്പില്ലാത്ത സ്ത്രീ; സാധാരണ എല്ലാവരേയും പോലെത്തന്നെ. ശ്വശുരന്റെ വീട്ടിൽ വന്ന

തായിരുന്നു; വെക്കുമ്പോഴും വിളമ്പുമ്പോഴും ഭാവവിഹ്വലയായി പ്പോകും. കാലത്തെ പണി ബാക്കി കിടക്കും. അടുപ്പിൽ പച്ചക്കറി ചുടും. ഒന്നിലും മനസ്സ് നിൽക്കില്ല അവർക്ക്. പ്രാന്തത്തിപ്പെണ്ണെ ന്നാണ് എല്ലാവരും പറഞ്ഞിരുന്നത്. അവരുടെ മനസ്സിൽ രസക്കേട് വ്യാപിച്ചുതുടങ്ങി — ആരുടെ ഉള്ളിൽ എന്ത് സാധനയാണ് സഞ്ചിത മായി കിടക്കുന്നതെന്ന് ആരറിയുന്നു? പുനർജന്മത്തിൽ വിശ്വസി ക്കുന്നത് വെറുതെയാണോ? അല്ലെങ്കിൽ ഈ നാടൻപെണ്ണ് ദേവഘരി ലെ ബാലാനന്ദസ്വാമിയുടെ ചുമലിൽ കേറി ഇരിക്കാൻ മാത്രം ഇങ്ങി നെയായതെങ്ങിനെ? ബാലാനന്ദൻ ചിരിച്ചുകൊണ്ട് പറഞ്ഞുവത്രെ. 'പെണ്ണ് സിംഹവാഹിനിയാണല്ലൊ'.

പ്രായം കുറഞ്ഞ ഒരു വീട്ടമ്മ വന്ന് വലിയേച്ചിയെ നമസ്കരി ച്ചു. വലിയേച്ചി വായും പിളർന്ന് നിന്നുപോയി. കണ്ണും മിഴിച്ചു കൊണ്ട് അങ്ങിനെ നോക്കി നിന്നു. ഒടുക്കം ചോദിച്ചു: 'നീ ഇവി ടെ? ഞങ്ങൾ എത്രമാത്രം വിഷമിച്ചുവെന്നോ. പൊടുന്നനെ അങ്ങ് കാണാനില്ല ഒരു കുടുംബം മുഴുവൻ! വേവലാതിക്ക് ഒരവസാനവു മുണ്ടായിരുന്നില്ല. പെൺമക്കളെവിടെ?

പെൺമക്കളും ഇവിടെത്തന്നെ. അവർക്കുവേണ്ടിയല്ലേ ഒളിച്ചോടി വന്നതുതന്നെ. കൂട്ടുകാർ പറഞ്ഞുതന്നു, പോവുകയാണെന്ന് ആരേ യും അറിയാൻ വിടരുതെന്ന്. അറിഞ്ഞാൽ തടഞ്ഞു നിർത്തും. അ തുകൊണ്ട് ഒരു ദിവസം വൈകുന്നേരം അച്ഛൻെറ വീട്ടിൻെറ പേരും പറഞ്ഞ് പാക്കിസ്ഥാൻെറ അതിർത്തി കടന്ന് നേരെ കാശിയിലേക്ക് പോന്നു. അച്ഛൻെറ വീട്ടിലോ ഭർത്താവിൻെറ വീട്ടിലോ ആരേയും അറിയിക്കാൻ വിശ്വാസമുണ്ടായില്ല. ആരേത് വഴിക്ക് അറിഞ്ഞുകള യും എന്ന് നിശ്ചയമില്ലല്ലൊ. ഒടുക്കം വഴിക്കുവെച്ചുതന്നെ വല്ല ആ പത്തും പിടിപെടും. വരാൻ വന്നു; ഇപ്പോൾ ദിവസം നീങ്ങുന്നില്ല. എന്താണ് ഉണ്ണുക എന്താണ് ഉടുക്കുക? പട്ടണത്തിൽ ഒരു മുറിയെടു ത്ത് താമസിക്കുകയാണ്; ആശ്രമത്തിലെ പരിചയമുള്ള ഒരു സ്വാമി യാണ് ഏർപ്പാട് ചെയ്തുതന്നത്; അലഞ്ഞുനടന്ന് വല്ലവരുടേയും രണ്ടുനാല് മുണ്ടും തുണിയും തുന്നിക്കൊടുക്കും. പക്ഷെ ഇങ്ങിനെ എത്ര നാളാണ് കഴിയുക?'

മറവിൽ എത്തിയപ്പോൾ വലിയേച്ചി പറഞ്ഞു: 'അറിയാമോ, ഇത് നമ്മുടെ ഇന്നാളുടെ ഇളയമ്മയാണ്. പരമസുന്ദരിമാരായ പ്രായം തികഞ്ഞ രണ്ട് പെൺമക്കൾ; കോളേജിൽ പഠിക്കുകയായിരുന്നു. രാജ്യം വിഭജിച്ചു, തെമ്മാടികളുടെ അടുത്ത് മാനം കാക്കാൻ വയ്യാതാ യി പിന്നെ. ഒടുക്കം, വമ്പിച്ച വ്യവസായവും മററും ഇട്ടെറിഞ്ഞ് ന

ട്ടപ്പാതിരക്ക് അച്ഛനും അമ്മയും പെൺമക്കൾ രണ്ടുപേരെയും കൂട്ടി ഒളിച്ചോടി. നമ്മൾ നിസ്സാരകാര്യങ്ങൾക്കുവേണ്ടിപ്പോലും വേവലാതിപ്പെടുന്നു. ഭേദപ്പെട്ട നിലയിലായിരുന്നു ഇവർ: ഇപ്പോൾ നോക്കു എങ്ങിനെ മാറിപ്പോയി!'

തോണി ആനന്ദമയിമാതാവിന്റെ ആശ്രമത്തിന്റെ കടവിൽത്തന്നെ ചെന്നണഞ്ഞു. ആളൊന്നിന് രണ്ടണ എടുക്കും, ദശാശ്വമേധഘട്ടിൽ കൊണ്ടാക്കും.

തോണി ഒഴുക്കിനെതിരായി വിട്ടു. കടത്തുകാരൻ രണ്ടുകൈകൊണ്ടും തണ്ട് വലിച്ചു. ഝപ് ഝപ് ശബ്ദത്തോടെ തുഴ വെള്ളത്തിൽ വീഴുന്നു, തോണി മെല്ലെ മെല്ലെ മുന്നോട്ട് നീങ്ങുന്നു. അക്കരെ ശാന്തം, സ്തബ്ധം; ചക്രവാളം ആകാശം കൊണ്ട് മൂടിയിരിക്കുന്നു — ഏതോ രഹസ്യമയമായ മൂടൽമഞ്ഞിന്റെ ആവരണം പോലെ. രാജകൊട്ടാരത്തിലെ ഒരു തീക്ഷ്ണപ്രകാശം മാത്രം കുരുടൻ രക്ഷസ്സിന്റെ ഒററക്കണ്ണുപോലെ ഇരുട്ടത്ത് വെട്ടിത്തിളങ്ങുന്നുണ്ട്.

തലയ്ക്കുമുകളിൽ മാനത്ത് പററംപററമായി വെള്ളിൻപ്പറവകൾ പറന്നുപോകുന്നു. ഒന്നുരണ്ടെണ്ണം പിറകിലായിപ്പോയിരുന്നു; അവ കൂവിക്കൊണ്ട് മുൻപിലെ സംഘത്തിന്റെ മറുകൂവൽ കേൾക്കുന്നു. തോണിത്തലപ്പത്ത് ഞാൻ ഒററക്കായിരുന്നു; ഞാൻ ആ വഴി സൂക്ഷിച്ചുകൊണ്ടിരുന്നു; വഴി എങ്ങോ ലയിച്ചുപോയി, വഴിപോക്കരും ലയിച്ചുപോയി.

ഒരുകെട്ട് പൂമാല വെള്ളത്തിൽ ഒഴുകിവരുന്നു. ഏത് ദേവന്റെ തൃക്കഴുത്തിലെ മാലയോ, എവിടെച്ചെന്ന് തടയുമോ, ആർക്കറിയാം!

രാജകുമാരി കടവിൽ കുളിക്കാനിറങ്ങി തലമുടിച്ചുരുൾ പൂവിതളുകൾക്കുള്ളിലാക്കി വെള്ളത്തിലൊഴുക്കുന്നു. ഒലിച്ചൊലിച്ച് അത് ദേശദേശാന്തരങ്ങൾ കടന്ന് മറെറാരു കടവിൽച്ചെന്ന് രാജകുമാരന്റെ മാറത്ത് ചെന്ന് തടയുന്നു. രാജകുമാരൻ പൂ കൈയിലെടുക്കുന്നു. ഒരു ചുരുൾ തലമുടി അയാളെ മത്തുപിടിപ്പിക്കുന്നു; അയാൾ തേടിത്തേടി കേശവതിയായ രാജകുമാരിയെ കണ്ടെത്തുന്നു.

ഞാൻ മാല പിടിക്കാൻ കൈ നീട്ടി. അന്തിനേരത്തെ പിച്ചകപ്പൂവിന്റെ മാല കൈയെത്താതെ ആടിയുലഞ്ഞ് അകന്നുപോയി.

ഗം ഗം ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്നു. പട്ടണത്തിന്ന

ടുത്ത് എത്തിയിരിക്കുന്നു. കടവുതോറും ആരംത്തിരക്ക്, ദീപാരാധനയുടെ മണിമുഴക്കം. സജീവമായ പ്രാണന്റെ സ്വത:സ്ഫൂർത്തമായ പ്രതികരണം. പ്രചണ്ഡകോലാഹലം. ഏതോ മഹാധ്യാനം ഭഞ്ജിച്ച് ചന്തയുടെ നടുക്ക് വന്നു പെട്ടതുപോലെ തോന്നി. അമ്മ മടിയിലെ കുഞ്ഞിനെ ദിഢീം എന്ന് മണ്ണിൽ ഇറക്കിയതുപോലെ.

ഗഗനമഹാരാജ് പറഞ്ഞു: 'അതാ നോക്കു, ഫ്ളഡ് ലെവൽ. അതാ ആ ഉയർന്ന അമ്പലമില്ലേ, അവിടെ ഒരു വെളുത്ത അടയാളം കണ്ടോ, അതുവരെ വെള്ളം കയറിയിരുന്നു നാൽപത്തെട്ടിൽ. പട്ടണം മുങ്ങിപ്പോയിരുന്നു. ഞങ്ങളുടെ ആശ്രമത്തിലേക്കുള്ള വഴിക്ക് തോണി പോകുമായിരുന്നു, അപ്പോഠം സങ്കൽപിച്ചുനോക്കു, എത്ര വലിയ വെള്ളപ്പൊക്കമായിരുന്നെന്ന്'.

താഴെ ഗംഗാജലത്തിൽ വലിയൊരു ശിവക്ഷേത്രം, കൂത്തമ്പലവുമായി നെഞ്ഞോളം വെള്ളത്തിൽ മുങ്ങി ചാഞ്ഞു കിടക്കുന്നു; ഓരോ നിമിഷവും തോന്നും, ഇതാ പൊളിഞ്ഞുവീണു എന്ന്. ഞാൻ ചോദിച്ചു: 'ആ വെള്ളപ്പൊക്കത്തിലാണല്ലേ ഇതിങ്ങിനെയായത്?'

'ഹേയ്, അല്ല. ഞാൻ കുട്ടിക്കാലം മുതൽക്കേ ഈ അമ്പലം ഈ അവസ്ഥയിലാണ് കണ്ടിരിക്കുന്നത്. ഞങ്ങാംക്ക് മുമ്പ് കണ്ടവരും ഇതുതന്നെയാണ് പറയുന്നത്. ഒരാഠം തന്റെ അമ്മയുടെ പേരിൽ ഈ അമ്പലം പണിയിച്ച് ശിവമൂർത്തിയെ പ്രതിഷ്ഠിച്ച്, ഇപ്പോഠം ഞാൻ അമ്മയുടെ കടം വീട്ടി എന്ന് പറഞ്ഞുവെന്നും അത് പറയലും അമ്പലം താഴോട്ടിറങ്ങിപ്പോവലും ഒന്നിച്ചുകഴിഞ്ഞുവെന്നുമാണ് കഥ. അന്നുതൊട്ട് ഈ അമ്പലം ഒരേ നിലയിലാണ്. അന്ന് എത്ര വലിയ വെള്ളപ്പൊക്കം വന്നതാണ്; വരുമ്പോഠം കണ്ടില്ലേ, കരയിലെ മററു കടവുകഠം എങ്ങിനെ പൊളിഞ്ഞുവീണിരുക്കുന്നെന്ന്, ആയിരമായിരം പൂഴിച്ചാക്കുകഠം വെച്ചിട്ടാണ് ഇപ്പോഠം താങ്ങി നിർത്തിയിരിക്കുന്നത് — എന്നിട്ട് ഈ അമ്പലമുണ്ടല്ലോ എത്രത്തോളം ചെരിഞ്ഞിട്ടുണ്ടായിരുന്നോ ശരിക്കും അത്രതന്നെ ചെരിഞ്ഞുനിൽപാണ്; തലനാരിഴക്കുപോലും അങ്ങുമിങ്ങുമായിപ്പോയിട്ടില്ല'.

കഥ കേട്ട്, 'മാതൃ-ഋണം അപരിശോധ്യം തന്നെ' എന്നു പറഞ്ഞുകൊണ്ട് വ്രജരമണൻ നെടുവീർപ്പിട്ടു.

കടവിലിറങ്ങി വലിയേച്ചി കൈയിലും മുഖത്തും വെള്ളം തൊട്ടു. എന്നിട്ട് പറഞ്ഞു: 'നീയും എടുക്കു, നല്ല സുഖം കിട്ടും. അവിടെ എന്താണ് മുട്ടും കുത്തി നോക്കുന്നത്?'

ഞാൻ പറഞ്ഞു: 'ആ ചാരനിറത്തിലുള്ള പൂച്ചയെ'.

ഇന്ന് രാവിലെ കുളിക്കാൻ വരുമ്പോഠം കടവിലേക്കുള്ള വഴിയിൽ ഒരു തൂപ്പുകാരി കീറിയ സാരിയുടെ കരയുള്ള തുമ്പ് അരയിൽ ചുററി ഒരു ചത്ത പൂച്ചയെ ചിള്ളിക്കൊണ്ട് പോകുന്നത് കണ്ടിരുന്നു. അതിപ്പോഠം ഈ കടവിലെ മരപ്പടിയുടെ പഴുതിൽ വന്ന് തടഞ്ഞു നിൽക്കുകയാണ്.

കടവിൻ മുകളിലെ ഒരു പീടികയിൽ വൈദ്യുതദീപത്തിന്നു ചുവട്ടിലായി ആളുകഠം കൂട്ടം കൂടിയിരിക്കുന്നു.

ഫ്രെയിം ചെയ്ത ദുർഗ്ഗാമാതാവിൻെറ വർണ്ണചിത്രത്തിൻെറ പിന്നിൽ പീടികക്കാരൻ എന്തോ ഒരു കുഴൽ ഘടിപ്പിച്ചിട്ടുണ്ട്; കുഴൽ ടിക് ടിക് ശബ്ദത്തോടെ അനങ്ങുന്നു. അതിൻെറ താളത്തിനൊത്ത് മുമ്പിൽ ദുർഗ്ഗയുടെ കഴുത്തും കൈയിലെ വാളും മടിയിൽ കയററി വെച്ച വലത്തു കാലടിയും ഇളകുന്നു.

ഒടുക്കം വിന്ധ്യാചലത്തിൽ ചെല്ലാൻ തരമാവുക തന്നെ ചെയ്തു. വഴിയിലൂടെ പോകുമ്പോഴും വരുമ്പോഴും വണ്ടി കണ്ടാൽ ചോദിക്കും, 'വിന്ധ്യാചലത്തിൽ പോകുമോ? എത്രയാവും?' ഇതൊരഭ്യാസമായിപ്പോയെന്നു തോന്നും. ഇന്ന് ഗംഗയിൽ കുളിച്ചു മടങ്ങുമ്പോഠം വഴിക്ക് ഒരൊഴിഞ്ഞ സ്റേറഷൻ വാഗൺ കണ്ടിട്ട് ചോദിച്ചു: 'വിന്ധ്യാചലത്തിൽ പോകുമോ? ഒററ വാക്കിനുതന്നെ അയാഠം രാജിയായി. പക്ഷെ ഡ്രൈവറടക്കം ആറിലധികം പേരെ കൊണ്ടുപോകാൻ സമ്മതമല്ല. 'പോകാം ഒരുപാടാഠക്ക്', വണ്ടി ഇത്ര വലുതായിരിക്കെ; പക്ഷെ പോലീസ് പിടികൂടിയാൽ ആർ സമാധാനം പറയും? നിങ്ങഠം ഉത്തരവാദിത്വം ഏററെടുക്കുമോ?'

ഏട്ടൻ പറഞ്ഞു: 'അതു പോട്ടെ; അത്രയൊക്കെ പറഞ്ഞിട്ടെന്തു വേണം? ഞങ്ങഠം ഇത്രപേരേ ഉള്ളു, തത്ത്വാനന്ദസ്വാമികളും ഗിരിജാ ബ്രഹ്മചാരിയും പോകണമെന്നു പറഞ്ഞിരുന്നു. അവരെ കൂട്ടിയാൽ മതി'.

വലിയേച്ചി പറഞ്ഞു: 'ആഹാ, ആ ബരിശാലിൽനിന്ന് വന്ന ഒരു സ്വാമിയില്ലേ, അദ്ദേഹത്തിനും നമ്മളുടെ കൂടെ വന്നാൽ കൊള്ളാമെന്നുണ്ടായിരുന്നു'.

ഞാൻ ഒരോട്ടത്തിന് ഈറൻതുണികഠം വരാന്തയിലെ കയറിന്മേൽ

തൂക്കിയിട്ട് വണ്ടിയിൽ കയറി ഇരിപ്പുറപ്പിച്ചു. ഉച്ച തിരിഞ്ഞിരുന്നു, സൂര്യൻ ഏതാണ്ട് തലക്കു മുകളിൽ. ചൂടുകാററ് കണ്ണിലും മുഖത്തും തീ കോരിയിടുന്നു. പൊങ്ങിയും താണുമുള്ള വഴി. പൊളിഞ്ഞ സീററിൽ ഇരുന്ന് നൃത്തം തത്തിക്കൊണ്ടാണ് പോക്ക്; ജനലിൻെറ ചില്ല് താളം പിടിക്കുന്നു.

പട്ടണത്തിലെ ഇരമ്പവും കമ്പവും കഴിഞ്ഞിട്ട്, വലിയ ആളുകളുടെ വലിയ വലിയ ഇഷ്ടികവീടുകളും പറമ്പുകളും. ജനാലച്ചില്ലുകൾ പൊളിഞ്ഞു വീണിരിക്കുന്നു. ഫലവൃക്ഷങ്ങൾ തിങ്ങിവിങ്ങിയ നാട്ടിൻപുറം. അതും കടന്ന് തുറന്ന വഴിക്കെത്തി. ചക്രവാളം തൊടുന്ന വയലുകളാണ് ഇരുവശവും; കൊയ്ത്തു കഴിഞ്ഞിരുന്നു. ശൂന്യമായ വയലുകൾ കടുത്ത വെയിലിൻെറ മരീചിക മാറിൽ ചേർത്ത് ഹാഹാരവം മുഴക്കുന്നു.

പഴക്കം ചെന്ന വേപ്പിൻേറയും പുളിയുടേയും അരയാലിൻേറയും തണൽ കൊണ്ട് മൂടിയ വഴി; അതിലൂടെ മോട്ടോർവണ്ടി ആർത്തനാദം മുഴക്കിക്കൊണ്ട് പാഞ്ഞു.

കണ്ണിൽ ഉറക്കം വന്നു. തല പിന്നോക്കം ചായ്ച്ച് കാലുരണ്ടും മുന്നോട്ടു നീട്ടിവെച്ചു. അവശമായൊരു ആലസ്യത്തിൽ സ്വയം ചാരി.

'മഹുവ'പ്പൂവിൻെറ മണം കേൾക്കുംപോലെ തോന്നുന്നല്ലൊ! മഹുവ പൂക്കാൻ തുടങ്ങിയോ?

ഞങ്ങളുടെ ആശ്രമത്തിൽ ഈ സമയത്ത് മഹുവച്ചോട്ടിൽ എന്തു തിരക്കായിരിക്കുമെന്നോ. തേൻ തുളുമ്പുന്ന മഹുവപ്പൂക്കൾ മരച്ചുവട് നിറയെ ഉണ്ടാകും. പുലരുംമുമ്പുതന്നെ തൂപ്പുകാർ മടിക്കുത്തു നിറയെ പെറുക്കിക്കൊണ്ടുപോകും. പുതുതൊക്കെ തിന്നുതീർത്ത് ബാക്കിയാവുന്നത് വെയിലത്ത് ഉണക്കിയെടുക്കും; കിട്ടാനില്ലാത്ത കാലത്ത് തിന്നാൻ അധികം സുഖമാണ്.

പക്ഷെ ഇതിന്നിടയിൽത്തന്നെ മഹുവ പൂക്കാൻ തുടങ്ങിയോ? എന്നാൽപ്പിന്നെ സാലപ്പൂവും കിട്ടില്ല തിരിച്ചു ചെല്ലുമ്പോൾ. ഈയൊരു സമയത്തുതന്നെയാണ് അതും പൂക്കുക. പോകുമ്പോഴേക്കും പൂവിരിയലും കൊഴിയലും കഴിഞ്ഞിട്ടുണ്ടാവും. വരുന്നതിന്നു മുമ്പെ ഒരു ദിവസം സാലവീഥിയിലൂടെ നടക്കുമ്പോൾ ഒരു കടത്തുകാരി മുളയുടെ തലപ്പത്ത് കൊക്ക കെട്ടി, മിനുമിനുത്ത ഇലകളോടെ

സാലമരക്കൊമ്പ് അടർത്തിയിടുന്നത് കണ്ടിരുന്നു. ഉണങ്ങിയ ഇലകൾ ഈർക്കിൽ കൊണ്ട് കോർത്ത് ചോറുണ്ണാൻ പാത്രമുണ്ടാക്കാനാണ്. അത് കണ്ടിട്ട് ഞാൻ ശാസിച്ചിരുന്നു, 'എന്താണീ ചെയ്യുന്നത്, ഇത്തിരി നാൾ കൂടെ കഴിഞ്ഞാൽ ഇത് പൂക്കും; മുൻഭാഗത്തെ കൊമ്പുകൾ ഇങ്ങിനെ അടർത്തിക്കളയാമോ? ഇല വേണമെങ്കിൽ, ഉള്ളിലെ ആ മരങ്ങളിന്മേൽ നിന്ന് എടുക്കരുതേ'.

പൂക്കാലത്ത് സാലവീഥിക്ക് എന്തൊരു പകിട്ടായിരിക്കും! പൂവിതളുകൾ കൊണ്ട് ചുവടെ മുഴുവൻ മൂടിയിരിക്കും; ചുകന്ന ചരലുകൾക്കുമീതെ വെള്ള കമ്പിളി കൊണ്ടുള്ള കനത്ത ഇരിപ്പിടം വിരിച്ചതുപോലെ. വണ്ടിൻെറ മൂളൽ, പൂവിൻെറ മണം, കാററത്ത് പൊഴിഞ്ഞുവീഴുന്ന നേർത്ത ഇതളുകളുടെ പാറിപ്പറക്കൽ — അത് രാവും പകലുമുള്ള ഒരു മഹോത്സവമാണ്, മധുരമായൊരു കീർത്തനാലാപനമാണ്.

തിരിച്ചു ചെല്ലുമ്പോഴാകട്ടെ, സമ്പൂർണ്ണമായും ആത്മാർപ്പണം ചെയ്ത് ശൂന്യരായ മരങ്ങൾ കൊടും വെയിൽ തലയിലേററി, ഇടവമാസത്തെ ഭ്രാന്തൻ കാററ് നെഞ്ഞ് വിടർത്തി ഏൽക്കാൻ നിൽക്കുന്നതാണ് കാണുക. ചുകന്ന പൊടിയിൽ ഉണക്കിലകളുടെ പരക്കംപാച്ചൽ. ചെന്നിട്ട് ഇതൊന്നുമാത്രമാണോ കിട്ടുക?

എന്തിന്? പിച്ചകമുണ്ടല്ലൊ; ഓരോ വഴിത്തിരിവിലും ഉദാസീനമായ മനസ്സിനെ ആകുലമാക്കും. വീട്ടിലെ മുററത്തുണ്ട് കൂവളപ്പൂവ്. കാററടിക്കുമ്പോഴെല്ലാം ചെമ്പകം ക്ഷണിക്കുന്നുണ്ടാവും. വിചാരപ്പെടാൻ എന്തുള്ളു?

ഈറൻ കാററ് വന്ന് മുഖത്ത് തട്ടി. കണ്ണു തുറന്നു നോക്കുമ്പോൾ, വണ്ടി ഗംഗയുടെ മുകളിലൂടെ പതുക്കെ ശ്രദ്ധിച്ച് നീങ്ങുകയാണ്.

ഇരുമ്പു ബോയകളിന്മേൽ കെട്ടിപ്പടുത്ത പാലം. വെള്ളപ്പൊക്കത്തിൽ ഓരോ കൊല്ലവും അഴിഞ്ഞുപോകും, വെള്ളം ഇറങ്ങിയാൽ വീണ്ടും യോജിപ്പിക്കും. അക്കരെ മിർജ്ജാപൂർ പട്ടണം; കുറേക്കൂടി മുന്നോട്ടു ചെന്നാൽ വിന്ധ്യാചലം.

എത്ര തെളിഞ്ഞ വെള്ളമാണ് ഗംഗയിൽ. ഹരിദ്വാരം വിട്ടതിനു ശേഷം ഇതുപോലെയുള്ള ഗംഗ വേറെ കണ്ടിട്ടില്ല. കാശിയിലെ ഗംഗയിൽ ആഹ്ളാദത്തള്ളിച്ച പൂണ്ട ഒഴുക്കിൻെറ ആ ഇരമ്പലില്ല, സകലതും ഒഴുക്കിക്കൊണ്ടുള്ള ആ കുതിച്ചുപായലില്ല. സഹനശീലയും

സ്നേഹശീലയുമായ, സകലരേയും നെഞ്ഞോടണച്ചുനിൽക്കുന്ന, അമ്മയെപ്പോലെയാണ് അവരു — സ്ഥിരം, ഗംഭീരം.

വലിയേച്ചി പറഞ്ഞു: 'പോകാം, ആദ്യം വിന്ധ്യാചലത്തിലെ ഗംഗ സ്പർശിക്കാം'.

ഞാൻ പറഞ്ഞു: 'സ്പർശിക്കുകയല്ല, തല മുക്കി സ്നാനം തന്നെ ചെയ്യാം'.

പക്ഷെ ഈറൻ മാറാനുള്ള വസ്ത്രം കൂടെ കൊണ്ടു വന്നിരുന്നില്ല. അതിരിക്കട്ടെ. ഇത്രയും നാരു ഇത്രയും കടവുകളിൽ കുളിച്ചില്ലേ. ഇത്രയും ആളുകളുടെ കുളി കണ്ടില്ലേ. അവരുടെ ഒരു കുളിയുടെ വഴി നമുക്ക് ഇന്ന് ഉപയോഗപ്പെടുത്തുക തന്നെ.

ഞാൻ വെള്ളത്തിലേക്ക് ചാടി. എന്തു സുഖം! വെയിലിന്റെ ചൂട് തണുത്തു.

വലിയേച്ചി ചോദിച്ചു: 'തോർത്തുന്നതെങ്ങിനെ?'

ഞാൻ പറഞ്ഞു: 'എന്തിനാണ് തോർത്തുന്നത്? ചൂടുകാററത്ത് ദേഹത്തെ വെള്ളം ദേഹത്ത് തന്നെ ഉണങ്ങിക്കോളും, കണ്ടോളൂ'.

കണ്ടിട്ട് ഏട്ടനും മററുള്ളവരും വെള്ളത്തിലിറങ്ങി. പറകയാണ്, 'ഈ ചൂടിൽ തണുത്ത വെള്ളത്തിനുള്ള കൊതി അടക്കാൻ പണിയാണ്''.

സ്നാനത്തിനുശേഷം, ഇത്രയൊക്കെ മിനക്കെട്ട് ഇങ്ങോട്ടു വന്നതെന്തിനോ, ആ വിന്ധ്യാവാസിനീദർശനത്തിന്ന് ചെന്നു. ആരുക്കൂട്ടത്തിന്റെ അററം ഒരേ ദിക്കിലേക്കാണ് നീങ്ങുന്നത്; മടങ്ങുന്നത് മറെറാരു വഴിക്കാണെന്ന് തോന്നുന്നു. വഴിയുടെ ഇരുവശത്തും ചന്തയാണ്; വരിവരിയായി പീടികകരു. നടുവിലെ വീതി കുറഞ്ഞ വഴി നേരെ ചെന്ന് അവസാനിക്കുന്നത് വിന്ധ്യാവാസിനീ ക്ഷേത്രത്തിന്റെ മുമ്പിലാണ്. ത്രാണിയുള്ളവനെന്ന് തോന്നിയ ഒരു പണ്ഡയെ ആശ്രയിച്ചപ്പോരു അയാരു ഞങ്ങളെ അമ്പലത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ചെന്ന് ഞങ്ങളെ ചുമരോട് ചേർത്ത് നിർത്തി രണ്ടു കൈകൊണ്ടും ഞങ്ങളെ ആരുക്കൂട്ടത്തിൽനിന്ന് കാത്തുകൊണ്ട് നിൽപുറപ്പിച്ചു.

ചെറിയ വാതിൽ, ആളുകരു തല കുനിച്ച് ഞെങ്ങിഞെരുങ്ങി അകത്തു കടക്കുന്നു. മല്ലന്മാരെപ്പോലുള്ള പണ്ഡമാരുടേയും വളണ്ടിയർമാരുടേയും സംഘം ആരുക്കൂട്ടം ഒതുക്കാൻ ചെന്നിട്ട് അന്യോന്യം

ചുമലിൽ മൂക്കു കുത്തി വീഴുന്നു. ഇവിടെയൊരു ഭ്രാന്തൻകാററിന്റെ പരാക്രമമാണെന്നു തോന്നും; ആർക്കു കഴിയും ഒതുക്കാൻ? തുമുലമായ താണ്ഡവം, ആർ ആരെ രക്ഷിക്കാനാണ്? അകത്തു കടക്കുന്നത് വിയർപ്പൊലിപ്പിച്ചുംകൊണ്ട്, പുറത്തുവരുന്നത് മുഖത്ത് രക്തവുമായി. ഉള്ളിലെന്താണ് കത്തുന്നത്? ആലോചിച്ചപ്പോൾ നടുങ്ങിപ്പോയി. ഉള്ളിൽ കടന്നാൽ പ്രാണനുംകൊണ്ട് പുറത്തുവരാൻ കഴിയുമോ?

ഞാൻ മുട്ട് മടക്കി എത്തിനോക്കി. ചെറിയൊരു മുറിക്കുള്ളിൽ അടുപ്പിച്ചടുപ്പിച്ച് ഇടതൂർന്ന ജോഡി ജോഡി കാലുകൾ. കറുത്തതും വെളുത്തതും ബലിഷ്ഠവും മൃദുവും, പൈജാമയിൽ പൊതിഞ്ഞതും മല്ലുമുണ്ടുകൊണ്ട് മൂടിയതുമായ കാലുകൾ പതുക്കെപ്പതുക്കെ മുന്നോട്ട് നീങ്ങി പിന്നോക്കം വാങ്ങുന്നു; ഇടത്തോട്ടും വലത്തോട്ടും തെന്നിമാറുന്നു.

ദേവിയുടെ അടുത്തുചെല്ലുന്ന കാര്യമോ ഇരിക്കട്ടെ: ദൂരെനിന്നുപോലും ആളുകൾക്ക് ദർശനം കിട്ടുന്നില്ല. വല്ലപാടും അമ്പലത്തിൽ ഒരിക്കൽ കടക്കാൻ തരമായല്ലൊ എന്ന തൃപ്തിയെ മാത്രം അവലംബിച്ച് അവർ മടങ്ങിവരികയാണ്.

ദേവിയുടെ വാതിൽക്കൽ ഇതെന്ത് വിഡംബനമാണ്! എന്തൊരാശയും ആകാംക്ഷയുമാണ് ആളുകൾക്ക്, എന്തൊന്നുള്ളു ഇത്രയും അഭേദ്യമായി? ഒന്നു ദർശിക്കുക, ഒന്നു കാലുതൊട്ട് വണങ്ങുക, ഇത്രയല്ലേ അവർക്ക് വേണ്ടൂ? അതിനെന്തിന് ഇത്രയും തടസ്സം? എന്തിനീ വേലികെട്ടി മറവ്?

ഭഗവതിയമ്മേ! എപ്പോഴാണ് എല്ലാവരും അകത്ത് കടന്ന് വീണത്. അകത്തെന്ന് പറഞ്ഞാൽ പോര; അകത്ത് ഒരു മൂലക്കായി പിച്ചളച്ചങ്ങലകൊണ്ട് ചുററിയ മറെറാരു കൊച്ചുമുറി, അതിന്നുള്ളിൽ വിന്ധ്യാവാസിനി. അവിടുത്തെ തിരുമുമ്പിലാണ് വന്നുനിൽക്കുന്നത്.

തിരുവാടയും പൂവും കൊണ്ട് മൂടിയിരിക്കുന്നു. വലിയേച്ചി അമ്മയുടെ തൃക്കാൽ എവിടെയെന്ന് തപ്പിനോക്കുകയാണ്.

വിഗ്രഹം കാണാൻ വയ്യ. മുഖത്ത് മൂക്കിന്റെ ആകൃതി മാത്രം അൽപമൊന്ന് അനുമാനിക്കാം. ഇത് വല്ല ശിൽപിയും പണിതുവെച്ച വിഗ്രഹമല്ല, കല്ലുതന്നെ രൂപംപൂണ്ടുവന്നതാണെന്നേ തോന്നു. സ്വയംഭൂത.

കടന്നതുപോലെത്തന്നെ ഒരു കുഴപ്പവുമില്ലാതെ പുറത്തും പോന്നു.

വലിയേച്ചി ആനന്ദംകൊണ്ട് തളർന്നുപോയി. പറകയാണ്, 'എൻെറ റാണി, ആര് ചെയ്ത പുണ്യം കൊണ്ടാണ് ഇന്നിത് തരമായത്. ദേവിയുടെ കാല് തൊട്ടു വന്നു, തടിക്ക് ഒരുടവും തട്ടാതെ!'

ഞാൻ പറഞ്ഞു: 'ഏതായാലും എൻേറതല്ല, വലിയേച്ചി—തീർച്ച. ഞാൻ താരകഭട്ടാചാർജ്ജിയുടെ ചെറിയമ്മയാണ്!'

താരകഭട്ടാചാർജ്ജിക്ക് രണ്ടമ്മമാരാണ്. ഭാര്യവീട്ടിൽ താമസമുറപ്പിച്ച ആഢ്യബ്രാഹ്മണനായ അപ്ഫൻ തിരുമേനി, ആദ്യത്തെ ശ്വശുരനുമായി ഗ്രാമത്തിൽവെച്ച് ശണ്ഠ കൂടി ചെറിയമ്മയെ വേളി കഴിച്ചു. ആ ചെറിയമ്മയുടെ ഒരേയൊരു മകൾ ദുലി മംഗല്യം കഴിഞ്ഞിട്ട് ഒരുകൊല്ലം തികയുംമുമ്പ് വിധവയായി തിരിച്ചുവന്നു. ചെറിയമ്മ അയൽപക്കക്കാരിയുടെ കഴുത്തും കെട്ടിപ്പിടിച്ച് കരച്ചിലോട് കരച്ചിൽ—'എൻേറച്ചീ, ഇതെന്താ എനിക്കു വന്നുപററിയത്?' ചേച്ചി ആശ്വസിപ്പിച്ചു — 'എന്ത് ചെയ്യാനാണ്; ഓരോരുത്തരുടെ തലയിലെഴുത്ത് തിരുത്താൻ പററുമോ? ദുലിയുടെ തലയിൽ ദു:ഖമാണ് എഴുതിയിരിക്കുന്നത്, നീ കരഞ്ഞിട്ട് അത് കുറക്കാൻ കഴിയുമോ? അതുകൊണ്ട് മനസ്സുറപ്പിക്കു, മകളുടെ നേർക്ക് നോക്കി അവനവന്ന് ഉറപ്പ് കൊടുക്കു, അതാണ് നല്ലത്. അവളുടെ യോഗം നന്നല്ല, അതിന് ആരെന്തു ചെയ്യും? അല്ലെങ്കിൽ നോക്കരുതോ, നീ ഈ നരച്ച മുടിയിൽ ഇപ്പോഴും സിന്ദൂരം തൊടുന്നില്ലേ'. അപ്പോൾ ചെറിയമ്മ പറയുകയാണ്, 'എൻേറച്ചീ, അതെൻെറ തലയിലെഴുത്തിൻെറ ഊക്ക് കൊണ്ടല്ല. ഞാൻ ജനിച്ചത് കർക്കടകത്തിലെ കറുത്ത വാവിന്നാണ്. ഈ പെണ്ണ് കല്യാണരാത്രി തന്നെ ചാവും എന്നാണ് എല്ലാവരും പറഞ്ഞിരുന്നത്. ഞാനിപ്പോഴും സിന്ദൂരം തൊടുന്നത് എൻെറ സപത്നിയുടെ തലയിലെഴുത്തിൻെറ ഊക്ക് കൊണ്ടാണ്'.

അമ്പലത്തിന്ന് പുറത്ത് ഒരു വശത്ത് ഒരു യജ്ഞകുണ്ഡത്തിൽ ഏഴ് യാഗാഗ്നികൾ ജ്വലിക്കുന്നു. ഇന്ന് പൂർണ്ണാഹുതിയാണ്. ഭസ്മത്തിൻെറ സ്തൂപം കണ്ടാൽ ഏഴ് ചെറിയ അമ്പലങ്ങളുടെ ഏഴ് താഴികകളാണെന്നു തോന്നും. ഒരു മൺകലം വാങ്ങി എഴ് യജ്ഞാഗ്നിയുടേയും ഭസ്മം എടുത്തു.

വലിയേച്ചി പറഞ്ഞു: 'നാട്ടിൻപുറമല്ലേ, ഓരോ ദോഷവും വിപത്തും വരുമ്പോഠം ഇതൊക്കെ എത്ര ഉപകാരമായിരിക്കും'.

മററൊരു വശത്ത് ഒരു മൺതറക്കു മുകളിൽ വലിയൊരു വേപ്പു മരം. അതിൻെറ ചുവട്ടിൽ കുഴിച്ചിട്ടിരിക്കുന്ന ഒരു മുള മരവും കടന്ന് ഉയർന്നു നിൽക്കുന്നു; അതിൻെറ തലപ്പത്ത് ഒരു ചെങ്കൊടി പാറുന്നു.

പണ്ഡ പറഞ്ഞു: 'ഇവിടെ നമസ്കരിക്കു. നവരാത്രിയിൽ അമ്മ ഈ കൊടിയിൽ എഴുന്നള്ളിയിരിക്കും'

ഏട്ടൻ പറഞ്ഞു: 'കഷ്ടമേ, എന്നാൽ പിന്നെ എന്തിന് ഇത്ര കഷ്ടപ്പെട്ട് ഉള്ളിൽ കടന്നു. അമ്മയുടെ ദർശനമോ, ഞങ്ങഠക്ക് കിട്ടീട്ടില്ല, അങ്ങിനെയാണെങ്കിൽ'.

പണ്ഡ തക്ക ഉത്തരം കൊടുത്തു: അല്ലല്ല; ദർശനം നിങ്ങഠക്ക് കിട്ടിയിരിക്കുന്നുതന്നെ. അൽപം മുമ്പേ ദശമിയായില്ലേ, അമ്മ അമ്പലത്തിലേക്ക് തിരിച്ചെഴുന്നള്ളിയിരിക്കുന്നു'.

ഞങ്ങഠക്ക് ദേവീദർശനം സാധിപ്പിച്ചു തരാമെന്ന് പണ്ഡയുമായി കരാറുണ്ടായിരുന്നു.

പറഞ്ഞതു കേട്ട് ഏട്ടൻ ചിരിച്ചുകൊണ്ട് പിന്നോട്ട് തിരിഞ്ഞ് വലിയേച്ചിയുടെ നേർക്ക് നോക്കി. വലിയേച്ചി അപ്പോഴേക്കും വേപ്പിൻചുവട് മാന്താൻ തുടങ്ങിയിരുന്നു. അൽപം മണ്ണെടുക്കണം.

രണ്ടര നാഴിക ദൂരെ. കുന്നിൻ മുകളിൽ, അഷ്ടഭുജയുടെ ക്ഷേത്രമാണ്.

വിന്ധ്യാചലത്തിൽ മൂന്ന് മൂലയിലായി മൂന്ന് ദേവിമാർ അധിഷ്ഠിതരാണ്. ഓരോരുത്തരും പരസ്പരം രണ്ടര നാഴിക അകലം പുലർത്തിയും കൊണ്ടാണ്. വലിയേച്ചിയുടെ അനുജൻ കണ്ടിരുന്നെങ്കിൽ പറഞ്ഞേനെ, 'പെണ്ണുങ്ങഠക്ക് ബുദ്ധിയുണ്ട്'.

മൂന്ന് ദേവിമാർ — വിന്ധ്യാവാസിനി, അഷ്ടഭുജ, ഭോഗമായ. ഒരാളെ കണ്ടാൽ മററു രണ്ടുപേരേയും കാണണം, അല്ലെങ്കിൽ അവർ കോപിക്കുമത്രെ. ഇത്രയും പണിപ്പെട്ട് വന്നിട്ട് വല്ലവരേയും മുഷിപ്പിച്ചിട്ട് എന്ത് കാര്യം?

കൊത്തിയ കൽപടവുകളിലൂടെ മേൽപോട്ട് കയററം തുടങ്ങി.

ശ്വാസം മുട്ടിപ്പോകുന്നു; ഞാൻ ഇടക്കിടെ നിന്ന് പിന്നോക്കം തിരിഞ്ഞ് അകലത്തെ കാഴ്ച കാണും; കൂട്ടുകാരെ നിർത്തും' നോക്കൂ, ആ പച്ചക്കാടിന്റെ അററത്ത് മണൽപ്പരപ്പിന്റെ മാറ് കീറിക്കൊണ്ട് നീലഗംഗ വളഞ്ഞുപുളഞ്ഞ് പോകുന്നത് കണ്ടോ. ഗംഗയ്ക്കു പകരം യമുനയായിരുന്നെങ്കിൽ നല്ല ചേർച്ചയായേനെ';

ഇട തൂർന്ന കാട്ടിന്നുള്ളിൽ ഒരുയർന്ന കുന്ന്, അതിന്റെ മുകളിലാണ് ദേവീക്ഷേത്രം. തിഥി—ഉത്സവക്കാലത്താണ് ആൾത്തിരക്കുണ്ടാവുക, മററു സമയങ്ങളിൽ ആരാണ് അത്രയൊക്കെ വരിക? ആൾപ്പാർപ്പില്ല. ചുററുവട്ടത്തൊന്നും ആരേയും കാണാനില്ലല്ലൊ. ഈ കുന്നിന്മേൽ അനന്ദമയിമാതാവിന്റെ ആശ്രമമുണ്ടെന്ന് കേട്ടിട്ടുണ്ട്. അവർ അധികസമയവും താമസിക്കുന്നത് ഇവിടെയാണ്. ആ ഭാഗത്ത് കുന്നിന്റെ താഴ്വരയോട് ഉരുമ്മിക്കൊണ്ട് അക്കാണുന്ന സുന്ദരമായ വലിയ വെള്ളക്കെട്ടിടം തന്നെയാണോ അപ്പോൾ അവരുടെ ആശ്രമം? താമസിക്കാൻ പററിയ മനോഹരമായ സ്ഥലം തന്നെ. തടസ്സമില്ലാതെ എത്രയോ അകലം വരെ നോട്ടം ചെല്ലും. അഴിച്ചുവിടാൻ കഴിഞ്ഞാൽ മനസ്സും ചെല്ലും.

അമ്പലത്തിൽനിന്ന് മണിയടി കേൾക്കാനുണ്ട്; ഇനി എത്താൻ അധികം നേരമെടുക്കില്ലെന്നു തോന്നുന്നു. ഉത്സാഹം കൊണ്ട് പടികൾ വേഗം കേറി; അഷ്ടഭുജയുടെ വാതിൽക്കലെത്തി. കുന്നിന്നുള്ളിൽ ഗുഹ, ഗുഹക്കുള്ളിൽ ദേവി. ആഴത്തിൽ, മൂടിക്കെട്ടി, ഇരുട്ട് കട്ടപിടിച്ചുംകൊണ്ട്. അരയോളം കുനിഞ്ഞ്, മുട്ടിന്മേൽ നെഞ്ഞ് ചേർത്ത്, പതുക്കെപ്പതുക്കെ മുന്നോട്ട് നീങ്ങി ഗുഹയുടെ അററത്ത് ചെന്നെത്തി. നിവർന്ന് നിൽക്കാൻ നിവൃത്തിയില്ല. അതേ നിലയിൽ കഴുത്ത് പൊക്കി. ഒരു മൺവിളക്ക് മാത്രമുണ്ട്, അതിന്റെ വെളിച്ചത്തിൽ അഷ്ടഭുജയുടെ തിരുമുഖം കണ്ടു.—കറുത്ത് അഴക് വഴിയുന്ന ഒരു പെൺകിടാവിനെപ്പോലെയുണ്ട്. അമ്മ പേടിച്ചുംകൊണ്ട്, വളരെ കരുതലോടെ, ഈ കറുത്ത പാറക്കെട്ടിന്റെ നെഞ്ഞകത്ത്, ഇരുട്ടു മൂടിയ മൂലക്ക്, ഒളിപ്പിച്ചു വെച്ചിരിക്കയാണ്. വലിയേച്ചി പറഞ്ഞു: 'ഞങ്ങളുടെ സ്ഥിതി—പൂർവ്വബംഗാളിലെ!'

ഗുഹയുടെ ചുമരിൽനിന്ന് വിളക്കിൻ നാളത്തിന്റെ കൺമഷി വിരലിലെടുത്ത് പുറത്തുവന്ന് കണ്ണിലെഴുതി. പുകച്ചിൽ കൊണ്ട് കണ്ണു രണ്ടിലും വെള്ളം നിറഞ്ഞു.

ഇനി ബാക്കിയുള്ളത് ഭോഗമായയാണ്, കുന്നിന്റെ മറേറ ഓരത്ത്.

രണ്ടേയുള്ളു വഴി — ഒന്ന്, താഴത്തെ ചെങ്കുത്തായ വഴി; മറ്റേത്, കുന്നിന്റെ തലപ്പത്തു കൂടി. ഇത്രയും മേലോട്ട് കേറീട്ട്, വീണ്ടും താഴോട്ടിറങ്ങി ചെങ്കുത്തായ വഴി പിടിക്കണമോ? മുകളിലെ വഴിക്കു തന്നെ പോവുക. പോകുന്നുണ്ട്, പക്ഷെ വഴിക്ക് അവസാനമില്ല ല്ലൊ. നടക്കുക തന്നെ, നടക്കുക തന്നെ. ദാഹം കൊണ്ട് തൊണ്ട വരളുന്നു. ഇത്തിരി വെള്ളം എവിടെ കിട്ടും? അകലെ ഒന്നുരണ്ട് വീട് കാണാനുണ്ട്: വലിയ ആളുകളോ വല്ലവരും വല്ല കാലത്തും ഒരു രസത്തിനുവേണ്ടി പണി ചെയ്യിച്ചതാവാം. ഗിരിജാബ്രഹ്മചാരി പറഞ്ഞു: 'വെള്ളത്തിനാണ് ബുദ്ധിമുട്ടു മുഴുവൻ; കുന്നിന് മുക ളിൽ വെള്ളം കിട്ടുമോ? അങ്ങ് താഴെ ഗംഗയിൽ നിന്നായിരിക്കണം ഇവർ വെള്ളം കൊണ്ടുവരുന്നത്, തീർച്ച'.

കല്ല് നിറഞ്ഞ വഴിയിൽ കാല് മുട്ടും, മരത്തണൽ കണ്ട് ചെ ന്നിരിക്കും, ഉണങ്ങിയ പുല്ലുകൾ പറിക്കും; വീണ്ടും എഴുന്നേററ് നടത്തം തുടങ്ങും.

അകലെ കുറേ ആളുകൾ കൂടീട്ടുണ്ട്. എന്താണവിടെ? ചെന്ന പ്പോളുണ്ടല്ലൊ, ശരിക്കും വലിയൊരു കെട്ടിയ കിണർ തന്നെ. അടു ത്തുതന്നെ പാലും മധുരപലഹാരങ്ങളും വിൽക്കുന്ന ചെറിയൊരു പീടിക. വഴിപോക്കർ ഇവിടെ വന്ന് അരയാൽച്ചുവട്ടിൽ ഇരുന്ന് വെള്ളവും മധുരപലഹാരങ്ങളും കഴിക്കും; ക്ഷീണം തീർക്കും.

രണ്ടു ഹിന്ദുസ്ഥാനിമാർ — ഒന്നുകിൽ ഇരട്ട പെററവരാണ്, അല്ലെങ്കിൽ അടുത്തടുത്ത ഏട്ടാനിയന്മാർ — കാഴ്ചക്ക് ഒരേപോലെ, ഒരേമാതിരി നേരിയ കുപ്പായമാണ് ഇട്ടിരിക്കുന്നത്, നീണ്ട് വിശാല മായി വടിവൊത്ത അരോഗദൃഢഗാത്രം, ഏതാണ്ട് എന്റെ സമപ്രായ ക്കാർ, പിച്ചളക്കുടത്തിന്റെ കഴുത്തിൽ കയർ കെട്ടി കിണററിൽനിന്ന് വെള്ളം കോരുന്നുണ്ടായിരുന്നു.

ഞാൻ അടുത്ത് ചെന്ന് ചോദിച്ചു: 'ഈ വെള്ളം നന്നോ?'

വെള്ളം വലിച്ചുകൊണ്ട് മൂത്തവൻ പറഞ്ഞു: 'ഊഹു, ഭയങ്കര കയ്പാണ്'.

കയ്പോ! കയ്പാണെങ്കിൽ അവർ എടുക്കുന്നതെന്തിന്? ഞാൻ പൊട്ടിയെപ്പോലെ രണ്ടുപേരുടേയും മുഖത്തേക്ക് നോക്കി. മററവനു ണ്ട് നേർത്ത മീശയുടെ മറവിൽനിന്ന് പുഞ്ചിരി തൂകുന്നു. തളർന്ന ശരീരവുമായി നിൽക്കുന്നവരുടെ അടുത്ത് തമാശ കളിക്കാനും തോ ന്നുന്നത് കണ്ടിട്ട് ലജ്ജ തോന്നി. മററവൻ വെള്ളം നിറച്ച കുടം എ

ടുത്തുകൊണ്ട് പറഞ്ഞു: 'തീർത്ഥയാത്രക്ക് വന്നിട്ട് ഈ കിണററിലെ വെള്ളം കുടിച്ചില്ലെങ്കിൽ പിന്നെ തീർത്ഥയാത്രയാവുമോ? എല്ലാരും ഇത് കുടിക്കണം. ഇത്ര മധുരമായ വെള്ളം വേറെ എവിടെയുംഇല്ല.'

ഞാൻ രണ്ടുകൈയും മുഖത്തോട് അടുപ്പിച്ചുപിടിച്ചു; അയാഠ എൻെറ കൈക്കുളളിൽ വെളളമൊഴിച്ചുതന്നു. ഞാൻ കുടുകുടെ കുട ത്തിലെ വെള്ളം മുഴുവൻ കുടിച്ചുതീർത്തു. അയാഠ മററൊരു കുടം വെള്ളം കോരിത്തന്നു; ഞാൻ കൈയും മുഖവും കഴുകി, തലയിൽ തളിച്ചു.

അയാഠ ചോദിച്ചു: 'ഇനിയും തരട്ടെ?'

ഞാൻ പറഞ്ഞു: 'വേണ്ട, ഇനി വേണ്ട'.

ഞാൻ വെള്ളം കുടിച്ച് തണുത്തു; അയാളുടെ മുഖത്ത് തൃപ്തി വിടർന്നു.

വഴി മുഴുക്കെ അയാളുടെ മുഖത്തെ ഒരു ഭാവം കൺമുമ്പിൽ ക ണ്ടു. എന്തുകൊണ്ടാണ് ഇങ്ങിനെ വരുന്നത്!

വീണ്ടും നടത്തം തുടങ്ങി. കുന്നിൻചുവട്ടിൽനിന്ന് ഒരു ഭാര്യ യും ഭർത്താവും ഞങ്ങളുടെ കൂടെ കൂടിയിരുന്നു. ഭർത്താവ് കറുത്തു രുണ്ട ഒരു പ്രൗഢൻ, ചുകന്ന് ഗോട്ടി പോലെയുള്ള കണ്ണുകഠ, പച്ച സോക്സിൻമുകളിൽ പമ്പ്ഷൂവുമിട്ട് ചടപടേന്ന് നടക്കുന്നു. രോ ഗം പിടിച്ച് മെലിഞ്ഞ ഭാര്യക്ക് ഒപ്പം നടന്നെത്താൻ കഴിയുന്നില്ല; ഓടിവന്ന് എൻെറ വലിയേച്ചിയുടെ ചേലത്തുമ്പ് പിടിക്കുകയാണ്. 'ഞാനും നടത്തത്തിൽ ഒട്ടെങ്കിലും മോശമായിരുന്നോ? എന്തൊരാരോ ഗ്യമുയിരുന്നു! ഇപ്പോഠ വയസ്സും അമ്പത്തിരണ്ടായി. അതും പോരാ ഞ്ഞിട്ട് —'

ഞാൻ പറഞ്ഞു: എന്നാൽ പിന്നെ എന്ത് വയസ്സാണ്? അമ്പ ത്തിരണ്ട് ഒരു വയസ്സാണോ? എനിക്കും അമ്പത്തിരണ്ടാണല്ലൊ!'

വലിയേച്ചി ഉത്സാഹം കൂട്ടി: 'നടക്കു, കാല് നീട്ടിവെച്ച് നടക്കു. നിങ്ങഠക്ക് ചെറുപ്പമല്ലേ. എന്നെ കണ്ടോ? എനിയ്ക്ക് അറുപത്തിരണ്ടാണ്'.

ആ സ്ത്രീ ഞങ്ങളുടെ മുഖത്തേക്ക് നല്ലവണ്ണം ഒന്നുകൂടി നോക്കി. എന്നിട്ട് പറഞ്ഞു: 'എന്നാലും ആ കണക്കിന് നിങ്ങഠക്ക് എന്ത് ചെറുപ്പമാണ്. എൻെറ പല്ല് വീണിട്ടാണ് എന്നെ തുലച്ചുകളഞ്ഞത്.

അതാണ് മൂപ്പരോട് പറയുന്നത്, പല്ല് പോയാൽ മനുഷ്യർക്ക് എല്ലാം പോയി എന്ന്''.

അലഹബാദിൽനിന്ന് ഒരു സംഘം ബംഗാളി സ്ത്രീകൾ, സുമംഗലികളും വിധവകളും, വന്നിട്ടുണ്ട്. ഇന്ന് രാത്രിയിലെ വണ്ടിക്കുതന്നെ തിരിച്ചുപോകും. ബംഗാളികളാണെന്ന് കണ്ടിട്ട് ഞങ്ങളുടെ കൂടെ കൂടിയതുകൊണ്ട് ഞങ്ങൾ വലിയൊരു സംഘമായിരുന്നു.

വലിയേച്ചി വർത്തമാനം തുടങ്ങി: 'നിങ്ങൾ ഏതു നാട്ടുകാരാണ്?'

മുമ്പിൽ നിൽക്കുന്നുണ്ടായിരുന്ന കറുത്ത് പല്ല് പോയ ഒരു പ്രൗഢ വിധവ പറഞ്ഞു: 'എല്ലാ നാട്ടുകാരുമുണ്ട് ഞങ്ങളുടെ കൂട്ടത്തിൽ. അവര് യശോറിലാണ്, ഇവര് മയമൻസിംഹിൽ, ആ അവര് കുമില്ലയിൽ, ഞാൻ ബാരിശാലിൽ നിന്നും'.

വലിയേച്ചി പറഞ്ഞു: 'ആഹാ, എന്താ ബാരിശാലിലെ ഇപ്പോഴത്തെ സ്ഥിതി. ഇന്നലെ ബാരിശാലിൽനിന്ന് പൂർണ്ണാനന്ദസ്വാമികൾ വന്നിരുന്നു; അദ്ദേഹത്തിന്റെ അടുത്തുനിന്ന് എന്താ കേട്ടത് കഥ — മുച്ചൂടും മുടിഞ്ഞിരിക്കയാണ്. ഒന്നുമില്ല ഇനി ബാക്കി. മണ്ണിൻമുകളിലൂടെ ചോരപ്പുഴയാണ് ഒഴുകിയിരിക്കുന്നത്. കിഴക്കൻ ബംഗാളിലെ ആളുകളാണ് ഞങ്ങൾ, വീടും കുടിയും ഒക്കെ അവിടെത്തന്നെ. നാലുപാടും ബന്ധുക്കളാണ്. ''ഇന്ന'' മിത്രയുടെ എന്താ കഥ, കേട്ടാൽ ദേഹത്ത് മുള്ള് തറച്ചുകേറും പോലെയിരിക്കും. ഗുണ്ടകൾ വീട് വളഞ്ഞു; രക്ഷപ്പെടാൻ ഒരു വഴിയുമില്ലെന്നു കണ്ടപ്പോൾ പ്രായമായ പെൺകുട്ടി വിളിച്ചുപറഞ്ഞു, എന്റച്ഛോ, എന്നെ അവരുടെ കൈയിൽ കൊടുക്കല്ലേ, അതിനുമുമ്പെ സ്വന്തം കൈകൊണ്ട് എന്നെ അരിഞ്ഞുകള എന്ന്. ഗുണ്ടകൾ അകത്തു കടന്നു. അച്ഛൻ വേഗം കൊടുവാളെടുത്ത് രണ്ട് പെൺമക്കളുടേയും കഴുത്തറുത്തു. അച്ഛനെന്നുവെച്ചാൽ അച്ഛൻ തന്നെ. വേണ്ടതാണ് അദ്ദേഹം ചെയ്തത്. പെണ്ണുങ്ങളെക്കൊണ്ട് അവർ അമ്മാനമാടുകയാണ്. മൃഗങ്ങളിലും താണ വർഗ്ഗം'.

ചേലത്തുമ്പുകൊണ്ട് കണ്ണുതുടച്ച് വിധവ പറഞ്ഞു: 'എനി എന്തിനാ പറയ്ന്ന്. പൊന്നുപോലത്തെ തറവാട്, പൊന്നുപോലത്തെ വീട്. എല്ലാം ഇട്ടെറിഞ്ഞ് വന്നത് ചുരുങ്ങിയ സങ്കടോ മറ്റോ ആണോ?'

ഭോഗമായയുടെ ക്ഷേത്രം കുന്നിന്ന് കീഴിലാണ്. പടികരം ഇറങ്ങി അവിടേക്ക് ചെന്നു. എന്തൊരു ബീഭത്സമായ മൂർത്തി! ചെമ്പട്ടിൽ പൊതിഞ്ഞ കരിങ്കല്ല്; മൂക്കില്ല, കണ്ണില്ല, സിന്ദൂരം തേച്ച തടിച്ച രണ്ടു ചുണ്ടും തള്ളിക്കൊണ്ട് മേലോട്ട് ''ഹാ'' എന്ന് പിളർന്ന ഒരു വായ മാത്രമാണ് ഉള്ളത്. വലിയൊരു ഗുഹാദ്വാരം പോലെ. സർവ്വ ഗ്രാസിയും ഭയങ്കരവുമായ ഭാവം. അസഹ്യമായ ദൃശ്യം.

'ഇത്ര കൊട്', 'അത്ര കൊട്', 'ദക്ഷിണയിട്' എന്നൊക്കെ പണ്ഡമാർ വിളിച്ചു പറയുന്നു. ഞാൻ കൈകൊണ്ട് വലിയേച്ചിയെ കാട്ടിക്കൊടുത്ത് മാറിനിന്നു. ഇവർ അവരുടെ അടുത്തേക്ക് പോയ്ക്കോട്ടെ. വലിയേച്ചിക്ക് ധൈര്യമുണ്ട്, 'അമ്മേ' എന്ന് ഇതിനേയും വിളിക്കും.

ഇനി ഏതുവഴിക്കാണ് തിരിച്ചു പോകേണ്ടത്? ചെങ്കുത്തായ വഴിയാണെങ്കിൽ നിശ്ചയമില്ല; വണ്ടിയുള്ളത് അഷ്ടഭുജാക്ഷേത്രത്തിന്ന് താഴെയാണ്. ഏട്ടൻ പറഞ്ഞു: 'മുമ്പത്തെ വഴിക്കുതന്നെ പോകാം; അറിയാവുന്ന വഴി ദൂരം തോന്നില്ല'.

മുട്ട് കഴയുന്നു. രണ്ടുകൈകൊണ്ടും മുട്ടമർത്തിപ്പിടിച്ച് ഓരോ പടിയും എണ്ണാൻ തുടങ്ങി.

അറിയാവുന്ന പൂവിന്റെ നേർത്ത മണം. ഇരുവശത്തും പച്ചക്കാടുകരം. പൂവെവിടെ? പ്രാണൻ നിറയെ ശ്വാസം വലിച്ചുനോക്കി; ഇതെന്റെ ഉററ ബന്ധുവാണല്ലൊ, എനിക്ക് വളരെ കാലമായി അറിയാവുന്നതാണല്ലൊ. ആരാണിത്? വീണ്ടും സൗരഭം ശ്വസിച്ചു നോക്കി; ഓ ഹോ! ഇതെന്റെ വീട്ടിൻമൂലയിലെ കാട്ടുമുല്ലയല്ലേ. എത്ര കാലമായി കഴിയുന്നു അതിന്റെ കൂടെ, മനസ്സിലാക്കുന്നതിൽ തെററുപററുമോ?

ഞാൻ പറഞ്ഞു: 'വലിയേച്ചി, ആ കുററിക്കാടുതന്നെയാണ് കാട്ടുമുല്ലയുടെ കാട്. കൊച്ചുകൊച്ചു നക്ഷത്രങ്ങരംപോലെ, മുളകുപൂവിലും ചെറിയ വെള്ളപ്പൂക്കരം; ഇലയുടെ മറവിൽനിന്ന് വഴിപോക്കരുടെ പ്രാണന്ന് മത്ത് പിടിപ്പിക്കും'.

വണ്ടിയിൽ ചെന്നിരുന്നു. തത്ത്വാനന്ദസ്വാമി പറഞ്ഞു: വലിയൊരു ശുഭദിനത്തിൽ ശുഭമുഹൂർത്തത്തിലാണ് നമുക്ക് ദേവീദർശനം ലഭിച്ചത്. നവരാത്രി, നവമി, തിഥി, ചൊവ്വാഴ്ച — ശുഭമായ യോഗം'.

അതേ വഴി, അതേ കടവ്, അതേ പാലം, അതേ വയൽ, എല്ലാം കടന്ന് വീണ്ടും യാത്ര ചെയ്യുകയാണ്. നവമി രാത്രിയിലെ നിലാവ് ദിക്കുകൾ മുഴുവൻ തുടുതുടുത്ത വെളിച്ചത്തിൽ ആറാടിക്കുന്നു. മരങ്ങളുടെ കരിനിഴലിന്റെ പഴുതുകളിലൂടെ ആ വെളിച്ചം കിലുകിലെ ചിരിച്ചുകൊണ്ട് പെട്ടെന്ന് പിന്നോക്കം പായുന്നു. ഓരോ വയലും കളിയിൽ മത്ത് പിടിച്ച് നൃത്തം ചുററുന്നു, എന്തൊരപൂർവ്വശോഭ! തള്ളിവരുന്ന പ്രാണനിൽ ആഹ്ളാദത്തിന്റെ വേലിയേററം. സ്വപ്നരാജ്യത്തിലൂടെ ആവേശപൂർവ്വം സഞ്ചരിക്കുകയാണ്. മോട്ടോറിന്റെ ഭോം ഭോം ശബ്ദം വണ്ടിന്റെ മൂളലായി തോന്നുന്നു.

നാളുകൾ കഴിഞ്ഞു. കെട്ടും ഭാണ്ഡവും മുറുക്കാൻ തുടങ്ങി, നാട്ടിൽ നിന്ന് വമ്പിച്ച തിടുക്കം വന്നിരിക്കുന്നു—അഭയാർത്ഥികളെക്കൊണ്ട് നിറഞ്ഞിരിക്കയാണ് പട്ടണമെല്ലാം. അവരെവിടെ താമസിക്കും, എന്ത് കഴിക്കും എന്നതിനും മററുമുള്ള ഏർപ്പാടുകൾ ചെയ്യാൻ ഏട്ടനും വലിയേച്ചിയും അത്യാവശ്യമാണ്. വേഗം ചെല്ലണം.

വർത്തമാനം അവഗണിക്കുക വയ്യ; മനസ്സിന്നുള്ളിൽ അമർത്തിപ്പിടിച്ചിരുന്ന അശാന്തി അളക്കലും ചൊരിയലും തുടങ്ങി.

ഏട്ടൻ പറഞ്ഞു: 'ഈ മനസ്സുമായി ഏത് തീർത്ഥത്തിലാണ് ചുററുക? പോകാം, തിരിച്ചുപോവുകയാണ് ഭേദം'.

വലിയേച്ചി പറഞ്ഞു: 'എങ്കിൽ ഒരോട്ടത്തിന് വിശ്വനാഥനെ ഒന്നുകൂടി കണ്ടു വരട്ടെ'.

വിശ്വനാഥൻ മാത്രമല്ല; വഴിക്ക് കാളി, രക്ഷാകാളി, ഭദ്രകാളി, കാത്യായനി, ആരും ഒഴിഞ്ഞുപോയില്ല. ഇന്ന് എല്ലാ പൂജാരികളുമായി വലിയേച്ചി വീണ്ടും പുതുതായി പരിചയപ്പെട്ടതുപോലെ; വീട്ടിലെ വിശേഷങ്ങൾ ചോദിക്കുന്നു, ഓരോ ഒഴികഴിവ് പറഞ്ഞ് ദേവീദേവന്മാരുടെ വാതിൽക്കൽ അധികം സമയമെടുക്കുന്നു,

അതേപോലത്തെ തിരക്കുതന്നെ ഇന്നും വിശ്വനാഥന്റെ അടുത്ത്. അതേപോലെ ആളുകൾ കുളികഴിഞ്ഞ് മററുള്ളവരുടെ തലക്കുമുകളിലൂടെ കൈനീട്ടി വിശ്വനാഥന്റെ ശിരസ്സിൽ ജലമൊഴിക്കുന്നു. 'ഹര ഹര ശംഭോ ശംഭോ' ശബ്ദവും ദുന്ദുഭിയും മുഴങ്ങുന്നു. 'ബാബാ' വിളിക്ക് വിരാമമില്ല. ആപ്പീസിലേക്കും കച്ചേരിക്കും പോകാനുള്ള തിരക്ക്; നനഞ്ഞ തോർത്തും തോളിലിട്ട് അമ്പലം വല

ത്തുവെച്ച് നാലു വാതിൽക്കലും തല മുട്ടിച്ച് വിളിക്കുന്നു — 'ബാബാ'. തിരക്കിന്നുള്ളിലൂടെ എത്തിനോക്കി തിരക്കുകൊണ്ട് മറഞ്ഞ വിശ്വനാഥനെ ദർശിക്കുന്നു: കടക്കുമ്പോഴെല്ലാം പുറത്തുവെച്ചു തന്നെ ചുമരിൽ തലമുട്ടിച്ചുകൊണ്ട് വിളിച്ചുപറയുന്നു—'ബാബാ'. പുറത്തിറങ്ങി പോകുമ്പോൾ കഴുത്ത് തിരിച്ച് പൊൻതാഴികയുടെ നേർക്ക് നോക്കി നിന്ന് വിളിക്കുന്നു — 'ബാബാ'. മൂന്നാംനിലയിൽ നിൽക്കുന്ന അച്ഛനെ വിളിച്ച് 'ഞാൻ പോകുന്നു' എന്ന് പറയുംപോലെ.

പൂക്കാരൻ പൂ വിൽക്കുന്ന തിരക്കിലാണ്. രണ്ടു പൈസക്കും നാലു പൈസക്കുമുള്ള പൂവും ഇലയും യാത്രക്കാരുടെ കൈയിൽ കൊടുക്കാൻ ഭാവിച്ചിട്ട് ഒരിതളെടുത്ത് മാററിവെക്കുന്നു — അധികമായിപ്പോയി!

വയസ്സിന്റെ ഭാരം കൊണ്ട് അര വീണ ഒരു പാവപ്പെട്ട തള്ള കൂനിക്കുനി ചുററി നടക്കുന്നു; കൊട്ടയിൽനിന്ന് ഒന്നോ രണ്ടോ പൂവും ഇലയും നിലത്ത് വീണുപോയത് പെറുക്കി മടിക്കുത്തിലിടുന്നു. പൂവും കൂവളയിലയുമായി; ഇനി രണ്ട് തുളസിപ്പൂവും കൂടി കിട്ടിയാലായി. പൂക്കാരന്റെ അടുത്ത് കൈനീട്ടുമ്പോഴേക്കും അയാൾ ആട്ടിയകററുന്നു, അടുത്തുനിന്ന് ചൂരലെടുത്ത് വായുവിൽ അടിക്കുന്നു.

ഞാൻ അങ്ങുമിങ്ങും നോക്കി മുന്നോട്ട് നീങ്ങുകയാണ്. പിന്നേയും പിന്നേയും തോന്നുകയാണ്, തിരിച്ചുചെന്ന് രണ്ട് പൈസക്ക് പൂവും തുളസിയും വാങ്ങി കിഴവിക്ക് കൊടുക്കണമെന്ന്. അതുതന്നെ വിചാരിച്ചുംകൊണ്ട് കിഴവിയെ പിന്നിൽ വിട്ട് കുറച്ചു കൂടി മുന്നോട്ട് നീങ്ങി.

ഇരുവശത്തുമുള്ള പീടികകളിൽനിന്ന് മരം കൊണ്ടുള്ള കളിപ്പാട്ടങ്ങൾ വാങ്ങി, പിച്ചളത്തളികകൾ വാങ്ങി· വെററിലയിൽ നൂറു തേക്കാൻ പററിയ ചെറിയ കോരിക വാങ്ങി; കല്ലുമരി, സെല്ലുലോയിഡിന്റെ പൊട്ട്, കറുത്ത നൂലിന്റെ ഉണ്ട, വെററിലയുടെ കൂടെ ചേർക്കാനുള്ള മസാല. അതുമിതുമെല്ലാം വാങ്ങി സഞ്ചി കനപ്പിച്ച് പുറത്തുപോന്നു.

തെരുവിന്റെ തിരിവിൽ വെച്ച് ശ്രീ പണ്ഡ തടഞ്ഞു. 'നിൽക്കൂ, പോകൊല്ല. നിങ്ങൾക്ക് ഒരു പണി കൂടി ബാക്കിയുണ്ട്''. എന്നു പറഞ്ഞുകൊണ്ട് ശരേന്ന് പീടികയുടെ പലക പാവിയ തറമേൽ കേറിയിരുന്ന് കാലുരണ്ടും മുന്നോട്ട് നീട്ടി. എന്നിട്ട് പറഞ്ഞു: 'എന്റെ

കാലു് തൊട്ടു് നമസ്കരിക്കു. ഞാൻ പറഞ്ഞതിനുശേഷമല്ലേ പോവുക?'

നിരനിരയായി പിച്ചക്കാരികളും വൈഷ്ണവിമാരും സന്യാസിനിമാരും ഇടുങ്ങിയ തെരുവിന്റെ ഇരുവശത്തും മതിൽ ചാരി ഇരിക്കുന്നു.

ഇലത്താളം മുട്ടിക്കൊണ്ടു് വൈഷ്ണവി സന്യാസിനിയുടെ മുട്ടിനു തട്ടി 'വായും പൂട്ടിയിരിക്കുന്നതെന്തേ? പാട്ടു പാടു്' എന്നും പറഞ്ഞ് അവനവൻ തന്നെ നീട്ടിപ്പാടുന്നു —

'അവിടുത്തെ തൃച്ചേവടികളിൽ തങ്ക—
ച്ചിലങ്കകൾ കിലുകിലെക്കിലുങ്ങുന്നു'.

ഏട്ടന്റെയും വലിയേച്ചിയുടേയും നമസ്കാരം കഴിഞ്ഞിരിക്കുന്നു. ഞാനും നമസ്കരിച്ചു. ശ്രീ പണ്ഡ രണ്ടു കൈകൊണ്ടും എന്റെ ചുമലിൽ അമർത്തി പറഞ്ഞു: 'എഴുന്നേൽക്കരുതു്; നിങ്ങളുടെ തീർത്ഥഗുരുവായ എന്നോടു് ചോദിക്കു — എന്റെ തീർത്ഥയാത്ര പരിപൂർണ്ണമായോ?'

നല്ല രസം തോന്നി. ക്ഷണനേരംകൊണ്ടു് മനസ്സു് എങ്ങിനെയോ മാറിപ്പോയി. നിലത്തു് തലമുട്ടിച്ചുകൊണ്ടു് ഞാൻ ഉറക്കെ ചോദിച്ചു: 'എന്റെ തീർത്ഥയാത്ര പരിപൂർണ്ണമായോ?'

കൈ പൊക്കി ശ്രീ പണ്ഡ പറഞ്ഞു: 'ങ്ഹാ, നിങ്ങളുടെ തീർത്ഥയാത്ര പരിപൂർണ്ണമായിരിക്കുന്നു. ഇനി നാട്ടിലേക്കു് മടങ്ങാം'.

ആ കറുത്തു് തടിച്ച പട്ടി നാലും കൂടുന്ന വഴിക്കു് കിടന്നുറങ്ങുകയാണു്. റിക്ഷ തിരിഞ്ഞുപോകുന്നു. സൈക്കിൾ വളഞ്ഞുപോകുന്നു. ആളുകൾ വഴി മാറി കടക്കുന്നു. ഭ്രൂക്ഷേപമില്ല അതിനു്. കണ്ണു് അടക്കുകയും തുറക്കുകയും ചെയ്തുകൊണ്ടു് നിശ്ചിന്തമായ മനസ്സോടെ ഉറക്കെ ശ്വാസം വലിക്കുകയാണു്.

ഭട്ടാചാർജി മഹാശയനുമായി കണ്ടുമുട്ടി. മഹാപണ്ഡിതൻ. ക്ഷേത്രപ്രതിഷ്ഠ പ്രമാണിച്ചു് പാററ്നയിലേക്കു് പോയതാണു്; ഇന്നലെയാണു് തിരിച്ചുവന്നതു്.

ഏട്ടൻ നമസ്കരിച്ചു് വിടവാങ്ങി. 'പോവുകയാണു്. അവിടുത്തെ കൃപ ലഭിയ്ക്കട്ടെ എന്നു് അനുഗ്രഹിക്കുമാറാകണം'.

ഭട്ടാചാർജി മഹാശയൻെറ അമ്മ പോകാൻ വേണ്ടി രണ്ടടി മുന്നോട്ടുനടന്നിരുന്നു. അവർ തിരിഞ്ഞുനിന്ന് പറഞ്ഞു: 'എന്താണ് നിങ്ങൾ പറഞ്ഞത്? കൃപയോ? അവിടുത്തെ കൃപ എള്ളുണ്ട പോലെ കൈയിൽ എടുത്തു കാട്ടിയാൽ മാത്രം കാണാവുന്ന വസ്തുവാണോ? കൃപ ലഭിച്ചിട്ടില്ലേ? ഇതാ ഇത്രയും നാടുകൾ ചുററി വന്നു, ഇത്രയൊക്കെ കണ്ടുവന്നു, അറിഞ്ഞുവന്നു, തടിക്ക് വല്ല ഉടവും പററിയോ? ഇത് അവിടുത്തെ കൃപയല്ലേ?'

ഏട്ടൻ തല കുലുക്കി. അദ്ദേഹത്തിൻെറ മുഖത്ത് ആനന്ദത്തിൻെറ പ്രകാശം പരന്നു. പണ്ഡിതമഹാശയനെ ഒന്നുകൂടി നമസ്കരിച്ചു. എന്നിട്ട് പറഞ്ഞു: 'ഓരോ കാൽവെപ്പിലും അവിടുന്ന് കൺമുമ്പിൽ വിരലുകൊണ്ട് മനസ്സിലാക്കിത്തരുന്നുണ്ട്; എന്നാലും നമ്മൾ മനസ്സിലാക്കുന്നില്ല.

സമയം ഏറെയില്ല. വണ്ടി പിടിക്കാൻ ആൾ പോയിട്ടുണ്ട്. തീവണ്ടിയുടെ ടിക്കററ് മുമ്പേ വാങ്ങീട്ടുണ്ട്; അവസാന നിമിഷം സ്റ്റേഷനിൽ ചെന്നാൽ മതിയാവും. ഞാൻ വലിയേച്ചിയോട് പറഞ്ഞു: 'സാമാനങ്ങൾ വണ്ടിയിൽ കേററുമ്പോഴേക്കും വരാം. വരട്ടെ, ഞാൻ ഒരോട്ടത്തിന് ദുർഗ്ഗാപ്രസാദനെ നമസ്കരിച്ചു വരട്ടെ'.

മാതൃദേവിയുടെ സന്താനമായ ദുർഗ്ഗാപ്രസാദൻ വരാന്തയിൽ ഇരിക്കുന്നുണ്ടായിരുന്നു; വരുംവഴി കണ്ടിരുന്നു. ശരിക്കും ഗുരുദേവൻെറ മുഖം തന്നെ. ഇതുപോലുള്ള സാദൃശ്യം വളരെ കുറച്ചേ കണ്ണിൽ പെടാറുള്ളു. അൽപം കുടി പൊക്കമുണ്ടായിരുന്നെങ്കിൽ ഒരു വ്യത്യാസവുമുണ്ടാവില്ല എന്നു തോന്നുന്നു.

വണ്ടിയുടെ ഹോറൺ ശബ്ദിച്ചു. ദുർഗ്ഗാപ്രസാദൻ ഇരുകൈയും പൊക്കി എൻെറ തലയിൽ വെച്ചു. ഞാൻ പാദധൂളിയെടുത്ത് വണ്ടിയിൽ കയറിയിരുന്നു. ഭോലയമ്മാമൻ എന്തൊക്കെയോ കൊണ്ടുവന്ന് എൻെറ കൈയിൽ തിരുകി; ടാക്സി പുറത്തേക്ക് പാഞ്ഞു.

കൈ തുറന്നു നോക്കുമ്പോൾ, സുന്ദരിയായ ഒരു പെൺകിടാവിൻെറ മുഖം വരഞ്ഞ ഹിമാനീസ്നോവിൻെറ പരസ്യം അച്ചടിച്ച പനിനീർപ്പൂനിറത്തിലുള്ള ഒരു ചെറിയ ബ്ളോട്ടിങ്ങ്, ഏതോ മാസികയിൽനിന്ന് വെട്ടിയെടുത്ത വിരജാനന്ദൻെറ ഒരു പടം, കീറിയൊരു കവറിൽ പൊതിഞ്ഞ ഒരു മാഗ്നോളിയ — തോട്ടത്തിൽ ഇന്ന് വിരി

ഞ്ഞതാണ്; സകലരുടേയും കണ്ണ് വെട്ടിച്ചുകൊണ്ട് ഒളിപ്പിച്ചു വെച്ചതാവാം.

ഹുസ് ഹുസ് ശബ്ദത്തോടെ കറുത്ത പുക ആകാശത്ത് വ്യാപിപ്പിച്ചുകൊണ്ട് വണ്ടി പായുന്നു. ഞാൻ വീണ്ടും ജനലിന്നടുത്ത് കൈയിൽ തല ചായ്ച്ച് ഇരിക്കുന്നു. സീതാരാം ദാസ് പറഞ്ഞത് ഓർക്കുകയായിരുന്നു: 'ഒഴുക്കിൽ തോണി വിട്ടിരിക്കുന്നു, തിരമാലയുടെ തള്ളലിൽ തോണി ഓരോ നിമിഷവും നീങ്ങും തന്നെ. എന്നാലും തുഴയെടുത്ത് തുഴഞ്ഞ് മുന്നോട്ട് പോകണം, നിന്നാൽ പററില്ല'.

നോക്കിക്കൊണ്ടിരിക്കെ സ്വന്തം നാട്ടിൽ വന്നെത്തി. വയലുകളുടെ കരക്ക് കൃഷിക്കാരുടെ ഗ്രാമങ്ങൾ; ഇടയച്ചെറുക്കന്മാർ പൈക്കളെ മേയ്ക്കുന്നു. മുക്കുവന്മാരും മുക്കുവത്തികളും കൂലിപ്പണി തേടി നടക്കുന്നു; മാറാപ്പിൽ തൂക്കിയിട്ടിരിക്കുന്ന കറുത്ത കുട്ടികൾ നടക്കുന്നതിന്റെ താളത്തിനൊത്ത് ഊഞ്ഞാലാടുന്നു. അജയനദിയുടെ വെള്ളമണൽ വെളിച്ചം തട്ടി മിന്നിത്തിളങ്ങുന്നു. അൽപംകൂടിയേ വഴിയുള്ളു. അതു കഴിഞ്ഞാൽ വണ്ടി നിൽക്കും.

അഭിജിത്ത് വന്ന് ചിരിച്ചുംകൊണ്ട് നിൽക്കും. അവനിപ്പോൾ വലുതായിരിക്കുന്നു; സാമാനമൊക്കെ എടുത്തുവെച്ച് വഴികാട്ടി അമ്മയെ കൊണ്ടുപോകും.

സഖിയോട് ചോദിച്ചത് ഓർമ്മവന്നു: 'ചങ്ങാതി, നീ മറക്കാൻ ശ്രമിച്ചുകൊണ്ട് പുറത്ത് വഴിയിലേക്കിറങ്ങിയ ആ കണക്ക് നിനക്ക് മറക്കാൻ കഴിഞ്ഞിരുന്നോ?'

'എവിടെ കഴിഞ്ഞിരിക്കുന്നു' എന്ന് പറഞ്ഞ് വളരെ കരുണമായ ഒരു ചിരി ചിരിച്ചുകൊണ്ട് അവൾ പാടിയിരുന്നു —

മറക്കുന്നൂ കുലം, മറക്കുന്നൂ മാനം;
സ്മരിപ്പൂ ഞാൻ സഖീ, യവനെ മാത്രമെ —
ന്നളിശ്യാമവർണ്ണശശിയെ; കേവലം
നിറച്ചു ഞാൻ കുടം നയനനീരിനാൽ.